


# പുനരൈക്യ സ്മരണാകിരണങ്ങൾ

## ഒരു പഠനം

ജോൺ കച്ചിറമറ്റം



www.malankaralibrary.com

# പുനരൈക്യ സ്മരണാ കിരണങ്ങൾ

## ഒരു പഠനം

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
വിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686651
ഫോൺ 04822 261102
Mob: 9447662076

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam)

**PUNARAIKYA SMARANA KIRANANGAL -ORU PADANAM**

**By**

**JOHN KACHIRAMATTAM**

First Edition
20.09.2015

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta offset, Kottayam
Price Rs. 175/-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686651

## ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938–ൽ ജനിച്ചു.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി 1975–ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.*

*അമേരിക്കൻ ഐക്യനാടുകൾ, ക്യാനഡ, യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ പലപ്രാവശ്യം പര്യടനം നടത്തിയിട്ടുണ്ട്. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് ഉൾപ്പെടെ 27 അവാർഡുകൾ ലഭിച്ചിട്ടുണ്ട്.*

*തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.*

www.malankaralibrary.com

# ജോൺ കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ

1. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
2. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
3. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജീവചരിത്രം
4. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം
5. ഷെവ.കുഞ്ഞിത്തൊമ്മൻ - ജീവചരിത്രം
6. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് - ജീവചരിത്രം
7. എം.എം. വർക്കി - ജീവചരിത്രം
8. എം.ഒ. ജോസഫ് നെടുങ്കുന്നം - ജീവചരിത്രം
9. ബി. വെല്ലിംഗ്ടൺ - ജീവചരിത്രം
10. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും - ജീവചരിത്രം
11. എം.എം. ജേക്കബ്ബ് - ജീവചരിത്രം
12. തടവറയിലെ വടക്കനച്ചൻ - ജീവചരിത്രം
13. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജീവചരിത്രം
14. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജീവചരിത്രം
15. അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
16. അവിസ്മരണീയ വ്യക്തികൾ- അപൂർവ്വ സംഭവങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
17. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ - ജീവചരിത്രം
18. ഹെന്ദോ-ഇന്ത്യയിലെ സഭ - ജീവചരിത്രം
19. ഛരാന്ദായിലെ പൗലോസ് അപ്പസ്തോലൻ - ജീവചരിത്രം
20. തര്യത് കുഞ്ഞിത്തൊമ്മൻ വർഗ്ഗീയ വാദിയോ? - ജീവചരിത്രം
21. ടി.ജെ. സാർ - ജീവചരിത്രം
22. കുടിയേറ്റമേഖലയിലെ സൂര്യതേജസ് സി. ആനി ജോൺ - ജീവചരിത്രം
23. ജിജി സെബാസ്റ്റ്യൻ നീലത്തുംമുക്കിൽ - ജീവചരിത്രം
24. എം.ഒ. ജോസഫ് നെടുംകുന്നം - ലഘുചരിത്രം
25. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും - ചരിത്രം
26. കാത്തലിക് ഗ്രിവൻസസ് - ചരിത്രം
27. വിമോചനസമരം ഒരു ആമുഖം - ചരിത്രം
28. വിദ്യാഭ്യാസ സമരചരിത്രം - ചരിത്രം
29. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് - ചരിത്രം
30. നായർ ഈഴവ ഐക്യം - ചരിത്രം
31. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ചരിത്രം
32. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ചരിത്രം
33. എ.കെ.സി.സി. ലഘുചരിത്രം - ചരിത്രം
34. സമുദായ സംഘടനകളുടെ നാൾവഴികൾ - ചരിത്രം
35. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും - ചരിത്രം
36. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം
37. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം - ജനറൽ
38. സാർവത്രിക സൂനഹദോസുകൾ - ജനറൽ
39. സമുദായ സ്നേഹികളെ ഉണരൂ - ജനറൽ
40. അണികളെ ആവശ്യമുണ്ട് - ജനറൽ
41. കേരളം ചുവന്നതെങ്ങനെ? - ജനറൽ
42. ഇടിമുഴക്കം കേട്ടതെപ്പോൾ - ജനറൽ
43. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജനറൽ
44. യേശുക്രിസ്തുമോസ്കോവിലോ? - ജനറൽ
45. പ്രസിഡന്റിന്റെ കത്തുകൾ - ജനറൽ
46. എന്റെ കലഹവും സംവാദവും (ഒന്നാംഭാഗം) - ജനറൽ
47. എന്റെ കലഹവും സംവാദവും (രണ്ടാംഭാഗം) - ജനറൽ
48. അൽമായരും കാലിക പ്രശ്നങ്ങളും - ജനറൽ
49. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജനറൽ
50. പുനരൈക്യസ്മരണാകിരണങ്ങൾ - ജനറൽ

www.malankaralibrary.com

# ഉള്ളടക്കം


പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ .......................................................................

ആമുഖം 9

അവതാരിക - ...... ബസേലിയോസ് കർദ്ദനാൾ ക്ലിമീസ് കാത്തോലിക്കാ ബാവാ 11

ആശംസകൾ 1. ...................................... ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് 15

2. ............................................................. ജോമി തോമസ് കലയപുരം 18

**ഒന്നാംഭാഗം**

1. EPISCOPAL JUBILEE - ............................................... Rev. O. Goulet 33
2. സ്വാഗതാശംസ - ......... ഇടയാറന്മുള കെ.എം. വറുഗീസ് ബി.എ., എൽ.റ്റി. 33
3. പുനരൈക്യ സ്മരാണാകിരണങ്ങൾ പ്രസ്താവന .......................................... 34
4. ആ കത്ത് - ...................................................... ജോസഫ് മാർ സെവേരിയോസ് 36
5. മലങ്കര അന്തിയോക്യാസുറിയാനിറീത്ത് - ........................... ഫാദർ പ്ലാസിഡ് 40
6. മഹാനായ പന്ത്രണ്ടാം പീയുസ് മാർപ്പാപ്പാ - ........... ഫാ. ഏറ്റുമാനൂക്കാരൻ 43
7. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ - .. പി. ഒ. ജോൺ ബി.എസ്.സി. 48
8. വെള്ളിവിളക്ക് - വറുഗീസ്, ............................................................ കിളിച്ചിമൂല 56
9. ജോസഫ് മാർ സേവേരിയോസ് മെത്രാപ്പോലീത്താ - ....................... JEM 57
10. മംഗളമാർന്നു വാഴുക! - ................................. ഫാദർ യൗനാൻ ഒ. ഐ. സി. 62
11. മാർ തീയോഫിലോസു തിരുമേനി - ......................... ഫാ. ജെ. ഒ. ഐ. സി. 65
12. കൂപ്പുകൈ - ................................................. സിസ്റ്റർ മക്രീന, എസ്സ്. ഐ. സി. 69
13. ജൂബിലിവർഷം - .......................................................................... റ്റി. ജെ. വി. 73
14. ബൻസിഗർ തിരുമേനി - ............................................. ജെ. വലിയപറമ്പിൽ 79
15. ഉദയംപേരൂർസുന്നഹദോസ് - - ........ കരവട്ട് വീട്ടിൽ ശെമഓൻ കോർ എപ്പിസ്ക്കോപ്പാ, 83
16. ആശ്രമഘടന ............................................................................................ 87
17. ക്രിസ്തുവിന്റെ മണവാട്ടി ഏത്?- .............................. ഫാ. ഗീവർഗീസ് തോമ്പ്ര 89
18. മിശിഹാനുകരണ സന്യാസിനീസമൂഹം - ............................................ (M.H.) 92
19. NIRANAM - - ....................................... Very Rev.FR. N.G. Kuriakose 95
20. കേരളത്തിലെ അകത്തോലിക്കാ സഭകൾ-ഫാദർ തോമസ്സ്, ഇഞ്ചയ്ക്കലോടി 97
21. ഒരു പരാജയവും അതിന്റെ പ്രതിവിധിയും വി.എ.വർഗീസ് ബി.എ.എൽ.റ്റി 101
22. പതിനൊന്നാം പീയൂസ് -ാ ......... വ. ഫാ. തോമസ് പാഴൂർ എം.എ., എൽ.പി.എച്ച്. 106
23. മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സ് - .. എം.ഒ. വർഗീസ്സ് ബി.എ. 109
24. Vatican Radio Talk - .................. The Most Rev.Joseph Mar Severios. 111
25. ഇരുപതാം വാർഷികം - ..................................................... ജെ. കച്ചിറമറ്റം 114
26. ഇന്നത്തെ നമ്മുടെ ആവശ്യം - .......... എ. പീലിപ്പോസ് എം. എ. ബി.എൽ. 121


www.malankaralibrary.com

27. ഒരു പ്രാർത്ഥന - ............................ കുര്യൻ വൈദ്യർ, തിരുമൂലപുരം 123
28. മെക്കാളിപ്രഭുവിന്റെ അഭിനന്ദനം ............................ 124
29. ജോസഫ് മാർ സെവേറിയോസ് - ............................ യൂറോപ്പ് പര്യടനം 126

**രണ്ടാംഭാഗം**

30. പുനരൈക്യ സ്മരണാ കിരണങ്ങൾ ഒരു പഠനം ............................ 138

**മൂന്നാംഭാഗം**

31. പുനരൈക്യ സ്മരണാ കിരണങ്ങൾ - പ്രസക്തി- ഫാ. ജോർജ്ജ് തേക്കടിയിൽ157

**നാലാംഭാഗം**

മോൺസിഞ്ഞോർ കച്ചിറമറ്റം - ............................ ജീവചരിത്രം 176


1. അനുകരണാർഹനായ ഒരു മഹാപുരുഷൻ - - ...... V.C. George B.A; L.T 199
2. ഞങ്ങളുടെ "സിഞ്ഞോർ കച്ചിറ" - ............................ ഡോ. സി.റ്റി. കൊട്ടാരം 205
3. മോൺ ജോൺ കച്ചിറമറ്റം - ............................ ഫാ.ജേക്കബ്ബ് വെള്ളരിങ്ങാട്ട് 210
4. പ്രിയതരനായ ഒരു അദ്ധ്യാപകൻ - ............................ ചെമ്മനം ചാക്കോ എം.എ. 215
5. ഓർമ്മക്കുറിപ്പുകൾ - ............................ സി.ദേവസ്യാ കാപ്പിൽ ബി.എ.ബി.എൽ 218
6. പാദമുദ്രകൾ - ............................ വറുഗീസ് കിളിച്ചിമല ബി.എ. 220
7. ചില അനുസ്മരണകൾ - ............................ ജോൺ ഒ.ഐ.സി. 222
8. ആനിക്കാടു ബേതലഹേം പള്ളിയിൽ — ........ വി.ഓ. വർഗ്ഗീസ് ആനിക്കാട് 225
9. മോൺ. കച്ചിറമറ്റത്തിന്റെ ശവകുടീരത്തിങ്കൽഫാ.റ്റി.സി. ജോസഫ് ബി.എ. 227
10. മോൺ. കച്ചിറമറ്റവും മാർ കരിയാറ്റിക്കമ്മറ്റിയും - ................ റ്റി.കെ. വർക്കി 228
11. ഇടയലേഖനത്തിൽ നിന്ന് ............................ 245
12. Late Mgr. J. Kachiramattom - Rt Rev. Mgr. M. Nedungattu ............. 246
13. മോൺ. ജോൺ കച്ചിറമറ്റത്തെപ്പറ്റി... ............................ 248

**ചെറിയ കുറിപ്പുകൾ**

1. സൗന്ദര്യമേ ............................ 39
2. സഭയുടെ വിജയപതാക ............................ 60
3. പരി. പിതാവ് നിർദ്ദേശിക്കുന്ന ആറ് കാര്യങ്ങൾ ............................ 65
4. പശുക്കൾ ............................ 83
5. സി. ഹെലൻ ............................ 89
6. Letter from the Holy see ............................ 100
7. ചെസ്റ്റർട്ടന്റെ അഭിപ്രായം ............................ 108
8. Be happy this way ............................ 115

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമറ്റം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേറ്റ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥ മാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നിഭാഷക ളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 59 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ജോൺ കച്ചിറമറ്റം രചിച്ച 50-ാമത്തെ ഗ്രന്ഥമാണ് പുനരൈക്യസ്മരണാകിരണങ്ങൾ-ഒരു പഠനം. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# ആമുഖം

പുനരൈക്യ മഹാസംഭവത്തിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ഒരു സ്മരണികയാണ് പുനരൈക്യസ്മരണാകിരണങ്ങൾ. 65 വർഷം മുൻപ് 1950-ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

മലങ്കരസഭയുടെ പല സമ്മേളനങ്ങളിലും പങ്കെടുക്കുമ്പോൾ പുനരൈക്യ സ്മരണാകിരണങ്ങളെപ്പറ്റി പ്രശംസിച്ച് പലരും സംസാരിക്കുന്നതും ആ സ്മരണികയിലെ പല കാര്യങ്ങളും ഉദ്ധരിക്കുന്നതും കേൾക്കാനിടയായിട്ടുണ്ട്. ഏതാനും മാസങ്ങൾക്ക് മുൻപ് എന്റെ സുഹൃത്ത് ഗ്രന്ഥകാരനും ചരിത്രകാരനും സഭാസ്നേഹിയുമായ ജോമി തോമസ് കലയപുരം പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തിന്റെ മുഴുവൻ ഭാഗവും ഫോട്ടോസ്റ്റാറ്റ് എടുത്ത് എനിക്കയച്ചു തന്നു. അപ്പോഴാണ് ഈ ഗ്രന്ഥം പൂർണ്ണമായും ഞാൻ കാണുന്നത്. 65 വർഷം മുൻപ്, പുനരൈക്യ ചരിത്രം വെളിപ്പെടുത്തുന്ന ഈ ഗ്രന്ഥം തയ്യാറാക്കാൻ ശ്രമിച്ചവരുടെ സ്മരണക്കുമുമ്പിൽ ഞാൻ ശിരസ്സു നമിക്കുന്നു.

പുനരൈക്യ സ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം തയ്യാറാക്കിയത് മോൺ ജോൺ കച്ചിറമറ്റമാണെന്ന് പറഞ്ഞ് അദ്ദേഹത്തെ പ്രശംസിക്കുന്നത് കേട്ടിട്ടുണ്ട്. ഈ സ്മരണിക പ്രകാശനം ചെയ്ത് 8 വർഷങ്ങൾക്കു ശേഷം മോൺ ജോൺ കച്ചിറമറ്റം ദിവംഗതനായി.

ഈ പുസ്തകത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഞാൻ പല ചരിത്രകാരന്മാരെയും കാണിച്ചു. ഇത് ഒന്ന് റീപ്രിന്റ് ചെയ്ത് പുതിയ തലമുറയുടെ മുൻപിൽ അവതരിപ്പിക്കുന്നതും ഈ സ്മരണിക തയ്യാറാക്കിയ കച്ചിറമറ്റത്തച്ചന്റെ ഒരു ലഘുജീവചരിത്രവും പുനരൈക്യ സ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തെ പ്പറ്റിയുള്ള ഒരു പഠനവുംകൂടി അനുബന്ധമായി ചേർക്കുന്നത് സമുചിതമായിരിക്കുമെന്നും പലരും അഭിപ്രായപ്പെട്ടു. ആ നിർദ്ദേശം ഞാൻ അംഗീകരിച്ചു.

ഈ പുസ്തകത്തിന് പണ്ഡിതോചിതമായ അവതാരിക എഴുതിയിരിക്കുന്നത് സീറോ-മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ ബസേലിയോസ് മാർ ക്ലിമീസ് കാതോലിക്കാ ബാവായാണ്. ഞാൻ രചിച്ച എം.എം. വർക്കിയുടെ ജീവചരിത്രത്തിന് അവതാരികയെഴുതിയതും പ്രകാശനം ചെയ്തതും ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ജീവചരിത്രം പ്രകാശനം ചെയ്തതും കാർഡിനൽ മാർ ക്ലിമീസ് കാതോലിക്കാ ബാവാ തന്നെയാണ്. ഈ രണ്ടുപുസ്തകങ്ങളും പ്രകാശനം ചെയ്തത് പുനരൈക്യവാർഷികത്തിൽ വച്ചാണ് എന്നതും പ്രത്യേകം ഓർമ്മിക്കുന്നു.

എന്റെ ബാരിസ്റ്റർ ജോർജ്ജ് ജോസഫ് എന്ന ഗ്രന്ഥത്തിന് അവതാരിക എഴുതിയതും ഈ ഗ്രന്ഥത്തിന് ഒരാശംസ എഴുതിയതും ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയാണ്. കർദ്ദനാൾ തിരുമേനിക്കും ആർച്ച് ബിഷപ്പ് തിരുമേനിക്കും എന്റെ നന്ദി പ്രകാശിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിന് ആശംസ എഴുതിയ ജോമി തോമസ് കലയപുരത്തിനോടും ഈ ഗ്രന്ഥത്തിന് ഇന്നുള്ള പ്രസക്തിയെപ്പറ്റി ലേഖനം എഴുതിയ ഫാ. ജോർജ്ജ് തേക്കടിയിൽ അവർകളോടും ഉള്ള നന്ദി രേഖപ്പെടുത്തുന്നു.

രാമപുരം **ജോൺ കച്ചിറമറ്റം**


20.09.2015

www.malankaralibrary.com



ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ്

www.malankaralibrary.com



ബിഷപ് ഡോ. ബൻസിഗർ



ജേക്കബ്ബ് മാർ തിയോഫിലസ്



ജോസഫ് മാർ സെവേറിയോസ്



1930 സെപ്റ്റംബർ 20-ാം തീയതി പുനരൈക്യപ്പെട്ട മലങ്കര സഭാ പ്രതിനിധികൾ
മാർ ഇവാനിയോസ്, മാർ തിയോഫിലോസ്, അലക്സാണ്ടർ ശെമ്മാശൻ,
ഫാ. ജോൺ ഒ.ഐ.സി., കിളിലേത്ത് ചാക്കോ

www.malankaralibrary.com



സീറോ - മലങ്കരസഭാ മേജർ ആർച്ച് ബിഷപ്പ്
മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ലിമീസ്
കാതോലിക്കാ ബാവാ

www.malankaralibrary.com

# കടന്നുപോയ പിതാക്കന്മാർ



ആർച്ച് ബിഷപ്പ് ബനഡിക്ട്
മാർ ഗിഗോറിയസ് തിരുവനന്തപുരം



സിറിൽ മാർ ബസേലിയോസ്
മേജർ ആർച്ച് ബിഷപ്പ്
സിറോ മലങ്കര സഭ തിരുവനന്തപുരം



സക്കറിയാസ് മാർ അത്തനാസിയോസ്
തിരുവല്ല



ഐസക് മാർ യൂഹനോൻ
തിരുവല്ല



ലോറൻസ് മാർ അപ്രേം



തോമസ് മാർ
ഡിയോസ് കോറസ്



പൗലോസ് മാർ
പീലിക്സീനോസ്

www.malankaralibrary.com




ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്

www.malankaralibrary.com

## വന്ദ്യ റമ്പാച്ചന്മാർ




ചേപ്പാട് ഫിലിപ്പോസ് റമ്പാൻ




പുലിക്കോട് ജോസഫ് റമ്പാൻ

## സീറോ മലങ്കരസഭയിലെ ദിവംഗതരായ അഞ്ച് അൽമായ പ്രമുഖർ




ബാരിസ്റ്റർ ജോർജ്ജ്
ജോസഫ്



എം.എം. വർക്കി
(ദാസൻ വർക്കി)



ജഡ്ജി എ. പീലിപ്പോസ്
മാരേട്ട്



കിളിലേത്ത് ചാക്കോ



വില്ലോത്ത്
നൈനാൻ വർഗീസ്

www.malankaralibrary.com

# സത്യദീപം
## പുനരൈക്യ രജതജൂബിലി സ്പെഷ്യൽ




പുനരൈക്യപ്പെട്ട മാർ ഇവാനിയോസ് മെത്രാപ്പോലീത്തായും മാർ തിയോഫിലസും എറണാകുളം മെത്രാപ്പോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയോടൊപ്പം

പുനരൈക്യപ്രസ്ഥാനത്തിന്റെ തലതൊട്ടപ്പൻ എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനിയെ ഈ ജൂബിലിവേളയിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും മറ്റുമായി ചെയ്തിട്ടുള്ള സേവനം സീമാതീതമത്രേ. പ്രത്യേകിച്ചും അതിന്റെ ആരംഭഘട്ടത്തിൽ വന്ദ്യപിതാവ് പ്രസ്ഥാനത്തിന്റെ താങ്ങും തണലും അല്ല, അതിന്റെ സർവ്വസ്വവുമായിരുന്നു. മാർ ഇവാനിയോസ് തിരുമേനിക്കും മാർ തിയോഫിലസ് തിരുമേനിക്കും അവിടുന്ന് നല്കിയ ഹൃദ്യമായ സ്വാഗതം ഇന്നുമതിന്റെ പുതുമയിൽ സ്മരിക്കപ്പെടുന്നുണ്ട്. മാർ സെവേറിയോസ് തിരുമനസ്സുകൊണ്ട് വന്ദ്യപിതാവിന്റെ പൈതൃകമായ വാത്സല്യാതിരേകത്തിൽ മതിമറന്ന് പ്രശംസിച്ചിട്ടുള്ളത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. സ്വന്തം വീട്ടിലെ ഹൃദ്യമായ പ്രതീതിയാണ് എറണാകുളം അരമനയിൽ ചെന്നാൽ ഉണ്ടാകുക എന്ന് തിരുമേനി പറയുമായിരുന്നു. (1955 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ച സത്യദീപത്തിന്റെ കവർ പേജ്)


**വെരി റവ. മോൺ. ജോൺ കച്ചിറമറ്റം**

www.malankaralibrary.com


## സീറോ മലങ്കര സഭയിലെ പിതാക്കന്മാർ




ഗീവർഗീസ് മാർ തിമത്തിയോസ്
ബിഷപ്പ് എമിരിറ്റസ്




യോഹന്നാൻ മാർ ക്രിസോസ്റ്റം
പത്തനംതിട്ട




ജോഷ്വാ മാർ ഇഗ്നാത്തിയൂസ്
മാവേലിക്കര



അബ്രാഹം മാർ യൂലിയോസ്
മൂവാറ്റുപുഴ




ജോസഫ് മാർ തോമസ് ബത്തേരി



വിൻസെന്റ് മാർ പൗലോസ്
മാർത്താണ്ഡം


www.malankaralibrary.com




തോമസ് മാർ യൗസേബിയോസ്
യു.എസ്.എ.




ഗീവർഗീസ് മാർ
ദിവന്ന്യാസിയോസ് പുത്തൂർ




ജേക്കബ്ബ് മാർ ബർണബാസ്
അപ്പസ്തോലിക് വിസിറ്റർ



തോമസ് മാർ അന്തോണിയോസ്
കൂറിയ ബിഷപ്പ്



സാമുവൽ മാർ ഐറേണിയോസ്
തിരുവനന്തപുരം സഹായ മെത്രാൻ



ഫീലിപ്പോസ് മാർ സ്റ്റെഫാനോസ്
തിരുവല്ല സഹായമെത്രാൻ

www.malankaralibrary.com



മോൺ ജോൺ കച്ചിറമറ്റം
പുനരൈക്യസ്മരണാകിരണങ്ങളുടെ ശില്പി തിരുവല്ല രൂപതയുടെ അഡ്മിനിസ്ട്രേറ്റർ

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

**BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICS

Residence & Communication
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM- 695004
KERALA, INDIA
Ph: +91-471-2541642, 2541643, 2540446

## അവതാരിക



പുനരൈക്യ പ്രസ്ഥാനത്തിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ഒരു സ്മരണികയാണ് പുനരൈക്യസ്മരണാ കിരണങ്ങൾ. 65 വർഷം മുമ്പ് 1950 ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഇന്ന് ജീവിച്ചിരിക്കുന്നവരിൽ വളരെ കുറച്ചുപേർ മാത്രമേ കണ്ടിട്ടുണ്ടാവൂ. അതിന്റെ കോപ്പികൾ ഇന്ന് ലഭ്യമല്ലതാനും. അറുപത്തിയഞ്ചു വർഷം മുമ്പ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം ഒരു പുനർവായനയ്ക്ക് വിധേയമാക്കുന്നത് സമുചിതമാണ്. പഴയ കാലഘട്ടത്തെ അനുസ്മരിക്കുന്നതിനും നമ്മുടെ പൂർവ്വികർ നടത്തിയ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാക്കുന്നതിനും ഇത് സഹായിക്കും.

തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ. ജോൺ കച്ചിറമറ്റമാണ് പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ശിൽപി. പുനരൈക്യ സ്മരണാകിരണങ്ങൾ ഒരു പഠനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത് മോൺ. ജോൺ കച്ചിറമറ്റത്തിന്റെ സഹോദരപുത്രൻ ശ്രീ. ജോൺ കച്ചിറമറ്റമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയെപ്പറ്റിയും സഭയിലെ പ്രമുഖനേതാക്കളെപ്പറ്റിയും നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിച്ച ശ്രീ. ജോൺ കച്ചിറമറ്റം ഈ ഗ്രന്ഥത്തിന്റെ പുനപ്രസിദ്ധീകരണം വഴി ചെയ്യുന്ന സേവനം വിലപ്പെട്ടതാണ്.

ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ മഹാത്മജീയോടും ജവഹർലാൽ നെഹ്റുവിനോടും മോത്തിലാൽ നെഹ്റുവിനോടും ഒപ്പം നിന്ന്

www.malankaralibrary.com

പ്രവർത്തിച്ച മലങ്കര സഭയുടെ അഭിമാനമായ ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ സംഭവബഹുലമായ ജീവിതം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചത് ജോൺ കച്ചിറമറ്റമാണ്. തിരുവിതാംകൂർ രാഷ്ട്രീയത്തിലെ അതികായനായ സ്വാതന്ത്ര്യ സമരസേനാനി എം.എം. വർക്കി മലങ്കര സഭയുടെ ഒരു ശ്രേഷ്ഠ പുത്രനാണ്. തിരുവിതാംകൂറിൽ പൗരസമത്വ പ്രക്ഷോഭണത്തിനുശേഷം നടന്ന എല്ലാ ജനകീയ പ്രക്ഷോഭണങ്ങളുടേയും മുന്നണിപ്പോരാളിയായിരുന്നു ശ്രീ. വർക്കി. ദാസൻ വർക്കി എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്. ആ സാമൂഹ്യ വിപ്ലവകാരിയുടെ ജീവചരിത്രം രചിച്ചതും ശ്രീ. ജോൺ ക്ച്ചിറമറ്റം തന്നെ. ഈ രണ്ടു ഗ്രന്ഥങ്ങളും പ്രകാശനം ചെയ്തത് പുനരൈക്യ വാർഷിക സമ്മേളനത്തിൽ വച്ചാണ് എന്നത് പ്രത്യേകം എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

പുനരൈക്യ സ്മരണാ കിരണങ്ങൾ - ഒരു പഠനം പ്രകാശനം ചെയ്യുവാൻ ഇരുവള്ളിപ്രായിൽ നടക്കുന്ന പുനരൈക്യ വാർഷികവേദി തന്നെ തിരഞ്ഞെടുക്കപ്പെട്ടതിൽ സന്തോഷമുണ്ട്.

1950-ലാണ് പുനരൈക്യ സ്മരണാകിരണങ്ങൾ പ്രകാശനം ചെയ്തത്. 1950 മലങ്കര സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന വർഷമാണ്. പുനരൈക്യത്തിന്റെ 20-ാം വാർഷികം മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി, മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ബഥനി സന്യാസിനീ സഭയുടെ സ്ഥാപനത്തിന്റെ രജതജൂബിലി, തിരുവല്ലാ രൂപതയുടെ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ റോമാ സന്ദർശനം, സാർവ്വത്രികസഭ പ്രഖ്യാപിച്ച വിശുദ്ധ വർഷാചരണം തുടങ്ങി പല സുപ്രധാന സംഭവങ്ങളുടെ സ്മരണികയാണ് പുനരൈക്യ സ്മരണാകിരണങ്ങൾ.

പ്രിന്റിംഗ് ടെക്നോളജി ഇന്നത്തെപ്പോലെ വികാസം പ്രാപിച്ചിട്ടില്ലാത്ത ഒരു കാലഘട്ടത്തിലാണ് പുനരൈക്യസ്മരണാ കിരണങ്ങൾ തയ്യാറാക്കിയത്. ഡമ്മി നാലിലൊന്ന് സൈസിൽ ഉദ്ദേശം നൂറോളം പേജിൽ മനോഹരമായ ചിത്രങ്ങൾ സഹിതമാണ് 1950 ൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ആഗോള കത്തോലിക്കാ സഭയുടെ തലവനും പുനരൈക്യ പ്രസ്ഥാനത്തിന് അനുമതി നൽകുകയും ചെയ്ത 11-ാം പീയൂസ് മാർപ്പാപ്പയുടേയും തുടർന്ന് അധികാരത്തിലേറിയ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടേയും ലഘുജീവചരിത്രം ഈ ഗ്രന്ഥത്തിലുണ്ട്. ആഗോള സഭയെപ്പറ്റി സമഗ്രമായ ഒരു അറിവ് മലങ്കര സഭാഗംങ്ങൾക്ക് ലഭിക്കുന്നതിന് ഈ ലേഖനങ്ങൾ സഹായകരമാണ്. ആഗോള കത്തോലിക്കാസഭയുടെ ചരിത്രവും പുത്തൻകൂർ - പഴയകൂർ രൂപപ്പെട്ടതിന്റെ ചരിത്രവുമെല്ലാം വിശദമായി പ്രതിപാദിക്കുന്ന ലേഖനങ്ങളുമുണ്ട്. പുനരൈക്യ മഹാരഥന്മാരായ മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ജോസഫ് മാർ സേവേറിയോസ് തുടങ്ങിയവരുടെ ജീവചരിത്രം വായിക്കുമ്പോൾ കേരള

www.malankaralibrary.com

സഭയുടേയും മലങ്കര സഭയുടേയും ചരിത്രം വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും.

ഭാരതത്തിലെ ക്രൈസ്തവ സഭകളെപ്പറ്റിയും മലങ്കര അന്ത്യോക്യാ സുറിയാനി റീത്തിനെപ്പറ്റിയും ഉദയംപേരൂർ സൂന്നഹദോസിനെപ്പറ്റിയും മറ്റുമുള്ള ലേഖനങ്ങൾ സഭാംഗങ്ങളെ സഭയുടെ ചരിത്രത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുവാൻ ഉപകരിക്കുന്നതാണ്.

അറുപത്തിയഞ്ചു വർഷം മുമ്പ് പ്രസിദ്ധീകരിച്ച പുനരൈക്യ സ്മരണാകിരണങ്ങൾക്ക് ഇന്ന് പുനർവായനയ്ക്ക് വിധേയമാക്കുകയാണല്ലോ. ഇന്ന് പുനരൈക്യ പ്രസ്ഥാനം 85 വർഷം പിന്നിടുകയാണ്. ഈ 85 വർഷത്തിനുള്ളിൽ സഭയ്ക്കുണ്ടായ നേട്ടങ്ങളെപ്പറ്റിയും നമ്മുടെ പൂർവ്വികരുടെ പ്രതീക്ഷയ്ക്കൊത്ത് നാം ഉയർന്നുവോയെന്നും ചിന്തിക്കുവാൻ നമുക്ക് ഈ അവസരം വിനിയോഗിക്കാം.

1930-ൽ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ പുനരൈക്യപ്പെട്ട ഒരു കടുകുമണിയോളമുള്ള സമൂഹം ഇന്ന് ഒരു വലിയ വൃക്ഷമായി പടർന്നു പന്തലിച്ചിരിക്കുന്നു. ഇതിനു പിന്നിൽ അനേകരുടെ കഠിനാദ്ധ്വാനവും വിശ്വാസതീഷ്ണതയും കാണുവാൻ സാധിക്കും. മലങ്കര കത്തോലിക്കാസഭയുടെ കഴിഞ്ഞ 85 വർഷത്തിലെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ ദൈവത്തിന്റെ സജീവസാന്നദ്ധ്യവും നടത്തിപ്പും നമുക്കുകാണാം. ആദ്യകാലത്തെ അനുഭവങ്ങൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ സാരഥികൾക്ക് ശക്തിയും ഉണർവും നൽകി. ആദ്യകാലാനുഭവങ്ങൾ പഠിച്ച് അതിൽ നിന്ന് ശക്തിയും ഉണർവും ഏറ്റുവാങ്ങി സഭാ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ കൂടുതൽ തുടരേണ്ടിയിരിക്കുന്നു.

പുനരൈക്യ പ്രസ്ഥാനം ദൈവം നമ്മെ ഏൽപ്പിച്ച ഒരു വലിയ ശുശ്രൂഷയും ദൗത്യവുമാണ്. നാം അനുഭവിച്ചറിഞ്ഞ സത്യവിശ്വാസത്തെ നമ്മുടെ സഹോദരങ്ങളിലേയ്ക്കും എത്തിക്കുക എന്ന ദൗത്യം മനസ്സിൽ ഉറപ്പിച്ച് മുന്നേറാനുള്ള അവസരമാണിത്.

മലങ്കരയിൽ സുസ്ഥിരമായ സമാധാനവും ഐക്യവും കടന്നുവരണമെങ്കിൽ മലങ്കര സഭ സാർവ്വത്രിക സഭാകൂട്ടായ്മയിലേയ്ക്ക് വരേണ്ടത് അനിവാര്യമാണെന്ന് മാർ ഈവാനിയോസ് തിരുമേനി മനസ്സിലാക്കി. ഒരു ഇടയനും ഒരു തൊഴുത്തും എന്നുള്ള ദൈവീകാഹ്വാനമായിരുന്നു ഈ ദർശനത്തിന്റെ ആണിക്കല്ല്. ഈ നൂറ്റാണ്ടിലെതന്നെ സഭാചരിത്രം മാറ്റിക്കുറിച്ച പുനരൈക്യമായിരുന്നു പരിണിതഫലം.

പുനരൈക്യപ്രസ്ഥാനത്തെ ആധാരമാക്കി ചരിത്രത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് തയ്യാറാക്കിയ പുനരൈക്യ സ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം ഒരു പഠനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത്, സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു കാര്യംകൂടി

www.malankaralibrary.com

രേഖപ്പെടുത്തട്ടെ. ഈ പുനരൈക്യ സ്മരണാകിരണങ്ങളോടനുബന്ധമായി ഈ ഗ്രന്ഥത്തിന്റെ ശില്പി മോൺ. ജോൺ കച്ചിറമറ്റത്തിന്റെ ലഘുജീവചരിത്രവും അദ്ദേഹത്തെപ്പറ്റി സമകാലികർ എഴുതിയ ലേഖനങ്ങളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന് സീറോ-മലബാർ സഭാംഗങ്ങൾ നൽകിയിട്ടുള്ള സംഭാവനകൾ വലുതാണ്. മോൺ. ജോൺ കച്ചിറമറ്റം, മോൺ. തോമസ് വടശ്ശേരി, മോൺ. മാത്യു നെടുങ്ങാട് തുടങ്ങിയവർ തിരുവല്ലാ രൂപതയിൽ സേവനമനുഷ്ഠിച്ചവരാണ്. മോൺ. കച്ചിറമറ്റം ഇരുപത് വർഷത്തെ പൗരോഹിത്യ ജീവിതത്തിനുശേഷം 51-ാം വയസ്സിൽ അകാലത്തിൽ നിര്യാതനായി. പുനരൈക്യ രജതജൂബിലി ഇരുവള്ളിപ്രായിൽ വച്ച് വിപുലമായ തോതിൽ ആഘോഷിച്ചതും ജൂബിലി സ്മാരകമായി ഒരു ദൈവാലയം പണിതുയർത്തിയതും മോൺ. കച്ചിറമറ്റത്തിന്റെ നേതൃത്വത്തിലാണ്. ഈയവസരത്തിൽ അദ്ദേഹത്തിന്റെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ശ്രീ. ജോൺ കച്ചിറമറ്റത്തിന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അഭിനന്ദനങ്ങളും കൃതജ്ഞതയും ഞാൻ സവിനയം അറിയിക്കട്ടെ. എപ്പോഴും സഭയെ സ്നേഹിക്കുന്ന ഒരു ധീരനായ സഭാംഗമാണ് ശ്രീ. കച്ചിറമറ്റം എന്നത് സന്തോഷപൂർവ്വം ഞാൻ അനുസ്മരിക്കുന്നു.

അറുപത്തഞ്ചുവർഷം മുമ്പ് പ്രസിദ്ധീകരിച്ച പുനരൈക്യ സ്മരണാകിരണങ്ങൾ എന്നഗ്രന്ഥത്തെപ്പറ്റി ഒരു പഠനത്തോടുകൂടി പ്രസിദ്ധീകരിക്കുന്ന ഈ സംരംഭത്തിന് വിജയം ആശംസിക്കുകയും ഈ പുസ്തകം അഭിമാനപൂർവ്വം പൊതുജനസമക്ഷം അവതരിപ്പിക്കുകയും ചെയ്യുന്നു.

**ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ്

തിരുവനന്തപുരം
07.09.2015

www.malankaralibrary.com

# Archdiocese of Tiruvalla

**Dr. Thomas Mar Koorilos**
Metropolitan Archbishop

## ആശംസ



ഭാരതക്രൈസ്തവ സഭാചരിത്രത്തിലെ ഒരു അവിസ്മരണീയ സംഭവമാണ് ബഥനിയുടെ മെത്രാപ്പോലീത്താ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ ഇരുപതിന് നടന്ന പുനരൈക്യസംഭവം. അതിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് തയ്യാറാക്കിയ ഒരു സ്മരണികയാണ് പുനരൈക്യസ്മരണാകിരണങ്ങൾ. 1950-ൽ അറുപത്തിയഞ്ചു വർഷങ്ങൾക്കുമുമ്പ് പ്രസിദ്ധീകരിച്ച ആ സ്മരണിക ഇന്ന് ഒരു പുനർവായനയ്ക്ക് വിധേയമാക്കാനുള്ള ശ്രമം വളരെയധികം ശ്ലാഘനീയമാണ്. പുനരൈക്യസ്മരണാകിരണങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മഹാസംഭവങ്ങളെപ്പറ്റി ചരിത്രദൃഷ്ട്യാ ഒരു വിലയിരുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാനസംഭവങ്ങൾ താഴെ പറയുന്നവയാണ്. മലങ്കര സഭാ പുനരൈക്യത്തിന്റെ 20-ാം വാർഷികം മാർ ഇവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജത ജൂബിലി ബഥനി സന്യാസസമൂഹത്തിന്റെ സ്ഥാപന രജത ജൂബിലി, സാർവ്വത്രിക കത്തോലിക്കാ സഭ പ്രഖ്യാപിച്ച വിശുദ്ധ വർഷാചരണം മാർ സെവേരിയോസ് തിരുമേനിയുടെ യൂറോപ്യൻ പര്യടനം. മേൽപറഞ്ഞ പ്രധാന സംഭവങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ ഒരു വിശകലനമാണ് പുനരൈക്യസ്മരണാകിരണങ്ങൾ ദൈവത്തിന്റെ കല്പന പ്രകാരം സ്വന്തം നാടും വീടും സമ്പത്തും വിട്ടിറങ്ങിയ അബ്രാഹത്തെപ്പോലെ മലങ്കര സഭയുടെ ഐക്യത്തിനുവേണ്ടിയും തോമ്മാശ്ലീഹായോടുകൂടി പത്രോസ് ശ്ലീഹായും കൂട്ടായ്മയിലാണെന്ന സത്യം പുലരുന്നതിന് പിതാവേ, നീയും ഞാനും ഒന്നായി

www.malankaralibrary.com

രിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണമെന്ന കർത്തൃപ്രാർത്ഥന സഫലീകരിക്കാനുംവേണ്ടി സകലതും ത്യജിച്ച് മുണ്ടൻമല ഇറങ്ങിയ ദൈവദാസൻ മാർ ഇവാനിയോസ് പിതാവും അദ്ദേഹത്തെ പിന്തുടർന്ന അനേകായിരങ്ങളും അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടേയും കഷ്ടപ്പാടുകളുടേയും ചരിത്രം ഈ ഗ്രന്ഥത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

പുനരൈക്യപ്രസ്ഥാനത്തിന്റെ ഇരുപതു വർഷത്തെ ചരിത്രം വ്യക്തമാക്കുന്നതാണ് ഈ സ്മരണിക. പിതാക്കന്മാർ കത്തോലിക്കാ കൂട്ടായ്മ പിൻചെന്നതിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവും മറ്റുമായ അടിസ്ഥാനങ്ങൾ വിവരിക്കുന്നുണ്ട്. അതേ സമയം ആഗോള കത്തോലിക്കാ സഭയെപ്പറ്റിയുള്ള വിവരങ്ങളും ഈ സ്മരണികയിൽ നിന്നും നമുക്ക് ലഭിക്കും. അഭിവന്ദ്യ കൊല്ലം ബിഷപ്പ് ബൻസിഗർ പിതാവിന്റെ പ്രേഷിത തീഷ്ണതയും പുനരൈക്യ മഹാന്മാരായ മാർ ഇവാനിയോസ്, മാർ തിയോഫിലോസ്, ജോസഫ് മാർ സെവേറിയോസ് തുടങ്ങിയവരുടെ സംഭവ ബഹുലമായ ജീവിതവും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ ചരിത്രത്തിലേയ്ക്കുള്ള ഒരു പുറപ്പാടാണ് ഈ സ്മരണിക.

മലങ്കര അന്ത്യോക്യാ സുറിയാനു ആരാധനയെപ്പറ്റിയും അകത്തോലിക്കാ സഭകളെപ്പറ്റിയും ഉദയംപേരൂർ സൂനഹദോസിനെപ്പറ്റിയും മറ്റുമുള്ള ലേഖനങ്ങൾ ഇന്നും നമ്മുടെ ചിന്തകളെ ഉദ്ദീപിപ്പിക്കുന്നവയാണ് 65 വർഷം മുമ്പ് തയ്യാറാക്കിയ ഈ ഗ്രന്ഥത്തന് രൂപം നൽകയിവരുട ഭാവനയെ നമുക്ക് അഭിനന്ദിക്കാം.

തിരുവല്ലാ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററും പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും ധ്യാനഗുരുവുമൊക്കെയായിരുന്ന മോൺ ജോൺ കച്ചിറമറ്റമാണ് ഈ ഗ്രന്ഥത്തിന്റെ ശില്പി. അദ്ദേഹത്തിന്റെ സഹോദരപുത്രൻ ജോൺ കച്ചിറമറ്റമാണ് ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിച്ച് ചർച്ചയ്ക്ക് വിധേയമാക്കുവാൻ മുന്നോട്ട് വന്നിരിക്കുന്നത്. മോൺ കച്ചിറമറ്റം 51-ാം വയസ്സിൽ അകാലത്തിൽ നിര്യാതനായി. പുനരൈക്യരംഗത്ത് മോൺ കച്ചിറമറ്റം ചെയ്ത സേവനങ്ങളെ വിലമതിക്കപ്പെടേണ്ടതാണ്. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിൽ അനുബന്ധമായി മോൺ ജോൺ കച്ചിറമറ്റത്തിന്റെ ലഘു ജീവചരിത്രവും അദ്ദേഹത്തെപ്പറ്റി 55 വർഷം മുമ്പ് സഹപ്രവർത്തകർ എഴുതിയ ലേഖനങ്ങളും ചേർത്തിട്ടുണ്ട്. പുനരൈക്യരംഗത്തും കേരളത്തിലെ ക്രൈസ്തവ മേഖലയിൽ പൊതുവിലും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ ഇന്നത്തെ തലമുറയെ ബോദ്ധ്യപ്പെടുത്തുവാൻ ഇവയെല്ലാം സർവ്വപരി സഹായകരമാകും.

പുനരൈക്യസ്മരണാകിരണങ്ങൾ ഒരു പഠനത്തോടകൂടി പ്രസിദ്ധീകരിച്ച് ഒരു പുനർവായനയ്ക്ക് വിധേയമാക്കുവാൻ തയ്യാറായ ജോൺ കച്ചിറമറ്റത്തിനും ഈ പഠനഗ്രന്ഥത്തിനും ആശംസ നേരുന്നു.

www.malankaralibrary.com

സഭയുടെ സംഭാവനകൾ പൊതു സമൂഹത്തിൽ തമസ്കരിക്കാനുള്ള കുത്സിത ശ്രമങ്ങൾ നടക്കുമ്പോൾ അവയെ ആർജ്ജവത്തോടെ സുമനസുക ളുടെ മുമ്പിൽ എത്തിക്കുന്നതിന് ശ്രീ. ജോൺ സാറിന്റെ നാവിനും തൂലി കയ്ക്കും എന്നും കഴിഞ്ഞിട്ടുണ്ട് എന്ന യാഥാർത്ഥ്യം സന്തോഷ സമേതം ഇവിടെ രേഖപ്പെടുത്തുന്നു. ഈ വലിയ സഭാസ്നേഹി പൊതു താല്പര്യങ്ങ ളുടെ കാവൽക്കാരൻ, മറവിയുടെ മാറാപ്പിൽ നിന്നും മഹാരഥന്മാരെകണ്ടെ ത്തുന്ന ചരിത്രബോധമുള്ള അന്വേഷകൻ, വാക്കിലും പ്രവർത്തിയിലും അക ലങ്ങളില്ലാത്ത സാത്വികൻ. ഈ നിലകളിലെല്ലാം എന്റെ ഗുരുസ്ഥാനീയനായ ജോൺ സാറിന്റെ ഈ മഹത്തായ ഉദ്യമത്തിന് ഒരായിരം ആശംസകൾ നേർന്ന കൊണ്ടും, ഈ സ്മരണികയിലെ പരാമർശങ്ങൾ ഒരു കാലഘട്ടത്തിന്റെ ഇരുണ്ട അനുഭവങ്ങളാണെന്നും അവയെ മറന്ന് യേശു സ്നേഹത്തിൽ മാത്രം കൈകോർത്ത് ഒരു പുതിയ നാളയെ സൃഷ്ടിക്കുവാൻ സഭൈക്യത്തിന്റെ ശംഖു നാദം മുഴക്കുവാൻ എല്ലാവരും തങ്ങളുടെ സുരക്ഷിത തീരങ്ങൾ വീണ്ടുവിചാ രണ ചെയ്യണമെന്നും സവിനയം ഓർമ്മിപ്പിച്ചുകൊണ്ടും ജോൺ കച്ചിറമറ്റം രചിച്ച 50-ാമത്തെ ഗ്രന്ഥം പുനരൈക്യ വാർഷികത്തിൽ വച്ച് പ്രകാശനം ചെയ്യു ന്നതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു. എല്ലാ ആശംസകളും നേരുന്നു.

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്**

തിരുവല്ല അതിരൂപതയുടെ ആർച്ച് ബിഷപ്പ്


തിരുവല്ല

20.09.2015

www.malankaralibrary.com

# ആശംസ

## ജോമി തോമസ്, കലയപുരം



ചരിത്രപ്രസിദ്ധമായ പുനരൈക്യ പ്രസ്ഥാന ത്തിന്റെ മഹത്തായ ഇരുപതുവർഷത്തെ (1930–19550) സംഭവബഹുലമായ അദ്ധ്യായങ്ങളെ ആലേഖനം ചെയ്യുന്ന ഒരു അക്ഷയഖനിയാണ്. 1950 സെപ്റ്റംബർ 20 ന് പുറത്തിറങ്ങിയ തിരുവല്ലാ രൂപതയുടെ പുന രൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം. വന്ദ്യ മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റത്തച്ചനാണ് ഈ ഗ്രന്ഥത്തിന്റെ ശില്പി. പുനരൈക്യ പ്രസ്ഥാന ത്തിന്റെ ആദ്യകാലങ്ങളെക്കുറിച്ച് ഏറെ അടു ത്തറിയാൻ ഈ ഗ്രന്ഥം ഉപകരിക്കുന്നുണ്ട്. 1940 ൽ തിരുവല്ലാ രൂപതാ ദശവർഷ സ്മരണിക പുറത്തിറ ക്കിയതും ചരിത്രസ്നേഹികൾക്ക് വിലപ്പെട്ട ഏടു തന്നെയാണ്. കഷ്ടപ്പാടുകളുടേയും പ്രാരാബ്ധ ങ്ങളുടേയും നടുവിൽ പിറന്നുവീണ തിരുവല്ല രൂപത യെന്ന പുനരൈക്യ ശിശു ആഗോളസഭയുടെ മടി ത്തട്ടിൽ പരിശുദ്ധാത്മാവിന്റെ തലോടലേറ്റ് വളർന്നു വരുന്നതിന്റെ നേർക്കാഴ്ചാ ചിത്രങ്ങളാണ് പുന രൈക്യ സ്മരണാകിരണങ്ങളുടെ ഉള്ളടക്കം. മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് നമ്മുടെ സഭ വളർന്ന് ആഗോളസഭയിൽ സമാധാനത്തി ന്റേയും സഹവർത്തിത്വത്തിന്റേയും അസുലഭ നേട്ട ങ്ങൾ പ്രദാനം ചെയ്യുമ്പോൾ പുനരൈക്യസ്മരണാ കിരണങ്ങൾ പോലുള്ള ഗ്രന്ഥങ്ങൾ നമ്മുടെ വളർച്ചയുടെ അടയാളങ്ങളായി അവശേഷിക്കുക തന്നെ ചെയ്യും. നമ്മെ വഴികാട്ടിയവരുടെ വെളിച്ചം പകർന്ന ചിന്തകളും ആത്മജ്ഞാനങ്ങളുമാണ് ഈ ഗ്രന്ഥത്തെ ശ്രേഷ്ഠമാക്കുന്നത്.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ഇരുപതാം

www.malankaralibrary.com

വാർഷികം, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി, മാർ ഈവാനിയോസ് പിതാവിനാൽ തന്നെ സ്ഥാപിതമായ ബഥനി സന്യാസിനി സമൂഹത്തിന്റെ രജതജൂബിലി, മാർ സെവേറിയോസ് പിതാവിന്റെ വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയതിന്റെ സുവർണ്ണ നിമിഷങ്ങൾ..... ഈ പശ്ചാത്തലങ്ങളാണ് പുനരൈക്യ സ്മരണാകിരണങ്ങൾ പ്രസിദ്ധമാകാനുള്ള പ്രേരകശക്തി.


നിരവധി ഈടുറ്റ ലേഖനങ്ങൾ, കവിതകൾ, യാത്രാകിരണങ്ങൾ, പഠനങ്ങൾ തുടങ്ങിയവയിലൂടെ സഭാമക്കൾക്ക് ഈ ഗ്രന്ഥം വിലപ്പെട്ട കാര്യങ്ങളാണ് ലഭ്യമാക്കുന്നത്. രൂപതാ അഡ്മിനിസ്ട്രേറ്റർ, പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ, ഭക്തസംഘടനകളുടെ ഡയറക്ടർ എന്നീ നിലകളിൽ തിരുവല്ലാ രൂപതയിൽ ശുശ്രൂഷ ചെയ്ത വന്ദ്യ ജോൺ കച്ചിറമറ്റം അച്ചൻ വളർച്ചയുടെ പന്ഥാവിലേക്ക് സഭയെ ആനയിച്ചു. പാരമ്പര്യത്തിന്റെ മഹത്വം സ്വജീവിതത്തിലൂടെ കാട്ടിയ ഈ മിഷനറി നിശബ്ദനായ ഒരു പുനരൈക്യ പ്രേഷിതവര്യൻ കൂടിയായിരുന്നു.

അറുപത്തഞ്ചാണ്ടുകൾ പിന്നിട്ടിട്ടും ഈ ഗ്രന്ഥം ചർച്ച ചെയ്യുന്ന കാര്യങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ജീവരക്തമായി കരുതുന്ന ഓരോ വിശ്വാസിയും പാഠപുസ്തകം പോലെ വായിക്കേണ്ട ഒരു ചരിത്ര ഗ്രന്ഥമാണിത്. തിരുവല്ല അതിരൂപതയുടെ ആർക്കൈവ്സിൽ നിന്നും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ സെക്രട്ടറി പദം വഹിക്കുന്ന വേളയിൽ എനിക്ക് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ അനുവാദത്തോടെ ഈ വിലപ്പെട്ട ഗ്രന്ഥത്തിന്റെ പഴയ കോപ്പി കണ്ടെടുക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ ഗ്രന്ഥം പുനപ്രസിദ്ധീകരിക്കാൻ സന്മനസ്സുകാട്ടിയ ബഹു. ജോൺ കച്ചിറമറ്റം സാറും ഇക്കാര്യത്തിൽ അഭിനന്ദനം അർഹിക്കുന്നു. ഇത്തരം ചരിത്രരേഖകൾ അനുവാചകർക്ക് തുടർന്നും ലഭ്യമാകാനുള്ള പരിശ്രമങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്ര കമ്മീഷൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

പുനരൈക്യസ്മരണാകിരണങ്ങളുടെ ശില്പി മോൺ ജോൺ കച്ചിറമറ്റമാണ്. അദ്ദേഹം 51-ാം വയസ്സിൽ ദിവംഗതനായി. പുനരൈക്യപ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയ വന്ദ്യമോൺസിഞ്ഞോറച്ചന്റെ ലഘുജീവചരിത്രം അനുബന്ധമായി ചേർത്തിരിക്കുന്നത് തികച്ചും സമുചിതമാണ്. പുനരൈക്യസ്മരണാകിരണങ്ങൾ ഒരു പഠനം എന്ന ഈ ഗ്രന്ഥത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

15.09.2015


www.malankaralibrary.com



ജോസഫ് മാർ സെവേറിയോസ് തിരുമേനിയും സെക്രട്ടറി മോൺ മാത്യു നെടുങ്ങങ്ങ്ങം
(സ്വിറ്റ്സർലണ്ടിൽ)



മോൺ തോമസ് വടശ്ശേരി




മോൺ ജോസഫ്
കുഴിഞ്ഞാലിൽ

www.malankaralibrary.com


# കച്ചിറമറ്റം കുടുംബത്തിലെ വൈദികരും കന്യാസ്ത്രികളും



മോൺ ജോൺ കച്ചിറമറ്റം
26.04.1907 - 05.11.1958




സി. ജോസഫീനാ കച്ചിറമറ്റം എഫ്.സി.സി.
07.03.1911 - 03.04.1982



ഫാ. ദേവസ്യാ കച്ചിറമറ്റം എസ്.ജെ.
മരണം - 17.01.1983


കച്ചിറമറ്റത്തിൽ
തോമാച്ചൻ (വല്യച്ചൻ)
മരണം- 1885

ശൗര്യാരച്ചൻ
കരിപ്പാക്കുടിയിൽ
മരണം- 1903



റവ. ഡോ. അഗസ്റ്റിൻ
കച്ചിറമറ്റം
മരണം- 27.03.1993

www.malankaralibrary.com




ഫാ. കുര്യൻ കച്ചിറമറ്റം
മരണം - 23.06.1975



ഫാ. അഗസ്റ്റിൻ കച്ചിറമറ്റം
മരണം - 10.07.1998



ഫാ. ജോസഫ് കച്ചിറമറ്റം
മരണം - 07.10.2001




ഫാ. ജോൺ കച്ചിറമറ്റം
മരണം - 18.08.2007




ഫാ. ജോർജ്ജ് കനീഷ്യസ്
കച്ചിറമറ്റം സി.എം.ഐ.




ഫാ. ജോൺ കച്ചിറമറ്റം
സി.എം.ഐ. കുര്യനാട്



മോൺ ജോസഫ് കച്ചിറമറ്റം ഇംഫാൽ




ഫാ. കുര്യാക്കോസ്
കച്ചിറമറ്റം, കോതമംഗലം




ഫാ. ആന്റണി കച്ചിറമറ്റം
കോഹിമ




ഫാ. അഗസ്റ്റിൻ കച്ചിറമറ്റം
(പൊന്നാമറ്റം) ആസാം



ഫാ. ഓസ്റ്റിൻ കച്ചിറമറ്റം
കാവാലി



ഫാ. ജോർജ്ജ് കച്ചിറമറ്റം
ഉജ്ജയിൻ





ഫാ. ഡോഫിൻ കച്ചിറമറ്റം

www.malankaralibrary.com


സി. ഉർശൂല കച്ചിറമറ്റം
പൊന്നാമറ്റം
മരണം - 08.02.2005


സി. ജെസ്സാ കച്ചിറമറ്റം
ചീങ്കല്ലേൽ 10.07.2007


സി. ആനി മരിയ
മരണം - 07.07.1988



സി. ആനി ജോൺ കച്ചിറമറ്റം
മരണം - 29.04.2014


സി. മേഴ്സി ജിയോ കച്ചിറമറ്റം
കോതമംഗലം


സി. മേഴ്സി ടോം
കച്ചിറമറ്റം എഫ്.സി.സി.


സി. മേരി കച്ചിറമറ്റം
എസ്.എ.ബി.എസ്


സി. ആനി കച്ചിറമറ്റം
എസ്.എ.ബി.എസ്


സി. ജസ്റ്റീനാ കച്ചിറമറ്റം
എഫ്.സി.സി.


സി. ആലീസ് മേരി സി.എം.സി.
കരിപ്പാക്കുടിയിൽ കച്ചിറമറ്റം


സി.ഫ്ളവർ ജോസ് സി.എം.സി.
കരിപ്പാക്കുടി, കച്ചിറമറ്റം



സി.ജോയസ് മരിയ സി.എം.സി.
കരിപ്പാക്കുടി, കച്ചിറമറ്റം


സി. റീനാ സി.എം.സി.
കരിപ്പാക്കുടി, കച്ചിറമറ്റം

www.malankaralibrary.com



സി. സിഫേറിയ കച്ചിറമറ്റം
സി.എം.സി. പാലാ




സി.സാനിറ്റ കച്ചിറമറ്റം
സി.എം.സി. പാലാ



സി. സാനിറ്റ കച്ചിറമറ്റം
എഫ്.സി.സി. ഈരാറ്റുപേട്ട



സി.പ്രതിഭ ചീങ്കല്ലേൽ
കച്ചിറമറ്റം



സി.ഹരോൾഡ് എഫ്.സി.സി.
പുറവക്കാട് കച്ചിറമറ്റം



സി. ലിസറ്റാ എസ്.എച്ച്.
പുറവക്കാട്, കച്ചിറമറ്റം



സി.സീലിയ
എഫ്.സി.സി.പാലാ



സി. മോളി കച്ചിറമറ്റം
എൽ.ഡബ്ലു.എസ്.എച്ച്.കട്ടച്ചിറ



സി. മൻസ്വേത്താ തോമസ്
നെല്ലിക്കൽ,കച്ചിറമറ്റം



സി. മരിയാന്റോണിയ കച്ചിറമറ്റം
നെല്ലിക്കൽ, ചീങ്കല്ലേൽ



സി. അമ്പ്രോസിയ
എം.എസ്.ജെ.



സി. റോസ്മിൻ മേരി
പൊന്നാമറ്റം




സി.ബൻസിറ്റ
ചീങ്കല്ലേൽ കച്ചിറമറ്റം



സി. സിസിലി
അന്റോണിറ്റ



സി. മേഴ്സി ആന്റണി
ചീങ്കല്ലേൽ കച്ചിറമറ്റം



സി. ജെയിസ് സി.എം.സി.
കച്ചിറമറ്റം ചീങ്കല്ലേൽ

www.malankaralibrary.com

## ഒന്നാംഭാഗം

# 1. EPISCOPAL JUBILEE

What memories a Jubilee evokes!
The miracle of Mass, the breath of souls;
The rocking cradles of life, the grassy knolls;
The pensive hours, the clock's resounding strokes

Ambassador of Jesus Christ ascend
The stops of sacrificial flowing Grace
Over the bread and wine devoutly bend
And on the Altar Stone Christ's body place

Anointed of God review the withered years
Of Life and see how Grace has sanctitied
The labours of your hads in them reside
Power unseen that a brush any lifes tears

Rev. O. Goulet

# 2. സ്വാഗതാശംസ

### (ഇടയാറന്മുള കെ.എം. വറുഗീസ് ബി.എ., എൽ.റ്റി.)

(കേക)

സ്വാഗത സുമാഞ്ജലി, യർപ്പണം ചെയ്‌വൂ ഞങ്ങ-
ളാകവേ, യിതാ, വന്ദ്യപിതാവേ! തിരുമുമ്പിൽ;
ആനന്ദം ! അത്യാനന്ദം! - ഞങ്ങൾക്കു കൈവന്നല്ലോ
മാനനീയനാമങ്ങേപ്പുനർദർശന ഭാഗ്യം!!

വിയോഗ ദുഃഖംകൊണ്ടു തളർന്നോരെങ്ങൾക്കെല്ലാ-
മുയിരിൻ തുടിപ്പുകൾ പിന്നെയും നൽകീടുവാൻ,
കടലും കരകളും പിന്നിട്ടു വന്നു, ഞങ്ങൾ-
ക്കുടയോരൂർജ്ജസ്വിയാമാചാര്യ പ്രഭാകരൻ!
ഉൽക്കടതമസ്സോടിയൊളിച്ചു; പൌരസ്ത്യാശാ-
ചക്രവാളത്തിൽ വീണ്ടും പൊന്നൊളി പരന്നുപോയ്!!

ജീവനദാതാവാകും ദേശികശിഖാമണേ,
പാവനാത്മാവേ, ഭവാനാന്ധ്യമൊക്കെയും പോക്കി,
നിത്യശുദ്ധമാം സഭാനഭസ്സിൽ ജ്യോതിർമ്മയ-
സത്വനായാത്മീയാംശു വുതിർന്നു വെൽവൂതാക!!

www.malankaralibrary.com

# 3. പുനരൈക്യ സ്മരാണാകിരണങ്ങൾ

## പ്രസ്താവന

ശാശ്വതശാന്തിക്കുവേണ്ടി ലോകം വെമ്പൽകൊള്ളുകയാണ്. എവിടെയും തിരക്ക്. അവകാശവാദകോലാഹലം. സ്നേഹശൂന്യമായ മുറവിളികൾ. ചേരികൾ തിരിഞ്ഞുള്ള പ്രക്ഷോഭണം. ഏതുരംഗത്തും സ്വാർത്ഥതയുടെ സ്വൈര്യവിഹാരം. അഹങ്കാരത്തിന്റെ കഠോരഗർജ്ജനം. ഓരോരുത്തനും അതിയായി കാംക്ഷിക്കുന്ന ശാന്തിയെ തുരത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഐക്യബോധം ഉദയം ചെയ്യാതെ മനുഷ്യനിൽ സാരമായ മാറ്റങ്ങൾ സംഭവിക്കുകയില്ല. ത്യാഗവേദിയിലേയ്ക്കു അവൻ വീറോടെ ചാടിക്കയറണം. സേവനസമൃദ്ധമായ വിഭവങ്ങൾ വിതറി പ്രയോജനകരമായി ജീവിക്കണം. പാപപങ്കിലമായ മാർഗ്ഗങ്ങളിൽ അപഥസഞ്ചാരം ചെയ്യുന്നവരെ നേർവഴിയിലേയ്ക്കു നയിക്കുകയും സ്നേഹത്തിന്റെ കനകനൂലുകൾ പാകി ഹൃദയകുസുമങ്ങളെ കോർത്തിണക്കുകയും ചെയ്യണം. ഇപ്രകാരം വീണ്ടെടുക്കേണ്ട അവശ്യഘടകമാണ് ശാന്തസുന്ദരവും, ഹൃദയാവർജ്ജകവുമായ സനാതന **പുനരൈക്യം.**

മനുഷ്യന് ഏറ്റവും ആനന്ദപ്രദമായിട്ടുള്ളതു പൂർവ്വകാല സംഭവങ്ങളെപ്പറ്റിയുള്ള ഓർമ്മയാണ്. വിജ്ഞാനനാഴിയിലെ പവിഴങ്ങളാണവ. നിർജ്ജീവങ്ങളായ ചരിത്ര സംഭവങ്ങളെ സചേതനാനുഭവങ്ങളാക്കിപ്പകർത്തുന്നു. പൗരാണികത്വവും ആധുനികത്വവും ഇണങ്ങിച്ചേർന്ന് വിഹരിക്കുന്നത് അവയുടെ അഭംഗമായ പ്രോജ്ജ്വലത കൊണ്ടാണ്. ജീവിത മത്സരത്തിൽ വിജയംവരിച്ച ജേതാവിന് തന്റെ ജീവിതസായാഹ്നത്തിലെ ഏകവിശ്രമകേദാരം ബാല്യകാലക്രീഡകളാണ്. മുന്നണിയിൽ അടരാടുന്ന ഭടനു മുമ്പോട്ടു കുതിക്കുവാനുള്ള ധൈര്യം നൽകുന്നത് അവന്റെ പൂർവ്വകാല നേട്ടങ്ങളാണ്.. ഇപ്രകാരം തിളങ്ങുന്ന ഭാവനയിൽ പ്രതിഫലിക്കുന്ന പകിട്ടേറിയ നെറ്റിപൊട്ടുകളാണ് ജീവിത **സ്മരണകൾ.**

സന്ദർഭങ്ങളെ നന്നായി വിനിയോഗിക്കുന്നതിലാണ് ജീവിതവിജയം അന്തർഭവിച്ചിരിക്കുന്നത്. കർമ്മബോധം കൊണ്ട് അവസരങ്ങളേ അമൂല്യങ്ങളാക്കിത്തീർത്തിട്ടുള്ളവരാണവർ. പ്രകൃതിവിധിതാവിന്റെ വിശ്വമോഹനമായ കലാനിപുണി, അവരിൽ വാരിചൊരിഞ്ഞിട്ടുണ്ട്. സുഭഗതയും, സൗന്ദര്യവും ചാർത്തുന്ന മർത്ത്യമലർവാടിയിലെ പൂമൊട്ടുകളാണവർ. സുകൃതസൗരഭ്യത്തെ ചുറ്റിലും പരത്തുകയും ചെയ്യുന്നു. ഇവരാണു മഹാ

www.malankaralibrary.com

ന്മാർ. അന്ധകാരകരിനിഴൽ പരത്തുന്ന ലോകത്തിൽ പ്രഭാപൂരിവിതറുന്ന കരുത്തേറിയ **കിരണങ്ങൾ.**

"പുനരൈക്യസ്മരണാകിരണങ്ങൾ" ഇരുപതുകൊല്ലത്തെ നേട്ടത്തെ ക്കുറിക്കുന്ന മൈൽക്കുറ്റിയാണ്. 1930 സെപ്റ്റംബർ 20-ാം തീയതി മുതൽ 1950 സെപ്റ്റംബർ 20-ാം തീയതിവരെയുള്ള ആനന്ദസന്ദർഭങ്ങളുടെ മോഹന സമ്മേളനങ്ങളാണ് ഈ ചെറുപ്രബന്ധത്തിനു ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളത്. മലങ്കര സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയിട്ടുള്ള പുനരൈക്യപ്രസ്ഥാനത്തിന്റെ ഇരുപതാം വാർഷിക മഹോത്സവം അതിന്റെ ജനയിതാവായ അതിവന്ദ്യ മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റേയും അദ്ദേഹത്താൽ സ്ഥാപിതമായ ബഥനി കന്യകാമഠത്തിന്റേയും രജതജൂബിലി. അനുഗ്രഹത്തിന്റെ അക്ഷയ ഭണ്ഡാഗാരം തുറന്നുകൊണ്ട് വിശ്വാസികളെ ധന്യരാക്കുന്ന വിശുദ്ധവത്സരം. തിരുവല്ലാ രൂപതയുടെ ഭരണാധിപൻ നി. വ. ദി. ശ്രീ. ജോസഫ് മാർ സെവേറിയോസ് ഡി. ഡി., ബി. എ. തിരുമനസ്സുകൊണ്ടു പരിശുദ്ധ പിതാവുമായുള്ള സന്ദർശനവും, അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ സ്ഥാനത്തുനിന്നും രൂപതയുടെ മെത്രാൻ സ്ഥാനപ്രാപ്തിയും, യൂറോപ്യൻ രാജ്യങ്ങളിലും വിശുദ്ധ നാട്ടിലുമുള്ള പര്യടനവും കഴിഞ്ഞു സ്വന്തം രൂപതയിൽ പ്രവേശിച്ചിരിക്കുന്ന ഉല്ലാസനിർഭരമായ സുവർണ്ണഘട്ടം. ഇപ്രകാരം സൗഭാഗ്യസന്ദായകങ്ങളായ വിവിധ ഘട്ടങ്ങൾ കൈകോർത്ത് ആനന്ദനൃത്തം ചെയ്തുല്ലസിക്കുന്ന പൊൻപുലരിയാണ് 'പുനരൈക്യ സ്മരണാകിരണങ്ങളുടെ' തിരുപ്പുറപ്പാട്. എത്ര അഭികാമ്യമായ ശുഭമുഹൂർത്തം.

ഐക്യത്തെ സ്നേഹിക്കുന്ന ഒരുവനും പുനരൈക്യ സ്മരണാകിരണങ്ങളെ സ്നേഹചുംബനം കൊണ്ട് സ്വാഗതം ചെയ്യാതിരിക്കുകയില്ല. അതിന്റെ പ്രഭാകിരണങ്ങൾ തട്ടി ഏവരുടേയും പൂർവ്വസ്മരണകളെ ഉദ്ദീപിപ്പിക്കുകയും, നൂതനസ്മരണകളെ ഉദിപ്പിക്കുകയും ചെയ്യട്ടെ എന്നുള്ള ആശംസയോടും, ഈ പ്രബന്ധ സമാഹാരം ചേതോഹാരമാക്കുവാൻ ആത്മാർത്ഥമായി സഹകരിച്ചിട്ടുള്ള ലേഖനകൃത്തുക്കളോടും, കൃത്യമായും ഭംഗിയായും മുദ്രണം ചെയ്തുതന്ന സെന്റ്. ജോസഫ്സ് പ്രസ്സ് ഭാരവാഹികളോടും കൃതജ്ഞതയുടെ കൂപ്പുകൈകൾ ഉയർത്തിക്കൊണ്ട് പുനരൈക്യ സ്മരാണാകിരണങ്ങൾ കൈരളീ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ

www.malankaralibrary.com

# 4. ആ കത്ത്

**ദി. വ. ദി. മ. ശ്രീ. മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഗ്രഹിപ്പാൻ,**

യാക്കോബായ സഭയുടേയും അവിടുന്ന് അദ്ധ്യക്ഷം വഹിക്കുന്ന ഓർത്തഡോക്സ് സഭയുടേയും ചരിത്രവും ഇപ്പോഴത്തെ സ്ഥിതിയും ഭാവിയും സംബന്ധിച്ചു നാം തമ്മിലും ശേഷം മേൽപ്പട്ടക്കാരുടെ സാന്നിദ്ധ്യത്തിലും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്ന് അത്യധികമായി നിരാശ പ്രത്യക്ഷപ്പെടുത്തുകയാണല്ലോ ഉണ്ടായിട്ടുള്ളത്. അതിലെ കുഴപ്പങ്ങൾക്ക് ദൈവീകമായ ഏക പരിഹാരകമാർഗ്ഗം ക്രൈസ്തവസഭയുടെ കേന്ദ്രവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പൊതുവായ അധികാരസ്ഥാനവുമാകുന്ന റോമ്മായിലെ വി. പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോട് പുനരൈക്യപ്പെടുകയാകുന്നു എന്ന് എന്റെ മനസ്സിൽ തോന്നീട്ടുള്ള എന്റെ വിനീതമായ അഭിപ്രായം തിരുമനസ്സിലെ സന്നിധിയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ അറിയിച്ചിട്ടുള്ളത് എന്റെ ഹൃദയത്തിന്റെ പരമാർത്ഥബോദ്ധ്യത്തിൽ നിന്നാകുന്നു. ദൈവകൃപയുടെ വ്യാപാരത്താൽ ഈ ബോദ്ധ്യം ശക്തിപ്പെട്ടുവന്നിട്ടുള്ളതും എന്റെ മനഃസാക്ഷി എന്നെ ശക്തിയായി ഹേമിച്ചിട്ടുള്ളതുമാകുന്നു. ഇങ്ങനെയുള്ള ദൈവനടത്തിപ്പിന്റേയും മനസ്സാക്ഷി പ്രേരണയുടേയും ഫലമായി ഞാൻ മാർപ്പാപ്പ തിരുമനസ്സിലെ അധികാരത്തെയും ആ സിംഹാസനത്തോടുള്ള നിഷ്കളങ്കമായ അനുസരണത്തിലുള്ള ജീവിതത്തെയും ആഗ്രഹിക്കുന്നതും സത്യസഭയാകുന്ന കാതോലികസഭയുമായി പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ളതുമാകുന്നു. ഇപ്രകാരമുള്ള ദൈവപ്രേരണ എന്റെ മനസ്സാക്ഷിയെ ഹേമിച്ചിരിക്കുന്ന നിലയ്ക്കു മേലിൽ ഞാൻ ഓർത്തഡോക്സ് സഭയിൽപ്പെട്ട നിരണം മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരിക്കുന്നതു വിഹിതമല്ലാത്തതിനാൽ ആ ചുമതല ഞാൻ ഉപേക്ഷിച്ചിരിക്കുന്നതുമാകുന്നു.

ഈ കാലത്തു നിരീശ്വരത്വവും മതമില്ലായ്മയും പൂർവ്വാധികം ശക്തി പ്രാപിച്ചു വരുന്നു. ഇവയോടെതിർത്തു ദൈവവിശ്വാസം സർവ്വലോകത്തിലും നിലനിറുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് കാതോലിക്കാ സഭയ്ക്കും മാർപ്പാപ്പായുടെ അപ്പസ്തോലിക്കാ സിംഹാസനത്തിനും മാത്രമേ കഴിവും പ്രാപ്തിയും ഉള്ളൂ എന്നാണ് എനിക്കു ബോദ്ധ്യമായിരിക്കുന്നത്. തിരുമനസ്സുകൊണ്ട് എന്റെ സ്നേഹബഹുമാനങ്ങൾക്കു ധാരാളമായി പാത്രീഭവിച്ചിട്ടുള്ള ദേഹമാണ്. എന്റെ മാന്യസഹോദരന്മാരായ മറ്റു മേൽപ്പട്ട

www.malankaralibrary.com

ക്കാരേയും ഇതേവരെ എന്റെ ഭരണത്തിലായിരുന്നവരായ ബ. പട്ടക്കാരേയും ജനങ്ങളേയുംകുറിച്ച് എനിക്ക് അത്യധികമായ മനോവിചാരമുണ്ട്. ഞാൻ കാതോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതുകൊണ്ട് നിങ്ങളെല്ലാവരിൽ നിന്നും വേർപെടുകയാണെന്ന് ഞാൻ വിചാരിക്കുന്നില്ല. മനുഷ്യരുടെ ചിന്താഗതിയെ സത്യമാർഗ്ഗത്തിൽ നയിപ്പിക്കുന്നവനായ ദൈവം അവിടുത്തേയും എന്റെ മാന്യസഹോദരങ്ങളായ മറ്റു മേൽപ്പട്ടക്കാരേയും നിങ്ങളോടുകൂടെ സകല പട്ടക്കാരെയും ജനങ്ങളേയും ഭൂമിയിൽ കർത്താവേശു മിശിഹായുടെ യഥാർത്ഥമുന്തിരിത്തോട്ടമാകുന്ന വി. കാതോലിക്കാസഭയുടെ അദ്ധ്യക്ഷനായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മാർപ്പാപ്പായുമായുള്ള സംസർഗ്ഗത്തിലേയ്ക്കും തിരുസിംഹാനത്തിന്റെ അനുസരണത്തിലേയ്ക്കും താമസംവിനാ വരുത്തുവാൻ സംഗതി ആക്കണമെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

പൗരസ്ത്യ സഭയുടെ പുരാതനവും ശ്രേഷ്ഠവുമായിരിക്കുന്ന ശുശ്രൂഷക്രമങ്ങളും ആചാരമര്യാദകളും ഇപ്പോൾ ശിക്ഷണരാഹിത്യംമൂലം തകരാറിലായിവരുന്നതായി തിരുമനസ്സുകൊണ്ടുതന്നെ പലപ്പോഴും കല്പിച്ചിട്ടുണ്ടല്ലോ. ഇവയുടെ സുറിയാനിറീത്തു സംബന്ധിച്ചു മാർപ്പാപ്പായുടെ തിരുസിംഹാസത്തിൽ നിന്നും ചെയ്തു തന്നിട്ടുള്ളത് എത്രയും ആകർഷണീയമാകയാൽ കാതോലിക്കാ പുനരൈക്യം മലങ്കര ജനങ്ങൾക്ക് ഈ കാരണത്താലും എത്രയും സുകരമായിത്തീർന്നിരിക്കുന്നു.

ഇപ്പോൾ നൂതനമായി നടപ്പിലാക്കാൻ ശ്രമിച്ചുവരുന്ന സഭാഭരണക്രമങ്ങൾ, അപ്പസ്തോലികമായ സഭാഭരണതത്വങ്ങൾക്കും പൂർവ്വികമായ പാരമ്പര്യാചാരങ്ങൾക്കും യാക്കോബായ സഭയുടെ കാനോനാകൾക്കും കേവലം വിരുദ്ധവും പുരോഹിതസ്ഥാനത്തിൽ ദൈവത്താൽ നിക്ഷിപ്തമാക്കിവെച്ചിട്ടുള്ള അവകാശാധികാരങ്ങളെ ധ്വംസനം ചെയ്യത്തക്കവയും സഭയ്ക്കു ഹാനീകരവുമാണെന്നുള്ള ബോദ്ധ്യം എന്നേപ്പോലെതന്നെ തിരുമനസ്സിലേയ്ക്കും ശേഷം മേൽപ്പട്ടക്കാർക്കുമുണ്ടെന്നു തിരുമനസ്സിൽനിന്നും അതു സംബന്ധിച്ചു ഹൂദായകാനോനിലെ പാസോക്കാകൾ ഉദ്ധരിച്ചും മറ്റും ഞങ്ങളോടും സംസാരിച്ചിട്ടുള്ളതിൽ നിന്നും ഞാൻ മനസ്സിലാക്കീട്ടുള്ളതാണ്.

പൗരോഹിത്യത്തിന്റെ ദൈവസ്ഥാപിതമായ അപ്പസ്തോല പിൻതുടർച്ച കൈവയ്പുമൂലം ലഭിച്ചിട്ടില്ലാത്തവരും വിശ്വാസതത്വങ്ങളെപ്പറ്റിയുള്ള ഉപദേശവിഷയത്തിൽ യാതൊരു ഐക്യരൂപ്യമില്ലാത്തവരുമായ പ്രോട്ടസ്റ്റന്റ് സഭകളോടും, ഈ സഭകളിൽ നിന്നും ലൗകീകസഹായങ്ങൾ ആശിച്ചുകൊണ്ട് അവരുമായി സംസർഗ്ഗത്തിനു പുറപ്പെട്ടിരിക്കുന്ന പൗരസ്ത്യ ശീശ്മസഭാംഗങ്ങളോടും യോജിക്കുന്നതിന് നമ്മൾ ഇപ്പോൾ ചെയ്തുവരുന്ന ശ്രമങ്ങൾ മാർഗ്ഗമാണെന്ന് എനിക്കു ബോദ്ധ്യമുള്ളതിനാൽ കാതോലിക്കാ പുനരൈക്യത്തിലേയ്ക്ക് എന്റെ മനസ്സാക്ഷി എന്നെ നിർബന്ധിച്ചിട്ടുള്ളതാകുന്നു.

www.malankaralibrary.com

ഇപ്പോൾ തിരുവന്തപുരം ആർച്ചുബിഷപ്പായിരിക്കുന്ന നി. വ. ദി. മ. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1930-ൽ കാതോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുമുമ്പ് അദ്ദേഹത്തെപ്പറ്റി എത്ര ആഴമായും അകൈതവമായുമുള്ള ഭക്തിബഹുമാനങ്ങളാണ് സമുദായത്തിൽ എല്ലാവർക്കും ഉണ്ടായിരുന്നത്. എന്നാൽ അദ്ദേഹം കാതോലിക സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ അദ്ദേഹത്തെ ആരും അനുഗമിക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടി കേവലം അസത്യമായും നീതിവിരുദ്ധമായും ദോഷാരോപണങ്ങൾ പറഞ്ഞുപരത്തിയത് എന്റെ ഹൃദയത്തെ അന്നും ഇന്നും വേദനപ്പെടുത്തിയിട്ടുള്ള ഒരു കാര്യമാണ്.

തിരുമനസ്സുകൊണ്ട് എന്നോടു കാണിച്ചിട്ടുള്ള എല്ലാ സ്നേഹവാത്സല്യങ്ങൾക്കും ഞാൻ എന്നാളും കൃതജ്ഞനായിരിക്കുന്നതാണ്. സഭാസംബന്ധമായി ഞാൻ തിരുമേനിയിൽ നിന്ന് വേർപെടുന്നു എങ്കിലും വ്യക്തിപരമായി ഞാൻ തിരുമേനിയോട് എത്രയും അടുത്തിരിക്കുന്നു. ദൈവനടത്തിപ്പും മനസ്സാക്ഷി പ്രേരണയും കൊണ്ടല്ലെങ്കിൽ ഈ വേർപാടിന് ഒരുനാളും ഞാൻ തുനിയുകയില്ലായിരുന്നു എന്ന് തിരുമനസ്സിലേക്കു ബോദ്ധ്യം ഉണ്ടെന്നാണ് എന്റെ വിശ്വാസം. ഞാൻ പ്രവേശിക്കുന്നതായ ഈ കപ്പലിലേക്കു തിരുമേനിയും എന്റെ മാന്യസഹോദരങ്ങളായ മറ്റു മേൽപ്പട്ടക്കാരും കേരളത്തിലുള്ള സർവ്വ അകത്തോലിക്കരും പ്രവേശിപ്പാൻ സംഗതി ആയിരുന്നെങ്കിൽ ദൈവത്തിന് എത്ര മഹത്വവും നാം എല്ലാവർക്കും എത്ര ഭാഗ്യവുമായിരുന്നു. തിരുമനസ്സിലേയും അങ്ങേ ഭരണത്തിൻകീഴിലുള്ള സർവ്വരുടേയും ആത്മരക്ഷയെ സംബന്ധിച്ച് അങ്ങേയ്ക്കു വലിയ ചുമതലയുള്ളതാണല്ലോ. ദൈവകൃപയുടെ വ്യാപാരത്തിൽ എന്റെ ഉത്തമമായ മനോബോദ്ധ്യം അനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതിൽ അവിടുത്തേയ്ക്കും എന്റെ സഹോദര മേൽപ്പട്ടക്കാർക്കും ജനങ്ങൾക്കും ഉണ്ടാകാവുന്ന ദുഃഖം കേവലം താല്കാലികമാണെന്നും സത്യമാർഗ്ഗം ഏതാണെന്ന് നിങ്ങൾക്കും ബോധ്യപ്പെടുമ്പോൾ നിങ്ങൾ എല്ലാവരും ഞാൻ തിരഞ്ഞെടുത്തിട്ടുള്ള പന്ഥാവിൽ കൂടിത്തന്നെ പുരോഗമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു; അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യാക്കോബായ സഭവകയോ, ഓർത്തഡോക്സ് സഭവകയോ ആയ യാതൊരു വസ്തുക്കളും പണങ്ങളും എന്റെ കൈവശം ഇല്ല. എന്റെ വകയായ കുറേ പുസ്തകങ്ങളും പെട്ടിയും മറ്റും പരുമല സിമ്മനാരിയിൽ ഇരിക്കുന്നത് ആളയയ്ക്കുമ്പോൾ കൊടുത്തയയ്ക്കണമെന്നപേക്ഷിക്കുന്നു.

പേരിനു മാത്രം എനിക്ക് ഉണ്ടായിരുന്ന കാർത്തികപ്പള്ളി സെന്റ് തോമ്മസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിന്റെ മാനേജർ സ്ഥാനം അവിടുത്തേയ്ക്ക് ഒഴിഞ്ഞെഴുതിയിട്ടുള്ള രേഖകൾ ഇതുസഹിതം അയയ്ക്കുന്നു.

കല്ലൂപ്പാറ പുതുശ്ശേരി ഇംഗ്ലീഷ് സ്കൂളിന്റെ ആവശ്യത്തിലേക്കു പുതു

www.malankaralibrary.com

തായി പണി ആരംഭിച്ചിരിക്കുന്ന കെട്ടിടം വകയ്ക്ക് തിരുവല്ലാ നാഷണൽ ബാങ്കിൽ നിന്നും എന്റെ സ്വന്തം ചുമതലയിൽ കടംവാങ്ങി കൊടുത്തിട്ടുള്ള വകയിൽ ഇനിയും നൂറ്റിമുപ്പതു രൂപയോളം ബാങ്കിൽ അടച്ചുതീർക്കേണ്ടാതായിട്ടുണ്ടെന്നുള്ള വിവരം തിരുമുമ്പാകെ ഞാൻ അറിയിച്ചിട്ടുണ്ടല്ലോ. ആ ബാദ്ധ്യത സ്കൂൾ വകയിൽ നിന്നും കൊടുത്തുവീട്ടുവാൻ തിരുമനസ്സുകൊണ്ട് വേണ്ട ഏർപ്പാടു ചെയ്യുമെന്ന് വിശ്വസിക്കുന്നു.

അൽപദിവസങ്ങൾക്കുമുമ്പ് പരുമല സിമ്മനാരി മാനേജരുടെ കണക്ക് തിരുമനസ്സുകൊണ്ട് നോക്കിയതിൽ എന്റെ പക്കൽ നിന്നും ഒരു സംഖ്യ സിമ്മനാരി ആവശ്യത്തിലേക്കു കടമായി വന്നിട്ടുണ്ടെന്ന് തിരുമനസ്സിലേക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണല്ലോ. പെരുനാൾ കഴിഞ്ഞപ്പോൾ ആ സംഖ്യ മുഴുവനും എനിക്കു തിരിച്ചുതന്നതായി മാനേജർ കണക്കിൽ ചേർത്തു ചെലവെഴുതിയെങ്കിലും ആ വകയിൽ കുറേ പണം ഇനിയും എനിക്കു കിട്ടേണ്ടതായിട്ടുണ്ട്.

എന്റെ മോട്ടോർ കാർ തിരുമനസ്സിലേക്കു തരണമെന്നു തീർച്ചപ്പെടുത്തി ആ കാറും ഒരു കത്തും കൂടി ബ. തുമ്പമൺ പുത്തൻവീട്ടിൽ അച്ചന്റേയും മല്ലപ്പള്ളിൽ കയ്യാലാത്ത് മി. അബ്രഹാമ്മിന്റേയും കൈവശം ഏൽപ്പിച്ചു തിരുമനസ്സിന്റെ പക്കൽ അയച്ചുതന്നാറേ, അവ രണ്ടും അവിടുന്നു സ്വീകരിക്കാതിരുന്നതിൽ ഞാൻ മനസ്താപപ്പെടുന്നു.

ഈ കത്ത് ഇത്രയും ദീർഘമാകുവാൻ ഇടയായത് സംഗതിയുടെ പ്രാധാന്യവും സന്ദർഭത്തിന്റെ ഗൗരവവും കൊണ്ടാണ്. തിരുമനസ്സിൽ നിന്നും സഭാസംബന്ധമായി ഞാൻ വേർപെടുന്നതിന്റെ യഥാർത്ഥകാരണം എന്തെന്ന് തിരുമനസ്സിന്റേയും എന്റേയും അഭിമാനസംരക്ഷണത്തിനുവേണ്ടി പൊതുജനങ്ങളെക്കൂടി ഗ്രഹിപ്പിക്കുന്നതിനാവശ്യമാണെന്ന് തോന്നിയതുകൊണ്ട് ഈ കത്ത് പ്രസിദ്ധീകരിക്കുന്നതിനും ഞാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

അഭിമുഖമായി കണ്ടുയാത്ര പറയുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അങ്ങനെ ചെയ്യാഞ്ഞത് ഈ കാര്യം ഞാൻ അവസാനമായി തീർച്ചപ്പെടുത്തിയ സമയത്ത് തിരുമനസ്സുകൊണ്ട് സ്ഥലത്തില്ലായിരുന്നതിനാലും ഈ യാത്രപറച്ചിൽ നാം ഇരുപാട്ടുകാർക്കും മർമ്മഭേദകമായിരിക്കുമെന്നുള്ള വൈഷമ്യം ആലോചിച്ചിട്ടുമാണ്.

നിങ്ങളെല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

എന്ന് തിരുമേനിയെ എന്നും എന്നും സ്നേഹിക്കുന്ന
+ മാർ സെവേറിയോസ് മെത്രാപ്പോലീത്ത.

തിരുവനന്തപുരം
മെത്രാപ്പോലീത്തഅരമനയിൽ നിന്നും
**29.11.1937**

www.malankaralibrary.com

# 5. മലങ്കര അന്തിയോക്യാ സുറിയാനിറീത്ത്

## (ഫാദർ പ്ലാസിഡ് (T.O.C.D., D.D., D.C.L., Ph.D.)

അന്ത്യോക്യാ സിംഹാസനത്തിന്റെ അധികാരസീമയിൽ ഗ്രീക്ക്, സുറിയാനി, അർമ്മേനിയൻ മുതലായ ഭാഷകൾ കൈകാര്യം ചെയ്തിരുന്ന ധാരാളമാളുകൾ നിവസിച്ചിരുന്നു. അന്ത്യോക്യായിലും അയൽ പ്രദേശങ്ങളിലും ഗ്രീക്കിലും പശ്ചിമസുറിയാനിയിലും ആയിരുന്നു ആരംഭകാലത്ത് ആരാധനകൾ നടത്തിയിരുന്നത്. തന്നിമിത്തം ഗ്രീക്ക്, (പശ്ചിമ) സുറിയാനി എന്നീ രണ്ടു റീത്തുകൾ ആ സ്ഥലങ്ങളിൽ പ്രചരിക്കുവാനിടയായി. ഒന്നും, രണ്ടും, മൂന്നും (?) ശതാബ്ദങ്ങളിൽ ഈ റീത്തുകളോ ഇവയുടെ കേന്ദ്രസ്ഥാനം വഹിക്കുന്ന കുർബാനക്രമ (anaphora = അന്നാപോറ) മോ വ്യവസ്ഥിതരൂപം പ്രാപിച്ചിരുന്നില്ല. എന്നാൽ നാലാം ശതാബ്ദത്തോടുകൂടി അവ മിക്കവാറും വ്യവസ്ഥിതങ്ങളായെന്നു എല്ലാവരും തന്നെ സമ്മതിക്കുന്നു.

വ്യവസ്ഥിതങ്ങളായ ഒന്നിലധികം ഗ്രീക്കുസുറിയാനി "അന്നാപോറ"കൾ അഥവാ കുർബാന ക്രമങ്ങൾ ഉണ്ടായിരുന്നതായിട്ടാണ് കാണുന്നത്. ഒരു പക്ഷേ അവ ഓരോന്നും വ്യവസ്ഥിതമായ ഒന്നിന്റെ രൂപഭേദം മാത്രമായിരുന്നിരിക്കാം; അന്യോന്യ ബന്ധമില്ലാതെ ഓരോന്നും വ്യവസ്ഥിതരൂപം പ്രാപിച്ചതാണെന്നും വരാം. ഓർശ്ലേമിൽ വച്ച് വ്യവസ്ഥിതരൂപം പ്രാപിച്ചവയെന്നു വിശ്വസിക്കപ്പെടുന്നവയും, വി. യാക്കോബുശ്ലീഹായുടെ പേരിൽ അറിയപ്പെടുന്നവയും ആയി ഗ്രീക്കിലും സുറിയാനിയിലും ഓരോ അന്നാപോറ അഥവാ കുർബ്ബാനക്രമം അവയുടെ കൂടെ ഉണ്ടായിരുന്നു. ഇവ രണ്ടും അന്യോന്യം സാമ്യമുള്ളവയാണ്; •സുറിയാനിക്രമം ഗ്രീക്കു ക്രമത്തിന്റെ വിവർത്തനമാണെന്നു പറയുന്നവരുണ്ട്. എങ്ങനെയായാലും ഈ സുറിയാനിക്രമമാണ് അന്തിയോക്യാ സുറിയാനി റീത്തിന്റെ കേന്ദ്രസ്ഥാനം വഹിക്കുന്ന "അന്നാപോറ" അഥവാ കുർബ്ബാനക്രമം.

അന്തിയോക്യാ സുറിയാനി റീത്തു വ്യവസ്ഥിതമായതോടെ അർമ്മേനിയർ അവരുടെ ഭാഷയിലേക്കു ചില പ്രത്യേകതകളോടുകൂടി അതു വിവർത്തനം ചെയ്തു. വ്യവസ്ഥിതവും, വി. യാക്കോബിന്റെ എന്നറിയപ്പെടുന്ന "അന്നാപോറ" യോടു ബന്ധപ്പെട്ടതുമായ അന്തിയോക്യ സുറിയാനിറീത്ത് പലസ്തീന, സുറിയാ മുതലായ സ്ഥലങ്ങളെ അധിവസിച്ചിരുന്ന പശ്ചിമ സുറിയാനിക്കാരുടെയിടയിൽ ക്രമാനുസൃതം വളരുവാൻ തുടങ്ങി. കൽക്കിദോനി

www.malankaralibrary.com

യാസൂനഹദോസു (451) കഴിഞ്ഞശേഷം (പശ്ചിമ) സുറിയാനിക്കാർ രണ്ടായി പിരിഞ്ഞു. ഒരു കൂട്ടർ യാക്കോബായ സുറിയാനിക്കാരെന്നും മറ്റേകൂട്ടർ മല്ക്കായ സുറിയാനിക്കാരെന്നും അറിയപ്പെടുന്നു. അതായത് കൽക്കിദോനി യാസൂനഹദോസു സ്വീകരിക്കാഞ്ഞവരും സ്വീകരിച്ചവരും. അധികം കഴിയുന്നതിനുമുമ്പ് മാറോനായസുറിയാനിക്കാർ എന്ന വേറൊരു കൂട്ടരും രംഗപ്രവേശനം ചെയ്തു. ഈ മൂന്നു കൂട്ടരിൽ ഓരോരുത്തരും അവരവരുടെ കൈവശമുണ്ടായിരുന്ന അന്തിയോക്യ സുറിയാനിറീത്ത് ഓരോ വിധത്തിൽ പുഷ്ടിപ്പെടുത്തുക നിമിത്തം അന്തിയോക്യ സുറിയാനി റീത്ത് മൂന്നു ശാഖകളായി പിരിഞ്ഞു. മല്ക്കായ സുറിയാനി റീത്തു പതിമൂന്നാം ശതാബ്ദത്തോടെ നാമാവശേഷമായി. അതിന്റെ അവശിഷ്ടങ്ങൾ ചില കയ്യെഴുത്തു പുസ്തകങ്ങളിൽ ഇപ്പോൾ കാണുവാനുണ്ട്. ഇങ്ങനെ അന്തിയോക്യ സുറിയാനി റീത്തു വിദേശീയരായ യാക്കോബായക്കാരുടേയും (കത്തോലിക്കരായ) മറോനായക്കാരുടേയും കൈവശം മാത്രം അവശേഷിച്ചു.

പതിമൂന്നാം ശതാബ്ദം മുതൽ വിദേശീയ യാക്കോബായക്കാർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുതുടങ്ങി. യാക്കോബായക്കാരായിരുന്നപ്പോൾ അവർ ഏതു രീതിയിൽ അന്തിയോക്കിയാ സുറിയാനി റീത്തു ഉപയോഗിച്ചിരുന്നുവോ, അതേ രീതിയിൽതന്നെ അവർക്കായി റോമ്മാ സിംഹാസനം ആ റീത്ത് അംഗീകരിച്ചുകൊടുത്തു.

1653-ൽ നടന്ന കൂനൻകുരിശു സത്യത്തിനുശേഷമാണ് അന്തിയോക്യാസുറിയനി റീത്തിനു കേരളത്തിൽ പ്രവേശനം ലഭിച്ചത്. 1663-ൽ മാർ ഗ്രിഗോറിയൂസ് എന്ന വിദേശീയ യാക്കോബായ മെത്രാപ്പോലീത്ത യാക്കോബായ രീതിയിലുള്ള അന്തിയോക്യസുറിയാനിറീത്തു കേരളത്തിൽ കൊണ്ടുവന്നു. എന്നാൽ കൂനൻകുരിശു സത്യത്തെത്തുടർന്ന് കത്തോലിക്കാ സഭയിൽ നിന്നു ഭിന്നിച്ചുനിന്നിരുന്ന കേരളത്തിലെ കൽദായസുറിയാനിക്കാർ വളരെക്കാലം കഴിഞ്ഞശേഷം മാത്രമേ യാക്കോബായക്കാരിൽനിന്നു ഈ റീത്തു സ്വീകരിച്ചൊള്ളൂ. വിദേശീയ യാക്കോബായക്കാരിൽനിന്നു അന്തിയോക്കിയാ സുറിയാനിറീത്തു സ്വീകരിച്ചു. കേരളീയ യാക്കോബായക്കാരിൽ നിന്നാണല്ലോ അഞ്ഞൂർക്കാരുടേയും മാർത്തോമ്മാക്കാരുടേയും ഉത്ഭവം.

അന്തിയോക്കിയാ സുറിയാനിറീത്തിനു കേരളത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചശേഷം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടിരുന്ന വൈദികർ ഈ റീത്ത് ഉപയോഗിക്കുവാൻ താല്പര്യം പ്രദർശിപ്പിച്ചിരുന്നതായി കാണുന്നു. തന്നിമിത്തം കോട്ടയം വികാരി അപ്പസ്തോലിക്കാ ആയിരുന്ന മോൺ. ലവീഞ്ഞു (1886-1896) റോമ്മായിലെ അനുമതി വാങ്ങിക്കൊണ്ട് കേരളീയരായ ഏതാനും യാക്കോബായ വൈദീകരെ ഈ റീത്തിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുത്തി. വിദേശീയരായ യാക്കോബായക്കാരിൽ നിന്നു പുനരൈക്യപ്പെടുന്നവരുടെ ഉപയോഗത്തിനായി പ്രൊപ്പഗാന്ത

www.malankaralibrary.com

ത്തിരുസംഘം അച്ചടിപ്പിച്ച കുർബ്ബാനതക്സായാണ് അന്നവർ ഉപയോഗിച്ചത്. ആ തക്സായും കേരളത്തിൽ യാക്കോബായക്കാർ ഉപയോഗിക്കുന്ന തക്സായും തമ്മിൽ സാരമായ വ്യത്യാസമില്ല.

മോൺ. ലവീഞ്ഞു കേരളം വിട്ടശേഷം പുനരൈക്യപ്പെട്ട യാക്കോബായ വൈദികർ കൽദായറീത്തിലേക്കാണ് സ്വീകരിക്കപ്പെട്ടത്. എന്നാൽ പുനരൈക്യപ്പെടുന്ന വൈദികർ അന്തിയോക്യാ സുറിയാനി റീത്തു ഉപയോഗിച്ചുകൊള്ളുവാൻ റോമ്മാസിംഹാസനം 1921 ജൂലായ് 5 ൽ വീണ്ടും അനുമതി നൽകി. പ്രൊപ്പഗാന്തത്തിരുസംഘം അച്ചടിപ്പിച്ചതായി മുകളിൽപ്പറഞ്ഞ കുർബ്ബാന തക്സായും മറ്റു പുസ്തകങ്ങളുമാണ് ഈ വൈദികർ ഉപയോഗിച്ചുതുടങ്ങിയത്.

ഇങ്ങനെയിരിക്കെ 1930 സെപ്റ്റംബർ 20 ൽ മാർ ഇവാനിയോസും മാർ തീയോഫിലോസും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. യാക്കോബായക്കാരായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന കുർബ്ബാനതക്സായും മറ്റ് പുസ്തകങ്ങളും (വേണ്ട തിരുത്തലുകളോടുകൂടി) ഉപയോഗിച്ചുകൊള്ളുവാൻ അവർക്ക് അനുമതി ലഭിച്ചു. തുടർന്നു 1932 ഫെബ്രുവരി 13 ൽ മലങ്കര അന്തിയോക്യ സുറിയാനി ഹൈയറാർക്കി സ്ഥാപിക്കപ്പെട്ടതോടെ "മലങ്കര അന്തിയോക്യൻ റീത്ത്" എന്ന പേര് പ്രസ്തുത റീത്തിനു ലഭിക്കുകയും ചെയ്തു. കേരളത്തിനു വേണ്ടിയുള്ളതാകയാൽ "മലങ്കര" എന്ന വിശേഷണം അതിനോട് ചേർത്തിരിക്കുന്നു. കത്തോലിക്കരും അകത്തോലിക്കരുമായി വിദേശത്തുള്ള അന്തിയോക്യ സുറിയാനിക്കാർ സുറിയാനിക്കുപകരം അറബിഭാഷ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. കേരളത്തിൽ അറബിയുടെ സ്ഥാനം മലയാളം കരസ്ഥമാക്കിയിരിക്കുന്നു. ഇതാണ് അന്ത്യോക്യൻ സുറിയാനിറീത്തിനു കേരളത്തിൽ കൈവന്നിട്ടുള്ള പ്രധാന പ്രത്യേകത.

www.malankaralibrary.com

# 6. മഹാനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ

## (റവ. ഫാദർ ജോസഫ് ഏറ്റുമാനൂക്കാരൻ)

## സമാധാന സ്ഥാപനശ്രമങ്ങൾ

പന്ത്രണ്ടാം പീയൂസ് പത്രോസിന്റെ സിംഹാസനത്തിൽ അവരോധിതനായിട്ട് ഇതു പന്ത്രണ്ടാം സംവത്സരമാണ്. അവിടുന്ന് പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ടിട്ട് ഏതാനും നിമിഷങ്ങൾ കഴിഞ്ഞു വി. പത്രോസിന്റെ ബസ്സീലിക്കായുടെ മട്ടുപ്പാവിൽ നിന്നുകൊണ്ടു അഖിലലോകർക്കുമായി നൽകിയ പ്രഥമാശീർവാദം തിരുമനസ്സിലെ മുഖം കാണത്തക്ക അകലത്തിൽ നിന്നുകൊണ്ട് ഇതെഴുതുന്നയാൾ സ്വീകരിച്ചത് ഏതാനും ദിവസങ്ങൾക്കു മുമ്പ് മാത്രമാണെന്നു തോന്നിപ്പോകുന്നു. യഥാർത്ഥത്തിൽ സംഭവബഹുലമായ ഒരു വ്യാഴവട്ടക്കാലം ഇങ്ങിനിവരാത്തവണ്ണം കടന്നുകഴിഞ്ഞിരിക്കുന്നു.

പന്ത്രണ്ടാം പീയൂസ് വി. പത്രോസിന്റെ പിൻഗാമിയായിത്തീർന്നതിന്റെ പിറ്റേദിവസം, ലോകത്തോടു മുഴുവനായി നടത്തിയ അവിടുത്തെ പ്രഥമ പ്രസംഗത്തിൽ പ്രക്ഷുബ്ധമായിരുന്ന ലോകത്തിന്റെ ഭാവിയെപ്പറ്റി അവിടുത്തേയ്ക്കുണ്ടായിരുന്ന ആശങ്ക മറച്ചുവെച്ചില്ല. ആ പ്രഭാഷണത്തിന്റെ ഒരു ഭാഗം ഇപ്രകാരമാണ്. –"പ്രയാസങ്ങളും, ക്ലേശങ്ങളും നിറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ സകലരും അത്യാശയോടുകൂടി പാർത്തിരിക്കുന്ന ആ സമാധാന പ്രാപ്തിക്ക് നിരവധി പ്രതിബന്ധങ്ങൾ ഉത്ഭവിക്കുന്നതായി കാണപ്പെടുകമൂലം, അഭിവൃദ്ധിയുടേയും, ഐശ്വര്യത്തിന്റേയും മാർഗ്ഗത്തിലേക്കു ജനതതിയെ നയിക്കുന്നതിലേക്കുള്ള മാന്യസ്ഥാനവും, ഭാരവും കൈവരിച്ചിരിക്കുന്ന സകലർക്കുംവേണ്ടി നാം പ്രത്യേകവിധത്തിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നു."

ലോകത്തെ സമരത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നതിനു പാടുള്ള സകല യത്നങ്ങളും പ. പിതാവു നടത്തി. തന്റെ ഉന്നത സ്ഥാനത്തെപ്പോലും അവഗണിച്ചുകൊണ്ട് രാഷ്ട്രനായകന്മരോട് ലോകത്തെ സമരത്തിൽനിന്നു രക്ഷിക്കണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നതിനുപോലും അവിടുന്നു മടിച്ചില്ല. രണ്ടാം മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു ഒരാഴ്ച മുമ്പേ കാസ്റ്റൽഗണ്ടോൾഫോയിലെ അപ്പസ്തോലികസദനത്തിൽ നിന്നു തിരുമനസ്സുകൊണ്ടു നടത്തിയ സമാധാനാഭ്യർത്ഥനയിൽ ഇപ്രകാരം പ്രസംഗിക്കുകയുണ്ടായി. "സമാധാനംമൂലം യാതൊന്നും നഷ്ട്പ്പെടുകയില്ല. സമരം മൂലം സകലതും

www.malankaralibrary.com

നശിച്ചേക്കും." ഇതൊരു പ്രവചനം തന്നെ ആയിരുന്നുവെന്ന് അനന്തരസംഭവങ്ങൾ തെളിയിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ.

## ദീനാനുകമ്പ

പരിശുദ്ധ പിതാവിന്റെ ശ്രമങ്ങളെല്ലാം വിഫലീഭവിച്ചോ എന്നു തോന്നുമാറ് യുദ്ധമാരംഭിച്ചു. അപ്പോൾ മുതൽ സമരയാതനകൾ സഹിക്കാൻ നിർബന്ധരായിത്തീർന്നവരെ പരിശുദ്ധ പിതാവ് സർവ്വശക്തികളുപയോഗിച്ചു സഹായിച്ചു തുടങ്ങി. തദർത്ഥം തിരുസിംഹാനത്തിന്റെ സാമ്പത്തിക ശക്തിക്കതീതമായ സംരംഭങ്ങൾ പോലും നടത്തിയിട്ടുണ്ട്. ശത്രുരാജ്യങ്ങളിൽ തടവുകാരായിത്തീർന്നവർ, നാസികളെ ഭയന്ന് അന്യരാജ്യങ്ങളിൽ അഭയം തേടിയവർ, നാസികളുടെ പ്രധാന വിദ്വേഷപാത്രങ്ങളായിപ്പരിണമിച്ച യഹൂദന്മാർ മുതലായവരാണ് ഏറ്റമധികമായി പ. സിംഹാസനത്തിന്റെ സഹായങ്ങൾ സ്വീകരിച്ചിട്ടുള്ളത്.

രണ്ടാം മഹായുദ്ധമാരംഭിച്ചിട്ടു രണ്ടാഴ്ചകൾ കഴിഞ്ഞപ്പോൾ പോളണ്ടു മുഴുവൻ നാസികൾ കീഴടക്കി. തദവസരത്തിൽ റോമായിൽ വസിച്ചിരുന്ന പോളണ്ടുകാർ പന്ത്രണ്ടാം പീയൂസിനെ സന്ദർശിച്ചു. അപ്പോൾ തിരുമേനി കണ്ണുനീർ ചിന്തിക്കൊണ്ട് നടത്തിയ സാന്ത്വനപ്രസംഗം തിരുമനസ്സിലെ ദീനാനുകമ്പയ്ക്ക് മകുടോദാഹരണമാണ്. അതിലേ ഒരു ഭാഗം ഇപ്രകാരമാണ് :- "ഈയവസരത്തിൽ രാജ്യരഹിതരും, ഭവനരഹിതരുമായിത്തീർന്നിരിക്കുന്ന അഭയാർത്ഥികളും, അലഞ്ഞുനടക്കുന്നവരുമായ നിരവധി ആളുകളുടെ രൂപം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. സമരാങ്കണങ്ങളിൽ മരണമടഞ്ഞ തങ്ങളുടെ പ്രിയപ്പെട്ടവർക്കുവേണ്ടി വിലപിക്കുന്ന മാതാക്കളുടെയും, ഭാര്യമാരുടെയും സ്വരം നമ്മുടെ ചെവികളിലും പതിയുന്നു. നിരാധാരരായിത്തീർന്നിരിക്കുന്ന അസംഖ്യം വൃദ്ധന്മാരുടേയും രോഗികളുടേയും വിലാപം നാം ശ്രവിക്കുന്നു. അനാഥരായിപ്പരിണമിച്ചിരിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ കരച്ചിലും, മുറിവേറ്റവരുടെ ദയനീയ സ്വരവും മരണാസന്നരുടെ ആക്രോശവും നാം കേൾക്കുന്നു. അവരുടെയെല്ലാം യാതനകളും, വിലാപങ്ങളും നമ്മുടെ സ്വന്തമായി നാം കരുതുന്നു."

രണ്ടാം മഹായുദ്ധത്തിനിടയിൽ ഒൻപതുമാസക്കാലം റോമ്മാനഗരം നാസികളുടെ കീഴിലായിരുന്നു. അക്കാലത്ത് നഗരവാസികളുടെ ഏകാവലംബം പ: പിതാവായിരുന്നു. ഇതിനും പുറമേ സമരാങ്കണങ്ങളായി പരിണമിച്ച ഇറ്റലിയുടെ ഇതരഭാഗങ്ങളിൽ നിന്ന് അഭയാർത്ഥികളായി റോമിൽ വസിച്ചിരുന്നവരേയും പ: സിംഹാസനമാണ് സംരക്ഷിച്ചിരുന്നത്. റോമിനടുത്തുള്ള കാസ്റ്റൽഗൺഡോൾ ഫോയിലെ അപ്പസ്തോലിക സദനത്തിൽ പതിനായിരം അഭയാർത്ഥികളെയാണ് പാർപ്പിച്ചിരുന്നത്. അവർക്കാവശ്യമുള്ള സകല സാധനങ്ങളും വത്തിക്കാനിൽ നിന്നയച്ചുകൊടുത്തിരുന്നു.

റോമ്മാ കൈവശപ്പടുത്തിയ ഉടനെ നാസികൾ റോമിലെ യഹൂദ

www.malankaralibrary.com

ന്മാരോടു വളരെയധികം സ്വർണ്ണമാവശ്യപ്പെട്ടു. ആവശ്യപ്പെട്ടിടത്തോളം സ്വർണ്ണം കൊടുത്തില്ലെങ്കിൽ യഹൂദന്മാരെ ഒന്നടങ്കം വധിക്കുമെന്ന് പറഞ്ഞ് നാസികൾ അവരെ ഭയപ്പെടുത്തി. എന്നാൽ നാസികൾ ആവശ്യപ്പെട്ടിടത്തോളം സ്വർണ്ണം അവരുടെ പക്കൽ ഇല്ലായിരുന്നു. പ: പിതാവ് ഇത്തരുണത്തിൽ യഹൂദന്മാർക്കു സഹായഹസ്തം നൽകി. ഈ വസ്തുതയാണ് റോമിലെ റാബി ആയിരുന്ന പ്രൊഫസർ ഇസ്രായേൽ സോളിയുടെ കത്തോലിക്കാ സഭാപ്രവേശത്തിനു കാരണം.

## പൈതൃക വാത്സല്യം

പന്ത്രണ്ടാം പീയുസ് വി. പത്രോസിന്റെ പിൻഗാമിയായിത്തീർന്ന നിമിഷം മുതൽ സകല മനുഷ്യരോടും കരുണാനിധിയും, ദയാശീതളനുമായ ഒരു പിതാവിനെപ്പോലെയാണ് വർത്തിച്ചുകൊണ്ടിരിക്കുന്നത്. അവിടുന്ന് ഈ പൈതൃക വാത്സല്യം ഏറ്റമധികം പ്രകടിപ്പിക്കുന്നത് വത്തിക്കാനിൽ ചെല്ലുന്ന സന്ദർശകരോടാണ്. ഈ വിശുദ്ധ വത്സരം പ്രമാണിച്ച് വത്തിക്കാൻ സന്ദർശിച്ചിട്ടുള്ള സകലർക്കും ബോദ്ധ്യമായിട്ടുള്ള ഒരു പരമാർത്ഥമാണിത്.

1950 ഒരു ജൂബിലിവർഷമായി പ്രഖ്യാപനം ചെയ്തപ്പോൾ പന്ത്രണ്ടാം പീയുസ് മാർപ്പാപ്പ വിവിധ രാജ്യങ്ങളിൽ വസിക്കുന്ന വിശ്വാസികളെ റോമിലേക്കു ക്ഷണിക്കുകയുണ്ടായി. വാത്സല്യനിധിയായ ഈ പിതാവിന്റെ ആഹ്വാനത്തെ സമാദരിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനുദിനം അനേകായിരം കത്തോലിക്കർ റോമ്മായിൽ ചെന്ന് പ. പിതാവിനെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. സന്ദർശകരുടെ ബാഹുല്യം നിമിത്തം പലപ്പോഴും വി. പത്രോസിന്റെ പള്ളിയിൽ വച്ചാണ് പ. പിതാവ് തീർത്ഥകർക്കു ദർശനം നൽകുന്നത്. നാല്പതിനായിരമോ, അൻപതിനായിരമോ സന്ദർശകന്മാരുള്ളപ്പോഴാണ് ഇങ്ങനെ വി. പത്രോസിന്റെ പള്ളിയിൽ വച്ച് പ. പിതാവ് തീർത്ഥകരെ സ്വീകരിക്കുന്നത്.

മുപ്പതോ, നാൽപതോ രാജ്യങ്ങളിൽനിന്നു വരുന്ന തീർത്ഥകർ ഏകോദരസഹോദരങ്ങളെപ്പോലെ ക്രിസ്തുവിന്റെ പ്രതിപുരുഷനായ മാർപ്പാപ്പയുടെ മുമ്പിൽ നിൽക്കുന്ന കാഴ്ച ഏതൊരു വിശ്വാസിയേയാണ് ആനന്ദസാഗരത്തിൽ നിമഗ്നനാക്കാത്തത്. "ഉരുക്കു തിരസ്കരണി" യ്ക്കുള്ളിൽ വസിക്കുന്ന യൂറോപ്പിലെ പന്ത്രണ്ടു രാജ്യക്കാർ റോമ്മാ സന്ദർശിക്കാൻ സോവിയറ്റ് ഗവൺമെന്റ് അനുഭവിച്ചിട്ടില്ല. പക്ഷേ അതുകൊണ്ടു മുൻ ജൂബിലി വർഷങ്ങളേ അപേക്ഷിച്ച് തീർത്ഥകരുടെ സംഖ്യയ്ക്കു യാതൊരു കുറവും നേരിട്ടില്ലെന്നു മാത്രമല്ല വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്.

1950 ജനുവരി മുതൽ ഏപ്രിൽ അവസാനം വരെയുള്ള നാലു മാസങ്ങൾക്കുള്ളിൽ വി. പത്രോസിന്റെ പള്ളിയിൽവെച്ചു തന്നെ പതിനെട്ടു പ്രാവശ്യം പ. പിതാവ് തീർത്ഥയാത്രക്കാർക്കു ദർശനം നൽകിയിട്ടുണ്ട്. ഇതിനും പുറമേ ഇതേ കാലഘട്ടത്തിൽ 230 ദേശീയ തീർത്ഥസംഘങ്ങൾക്ക്

www.malankaralibrary.com

പ്രത്യേക സന്ദർശനം അനുവദിച്ചിട്ടുണ്ട്. ചുരുക്കത്തിൽ എല്ലാവർക്കും പ. പിതാവിനെ കാണുന്നതിനും, അവിടുത്തെ കരങ്ങൾ ചുംബിക്കുകയും സ്നേഹമസൃണങ്ങളായ വാക്കുകൾ ശ്രവിക്കുകയും ചെയ്യുന്നതിനും സാധിക്കുന്നുണ്ട്.

## അഗാധ പാണ്ഡിത്യം

പന്ത്രണ്ടാം പീയുസിന്റെ അഗാധ പാണ്ഡിത്യം തിരുമേനിയെ സന്ദർശിക്കുന്ന സകലരെയും അത്ഭുതപരതന്ത്രരാക്കി തീർക്കുന്നുണ്ട്. ഏതൊരു തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവരോട് അവർക്കു പരിചയമുള്ള വിഷയങ്ങളെപ്പറ്റി സംസാരിക്കാൻ തിരുമനസ്സിലേക്കു സാധിക്കും. സഭാപിതാക്കന്മാരുടെയും, റോമ്മാക്കാരും, യവനന്മാരുമായ പണ്ഡിതന്മാരുടെയും കൃതികൾ തിരുമനസ്സിലേക്കു സുപരിചിതങ്ങളാണ്. പ്രധാനപ്പെട്ട യൂറോപ്യൻ ഭാഷകളെല്ലാം അവിടുത്തേയ്ക്കു സ്വാധീനമാണ്. ഈ ജൂബിലി പ്രമാണിച്ചു തന്നെ സന്ദർശിക്കുന്ന വിവിധരാജ്യക്കാരായ തീർത്ഥകരെ ഉദ്ദേശിച്ച് ചിലപ്പോൾ പ. പിതാവ് ഒരേ ഇരുപ്പിൽ അഞ്ചാറു ഭാഷകൾ സംസാരിക്കുന്നുണ്ട്.

## നിരന്തരപരിശ്രമം

മഹാന്മാരെല്ലാവരും നിരന്തരപരിശ്രമം മൂലമാണ് ഔന്നത്യത്തെ പ്രാപിച്ചിട്ടുള്ളത്. പന്ത്രണ്ടാം പീയുസ് തിരുമേനി പകൽ മുഴുവനും രാത്രിയുടെ ഒരു നല്ല ഭാഗവും വിവിധ ജോലികൾക്കായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. സന്ദർശകന്മാരെ സ്വീകരിക്കുന്നതിനായി തന്നെ അഞ്ചോ ആറോ മണിക്കൂറുകൾ അനുദിനം ചെലവഴിക്കുന്നുണ്ട്. സന്ദർശകന്മാരോട് അനുദിനമെന്നോണം നടത്തുന്ന പ്രസംഗങ്ങളിൽ പലതും സാമാന്യ പണ്ഡിതന്മാരാണെങ്കിൽ അഞ്ചോ ആറോ മണിക്കൂറെങ്കിലും ചെലവാക്കിയെങ്കിൽ മാത്രം എഴുതിയുണ്ടാക്കാൻ സാധിക്കുന്നവയാണ്. തിരുമനസ്സുകൊണ്ട് കുറേ സമയമെങ്കിലും ഈ പ്രസംഗങ്ങൾക്കായി ചെലവഴിക്കുന്നുണ്ട്. പലപ്പോഴും പാതിരാത്രി കഴിഞ്ഞാണ് തിരുമേനി ഉറങ്ങാൻ പോകുന്നത്.

## ദൈവഭക്തി

പന്ത്രണ്ടാം പീയുസ് വിപൽഘട്ടങ്ങളിൽ സമാശ്വാസം തേടുന്നത് ദൈവസഹായത്തിലാണ്. ഇക്കഴിഞ്ഞ മഹായുദ്ധകാലത്ത് റോമ്മാ നഗരത്തെ രക്ഷിച്ചത് പന്ത്രണ്ടാം പീയുസിന്റെ പ്രാർത്ഥനകളാണെന്നാണ് റോമ്മാ നഗരവാസികൾ വിശ്വസിക്കുന്നത്. 1944 ജൂൺ മാസാരംഭത്തിൽ സംയുക്തസേന റോമ്മായെ സമീപിച്ചപ്പോൾ നാസികളും സംയുക്തഭടന്മാരും തമ്മിൽ റോമ്മാ നഗരത്തിനുള്ളിൽ വച്ച് ഒരു ഭയങ്കര സമരം നടക്കുമെന്ന് സകലരും ഭയപ്പെട്ടിരുന്നു. എന്നാൽ പ. പിതാവ് മാത്രം യാതൊരു ഭയവും കാണിച്ചില്ല. ഈ വിപൽസന്ധിയിൽ പ. പിതാവിന്റെ പ്രത്യേക നിർദ്ദേശ

www.malankaralibrary.com

പ്രകാരം റോമിലെ വി. ഇഗോഷ്യസിന്റെ പള്ളിയിൽ പ. കന്യകയുടെ ഒരത്ഭുത ചിത്രം സ്ഥാപിച്ചുകൊണ്ട് നഗരവാസികൾ പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരുന്നു. റോമ്മായിൽ വച്ച് യാതൊരു സംഘട്ടനവുമുണ്ടായില്ല. റോമ്മാ നഗരവാസികൾ പന്ത്രണ്ടാം പീയുസിന് "നഗര സംരക്ഷകൻ" എന്ന അപര നാമവും നൽകി.

പന്ത്രണ്ടാം പീയുസ് തിരുമേനി അതുല്യനായ ഒരു മഹാനാണെന്ന് മേലുദ്ധരിച്ചിട്ടുള്ള സംഭവങ്ങൾ തെളിയിക്കുന്നുണ്ടല്ലോ. മഹാന്മാരെന്നു ചരിത്രകാരന്മാർ ഉദ്ഘോഷിക്കുന്ന പാപ്പാമാരിൽ പ്രശോഭിച്ചിരുന്ന ഗുണങ്ങളെല്ലാം തിരുമേനിക്കുണ്ട്. വി. ലെയോയുടെ വാഗ്മിത്വവും, വി. ഗ്രിഗറിയുടെ ദീർഘദൃഷ്ടിയും, വി. നിക്കൊളാസിന്റെ അഭിപ്രായധീരതയും, പതിമൂന്നാം ലെയോയുടെ അഗാധ പാണ്ഡിത്യവും, പത്താം പീയൂസിന്റെ ദീനാനുകമ്പയും, പതിനൊന്നാം പീയുസിന്റെ വിപദിധൈര്യവും അവരുടെ പിൻഗാമിയായ പന്ത്രണ്ടാം പീയുസിൽ സവിശേഷം പ്രശോഭിക്കുന്നുണ്ട്. അവിടുന്ന് ഏറ്റമധികം ആഗ്രഹിക്കുന്ന ശാശ്വതമായ സമാധാനം മാനവ വംശത്തിനു കരഗതമാകട്ടെ.

## "......സൗന്ദര്യമേ!......"

"അവളെ പരിത്യജിച്ച ധൂർത്തപുത്രന്മാരിൽ ഒരുവനോടുപോലും ഇതേവരെ അവൾ വിദ്വേഷം പ്രകടിപ്പിച്ചിട്ടില്ല. സകലവും ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും അവൾ സദാ സന്നദ്ധയായിരുന്നു. യഥാർത്ഥ സന്തോഷം എപ്പോഴും കണ്ടെത്താവുന്ന ആ ഭവനത്തിലേക്കു ധൂർത്തപുത്രനെപ്പോലെ മടങ്ങിവരുന്നതിന് അവൾ നിങ്ങളെ സസ്നേഹം ക്ഷണിക്കുന്നു. വിശിഷ്ടമായ അങ്കി നിങ്ങളെ ധരിപ്പിക്കുന്നതിനും, നിങ്ങളുടെ കൈവിരലുകളിൽ മോതിരം അണിയിക്കുന്നതിനും, സ്നേഹത്തിന്റെ വിരുന്നു നിങ്ങൾക്കുവേണ്ടി തയ്യാറാക്കുന്നതിനും, സമാധാനത്തിന്റെ ചുംബനത്താൽ നിങ്ങളെ സ്വീകരിക്കുന്നതിനും അവൾ ഇതാ സന്നദ്ധയായിരിക്കുന്നു. നിങ്ങളുടെ ആദ്ധ്യാത്മിക മാതാവിന്റെ സ്നേഹപൂർവ്വകമായ ആശ്ലേഷം, നിങ്ങൾ ചെയ്തിട്ടുള്ള സകല ത്യാഗങ്ങൾക്കും തക്ക പ്രതിഫലമായി അപ്പോൾ നിങ്ങൾക്ക് അനുഭവപ്പെടും. അനുതാപിതമായ ആഗസ്തീനോസിനെപ്പോലെ, "എപ്പോഴും പ്രാചീനവും എപ്പോഴും അഭിനവവുമായിരിക്കുന്ന സൗന്ദര്യമേ! വളരെ താമസിച്ചുമാത്രമാണ് നിന്നെ അറിയുന്നതിനും സ്നേഹിക്കുന്നതിനും എനിക്കിടയായത്" എന്ന് ആശ്ചര്യോദ്ഘോഷം ചെയ്യുന്നതിനും അപ്പോൾ നിങ്ങൾക്കു സാധിക്കും.

www.malankaralibrary.com

# 7. ജൂബിലേറിയനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

## പി. ഒ. ജോൺ B.Sc

1930 സെപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച ആധുനിക കേരള ക്രൈസ്തവ ചരിത്രത്തിൽ അതിപ്രാധാനമായ ഒരു സുദിനമാണ്. അതിനുമുമ്പ് ഉദ്ദേശം മുന്നൂറു വർഷക്കാലം യാക്കോബായ സഹോദരങ്ങളെ മാതൃസഭയിൽ നിന്നും വേർതിരിച്ചു ബന്ധിച്ചിരുന്ന മട്ടാഞ്ചേരിയിലെ ബലമായ ആലാത്തുകയർ ആ സുദിനത്തിലാണ് രണ്ടായി പൊട്ടിച്ചതും, ആ സഹോദരങ്ങളുടെ മാതൃസഭിയിലേക്കുള്ള പ്രായാണമാർഗ്ഗം എത്രയും സുഗമവും സുസ്പഷ്ടവും ആക്കിത്തീർത്തതും. അന്നാണ് യാക്കോബായ സഭയിലെ രണ്ടു മേലദ്ധ്യക്ഷന്മാർ ആ സഭയിൽ സ്ഥാപിച്ചു നടത്തിവരുന്ന രണ്ടു സന്യാസ സംഘങ്ങളോടും കുറേ ജനങ്ങളോടും കൂടെ കത്തോലിക്കാ സഭാ പ്രവേശം ചെയ്തത്.

റീത്തു പ്രസ്ഥാനത്തിന്റെ നടുനായകത്വം സുധീരം വഹിച്ചതു മാർ ഇവാനിയോസ് മെത്രാപ്പോലീത്താതന്നെ. അക്കാലത്തു അദ്ദേഹം യാക്കോബായ സഭയുടെ സർവ്വസ്വവും ആയിരുന്നെന്നു പറഞ്ഞാൽ അതു വെറും ഒരു പരമാർത്ഥം മാത്രമാണ്. അദ്ദേഹത്തിനു ആ സഭയിൽ പ്രാപിക്കാൻ പാടില്ലാതിരുന്ന യാതൊരു സ്ഥാനമാനങ്ങളും ഉണ്ടായിരുന്നില്ല. മലങ്കര യാക്കോബായ സമുദായ പ്രമാണി, സമുദായ സേവനത്തിന്റെ ഫലമായി നിരവധി കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുള്ള ഒരു ത്യാഗവീരൻ, സമുദായത്തിൽ സമാധാനം പാലിക്കുവാൻ അതിയായി പരിശ്രമിച്ചിട്ടുള്ള ഒരു പുണ്യപുരുഷൻ. യാക്കോബായ സഭയുടെ ചരിത്രം, വിശ്വസം, ഭരണഘടന എന്നിതുകളിൽ അഗാധപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരു മഹാത്മാവ്, വട്ടിപ്പണക്കേസിൽ മെത്രാന്റെ വലംകൈ എന്നീ വിവിധ നിലകളിൽ യാക്കോബായസഭയുടെ അഭിമാനസ്തംഭം ആയിരുന്നദ്ദേഹം, ആ സഭയുമായി എന്നന്നേക്കും വേർപെടുന്ന രംഗം, ഉത്തമ വിശ്വാസത്താൽ പ്രേരിതനായി അസഹിഷ്ണുക്കളായ ശത്രുക്കളുടെ പ്രതിരോധത്തെ കേവലം അവഗണിച്ച്, നടത്തിയിട്ടുള്ള ധീരകൃത്യങ്ങളിൽ അദ്വിതീയസ്ഥാനം അർഹിക്കുന്ന ഒന്നാണ്. തികഞ്ഞ സ്വസഭാസ്നേഹത്തോടും ഉദ്ദേശശുദ്ധിയോടും കൂടെ തന്റെ സഭയുടേയും സമുദായത്തിന്റേയും സംസ്കരണത്തിന്നായി അശ്രാന്തയത്നം ചെയ്ത ഒരു

www.malankaralibrary.com

സഭാദ്ധ്യക്ഷനല്ലാ അദ്ദേഹമെന്നു പറയുവാൻ വിവേകമുള്ള യാതൊരു യാക്കോബായക്കാരനും സാധിക്കുന്നതല്ല, തീർച്ചതന്നെ.

എത്രയും ഉന്നതമായ സ്ഥാനത്തു എത്തിച്ചേർന്ന ആ ജീവിത യാത്രയുടെ പ്രാധാന ഘട്ടങ്ങൾ നമുക്ക് അനുധാവനം ചെയ്കതന്നെ. വന്ദ്യ തിരുമേനിക്കു സന്ദർഭവശാൽ ഏതാനും നേട്ടങ്ങളും വിജയങ്ങളും ഉണ്ടായിട്ടുള്ളതല്ലാതെ, യോഗ്യതകൊണ്ടോ, വൈഭവം കൊണ്ടോ, അർഹതകൊണ്ടോ യാതൊന്നും സാധിച്ചിട്ടില്ലെന്നു ചിലർ പ്രസ്താവിച്ചേക്കാം. എന്നാൽ കൂലങ്കർഷമായിട്ടും നിർമ്മത്സരബുദ്ധിയോടും പരിശോധിച്ചാൽ, സത്യാന്വേഷണമാകുന്ന സ്വർണ്ണചങ്ങലയിന്മേൽ ഘടിപ്പിച്ചിട്ടുള്ള സ്വർണ്ണപവിഴങ്ങളാണ് അദ്ദേഹം പ്രാപിച്ച സ്ഥാനങ്ങളെന്നു ഏതൊരുവനും നിഷ്പ്രയാസം മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ജീവിത യാത്രയിൽ അന്തർലീനമായി അടിയുറച്ചുകിടക്കുന്ന ഒരു പരമരഹസ്യം എന്താണെന്നു വച്ചാൽ, യഥാർത്ഥ ക്രൈസ്തവ സഭയുടെ മൗലിക തത്വങ്ങളും സിദ്ധാന്തങ്ങളും തേടിപിച്ചു സത്യവും ജീവനുമായ ക്രിസ്തുഭഗവാന്റെ യാഗപീഠത്തിങ്കൽ നരകുലസേവനം അനുഷ്ഠിക്കുന്നതിനുള്ള ജീവസമർപ്പണം ആയിരുന്നെന്നു മനസ്സിലാക്കുന്നതിനു അസാമാന്യ ബുദ്ധിസാമർത്ഥ്യമൊന്നും ആവശ്യമില്ല.

ജീവിത യാത്രയുടെ ആരംഭഘട്ടത്തിൽ തന്നെ ആ ജീവിതം ആദ്ധ്യാത്മിക കാര്യങ്ങൾക്കായും സമുദായസേവനത്തിനായും പ്രതിഷ്ഠിക്കപ്പെട്ടു. പതിനേഴാമത്തെ വയസ്സിൽ ശെമ്മാശുപട്ടം സ്വീകരിച്ചു. മദ്രാസ്സ് സർവ്വകലാശാലയിൽ എം. എ. ബിരുദം സമ്പാദിച്ചശേഷം, പുലിക്കാട്ട് മാർ യൗസേഫ് ദീവന്ന്യാസോസ്, ഒസ്താത്തിയോസ് ബാവാ, വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ പൗരോഹിത്യപട്ടത്തിലേക്കുയർത്തപ്പെട്ടു. അന്നുമുതൽ എം. എ. അച്ചൻ എന്ന പേരിനാൽ അറിയപ്പെടുകയും, മലങ്കര സുറിയാനിക്കാരിൽ ഭൂരിപക്ഷം ആൾക്കാർക്കും സുപരിചിതനാവുകയും ചെയ്തു.

ഒരദ്ധ്യാപകനെന്നു മാത്രമല്ല, എം. ഡി. സിമ്മനാരി ഹൈസ്ക്കൂൾ പ്രിൻസിപ്പാൾ എന്ന നിലയിൽ കൂടെയും സ്വസമുദായത്തിനും ജനങ്ങൾക്കും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നു സകലമാനപേരും സമ്മതിക്കും. അദ്ദേഹം കരഗതമാക്കിയിരിക്കുന്ന പാണ്ഡിത്യത്തിനു അനുയോജ്യമായി ജീവിക്കുകയും ആ പാണ്ഡിത്യം മറ്റുള്ളവർക്കു പ്രദാനം ചെയ്യുന്നതിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്തിരുന്ന കാലയളവിൽ തന്നെ, ആദ്ധ്യാത്മികമായും സാമുദായികമായും കൂടുതൽ ഉൽക്കർഷം പ്രാപിക്കുന്നതിനു ഉതകുന്ന പദ്ധതികളിൽ എപ്പോഴും വ്യാപൃതനായിരുന്നു. അദ്ദേഹത്തിനു സത്യാന്വേഷണത്തോടുള്ള അഭിവാഞ്ചയിൽ ഈശ്വരാനുഗ്രഹം പ്രത്യക്ഷപ്പെടുമാറ്, കൽക്കത്തായിക്കടുത്തുള്ള സെറാമ്പൂരിൽ ബാപ്റ്റിസ്റ്റുകാർ നടത്തിവരുന്ന വൈദിക വിദ്യാലയത്തിലെ ധനശാസ്ത്ര പ്രൊഫസർ സ്ഥാനത്തേയ്ക്ക് ക്ഷണമുണ്ടാവുകയും ആ സ്ഥാനം കൈയ്യേൽക്കുകയും

www.malankaralibrary.com

ചെയ്തു. അവിടുത്തെ പ്രസിദ്ധമായ ലൈബ്രറിയിൽ, അദ്ദേഹത്തിന്റെ ഇച്ഛാനുസരണം മതപരമായ കാര്യങ്ങളിൽ ഗവേഷണം നടത്തുന്നതിന് അവസരം കിട്ടി. സാഹചര്യങ്ങൾക്ക് കീഴ്പെടുന്നത് സാധാരണ മനുഷ്യന്റെ സാധാരണ ഗതിയാണ്. ഉൽപതിഷ്ണുക്കളായിരുന്ന ആ വിദ്യാലയാധി കൃതരുടെ മതാചാരങ്ങളിൽ ഭാഗഭാക്കുകയോ, അവരുടെ ആദർശങ്ങൾ അനുകരിക്കുകയോ ചെയ്യുന്നതിനുപകരം, ഒരു യാഥാസ്ഥിതികനായിരുന്ന അദ്ദേഹം തന്റെ നേതൃത്വത്തിലും സംരക്ഷണത്തിലും അവിടെ വൈദിക പരിശീലനം നടത്തിപ്പോരുന്ന യാക്കോബായ വിദ്യാർത്ഥികളുടെ വിശ്വസത്തിലും ആചാരക്രമത്തിലും അണുമാത്രം വ്യതിചലിപ്പിക്കരുതെന്നു കരുതി, അവർ അഭ്യസിച്ചിരുന്ന രീതിയിൽ മതാനുഷ്ഠാന കർമ്മങ്ങൾ നിറവേറ്റുന്നതിനു സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു. സെറാമ്പൂരിൽ നടത്തിവരുന്ന ശാന്തിനികേതനമെന്ന വിദ്യാലയം സന്ദർശിക്കുന്നതിനും അവിടുത്തെ വിദ്യാഭ്യാസരീതി നേരിട്ടു മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. ബഥനി ആശ്രമം എന്ന പേരിൽ പിൽക്കാലങ്ങളിൽ അറിയപ്പെട്ട സ്ഥാപനത്തെപ്പറ്റിയുള്ള പ്രഥമരൂപങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിച്ചത് ഏതാണ്ടു അക്കാലത്തായിരിക്കണം. സന്യാസാശ്രമം വഴിയായി യാക്കോബായ സഭാംഗങ്ങൾക്കു മഹത്തായ ആദ്ധ്യാത്മിക സഹായം ചെയ്യാമെന്നും അങ്ങിനെ സഭാസേവനകൃത്യം ഭംഗിയായി നിർവഹിക്കാമെന്നും ആഗ്രഹിച്ച്, അദ്ദേഹം സെറാമ്പൂർ കോളേജിലെ പ്രൊഫസർ സ്ഥാനം രാജിവയ്ക്കുകയും വടശ്ശേരിക്കര പെരുനാട്ടിൽ പുരുഷന്മാർക്കായി ഒരു ആശ്രമവും തിരുവല്ലായിൽ സ്ത്രീകൾക്കായി ഒരു മഠവും സ്ഥാപിക്കുകയും ചെയ്തു.

മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു വളരെക്കാലം മുമ്പ് മുതൽ യാക്കോബായസഭയ്ക്കുണ്ടായിരുന്ന ദയനീയസ്ഥിതി വെളിപ്പെടുത്തുന്നതിന് അധികാര ലബ്ധിക്കായി പാത്രീയാർക്കീസു ബാവയും വട്ടശ്ശേരിൽ മാർ ദീവന്ന്യാസ്യോസു തിരുമേനിയും തമ്മിലുള്ള വടംവലി -വട്ടശ്ശേരി തിരുമേനിക്ക് ലഭിച്ച മുടക്ക്-വേറൊരു മെത്രാന്റെ വാഴ്ച-അനന്തരമുണ്ടായ വട്ടിപ്പണക്കേസ്-അതേ തുടർന്ന് മേല്പട്ട സ്ഥാനാരോഹണങ്ങൾ-കാതോലിക്കാ വാഴ്ച- വട്ടിപ്പണക്കേസിന്റെ തോൽവി മുതലായവ ഒന്നാംതരം ഉദാഹരണങ്ങളാണല്ലോ. ഈ സംഭവങ്ങളിൽ എം. എ. അച്ചനുണ്ടായിരുന്ന സൂത്രധാരത്വം അനിഷേധ്യമെങ്കിലും, തന്മൂലം ഉളവായ ഹൃദയവേദനയും നൈരാശ്യവും അദ്ദേഹത്തേക്കാൾ കൂടുതലായി മറ്റാരും അനുഭവിച്ചിരുന്നില്ലാ. യാക്കോബായാസഭയെ ഈ ദുരവസ്ഥ ഏതുപ്രകാരം വ്രണപ്പെടുത്തിയെന്ന് അവരുടെ വക്താക്കളിൽ ചിലരുടെ പ്രസ്താവനകൾ സഗൗരവം തെളിയിക്കുന്നു. 1. "നമ്മുടെ സഭയെപ്പറ്റി ഒരാശയും എന്റെ മനസ്സിലില്ല. ദൈവം നമ്മെ കൈവെടിഞ്ഞിരിക്കുന്നു, സംശയമില്ല. ഇതിനു ഇടയായതിൽ ഖേദിക്കുന്നു. 2. എപ്പിസ്കോപ്പാ ഭരണം മാറ്റി ജനാധിപത്യഭരണം

www.malankaralibrary.com

നടത്തിയാൽ കൊള്ളാമെന്നാണു നമ്മുടെ സമുദായത്തിൽപ്പെട്ട പല പഠിത്തക്കാരുടേയും അഭിപ്രായം - ശീമയിലുള്ള നമ്മുടെ സഭ നാൾക്കുനാൾ ക്ഷയിച്ചുവരികയാണ്. അവരിൽ നിന്നു നമ്മുടെ സഭയ്ക്കു ഒരു ഗുണവുമുണ്ടാകയില്ല. (ദിവ്യശ്രീ അലക്സോന്ത്രയോസ് കത്തനാർ) 3. പരിശുദ്ധ പിതാക്കന്മാർ സൂനഹദോസുകൾ കൂടി എഴുതിവച്ചിട്ടുള്ള കാനോനാകൾ ഇന്നുവരെ നടപ്പിൽ വരുത്തുവാൻ സാദ്ധ്യമാകാതെയിരിക്കുന്ന ഏതെങ്കിലുമൊരു അപ്പസ്തോലികവും കാതോലികവും ആയ ഒരു സഭയുണ്ടെങ്കിൽ - വെട്ടിച്ചുരുക്കിയും കൂട്ടിച്ചേർത്തും പരിഷ്കരിച്ചുണ്ടാക്കിയ വ്യാജമായ ഒരു കാനോൻപുസ്തകത്തെ തലയിൽ ചുമന്നുകൊണ്ടു നടക്കാൻ നിർഭാഗ്യവശാൽ ഇടയായിത്തീർന്നിട്ടുള്ള ഏതെങ്കിലും ഒരു പൂർവ്വിക സഭ ലോകത്തിലുണ്ടെങ്കിൽ-അതു മലങ്കര യാക്കോബായ സുറിയാനി സഭയെന്നു ആരെയും പറഞ്ഞു മനസ്സിലാക്കേണ്ടതായിട്ടില്ല (മലങ്കരസഭയുടെ കുഴൽക്കണ്ണാടി).

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നത് എത്ര സ്വീകാര്യവും ശ്ലാഘനീയവും ആയ പദ്ധതിയെന്നു ഏറിയനാൾ മുമ്പ് മുതൽക്കുതന്നെ യാക്കോബായ സഭയിലെ പല പ്രമുഖനേതാക്കന്മാർക്കു ബോധ്യമുണ്ടാവുകയും അതിനുവേണ്ടി അവർ പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ സഭാപിതാക്കന്മാരിൽ ഒരാളായ അഞ്ചാം മാർത്തോമ്മാ പുനരൈക്യത്തിനു ശ്രമിച്ചിരുന്നെന്നും അദ്ദേഹം അതു സംബന്ധിച്ചു മാർപ്പാപ്പയ്ക്കു ഒരപേക്ഷ അയച്ചെന്നും ചരിത്രരേഖകൾ സാക്ഷിപ്പെടുത്തുന്നു. ഇതിനേക്കാൾ സർവ്വപ്രധാനമായതു ആറാം മാർത്തോമ്മാ അല്ലെങ്കിൽ മാർ ദീവാന്ന്യാസോസ് ഒന്നാമൻ നടത്തിയിട്ടുള്ള ചരിത്രപ്രസിദ്ധമായ പുനരൈക്യാലോചനയാണ്. മിക്കവാറും ഫലപ്രാപ്തിയിൽ എത്തിയ ആലോചന ഒടുവിൽ പരാജയപ്പെടുകതന്നെ ചെയ്തു. ചേപ്പാടു മാർ ദീവന്യാസോസ് മെത്രാപ്പോലീത്താ, നിധീരിക്കൽ മാണിക്കത്തനാരെയും കട്ടക്കയത്തിൽ ചാണ്ടിക്കത്തനാരെയും കൂട്ടിക്കൊണ്ടു ഊട്ടക്കമെണ്ടിൽ പോയി ദലഗാദപ്പസ്തോലിക്കയുമായി പുനരൈക്യാലോചന നടത്തുകമാത്രമല്ല, കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു അവിടെവച്ചുതന്നെ സമ്മതിക്കയും, തൽക്കാലചെലവുകൾക്കായി അപ്പോൾതന്നെ ദലഗാദപ്പോസ്തോലിക്കയിൽനിന്നും, പിന്നീടു വരാപ്പുഴ മെത്രാപ്പോലീത്തായിൽനിന്നും ധനസഹായം സ്വീകരിച്ചെന്നും പലർക്കും അറിവുള്ളതാണ്. വിസ്താരഭയത്താൽ ചരിത്രലക്ഷ്യങ്ങൾ കൂടുതലായി ഉദ്ധരിക്കുന്നില്ല.

എം. എ. അച്ചൻ ബഥനി പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനായിരിക്കുമ്പോൾ പൗരോഹിത്യ മേൽപ്പട്ടം സ്വീകരിച്ച്, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആയി അവരോധിക്കപ്പെട്ടു. ത്യാഗ വീരനെന്നും മഹാപണ്ഡിതനെന്നും കീർത്തി സമാർജ്ജിച്ചിരുന്ന അദ്ദേഹത്തെക്കാൾ മതപരമായും സാമുദായികമായും ഉള്ള കാര്യങ്ങളിൽ കൂടുതൽ തീഷ്ണതയും വൈരാഗ്യവും പ്രദർശിപ്പിച്ചിരുന്ന മറ്റൊരു വ്യക്തി യാക്കോബായ സമുദായത്തിൽ

www.malankaralibrary.com

ഉണ്ടായിരുന്നില്ല. കതോലിക്കാബാവായുടെയും വട്ടശ്ശേരിൽ തിരുമേനിയുടേയും അറിവോടും അനുമതിയോടുംകൂടെ കത്തോലിക്കാ സഭയോടുള്ള പുനരൈക്യശ്രമം അദ്ദേഹം തുടരുകതന്നെ ചെയ്തു. മാർ ബസ്സേലിയോസ് തിരുമേനി കുണ്ടറസിമ്മനാരിയിൽ നിന്നു കതോലിക്കാ ബാവായുടെ പേർക്ക് അയച്ച കത്തിൽ "വേറൊരു പഴയസഭയോടു സംബംന്ധം വേണമെന്നു അവിടുത്തേയ്ക്കു തോന്നുന്നപക്ഷം ഞാനും പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു. ബഥനി മെത്രാച്ചന്നു അഭിപ്രായം അങ്ങനെയാണ്. ഏതാണെന്നു നിങ്ങൾ നിശ്ചയിക്കുന്നതിനെ ഞാനും സമ്മതിച്ചിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്ന പ്രസ്താവന ഈ അവസരത്തിൽ എത്രയും ശ്രദ്ധാർഹമാണ്.

മാർ ഈവാനിയോസ് തിരുമേനി ആരംഭഘട്ടത്തിൽ പുനരൈക്യാലോചനയിൽ ഏർപ്പെട്ടതു യാക്കോബായസഭയുടെ ഒരു പ്രതിപുരുഷനെന്ന നിലയിലായിരുന്നെന്നു സമ്മതിക്കാതെ നിവർത്തിയില്ല. ആ വന്ദ്യ തിരുമേനിയുടെ ഒരു വൈശിഷ്ട്യം അദ്ദേഹം കയ്യേൽക്കുന്ന സകല ചുമതലകളും ഉത്തമബോധത്തോടും സ്തുത്യർഹമായും നിർവ്വഹിക്കുക എന്നതാണ്. പ്രയാസങ്ങളും പ്രതിബന്ധങ്ങളും അദ്ദേഹത്തെ സ്പർശിക്കപോലും ചെയ്കയില്ല. അദ്ദേഹത്തിന്റെ ദിനചര്യയിൽ ഈ പദങ്ങൾക്കു സ്ഥാനമോ പ്രസക്തിയോ ഇല്ല. യാക്കോബായ സമുദായാംഗങ്ങളുടെ പുരോഗതി കത്തോലിക്കാസഭയോടുള്ള പുനരൈക്യം കൊണ്ടല്ലാതെ സാധിക്കയില്ലെന്നുള്ള വിശ്വാസം വ്യക്തിപരമായി അദ്ദേഹത്തിന്റെ ഉള്ളിൽ രൂഢമൂലമായി.

രണ്ടു സംഭവങ്ങൾ ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ചിന്താഗതിയെ സാരമായി സ്പർശിക്കുന്നു. ബെൽജിയം രാജ്യക്കാരനും, തത്വശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിച്ചിട്ടുള്ളവനുമായ ഡോക്ടർ എച്ച്. സി. ഈ. സഖറിയാസ് എന്നു പേരുള്ള ഒരു പണ്ഡിതൻ അക്കാലത്താണ് ഓരോ ക്രിസ്തീയ വകുപ്പുകാരുടെയും മതതത്വങ്ങളും ആദർശങ്ങളും നേരിട്ടു പഠിക്കുന്നതിനും, സാർവ്വത്രികവും ദൈവസ്ഥാപിതവുമായ ഏക സത്യമതമേതെന്നു തനിക്കു ബോധ്യപ്പെടുന്നതിനെ സ്വീകരിക്കുന്നതിനും ആയി ഒരു സത്യാന്വേഷി എന്ന നിലയിൽ ഭൂലോകപര്യടനം നടത്തുകയും അക്കൂട്ടത്തിൽ പെരുനാട്ടിലുള്ള ബഥനി ആശ്രമത്തിൽ കുറേ നാളുകൾ ചെലവഴിക്കുകയും ചെയ്തത്. മാനസികമായ സത്യവും ധാർമ്മികമായി സ്വാതന്ത്ര്യവും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിന് ആവശ്യമായ സ്ഥൈര്യവും ധൈര്യവും അവലംബിക്കുന്ന യഥാർത്ഥ ക്രിസ്തുസഭ ഏതെന്നു വന്ദ്യ തിരുമേനിയും അദ്ദേഹവും തമ്മിൽ അനേക വിവാദങ്ങൾ നടന്നിരിക്കണം. ബഥനി ആശ്രമത്തിൽ നിന്നും മടങ്ങിപ്പോയി ഏറിയനാളുകൾ കഴിയും മുമ്പേ ഡോക്ടർ സഖറിയാസ് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. ബഥനി ആശ്രമത്തിന്റെ സ്ഥാപനം മുതൽ അതിലേ ഒരു സജീവ പ്രവർത്തകനും, വന്ദ്യ തിരുമേനിയുടെ ഉത്തമ ഭടന്മാരിൽ ഒരാളും ആയ ബ. ഗീവറുഗീസച്ചൻ എന്ന സന്യാസിവീരൻ ബഥനി സ്ഥാപനവുമായുള്ള ബന്ധം എന്നേക്കും

www.malankaralibrary.com

ഉപേക്ഷിച്ചുകൊണ്ട് ചങ്ങനാശ്ശേരിയിൽ ചെന്നു കത്തോലിക്കാസഭയിൽ ചേർന്നു. ഈ വൈദീകന്റെ തിരിച്ചുവരവിനായി ബഥനി ആശ്രമത്തിൽ കുറെ നാളത്തേക്കു പ്രാർത്ഥനകളും വഴിപാടുകളും നടത്തിക്കൊണ്ടിരുന്നു.

സാഹചര്യങ്ങൾ ഇങ്ങിനെയെല്ലാം ഇരിക്കുന്ന കാലത്താണ്. മുകളിൽ പ്രസ്താവിച്ചിരിക്കുന്നപോലെ, വട്ടശ്ശേരിൽ തിരുമേനിയുടെയും ഇതര മെത്രാന്മാരുടെയും അറിവോടും സഹകരണത്തോടും കൂടെ കത്തോലിക്കാ പുനരൈക്യത്തിനുള്ള പരിശ്രമങ്ങളും പരിശുദ്ധ സിംഹാസനവുമായുള്ള എഴുത്തുകുത്തുകളും നടത്തിയത്. മലങ്കര സുറിയാനി റീത്തു അനുവദിച്ചുകൊണ്ടുള്ള മാർപ്പാപ്പയുടെ കല്പന യഥാസമയം എത്തിച്ചേർന്നു. അപ്പോഴേക്കു വട്ടിപ്പണക്കേസ് ജയിച്ചുകഴിഞ്ഞിരുന്നതിനാൽ യാക്കോബായ സഭയിലെ ഇതര മെത്രാന്മാർ പിന്മാറ്റത്തിനുള്ള പ്രേരണയ്ക്കു വശംവദരായി. മാർ ഈവാനിയോസ് തിരുമേനിയും മാർ തെയോഫിലസ് തിരുമേനിയും തങ്ങൾ മുമ്പോട്ടു ഊന്നിയ കാൽ യാതൊരു കാരണവശാലും പുറകോട്ടു വലിക്കയില്ലെന്നുള്ള ചില അനുയായികളോടുകൂടെ കൊല്ലത്തെത്തി, അരമന ചാപ്പലിൽവച്ചു, ഡോക്ടർ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ വിശ്വാസ പ്രതിജ്ഞ ചെയ്തു തിരുസ്സഭയിൽ പ്രവേശിച്ചു.

പ്രസ്തുത സംഭവത്തിനു സ്വാഗതം അരുളിക്കൊണ്ട് ഒരു ബഹുമാന്യ വ്യക്തി പ്രസ്താവിച്ചതു "കേരളീയ ക്രിസ്ത്യാനികളെല്ലാവരും ഏറെക്കാലം കണ്ണീരും കയ്യുമായി പ്രാർത്ഥിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്ന പുനരൈക്യത്തിന്റെ, പിള്ളത്തൊട്ടിയാവാൻ ഭാഗ്യമുണ്ടായ ബഥനിയാശ്രമമെ! നീ ക്രിസ്തീയ സഭാ ചരിത്രത്തിൽ സഹർഷം പ്രകീർത്തിക്കപ്പെടട്ടെ!" എന്നായിരുന്നു. എന്നാൽ യാക്കോബായ സമുദായാംഗങ്ങളുടെ ഇടയിൽ ആ സംഭവം ഉൽഭൂതമാക്കിയ പ്രത്യാഘാതങ്ങൾ അവർണ്ണനീയമാണ്. അനേക നാളത്തേക്കു അവരുടെ ആരാധനാമൂർത്തികളായിരുന്ന രണ്ടു മഹാത്മാക്കൾ - അതെ രണ്ടു സഭാമേലദ്ധ്യക്ഷന്മാർ-ഒരു നിമിഷത്തിനുള്ളിൽ "പരമദ്രോഹികളും മനുഷ്യാധമന്മാരും" ആയിതീർന്നു. അവരിൽ കരളും കണ്ണുമുള്ള സമസ്തജനങ്ങളേയും ഈ സംഭവം ഇളക്കി മറിക്കതന്നെ ചെയ്തു. അവരുടെ നൈരാശ്യത്തിൽ നിന്നു വിമുക്തിനേടുന്നതിനും, ഇവരിൽ ചിലരും, ഈ സുവർണ്ണാസരം നഷ്ടപ്പെടുത്തരുതെന്നു കരുതി ഇതര സമുദായങ്ങളിലെ ചില തല്പരകക്ഷികളും ഒന്നിച്ചുചേർന്നു, പൊതുസ്ഥലങ്ങളിലും രാജവീഥികളിലും പ്രമാണികളായി ചമഞ്ഞു, ചുറ്റിത്തിരിഞ്ഞുകൊണ്ടു ആ വന്ദ്യ സഭാദ്ധ്യക്ഷന്മാരെപ്പറ്റി പറഞ്ഞുപരത്തിയ അപരാധങ്ങൾക്കു കണക്കും കയ്യുമില്ല. ഈ പ്രലോഭനങ്ങളെ വിവേകമുള്ള ഏവരും സഹോദരബുദ്ധിയോടും സഹിഷ്ണുതയോടും കൂടെ വീക്ഷിച്ചു. ഗുരുതരമായ ഹേമങ്ങൾ ഏൽക്കുമ്പോൾ, ശരീരമാസകലം മരണചേഷ്ടകൾ കാണിക്കുന്നത് സാധാരണമാണ്. അവർ അവലംബിച്ച നിലയെപ്പറ്റി പ്രതിയോഗികൾക്കുപോലും അമർഷമോ വൈരാഗ്യമോ ഉണ്ടായില്ല. ആ വന്ദ്യ

www.malankaralibrary.com

തിരുമേനിമാർ വെട്ടിത്തുറന്നിരിക്കുന്നതും കാലോചിതവും രാജകീയവും ആയ ആ പന്ഥാവ് അവരേവരും കണ്ടെത്തി, സത്യസഭയാകുന്ന കത്തോലിക്കാ മാതൃസന്നിധിയിൽ കാലവിളംബരമെന്യേ അവർ വന്നെത്തുമെന്നു നമുക്കു പ്രതീക്ഷിക്കാം.

പൂർവ്വഗുരുക്കന്മാരായ അനേകം വിശുദ്ധന്മാരുടെ മാതാവായിരിക്കുന്ന കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നവർ അപരിചിതമായ ഒരു സ്ഥലത്തേക്കല്ല പ്രവേശിക്കുന്നത്. അവരുടെ പിതാവിന്റെ ഭവനത്തിലേക്കു തിരിച്ചു ചെല്ലുക മാത്രമാണ് ചെയ്യുന്നത്. കത്തോലിക്കാ സഭയിലേക്ക് തിരികെ ചെല്ലുന്നിതിനാൽ അവരുടെ പിതാമഹന്മാർ ആരാധിച്ചിരുന്ന സ്ഥലത്തുതന്നെ അവരും ആരാധിക്കുകയും, അവർ മുട്ടുകുത്തിയ ബലിപീഠത്തിനുമുമ്പിൽ അവരും മുട്ടുകുത്തുകയും, അവർ കൈക്കൊണ്ട കുർബ്ബാന അവരും കൈക്കൊള്ളുകയും, അവർ ബഹുമാനിച്ച ഗുരുക്കന്മാരുടെ അധികാരത്തെ അവരും ബഹുമാനിക്കയും ചെയ്യുന്നു. ഈ വസ്തുത മനസ്സിലാക്കാതെ, വന്ദ്യ തിരുമേനിമാർ യാക്കോബായ സഭയിൽ നിന്നു അവരുടെ സർവ്വസ്വവുമുപേക്ഷിച്ചിട്ട് ഇറങ്ങിപ്പോയതു സ്ഥാനമാനാദി പ്രലോഭനങ്ങൾക്കുതന്നെ വിശ്വാസമില്ലെങ്കിലും, ഈ ആരോപണത്തിനു മറുപടിയായി രണ്ടു വാക്കു പറയുന്നതു അസംഗതമായിരിക്കുകയില്ല.

മാർ ഈവാനിയോസ് തിരുമേനിക്കു ഈ പരിവർത്തനം ഉണ്ടാകാതിരുന്നെങ്കിൽ അദ്ദേഹത്തിനു ആ സമുദായത്തിൽ ഉണ്ടാകുമായിരുന്ന സ്ഥാനമാനത്തെപ്പറ്റി പ്രവചിച്ചിട്ട് ആവശ്യമില്ല. മലയാളക്കരയിൽ ആകമാനമായിട്ടുള്ള മലങ്കര യാക്കോബായ സഭയുടെ ആത്മീയവും സാമുദായികവും ആയ കാര്യങ്ങളിൽ, അവരുടെ അനിഷേധ്യനേതാവ് എന്ന നിലയേക്കാൾ ഉന്നതമായ ഒരു ലൗകിക പദവി, തിരുവന്തപുരം ആർച്ച് ബിഷപ്പ് എന്ന സ്ഥാനംകൊണ്ടു അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാസഭയുടെ കൊടിക്കീഴിലും ശിക്ഷണത്തിലും അഭയം പ്രാപിക്കുന്ന ഏവർക്കും ദൃശ്യമാകുന്ന വഴികൾ ദുർഘടമേറിയവയും ഞെരുക്കമുള്ളവയും ആകുന്നു. അവിടെ പ്രാധാന്യേച്ഛകൊണ്ടു വിഹരിക്കുന്നതിനുള്ള സാഹചര്യങ്ങൾ വളരെ വിരളമാണ്.

ഒരു മനുഷ്യന്റെ സ്വഭാവപ്രകൃതികൾ പൊടുന്നനവേ വിപരീത രൂപമെടുത്തിട്ടുള്ളതിനു ദൃഷ്ടാന്തങ്ങൾ വളരെ കാണുകയില്ല. എം. ഡി. ഹൈസ്ക്കൂൾ പ്രിൻസിപ്പാളായി, അദ്ദേഹത്തിനു ലഭിച്ച സകല പ്രതിഫലങ്ങളും സാധുജനസംരക്ഷണാർത്ഥം വിനിയോഗിച്ചതു ധനേച്ഛകൊണ്ടല്ല. റോബിൻസൺഗ്രാമർ എന്ന സുറിയാനി വ്യാകരണത്തിന്റെ കർത്താവായി തീർന്നതു ലാഭേച്ഛകൊണ്ടല്ല. സെറാമ്പൂർ കോളേജിലെ വിഭവസമൃദ്ധമായ പ്രൊഫസർ സ്ഥാനവും, തൽഫലമായി കിട്ടിയ കൽക്കത്താ സർവ്വകലാശാല പരീക്ഷകൻ എന്ന നിലയിൽ ഉണ്ടാകാവുന്ന ആദായവും ത്യജിച്ചശേഷം 'ഓണംകേറാമൂലയായ പെരുനാട്ടിലെ മൊട്ടക്കുന്നിന്റെ മുകളിൽ ചെന്നിരുന്നു സന്യ

www.malankaralibrary.com

സിക്കാൻ ഒരുമ്പെട്ടതു ധനേച്ഛയാൽ പ്രേരിതനായിട്ടല്ല. അക്കാലത്തു സ്വജനങ്ങളുടെ ഇടയിലും, വാർദ്ധക്യദശയിൽ പല പരിഷ്കൃത രാഷ്ട്രങ്ങളിലും, അഖില ലോകപ്രശസ്തിയുള്ള മറ്റൊരു ഭാരതീയനു ലഭിച്ച 'A begger among princess and a prince among beggars' എന്ന അപരനാമധേയം ആർജ്ജിച്ചുകൊണ്ടു ചുറ്റി അലഞ്ഞു സഞ്ചരിച്ചതും ധനേച്ഛയ്ക്കുദാഹരണമാണല്ലോ. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തേയും ആദർശശുദ്ധിയേയും ശരിക്കു മനസ്സിലാക്കി, അദ്ദേഹത്തെ അനുഗമിച്ചിട്ടുള്ള നിരവധി ഭക്തജനങ്ങളുടെ ആത്മീയവും, സാമുദായികവും, സാമ്പത്തികവും ആയ അഭിവൃദ്ധിക്കുവേണ്ടി, ഊണുറക്കമില്ലാതെ അനവരതം അക്ഷീണപരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ആളിനു സ്വാർത്ഥം എവിടെ? ധനേച്ഛയ്ക്കു സ്ഥാനമെവിടെ?

സത്യം നിലനിൽക്കയും വിജയിക്കുകയും ചെയ്യുന്നു. ത്യാഗസന്നദ്ധതയോടും നിസ്വാർത്ഥതയോടും നയിക്കുന്ന ജീവിതം, ശത്രുമിത്രങ്ങളുടെ മിതമായ പ്രതീക്ഷകളെ അതിലംഘിച്ചുള്ള ഔന്നത്യം പ്രാപിക്കുന്നു. ചുരുക്കം ചില അനുയായികളും പതിനഞ്ചു രൂപായിൽ കവിയാത്ത തുകയും ഇഹലോകത്തിലെ സർവ്വസമ്പത്തുമായി, ഉദ്ദേശം ഇരുപതു സംവത്സരങ്ങൾക്കു മുമ്പ് ആരംഭിച്ച റീത്തുപ്രസ്ഥാനത്തിന്റെ ഇന്നത്തെ നിലയും വിലയും അറിയുന്നതിനു ആർക്കെങ്കിലും കൗതുകം ഉണ്ടെങ്കിൽ, അവന്റെ ജിജ്ഞാസാനിവർത്തിക്കുവേണ്ടി അല്പസമയം ചെലവിടുന്നതു വളരെ വിജ്ഞാനപ്രദമായിരിക്കും. സ്വന്ത സമുദായത്തിൽപെട്ടതും വളരെ പഴക്കമുള്ളതും ആയ പലയാളുകൾ വന്ദ്യ തിരുമേനി ഭരിച്ചുപോരുന്ന റീത്തു പ്രസ്ഥാനത്തിന്റെ പ്രാതാപത്തിലും ഉയർച്ചയിലും അസൂയാലുക്കളും അത്ഭുതപരതന്ത്രരും ആയതിൽ അതിശയിപ്പാനില്ല.

ഇന്നു ശിശുപ്രായത്തിൽ മാത്രം ഇരിക്കന്നതും വന്ദ്യ തിരുമേനി ഭരിച്ചുപോരുന്നതും ആയ റീത്തുപ്രസ്ഥാനത്തിനു അദ്ദേഹത്തിന്റെ പിന്തുണ ഇനിയും വളരെ നാളത്തേയ്ക്കു ഒഴിച്ചുവയ്ക്കുക സാദ്ധ്യമല്ലാ. അദ്ദേഹം പൗരോഹിത്യ മേല്പട്ടം ഏറ്റതിന്റെ രജതജൂബിലി ഇക്കൊല്ലം കേരളക്കരയിൽ പലയിടത്തും ആഘോഷപൂർവ്വം കൊണ്ടാടി. വന്ദ്യ തിരുമേനി ആത്മസമർപ്പണം ചെയ്തിട്ടുള്ള നരകുലസേവനം അദ്ദേഹത്തിന്റെ അഭിലാഷംപോലെ നിവർത്തിക്കുന്നതിനു സർവ്വശക്തന്റെ കൃപാകടാക്ഷം സമൃദ്ധിയായി ഉണ്ടാകട്ടെ. വയസ്സു എഴുപതിനടുത്തു എത്തിയിട്ടുണ്ടെങ്കിലും ഒരു അഗാധ ചിന്തകനെന്ന നിലയിലും മനുഷ്യജാതിയുടെ ഉന്നമനത്തിനുതകുന്ന പല സജീവപ്രവർത്തന പരിപാടികളിലും അദ്ദേഹത്തിന്റെ യുവചൈതന്യം ഇന്നും അക്ഷയമായി തന്നെ ഇരിക്കുന്നു. അദ്ദേഹത്തിനു ആവശ്യമായ ആയുരാരോഗ്യ ഐശ്വര്യങ്ങൾ ഉള്ളഴിഞ്ഞു നേർന്നുകൊള്ളുന്നു. വന്ദ്യതിരുമേനി ഉത്തരോത്തരം അഭിവൃദ്ധിയിൽ പുരോഗമിച്ചു നീണാൾ വിജയിപ്പുതാക!!

www.malankaralibrary.com

# 8. വെള്ളിവിളക്ക്

## വറുഗീസ്, കിളിച്ചിമൂല (ഉപസർപ്പിണി)

വെള്ളിദീപമേ, മിന്നുംതീനാളമേ,
വെല്ലു, വെല്ലു 'പുനരൈക്യ' താരമേ,
അല്ലിലാണ്ടലഞ്ഞീടുന്നവർക്കൊരുൽ-
ഫുല്ലമാം വെളിച്ചം പകർന്നീടുവാൻ.
കോകിലം പാടി നിന്നെപ്പുകഴ്ത്തിടും,
പൂവിരിക്കും നിൻ വേദിയിൽ വല്ലികൾ,
നീലവാനിലൊരായിരം താരകം
ലോലദീപികേ, നിന്നെപ്പുണർന്നിടും.
കൂരിരുട്ടും പ്രചണ്ഡസമീരനും
ഘോരമാരിയും ഭീകരാരാവവും
ചീറിപ്പാഞ്ഞിടും ക്രൂരസർപ്പങ്ങളും
ചോരയൂറ്റിക്കുടിക്കും മൃഗങ്ങളും
മുറ്റി മുറ്റി വളരുമിവിടെ നീ,
മങ്ങിടല്ലേ, തിളങ്ങണേ, ദീപമേ.
അവ്യയന്റെ മനോഹര വാടിയിൽ
ഭവ്യവെട്ടം തെളിക്കും വെളിച്ചമേ,
പാഴ്മരീചികയിൽ ഭ്രമിച്ചായിരം
പാഴിലാക്കി നശിപ്പിച്ചു ജീവിതം;
ശണ്ഠകൂടിത്തളർന്നിരുളിങ്കലേ-
ക്കുണ്ടിലേക്കു പതിപ്പു സഹോദരൻ;
പ്രോജ്ജ്വലപ്രഭേ, നീ നയിച്ചീടണേ,
സജ്ജവീഥിയിലേക്കപ്പഥികരെ.
അന്ധതയെച്ചെറുത്തു നിറുത്തുവാൻ
പൊന്തിനിന്നിടും തീക്കതിർനാളമേ,
ശക്തിയേറിടും ബാഹുവുയർത്തി, പേ-
ക്കൂത്തിനെത്തകർത്തീടും, പ്രാകാശമേ.
ജ്ഞാനദഹോർത്തമാം ഭുവനത്തിന-
ന്യൂനവിജ്ഞാന ദീപപ്രകാണ്ഡമേ,
സേവനോത്സുകമോഹനരശ്മിയാൽ
ഭൂവിനെത്തഴുകീടുന്ന ചന്ദ്രികേ,
വെട്ടിമിന്നും മനോഹരസ്തൂപികേ,
വെല്ലു, വെല്ലു, 'പുനരൈക്യ' ദീപികേ,
അല്ലിലാണ്ടലഞ്ഞീടുന്നവർക്കൊരുൽ-
ഫുല്ലമാംവെളിച്ചം പകർന്നീടുവാൻ.

www.malankaralibrary.com

# 9. ജോസഫ് മാർ സേവേരിയോസ് മെത്രാപ്പോലീത്താ

## (JEM)

തിരുവല്ലാ രൂപതാദ്ധ്യക്ഷനായ ജോസഫ് മാർ സേവേരിയോസ് മെത്രാപ്പോലീത്താ, മല്ലപ്പള്ളി ആനിക്കാട്ടിലേ വാളക്കുഴി എന്ന കുലീനവും സുപ്രസിദ്ധവുമായ കുടുംബത്തിൽ ഉമ്മൻ, അക്കമ്മ എന്ന മാതാപിതാക്കളിൽനിന്ന് 1894 ഏപ്രിൽ 7-ാം തീയിതി ഭൂജാതനായി. മല്ലപ്പള്ളിലേ പാതിക്കാട്ട് ഇടവകപ്പള്ളിയിൽവച്ച് തിരുമേനി ജ്ഞാനസ്നാനം സ്വീകരിച്ചു. ജോസഫ് എന്ന പേരാണ് ജ്ഞാനസ്നാനാവസരത്തിൽ ശിശുവിന് ലഭിച്ചത്. ഐപ്പച്ചനെന്നാണ് വീട്ടുകാർ വിളിച്ചിരുന്നത്. സ്വദേശമായ മല്ലപ്പള്ളിയിൽതന്നെ പ്രാഥമിക വിദ്യാഭ്യാസവും, മിഡിൽ സ്ക്കൂൾ പഠനവും നടത്തി. 15-ാമത്തെ വയസ്സിൽ ഐപ്പച്ചന് ശെമ്മാശുപട്ടം ലഭിച്ചു.

കോട്ടയം എം. ഡി. സെമ്മിനാരിയിലാണ് ജോസഫ് ശെമ്മാശൻ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നിർവ്വഹിച്ചത്. ഫാദർ പി. റ്റി. ഗീവറുഗീസ് എം. എ. (തിരുവനന്തപുരം മെത്രാപ്പോലീത്ത ആയ മോസ്റ്റ് റവ. മാർ ഈവാനിയോസ് എം. എ., ഡി. ഡി., എൽ. എൽ. ഡി.) അവർകളക്കായിരുന്നു അന്ന് എം. ഡി. സെമ്മനാരിയിലെ പ്രിൻസിപ്പൽ. 1912-ൽ ജോസഫ് ശെമ്മാശൻ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി.

സർവ്വകാലാശാലാ വിദ്യാഭ്യാസാർത്ഥം നമ്മുടെ കഥാനായകൻ കൽക്കട്ടായിക്കടുത്തുള്ള സെറാമ്പൂർ കോളേജിൽ ചേർന്നു. കോളേജ് പഠനകാലത്ത് ജോസഫ് ശെമ്മാശൻ ഗുരുക്കന്മാരുടെയും, സതീർത്ഥ്യരുടെയും കണ്ണിലുണ്ണിയായിരുന്നു. 1916-ൽ അദ്ദേഹം തത്വശാസ്ത്രം ഐശ്ചികമെടുത്ത് ബി. എ. ബിരുദം കരസ്ഥമാക്കി.

ബിരുദധാരിയായിതീർന്ന ജോസഫ് ശെമ്മാശൻ വിനാവിളംബം ബ്രഹ്മവാറിൽ ഒരദ്ധ്യാപകനും, മിഷനറിയുമായി ജോലി ആരംഭിച്ചു. രണ്ടുകൊല്ലം കഴിഞ്ഞ് അദ്ദേഹം തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. എം. ജി. എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരിക്കയിൽ സ്വന്തം ഇടവകയായ മാർ ഗീവറുഗീസ് മെത്രാപ്പോലീത്തായിൽ നിന്ന് ജോസഫ് ശെമ്മാശൻ കശ്ശീശ്ശാ പട്ടം സ്വീകരിച്ചു. വളരെ ആഘോഷപൂർവ്വമാണ് വാളക്കുഴി ജോസഫ് അച്ചന്റെ നവപൂജാർപ്പണം നടത്തപ്പെട്ടത്. തദവസരത്തിൽ ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തന്റെ വത്സല ശിഷ്യനോടുള്ള സ്നേഹസൂചകമായി പാതിക്കാട്ടു പള്ളിയിൽ

www.malankaralibrary.com

എഴുന്നള്ളി പുത്തൻ കുർബാനയ്ക്ക് മോടികൂട്ടി എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

വൈദികനായി തീർന്ന ഉടനെ നമ്മുടെ കഥാനായകന് സ്വന്തം ഇടവകയായ പാതിക്കാട്ടുപള്ളിയുടെ വികാരിസ്ഥാനം ലഭിച്ചു. എം. ജി. എം. ഹൈസ്ക്കൂളിലെ അദ്ധ്യാപക ജോലി ഉപേക്ഷിച്ചതുമില്ല. തന്റെ ഭരണത്തിനേല്പിക്കപ്പെട്ട ഇടവകയുടെ അഭിവൃദ്ധിക്കാവശ്യമായ ഏതൊരു ത്യാഗവും അനുഷ്ഠിക്കുന്നതിന് വാളക്കുഴി ജോസഫ് അച്ചൻ സർവ്വദാ സന്നദ്ധനായിരുന്നു. ഇങ്ങനെ ഭരണീയരുടെ സ്നേഹബഹുമാനാദരപാത്രവും, മേലധാരികളുടെ വാത്സല്യഭാജനവുമായി വർത്തിച്ചു വരവേ 1932-ഏപ്രിൽ 17-ാം തീയതി വാളക്കുഴി ജോസഫ് അച്ചൻ മലങ്കരയുടെ കാതോലിക്കാ ബാവായിൽ നിന്ന് റമ്പാൻ പട്ടം സ്വീകരിച്ചു. വിനാവിളംബം മേലധികാരികൾ ജോസഫ് റമ്പാച്ചനെ കോട്ടയം പഴയസെമ്മിനാരി മാനേജരായി നിയമിച്ചു.

പഴയസെമ്മിനാരി മാനേജരായിട്ട് ഒരു കൊല്ലം കഴിഞ്ഞപ്പോൾ ജോസഫ് റമ്പാച്ചന്റെ ഭരണാസാമർത്ഥ്യം, സ്ഥിരോത്സാഹം, നയവിശേഷം, ഈശ്വരഭക്തി, ദീനാനുകമ്പ, ജ്ഞാനതൃഷ്ണ, സമുദായസ്നേഹം ആദിയായ ഗുണങ്ങൾ വേണ്ടപോലെ ഗ്രഹിച്ചു മേലധികാരികൾ അദ്ദേഹത്തെ മാർ ത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമെന്ന് വിശ്വസിക്കപ്പെടുന്ന കേരളത്തിലെ ഏഴുപള്ളികളിലൊന്നായ നിരണത്തിന്റെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തു. 1933 മെയ് 25-ാം തീയതി തിരുവല്ലായിലുള്ള ബഥനി പള്ളിയിൽവച്ച് ജോസഫ് റമ്പാച്ചൻ മെത്രാഭിഷേകം സ്വീകരിച്ചു. അപ്പോൾ മുതൽ ജോസഫ് മാർ സേവേറിയോസ് എന്ന പേരിനാലാണ് നമ്മുടെ കഥാനായകൻ അറിയപ്പെടുന്നത്. തിരുമനസ്സുകൊണ്ട് തന്റെ ആസ്ഥാനമായി സ്വീകരിച്ചത് പരുമല സെമ്മിനാരിയാണ്.

ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ മാർ സേവേറിയോസ് തിരുമേനിയോട് ഓർത്തഡോക്സ് സഭിയിലെ മേലധികാരികൾക്കുണ്ടായിരുന്ന മതിപ്പിന് മകുടോദാഹരണമാണ് മലങ്കര മെത്രാപ്പോലീത്തായുടെ ശീമയാത്ര വേളയിൽ പകരം ഭരണം നടത്തുന്നതിന് അദ്ദേഹം (മാർ സേവേറിയോസ് തിരുമേനി) നിയുക്തനായ വസ്തുത. യാക്കോബായ മേലദ്ധ്യക്ഷനായിരുന്ന കാലത്ത് നമ്മുടെ കഥാനായകൻ റോമൻ കത്തോലിക്കാ സഭയെ അത്യധികം എതിർത്തിരുന്നു. റോമൻ കത്തോലിക്കരെ അധിക്ഷേപിക്കുന്നതിന് ബിരുദം നേടിയിട്ടുള്ള ഒരു വടക്കൻ വൈദികനെ വരുത്തി പ്രസംഗിപ്പിക്കുകപോലും ചെയ്തിട്ടുണ്ട്. ഇത്തരുണത്തിൽ ഒരു യഹൂദനായിരിക്കയിൽ ക്രിസ്തീയ സഭയെ പീഡിപ്പിച്ചിരുന്ന ശൗലിന്റെ കാര്യം സ്മർത്തവ്യമാണ്. ശൗൽ ക്രിസ്ത്യാനിയായതോടെ ക്രിസ്തുമതത്തിന്റെ ഏറ്റം വലിയ പ്രേക്ഷിതനായി തീർന്നു. മാർ സേവേറിയോസ് തിരുമേനി കത്തോലിക്കനായി തീർന്നപ്പോൾ മുതൽ കത്തോലിക്ക ധർമ്മപ്രചാരണം അവിടുത്തെ പ്രധാന ചിന്താവിഷ

www.malankaralibrary.com

യമായിപ്പരിണമിച്ചു. എങ്കിലും തിരുമേനി തന്റെ ആപ്തമിത്രങ്ങളും, ആത്മീയ സുതരുമായിരുന്ന യാക്കോബായക്കാരെ ദ്വേഷിക്കുന്നില്ല. മാത്രമല്ല, അവരെ ആത്മാർത്ഥമായി സ്നേഹിക്കുകയും, അവർക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിക്കയും ചെയ്യുന്നുണ്ട്. അവരെല്ലാവരും ഏകവും, പരിശുദ്ധവും, കാതോലികവും, ശ്ലൈഹികവുമായ റോമൻ കത്തോലിക്കാ സഭാമാതാവിന്റെ അനുഗ്രഹസംപൂർണ്ണമായ മടിയിലേക്ക് തിരിച്ചുവരുന്നത് കാണണമെന്നതാണ് തിരുമനസ്സിലേ ഏറ്റം വലിയ അഭിലാഷം.

തിരുമേനി ശെമ്മാശനായിരുന്ന കാലത്താണ് അവിടുന്ന് പിതൃസമാനം സ്നേഹിക്കുകയും, ബഹുമാനിയ്ക്കയും ചെയ്തിരുന്ന ജേഷ്ഠസഹോദരൻ വി. ഒ. വറുഗീസ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. ജേഷ്ഠന്റെ പുനരൈക്യവാർത്ത തിരുമേനിയെ രോഷാകുലനാക്കി. ജേഷ്ഠനെ പിന്തിരിപ്പിക്കാൻ തിരുമനസ്സുകൊണ്ട് സർവ്വശക്തികളും പ്രയോഗിച്ചുനോക്കി. പക്ഷേ, ഇതുകൊണ്ടൊന്നും ജേഷ്ടൻ "കുഞ്ഞുവർക്കി" ഇളകിയില്ല. ധീരോദാത്തമായ ഈ ജേഷ്ടന്റേയും, അദ്ദേഹത്തിന്റെ പുത്രി സിസ്റ്റർ റയിച്ചൽ മുതലായവരുടേയും കണ്ണുനീരും പ്രാർത്ഥനയുമായിരിക്കാം മാർ സേവേറിയോസ് ആകുന്ന ആധുനിക ശൗലിനെ റോമൻ കത്തോലിക്കാ സഭയിലേക്കു കൊണ്ടുവന്നത്. മാർ സിവേറിയോസ് തിരുമേനി ഒരു യാക്കോബായ മെത്രാപ്പോലീത്ത ആയിരുന്നപ്പോൾ റോമൻ കത്തോലിക്കരോട് സമരം നടത്തുന്നതിന് ചരിത്രരേഖകൾ ശേഖരിക്കുന്നതിനായി നിരവധി കത്തോലിക്കാ മതഗ്രന്ഥങ്ങൾ വായിക്കാൻ നിർബന്ധിതനായിത്തീർന്നു. ഗ്രന്ഥങ്ങൾ വായിച്ചതുകൊണ്ടുണ്ടായ ഫലം മറിച്ചായിരുന്നു. കത്തോലിക്കാ ഗ്രന്ഥങ്ങൾ വായിച്ചപ്പോഴാണ് കത്തോലിക്കാസഭ പത്രോസാകുന്ന പാറമേൽ യേശു തമ്പുരാൻ സ്ഥാപിച്ച സത്യസഭയാണെന്ന് ബോദ്ധ്യപ്പെട്ടത്. സത്യത്തിന്റെ മുമ്പിൽ നമ്മുടെ കഥാനായകൻ തലകുനിക്കുകതന്നെ ചെയ്തു. തന്റെ മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വിധേയനായി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് തിരുമേനി നിശ്ചയിച്ചു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിട്ടുള്ള പല മഹാന്മാർക്കും മർമ്മഭേദകമായ ഒരനുഭവം ഉണ്ടായിട്ടുണ്ട്. അത് തങ്ങളുടെ ആപ്തമിത്രങ്ങളുമായുള്ള വേർപാടുതന്നെയാണ്. ഓർതഡോക്സ് സഭയിലെ മേലദ്ധ്യക്ഷന്മാരോടും, വൈദികരോടും, ജനങ്ങളോടും വേർപിരിയണമല്ലോ എന്ന വിചാരം മാർ സെവേരിയോസ് തിരുമേനിയെ സന്താപസാഗരത്തിൽ നിമഗ്നനാക്കി. തിരുമേനി അത്യധികം ബഹുമാനിക്കയും സ്നേഹിക്കുകയും ചെയ്തിരുന്ന കാതോലിക്കാ ബാവായോട് നേരിട്ടു യാത്രപറയുക ദുസ്സഹമായി തോന്നുകയാൽ ഒരെഴുത്തുമൂലം വിവരം അറിയിയ്ക്ക മാത്രമേ ചെയ്തുള്ളൂ. ഈ എഴുത്തിൽ തിരുമേനിയുടെ അപ്പോഴത്തെ സാഹചര്യങ്ങൾ വിവരിച്ചിട്ടുള്ളതിനെ ഇപ്രകാരം സംക്ഷേ+പിക്കാം.

www.malankaralibrary.com

മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വിധേയനായിട്ടാണ് തിരുമേനി കത്തോലിക്കസഭയിൽ പ്രവേശിച്ചത്. കാതോലിക്കാബാവയും, മറ്റ് മേൽപട്ടക്കാരും, പട്ടക്കാരും, ജനങ്ങളും യേശുതമ്പുരാന്റെ സത്യസഭയാകുന്ന കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനായി തിരുമേനി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. യാക്കോബായ സഭയിൽ നിന്നു ലഭിച്ചിട്ടുള്ള യാതൊരു മുതലും തിരുമേനി കൊണ്ടുപോകുന്നില്ല. മാത്രമല്ല തിരുമേനിയുടെ സ്വന്തം പണം പൊതു ആവശ്യത്തിന് കടമായി കൊടുത്തിട്ടുള്ളത് തിരിച്ചുകിട്ടാനുണ്ട്.

1937 നവംബർ 29-ാം തീയതി മാർ സെവേരിയോസ് തിരുമേനി തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ മുമ്പിൽവച്ച് കത്തോലിക്കാ വിശ്വസത്യപ്രഖ്യാപനം നടത്തിക്കൊണ്ട് പുനരൈക്യപ്പെട്ടു. ഇങ്ങനെ മാർ ഈവാനിയോസ് തിരുമേനിയോടും, അദ്ദേഹം സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തോടും അനുസ്യൂതം സമരം നടത്തിക്കൊണ്ടിരുന്ന "ആധുനിക ശൗൽ" പുനരൈക്യ മഹാരഥന്മാരിൽ ഒരാളായിത്തീർന്നു.

"തിരുവല്ലാ രൂപതാദ്ധ്യക്ഷനായ മാർ തെയോഫിലോസ് തിരുമേനി അനാരോഗ്യം നിമിത്തം രൂപതാഭരണത്തിന് അശക്തനായിതീർന്നതിനാൽ പരിശുദ്ധ സിംഹാസനം കരുണാപുരസ്സരം മാർ സെവേരിയോസ് തിരുമേനിയെ രൂപതാ ഭരണം നടത്തുന്ന ഒരു മെത്രാനുള്ള സകലവിധ അധികാരങ്ങളോടും, സ്ഥാനങ്ങളോടുംകൂടെ തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ ആയി നിയമിച്ചു. 1938 നവംബർ 20-ാം തീയതി തിരുമേനി രൂപതാ ഭാരം കൈയ്യേറ്റു. തിരുമനസ്സിലേ ഭരണഫലമായി പുനരൈക്യപ്രസ്ഥാനം അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ പതിനൊന്നു സംവത്സരക്കാലത്തിനുള്ളിൽ അനേകർ അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുകയും 35 പള്ളികളും കപ്പേളകളും പണികഴിപ്പിക്കുകയും, 5 ഹൈസ്ക്കൂളുകളും, 8 മിഡിൽ സ്ക്കൂളുകളും, നിരവധി പ്രാഥമിക വിദ്യാലയങ്ങളും, മൂന്നു കന്യകാലയങ്ങളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രൂപതയിലെ വൈദികരുടെ സംഖ്യ 38 ആയിരുന്നത് 67 ആയും കന്യാസ്ത്രീകളുടെ സംഖ്യ 3 ആയിരുന്നത് 45 ആയും വർദ്ധിച്ചുണ്ട്. വിയോജിച്ചു നിൽക്കുന്ന സഹോദരന്മാരെ ഏക തൊഴുത്തിലേക്കാനയിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങളൊന്നും തിരുമേനി പ്രയോഗിക്കാതിരുന്നിട്ടില്ല" (Osservatore Ramano, June 15, 1950). ഇതേ തുടർന്ന് ഒരു ഹൈസ്കൂൾ കൂടി ആരംഭിച്ചു.

മാർ സെവേരിയോസ് തിരുമേനിയുടെ ഭരണഫലമായി തിരുവല്ലാ രൂപത ഇത്രയധികം അഭിവൃദ്ധിപ്പെട്ടതിൽ അത്ഭുതത്തിനവകാശമില്ല. യഥാർത്ഥമായ അഭിവൃദ്ധിയുടെ നിദാനമായ ദൈവസഹായത്തിൽ തിരുമേനിക്കുള്ള വിശ്വസം അത്ര വലുതാണ്. ദൈവത്തിൽ ശരണപ്പെടുന്നതോടൊപ്പം തനിക്കു ചെയ്യുവാൻ പാടുള്ളവയെല്ലാം സർവ്വശക്തികളും ഉപയോഗിച്ച്

www.malankaralibrary.com

തിരുമേനി രൂപതാഭിവൃദ്ധിക്കായി അനുദിനം ചെയ്യുന്നുണ്ട്. എഴുത്തുകൾക്കുടനുടൻ മറുപടി അയയ്ക്കുന്നതിനും, സന്ദർശകരെ വരുന്ന ക്ഷണത്തിൽ തന്നെ സ്വീകരിക്കുന്നതിനും തിരുമേനി കാത്തിരുന്ന ഉത്സാഹം മാതൃകായോഗ്യമാണ്. എത്രവലിയ ക്ലേശങ്ങൾ സഹിച്ചും തിരുമേനി മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് തിരുക്കർമ്മങ്ങളനുഷ്ഠിക്കുകയും, പ്രസംഗങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

മാർ സെവേരിയോസ് തിരുമേനിയുടെ കൃത്യനിഷ്ഠ, സമഭാവന, പൈതൃകവാത്സല്യം, ദീനാനുകമ്പ, സഹനശക്തി മുതലായ ഗുണങ്ങൾ തിരുമേനിയെ സമീപിക്കുന്ന സകലരേയും അനുസ്യൂതം ആകർഷിച്ചുകൊണ്ടിരിക്കുന്ന സംഗതികളാണ്.

മാർ സെവേരിയോസ് തിരുമേനി ഒരു തികഞ്ഞ വിദ്യാഭ്യാസ പ്രവർത്തകനാണ്. വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനായി എന്തു ത്യാഗവും സഹിക്കുന്നതിന് തിരുമേനി എപ്പോഴും സന്നദ്ധനാണ്. തിരുമനസ്സിലെ പരിമിതമായ സാമ്പത്തിക കഴിവുകൾക്കതീതമായ വിധത്തിലാണ് തിരുമനസ്സുകൊണ്ട് വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഈദൃശ്യ ശ്രമങ്ങൾ കാണുമ്പോൾ പലരും വിചാരിക്കുന്നത് സാമ്പത്തിക കഴിവുകളുടെ കൂടുതൽകൊണ്ട് ഇപ്രകാരം ചെയ്യുന്നു എന്നാണ്. എന്നാൽ പരമാർത്ഥമതല്ല. ജനങ്ങളെ സാംസ്ക്കാരികമായി ഉയർത്തുന്നതിന് ഏറ്റമുപകരിക്കുന്ന മാർഗ്ഗം വിദ്യാഭ്യാസമാകയാൽ തദർത്ഥം എത്ര വലിയ ത്യാഗം അനുഷ്ഠിച്ചാലും അധികമായിപ്പോകയില്ല എന്ന ബോധമാണ് വിദ്യാലയസ്ഥാപനത്തിനായി തിരുമേനിയെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഇങ്ങനെ തന്നോടു ബന്ധപ്പെടുന്ന സകലരുടേയും സ്നേഹാദരപാത്രവും, മാതൃകയുമായി പരിലസിക്കുന്ന മാർ സെവേരിയോസ് തിരുമേനിയുടെ ഭരണം ദൈവമഹത്വത്തിനും, ആത്മാക്കളുടെ നന്മയ്ക്കുമായി സുദീർഘമായി അക്ഷയഭാസോടുകൂടെ പരിശോധിക്കട്ടെ. തിരുമനസ്സുകൊണ്ട് നീണാൾ വിജയിക്കട്ടെ!

www.malankaralibrary.com

# 10. മംഗളമാർന്നു വാഴുക!

**(ഫാദർ യൗനാൻ ഒ. ഐ. സി.)**
**(ഓമനക്കുട്ടൻ)**

ആയിരത്തമ്പത്തെട്ടുകന്നിയിൽ
ആർയ്യഗേഹത്തിലാനന്ദം
മേരിയമ്മജനനസുദിനം
തോമ്മസ്സന്നമ്മസൂനമായ്
കന്നിയെട്ടിൽ ഭൂജാതം ചെയ്തൊരു
പൊൻപൈതൽപൂവൽമേനിയെ
വന്ദ്യനെന്നറിഞ്ഞിട്ടു ഭാനുമാൻ
വീശിതന്റെ കിരണങ്ങൾ
മുന്നിടുന്നു പരിചരിക്കുവാൻ
പുണ്യസൂനമെ; മംഗളം;
മല്ലിട്ടിപണിക്കരുവംശത്തിൽ
നല്ലൊരുബാലചന്ദ്രനായ്
മാവേലിക്കര നാട്ടാർക്കു വെട്ടം
കാട്ടും വൈദ്യുതദീപമായ്
ചേതസ്സുഖത്തെ താതമാതവി-
നേകിയോരോമൽപൊന്നുണ്ണി
സോദരകളിരുവർ മദ്ധ്യത്തിൽ
സോദരനൊന്നുകൂടെയും
ലീലലോലയും ഗാനാലാപവും
ആകവെരസകോമളം.
ഇപ്പുണ്യസൂനസൂനുവെപറ്റി
സ്വർപ്പുരേയറിയിച്ചിടാൻ
നേരത്തെയൊരുസോദരൻവിട്ടു
പാരിടം പുരുമോദമായ്

*     *     *     *     *     *

ദാവീദാശാന്റെ പള്ളിക്കൂടത്തിൽ
അക്ഷരവിദ്യ, വായന
മോദമോടെ പഠിച്ചു കിശോരൻ
ഏവർക്കും കണ്ണിലുണ്ണിതാൻ
സച്ചിതാനന്ദസ്വരൂപനൊരു
കൊച്ചുസുന്ദരപുഷ്പമായ്,
കാന്തിചിന്തിവിളങ്ങിടുന്നൊരു
ശാന്തകോമളാ! മംഗളം!
മേരി മേദുരശീലശാലിനി
മേന്മയാർന്നെഴും രൂപിണി
മായതൻ കരിമ്പായൽകൂടാതെ
പോറ്റിഭക്തകുമാരനെ
മാവേലിക്കര, കോട്ടയം എം. ഡി.
സി. എം. എസ്സ്.കോളേജ് തൊട്ടുള്ള
വേണാട്ടിൻസാക്ഷരാലയംതന്നിൽ
വിഖ്യാതനായ വിദ്യാർത്ഥി
മദ്രാസ്സിൽ ക്രിസ്ത്യൻ കോളേജിൽ
ച്ചേർന്നു ഭദ്രമായ് എം. എ.പാസ്സായി.
എം. ഡി. പ്രിൻസിപ്പാൾ കല്ക്കട്ടാ-
പ്രൊഫസർ
മോടിയേറിയ സ്ഥാനങ്ങൾ
പ്രാപിച്ച യോഗീവര്യനല്ലയോ
ഭാരതത്തിൻ മണിദീപം
പുത്തൻകൂർ സമുദായശ്രേയസ്സി-
നുത്തമമാർഗ്ഗദർശിയായ്
സ്തുത്യസേവനം ചെയ്തോരാ
ചാര്യ
സത്തമൻ ചിരം വാഴട്ടെ.
പാണ്ഡിത്യം പരിശുദ്ധി തൊട്ടുള്ള
പ്രശസ്തി പാരമാർജ്ജിച്ചോൻ
ആശ്രമം മഠം സ്ഥാപിച്ച ദിവ്യൻ

www.malankaralibrary.com

ആശ്രിതർക്കെന്നും വത്സലൻ
ക്ലേശമകന്നു വാഴണെ ചിരം
നശ്വരഭൂവിമോദമായ്
ചിത്തശുദ്ധിയാൽ നിത്യനേശുവി-
ന്നുത്തമമണവാട്ടിയായ്
യാക്കോബായസഭയെ വേഗത്തിൽ
പുരോഗമിപ്പിച്ചീടുവാൻ
ആ സഭാവീരസന്താനമായ
ആബൂൻ ശ്രമിച്ചു നിസ്സാർത്ഥം
രക്ഷകൻമലമുകളിൽവച്ച്
പക്ഷമായ് പ്രിയദാസനേ
പലതും പഠിപ്പിച്ചുശീശ്മയിൻ
ദോഷവും അന്നുഗ്രഹിച്ചു.
നാശമാംശീശ്മപാഷണ്ഡതകൾ
നീക്കി ഭാരതഖണ്ഡത്തെ
രക്ഷിപ്പാൻ പക്ഷം കർത്താവിൽവച്ച
വേദാന്തബന്ധുവാഴണം
തൊള്ളായിരത്തിമുപ്പതും പിന്നെ
ആയിരവും കൂടെണ്ണിയ
കൊല്ലംസെപ്റ്റംബർഇരുപതതിൽ
കൊല്ലംപാലസിൽവച്ചല്ലോ
പുണ്യപൂരിതൻ ഡോക്ടർബൻ
സിഗർ
തിരുമേനി തിരുമുമ്പിൽ
സത്യപ്രതിജ്ഞചെയ്തഞ്ചംഗങ്ങൾ
മംഗളം! നേർന്നുകൊള്ളട്ടെ.
പൂർവ്വന്മാർ പാരമാശിച്ച ഭാഗ്യം
പ്രാർത്ഥനപരിശ്രമത്താൽ
സാധിച്ചു പീയൂസ് പതിനൊന്നാമൻ
തിരുമേനി കരുണയാൽ
അപ്പിതാവിന്റെ സ്വാഗതോക്തികൾ
ശ്രവിച്ചിട്ടാനന്ദാശ്രുക്കൾ
ഇപ്പരിഷക്കായ് കാഴ്ചവെച്ചൊരു
ത്യാഗമാനസാ! മംഗളം
പുനരൈക്യത്തൊട്ടി നിർമ്മിച്ച
ശില്പി

നിരവധിഗുണമണിയുന്നോൻ
ഗുരുതരപീഡയേറ്റിട്ടുതന്റെ
രമണീമണിയെപാലിച്ചോൻ
പരിപൂതൻപൊന്നുതിരുമേനിയെന്നും
മംഗളമാർന്നു വാഴണം
വിശ്വത്തിലുള്ള മഹാരഥന്മാർ
ഐശ്വര്യം ആരിൽദർശിച്ചു
ആരാപ്തമിത്രമാകാൻകൊതിച്ചോ
ആമഹാവന്ദ്യൻ വാഴണം!
ഭാരതാംബികമേനിയിൽ രത്ന-
മാല്യങ്ങളാകും മോഹന
സ്ഥാപനങ്ങൾ പലതും ചാർത്തിയ
മോറിവാന്യോസെ! മംഗളം
നാനാജാതിമതസ്ഥർക്കും നന്മ
ദാനംനൽകിയത്യാഗത്മൻ
വാനദൂതനുടലെടുത്തൊരു
ജ്ഞാനകോമളാ!വാഴണം
കന്യകാരത്നങ്ങളനവധി
സന്യാസികളും സാനന്ദം
വന്നുചേർന്നല്ലൊ രക്ഷകൻസത്യ
തിരുസഭയിൽ ദൈവമേ!
വന്ദ്യരാം മൂന്നു തിരുമേനിമാർ
വന്നുസഭാനഭസ്സതിൽ
കീർത്തിയേറിയ റമ്പാന്മാർ രണ്ട്
എത്തിമാതൃമടിത്തട്ടിൽ
പൂജ്യരാംപുരോഹിതവൃന്ദവും
അത്മായരായനേകരും
ഭാഗ്യശ്രീയാർന്നു തിരുസഭയിൽ
ജീവിച്ചു രക്ഷപ്രാപിക്കാൻ
മാർഗ്ഗമേറിയ പൊൻതിരുമേനി
മംഗളമാർന്നു വാഴട്ടെ!
ആയിരങ്ങൾക്കു സുന്ദരതാര
കാണിച്ച മെത്രാപ്പോലീത്താ
ആയുരാരോഗ്യഭാവുകമായി
മംഗളമാർന്നു വാഴട്ടെ.
ആരുടെ രൂപ്യജൂബിലിദിനം

www.malankaralibrary.com

മേരിമാസമാദരിച്ചൊ
ആദിവ്യതിരുമേനി വാഴണം
പാവനാത്മതുണയ്ക്കണെ
ആനന്ദംപരമാനന്ദം വന്ദ്യൻ
രജതജൂബിലി സുദിനം
ദിനകരൻ, പൂർവ്വവിണ്ണിലുയർന്നു
കതിരുകൾവീശി വിലസുന്നു
ഭൂദേവി രജതപ്പുഞ്ചിരതൂകി
പരിശുദ്ധി കോരി ചൊരിയുന്നു
ഇളംതെന്നൽ പാരിൽപരിമളംപൂശി
പുരുമോദം മർത്ത്യർക്കേകുന്നു.
പറവകൾഗാനം തരുനിരതാളം
പ്രസൂനജാലനർത്തനം
തിറമോടെചെയ്തു സുറിയാനിരാജൻ
രജതജൂബിലിസുദിനെ
രൂപത അതിരൂപതതന്നിൽ
പ്രാർത്ഥനാസ്തോത്രഗീതികൾ
ദിവ്യപൂജകൾദിവ്യകാരുണ്യ
വാഴ്വുകൾപൊതുയോഗങ്ങൾ
മംഗളാശംസ പുഷ്പമഞ്ജരി
മംഗളമായ കർമ്മങ്ങൾ
സൽപ്പിതാവിന്നുവേണ്ടിയർപ്പിച്ച-
തൊട്ടുമധികമായില്ല.
ഭാരതാരാമം തന്നിൽനിൽക്കുന്ന
വാടാത്തമല്ലികപ്പൂവെ!
ആടലെഴാതെ താവകനാമം
ആലപിക്കട്ടനാരതം
പാവനമായ ചിന്തകളെത്ര
ചന്തമായ് വന്നുനിൽക്കുന്നു
സ്വാന്തത്തിൽനിന്നുയരുന്നു നന്ദി
അന്തോക്ക്യാറീത്തന്നദ്ധ്യക്ഷാ!
താവകരൂപ്യജൂബിലിയാകും
നാളുകളിലീയാത്മജർ
ഭാവുകം നീണാൾ നേരുന്നുതാതാ
മംഗളമാർന്ന വാഴുക.

www.malankaralibrary.com

# 11. മാർ തീയോഫിലോസു തിരുമേനി

## (ജീവചരിത്രത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടം)

## (ഫാ. ജെ. ഒ. ഐ. സി.)

കോട്ടയം പട്ടണത്തിൽ നിന്ന് മൂന്നുമൈൽ പടിഞ്ഞാറോട്ടു പോയാൽ മൂസതുമാരുടെ ആസ്ഥാനമായ ഒളശയിലെത്താം. അവിടെയുള്ള ക്രൈസ്തവ കുടുംബങ്ങളിൽ പുരാതനത്വംകൊണ്ടും, ഇതര കുലീനകുടുംബങ്ങളോടുള്ള വേഴ്ചകൊണ്ടും സുപ്രസിദ്ധമായ ഒന്നാണ് കളപ്പുരയ്ക്കൽ കുടുംബം. എക്കാലത്തും കേരള ക്രൈസ്തവരുടെ-പ്രത്യേകിച്ച് പുത്തൻകൂർ സമുദായത്തിന്റെ-ഭാഗധേയ നിർണ്ണയത്തിൽ ഗണനീയമായ ഒരു പങ്ക് കളപ്പുരയ്ക്കൽ തരകന്മാർ വഹിച്ചിട്ടുണ്ട്. ഈ വിധം പ്രശസ്തപാരമ്പര്യത്തോടുകൂടിയ കളപ്പുരയ്ക്കൽ കുടുബത്തിൽ അബ്രഹാം, അച്ചാമ്മ എന്നീ ദമ്പതീമാരുടെ സീമന്തപുത്രനായി ക്രിസ്താംബ്ദം 1891-ൽ നമ്മുടെ കഥാനായകൻ ജാതനായി. മാമ്മോദീസായിൽ പൈതലിനു നൽകപ്പെട്ട നാമം യാക്കോബ് എന്നായിരുന്നു. ഭക്തിയിലും, ജ്ഞാനത്തിലും സുപ്രസിദ്ധനായിരുന്ന മി: എൻ. ഐ. പോത്തൻ (നാലാത്ര പീലിപ്പോസുശെമ്മാശ്ശൻ) കഥാനായകന്റെ ഒരു മാതുലനായിരുന്നു. അവിടുത്തെ സ്വഭാവസംസ്കരണത്തിൽ ഈ മാതുലന്റെ ശ്രദ്ധ പ്രത്യേകം പതിഞ്ഞിരുന്നു എന്നത് നിസ്തർക്കമത്രേ.

യാക്കോബായ സമുദായാന്തരീക്ഷം കക്ഷി വഴക്കിനാൽ പ്രക്ഷുബ്ധമായിരുന്ന കാലഘട്ടം. മുടക്കും മുടക്കിന്മേൽ മുടക്കും. കോട്ടയം പട്ടണം പാത്രിയാർക്കീസ്-കത്തോലിക്കോസ് കക്ഷികളുടെ ബലപരീക്ഷണത്തിനുള്ള രംഗമായിത്തീർന്നു. കത്തോലിക്കോസ് കക്ഷിയുടെ നേതാവായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ വലംകൈയായ റവ. ഫാ. പി. റ്റി. ഗീവറുഗ്ഗീസ് എം. എ. – ഇന്നത്തെ മാർ ഈവാനിയോസു തിരുമേനി–എം. ഡി. സ്ക്കൾ പ്രിൻസിപ്പാളായി പരിലസിക്കുന്നു. പാത്രിയാർക്കീസു ഭാഗത്തിന്റെ സൂത്രധാരകരിൽ പ്രധാനി കഥാനായകന്റെ ഇളയപ്പൻ കളപ്പുരയ്ക്കൽ മിസ്റ്റർ ചാക്കോതരകനത്രേ. അന്നത്തെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ എന്തെന്തെല്ലാം ക്രൂരതകൾ നടന്നിട്ടില്ല!

രംഗം അല്പമൊന്നു ശാന്തമായപ്പോൾ, സമുദായാഭിവൃദ്ധിക്ക് യഥാർത്ഥത്തിൽ സഹായകരമാകുന്ന കാര്യങ്ങൾ എന്തെല്ലാമെന്നു നേതാക്കന്മാർ ചുഴിഞ്ഞു ചിന്തിക്കുവാൻ തുടങ്ങി. ആദർശസമ്പന്നനും, തീഷ്ണബുദ്ധിയുമായ മാർ ഈവാനിയോസ് തിരുമേനി സുദീർഘമായ ആലോചനയുടേയും

www.malankaralibrary.com

പ്രാർത്ഥനയുടേയും ഫലമായി ഒരു നിഗമനത്തിൽ എത്തിച്ചേർന്നു. വൈദിക ലോകത്തെ ഉന്നതബിരുദധാരികളാക്കുന്നതത്രേ സമുദായാഭിവൃദ്ധിക്കുള്ള ഒരു മാർഗ്ഗമെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം ആരാഞ്ഞു. ഈ കാലഘട്ടത്തിൽ സെറാംപൂർ കോളേജിലെ പ്രഫസർ സ്ഥാനത്തേയ്ക്ക് ലഭിച്ച ക്ഷണത്തെ അദ്ദേഹം ദൈവനിശ്ചയമായി പരിഗണിക്കുകയും, എം. ഡി. സ്ക്കൂൾ പ്രിൻസിപ്പാൾ ഉദ്യോഗം രാജിവച്ചിട്ടു സെറാംപൂരിനു പുറപ്പെടുവാൻ തയ്യാറാകുകയും ചെയ്തു. വൈദിക ജീവിതത്തിന് ആഗ്രഹവും തന്നോടുകൂടെ ഉത്തര ഇന്ത്യയിലേക്കു പുറപ്പെടുവാൻ സന്മനസ്സുള്ള ദൈവഭക്തരായ ഏതാനും യുവാക്കന്മാരെ അദ്ദേഹം തേടിപ്പിടിച്ചു. ഈ കൂട്ടത്തിൽ "സൗമ്യശീലനും, വിനീതബുദ്ധി"യുമായ നമ്മുടെ കഥാനായകനും ഉൾപ്പെട്ടിരുന്നു എന്നതിൽ അതിശയിപ്പാനില്ല. നാട്ടിൽ നിന്നു പുറപ്പെടുന്നതിനു മുമ്പായി അദ്ദേഹം ശെമ്മാശുപട്ടം ഏറ്റിരുന്നു.

പഠനാന്തരം യാക്കോബുശെമ്മാശൻ കശീശാപട്ടം സ്വീകരിച്ചു. അന്നു മുതൽ പൂർവ്വാധികം തീഷ്ണതയോടെ സന്യാസനിഷ്ഠകളും, വൈദിക കർമ്മങ്ങളും അദ്ദേഹം അനുഷ്ടിച്ചുപോന്നു. ഇങ്ങനെ വർഷങ്ങൾക്കുറേ മുമ്പോട്ടുനീങ്ങി. സന്യാസത്തിന്റെ വിവിധപടികൾ കടന്ന് യാക്കോബു കശീശ, നിത്യവ്രതത്താൽ തന്നെത്തന്നേ ദൈവഹിതത്തിനു ഹോമബലിയായി അർപ്പിച്ചു. അതോടെ റമ്പാൻ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്തു. യാക്കോബുറമ്പാച്ചന്റെ "ദയറാ" ആയിരിപ്പാനുള്ള ഭാഗ്യം ലഭിച്ചത് തിരുവല്ലാ ബഥനിപ്പള്ളിക്കാണ്. "പരമഭക്തനായ" റമ്പാച്ചന്റെ അനുഗ്രഹം പ്രാപിക്കാനായി നാനാജാതി മതസ്ഥരായ സ്ത്രീപുരുഷന്മാർ ദൈനംദിനം തിരുവല്ലാ ബഥനിപ്പള്ളിയിലേക്കു വന്നുകൊണ്ടിരുന്നു. ആഢ്യബ്രാഹ്മണ സ്ത്രീകൾപോലും, അനുഗ്രഹം അഭ്യർത്ഥിച്ചുകൊണ്ട് പള്ളിവാതിൽക്കൽ കാത്തുനിൽക്കുന്ന കാഴ്ച അപൂർവ്വമായിരുന്നില്ല. വന്ദ്യറമ്പാച്ചന്റെ തിരുവല്ലാ ബഥനിപ്പള്ളിയിലെ താമസം ചുരുങ്ങിയ കാലത്തേക്കേ ഉണ്ടായിരുന്നുള്ളുവെങ്കിലും, തിരുവല്ലായിലും പരിസരങ്ങളിലും അത് സ്ഥായിയായ സൽഫലങ്ങളെ പുറപ്പെടുവിച്ചു എന്ന് സംശയലേശമെന്യേ പറയാം.

വന്ദ്യറമ്പാച്ചൻ 1928 ധനു 5-ാം തീയതി എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും, 1929 കുംഭം 3-ാം തീയതി മാർ തിയോഫിലോസ് എന്ന അഭിധാനത്തിൽ ബഥനി എപ്പിസ്ക്കോപ്പയായി വാഴിക്കപ്പെടുകയും ചെയ്തു. കൊച്ചു തിരുമേനി തന്റെ അധികാരത്തിൻ കീഴിലുള്ള ബഥനിപ്പള്ളികൾ സഹജമായ കൃത്യബോധത്തോടെയും, എന്നാൽ ആർഭാടരഹിതമായും ഭരിച്ചുപോന്നു.

ഏതാനും കൊല്ലങ്ങളായി എഴുത്തുകുത്തിലിരുന്ന കത്തോലിക്കാ പുനരൈക്യപ്രസ്ഥാനം ഇക്കാലത്തോടെ സാധിതപ്രായമായി. പക്ഷേ, ഫലം ആശിച്ചതുപോലെയായിരുന്നില്ല. വട്ടിപ്പണക്കേസിന്റെ വിജയലഹരിയിൽ മുഴുകി,

www.malankaralibrary.com

പുനരൈക്യാലോചനയിൽ ഉൾപ്പെട്ടിരുന്ന പല മെത്രന്മാരും പിന്മാറുകയാണുണ്ടായത്. ഇതുകൊണ്ടൊന്നും മാർ ഈവാനിയോസ് തിരുമേനിയും മാർ തിയോഫിലോസ് തിരുമേനിയും ഭഗ്നാശരായില്ല. ദൈവമഹത്വത്തെയും ആത്മാക്കളുടെ രക്ഷയേയും മാത്രം മുൻനിറുത്തി അവർ നാളിതുവരെ അദ്ധ്വാനിച്ചു. ഈ ശുദ്ധനിയോഗം ഈ അവസരത്തിലും അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. തൽഫലമായി മാർ തിയോഫിലോസ് തിരുമേനി, തന്റെ മെത്രാപ്പോലീത്തായോടും, ഒരു പട്ടക്കാരൻ, ഒരു ശെമ്മാശൻ, ഒരു അന്മേനി എന്നീ പ്രതിനിധികളോടും കൂടി, 1930 സെപ്റ്റംബർ 20-ാം തീയതി, കൊല്ലം ബിഷോപ്സ് ഹൗസിൽവച്ച്, അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ സന്നിധാനത്തിൽ വിശ്വസപ്രതിജ്ഞ ചെയ്യുകയും, തിരുസഭാ മാതാവിന്റെ അംഗതലത്തിൽ സാമോദം സ്വീകരിക്കപ്പെടുകയും ചെയ്തു. തുടർന്നു തിരുവല്ലാ രൂപത ഔദ്യോഗികമായി സ്ഥാപിക്കപ്പെടുകയും മാർ തീയോഫിലോസ് തിരുമേനി അതിന്റെ പ്രഥമ മെത്രനായി അവരോധിക്കപ്പെടുകയുമുണ്ടായി.

പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്ത് വന്ദ്യതിരുമേനി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ വാചാമഗോചരമത്രേ. ബന്ധുക്കൾ ശത്രുക്കളായി. അനുഭാവികൾ അകന്നവരായി. എവിടെയും ബഥനിക്കാർക്കെതിരായി ദൂഷണങ്ങളേ കേൾപ്പാനുള്ളൂ. ഈ എതിർപ്പിന്റെയെല്ലാം കേന്ദ്രമായ തിരുവല്ലാപട്ടണം തിരുമേനിയുടെ ആസ്ഥാനവും! ഈ സാഹചര്യത്തിലും പരമകാരുണികനായ ദൈവത്തിലുള്ള വിശ്വാസം തിരുമേനിയെ അക്ഷോഭ്യനായി നിലനിർത്തി. അവിടുത്തെ സൗമ്യതയും വിനയശീലവും എതിർപ്പിനെ ശമിപ്പിക്കയും, ഭക്തിപ്രചുരിമ അനേകരെ തന്നിലേക്ക് ആകർഷിക്കുകയും ചെയ്തു. തന്നെ സമീപിക്കുന്ന ഏവരിലും ബഹുമാനാദരങ്ങൾ ഉദ്ദീപിക്കുവാൻ പര്യാപ്തമായ പ്രവർത്തനരീതി ഈ കാലത്ത് അവിടുത്തേക്ക് എത്രമാത്രം സഹായകമായിരുന്നു എന്ന് പറഞ്ഞറിയിക്കേണ്ടതില്ല. ദൈവാനുഗ്രഹത്താലും വന്ദ്യതിരുമേനിയുടെ നിസ്തന്ദ്രപരിശ്രമത്താലും തിരുവല്ലാ രൂപത ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുവന്നു. തിരുവല്ലാ, നിരണം, കവിയൂർ, കല്ലൂപ്പാറ, വെണ്ണിക്കുളം, അയിരൂർ ആദിയായ പ്രധാന കേന്ദ്രങ്ങളിലെല്ലാം പള്ളികൾ സ്ഥാപിക്കപ്പെട്ടു. ബഥനിമഠം, ബഥന്യാശ്രമം, പെറ്റിസിമ്മനാരി, സെന്റ് ജോസഫ് പ്രസ്സ്, സ്കൂളുകൾ ആദിയായ പൊതു സ്ഥാപനങ്ങളും വന്ദ്യതിരുമേനിയുടെ അവിശ്രമപരിശ്രമത്തിന്റെ സാക്ഷികളായി ഉയർന്നുവന്നു. രൂപതാ ശിശുവിന്റെ ബാലാരിഷ്ടതകൾ ഏതാണ്ടു പരിഹരിക്കപ്പെട്ടു എന്ന നിലയിലായി. ഇനി തിരുമേനിക്കു കടമയായി ശേഷിച്ചിരുന്നത് നിത്യനഗരമായ റോമായിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിച്ച് ഭക്ത്യാദരവു പ്രകടിപ്പിക്കുകയാണ്. കൃത്യവിലോപം എന്തെന്നറിഞ്ഞിട്ടില്ലാത്ത തിരുമേനി ശരീരക്ഷീണത്തെ വകവയ്ക്കാതെ അതിനും പുറപ്പെട്ടുകഴിഞ്ഞു. ഇറ്റലി, ഫ്രാൻസ്, ബൽജിയം, ഇംഗ്ലണ്ട് ആദിയായ യൂറോപ്യൻ രാജ്യങ്ങളി

www.malankaralibrary.com

ലെല്ലാം സഞ്ചരിച്ച് വിജ്ഞാനസമ്പന്നനായി പത്തുമാസങ്ങൾക്കുശേഷം തിരുമേനി സ്വന്ത രൂപതയിലേക്കു പ്രത്യാഗമിച്ചു.

റോമായാത്രാനന്തരം, പൂർവ്വവൽ ഉന്മേഷത്തോടെ തിരുമേനി രൂപതാ ഭരണം കൈയേറ്റുവെങ്കിലും, അധികം താമസിയാതെ രോഗാതുരനാകുകയാണുണ്ടായത്. കഴിവുള്ള പ്രതിവിധികളെല്ലാം ചെയ്തുനോക്കി. എല്ലാം വിഫലമായതേയുള്ളൂ. രൂപതാഭരണം ഇനി തുടർന്നുകൊണ്ടുപോകുന്നത് ആശാസ്യമല്ലെന്നു കാണുകയാൽ, അഞ്ചുവർഷത്തെ പ്രശസ്തമായ തിരുസഭാ സേവനത്തിനുശേഷം, മോൺസിഞ്ഞോർ സക്കറിയാസ് വാച്ചാപറമ്പിൽ അവർകളെ ചുമതല ഭരമേൽപിച്ചിട്ട് ഭരണഭാരത്തിൽനിന്നെല്ലാം തിരുമേനി പിന്മാറി. തിരുവല്ലാ അരമനയിൽ വിശ്രമിക്കുന്ന ഇക്കാലത്തും താൻ സ്നേഹപൂർവ്വം പരിലാളിച്ചു വളർത്തിക്കൊണ്ടുവന്ന രൂപതാശിശുവിന്റെ നാനാമുഖമായ അഭിവൃദ്ധിയത്രേ തിരുമനസ്സിലെ ചിന്താവിഷയം. അവിടുത്തെ ക്ലേശങ്ങളും ത്യാഗങ്ങളും ഈ രൂപതാശിശുവിന് ധാരാളമായ അനുഗ്രഹങ്ങൾ കൈവരുത്തട്ടെ! അഭിവന്ദ്യതാതന്ന് ആയുരാരോഗ്യങ്ങൾ നേർന്നുകൊള്ളുന്നു.

## സഭയുടെ വിജയപതാക

" എന്നാൽ കത്തോലിക്കാസഭ മഹാരാഷ്ട്രങ്ങളുടെ അധഃപതനത്തേയും റോമാസാമ്രാജ്യത്തെ പാടെ നശിപ്പിച്ച മ്ലേച്ഛവർഗ്ഗക്കാരുടെ ഭയങ്കരാക്രമത്തേയും അതിജീവിച്ചതിന്റെ കാരണമെന്തായിരിക്കാം! ക്രൈസ്തവലോകത്തിന്റെ അടിസ്ഥാനത്തെക്കൂടാതെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്ന 'നവീകരണ' വിപ്ളവത്തോടു പ്രസ്തുത സഭ സധൈര്യം എതിർക്കുകയും അവസാനം വിജയം കൈവരിക്കുകയും ചെയ്തതിന്റെ രഹസ്യം എന്തായിരിക്കാം? ആധുനികകാലത്തെനിരീശ്വരത്വം, നിർമ്മതത്വം ആദിയായ ഒട്ടനേകം നവീകരണ പ്രസ്ഥനങ്ങളോടും ധീരതയോടെ പോരാടി അവയെ കീഴടക്കിയിരിക്കിന്നതിന്റെയും കാരണം എന്തായിരിക്കാം? ഭൂലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ അവളുടെ വിജയപാത ഇന്നു പാറിഷറന്നുകൊണ്ടിരിക്കുന്നതിന്റെ രഹസ്യവും എന്തായിരിക്കാം? ക്രസ്ത്വാബ്ദത്തിന്റെ ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന വിശുദ്ധ യോഹന്നാൻ, അതേ, ക്രിസ്തുവിന്റെ ആ ശിഷ്യസത്തമൻതന്നെ ഇതിന്റെ കാരണത്തെഷറ്റി പ്രസ്താവിച്ചിരിക്കുന്നതു കേട്ടാലും.

"ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ". (1 യോഹ.5:4). അതേ, ഇന്നത്തേഷോലെ ഇക്കഴിഞ്ഞ പത്തൊൻമ്പതു ശതവർഷങ്ങളിലും കത്തോലിക്കാസഭ ലോകത്തിൽ വിജയശ്രീലാളിതയായിഷരിലസിച്ചിട്ടുള്ളതിന്റെ യഥാർത്ഥ കാരണം പ്രസ്തുതസഭ ക്രിസ്തുവിനാൽ സംസ്ഥാപിതവും അവിടുത്തെ സാന്നിധ്യത്താൽ സകല തെറ്റുകളിൽ നിന്നും സംരക്ഷിതവുമാണെന്നുള്ളതത്രേ. അതേ, സത്യ ക്രിസ്തുസഭയും ഇതൊന്നു മാത്രമത്രേ."

www.malankaralibrary.com

# 12. കൂപ്പുകൈ

## (സിസ്റ്റർ മക്രീന, എസ്സ്. ഐ. സി.)
## "മാകന്ദ മഞ്ജരി"

ആരുടെയാഗമനോത്സവമഹംനാം
ഹർഷവിവശരായ് പാർത്തിടുന്നു
ആരുടെ വിരഹത്താൽ തിരുവല്ലാ രൂപത
യായിടും മംഗളരൂപിണിയാൾ
ആവില ചിത്തയായ്-തൻപ്രായാഗമനം
പ്രേമശ്രീവായ്പോടെ നോക്കി നോക്കി
ആഗമവേളയിലാനന്ദപ്പൂമാല്യം
ചാർത്തിയാമോദിപ്പാൻ വെമ്പിടുന്നു
ആധന്യപാവന മംഗല്യരൂപനെ
ആചാര്യോത്തംസമാം-പുണ്യമൂർത്തേ!
മാർ സേവേറിയോസെന്നുള്ളൊരുധന്യമാം
പുണ്യനാമാങ്കിതനാം പിതാവേ!
ഭാവുകംഅങ്ങേക്കനാരതമോതുന്നേൻ
ധന്യനാമം മേന്മേൽ വെൽവുതാക.
മംഗളാശംസകളാവോളം ചൊന്നാലും
മക്കൾതൻ നാവിന്നു് തൃപ്തിപോരാ.

*    *    *    *    *

ഈ വന്ദ്യതാതനാം സദ്ചരിതനൊരു
ആര്യകുലത്തിൽ ജനിച്ചതത്രേ.
വാളക്കുഴിയിലെ പുണ്യപൊൽതാരമായ്
മല്ലപ്പള്ളിക്കുഗ്രജ്യോതിസ്സായി
മഞ്ജളഹേമന്തപൃനിലാവിൽ ചെറു
മഞ്ഞണിചെമ്പകപൂമൊട്ടായി
വിണ്ണിൽദിഗന്തങ്ങൾ തിങ്ങിലസിക്കുന്ന
പുണ്യപ്രഭാതക്കതിരവനായ്
മന്ദാരസുന്ദരമായാരാമത്തിലെ
നന്ദനാകാരപനിനീർപൂവായ്
നാട്ടിന്നുംനാട്ടാർക്കും-ജ്ഞാനപ്രദീപത്തെ

www.malankaralibrary.com

ക്കാട്ടിടും സത്യമണിവിളക്കായ്
ആയിരത്തറുപത്തൊൻപതാമാണ്ടിലെ
ഭവ്യപരിപൂതമായനാളിൽ
കുംഭംമാസത്തിലെ സൗവർണ്ണവേളയിൽ
ഈ ശിശു ജാതനായ് ഹന്തഭാഗ്യം!!!
പൂനിലാവോളം ലസിക്കുന്ന പുഞ്ചിരി-
ക്കൊഞ്ചലാൽ ശോഭിക്കുമിശ്ശിശുവെ
കാണുന്നനേരത്തു മാതൃഹൃദയത്തി-
ലെന്തെന്തു ചിന്തകളുണ്ടായീല.
താരും പൊൻതളിരും ആനമിച്ചീടുന്ന
കോമളനാംശിശു സോദർക്കും
മാതാപിതാക്കൾക്കും,-മാലോകർക്കൊക്കെയും
കണ്ണിന്നമൃതോപമായിരുന്നു.
ബാലലീലകളാൽ ലാലസിച്ചുടുന്ന
ഓമനകാഞ്ചനപിഞ്ചുബാലൻ
വിദ്യയിലെത്രയും ചിത്തകുതൂഹല-
വൃത്തിയായത്യന്തവൃത്തിനേടി
ഉന്നതബുരുദധാരിയായുത്തമ
ചിത്തവൃത്തികൾക്ക്-മാതൃകയായ്
ആദർശഭൂഷിതനായിവിജ്ഞാനികൾ-
ക്കുത്തമസൗഹൃദബന്ധുവായി
സ്വന്തം ജനങ്ങളെഭക്തിയാം മാർഗ്ഗത്തിൽ
ആനയിച്ചീടുവാനുത്സുകനായ്-
ആയിരത്തിതൊള്ളായിരുപത്തൊൻപതിൽ
ജാനുവരിമാസംതന്നിലുള്ള
ഇരുപത്തൊൻപതാം പുണ്യസുദിനത്തിൽ
വൈദികാഭിഷിക്തനായിഭംഗ്യാ

* * * * *

വൈദികമേലദ്ധ്യക്ഷനാംമാറീവാന്യോസ്
യാക്കോബായാസഭവിട്ടഖേദാൽ
സ്വന്തമജഗണങ്ങളെസദ്വിശ്വാസ
സത്യമാർഗ്ഗത്തിലുറപ്പിക്കുവാൻ
കൂറോടെവേഗത്തിൽമെത്രാഭിഷിക്തനായ്
വീറോടെയത്നങ്ങൾ ചെയ്തുപോന്നു.
തീഷ്ണമതിയായി സജ്ജനാരാദ്ധ്യനായ്
വിജ്ഞാനതൃഷ്ണനായ് മേവിടുമ്പോൾ

www.malankaralibrary.com

സ്വന്തം സഭയിലുള്ളനൈക്യംനീക്കുവാൻ
അക്ഷീണാദ്ധ്വാനത്തെ ചെയ്തിടുമ്പോൾ
സത്യവും സ്നേഹവും സമാധാനവുമായ്
വാഴണമെന്നോർത്താരാഞ്ഞിടുമ്പോൾ
കത്തോലിക്കാസഭമാത്രമെയൂഴിയിൽ
സത്യസഭയായ് താൻ കണ്ടതുള്ളൂ
ഉൾത്താരിലത്യന്തം മോദമുല്പന്നമായ്
കൊണ്ടുപകർന്നിടും തിങ്കൾപോലെ
ക്ഷിപ്രമായ്കാര്യങ്ങളൊക്കെയുംഭംഗിയിൽ
ഭക്തിശിരോമണി ചെയ്തുതീർത്തു
ശുദ്ധഹൃദയാലു നിർമ്മലമാനസൻ
സത്തർക്കു സന്മാർഗ്ഗ പുണ്യദീപം
കാരുണ്യവാരിധി ദൈവഹിതമിതെ-
ന്നന്തരംഗമോതിയ നിമിഷം
പുനരൈക്യഹാരമാം കണ്ഠാഭരണത്തെ
ചാർത്തിയാമോദത്തോടിങ്ങുപോന്നു
സ്നേഹസംപൂജ്യനെ ശ്രേയസ്സിൻദീപമെ
വത്സലതാതനെ ഭാവുകം തേ
ക്ലേശങ്ങളേറെ വഹിച്ചു താനെത്രയും
ആശ സാഫല്യത്തിൻ പൂർത്തിക്കായി
വന്നോരു മാലുകൾ എത്ര പറഞ്ഞാലും
എണ്ണിയാലും പോയോരു തൻ നാഥന്റെ സാക്ഷാൽ
അനുഗാമി താനാണെന്നുള്ള സത്യം
ആവിഷ്ക്കരിച്ചിടും പുണ്യപൂരിതനെ
ധന്യനെ ഭാവുകം ഭാവുകം തേ
തിരുവല്ലാ മിസ്സത്തിൻ ദുർവ്വഹമാംഭാരം
അരുമയിൽ വഹിച്ച സ്നേഹതാതാ
വല്ലായ്മകളേറെയേറ്റുതൻ മാനസം
അല്ലലാമഗ്നിയിൽ നീറിടുമ്പോൾ
ഭാരാർദ്ദിതർക്കെല്ലാമാശ്വാസദായകൻ
ആരാദ്ധ്യനാഥൻ തുണച്ചിടട്ടെ.
മക്കൾ താൻ പാലനം ചെയ്വതിനെത്രയും
തക്ക പ്രഗത്ഭവനാം പിതാവെ
താവകാദ്ധ്വാനങ്ങൾ വിജയിച്ചീടട്ടെ
ദൈവമങ്ങെ നിത്യം കാത്തിടട്ടെ
പുണ്യവിപാകത്തിൻ പൂർത്തിക്കായ് പാശ്ചാത്യ

www.malankaralibrary.com

ഗണ്യപര്യടനംചെയ്തിടാനും
സത്യസഭാ തലവനാമഭിവന്ദ്യ
സത്യതാതാശിസ്സുവാങ്ങിടാനും
വൈദികവരേണ്യനായിടുന്ന ദിവ്യൻ
മദീയ സെക്രട്ടറി പുണ്യധീമാൻ
റവറന്റ് ഫാദർ മാത്യു നെടുങ്ങട്ടോരുമിച്ച്
അവികാലാഭിലാഷം പൂരിപ്പിക്കാൻ
മോഹനാമായൊരുജൂബിലിയിൽ പുണ്യോ-
ദ്ദോഹമാം യാത്രയെ ചെയ്തുകൊണ്ട്
ധന്യാത്മക്കളെയും ലൂർദ്ദു, ഫാത്തിമാതൊ-
ട്ടന്യ തീർത്ഥസ്ഥലങ്ങളെയും
സന്ദർശിച്ചാമോദാലെത്തുന്ന താതനെ
വന്ദനാദരവായ് മംഗളം തേ
ത്യാഗമനോഹരമാം മണിവേദിയിൽ
ത്യാഗജീവിതം നയിക്കും താതാ
ഭാവുകമങ്ങേയ്ക്കണച്ചിടട്ടെ സ്നേഹ
ഭവ്യരാകും മക്കളാത്തമോദാൽ
പ്രാർത്ഥനയും പരിത്യാഗവുമർപ്പിച്ചു
ഭാവുകം ചേർക്കുന്നേൻ കൂപ്പുകൈയായ്.

## പരിശുദ്ധപിതാവു നിർദ്ദേശിക്കുന്ന ആറു കാര്യങ്ങൾ

1. കത്തോലിക്കർ പരിശുദ്ധവും മാതൃകാപരവുമായ ജീവിതം നയിക്കണം.
2. ധനവാന്മാരും ദരിദ്രന്മാരും ലൗകിക ധനത്തേക്കാൾ കൂടുതലായി ആദ്ധ്യാത്മികധനത്തെ വിലമതിക്കണം.
3. ക്രിസ്തീയപരസ്നേഹം പ്രായോഗിക ജീവിതത്തിൽ ഏവരും പ്രകടിപ്പിക്കണം.
4. സാമുദായനീതി സകലത്തിലും പരിപാലിക്കുവാൻ ശ്രദ്ധപതിക്കണം.
5. കത്തോലിക്കാസഭയുടേയും കമ്മ്യൂണിസത്തിന്റേയും പ്രബോധനങ്ങൾ ഏവയെന്നു ശരിയായി പഠിക്കണം.
6. പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളും അനുദിനം അനുഷ്ഠിക്കണം.

www.malankaralibrary.com

# 13. ജൂബിലിവർഷം

## (റ്റി. ജെ. വി.)

മനുഷ്യപാപം നിമിത്തം പ്രോജ്ജ്വലിക്കുന്ന ദൈവകോപം പ്രാർത്ഥനകൾ, പ്രായശ്ചിത്തങ്ങൾ, സൽപ്രവൃത്തികൾ മുതലായവയാൽ പ്രശാന്തമാകുമെന്നും, ഇവമൂലം നിരവധി അനുഗ്രഹങ്ങൾ മനുഷ്യകുലത്തിനു പൊതുവായി സിദ്ധിക്കുമെന്നും പുരാതനകാലം തുടങ്ങി പ്രായേണ സർവ്വമതസ്ഥരും വിശ്വസിച്ചുവരുന്നു. ദൈവം തെരഞ്ഞെടുത്തു പ്രത്യേക വിധം അനുഗ്രഹിച്ച യഹൂദജനത്തിന്റെ ചരിത്രം ഈ വിശ്വാസത്തിന് ഉത്തമ സാക്ഷ്യങ്ങൾ നൽകുന്നുണ്ട്. എപ്പോഴൊക്കെ ദൈവത്തിന്റെ കല്പനകളെ അവഗണിച്ചു യഹൂദജനം ജീവിച്ചിട്ടുണ്ടോ അപ്പോഴെല്ലാം ദൈവം അവരെ കഠിനമായി ശിക്ഷിച്ചിട്ടുള്ളതായും, എന്നാൽ പാപങ്ങൾക്കു തക്കതായ പരിഹാരം ചെയ്തു ദൈവത്തിങ്കലേക്കു പിന്തിരിഞ്ഞിട്ടുള്ളപ്പോഴെല്ലാം അവിടുന്ന് സമൃദ്ധമായി അനുഗ്രഹിച്ചിട്ടുള്ളതായും വേദപുസ്തകത്തിൽ നിന്നും ഗ്രഹിക്കുവാൻ കഴിയും. ജലപ്രളയത്താൽ ദൈവം ലോകത്തെ നശിപ്പിച്ചെങ്കിലും നോഹിന്റെ ബലിയിൽ സന്തുഷ്ടനായി മേലാൽ ജലപ്രളയത്താൽ ഒരിക്കലും ലോകത്തെ നശിപ്പിക്കയില്ലെന്ന് അവിടുന്നു വാഗ്ദാനം ചെയ്യുകയും, നോഹിന്റെ പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങിയ സകല ജീവജാലങ്ങളെയും ആശീർവദിച്ചു വർദ്ധിച്ചു പെരുകുന്നതിനുള്ള നൽവരങ്ങൾ നൽകുകയും ചെയ്തു. ദൃഢവിശ്വാസിയും ഭക്തനുമായ അബ്രഹാമിന്റെ മദ്ധ്യസ്ഥപ്രർത്ഥനയിൽ സംപ്രീതനായ ദൈവം ദുർമാർഗ്ഗത്തിൽ നിമഗ്നമായ സോദോം, ഗോമോറാ എന്നീ നഗരങ്ങളിൽ പത്തു നീതിമാന്മാരെങ്കിലും ഉണ്ടെങ്കിൽ അവയെ നശിപ്പിക്കയില്ലെന്ന് ഉറപ്പുനൽകി. മൂശെയുടെ തീവ്രമായ പ്രാർത്ഥനകളാൽ ദൈവത്തിന്റെ ഉഗ്രക്രോധത്തിൽ നിന്നും കഠിന ശിക്ഷകളിൽനിന്നും ഇസ്രയേൽജനം പലപ്രാവശ്യം വിമുക്തമായി. യൗനാൻ ദീർഘദർശിയുടെ പ്രസംഗം ശ്രവിച്ച് അനുതപിച്ചതുനിമിത്തം നിനവേ നിവാസികൾ നാശത്തിൽനിന്നു രക്ഷപ്രാപിച്ചു.

പ്രായശ്ചിത്തത്തിന്റെയും പശ്ചാത്താപത്തിന്റേയും പ്രാർത്ഥനകളുടെയും ഈ ദൃശ്യമായ വിലയും ഫലവും ശരിയായി ഗ്രഹിച്ചതുകൊണ്ടാണു ലോകരക്ഷകന്റെ വഴിയൊരുക്കുവാൻ നിയുക്തനായ സ്നാപക യോഹന്നാൻ "പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." (മത്താ : 3, 2) എന്നിങ്ങനെ മരുഭൂമിയിൽ പ്രസംഗിച്ചത്. ക്രിസ്തു നാഥനും തന്റെ സുവിശേഷപ്രസംഗം ആരംഭിച്ചതു "സ്വർഗ്ഗരാജ്യം സമീപിച്ചിരി

www.malankaralibrary.com

ക്കകൊണ്ടു പശ്ചാത്തപിക്കുവിൻ" (മത്താ. 4,7) എന്ന് ഉദ്ബോധിപ്പിച്ചു കൊണ്ടാണല്ലോ.

ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസ്സഭയും പലമാർഗ്ഗങ്ങളിലൂടെ അനുതാപത്തിനും പ്രാർത്ഥനയ്ക്കും പരിഹാരപ്രവൃത്തികൾക്കുമായി സ്വസന്താനങ്ങളെ പ്രേരിപ്പിച്ചുവരുന്നു. ഇരുപത്തഞ്ചുനോമ്പ്, അമ്പതുനോമ്പ് ആദിയായ നോമ്പുകളും, ഏതാനും ഉപവാസ ദിനങ്ങളും ഈ ഉദ്ദേശ സാദ്ധ്യത്തിനായിട്ടാണു സഭയിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ജൂബിലി വത്സരം ആചരിച്ചുവരുന്നതും സഭാംഗങ്ങൾ പ്രത്യേകമായ ചില സൽകൃത്യങ്ങളും പ്രായശ്ചിത്തപ്രവൃത്തികളും ചെയ്തു പാപമോചനവും ദൈവാനുഗ്രഹവും പ്രാപിക്കുന്നതിനുവേണ്ടിയാണ്.

പഴയനിയമകാലത്തു യഹൂദന്മാരുടെ ഇടയിൽ ഏഴാം വത്സരം ശാബത വത്സരമായും, അമ്പതാംവത്സരം ജൂബിലിവത്സരമായും ആഘോഷിക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നതായി ആചാര്യന്മാരുടെ പുസ്തകത്തിൽനിന്നും മനസ്സിലാക്കാം. "ഏഴാം വത്സരം ദേശത്തിനു ശാബതങ്ങളുടെ ശാബതം ആയിരിക്കണം............. നിങ്ങളുടെ വയലുകളിൽ നിങ്ങൾ വിതയ്ക്കരുത്; നിങ്ങളുടെ മുന്തിരിത്തോട്ടങ്ങളിൽ നിങ്ങൾ ശിഖരങ്ങൾ മുറിയ്ക്കയുമരുത്............ അമ്പതാം വത്സരത്തെ നിങ്ങൾ ശുദ്ധീകരിക്കണം. ദേശത്തു അതിന്റെ സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്യണം"(ആചാര്യ : 25, 4-10). ശാബതവത്സരത്തിലും ജൂബിലിവത്സരത്തിലും അടിമകൾക്കു സ്വതന്ത്ര്യം ലഭിച്ചിരുന്നു. "യഹൂദനായ ഒരു ദാസനെ നീ വാങ്ങിയാൽ അവൻ ആറു വത്സരം നിന്നെ സേവിക്കയും ഏഴാമത്തേതിൽ സ്വതന്ത്രനായി നിന്റെ പക്കൽനിന്നു പോകയും ചെയ്യട്ടെ" (പുറപ്പാട് 21,2). ജൂബിലിവർഷത്തിൽ കടങ്ങൾ ഇളച്ചുകൊടുക്കപ്പെടുകയും, ദേശഭ്രഷ്ടരായവർക്കു സ്വദേശത്തേക്കു തിരിച്ചുവരുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. ദൈവം യഹൂദജനത്തിനു വാഗ്ദാനം ചെയ്തിരുന്ന ഭൂമിയിൽ ഒരാൾക്കു ലഭിച്ചിരുന്ന അവകാശം എത്രപ്രാവശ്യം കൈമാറിപ്പോയിരുന്നാലും ജൂബിലിവത്സരത്തിൽ യാതൊരു പ്രതിഫലവും കൂടാതെ ആ ആൾക്കുതന്നെ തിരികെ ലഭിച്ചിരുന്നു. "ജൂബിലിയുടെ ഈ ആണ്ടിൽ നിങ്ങൾ ഓരോരുത്തർ തന്റെ അവകാശത്തിലേക്കു തിരികെപ്പോകണം. നീ നിന്റെ കൂട്ടുകാരനു വല്ല സാധനവും വില്ക്കയോ, നിന്റെ കൂട്ടുകാരനിൽനിന്നു വാങ്ങുകയോ ചെയ്താൽ നിങ്ങളിൽ ഒരുവൻ തന്റെ സഹോദരനെ ചതിക്കരുത്" (ആചാര്യ 25, 13-14). ജൂബിലി എന്ന പദംതന്നെയും കൊണ്ടുവരിക അഥവാ മുളപ്പിക്കുക എന്നർത്ഥമുള്ള "യബെൽ" എന്ന എബ്രായ ധാതുവിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ളതാണെന്നും സ്മരണീയമത്രേ. അതേ, ജൂബിലിവത്സരം പൂർവ്വവകാശത്തിലേക്കും പൂർവ്വസ്വാതന്ത്ര്യത്തിലേക്കും യഹൂദരെ കൊണ്ടുവരുകയും അവർക്കായി നിരവധി നന്മകൾ മുളപ്പിക്കയും ചെയ്തുവന്ന ഒരു കാലഘട്ടമായിരുന്നു.

www.malankaralibrary.com

കത്തോലിക്കാ തിരുസഭയിലും ജൂബിലിവത്സരം ആചരിച്ചുവരുന്നതു സഭാംഗങ്ങൾ ധാരാളം പുണ്യകൃത്യങ്ങൾ ചെയ്തു പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും, പാപഫലമായി ലോകത്തിൽ ഉണ്ടായിട്ടുള്ള ദൈവശിക്ഷകൾ നീക്കുന്നതിനും, പ്രത്യേകവിധമായ ദൈവാനുഗ്രഹങ്ങൾ സമ്പാദിക്കുന്ന തിനും വേണ്ടിയാണ്. 1925-നെ ജൂബിലി വത്സമായി പ്രഖ്യാപനം ചെയ്ത പതിനൊന്നാം പീയുസ് മാർപ്പാപ്പ തന്നെ എട്ടുവർഷങ്ങൾക്കുശേഷം 1933-നെ ജൂബിലി വത്സരമായി പ്രഖ്യാപനം ചെയ്തപ്പോൾ, തിന്മകൾ നിറഞ്ഞ ലോകത്തിന്, ദുരിതങ്ങൾ അനുഭവിക്കുന്ന ലോകത്തിന് ആദ്ധ്യാത്മിക ശക്തിയും നൽവരങ്ങളും ലഭിപ്പാൻ ജൂബിലിവർഷം പോലുള്ള അനുഗ്ര ഹകാലം അത്യാവശ്യകമാണെന്നത്രെ പ്രസ്താവിച്ചത്.

ഇക്കാലത്തു ആചരിച്ചുവരുന്നതുപോലുള്ള ജൂബിലിവത്സരം ക്രിസ്ത്വബ്ദം 1300-ൽ എട്ടാമത്തേ ബൊനിഫാസ് മാർപ്പാപ്പയാണ് ആദ്യമായി പ്രഖ്യാപനം ചെയ്തത്. നൂറുകൊല്ലത്തിൽ ഒരിക്കൽ ജൂബിലി വത്സരം ആച രിക്കണമെന്ന് ഈ മാർപ്പാപ്പ തീരുമാനിച്ചു. എന്നാൽ ആറാമത്തേ ക്ലമന്റ് മാർപ്പാപ്പ അമ്പതു കൊല്ലത്തിൽ ഒരിക്കൽ ജൂബിലി ആഘോഷിക്കണ മെന്നു വ്യവസ്ഥചെയ്ത് 1475 ജൂബിലി വത്സരമായി പ്രഖ്യാപനം ചെയ്തു. ഈ പതിവ് ഇപ്പോഴും നിലനിന്നു വരുന്നു. മനുഷ്യന്റെ ലോകജീവിതം ഹ്രസ്വ മാകയാൽ നൂറും അമ്പതും വർഷങ്ങൾക്കു ഇടയിൽ ഒരു ജൂബിലി ആഘോ ഷിച്ചാൽ വളരെ ചുരുക്കം പേർക്കു മാത്രമേ ജൂബിലി സംബന്ധിച്ചുള്ള അനുഗ്രങ്ങൾ ലഭിക്കുവാൻ സാധിക്കുകയുള്ളല്ലോ. ഇക്കാരണത്താലാത്രെ ഇരുപത്തഞ്ചുകൊല്ലത്തിൽ ഒരിക്കൽ ജൂബിലി ആഘോഷിക്കണമെന്നുള്ള നിശ്ചയം സഭയിൽ നടപ്പിൽ വന്നത്. വിശ്വാസവിഷയങ്ങളേയും സാന്മാ ർഗ്ഗിക നിയമങ്ങളേയും ബാധിക്കാത്ത ഭക്തിപരമായ ഇക്കാര്യത്തിൽ ചില മാർപ്പാപ്പാമാർ ചെയ്ത വ്യവസ്ഥകളിൽ വരുത്തിയതു വി. പത്രോസിന്റെ പിൻഗാമിയെന്ന നിലയിൽ മാർപ്പാപ്പായ്ക്കുള്ളതായി കത്തോലിക്കർ വിശ്വസി ക്കുന്ന അപ്രമാദിത്വത്തിന് എതിരല്ലെന്ന് ഇവിടെ പ്രത്യേകിച്ച് പറയേണ്ട തില്ലല്ലോ.

1950-ലെ ഈ ജൂബിലി തിരുസഭയിലെ ഇരുപത്താഞ്ചാമത്തെ ജുബി ലിയാണ്. 1925-ലെ സാധാരണ ജൂബിലിക്ക് പുറമേ നമ്മുടെ കർത്താവ് കുരി ശിൽ മരിച്ച് മനുഷ്യരക്ഷ സാധിച്ചിട്ടു 1900 വർഷങ്ങൾ അഥവാ പത്തൊൻപതു ശതാബ്ദങ്ങൾ പൂർത്തിയായതിനെ അനുസ്മരിച്ചു 1933 ഒരു ജൂബിലി വൽസരമായി 11-ാം പീയുസ് മാർപ്പാപ്പാ പ്രഖ്യാപനം ചെയ്യുകയുണ്ടായി.

ജൂബിലി സംബംന്ധിച്ചുള്ള അനുഗ്രഹങ്ങൾ ലഭിക്കുന്നതിനു ഭക്തിപരമായ പല വ്യവസ്ഥകൾ നിറവേറ്റേണ്ടതായിട്ടുണ്ട്. ഇവയിൽ പാപ ങ്ങളെപ്പറ്റി ശരിയായ അനുതാപത്തോടുകൂടിയ കുമ്പസാരം, വി. കുർബാ നയുടെ യോഗ്യമായ സ്വീകരണം, റോമ്മായിലെ നാലു പ്രധാന ദേവാ

www.malankaralibrary.com

ലയങ്ങൾ സന്ദർശിച്ചു നടത്തേണ്ട പ്രാർത്ഥനകൾ, മാർപ്പാപ്പായുടെ നിയോഗാർത്ഥം ചൊല്ലേണ്ട പ്രാർത്ഥനകൾ എന്നിവ ഉൾപ്പെടുന്നു. സന്യാസിമാർ, മഠത്തിലെ മറ്റു നിവാസികളും ഭൃത്യരും, നിത്യമായ ആവൃതിക്കു വിധേയരായ സന്യാസിമാർ, തടവുശിക്ഷ അനുഭവിക്കുന്നവർ, എഴുപതു വയസ്സു തികഞ്ഞവർ, രോഗികളും അവരുടെ ശുശ്രൂഷകരും, ദിവസവും കൂലി വേലചെയ്തു ജീവിക്കുന്നവർ, റോമ്മായിലേക്കു യാത്രചെയ്യുവാൻ അനുമതി നിഷേധിച്ചിട്ടുള്ള രാഷ്ട്രങ്ങളിലെ നിവാസികൾ മുതലായവർക്കു റോമിലെ നാലു ദേവാലയങ്ങൾ സന്ദർശിക്കാതെ അതിനുപകരം വൈദികാദ്ധ്യക്ഷന്മാർ നിശ്ചയിക്കുന്ന വ്യവസ്ഥകളും മറ്റു വ്യവസ്ഥകളും നിറവേറ്റിക്കൊണ്ടു ജൂബിലിസംബന്ധമായ അനുഗ്രഹങ്ങൾ പ്രാപിക്കാവുന്നതാണ്.

1950 ജൂബിലിവത്സരമായി പ്രഖ്യാപനം ചെയ്തതിൽ ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയുസ് മാർപ്പാപ്പയ്ക്കു താഴെപറയുന്ന ഉദ്ദേശങ്ങളാണുള്ളതെന്നു നേരത്തേ വെളിപ്പെടുത്തുകയുണ്ടായി.

1. പ്രാർത്ഥനയും പ്രായശ്ചിത്തവും, ക്രിസ്തുവിനോടും സഭയോടുമുള്ള അചഞ്ചലമായ വിശ്വസ്തതയും വഴിയായി ആത്മാക്കളുടെ ശുദ്ധീകരണം.
2. പാലസ്തീനാ നാട്ടിലെ സമാധാനത്തിനും സംരക്ഷണത്തിനുമായുള്ള നടപടികൾ.
3. സഭയ്ക്കു എതിരായി ശത്രുക്കൾ നടത്തുന്ന നവീനാക്രമങ്ങളിൽ നിന്നുള്ള സംരക്ഷണവും, സത്യമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവരുടെയും അവിശ്വാസികളുടെയും നിർമ്മതപ്രസ്ഥാനക്കാരുടെയും ഇടയിലുള്ള വിശ്വാസപ്രചാരണവും.
4. സാമുദായിക നീതി സംബന്ധിച്ചുള്ള പ്രവർത്തനങ്ങളും നിർദ്ധനരുടേയും വിഷമതകൾ സഹിക്കുന്നവരുടെയും സഹായത്തിനായുള്ള പ്രവൃത്തികളും.

പരിപാവനങ്ങളും അത്യുൽകൃഷ്ടങ്ങളുമായ ഈ ആദർശങ്ങളെ മുൻനിറുത്തി ജൂബിലി വത്സരം ആഘോഷിച്ചാൽ ലോകത്തിനു പൊതുവേ ദൈവാനുഗ്രങ്ങൾ എങ്ങനെ ലഭിക്കാതിരിക്കും? സമാധാനവും ഐശ്വര്യവും സൗഭാഗ്യവും ലോകത്തിൽ എങ്ങനെ പരിലസിക്കാതിരിക്കും?

ദണ്ഡവിമോചനം എന്നു കേൾക്കുമ്പോൾ പാപം ചെയ്യുന്നതിനുള്ള അനുമതിയെന്നു ചില അകത്തോലിക്കർ ധരിക്കാറുണ്ടല്ലോ. എന്നാൽ പാപത്തിനു ദൈവം നിശ്ചയിച്ചിട്ടുള്ള ദണ്ഡനങ്ങളെ അഥവാ ശിക്ഷകളെ സൽപ്രവൃത്തികൾ ചെയ്തു വിമോചിക്കുന്നത് അഥവാ നീക്കിക്കളയുന്നതാണു ദണ്ഡവിമോചനം. ആകയാൽ ഒരാൾക്കു ദണ്ഡവിമോചനം സിദ്ധിക്കുമ്പോൾ പാപംചെയ്യുന്നതിനുള്ള അനുമതിയല്ല, പ്രത്യുത പാപം ചെയ്തതു നിമിത്തം അയാൾക്കു ദൈവം നിശ്ചയിച്ചിരുന്ന ശിക്ഷ സുകൃതകൃത്യങ്ങൾ ചെയ്തു അയാൾ നീക്കിയതു നിമിത്തമുള്ള അനുഗ്രഹമാണ് കിട്ടുന്നത്.

www.malankaralibrary.com

ഇതുപോലെ ജൂബിലി വർഷമെന്നു കേൾക്കുമ്പോൾ സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും ഒരുവത്സരം, റോമ്മായിലേക്കും മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കും കപ്പൽയാത്ര, വിമാനയാത്ര മുതലായവ നടത്തി രസകരമായ കാഴ്ചകൾ കണ്ടു വിനോദിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരം സമാഗതമായി എന്നു ചിലർക്കു തോന്നിയേക്കാം. നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ, ഉയിർപ്പുതിരുനാൾ എന്നൊക്കെ കേൾക്കുമ്പോൾ അവ ലോകരീത്യാ സന്തോഷിക്കുന്നതിനും വിനോദിക്കുന്നതിനുമുള്ള ദിവസങ്ങളാണെന്നു സാധാരണക്കാർക്കു തോന്നുമല്ലോ. എന്നാൽ ഈ തിരുനാളിൽ ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടി അവയ്ക്കു മുമ്പുള്ള ഇരുപത്തഞ്ചും അമ്പതും ദിവസങ്ങളിൽ ശരിയായി നോമ്പു ആചരിക്കുകയും, ചില ദിവസങ്ങളിൽ ഉപവാസം അനുഷ്ഠിക്കയും ചെയ്യേണ്ടതാണെന്നുള്ള കാര്യം പലരും അത്ര അനുസ്മരിക്കാറില്ല. ആകയാൽ തിരുനാളുകൾ പ്രധാനമായി ആദ്ധ്യാത്മികാനുഗ്രങ്ങളുടെയും ആനന്ദത്തിന്റെയും ദിനങ്ങളും, അവയ്ക്കു മുമ്പുള്ള ദിവസങ്ങൾ അനുഗ്രഹ പ്രാപ്തിക്കായുള്ള ഒരുക്കത്തിന്റെ ദിവസങ്ങളുമാകുന്നു. ഇതുപോലെ ജൂബിലി വത്സരവും ലൗകീകമായ ആനന്ദത്തിന്റേയും വിനോദത്തിന്റേയും അവസരത്തെക്കാൾ പാപപരിഹാരവും, സൽപ്രവൃത്തികളും, ഭക്തിനിർഭരമായ തീർത്ഥയാത്രയും മറ്റും ചെയ്ത് ആദ്ധ്യാത്മികമായ നന്മകളും അനുഗ്രഹങ്ങളും പ്രാപിച്ചു യഥാർത്ഥമായ സമാധാനവും മനോനിർവൃതിയും നേടുന്നതിനുള്ള ശുഭാവസരമത്രെ.

ബ്രഹ്മാണ്ഡവും സുമനോഹരവുമായ ദേവാലയങ്ങൾകൊണ്ടു നിറഞ്ഞതും, രക്തസാക്ഷികളുടെ നിർമ്മല രക്തംകൊണ്ടു നനഞ്ഞുകുതിർന്നതും, അനേകായിരം വിശുദ്ധരുടെ പാദസ്പർശത്താലും സംപൂജ്യാവശിഷ്ടങ്ങളാലും പരിപൂതവുമായ റോമ്മാനഗരം-ഭയങ്കരമായ മതപീഡനങ്ങൾ നടമാടിയിരുന്ന സന്ദർഭത്തിലും പുരാതന ക്രിസ്ത്യാനികൾ എവിടെ ദിവ്യബലി അർപ്പിക്കയും, ഹൃദയംഗമമായ പ്രാർത്ഥനകൾ നടത്തുകയും, തങ്ങളുടെ പരേതരെ സംസ്കരിച്ചു അവരുടെ ആത്മാക്കളുടെ നിത്യശാന്തിക്കായി ദൈവസന്നിധിയിൽ അപേക്ഷിക്കയും ചെയ്തിരുന്നുവോ ആ ഭൂഗർഭാലയങ്ങളാൽ സമലംകൃതമായ റോമ്മാനഗരം-സർവ്വോപരി ക്രിസ്തുവിന്റെ പ്രതിനിധിയും മഹോപകാരിയുമായ പന്ത്രണ്ടാം പീയുസ് മാർപ്പാപ്പ, വിജയശ്രീയോടെ വാഴുന്ന റോമ്മാനഗരം-സന്ദർശിക്കുന്ന ഒരാൾക്കു ക്രിസ്തുവിനോടും സഭയോടുമുള്ള ഭക്തിയും സ്നേഹവും വർദ്ധിച്ച് ആത്മ ശുദ്ധീകരണത്തിൽ താൽപര്യവും, അന്യരുടെ ആത്മരക്ഷയിൽ ശുഷ്കാന്തിയും, ലോകോദ്ധാരണത്തിൽ ഔത്സുക്യവും, എവിടെയും ശാന്തിയും സമാധാനവും കൈവരുത്തുന്നതിനുള്ള അഭിലാഷവും ഉണ്ടാകാതിരിക്കയില്ല. ഇങ്ങനെ ജൂബിലി വത്സരത്തിൽ റോമ്മായിലേക്കു തീർത്ഥയാത്ര ചെയ്യുന്നവർക്കും അങ്ങനെ ചെയ്വാൻ നിവൃത്തിയി

www.malankaralibrary.com

ല്ലാത്തവർക്കും മാർപ്പാപ്പയുടെ എല്ലാ ആദർശങ്ങളും ആഗ്രഹങ്ങളും സാധിതമാക്കുന്നതിൽ പ്രാർത്ഥനകളാലും, പ്രായശ്ചിത്തങ്ങളാലും, സൽപ്രവൃത്തികളാലും ഹൃദയംഗമമായി സഹകരിക്കുവാൻ സാധിക്കുന്നതാണ്. ഇപ്രകാരം ഈ ജൂബിലിവത്സരം ലോകത്തിലെ സകല മനുഷ്യർക്കും അനുഗ്രഹം വർഷിക്കുന്ന ഒരു വിശുദ്ധ വത്സരമായി ഭവിക്കട്ടെ!

## ലോകത്തെ മുഴുവൻ കീഴടക്കിയ വൃത്താന്തം

"നിരക്ഷരകുക്ഷികളായിരുന്ന ഗലീലയിലേ ഒരുസംഘം മുക്കവന്മാർ അക്രൈസ്തവ ലേകത്തെ മുഴുവൻ കീഴടക്കിയ വൃത്താന്തം മഹാനാടകത്തിലെ ഒരു രംഗംപോലെ രസാവഹമായിരിക്കുന്നു. ഇതേപ്പറ്റി ഓട്ടൻ (Otten) പറയുന്നു: "മർത്ത്യദൈവത്തിന്റെ രക്തത്താൽ അപ്പോഴും നനഞ്ഞിരുന്ന യഹൂദമഹാസഭ (Synagogue) യാണു ഗലീലയിലെ സാധുക്കളായ മുക്കവന്മാരോട് ആദ്യമായി എതിർത്തുനോക്കിയത്. പക്ഷേ, അവസാനം ആ മഹാസഭ പരാജയം സമ്മതിച്ചുകൊണ്ട് പോർക്കളത്തിൽനിന്നും പിന്മാറി. അനന്തരം ലോകത്തെ മുഴുവൻ അടക്കി വാണിരുന്ന റോമ്മാസാമ്രാജ്യമായിരുന്നു ബാല്യദശയിലിരുന്ന ക്രൈസ്തവ സഭയെ ചവുട്ടിമെതിച്ചുകളായാമെന്നു കരുതി പോർവിളിനടത്തിയത്. തൽഫലമുണ്ടായ ഭയങ്കരസംഘട്ടനം ഉദ്ദേശം മുന്നൂറു വർഷത്തോളം ദീർഘിച്ചു നിന്നു. ക്രൂശിതനായ നസ്രായന്റെ അനുയായികളിൽ അനേകായിരങ്ങൾ രക്തസാക്ഷിമരണത്താൽ തങ്ങളുടെ വിശ്വാസത്തിനു മുദ്രവച്ചു. പക്ഷേ, പേഗൻ റോമ്മായുടെ ഇരുമ്പുകരങ്ങളിൽ നിന്നും നിണംപുരുണ്ട ഖഡ്ഗം നിലം പതിക്കുകയും പത്രോസിന്റെ പിൻഗാമി സീസറിന്റെ സിംഹാസനത്തിൽ ആരൂഢനാകുകയും ചെയ്തു. എന്തിന്, കാൽവരിമലമുകളിൽ ഉയർത്തപ്പെട്ട മനുഷ്യരക്ഷയുടെ അടയാളമായ കുരിശ്, വാളിന്റെയല്ല, ദൈവവചനത്തിന്റെ ശക്തിയാൽ സകല ജാതികളുടെയും മേൽ അധികാരം പ്രയോഗിക്കുന്ന ഒരു സാമ്രാജ്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനായി സർവ്വലോകത്തോടും പ്രഖ്യാപനം ചെയ്തുകൊണ്ടു റോമ്മായുടെ സപ്തഗിരി കൾക്കുമീതെ പാറിപ്പറന്നു. വിഗ്രഹങ്ങൾക്കുവേണ്ടി പ്രതിഷ്ടിക്കപ്പെട്ടിരുന്ന ക്ഷേത്രങ്ങൾ സത്യൈകദൈവത്തിന്റെ ആലയങ്ങളായി രൂപാന്തരപ്പെട്ടു. മരണത്തിന്റെ അന്ധകാരത്തിൽ വസിച്ചിരുന്ന മനുഷ്യകുലത്തിന് സമാധാനത്തിന്റെ സുവിശേഷം പ്രകാശത്തെ പ്രദാനം ചെയ്തു. ഭൂമുഖത്തെ നവീകരിക്കാൻ ആഗതമായ ദൈവിക ചൈതന്യത്തിന്റെ ബാഹ്യപ്രകടനങ്ങളൊന്നും ദൈവാലയങ്ങളും വിദ്യാലയങ്ങളും പരസ്നേഹസ്ഥാപനങ്ങളും സർവ്വത്ര പ്രത്യക്ഷമായി. റിക്റ്റർ (ഞലരവല്യേ) എന്ന മഹാൻ പറഞ്ഞിരിക്കുന്നതുപോലെ "ബലവാന്മാരിൽ ഏറ്റവും പരിശുദ്ധനും പരിശുദ്ധന്മാരിൽ ഏറ്റവും ബലവാനുമായ ക്രിസ്തു തന്റെ വ്രണിതകരങ്ങളാൽ സാമ്രാജ്യങ്ങളെ അവയുടെ അടിസ്ഥാനങ്ങളിൽ നിന്നുമുയർത്തുകയും യുഗങ്ങളുടെ ഗതിയെ വ്യതിചലിപ്പിക്കുകയും ചെയ്തു."

www.malankaralibrary.com

# 14. ബൻസിഗർ തിരുമേനി

## (ജെ. വലിയപറമ്പിൽ)

ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിരണ്ട് ആഗസ്റ്റ് മാസം 18-ാം തീയതി തിരുവിതാംകൂറിന്റെ തലസ്ഥാനനഗരമായ തിരുവന്തപുരത്തെ കർമ്മലഗിരി സന്യാസാശ്രമപരിസരങ്ങളിൽ, നടന്ന ശോകാത്മകമായ ഒരു സംഭവത്തിന് ദൃക്സാക്ഷിയാകുവാനോ എന്ന് തോന്നുമാറ്, പ്രഭാതസൂര്യൻ തന്റെ കിരണകന്ദളങ്ങളുടെ പ്രഭാപൂരത്തെ തെല്ലൊന്നു നിഷ്പ്രഭമാക്കി പൂർവ്വദിങ്മണ്ഡലത്തിൽ ഉദിച്ചുയർന്നു; ഇരുപതുലക്ഷത്തോളം വരുന്ന കേരളീയ കത്തോലിക്കരെ ഒന്നടങ്കം ദുഃഖാബ്ധിയിലാഴ്ത്തിയ ഈ സംഭവം ആദർശസുന്ദരമായ ഒരു ജീവിത നാടകത്തിന്റെ അന്തിമരംഗ സമാപ്തിയായിരുന്നു.

സുമാർ ഇരുപത്തിയാറു സംവത്സരക്കാലം പുരാതനവും പ്രാക്തന പ്രസിദ്ധവുമായ കൊല്ലം രൂപതയുടെ അദ്ധ്യക്ഷപദം സമർത്ഥമാംവണ്ണം സമലങ്കരിച്ചശേഷം, 79-ാമത്തേ വയസ്സിൽ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്ത ഗംഭീരാശയനായിരുന്ന ആ ആത്മാവിന്റെ-സാദരസ്മരണീയനായ ബൻസിഗർ മെത്രപ്പോലീത്തായുടെ-മൃതദേഹത്തോടുള്ള അന്തിമോപചാരപ്രകടനമാണ് അവിടെ നടന്നത്.

വൈദികാദ്ധ്യക്ഷസാധാരണമായ ജീവിതസന്മാതൃകകൊണ്ടും സദുപദേശധോരണികൊണ്ടും തങ്ങൾക്കു പ്രചോദനവും ആധ്യാത്മികനേതൃത്വവും നൽകിയ യതിവര്യനായ ആ വത്സലപിതാവിന്റെ പൂജനീയമായ മൃതഗാത്രത്തെ ഒരു നോക്കു കാണണമെന്നുള്ള അത്യാകാംക്ഷയാൽ പ്രേരിതമായ ജനൗഘം കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അവിടെ ഓടിക്കൂടിയതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ശോകമൂകമായ കർമ്മലഗിരിയാശ്രമവും പരിസരങ്ങളും പൂഴിനുള്ളിയിട്ടാൽ താഴാത്തവണ്ണം ഏതാനും മണിക്കൂറുകൾക്കുള്ളിൽ ജനശ്ശിരസ്സുകളെ കൊണ്ടു നിബിഡീകൃതമായി കഴിഞ്ഞു എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല.

സർവ്വത്ര വ്യാപിച്ചിരുന്ന നിശബ്ദതയെ ഭഞ്ജിക്കുമാറ്, പരേതാത്മശാന്തിക്കായി സമാരംഭിച്ച ദിവ്യകർമ്മാദികൾക്കുശേഷം, സ്ഥാനവസ്ത്രവിഭൂഷിതരായ വൈദിക മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ആർഭാടരഹിതമെങ്കിലും, ക്രമീകൃതവും ആഘോഷപൂർവ്വകവുമായ സംസ്കാരവിലാപയാത്ര ആരംഭിച്ചു; ഒരു വിശിഷ്ടപേടകത്തിനുള്ളിൽ വിശ്രമം കൊണ്ടിരുന്ന സന്യാസവസ്ത്രാംലംകൃതമായ മൃതശരീരത്തിന് അകമ്പടി സേവിച്ചിരുന്ന

www.malankaralibrary.com

ബഹുസഹസ്രം ജനങ്ങളുടെ ഹൃദയാഗാധങ്ങളിൽ നിന്ന് അനുസ്യൂതം പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്ന ഭക്തിനിർഭരങ്ങളായ പ്രാർത്ഥനോച്ചാരണങ്ങളും ഗായകസംഘത്തിന്റെ ശ്രുതിമധുരങ്ങളും ഭക്തി രസപ്രദായകങ്ങളുമായ ഗാനാലാപങ്ങളും ഒന്ന്ചേർന്ന് അന്തരീക്ഷത്തെ മുഖരിതമാക്കിച്ചെയ്തു; രണ്ടു മെത്രാപ്പോലീത്തന്മാരുടേയും ആറു മെത്രാന്മാരുടേയും ശതക്കണക്കിനു വൈദികന്മാരുടേയും കന്യാസ്ത്രീകളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥപ്രമാണികളടങ്ങിയ ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ, മൃതദേഹം കർമ്മലഗിരിയാശ്രമം വക ഭൂഗർഭാലയത്തിനുള്ളിൽ യഥാവിധി സംസ്കരിക്കപ്പെട്ടു. അങ്ങനെ ആ അഭിവന്ദ്യ തിരുമേനിയുടെ പൂജ്യാവശിഷ്ടങ്ങൾ ഇന്നും അവിടെ അന്ത്യവിശ്രമം കൊള്ളുന്നു.

ഭക്തിശിരോമണിയും സംസ്കാരസമ്പന്നനുമായ ഒരു മാതൃകാവൈദികമേലദ്ധ്യക്ഷൻ, പ്രേക്ഷിതപ്രവീണനും നിയമാനുഷ്ഠാനനിഷ്ഠനുമായ ഒരു യതിവര്യൻ, പരിപക്വമതിയും സ്നേഹസമ്പന്നനുമായ ഒരു വത്സല പിതാവ്, എന്നീ നിലകളിൽ ഏവരുടേയും, ഭക്തി ബഹുമാനാദരവുകളെ സമാർജ്ജിച്ചിട്ടുള്ള ഒരു മഹാത്മാവാണ്, ബൻസിഗർ തിരുമേനിയുടെ ചരമംമൂലം കേരളീയർക്കു നഷ്ടപ്പെട്ടിരിക്കുന്നത്. അഭിവന്ദ്യ തിരുമേനിയുടെ ചരമവാർഷിക മഹാസുദിനമാഘോഷിക്കപ്പെടുന്ന ഈ ശുഭാവസരത്തിൽ, ആ മഹാപുരുഷന്റെ ജീവിതമഹാഗ്രന്ഥത്തിലേക്കുള്ള ഒരു പ്രത്യവലോകനം സാന്ദർഭികമായിരിക്കുമെന്നുള്ളതിൽ സന്ദേഹത്തിനവകാശമില്ലല്ലൊ.

സ്വിറ്റ്സർലണ്ടിൽ എയിൻസിഡ്ലിൻ എന്ന പട്ടണത്തിൽ, ദൈവഭക്തനും, പ്രഭുവംശജരുമായ മാതാപിതാക്കന്മാരിൽനിന്ന് 1864 ജനുവരി മാസം 31-ാം തീയതി ബൻസിഗർ തിരുമനസ്സുകൊണ്ട് ഭൂജാതനായി. "ബൻസിഗർ സഹോദരന്മാരാൽ" പ്രശസ്തമാംവിധം നടത്തപ്പെടുന്ന സ്വിറ്റ്സർലണ്ടിലെ ഭൂവനപ്രസിദ്ധമായ പ്രസിദ്ധീകരണശാലയുടെ ഒരു സജീവപ്രവർത്തകനും, സ്വിസ്സ്പ്രജായത്ത രാഷ്ട്രത്തിലെ ഒരുത്തമപൗരനായിരുന്നു സ്മര്യപുരുഷന്റെ പിതാവായ ജോൺ അഡൽറിച്ച് ബൻസിഗർ. കത്തോലിക്ക സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങളെ അനുസ്മരിച്ച് 1875-ൽ സുഭഗസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന് "വി. ഗ്രിഗറിയുടെ മാടമ്പി" (Knight of St. Gregory) എന്ന ഉന്നതബിരുദം കല്പിച്ചുനൽകി. കഥാനായകന്റെ മാതാവായ അന്നാ മരിയ വിശിഷ്ഠ ഗുണഗണങ്ങളുടെ ഒരു വിളനിലമായി വിളങ്ങിയ ഒരു മഹതിയായിരുന്നു.

എയിൻസിഡ്ലിൻ എന്ന സ്ഥലത്ത് ബനഡിക്റ്റൈൻ സന്യാസ വൈദികരാൽ നടത്തപ്പെടുന്ന ഒരു വിദ്യാലയത്തിൽ കഥാപുരുഷൻ തന്റെ പ്രാഥമിക വിദ്യാഭ്യാസമാരംഭിച്ചു. അനന്തരം, ഫ്റാങ്ക്ഫർട്ടിലും ബ്രസ്സൽസ്സിലെ സെന്റ്. ലൂയിസ് കോളേജിലും പഠനം തുടർന്നു. സെന്റ് ലൂയീസിലെ അദ്ധ്യയനശേഷം യുവാവായ ബൻസിഗർ ലണ്ടനിലേക്കു പുറപ്പെടുകയും,

www.malankaralibrary.com

ലണ്ടൻ സർവ്വകലാശാലയിൽ നിന്ന് മട്രിക്കുലേഷൻ പരീക്ഷയിൽ വിജയം കരസ്ഥമാക്കുകയും ചെയ്തു. സന്യാസ ജീവിതമവലംബിക്കണമെന്നുള്ള അഭിലാഷം ബാല്യം മുതൽ തന്നെ കഥാനായകനിൽ കുടികൊണ്ടിരുന്നതിനാൽ, 20-ാമത്തെ വയസ്സിൽ അദ്ദേഹം ബ്രൂ ജസ്സിലേ കർമ്മലീത്താ സന്യാസാശ്രമത്തിൽച്ചേർന്നു. നിശ്ചിതകാലത്തേ അധ്യയനത്തിനുശേഷം, 1888 ഡിസംബർ 22-ാം തീയതി ബൻസിഗറിനു വൈദികപട്ടം കിട്ടി. 1890 സെപ്റ്റംബറിൽ ഫാദർ ബിൻസിഗർ മിഷ്യൻ പ്രവർത്തനങ്ങൾക്കായി ഇന്ത്യയിലേക്കു കപ്പൽകയറി. പുത്തൻപള്ളി സെമ്മിനാരി പ്രൊഫസർ, ഡലിഗേറ്റ് അപ്പസ്തോലിക്ക് ആയിരുന്ന മോൺ. സലേസ്കി തിരുമനസ്സിലേ സെക്രട്ടറി എന്നിങ്ങനെയുള്ള ഉദ്യോഗങ്ങൾ അദ്ദേഹം വളരെ സമർത്ഥമാംവണ്ണം നിർവഹിച്ചിട്ടുണ്ട്. 1900, നവംബർ 18-ാം തീയതി കാൻഡിയിൽവച്ച് മോൺ. സലേസ് കി തിരുമേനിയാൽ, കൊല്ലം രൂപതയുടെ സഹായമെത്രാനായി ഫാദർ ബൻസിഗർ അഭിഷേകം ചെയ്യപ്പെട്ടു. അന്ന് കൊല്ലം ബിഷപ്പായിരുന്ന ഫെർഡിനാന്റ് ഓസ്സി തിരുമനസ്സുകൊണ്ട് 1905 ആഗസ്റ്റ് 16-ാം തീയതി നിര്യാതനായതിനെത്തുടർന്ന്, ബൻസിഗർ തിരുമനസ്സുകൊണ്ട് കൊല്ലം രൂപതയുടെ ഭരണഭാരം കൈയ്യേറ്റു.

1905 മുതൽ 1931-ൽ തിരുമനസ്സുകൊണ്ട് രൂപതാഭരണം രാജിവയ്ക്കുന്നതുവരെയുള്ള ഇരുപത്തിയാറു സംവത്സരങ്ങൾക്കുള്ളിൽ രൂപതയ്ക്കു കൈവന്നിട്ടുള്ള ഐശ്വര്യാഭിവൃദ്ധികൾ നാനാമുഖങ്ങളത്രേ. രൂപതാഭരണമാരംഭിച്ചതിനുശേഷം തിരുമനസ്സിലേ ശ്രദ്ധ ആദ്യമായിപ്പതിഞ്ഞത്, തന്റെ പാലനത്തിലേൽപിച്ചിട്ടുള്ള അജഗണങ്ങളുടെ ആദ്ധ്യാത്മിക സമുൽകർഷത്തിലാണ്. തൽകാര്യസിദ്ധ്യർത്ഥം, അദ്ദേഹം പല പുതിയ ദേവാലയങ്ങളും കന്യാകാലയങ്ങളും പണികഴിപ്പിക്കുകയും, സെമ്മിനാരികൾ സ്ഥാപിച്ച് ഏതദ്ദേശീയ വൈദികന്മാരുടെ സംഖ്യ ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. രൂപതയുടെ നാനാഭാഗങ്ങളിലായി നിലകൊള്ളുന്ന നിരവധി വിദ്യാമന്ദിരങ്ങൾ വിദ്യാഭ്യാസ വിഷയത്തിൽ തിരുമനസ്സിലേക്കുണ്ടായിരുന്ന അഭിരുചിയെ പ്രസ്പഷ്ടമാക്കുന്നുണ്ട്. സ്വകുടുംബാംഗങ്ങളിൽ നിന്നും മറ്റും ലഭിച്ചുകൊണ്ടിരുന്ന കൊഴുത്ത സംഭാവനകൾ ദൈവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കുന്നതിന് അദ്ദേഹം വിനിയോഗിച്ചിരുന്നുവെന്ന് കേട്ടിട്ടുണ്ട്. ഇതിൽ നിന്നും തന്റെ അജഗണങ്ങളുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ അഭ്യുന്നതിയിൽ അഭിവന്ദ്യ തിരുമേനി എത്രമാത്രം ശ്രദ്ധപതിപ്പിച്ചിരുന്നുവെന്ന് ഊഹിക്കാവുന്നതാണല്ലോ. ബൻസിഗർ തിരുമേനിയുടെ ഈ ദൃശ്യസേവനങ്ങളെ ശ്ലാഘിച്ചും, കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചും തിരുമനസ്സിലേ മെത്രാഭിഷേക രജതജൂബിലിയാഘോഷവേളയിൽ പരി. സിംഹാസനത്തിൽ നിന്നും അദ്ദേഹത്തിനു പല ഉന്നത ബിരുദങ്ങളും കല്പിച്ചു നൽകിയിട്ടുണ്ടെന്നുള്ള വസ്തുത സ്മരണീയമത്രേ.

www.malankaralibrary.com

1653-ൽ മട്ടാഞ്ചേരിയിൽ വച്ചു നടന്ന കൂനൻ കുരിശു സത്യത്തെത്തുടർന്ന് നിർഭാഗ്യവശാൽ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ വലിയ ഒരു പിളർപ്പുണ്ടായി. അവരിൽ ഒരു ന്യൂനപക്ഷം കത്തോലിക്കാ വിശ്വാസമുപേക്ഷിച്ചു. കത്തോലിക്കാ സഭയെ പരിത്യജിച്ച ഈ ഛിദ്മകാരികളെ മാതൃസഭയിലേക്കു പ്രത്യാഗമിപ്പിക്കുന്നതിനു വേണ്ടി നിസ്വർത്ഥമതികളായ പലരും അക്കാലം മുതൽ തന്നെ പുനരൈക്യ പരിശ്രമങ്ങൾ സമാരംഭിച്ചിരുന്നുവെന്ന് ചരിത്രപഠിതാക്കൾക്കറിയാവുന്നതാണ്. പക്ഷേ, സുദീർഘങ്ങളായ 277 വർഷങ്ങൾക്കുശേഷം, 1930 സെപ്റ്റംബർ 20-ാം തീയതി അഭിവന്ദ്യ തിരുമേനിമാരായ മാർ ഈവാനിയോസിന്റേയും മാർ തെയോഫിലോസിന്റേയും പുനരൈക്യത്തോടുകൂടി മാത്രമേ ചിരകാല പ്രതീക്ഷിതങ്ങളായ പ്രസ്തുത പരിശ്രമങ്ങൾ വിജയമകുടം ചൂടിയുള്ളൂ എന്നു മാത്രം. ബൻസിഗർ മെത്രാപ്പോലീത്തയുടെ പ്രേക്ഷിത ചൈതന്യവും നിരന്തരവും നിസ്വാർത്ഥവുമായ പരിശ്രമങ്ങളും ഈ അഭിവന്ദ്യ തിരുമേനിമാരുടെ പുനരൈക്യത്തിനു പ്രേരകങ്ങളായിരുന്നുവെന്നു മാത്രമല്ല, വളരെയധികം സഹായകങ്ങളുമായിരുന്നുവെന്നുള്ള യാഥാർത്ഥ്യം പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ട്. കേരളത്തിലെ കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ ലേഖനം ചെയ്യപ്പെടേണ്ട ഈ മഹാസംഭവത്തിന് മലങ്കര സിറിയൻ കത്തോലിക്കർ ആബാലവൃദ്ധം ബൻസിഗർ തിരുമേനിയോട് കടപ്പെട്ടിരിക്കുന്നു. ആ പാവന ചരിത്രത്തിന്റെ മഹനീയ നാമം അവർ എന്നെന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതുമാണ്.

തിരുമനസ്സിലെ ആർഭാടരഹിതവും നിഷ്കളങ്കവുമായ ജീവിതരീതിയും, ഭക്തിപരവും അനന്യസാധാരണവുമായ ഇതര ഗുണങ്ങളും സ്വന്തം ഭരണീയരുടെ മാത്രമല്ല ഇതരം മതാവലംബികളുടേയും പ്രത്യേകിച്ച് തിരുവിതാംകൂറിലെ മഹാരാജാക്കന്മാരുടെ പോലും പ്രശംസയ്ക്കു പാത്രമായിട്ടുണ്ട്. ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടും ഇപ്പോഴത്തെ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടും ബൻസിഗർ തിരുമേനിയുടെ നേർക്കുള്ള മൈത്രിയും ആദരവും പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത കേരളീയ ക്രിസ്ത്യാനികൾക്ക് തികച്ചും അഭിമാനകരം തന്നെ.

ജീവിത സായാഹ്നത്തിൽ എത്തിയിട്ടുപോലും സ്വന്തം കർത്തവ്യനിർവഹണത്തിനോ ആശ്രമത്തിലേ നിയമാനുഷ്ഠാനങ്ങൾക്കോ തിരുമനസ്സുകൊണ്ട് യാതൊരു അയവും വരുത്തിയിരുന്നില്ല. അന്തിമനിമിഷം വരെയും മാതൃകാപരമായി ജീവിച്ച് വിശുദ്ധിയുടെ പരിമളം പരത്തിയ ഈ മഹാത്മാവിന്റെ സ്മരണയെ ആചന്ദ്രതാരം നിലനിറുത്തുന്നതിന് തിരുവനന്തപുരത്ത് പാങ്ങോട്ടു സ്ഥാപിതമായിരിക്കുന്ന "ബൻസിഗർ മെമ്മോറിയൽ ധ്യാനമന്ദിര"ത്തേക്കാൾ സമുചിതവും ശ്രേഷ്ഠവുമായ ഒരു സ്ഥാപനം വേറെയുണ്ടെന്നു തോന്നുന്നില്ല. തിരുമനസ്സിലേ ആത്മാവിനു നിത്യവിശ്രാന്തി നേർന്നുകൊള്ളുന്നു.

www.malankaralibrary.com

# 15. ഉദയംപേരൂർസുന്നഹദോസ്

## (കരവട്ട് വീട്ടിൽ ശെമഓൻ കോർ എപ്പിസക്കോപ്പാ, കണ്ടനാട്)

ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ എന്ന സ്ഥലം തൃപ്പൂണിത്തറയിൽ നിന്ന് 3 മൈൽ തെക്ക്, വൈക്കം എറണാകുളം ബസ്സ്ലയിനിൽ സ്ഥിതി ചെയ്യുന്ന ഒരു ദേശമാണ്. സുന്നഹദോസ് നടക്കുന്ന കാലത്ത് ഉദയംപേരൂർ, പെരുമ്പടപ്പ് (കൊച്ചി) അധികാരത്തിൽ ആയിരുന്നു. വില്വാർവട്ടം രാജാവ് ക്രിസ്തുമതം സ്വീകരിച്ചതായി ചരിത്രതെളിവുകൾ ഉണ്ട്. ഉദയംപേരൂർ സുന്നഹദോസ് പള്ളിക്കു സമീപമുള്ള സ്ഥലങ്ങൾ സസൂക്ഷ്മം പരിശോധിച്ചാൽ വില്വാർവട്ടം രാജാവിന്റെ അരമന, കോട്ട കൊത്തളങ്ങൾ, ഊട്ടുപുര, വലിയ കുളം, മുതലായവകളുടെ അവശിഷ്ടങ്ങൾ കാണാം. ഇടമ്പാടം എന്ന പേരിൽ അറിയപ്പെടുന്ന വയൽ പ്രദേശങ്ങളും, ധാരാളം തെങ്ങിൻതോപ്പുകളും, ഉദയംപേരൂരിന്റെ പ്രാധാന്യത്തിൽ പ്രാഥമ്യമുള്ള കാര്യങ്ങൾ ആകുന്നു.

ഉദയംപേരൂർ സുന്നഹദോസ്സ് പള്ളിയുടെ അയൽപള്ളികളായി അന്ന് സ്ഥിതിചെയ്തിരുന്ന പ്രധാനപള്ളികൾ കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാശ്ര, തൃപ്പൂണിത്തുറ എന്നി ഇടവകകൾ അത്രേ. 1599-ൽ സമ്മേളിച്ച ഉദയംപേരൂർ സിന്നഡിന്റെ സമ്മേളനക്കാലമായ 16-ാം നൂറ്റാണ്ടിൽ മലങ്കരയിൽ 100-ൽ അധികം ദൈവാലയങ്ങൾ ഉണ്ടായിരുന്നു എന്നതിന് മതിയായ ചരിത്രലക്ഷ്യങ്ങൾ ഉണ്ട്. ഉദയംപേരൂർ സുന്നഹദോസ്സ് പള്ളി, ഒമ്പതാം ശതാബ്ദത്തിൽ സ്ഥാപിതമായതെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. മാർ സാബോർ, മാർ പ്രോത്ത് എന്ന വിശുദ്ധരുടെ നാമത്തിൽ ആണ് പ്രസ്തുത ദേവാലയം സ്ഥാപിച്ചിരുന്നത്. വിശുദ്ധതോമാശ്ലീഹാ സ്ഥാപിച്ച പള്ളികൾ കഴിഞ്ഞാൽ പ്രാധാന്യമുള്ള ദേവാലയങ്ങളിൽ ഒന്നാണ് ഉദയംപേരൂർ സുന്നഹദോസ്സുപള്ളി. സുന്നഹദോസുപള്ളിക്ക് ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ ആയിരം സംവത്സരത്തെ പഴക്കമുണ്ടെന്ന് ന്യായമായി അനുമാനിക്കാം. പള്ളിയുടെ മദ്ബഹായ്ക്ക് 15 കോൽ നീളവും 9 കോൽ വീതിയും ഹൈക്കലായ്ക്ക് 35 കോൽ നീളവും 16 കോൽ വീതിയും ഉണ്ട്. കെട്ടിടത്തിന്റെ ഭിത്തിവണ്ണം തറയ്ക്ക് 3 കോലും ഭിത്തിപൊക്കം 17 കോലും ആണ്. മദ്ബഹായിൽ ഒരു ത്രോണോസ്സും ഹൈക്കലായിൽ ഇടത്തും വലത്തുമായി ഓരോ ചെറിയ ത്രോണോസ്സും ഉണ്ട്. ഇപ്പോൾ ഈ പള്ളിക്ക് സ്ഥാവരജംഗമസ്വത്തുക്കൾ ഉൾപ്പെടെ ഏകദേശം ഒരുലക്ഷം രൂപായുടെ മുതൽ ഉണ്ട്. 78 വീട്ടുകാർ ഉള്ളവരിൽ അധികംപേരും സാധുക്കളും സാധാരണക്കാരുമാകുന്നു. എറണാകുളം രൂപതയിലെ പുരാതനപള്ളികളിൽ ഒന്നാകുന്നു ഇത്. പള്ളിയുടെ കിഴക്കുവശത്ത് റോഡരുകിൽ സ്ഥിതിചെയ്യുന്ന കരിങ്കൽ കുരിശിന്റെ 4 വശത്തും ഓരോ

www.malankaralibrary.com

തബ്ലയിത്താ കല്ലുവച്ച് വിശുദ്ധ കുർബ്ബാന അനുഷ്ടിച്ചിരുന്നതിന്റെ ലക്ഷ്യം കാണ്മാനുമുണ്ട്.

എ.ഡി.1599 ജൂൺമാസം 20-ൽ ആരംഭിച്ച് ഒരാഴ്ച്ചക്കാലം നീണ്ടുനിന്ന പ്രസ്തുത സുന്നഹദോസ്സ്, വിവിധ സംഭവവികാസങ്ങളിലേക്ക് മലങ്കര സഭയെ ആനയിച്ചു. 153 വൈദികരും പള്ളിയോഗാംഗങ്ങളായി 671 ജനപ്രതിനിധികളും ഈ സുന്നഹദോസിൽ സംബന്ധിച്ചു. പോർട്ടുഗീസ് രാജാവിന്റെ അധികാരത്തിൽ ഇരുന്ന ഗോവായുടെ മെത്രാപ്പോലീത്താ, ദോം മെനസീസ്സിന്റെ അദ്ധ്യക്ഷതയിൽ ആണ് ഈ സുന്നഹദോസ് നടന്നത്. പകലോമറ്റം ഗീവർഗ്ഗീസ് അർക്കദിയാക്കോനും മലയാളത്തിൽ അന്നുണ്ടായിരുന്ന പ്രമുഖ വൈദികരിൽ ഭൂരിപക്ഷവും പ്രസ്തുത സുന്നഹദോസിൽ സംബന്ധിക്കുകയുണ്ടായി. വില്ലാർവട്ടം രാജാവും സ്വരൂപവും ഉദയംപേരൂർ സ്ഥിതിചെയ്തിരുന്നതിനാൽ, ആ പള്ളിക്ക് രാജകീയ ദേവാലയം എന്ന ഒരു മഹിമയും അന്നുണ്ടായിരുന്നതായി  വിചാരിക്കുന്നതിൽ വലിയ അബദ്ധമില്ല.

ഉദയംപേരൂർ സുന്നഹദോസ്സിനുമുമ്പ്, മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികളെ ഭരിച്ചിരുന്നത് ശ്ലൂ: മാർപാപ്പായുടെ കീഴിൽ കൽദായ പാത്രീയക്കീസന്മാരിൽ നിയുക്തരായ മെത്രന്മാരായിരുന്നു എന്നും അവരിൽ ഒടുവിലത്തെ മതാദ്ധ്യക്ഷരായ മാർ യൗസേപ്പും മാർ അബ്രാഹവും കൽദായകത്തോലിക്കർ ആയിരുന്നു. എന്നും ഉള്ള വസ്തുതകൾ ഭൂരിപക്ഷം ചരിത്രകാരന്മാരും സമ്മതിക്കുന്ന സംഗതികൾ ആണെങ്കിലും, അവർ വേദവിപരീതികളും തിരുസിംഹാസനത്തിന് എതിരായിട്ടുള്ള ശീശ്മക്കാരും ആണെന്നും മറ്റും സ്ഥാപിക്കുന്ന കാര്യത്തിൽ മെനേസിസ്സിന് വളരെ മനപൂർവ്വമായ ഒരുദ്ദേശമുണ്ടായിരുന്നതായി ചരിത്രപംക്തികൾ പറയുന്നുണ്ട്. അക്കദിയാക്കോനും മെനേസ്സിസ്സും തമ്മിൽ ഈ കാര്യത്തിൽതന്നെ വലിയ അഭിപ്രായ  വ്യത്യാസമുണ്ടായിരുന്നു.

ഗീവർഗ്ഗീസ് അക്കദിയോക്കോനുംമറ്റും, അന്നത്തെ മലങ്കര കൽദായ കത്തോലിക്കാസഭ എന്നാളും  കൽദായ കത്തോലിക്കാ സുറിയാനി ബിഷപ്പന്മാരാൽ തന്നെ ഭരിക്കപ്പെടണമെന്നും തങ്ങളുടെ ആരാധനാഭാഷാ, സുറിയാനിതന്നെ ആയിരിക്കേണമെന്നുള്ളതിലും മറ്റും, വളരെ ശക്തി നിർബന്ധം പിടിച്ചിരുന്നു. മേൽപ്രസ്താവിച്ച അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങൾക്ക് ന്യായമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ സാധിച്ചാൽ അതൊരു വലിയ സംഗതി ആണല്ലോ എന്നും മറ്റും ആഗ്രഹിച്ചാണ് അക്കദിയാക്കോനും അനുയായികളും സുന്നഹദോസ്സിന് വഴിപ്പെട്ടത്. മെനേസ്സിസ്സിനും മറ്റും മലങ്കര സുറിയാനി കൽദായസഭയെ നേരിട്ട് പോർട്ടുഗ്ഗീസ് ഭരണത്തിൽ കൊണ്ടുവന്ന്, എല്ലാ കാര്യങ്ങളും ലത്തീൻ സമ്പ്രദായമാക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ഏതായാലും സുന്നഹദോസ്സ് പൊതുവിൽ ഒരു അപജയം തന്നെയായിരുന്നു. തിരുസിംഹാസനത്തിൽ നിന്ന് ഇതഃപര്യന്തം ഈ സുന്നഹദോസ്സ് അംഗീകരിച്ചിട്ടില്ല. മലങ്കര കത്തോലിക്കരെ സംബന്ധിച്ചിടത്തോളം തിരു

www.malankaralibrary.com

സിംഹാസനത്തിന്റെ വിശാല വീക്ഷണത്തിൽ പ്രസ്തുത സുന്നഹദോസ്സ് അംഗീകരിക്കുന്നത് ശരിയായി തോന്നിയില്ല.

ആരാധനക്രമങ്ങളിൽ വരുത്തിയ മാറ്റങ്ങൾ, സുറിയാനി പുസ്തകങ്ങൾ അഗ്നിക്കിരയാക്കിയത്, എന്നീ കാര്യങ്ങൾ ചെയ്യുന്നതിന് മെനേസ്സിസ്സിനും അനുയായികൾക്കും ധൈര്യം സിദ്ധിച്ചത് ഉദയംപേരൂർ സുന്നഹദോസ്സിനു ശേഷം സംജാതമായ അന്തരീക്ഷ സാഹചര്യത്തിൽ നിന്നത്രെ. അക്കദിയാക്കോന്റെ ഭരണപരമായ അധികാരാവകാശങ്ങളിൽ കടന്ന് പ്രവേശിച്ചതിനേക്കാൾ ദുസ്സഹമായി സുറിയാനിക്കാർക്ക് തോന്നിയത് വിശ്വാസം, ആചാരനുഷ്ടാനം, ആരാധനകൾ എന്നിവകളിൽ കൈവെച്ചതാണ്.

ഉദയംപേരൂർ സുന്നഹദോസ്സിനുശേഷം 38 സംവത്സരം ഗീവർഗ്ഗീസ് അക്കദിയാക്കോൻ ജീവിച്ചിരുന്നുവെങ്കിലും അക്കാലമെല്ലാം പോർട്ടുഗീസ്സുകാരുടെ അനധികൃതമായ നടപടികളോട് കഠിനമായ പ്രതിഷേധം പ്രസ്പഷ്ടമായി പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അക്കദിയാക്കോന്മാരുടെ ഭരണത്തെ തന്നെ ഇല്ലായ്മ ചെയ്യുന്നതിന് പോർട്ടുഗീസ് അധികൃതന്മാർ തീവ്രശ്രമങ്ങൾ ചെയ്തു. സുന്നഹദോസ്സ് നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ കൊച്ചീരാജാവും പുറക്കാട്ടു രാജാവും മെനേസിസ്സിനെ വളരെ സഹായിച്ചു. സുന്നഹദോസ്സിനുശേഷം കണ്ടനാട്, മുളന്തുരുത്തി മുതലായ പ്രധാന പള്ളികൾ സന്ദർശിച്ച് നിശ്ചയങ്ങൾ നടപ്പിലാക്കുന്നതിന് മെനേസിസ്സ് പരിശ്രമിക്കാതിരുന്നില്ല. സാർവത്രികമായ സ്വാഗതം ഏതായാലും ലഭ്യമായില്ല. പല സ്ഥലങ്ങളിലും അന്തച്ഛിദ്രങ്ങൾ ആവിർഭവിച്ചു.

ഉദയംപേരൂർപള്ളിക്ക്, "സാബോർ, പ്രോത്ത് കന്തീശങ്ങളുടെ പള്ളി" എന്ന പേർ മാറ്റി "സകല വിശുദ്ധന്മാരുടെയും പള്ളി" എന്ന നാമധേയം മെനേസ്സിസ്സ് നൽകി. രൂപതയുടെ പട്ടികയിൽ ഇപ്പോൾ ആ പേരിനാൽ അത്രേ അറിയപ്പെടുന്നത്. എന്നാൽ ഇപ്പോൾ പ്രധാനമായി ആഘോഷിച്ചുവരുന്ന പെരുനാൾ ഹെർവാസ്സ്, പ്രോത്താസ്സ് എന്ന വിശുദ്ധരുടേതാണ്. തിരുസിംഹാസനത്തിന്റെ അംഗീകാരം സിദ്ധിച്ചിട്ടില്ലാത്ത ഈ സുന്നഹദോസ്സ് നിശ്ചയങ്ങൾ വിസ്തരഭയത്താൽ വിട്ടുകളയുന്നു.

ഉദയംപേരൂർ സുന്നഹദോസ്സിനെ സംബന്ധിക്കുന്ന സകല സംഗതികളിലും മെനേസ്സിസ്സ് മെത്രാപ്പോലീത്തായുടെ അഭിമതമാണ് സാധിച്ചത്. ഈ സുന്നഹദോസ്സ് വിഷയങ്ങളെ കൂലങ്കഷമായി ചർച്ചചെയ്ത് പാസ്സാക്കാതെ, മെനേസ്സിസ്സും അദ്ദേഹത്തിന്റെ പാർശ്വവർത്തികളുംകൂടി 200 നിയമങ്ങൾ എഴുതി ഉണ്ടാക്കി, അവകളെപ്പറ്റി ആർക്കും അഭിപ്രായം പറയുവാൻ ഇടം കൊടുക്കാതെ, വൃഥാ വായിച്ച് തള്ളുകയാണ് ചെയ്തത്. പള്ളിയുടെ വാതലുകൾ ബന്ധിച്ചുകൊണ്ടാണ് പാർശ്വവർത്തികളെകൊണ്ട് പാരായണം ചെയ്ത് പാസ്സാക്കിയത്. ഒമ്പത് യോഗങ്ങളിലായി ഏഴു ദിവസംകൊണ്ട് 200 നിയമങ്ങൾ സൃഷ്ടിച്ചുവെങ്കിലും ഒരു യോഗത്തിലും വാദപ്രതിവാദം അനുവദിച്ചിരുന്നില്ല.

www.malankaralibrary.com

പകലോമറ്റം അക്കദിയാക്കോൻ മുതലായി അന്നത്തെ നമ്മുടെ പൂർവ്വന്മാർ വളരെ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്ത സകല കാര്യങ്ങളും ദൈവകൃപയാൽ മലങ്കര അന്ത്യോക്യൻ റയിറ്റ് മുഖാന്തിരം ഇപ്പോൾ തിരുസിംഹാസനത്തിൽ നിന്ന് നമുക്ക് സദയം അനുവദിച്ചുകിട്ടിയിട്ടുണ്ട്. നിഖ്യാ, കുസ്തന്തീനോസ്സ്, എപ്പേസോസ്സ് ആദിയായ പ്രാരംഭകാലത്തെ സാർവത്രിക സുന്നഹദോസ്സുകളിലെ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം അഭംഗമായി പാലിക്കപ്പെടുന്നതിനുള്ള സകല കാര്യങ്ങളും നമുക്ക് സംസിദ്ധമായിട്ടുണ്ട്. നമ്മുടെ പൂർവ്വന്മാർ ആഗ്രഹിച്ചിരുന്ന പ്രകാരം നമ്മുടെ ആരാധനകളും ആചാരനുഷ്ടാനങ്ങളും ആചന്ദ്രതാരം ആചരിക്കപ്പെടുവാൻ ഉറപ്പായ കല്പനകൾ തിരുസിംഹാസനത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഹൂദായകാനോൻ ഏഴാം അദ്ധ്യായം ഒന്നാം പാസോക്കായിൽ നമ്മുടെ പിതാക്കന്മാർ സ്ഥാപിച്ചിരിക്കുന്ന "റീശ് പാത്രിയർക്കീസ്സാകുന്ന" ശുദ്ധമുള്ള മാർപ്പാപ്പായ്ക്ക് കീഴ്പ്പെട്ട് ആ പരമാധി കാരത്തിന് അധീനരായി ജീവിക്കുക എന്നത് എത്രയോ അനുഗ്രഹപ്രദമായ കാര്യ മാകുന്നു. യഥാർത്ഥ ശീശ്മരാഹിത്യം അതിൽ സ്ഥിതിചെയ്യുന്നു.

മലങ്കര അന്ത്യോഖ്യൻ റയിറ്റ് അനുവദിപ്പിച്ച നി.വ.ദി.മ.ശ്രീ. തിരുവനന്ത പുരം മെത്രാപ്പോലീത്താ, മലങ്കര സഭാഭാസ്വരൻ, ഗീവർഗീസ്സ് മാർ ഈവാനിയോസ്സ് അഭിനന്ദനാർഹൻ തന്നെ. തിരുമനസ്സിലെ ദീർഘദൃഷ്ടി, വിശാലവീക്ഷണം ആദിയായവയുടെ ആഴം ആരാലും നിർണ്ണയിപ്പാൻ ശക്യമല്ലെന്നുള്ളത് മലങ്കര സഭാചരിത്രം ഉദയംപേരൂർ സുന്നഹദോസ്സ് മുതലായ ചരിത്രസംഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ പ്രസ്പഷ്ടമാകുന്ന ഒരു മഹാസത്യമാണ്.

തിരുവല്ലാ രൂപതയെ ഭരിക്കുന്ന അഡ്:അപ്പ:നി.വ.ദി.ശ്രീ. ജോസഫ് മാർ സേവേറിയോസ്സ് തിരുമനസ്സുകൊണ്ട്, ഉദയംപേരൂർ സുന്നഹദോസ്സിൽ നമ്മുടെ പൂർവ്വന്മാർ ആഗ്രഹിച്ചതുപോലെ സാധിച്ചുകിട്ടിയ കാര്യങ്ങൾ അഭംഗമായി പാലിക്കുന്നതിന് എന്തു ത്യാഗവും സഹിപ്പാൻ തക്കവണ്ണം സന്മനസ്സുള്ള ഒരു പുണ്യാത്മാവത്രെ. പൗരസ്ത്യസഭകളുടെ ആരാധനാക്രമങ്ങൾ, ആചാരനു ഷ്ടാനങ്ങൾ ആദിയായവകൾ യാതൊരു വിധത്തിലും മാറ്റുകയോ വ്യത്യാസപ്പെടുത്തുകയോ ഒരിക്കലും ചെയ്തുകൂടെന്നുള്ള തിരുസിംഹാ സനത്തിന്റെ പൂർവ്വികമായ നിയമങ്ങളും കാനോനാകളും മാർ സേവേറി യോസ്സ് തിരുമേനി വളരെ ബഹുമാനിക്കുന്നു എന്നുള്ളത് തിരുമേനിയേ അടുത്തു പരിചയ മുള്ളവർക്ക് ശരിയായി അറിയാൻ കഴിയും. തിരുമനസ്സിലെ റോം സന്ദർശനത്താൽ അത് പൂർവ്വാധികം ശക്തിപ്പെട്ടിടുണ്ട്. ഉദയംപേരൂർ സുന്നഹദോസ്സിന് മുമ്പും പിമ്പും നമ്മുടെ പൂർവ്വന്മാർ ആഗ്രഹിച്ച കാര്യങ്ങൾ മലങ്കര അന്ത്യോക്യൻ റയിറ്റ് മൂലം തികച്ചും സാധിതപ്രായമായിരിക്കു ന്നതിനാൽ മലങ്കരയിലെ അകത്തോലിക്കാ സഹോദരങ്ങൾ അത് തങ്ങളുടെയും ജീവിതാനുഭവങ്ങളിൽ പ്രായോഗികമാക്കണമെന്നുള്ള പ്രാർ ത്ഥനയോടുകൂടി ഈ ലഘുപ്രബന്ധം ഇവിടെ ഉപസംഹരിക്കുന്നു.

www.malankaralibrary.com

# 16. ആശ്രമഘടന

"സന്യാസപരിശീലനാർത്ഥം ബഥന്യാശ്രമത്തിൽ ചേർന്നിട്ടുള്ളവർക്ക് യഥാകാലം, യഥാക്രമം 'ആയാതൻ', 'അർത്ഥി', 'ധർമ്മശിഷ്യൻ', 'തൽക്കാലവ്രതസ്ഥൻ', 'നിത്യവ്രതസ്ഥൻ' എന്നിങ്ങനെ സ്ഥാനങ്ങൾ ലഭിക്കപ്പെടുന്നു. നമ്മുടെ നാഥനായ മശിഹാതമ്പുരാന്റെ സന്യാസപരമായ ഉപദേശങ്ങൾക്കും പുറമേ, പൗരസ്ത്യസഭയിൽ സന്യാസസമൂഹം ഏർപ്പെടുത്തിയ പുണ്യശ്ലോകൻ മാർ ബസ്സേലിയോസു ബാവായുടെ സന്യാസനിബന്ധനകളത്രെ പ്രാധാന്യമായി ബഥന്യാശ്രമത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്.

ബഥന്യാശ്രമസ്ഥന്മാരെല്ലാവരും കാഷായവസ്ത്രം ധരിച്ചുകൊള്ളണമെന്നുള്ളത് നിർബന്ധിതമാകുന്നു. ഇതിനാൽ കേവലം മണ്ണുതന്നേയാണെന്ന് എപ്പോഴും ഒരു സന്യാസി അനുസ്മരിക്കുന്നതിനു പുറമെ, താൻ ദൈവത്തിനു വേണ്ടി നിന്ദിക്കപ്പെടുവാനും ചവിട്ടപ്പെടുവാനുമുള്ളവനാകുന്നു എന്നുള്ള തത്വം ഗ്രഹിക്കുകയും ചെയ്യുന്നു. സുവിശേഷ പ്രചരണസൗകര്യത്തേയും ആദായത്തേയും ഗൗനിക്കുമ്പോഴും കാഷായവസ്ത്രം ഉത്തമവുമാണല്ലോ.

ഒനുവായ സന്യാസപദ്ധതിയനുസരിച്ച് നാം റമ്പാൻ സ്ഥാനമേറ്റത് 1925 മകരമാസം 15-ാം തീയതിയായിരുന്നു. അനന്തരം യാദൃശ്ചികമായ ചില കാരണങ്ങളാൽ മാത്രം നമുക്കു എപ്പിസ്കോപ്പാപദത്തിൽ കയറുവാൻ സംഗതിയായിത്തീർന്നു. മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ രണ്ടാമത്തെ പൗരസ്ത്യ കത്തോലിക്കായായി അവരോധിക്കുന്നതിനെപ്പറ്റി ആലോചിപ്പാൻ വേണ്ടി പരുമലവെച്ചു എപ്പിസ്കോപ്പൽ സുന്നഹദോസ് കൂടുകയുണ്ടായി. അപ്പോൾ നാമും അവിടെ ഉണ്ടായിരുന്നു. തദവസരത്തിൽ നാം എപ്പിസ്കോപ്പായായാൽ നന്നായിരുന്നുവെന്നു തിരുമേനികൾ കല്പിച്ചു. ദൈവം നമ്മെ വിളിക്കുന്നുണ്ടെന്ന് തിരുമേനികൾക്കു ബോദ്ധ്യമുള്ള പക്ഷം മാത്രം നമുക്ക് ആ സ്ഥാനം മതിയെന്ന് മറുപടി പറഞ്ഞു. ബഥനിയുടെ എപ്പിസ്കോപ്പായായിരിപ്പാൻ സ്ഥാനം ഏൽക്കണമെന്ന് വീണ്ടും കല്പിച്ചു. തദനുസരമാണ് 1925 മേടമാസം 19-ാം തീയതി നമുക്കു എപ്പിസ്കോപ്പാ സ്ഥാനാഭിഷേകം പ്രാപിപ്പാൻ ഇടയായത്

രണ്ടാമത്തെ കത്തോലിക്കാബാവയുടെ നിര്യാണത്തിനുശേഷം 1928 ധനു 5-ാം തീയതി വീണ്ടും എപ്പിസ്കോപ്പൽ സുന്നഹദോസു കൂടപ്പെട്ടു. അതിൽ വെച്ചു നിരണം മുതലായ ഇടവകകളുടെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ മൂന്നാമത്തെ പൗരസ്ത്യ കത്തോലിക്കായായിട്ടും, എപ്പിസ്കോപ്പായായ നമ്മെ മെത്രാപ്പോലീത്തായായിട്ടും, ബഥനിയിലെ

www.malankaralibrary.com

യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പായായിട്ടും വാഴിക്കേണ്ട താണെന്ന് നിശ്ചയിക്കുകയും അപ്രകാരം 1929 കുംഭം 2-ാം തീയതി, കത്തോലിക്കാവാഴ്ച ദിവസത്തിൽ, നമ്മെ മെത്രാപ്പോലീത്തായായി അവരോധിക്കുകയും പിറ്റേദിവസം യാക്കോബു റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു."

## "പശുക്കൾ"

"ബഥനിയിൽ ഇപ്പോൾ നാല്പതമ്പതു പശുക്കൾ ഉണ്ട്. ഇടയ്ക്ക് പുലിയുടെയും കടുവായുടെയും മറ്റും ഉപദ്രവമില്ലായിരുന്നുവെങ്കിൽ, ഇക്കാലത്തിനകം അവിടെ വളരെയധികം പശുക്കൾ ഉണ്ടാകുമായിരുന്നു. എന്തുമാത്രം കാവൽ ചെയ്തിരുന്നാലും, ചിലപ്പോൾ പുലിവന്ന് ഇവയെ തട്ടികൊണ്ടു കടക്കുന്നത് ആരും അറിയാൻ ഇടവരികയില്ല. പശുക്കളെ തീറ്റുവാൻ പ്രത്യേകം ചുമതലക്കാരെ നിശ്ചയിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. 60 ഏക്കർ വിസ്തീർണ്ണത്തിൽ കയ്യാലകെട്ടി ഉറപ്പിക്കപ്പെട്ടിട്ടുള്ള കൃഷിസ്ഥലത്തിനു പുറത്തു കൊണ്ടുപോയിട്ടാണ് ഉച്ചഭക്ഷണവുമേന്തിപ്പോകുന്ന കാവൽക്കാർ പശുക്കളെ തീറ്റിക്കായി കാട്ടിലേയ്ക്കു വിടുന്നത്. കാട്ടിനുള്ളിൽ കയറിയാൽ മഷിയിട്ടുനോക്കിയാൽ പോലും അവയെ കാണ്മാൻ പ്രയാസമായിരിക്കും. ഒരാൾപൊക്കത്തിൽ കാട്ടുപുല്ലുകൾ പടർന്നുപിടിച്ചിട്ടുള്ള ഒരു സ്ഥലത്തു ഒരു പശു നിന്നാൽ കാണ്മാൻ എളുപ്പമല്ലല്ലോ. ചിലപ്പോൾ പശുക്കൾ പെട്ടെന്ന് അങ്ങോട്ടുമിങ്ങോട്ടും പായുന്നതിന്റെ ശബ്ദം കേൾക്കാം. അങ്ങനെയുണ്ടാകുമ്പോൾ പശുക്കൾ പുലിയെകണ്ടിട്ടാണെന്നു തീർച്ചപ്പെടുത്തുകയെവേണ്ടു. ഉടൻ കാവൽക്കാർ കൂവുകയോ ഉച്ചത്തിൽ നിലവിളിക്കുകയോ മറ്റോ ചെയ്തില്ലെങ്കിൽ, പുലി പശുവിനെയുംകൊണ്ട് കടന്നുകളയും. ചില പുലികൾ ഈ വിധമുള്ള തന്ത്രങ്ങളൊന്നും വകവെക്കാതെ തങ്ങളുടെ കാര്യം സർക്കാർമുറപ്പോലെ നടത്തിവരികയും പതിവാണ്. ഒരിക്കൽ നമ്മുടെ കുശിനിക്കാരൻ മൂപ്പൻ കാര്യവശാൽ കാട്ടിലൂടെ പോകുകയായിരുന്നു. അപ്പോൾ ഒരു പുലി പശുവിന്റെ പുറത്തു കയറിയിരുന്ന് അതിന്റെ കുരവള്ളി കടിച്ചു പറിക്കുന്നതായി കണ്ട മൂപ്പൻ നിലവിളിക്കുകയും കൂവുകയും എല്ലാം ചെയ്തു നോക്കിയിട്ടും പുലിയ്ക്കുയാതൊരു കൂസലും കണ്ടില്ല. മൂപ്പനു കോപമായി. അയ്യാൾ പിറകോട്ടു പോകുമോ? മുമ്പിൽ കിടക്കുന്നു, പാകത്തിനൊത്ത ഒരു കരിങ്കൽ കഷണം. അതെടുക്കുകയും പുലിയ്ക്കിട്ടൊരേറും. ലക്ഷ്യം പിഴച്ചില്ല. ശരിക്കു തലയ്ക്കുതന്നെ. പുലി തൽക്ഷണം താഴെ ചാടികൊണ്ടു മൂപ്പന്റെ നേരെ കണ്ണുരുട്ടിക്കൊണ്ടൊരു നില. കൈവശമുണ്ടായിരുന്ന വെട്ടുകത്തിയും പൊക്കികൊണ്ട് മൂപ്പനും. ഇരുമ്പുകൊണ്ടുള്ള ഒരു ആയുധം കണ്ടാൽ കാട്ടുമൃഗങ്ങൾ അടുക്കുകയില്ലെന്നുള്ള പറച്ചിലിൽ എന്തുമാത്രം കതിരുണ്ടെന്നു നമുക്കു നിശ്ചയമില്ല. പുലി നേർക്കുചാടിയാൽ ഒരു വെട്ടിനു കഷണം രണ്ടാക്കാൻ തന്നെയാണ് മൂപ്പന്റെ ഭാവം. അത് എത്രത്തോളം സാധിക്കുമായിരുന്നുവെന്ന് പറയണമെങ്കിൽ, പുലി അവിടെ നിന്ന് അനങ്ങിയിട്ടു വേണമല്ലോ. കുറേ നേരം ഉരുട്ടിയും നീട്ടിയുമെല്ലാം നോക്കിക്കഴിഞ്ഞിട്ട്, പുലി നേരെ ഒരു നട. അത് പോയതിൽ പിന്നെയാണു മൂപ്പൻ പശുവിനോടടുത്തത്. അന്നുകാലത്ത് നല്ല ചുണക്കുട്ടിയെപ്പോലെ, വാൽ നിറുകയിൽ കുത്തി, തീറ്റിക്കായിട്ടു കാട്ടിലേക്കിറങ്ങിപ്പോയ ആ പശുവിനെ ഒന്നുരണ്ടുപേർ ചുമന്നാണ് ആശ്രമത്തിലേക്കു കൊണ്ടുപോന്നത്."

www.malankaralibrary.com

# 17. ക്രിസ്തുവിന്റെ മണവാട്ടി ഏത്?

## (ഫാ. ഗീവർഗീസ് തോമ്പ്ര)

ഈ ഭൂമുഖത്തു കാണുന്ന സഭകളിൽ ക്രിസ്തുവിന്റെ യഥാർത്ഥ മണവാട്ടി സഭ ഏതാണ്? പഴയനിയമം പുതിയനിയമത്തിന്റെ നിഴലാണ്. പഴയ നിയമത്തിലെ ശാലോമോൻ രാജാവും തന്റെ പ്രിയയുമായുള്ള പ്രേമ പ്രകടനങ്ങൾ ക്രിസ്തുവും തന്റെ പ്രിയയും (കത്തോലിക്ക സഭയും) തമ്മിൽ ക്രൂശിൽവെച്ചു ചെയ്ത പാണിഗ്രഹണത്തോടു സാമ്യം വഹിക്കുന്നു. മണവാട്ടി പതിവ്രതയും ഭർത്താവിന്റെ ഹിതാനുസരണം നിയമപരിധിയിൽ കൂടി ജീവിതം നയിക്കുന്നവളും ആയിരിക്കണം. നാഥനായ ക്രിസ്തുവിന്റെ കല്പന കൾക്ക് അണുമാത്രം വിശ്വാസരാഹിത്യം കൂടാതെ വിധേയയായുമിരിക്കണം. "ഞാൻ നിങ്ങളോടു കല്പിച്ചിരിക്കുന്നത് മുഴുവൻ പ്രമാണിക്കുവാൻ തക്ക വണ്ണം സകലജാതികളെയും ശിഷ്യരാക്കികൊള്ളുവിൻ" എന്ന് ആജ്ഞാപി ച്ചാണ് യേശു ശിഷ്യരെ സുവിശേഷ വേലയ്ക്ക് നിയോഗിച്ചത്. വിഭിന്നവിശ്വാ സാചാരങ്ങളെ കൈക്കൊള്ളുന്നവർ കാന്തയല്ല. "അവർ തങ്ങൾക്കുതന്നെ ഭയങ്കരമായ ശിക്ഷാവിധിയെ വരുത്തുമെന്നും, അവർ നാശകരമായ മത ഭേദങ്ങളെ നയിക്കുന്നു" എന്നും, പത്രോസ്ശ്ലീഹാ ലേഖനം വഴി ഉറപ്പായി ഉൽബോധിപ്പിച്ചിരിക്കുന്നു. ആകയാൽ ക്രിസ്തുവിന്റെ പ്രേമഭാജനമായി പരിണയിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന ഒരുവൻ മുൻവിധികൂടാതെ സത്യാ സത്യങ്ങളെ വിവേചിച്ച് ഇടുക്കവും പ്രിയന്റെ പീഡനങ്ങളിൽ പങ്കാളി കളായിത്തീരുവാൻ ഞെരുക്കവും നിറഞ്ഞ പാതയെ കണ്ടുപിടിച്ച് അതിൽ കൂടി ചരിക്കണം. ആ സഭയെ എങ്ങനെയാണ് കണ്ടുപിടിക്കുന്നത്? കള്ളനാണ യങ്ങളെയും കള്ളനോട്ടുകളെയും നല്ല നാണയങ്ങളിൽ നിന്നും തിരിച്ചറിവാൻ ചില പൊതുലക്ഷണങ്ങൾ ഉള്ളതുപോലെ സത്യസഭയെ തിരിച്ചറിവാൻ സഭാ പിതാക്കന്മാർ ആദിമനൂറ്റാണ്ടുകളിൽ തന്നെ ചില പൊതുലക്ഷണങ്ങൾ സാർ വത്രിക സുന്നഹദോസ്സുകളിൽ നിർണ്ണയം ചെയ്തിട്ടുണ്ട്. അവ ഏവയെന്നു താഴെ പരിശോധിക്കാം.

സഭാ അപ്പസ്തോലികവും കാതോലികവും ഏകവും വിശുദ്ധവുമായി രിക്കണമെന്ന് എല്ലാവരും മുക്തകണ്ഠം സമ്മതിക്കുന്നതാണല്ലോ. മേല്പറഞ്ഞ നാലു ലക്ഷണങ്ങൾ ഏതുസഭയ്ക്കാണ് യോജിക്കുന്നതെന്ന് നോക്കാം.

**അപ്പസ്തോലികം** ക്രിസ്തുവിനാൽ അഭിഷേകം ചെയ്യപ്പെട്ട അപ്പോ സ്തല പ്രമുഖനായ പത്രോസു മുതൽ പിൻഗാമിയായ ലീനോസ് ആദിയാ

www.malankaralibrary.com

യവരാൽ ക്രമാനുഗതമായി കണ്ണിമുറിയാതെ പിൻതുടർച്ചയോടുകൂടി 12-ാം പീയൂസ് വരെയുള്ള പിൻതുടർച്ച ആർക്ക് കാണിക്കുവാൻ സാധിക്കും?

**2-ാം മത്തെ ലക്ഷണമായ കാതോലികം** എന്നാലെന്ത്? എല്ലാ കാലത്തും എല്ലാ സ്ഥലത്തും എല്ലാ ജാതികളുടെ ഇടയിലും ഉള്ളതും എല്ലാ വേദസത്യങ്ങളും ഉൾക്കൊള്ളുന്നതുമായ സഭ എന്നർത്ഥമാകുന്നു.

**3. ഏകത്വം :-** "പിതാവേ! നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നായിരിക്കേണമേ" എന്ന് ദിവ്യരക്ഷകനും, "ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായുമേയുള്ളു" എന്നു പൗലോസും അറിയിക്കുന്നതിനാൽ സഭയുടെ ഐക്യത്തെ അല്ലാതെ മറ്റെന്തിനെയാണ് ഉറപ്പിച്ചിരിക്കുന്നത്? കൂടാതെ ദിവ്യരക്ഷകൻ തന്റെ സഭയെ എല്ലാവക മീനിനേയും കരയ്ക്കു കയറ്റുന്ന വലയോടും, ആകാശത്തിലെ സകലവിധ പക്ഷികളും കൂടുകെട്ടിപാർക്കുന്ന കടുകുവൃക്ഷത്തോടും, വിത്തും കളയും വളരുന്ന വയലിനോടും, മറ്റു ദൃശ്യവസ്തുക്കളോടും ഉപമിച്ചിരിക്കുന്നതിനാൽ സഭ ഏകമാകണമെന്നും എന്നാൽ അതിൽ ശുദ്ധരെന്നപ്പോലെ, അശുദ്ധരും ഉണ്ടായിരിക്കാമെന്നും തർക്കമെന്യേ സ്ഥാപിച്ചിട്ടില്ലയോ? കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട മുറിവേറ്റ യാത്രക്കാരനെ കരുണാനിധിയായ ശമരിയാക്കാരൻ പ്രഥമശുശ്രൂഷ ചെയ്തശേഷം വഴയമ്പലത്തിൽ കൊണ്ടുചെന്ന് സത്രാധിപനെ അതായത് ഏകമായ ഒരു അധികാരകേന്ദ്രത്തിലല്ലയോ സംരക്ഷണയ്ക്കായി ഭരമേൽപ്പിച്ചത്.

**4. വിശുദ്ധി:-** വിശുദ്ധിയോടെ ജീവിച്ചു നാഥനായ ക്രിസ്തുവിനെ അനുസരിച്ചു ജീവിതാർപ്പണം ചെയ്തിട്ടുള്ള പുണ്യാത്മാക്കൾ ഏതു സഭയിൽ ആണ് ഉള്ളത്? സർവ്വലോകവും സമ്മതിക്കുന്ന ഒരു മഹാപുണ്യവാനെ കാണിക്കട്ടെ. എന്നാൽ 1-ാം നൂറ്റാണ്ടു മുതൽ അനേകായിരം വിശുദ്ധന്മാരെ ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ളത് കത്തോലിക്കാ സഭ മാത്രമാണ്. വി. അപ്പോസ്തോലന്മാർ, സെന്റ് ജോർജ് ആദിയായ സഹദേവന്മാർ, വി. അന്തോണി, ഫ്റാൻസിസ് അസീസി, ഫാദർ ഡാമിയൻ മുതലായ രാജ്യങ്ങളിൽ നിന്നും അനേകായിരം വൈദികരും കന്യകകളും ആരെപ്രതിയാണ് ഈ ഉഷ്ണഭൂമിയിലും മറ്റു രാജ്യങ്ങളിലും ധീരസേവനം അനുഷ്ടിക്കുന്നതു എന്നു വിചിന്തനം ചെയ്യട്ടെ. അവരുടെ മണവാളനായ ക്രിസ്തുവിനെപ്രതിയാണെന്നുള്ളത് തീർച്ചയാണ്. അവരുടെ യൗവനത്തിലെ സുഖസൗകര്യങ്ങൾ എല്ലാം ക്രിസ്തുവിനെ പ്രതിത്യജിച്ച് നിരവധി ത്യാഗങ്ങൾ അനുഷ്ടിച്ചത് മണവാട്ടിസ്ഥാനത്തിനുവേണ്ടി മാത്രം ആണ്.

മലങ്കരസഭ ഇന്ന് അവാന്തരവിഭാഗങ്ങളായി. 1653-ലെ കൂനൻകുരിശു സത്യത്തിനു മുമ്പ് മലങ്കരയിൽ, നമ്മുടെ പിതാക്കന്മാർ ഏതു വിശ്വാസത്തിന് അധീനർ ആയിരുന്നു എന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരു വിശ്വാസിക്കും അതു കത്തോലിക്കാ സഭയായിരുന്നു എന്നു കാണാൻ

www.malankaralibrary.com

കഴിയും.

പറുങ്കിമെത്രാനായ ദോംമെനേസീസിനെ എങ്ങിനെ മലങ്കര നസ്രാണികൾ തങ്ങളുടെ മെത്രാനായി സ്വീകരിച്ചു? എങ്ങിനെയാണ് ഉദയംപേരൂർ സുന്നഹദോസിൽ പങ്കുകൊണ്ടത്? റോമ്മാഐക്യത്തിൽ അല്ലായിരുന്നു എങ്കിൽ നമ്മുടെ പിതാക്കന്മാർ എങ്ങിനെയാണ് കൂദാശകാര്യങ്ങളിൽ സംബന്ധിച്ചത്? ഈ യോജിപ്പിൽ നിന്നും നമ്മുടെ പിതാക്കന്മാർ എല്ലാവരും കത്തോലിക്കരായിരുന്നു എന്നുള്ളത് തീർച്ചയാണ്. വിശ്വാസകാര്യങ്ങളിൽ വളരെ നിഷ്ടയുള്ള മുൻകാലങ്ങളിൽ നമ്മുടെ വിശ്വാസം കത്തോലിക്കാ വിശ്വാസമല്ലായിരുന്നുവെങ്കിൽ എങ്ങിനെ പറങ്കിമെത്രാനെ കൈകൊണ്ടു? അതിനാൽ മലങ്കരനസ്രാണികൾ റോമ്മാ മാർപ്പാപ്പായുമായുള്ള ഐക്യത്തിൽ വർത്തിച്ചിരുന്ന വിദേശ പാത്രിയക്കീസന്മാർ വഴി എല്ലാ കാലത്തും കത്തോലിക്കാ സഭാംഗങ്ങൾ ആയിരുന്നു. അതിനാലാണ് നാം മെനേസീസിനെ സ്വീകരിച്ചതും അനുസരിച്ചതും എങ്കിലും പറങ്കികളുടെ അധികാരപ്രമത്തതമൂലം ഇരുകൂട്ടരും തമ്മിലുള്ള വേഴ്ച നഷ്ടപ്പെടുകയും, പന്ത്രണ്ട് വൈദികർ ആലങ്ങാട്ടുപള്ളയിൽവെച്ച് അക്കദീയാക്കോനെ മെത്രാഭിഷേകം ചെയ്തതും, തൽഫലമായി മറ്റൊരടിസ്ഥാനത്തിൽ യാക്കോബായ സഭ -അഥവാ പുത്തൻകൂർ വിഭാഗം -ഉത്ഭവിക്കുകയും ചെയ്തു.

യാക്കോബായസഭയിൽ എല്ലാകാലങ്ങളിലും ബുദ്ധിമാന്മാർ വി.സഭയോടുള്ള പുനരൈക്യത്തിനു ആഗ്രഹിക്കുകയും, പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും, ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ദൈവം കരുണയുടെ വാതിൽ ബഥനിയിൽ തുറക്കുകയും, കർമ്മധീരനും കുശാഗ്രബുദ്ധിയും ആയ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ സിംഹാസനവുമായി എഴുത്തുകുത്തുകൾ നടത്തുകയും, 1930 സെപ്റ്റംബർ 20-ാം തീയതി കൊല്ലം മെത്രാസന അരമനയിൽ ബൻസിഗർ ബിഷപ്പിന്റെ മുമ്പിൽവെച്ച് വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്തു. സഭാനാഥനെ (ഭർത്താവായ ക്രിസ്തുവിനെ) അനുസരിക്കുന്നതിന് ആഹ്വാനം ചെയ്തതിന്റെ ഫലമായി പുനരൈക്യപ്രസ്ഥാനം വഴി സഭയ്ക്കും സമൂഹത്തിനും സംലബ്ധ്യമായി.

www.malankaralibrary.com

# 18. മിശിഹാനുകരണ സന്യാസിനീസമൂഹം (M.H.)

ഇപ്പോൾ തിരുവനന്തപുരം ആർച്ചുബിഷപ്പായ മാർ ഈവാനിയോസ് തിരുമേനി 1917-ൽ കൽക്കട്ടായിക്കടുത്തുള്ള സെറാമ്പൂർ ആംഗ്ലിക്കൻ വേദശാസ്ത്രകോളേജിൽ ഒരു പ്രൊഫസർ ആയിരുന്നു. അന്ന് ഫാ.പി.റ്റി. ഗീവർഗ്ഗീസ് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അക്കാലത്ത് കിഴക്കേ ബംഗാളിലേ ബാരിസോളിലുള്ള ഓക്സ്ഫോഡ് മിഷ്യൻ സിസ്റ്റേഴ്സുമായി അദ്ദേഹം പരിചയപ്പെടാനിടയായി. സ്വസമുദായത്തിൽ ഒരു സന്യാസിനീസമൂഹം സ്ഥാപിക്കണമെന്ന് അഭിവാഞ്ചിച്ചിരുന്ന അദ്ദേഹം മേൽ പ്രസ്താവിച്ച സിസ്റ്റേഷ്സിനെ തന്റെ ഇംഗിതമറിയിക്കുകയും തദർത്ഥം വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാമെന്ന് അവർ സമ്മതിക്കുകയും ചെയ്തു. വിനാവിളംബം ഫാദർ പി.റ്റി. ഗീവർഗ്ഗീസ് തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യക്കാരായ ഏതാനും യുവതികളെ തിരഞ്ഞെടുത്ത് ബാരസോളിലെ ഓക്സ്ഫോർഡ് സിസ്റ്റേഴ്സിന്റെ പരിശീലനത്തിന് വിധേയമാക്കി. മൂന്നുകൊല്ലത്തെ പരിശീലനത്തിനുശേഷം ഈ യുവതികൾ ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഷ്സിൽ രണ്ടുപേരുമൊരുമിച്ച് കേരളത്തിലേക്ക് മടങ്ങി. ഇവർ തങ്ങളുടെ വാസസ്ഥലമായി സ്വീകരിച്ചത് തിരുവില്ലായ്ക്കടുത്തുള്ള തിരുമൂലപുരമാണ്. വിനാവിളംബം ഈ സന്യാസിനികൾ തിരുമൂലപുരം ബാലികാമഠം ഹൈസ്ക്കൂളിലെ ബോർഡിംഗ് വിദ്യാർത്ഥിനികളുടെ ആദ്ധ്യാത്മികമേൽനോട്ടം ഏറ്റെടുത്തു. ഇതിനു പുറമേ ആതുരാശുശ്രൂഷയിലും ഇവർ ഏർപ്പെട്ടിരുന്നു.

1925 മേയ് മാസത്തിൽ ഫാദർ പി.റ്റി.ഗീവർഗ്ഗീസ് എം.ഏ. മാർ ഈവാനിയോസ്സ് എന്ന പേരിൽ യാക്കോബായസഭയിലെ ഒരു മെത്രാപ്പോലീത്താ ആയി അഭിഷിക്തനായി. അക്കൊല്ലം തന്നെ തിരുമൂലപുരത്ത് ആസ്ഥാനമുറപ്പിച്ച യുവസന്യാസിനികളിൽ മൂന്നുപേർ, സിസ്റ്റർ ശൈനാ, സിസ്റ്റർ ഹൂബാ, സിസ്റ്റർ ദനഹാ എന്ന പുതിയ പേരുകൾ സ്വീകരിച്ച് 1925 സെപ്റ്റംബർ 21-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ സന്നിധിയിൽ സന്യാസ വ്രതവാഗ്ദാനങ്ങൾ നടത്തുകയും, തിരുമേനിയിൽ നിന്നുതന്നെ സഭാ വസ്ത്രങ്ങൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് സിസ്റ്റർ ശൈനാ പുതിയ സന്യാസസമൂഹത്തിന്റെ മദർ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു.

www.malankaralibrary.com

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തന്റെ സഫറഗൻ മാർ തെയോഫിലോസു തിരുമേനിയൊരുമിച്ച് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഈ തിരുമേനിമാരെ അനുകരിച്ച് തിരുമൂലപുരത്തെ സന്യാസിനികൾ ഒന്നടങ്കം കത്തോലിക്കാസഭയിൽ പ്രവേശിച്ചു. ഈ വാർത്തയറിഞ്ഞപ്പോൾ അതുവരെ നമ്മുടെ സന്യാസിനികളുടെ ഉപകർത്താക്കളും മിത്രങ്ങളുമായിരുന്ന പലരും അവരുടെ ബദ്ധവൈരികളായിത്തീർന്നു. തൻമൂലം ഈ സന്യാസിനികൾ നിരവധി ക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്.

1932-ൽ മാർ ഈവാനിയോസ് തിരുമേനി അന്നു തിരുസഭാഭരണം നടത്തിയിരുന്ന പതിനൊന്നാം പീയൂസ്സ് മാർപ്പാപ്പായേ സന്ദർശിച്ചതിനേ തുടർന്ന് തിരുവനന്തപുരം വൈദികസംസ്ഥാനം സ്ഥാപിതമാകുകയും മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം ആർച്ചുബിഷപ്പും, മാർ തെയോഫിലോസു തിരുമേനി തിരുവല്ലാ ബിഷപ്പുമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1936 ഏപ്രിൽ മാർ ഈവാനിയോസ് തിരുമേനിയുടെ ആഗ്രഹാനുസരണം തിരുമൂലപുരത്തെ സന്യാസിനിസമൂഹം തിരുവനന്തപുരത്തേയ്ക്കു മാറ്റപ്പെട്ടു. 1936 ജൂണിൽ മിശിഹാനുകരണ സന്യാസിനിസമൂ ഹത്തിന്റെ ഒരു ശാഖ തിരുവല്ലാ രൂപതയിൽ ആരംഭിച്ചു. തിരുവല്ലാരൂപതയിൽപെട്ട സന്യാസിനികൾ തിരുമൂലപുരത്തെ പഴയ വസതിതന്നെയാണ് തങ്ങളുടെ ആസ്ഥാനമായി സ്വീകരിച്ചത്. പുതിയ സ്ഥാപനത്തിന്റെ പ്രഥമ മദർ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടത് സിസ്റ്റർ ഹൂബായാണ്. പ്രാരംഭത്തിൽ മിശിഹാനുകരണസഭയിൽ പ്രവേശിക്കുന്നതിന് അധികം കന്യകകൾ സന്നദ്ധരായില്ല. കൂടുതലാളുകൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു തുടങ്ങിയപ്പോൾ മാതാപിതാക്കളുടെ പ്രതിരോധത്തെ അവഗണിച്ച് കത്തോലിക്കാസഭയിൽ പ്രവേശിച്ച് മിശിഹാനുകരണ സന്യാസിനിസമൂഹത്തിലേ അംഗങ്ങളായിത്തീർന്നിട്ടുള്ള പാവനമതികളും കുറവല്ല.

ഇപ്പോൾ തിരുവല്ലായിലെ മിശിഹാനുകരണ സമൂഹത്തിൽ നിത്യവ്രതവാഗ്ദാനം നടത്തിയ നാല്പത്തിയഞ്ചു കന്യകകളും, അഞ്ചു നവസന്യാസിനികളും, അഞ്ചു സന്യാസാർത്ഥിനികളും അംഗങ്ങളായുണ്ട്. തിരുവല്ലാ രൂപതാദ്ധ്യക്ഷനായ മാർ സേവേറിയോസ് തിരുമേനിയുടെ പൈതൃക സംരക്ഷണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമായി ഈ സഭയുടെ ഒരു ശാഖ 1942-ൽ പിറവത്തും വേറൊന്ന് 1947-ൽ കുന്നംകുളത്തും ആരംഭിച്ചിട്ടുണ്ട്. കുന്നംകുളത്ത് സന്യാസിനികളുടെ മേൽനോട്ടത്തിൽ പെൺകുട്ടികൾക്കായി ഒരു പ്രൈമറി സ്ക്കൂളും ഒരു ഹൈസ്ക്കൂളും, പിറവത്ത് ഒരു പ്രൈമറി സ്ക്കൂളും നടത്തിവരുന്നുണ്ട്. തിരുമൂലപ്പുരത്ത് നടത്തിവരുന്ന ബഥനി ബോർഡിംഗ് ഇതിനകം കേരളമൊട്ടുക്ക് പ്രസിദ്ധമായിത്തീർന്നിട്ടുണ്ട്. തങ്ങളുടെ പെൺകുട്ടികളെ ഈ ബോർഡിംഗിൽ അയച്ചു പഠിപ്പിക്കുവാൻ

www.malankaralibrary.com

സാധിക്കുന്നത് ഒരു മഹാഭാഗ്യമായി മാതാപിതാക്കന്മാർ കരുതുന്നു. കുന്നംകുളത്തേയും പിറവത്തേയും സ്ഥാപനങ്ങൾ അനുദിനം അഭിവൃദ്ധി പ്പെട്ടുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനങ്ങൾ നടത്തികൊണ്ടു പോകുന്ന കാര്യത്തിൽ മിശിഹാനുകരണ സഭക്കാർ പല സാമ്പത്തിക ക്ലേശങ്ങളും സഹിക്കാൻ നിർബന്ധരായികൊണ്ടിരിക്കുന്നു എന്ന വസ്തുത ഇത്തരുണ ത്തിൽ വിസ്മരിക്കാവുന്നതല്ല.

അനാഥശാലകൾ, ഏകാന്തധ്യാനമന്ദിരങ്ങൾ, ഡിസ്പൻസറികൾ ആദി യായ സ്ഥാപനങ്ങൾ നടത്തി മനുഷ്യരുടെ ആത്മീയവും, ശാരീരികവുമായ നന്മയ്ക്കുവേണ്ടി സേവനങ്ങൾ അനുഷ്ടിക്കണമെന്നതാണ് മിശിഹാനുകരണ സമൂഹത്തിന്റെ ഉദ്ദേശ്യം. എന്നാൽ സാമ്പത്തിക പ്രയാസങ്ങൾ മൂലം ഉദ്ദേശ്യങ്ങൾ മുഴുവൻ സഫലമാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഈ സമൂഹത്തിന്റെ രജതജൂബിലിയും, അതിന്റെ സ്ഥാപകന്റെ മെത്രാഭിഷേക രജതജൂബിലിയും സാർവത്രികസഭ വിശുദ്ധ വർഷമായി ആചരിക്കുന്ന ഇക്കൊല്ലംതന്നെ ആഘോഷിക്കുവാൻ സംഗതിയായത് സമൂഹാംഗങ്ങൾക്ക് അത്യന്തം ചാരിതാർത്ഥ്യജനകമാണ്.

## സിസ്റ്റർ ഹെലൻ

"നാം ഒരു കന്യകാമഠം സ്ഥാപിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നും അതിലേക്കു ദൈവനിയോഗവും മനസ്സും ഉള്ളവർ വന്നുചേരുന്നതായാൽ അവർ ക്കെല്ലാവർക്കും സന്യാസപരിശീലനം ലഭിക്കുമാറു നാം ചില ഏർപ്പാടുകൾ ചെയ്തി ട്ടുണ്ടെന്നുമുള്ള വർത്തമാനം പ്രാരംഭകാലത്തു പലേടത്തും പ്രചരിക്കുവാൻ ഇടയാ യിത്തീർന്നു. ഇങ്ങനെ വന്നു ചേരുന്നവരിൽ ഒരാളാണ്, ഇപ്പോൾ ബഥനി കന്യകാ മഠത്തിന്റെ സുപ്പീരിയാറായിരിക്കുന്ന മൂക്കഞ്ചേരിൽ പത്രോസ് കത്തനാരുടെയും മറ്റും സഹോദരിയായ സ്ത്രീരത്നമെന്ന്. ഇവിടെ വിശിഷ്യാ പ്രസ്താവ്യമാണ്.

സിസ്റ്റർ ഹെലൻ എന്നു പേരായ ഒരു യൂറോപ്യൻ കന്യകാരത്നത്തോട് ബഥനി കന്യാസ്ത്രീമഠത്തിന് എന്നും കൃതജ്ഞതപ്പെടാൻ അവകാശമുള്ളതാണ്. ബാരിസോൾ കന്യാസ്ത്രീമഠത്തിലെ അധികൃതകളിൽ ഒരാളായ ഇവരാണ് നമ്മുടെ കന്യാസ്ത്രീമഠ സ്ഥാപനത്തിനായി അത്യുത്സാഹത്തോടുകൂടി അശ്രാന്തം പണിപ്പെട്ടവർ. സന്യാസ പരിശീലനത്തിൽ ഇവരുടെ 'മേൽനോട്ടവും സഹകരണവുമാണ്' അധികം ഉണ്ടായിട്ടു ള്ളതും. ഒരു കന്യാസ്ത്രീ മഠം നടത്തികൊണ്ടുപോകാനുള്ള മുറകൾ, സന്യാസിനികൾ അനുവർത്തികേണ്ട ചുമതലകൾ എന്നിവ ബാരിസോളിലെ നമ്മുടെ പരിശീലനാർ ത്ഥികളെക്കൊണ്ട് ഒരു കന്യാസ്ത്രീ മഠം രൂപീകരിച്ചുതന്നെ അഭ്യസിപ്പിച്ചിരുന്നു. അങ്ങനെ ബരിസോളിൽ വെച്ചു രൂപീകരിക്കപ്പെട്ടതായ കന്യകാമഠത്തെ പിന്നീട് തിരുവല്ലായിൽകൊണ്ടുവന്നു പ്രതിഷ്ടിക്കുകയേ ആവശ്യമുണ്ടായിരുന്നുള്ളൂ. സിസ്റ്റർ ഹെലൻ കൂടി വന്നപ്പോൾ വിശേഷാൽ അതിനു ഒരു ജീവനുണ്ടായി.'

www.malankaralibrary.com

# 19. NIRANAM, AND THE MISSION OF THE APOSTLE.

## (Very Rev.FR. N.G. Kuriakose M.A., B.D. & L.T.)

Niranam, the spot of the visit of St. Thomas, is a small village not far from the town of Thiruvalla and it comprises an area of about 12 sq.miles, and in the days of the Apostle's visit, it is believed that it was very near the Arabian Sea, and there are relics of its proximity to the sea now a distance of about 20 miles. The Apostle evidently could have got access to Niranam, in the first century, through a canoe, the used in the sea. The high class Malayala Brahmins, and other high class Hindus of other denominations, and for his converts, he founded a church, consecrated priests, and trained them in the way of the Lord, and in the order of prayer, worship, and in the Liturgical practices. Several stories of his miraculous powers and deeds are even extant in this place, and throughout the whole of malabar. The progress of the mission of the Apostle was not steady and uniform till the year 345 A.D., when there landed in Malabar, according to the traditions of St. Thomas Christians of South India, under the convoy of a Jerusalem merchant, Thomas, men and women, presbyters, and decons, from Jerusalem, Bagdad, and Nineveh, who had attached themselves to him. That a large emigration took place from Syria and Mesopotamia to Malabar is quite possible. This is the simplest explanation of the ecclesiastical dependance of the Malabar Church upon the Catholic Patriarchate at Antioch. From his we can legitimately gather, that the Malabar Church has never been tained with any heresy or schism. The syrian Jacobite Chirstians of the Niranam St.Mary's Parish Church, also very loyally adhered to the true faith, and clung to the very sacred traditions of the Apostle and his Apostolate. The Malabar Church fell in schism, and the St. Mary's Church, ar Niranam also along with several other churches fell in schism owing to the advent of the Portuguese, and afterwards also owing to the impact of Western culture, and Protestant influence. The result of all such foreign interference and Protestant cult was the splitting up of the Malabar Christians of St. Thomas, into several denominations, such as the Jacobite Syrians, the Anglican Syrians, the

www.malankaralibrary.com

Reformed Syrians, who now claim themselves to be called the true Mar Thoma Syrians, and a good number of other sects, with widely different faith and practice. Ever since the schism has set in the Prelates of the Jacobite church have made serious efforts to seek a Re-union with the Holy Catholic Church, but none of them could see their attempts materialised in their life time. But the gracious Lord, in His Divine economy, was pleased to grant that privilege to those distinguished Prelates, His Grace Mar Ivanios. His excellency Mar Theophilos, His Excellency Mar Dioscoros (now deceased), and afterwards to His Grace Mar Severios, who was the ruling Metropolitan of the Jacobite Church of the Niranam Jacobite diocese. Who can fathom the deep mysteries of God?

The Jacobite Syrian Christians believe that the ancient church at Niranam now in their possession is the church founded by St. Thomas and it is one of the seven churches founded by the Apostle. Their present church is the one re built on the anxient foundation some forty years ago and it is very mighly edifice. It is financially very stable, and its congregation number about 8000. The present writer was a priest of this church.. for about 15 years before his submission to the Catholic Church, and he was also the Headmaster of their Church English School for 13 years. Actually he is the Vicar of the Catholic Parish of St. Mary's at Niranam.

The Pilgrim party of " Our Lady Of Fathima" were gracious enough to pay a visit to this desolate and neglected spot of St. Thomas on the 14th January 1950, and the visit of Our Fathima Mother has inspired us all and all the inhabitants of the place who assembled to welcome the Divine Mother and to receive blessings from Her. Now we are making serious efforts to build a beautiful shrine to commemorate. Her visit to Niranam on the first anniversary day of the Visit of the Pilgrim Party on the 14th of January 1951. We have started the building work of the shrine on faith and faith alone, and we hope that the Divine Mother would help us all to revive the Mission of the Apostle, if only we have the faith of Abraham, the Patience of Jacob, the Purity of Joseph, and the Zeal of St.Paul.

www.malankaralibrary.com

# 20. കേരളത്തിലെ അകത്തോലിക്കാ സഭകൾ

### ഒരു വിഹഗവീക്ഷണം
### (ഫാദർ തോമസ്സ്, ഇഞ്ചയ്ക്കലോടി)

നി.വ.ദി.ശ്രീ.മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേ വിദേശ പര്യടനസ്മാരകമായി പ്രസിദ്ധപ്പെടുത്തുന്ന ഈ വിശേഷാൽപ്രതിയിൽ "കേരളത്തിലേ അകത്തോലിക്കാസഭകളെ"പ്പറ്റി ഒരു ലേഖനം എഴുതണമെന്നുള്ള ബഹുമാന്യ ഭാരവാഹികളുടെ നിർദ്ദേശം സസന്തോഷം സ്വീകരിച്ചു കൊള്ളുന്നു. ജനസംഖ്യയിൽ ഉദ്ദേശം പത്തുലക്ഷത്തോളം വരുന്നതും പതിനാറോളം സഭാവിഭാഗങ്ങളിലായി നിലകൊള്ളുന്നതുമായ കേരളത്തിലേ അകത്തോലിക്കാസഭകളുടെ ഉത്ഭവം, സ്ഥാപകന്മാർ, പ്രചരണം, വിശ്വാസവിഷയങ്ങൾ, ആധുനികനില എന്നിവയെപ്പറ്റി ചരിത്രപരവും വിമർശനപരവുമായ ഒരു ഗ്രന്ഥം അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തണമെന്ന് ഞാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ വിശേഷാൽപ്രതിയിൽ അനുവദിച്ചിട്ടുള്ള സ്ഥലം പരിമിതമാകയാൽ ഇവിടത്തേ അകത്തോലിക്കാ സഭകളെപ്പറ്റി പൊതുവേ ചില കാര്യങ്ങൾ സംക്ഷിപ്തമായി പ്രതിപാദിക്കുന്നതിന് മാത്രമേ ഇപ്പോൾ ഞാൻ ഉദ്യമിക്കുന്നുള്ളു.

കേരളത്തിൽ ഇപ്പോഴുള്ള കത്തോലിക്കേതര സഭകളിൽ ജനസംഖ്യ കൊണ്ടും സ്ഥാപനകൾകൊണ്ടും മുന്നണിയിൽ നിൽക്കുന്നവ യാക്കോബായ (പാത്രിയക്കീസു കക്ഷി) ഓർതഡോക്സ് (മെത്രാൻ കക്ഷി) മാർത്തോമ്മാ (നവീകരണകക്ഷി) തെന്നിന്ത്യൻ ഐക്യസഭ (സി.എം.എസ്സ്; എൽ.എം.എസ്സ്; ബാസ്സൽമിഷ്യൻ; ലൂതർമിഷ്യൻ എന്നീ സഭകളുടെ സംയോജനം) എന്നീ സഭകളത്രേ, ഇവകൂടാതെ രക്ഷാസൈന്യം, പെന്തിക്കോസ്ത, ബ്രദറൺ, നെസ്തോറിയൻ, പ്രത്യക്ഷരാക്ഷാദൈവസഭ, യൂയോമയം (അഞ്ചരവേദം) ശാബത്ത്, റസ്സൽ, അഞ്ഞൂർ എന്നീ സഭകളും അവയുടെ ചില വിഭാഗങ്ങളും കേരളത്തിൽ തന്നെയുണ്ട്. ഇവയിൽ എപ്പിസ്ക്കോപ്പൽ സഭകളാണെന്ന് സ്വയം അഭിമാനിക്കുകയും കൈവെ യ്പുമൂലമുള്ള പൗരോഹിത്യം അത്യന്താപേക്ഷിതമാണെന്ന് പഠിപ്പിക്കുകയും, വൈദിക ഭരണത്തിനു വിധേയമായിരിക്കുകയും ചെയ്യുന്ന സഭകൾ യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മ, നെസ്തോറിയൻ, അഞ്ഞൂർ, തെന്നിന്ത്യൻ ഐക്യസഭ എന്നിവയത്രേ. ബാക്കിയുള്ളവയെല്ലാം പുരോഹിതരഹിതസഭകളത്രേ.

www.malankaralibrary.com

പതിനാറു ശതവർഷക്കാലത്തോളം ഏകയോഗക്ഷേമമായി റോമാ പാത്രിയക്കീസന്മാരായ മാർപ്പാപ്പാമാരുടെ ഭരണത്തിന് കീഴിൽ കത്തോലിക്കസഭാംഗങ്ങളായിരുന്ന കേരളീയ ക്രൈസ്തവരുടെ ഇടയിൽ ഭിന്നതയുടെ വിഷബീജം വിതച്ചതു ക്രിസ്താബ്ദം 1653-ൽ നടന്ന പ്രസിദ്ധമായ കൂനൻ കുരിശു സത്യമായിരുന്നുവല്ലോ. റോമ്മാ മാർപ്പാപ്പാമാരുടെ ഭരണത്തിൽ നിന്നും വിമുക്തിനേടുന്നതിനോ, കത്തോലിക്കാസഭയെ പരിത്യജിക്കുന്നതിനോ വേണ്ടിയല്ലാ നമ്മുടെ പിതാക്കന്മാർ അന്ന് മട്ടാഞ്ചേരിയിൽ വെച്ച് സത്യം ചെയ്തത്. പിന്നയോ, പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണത്തോടുണ്ടായ വിപ്രതിപത്തിയും ലത്തീൻ റീത്തു സ്വീകരിക്കുന്നതിനുള്ള വൈമനസ്യവും പരസ്യമായി പ്രകടിപ്പിക്ക മാത്രമാണ് അവർ ചെയ്തതെന്നുള്ള വാസ്തവം ചരിത്രത്തെളിവുകളെ അല്പമെങ്കിലും ബഹുമാനിക്കുന്നവർക്ക് നിഷേധിക്കുക സാധ്യമല്ല. ഏതായാലും കൂനൻകുരിശു സത്യാനന്തരം മാത്രമാണ് "പുത്തൻകൂറ്റുകാർ" എന്നും "യാക്കോബായ സഭ" എന്നുമുള്ള നാമങ്ങൾ ഇവിടെ കേട്ടുതുടങ്ങിയത് എന്നുള്ളതു കരതലാമലകംപോലെ തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതകളത്രേ. ക്രിസ്താബ്ദം 1665-ൽ കേരളത്തിൽ ആഗതനായ ഗ്രീഗോറിയോസ് പാത്രിയാക്കീസിന്റെ ഭരണത്തിലൂടെ, യാക്കോബായസഭയ്ക്ക് ഇവിടെ പ്രവേശനം ലഭിച്ചു.

കേരളത്തിൽ ഇപ്പോഴുള്ള അകത്തോലിക്കാസഭകളിൽ പുരാതന ക്രൈസ്തവവിശ്വാസങ്ങളിൽ നിന്നും "സഭയായിട്ട്" ഇതേവരെ വ്യതിചലിക്കാതിരുന്നിട്ടുള്ള സഭകൾ യാക്കോബായ സഭയും ഓർത്തഡോക്സ് സഭയും മാത്രമാണെന്നു സംശയലേശമെന്യേ പറയുന്നതിന് സാധിക്കും. മാർത്തോമ്മാ സഭയാകട്ടെ ആകൃതിയിൽ (വേഷഭാഷാദികളിൽ) യാക്കോബ്യവും പ്രകൃതിയിൽ (വിശ്വാസവിഷയങ്ങളിൽ) പ്രോട്ടസ്റ്റന്റുമായി ഇപ്പോഴും നിലകൊള്ളുന്നു. ഇതര പ്രോട്ടസ്റ്റന്റു സഭകളാകട്ടെ, ഓരോരോ വിശ്വാസവിഷയങ്ങളിൽ കേന്ദ്രം ഉറപ്പിച്ചുകൊണ്ട് പരസ്പരം മത്സരിച്ചും ഭിന്നിച്ചും സ്ഥിതി ചെയ്യുന്നു. രക്ഷാസൈന്യം ക്രിസ്തുവിൻ രക്തത്താലുള്ള അഭിഷേകത്തേയും, ബ്രദറൺ സഭ വിശ്വാസസ്നാനത്തേയും, പെന്തിക്കോസ്തുസഭ മറു ഭാഷാവരത്തേയും ശബത്തുകാർ ശനിയാഴ്ച ആചരണത്തേയും, യൂയോമയക്കാർ സഹസ്രാബ്ദവാഴ്ചയേയും കാര്യമായി പരിഗണിച്ചുപോരുന്നു. പെന്തികോസ്തുസഭ കേവലം നിസ്സാരകാരണങ്ങളാൽ നാലു നായകന്മാരുടെ കീഴിൽ ഇന്ത്യൻ പെന്തികോസ്തു ദൈവസമൂഹം എന്നിങ്ങനെ നാലായി വിഭജിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സിറിയൻ ബ്രദർ, വിയോജിതൻ, നോയൽ ബ്രദറൺ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ടായിരുന്ന ബാപ്തിസ്തുസഭ യോജിച്ചു തെന്നിന്ത്യൻ ഐക്യസഭയേപ്പോലെ ഒന്നായിത്തീർന്നിരിക്കുന്നു.

ജനസംഖ്യ പരിഗണിക്കുന്നപക്ഷം ഇവിടത്തേ യാക്കോബായ സഭയ്ക്കും ഓർത്തഡോക്സ് സഭയ്ക്കും രണ്ടരലക്ഷം വീതവും, മാർത്തോമ്മാ

www.malankaralibrary.com

സഭയ്ക്കും തെന്നിന്ത്യൻ ഐക്യസഭയ്ക്കും ഒന്നരലക്ഷം വീതവും അംഗങ്ങളുണ്ട്. ബാക്കിയുള്ള സഭകളിൽ അരലക്ഷത്തിൽ കൂടുതൽ അംഗങ്ങളുള്ള ഒരൊറ്റ സഭപോലും ഇവിടെയില്ല. ദൈവസഭ, യൂയോമയം, റസ്സൽ എന്നീ സഭകൾക്ക് 500-ൽ താഴെ വീതം മാത്രമേ അംഗങ്ങളുള്ളൂ. ജനസംഖ്യയിൽ പ്രതിവർഷമുള്ള ശതമാനവർദ്ധനവ് നോക്കുന്ന പക്ഷം കേരളത്തിലേ അകത്തോലിക്കാസഭകളിൽ പെന്തികോസ്തു സഭയ്ക്കാണ് കൂടുതൽ അഭിവൃദ്ധിയുള്ളത്.

കേരളത്തിലെ പുത്തൻകൂറ്റുകാരുടെ പുനരൈക്യത്തിനുവേണ്ടി ഇവിടുത്തെ കത്തോലിക്കർ ഇക്കഴിഞ്ഞ മുന്നൂറു വർഷക്കാലവും കഴിവതു പ്രയത്നിച്ചുകൊണ്ടാണ് ഇരുന്നതെങ്കിലും പുനരൈക്യപ്രവാഹത്തിന്റെ ശക്തി പതിന്മടങ്ങായി വർദ്ധിക്കുന്നതിനിടയായിത്തീർന്നതു മലങ്കര സുറിയാനി റീത്തിന്റേയും, ഹൈരാക്കിയുടേയും ആവിർഭാവത്തിനുശേഷം മാത്രമാണെന്നുള്ളത് അവിതക്കിതമായ പരമാർത്ഥമത്രേ. ഇക്കഴിഞ്ഞ ഇരുപതുകൊല്ലത്തിനുള്ളിൽ അൻപതിനായിരത്തോളം ആളുകൾ കേരളത്തിലെ അകത്തോലിക്കസഭകളിൽ നിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ളതിൽ നേർപകുതിയും ഇവിടുത്തെ ഓർത്തഡോക്സ് സഭയിൽ നിന്നുമാണെന്ന് പറയേണ്ടിയിരിക്കുന്നു. യാക്കോബായസഭയിൽ നിന്നും പതിനായിരത്തോളവും മാർത്തോമ്മാസഭയിൽ നിന്നും അയ്യാരത്തിൽപരവും ആളുകൾ ഇതിനകം കത്തോലിക്കാപുനരൈക്യം പ്രാപിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ വിവിധ പ്രോട്ടസ്റ്റന്റു സഭകളിൽ നിന്നുമാണ് കത്തോലിക്കാസഭയേ ആശ്ലേഷിച്ചിട്ടുള്ളത്. യാക്കോബായ ഓർത്തഡോക്സ് സഭകളിൽ ഏതാനും വർഷങ്ങളായി നിലനിന്നു വരുന്നതും ഒരുകാലത്തും പരിഹരിക്കുവാൻ നിവൃത്തിയില്ലാത്തതുമായ കുഴപ്പങ്ങളും, വിശ്വാസവിഷയങ്ങളിലും ആരാധനാരീതികളിലും കത്തോലിക്കാസഭയുമായുള്ള ഐക്യരൂപ്യവും നിമിത്തമാണ് പ്രസ്തുത സഭകളിൽ നിന്നും അനേകായിരങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിലുള്ള എല്ലാ അകത്തോലിക്കാ കേന്ദ്രങ്ങളിലും കത്തോലിക്കാസ്ഥാപനങ്ങൾ നിർമ്മിച്ച് പുനരൈക്യപ്രവർത്തനങ്ങൾ ശക്തിയായി നടത്തികൊണ്ടിരിക്കുന്നതിനാലും, കത്തോലിക്കാസഭയെപ്പറ്റി അകത്തോലിക്കർക്കുണ്ടായിരുന്ന അവജ്ഞ നീങ്ങി വലുതായ മതിപ്പും ബഹുമാനവും ഇതിനകം ഉളവായിക്കഴിഞ്ഞിരിക്കുന്നതിനാലും, ആത്മീയ കാര്യങ്ങളിലൊഴിച്ചുള്ള എല്ലാ നിലകളിലും കേരളീയ കത്തോലിക്കർ ഇവിടുത്തെ അകത്തോലിക്കരുമായി അടുത്ത സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്നതിനാലും പുനരൈക്യപ്രവാഹത്തിന്റെ ശക്തി ഇനിയും വളരെ വർദ്ധിക്കുമെന്ന് ന്യായമായി പ്രതീക്ഷിക്കുന്നതിനു സാധിക്കും. അപ്രകാരം, 16 വിഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ഇവിടുത്തെ 10 ലക്ഷത്തോളം അകത്തോലിക്കർ

www.malankaralibrary.com

ആസന്നഭാവിയിൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും, അങ്ങിനെ തങ്ങളുടെ സഹോദരങ്ങളായി കേരളത്തിലുള്ള 16 ലക്ഷത്തോളം വരുന്ന കത്തോലിക്കരുമായി യോജിച്ച കേരളീയ ക്രൈസ്തവസഭയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കാം. അങ്ങനെ മാർത്തോമ്മാശ്ലീഹായുടെ സന്താനങ്ങൾ "ഒരു തൊഴുത്തിൽ ഒരിടയന്റെ കീഴിൽ" ആയിത്തീരുന്നതിന് സഭാസ്ഥാപകനായ ക്രിസ്തുനാഥൻ തന്നെ ഇടയാക്കിത്തീർക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് വിരമിക്കുന്നു.

## മുണ്ടൻമലയിലെ സുഭിക്ഷിത

"കാലത്തുള്ള പ്രാതൽ കഴിഞ്ഞ്, ഉച്ചയ്ക്ക് അല്പം മുമ്പായി ആശ്രമസ്ഥന്മാരിൽ ഒരാൾ വന്ന് "മൂന്നാഴിയരി മാത്രമേയുള്ളൂ. ഉച്ചഭക്ഷണത്തിനെങ്ങിനെയാണ്?" എന്നു നമ്മോടു ചോദിച്ചു. ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം ഉപേക്ഷിച്ചാൽ വരാവുന്ന കുഴപ്പങ്ങൾ എന്തെല്ലാമെന്ന് അനുഭവം കൊണ്ടറിഞ്ഞിട്ടുള്ള ആശ്രമസ്ഥന്മാർക്ക്, അത് ആശങ്കയ്ക്കു ഇടവരുത്തുമാറാവരുതല്ലോ എന്ന് കരുതിക്കൊണ്ട്, "സാരമില്ല, ആ അരി കൊണ്ട് അനാഥകുഞ്ഞുങ്ങൾക്ക് കഞ്ഞിയോ മറ്റോ വെച്ചുകൊടുത്തേക്കുക; നമുക്കു കപ്പയുണ്ടല്ലോ" എന്നു പറഞ്ഞുതീരുമ്പോഴേക്കു "കപ്പയുമില്ല, അതും തീർന്നുകഴിഞ്ഞിരിക്കുന്നു."

"എന്നാൽ നമുക്കു പട്ടിണി കിടക്കാം. ഇതും ദൈവത്തിന്റെ കരുണയാണെന്നു വിചാരിച്ചാൽ മതി."

ആശ്രമസ്ഥന്മാർ മടങ്ങിപ്പോയി. കുറേ കഴിഞ്ഞ് ഉച്ചനമസ്കാരത്തിനായി എല്ലാവരും ചാപ്പലിൽ കൂടി. ഏകദേശം പന്ത്രണ്ടരമണിയോടുകൂടി പുറത്തു വന്നപ്പോഴുണ്ട്, ഒരു വൃദ്ധൻ തലയിൽ ഒരു ചുമടുമായി കുശിനിയുടെ മുമ്പിൽനിൽക്കുന്നു. എന്താണെന്നു ചോദിച്ചപ്പോൾ കുറേ വെള്ളയപ്പമാണ് എന്ന് ആ വൃദ്ധൻ പറഞ്ഞു. ഉച്ചയ്ക്കു കൃത്യസമയത്തുതന്നെ, എല്ലാവരും ഭക്ഷണശാലയിൽ പ്രവേശിച്ചതുകൊണ്ട് അതു കഴിച്ചു. സന്ധ്യയായപ്പോൾ മറ്റൊരാൾ പിടിയരിയുമായിട്ടും അവിടെ വന്നു. അന്ന് ആർക്കുംതന്നെ പട്ടിണി കിടക്കേണ്ടി വന്നില്ല.

മറ്റൊരു ദിവസം സുത്താറാനമസ്കാരം കഴിഞ്ഞ്, എല്ലാവരും ഉറങ്ങാൻ തുടങ്ങിയ നേരത്താണ്, കാലത്തെ കഞ്ഞിക്ക് അരിയില്ല എന്ന വിവരം നമുക്കു അറിവാൻ കഴിഞ്ഞത്.

"സാരമില്ല" എന്നു പറഞ്ഞു അയാളെ നാം പറഞ്ഞയച്ചു.

നേരം വെളുത്തു തുടങ്ങിയതേയുള്ളൂ. യാതൊരു ശമ്പളവും വാങ്ങിക്കാതെ ബഥനിയുടെ കൃഷി വിചാരകനായി നിന്നിരുന്ന മൂപ്പിന്ന് തലയിൽനിന്ന് ഒരു ചാക്കുപിടിച്ച് താഴെയിറക്കി. സ്വദേശത്തേക്കു പോയപ്പോൾ ബഥനിക്കായി പലരിൽനിന്നും പിരിച്ചുണ്ടാക്കിയ അരിയും തേങ്ങായുമായിരുന്നു അതിൽ."

www.malankaralibrary.com

# 21. ഒരു പരാജയവും അതിന്റെ പ്രതിവിധിയും

## (വി.എ.വർഗീസ് ബി.എ.എൽ.റ്റി.)

മലങ്കര സുറിയാനി സഭയുടെ ആദികാല ചരിത്രത്തെപ്പറ്റി ഇന്ന് നമ്മുക്കുള്ള അറിവ് വളരെ പരിമിതമെങ്കിലും, അത് സാർവ്വത്രികസഭയുടെ കേന്ദ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു എന്നുള്ളതു തെളിവായ സംഗതിയാണ്. ഭൂമിശാസ്ത്രപരമായ പ്രയാസങ്ങൾ നിമിത്തം ഈ ബന്ധം സജീവമായ നിലയിൽ പാലിച്ചുകൊണ്ടുപോകുന്നതിനുള്ള സാദ്ധ്യത ഇല്ലായിരുന്നു എന്നുവരികിലും, മലങ്കര സഭ പേർഷ്യൻ സഭവഴി ബാബേൽ സഭയോടും, ബാബേൽ വഴി അന്ത്യോക്യാസിംഹാസനത്തോടും, അതിനുമേൽ റോമ്മാസിംഹാസനത്തോടും ബന്ധിക്കപ്പെട്ടിരുന്നു എന്നുള്ളത് അനിഷേദ്ധ്യമാണ്. ഈ വിധത്തിൽ ഉദയമ്പേരൂർ സുന്നഹദോസുവരെയുള്ള ഏകദേശം പതിനഞ്ചര ശതവർഷക്കാല അളവിലും, അതിനുശേഷം 17-ാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗം വരെയുള്ള പോർട്ടുഗീസു വൈദികാധികാരികളുടെ ഭരണകാലത്തും, മലങ്കരസഭ ഏക സംഘടനയായിതന്നെ നിലനിന്നിരുന്നു എന്നുള്ളത് സ്മരണീയമായ ഒരു വസ്തുതയാണ്. ഈ ദീർഘകാലയളവിൽ ഒരിക്കലെങ്കിലും മലങ്കര അന്ത്യോക്യായിലെ യാക്കോബായ പാത്രിയാക്കീസിന്റെ കീഴിൽ ഇരുന്നിട്ടില്ല. യാക്കോബായസഭയിൽ ആദിമുതൽ ഇന്നുവരെയും ഉപയോഗിച്ചുവരുന്ന അന്ത്യോക്യൻ സുറിയാനിസഭയിലുള്ള ആരാധനക്രമ പുസ്തകത്തിന്റെ ഒരു പ്രതിയെങ്കിലും 17-ാം നൂറ്റണ്ടിനുമുമ്പ് മലങ്കരെ ഉണ്ടായിരുന്നില്ല എന്നുള്ളതുതന്നെ ഇതിന്റെ തെളിവാകുന്നു.

പൂർവ്വികമലങ്കര സഭ ഒരു കാലത്തും റോമ്മാസിംഹാസനത്തിന് കീഴ്പ്പെട്ടിട്ടില്ലെന്നും, പോർട്ടുഗീസുകാർ ബലം പ്രയോഗിച്ച് ആ സഭയെ കീഴ്പ്പെടുത്തുകയായിരുന്നുവെന്നും, യാക്കോബായ, മാത്തോമ്മാ ആദിയായ സുറിയാനി വിഭാഗക്കാരിൽ പലരും വാദിച്ചുവരുന്നുവെങ്കിൽ റോമ്മാസിംഹാസനത്തിന്റെ ന്യായമായ അവകാശങ്ങളെ എതിർത്തുകൊണ്ട് നില്ക്കുന്നവർ ഈ വിധത്തിൽ പറയുന്നതിൽ അദ്ഭുതപ്പെടാനില്ലല്ലോ. പോർട്ടുഗീസുകാരും, വിശേഷിച്ചു വി.ശൌരിയാർ പുണ്യവാളനും മലങ്കരയിൽ കണ്ട സഭ, റോമ്മാ സിംഹാസനത്തോടുള്ള ഐക്യത്തിൽ നിന്നിരുന്ന സഭയാണെന്നു തെളിയുന്നു. ഉദയംമ്പേരൂർ സുന്നഹദോസുവരെയുള്ള

www.malankaralibrary.com

സംഭവങ്ങളുടെ ഗതിയും, സുന്നഹദോസിലെ നടപടികളും അനന്തര സംഭവ വികാസങ്ങളും ഒന്നിച്ചുചേർത്തു നോക്കുമ്പോൾ റോമ്മാ സിംഹാസന ത്തോടു യാതൊരു ബന്ധവുമില്ലാതെ നിന്നിരുന്ന സുറിയാനിസഭയെ പോർട്ടു ഗീസ് മെത്രാപ്പോലീത്താ ഭീഷണിപ്പെടുത്തി റോമ്മാ സിംഹാസനത്തിന് വഴക്കുകയായിരുന്നു ചെയ്തത് എന്നു പറവാൻ ഒരു സാദ്ധ്യതയും കാണുന്നില്ല. എന്നാൽ ഭരണപരമായി തന്നോടുയാതൊരു ബന്ധവുമില്ലാ തിരുന്ന സുറിയാനിക്കാരെ ഭീഷണിയും കൗശലവും ഉപയോഗിച്ച് പോർട്ടു ഗീസു മെത്രാപ്പോലീത്താ തന്റെ ഭരണസീമയിൽകൊണ്ടുവന്നു എന്നും, സുറി യാനിക്കാരുടെ പുരാതന ആരാധനക്രമത്തെ മാറ്റിലത്തീൻ ക്രമം അവരുടെ ഇടയിൽ നടപ്പാക്കുവാൻ അദ്ദേഹം കഴിയുന്നതും ശ്രമിച്ചുനോക്കിയെന്നും, സുന്നഹദോസിന്റെ നടപടികൾ പ്രത്യക്ഷമാക്കുന്നു. തന്റെ സർവ്വശക്തിയും ഉപയോഗിച്ചിട്ടും അവരുടെ പുരാതന ആരാധനക്രമത്തെ പാടെ നശിപ്പിച്ചു കളയുന്നതിനു മെത്രാപ്പോലീത്തായിക്കു സാധിച്ചില്ലെന്നുള്ളത് ഈ അവസരത്തിൽ സ്മരണീയവുമാണ്. ആ കാലത്തെ വീരയോദ്ധാക്കളെന്ന് അറിയപ്പെട്ടിരുന്ന നസ്രാണികളുടെ പ്രതിപുരുഷന്മാരായി സുന്നഹദോസിൽ സംബന്ധിച്ചിരുന്നവർ (153 വൈദികരും 671 അത്മായാക്കാരും) പോർട്ടുഗീസു മെത്രാന്റെ ഭീഷണിയുടെ മുമ്പിൽ നിശ്ശേഷം നിസ്സഹായരായി തങ്ങളുടെ പൂർവ്വികരുടെ വിശ്വാസങ്ങളെ ശാപകോടിയിൽ തള്ളിയിട്ട്, റോമ്മായുടെ ഉപദേശങ്ങളെ പുത്തനായി സ്വീകരിച്ചുകളഞ്ഞു എന്നു പറയുന്നതിൽ കൂടുതലായി നമ്മുടെ പൂർവ്വികരെപ്പറ്റി പരിഹാസകരമായി മറ്റെന്തെങ്കിലും പറവാൻ ഉണ്ടാകുമോ? സൂനഹദോസിന്റെ ശേഷമെന്നതുപോലെ തന്നെ അതിനുമുമ്പും മലങ്കര സുറിയാനിക്കാർ റോമ്മാ സിംഹാസനത്തോടു ബന്ധപ്പെട്ടാവരായിരുന്നു എന്നുള്ളത് നിസ്തക്കമാണ്.

ക്രിസ്തീയ ലോകത്തിന്റെ യഥാർത്ഥ കേന്ദ്രമായ റോമ്മാസിംഹാ സനത്തോടുള്ള ഐക്യത്തിൽ നിലനിന്നു വന്ന മലങ്കര സഭയ്ക്ക്, പ്രസ്തുത സിംഹാസനത്തിന്റെ ആനുകൂല്യത്താൽ സർവ്വ അവശതകൾക്കും കാലോ ചിതമായും വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ കൂടിയും പരിഹാരം നേടുവാൻ സർവ്വസാദ്ധ്യതകളുമുണ്ടായിരുന്നു. എന്നാൽ വെറും സങ്കല്പപരമായ ഒരു വാർത്ത സംജാതമാക്കിയ പ്രക്ഷോഭജനകമായ അന്തരീക്ഷത്തിൽ വിവേകം വെടിഞ്ഞു പ്രവർത്തിക്കാനാണ് അവർക്ക് അപ്പോൾ ഇടയായിപ്പോയത്. മട്ടാഞ്ചേരി കൂനൻകുരിശിന്റെ ചുവട്ടിൽവച്ചു നടന്ന ഈ സംഭവം മലങ്കര സുറിയാനിക്കാരുടെ ചരിത്രത്തിലെ എത്രയും നിർഭാഗ്യകരമായ ഒന്നായി പരി ണമിച്ചു. ആ പ്രവൃത്തി ഒന്നാമതായി ദൈവനടത്തിപ്പോടുകൂടിയതല്ലായിരുന്നു എന്ന് അതിന്റെ അന്തരവികാസങ്ങൾ തെളിവാക്കി. 12 കത്തനാരന്മാർ ഒരുമിച്ചു ഒരാളുടെ തലയിൽ കൈകൾ വച്ചു പ്രാർത്ഥന നടത്തിയാൽ അയാൾ മെത്രാൻ സ്ഥാനിയാകുമെന്ന് ഏതോ വാർത്താ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ചുകൊണ്ട്

www.malankaralibrary.com

അക്കദിയാക്കോനെ മെത്രാൻ സ്ഥനത്തേക്കുയർത്തി. ഒരു മെത്രാനുമാത്രം ചെയ്യാവുന്ന പരിശുദ്ധമായ കർമ്മങ്ങൾ അദ്ദേഹം ചെയ്യൻ തുടങ്ങി. എന്തെല്ലാം ശാപകരമായ കർമ്മങ്ങൾ പള്ളികളിൽ നടത്തിയിരിക്കണം. ഈ സംഗതിയെ പരാമർശിച്ചുകൊണ്ട് കാലം ചെയ്ത മാർ ഗീവർഗീസു ദീവന്നാസ്യോസു മെത്രാപ്പോലീത്താ ഒരവസരത്തിൽ ഇതെഴുതുന്ന ആളിനോടു ഹൃദയ വേദനയോടെ പറഞ്ഞത്, സമുദായത്തിലെ തീരാത്ത വ്യവഹാരങ്ങളും, ഭിന്ന തകളും, ദൈവകോപത്തിനിടയാക്കിയ ഈ ശാപകൃത്യങ്ങളുടെ ഫലമാണെന്ന് താൻ ചിന്തിച്ചു പോകുന്നു എന്നതാണ്. രണ്ടാമതായി ഏക വിശ്വാസത്തിൽ ഉറച്ചുനിന്നിരുന്ന സുറിയാനി സമുദായം ഇന്ന് പല തട്ടുകളിലായി പിരിഞ്ഞു നില്ക്കുന്നതിനുള്ള വഴി തെളിച്ചതും ഈ സംഭവം തന്നെയാണ്.

ദൈവത്തിന്റെ വലുതായ കരുണയാൽ അക്കദിയാക്കോന് മെത്രാൻ സ്ഥാനം കൊടുക്കുന്നതിനാധാരമാക്കിയിരുന്ന വ്യാജകല്പനയുടെ യാഥാർ ത്ഥ്യം വെളിപ്പെട്ടതിനോടുകൂടി കൂനൻ കുരിശിന്റെ ആലാത്തേൽ പിടിച്ച അനേകം സുറിയാനിക്കാരും തങ്ങളുടെ അപകടനിലയേപ്പറ്റി പ്രബുദ്ധ രായതിന്റെ ഫലമായി ഇടയനില്ലാത്ത ആടുകളെപ്പോലെ അലഞ്ഞു തിരിയാതിരിപ്പാൻ വേണ്ടി പഴയപടിയുള്ള അനുസരണത്തിലേക്കു തിരിച്ചു പോയി. പഴയകൂറ്റുകാരെന്നറിപ്പെടുന്ന ഇവർ പരിശുദ്ധ സിംഹാസനത്തിന്റെ ആനുകൂല്യത്താൽ തങ്ങളുടെ പുരാതന ആരാധനാക്രമങ്ങൾ സുരക്ഷിത മാക്കിയും, സ്വജാതിമെത്രാന്മാരാൽ ഭരിക്കപ്പെട്ടും സമാധാനത്തിലും ഐശ്വര്യാഭിവൃദ്ധിയിലും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പുത്തൻകൂറ്റംകാരെന്നറിയപ്പെടുന്ന അക്കദിയാക്കോന്റെ അനു യായികൾ തങ്ങളുടെ നേർവഴി വിട്ട ഉദ്യമങ്ങളിൽ വിജയലക്ഷ്യത്തെ കാണാതെ ദുർഘടമായ വിദേശമേധാവിത്വത്തിൽ കുടുങ്ങിയതിന്റെ ശേഷം, സ്വതന്ത്രലബ്ദിക്കായി ചിലർ തങ്ങളുടെ പൂർവ്വിക വിശ്വാസങ്ങൾ ഉപേക്ഷിച്ച് പ്രോട്ടസ്റ്റന്റ് ഉപദേശങ്ങൾക്കധീനരായി സ്വതന്ത്രസഭകൾ സ്ഥാപിച്ചും, ശേഷിച്ച ഭാഗം വീണ്ടും രണ്ടു കക്ഷികളായി പിരിഞ്ഞ് അവസാനം കാണാത്ത വ്യവഹാരത്തിൽ കഴിഞ്ഞും കഴിഞ്ഞു കൂടുന്ന അവസ്ഥ സുറിയാനിക്കാരുടെ ഐക്യത്തേയും അഭിവൃദ്ധിയേയും കാംക്ഷിക്കുന്ന ഏതൊരുവനെയും പരിതപിപ്പിക്കുന്നതാണല്ലോ. മലങ്കര സഭയുടെ ഭൂതകാല ചരിത്രത്തിന്റെ വെളിച്ചത്തിൽകൂടെ നോക്കിയാൽ, സുറിയാനിക്കാരുടെ ഐക്യത്തിനുള്ള ഫലപ്രദമായ മാർഗ്ഗം, അവരെ 17 -ാം നൂറ്റാണ്ടുവരെ ഏകയോഗമാക്കി നിർത്തി കൊണ്ടുവന്ന റോമ്മാസിംഹാസനവുമായുള്ള പുനരൈക്യം ആണെന്ന് ഏറ്റവും തെളിവായി കാണാവുന്നതാണ്. പ്രോട്ടസ്റ്റന്റു ഉപദേശങ്ങൾ സ്വീകരിച്ച് പുരാതന വിശ്വാസങ്ങളിൽ നിന്നും അകന്നുപോയിട്ടുള്ള വിഭാഗങ്ങൾ പുത്തൻകൂർ വിഭാഗങ്ങളുടെ യോജിപ്പിനു മാത്രമാണ് ഉദ്യമിച്ചുകൊണ്ടി രിക്കുന്നത്. ഇത് അത്ര സാധ്യമല്ലെന്ന് സ്വല്പം ആലോചിച്ചാൽ തെളിവാകും.

www.malankaralibrary.com

യാക്കോബായ സഭയിലെ കുറേ അത്മായക്കാരോ, അഥവാ ഏതാനും വൈദികർ തന്നെയോ ഐക്യത്തിനുവേണ്ടി തങ്ങളുടെ പുരാതന വിശ്വാസ വിഷയങ്ങളിൽ അയവുകാണിപ്പാൻ തയ്യാറായാലും, ആ സഭയിലെ ആരാധന ക്രമപുസ്തകങ്ങൾ പാടെ നശിപ്പിച്ചു കളയുന്നതിനു സാധിക്കാത്തിട ത്തോളംകാലം ഇവരുടെ ഉദ്യമങ്ങൾ വെറും സംസാരവിഷയങ്ങളായി മാത്രമെ പരിണമിക്കപ്പെടുകയുള്ളു. കാരണം, ഈ ആരാധനാക്രമങ്ങൾ വിശ്വാസ വിഷയങ്ങളിൽ യാക്കോബായസഭയും ഇതര പുത്തൻകൂർ വിഭാഗങ്ങളും തമ്മിലുള്ള വിസ്തൃതമായ വിദുരതയേയും, അതേ സമയം തന്നെ കത്തോലിക്കാ സഭയുമായുള്ള സാമിപ്യത്തേയും ഉച്ചൈസ്തരം ഘോഷിച്ചു കൊണ്ടിരിക്കുന്നു. യഥാർത്ഥം ഇങ്ങിനെ ഇരിക്കെ, യാക്കോബായാക്കാർ ഭൂതകാലചരിത്രത്തിന്റെ അടിസ്ഥാനത്തിൽ റോമ്മാസിംഹാസനവുമായുള്ള പുനരൈക്യം വഴി സുറിയാനി കത്തോലിക്കരുമായുള്ള ഐക്യത്തിനു അനുകൂലിക്കുന്നതായാൽ ഈ ഐക്യത്തിന്റെ വിലയേറിയ അനുഗ്രഹങ്ങൾ പുത്തൻകൂർ കക്ഷിയിലെ ഇതര ഭാഗങ്ങളെയും സ്പർശിക്കുന്നതിനി ടയാകാവുന്നതും തൽഫലമായി, കാലാന്തരത്തിൽ മലങ്കര സുറിയാനി സമുദായത്തിനു നഷ്ടപ്പെട്ടുപോയ അതിന്റെ ഐക്യത്തെ വീണ്ടും സംപ്രാപ്യമാക്കുന്നതിന് ഇടയാകാവുന്നതുമാണ്.

ഈ പദ്ധതിയുടെ വിജയസാദ്ധ്യത എന്തുമാത്രമെന്ന് അഭിവന്ദ്യ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 20 വർഷ ങ്ങൾക്കു മുൻപ് മാത്രം ആരംഭിച്ച മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ വിജയകരമായ പുരോഗതി സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഈ പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവാക്കുവാൻ തിരുമേനിക്കിടയായത് ദൈവനിയോഗപ്രകാരമാണെന്നുള്ളത് തിരുമേനിയുടെ യാക്കോബായാ സഭയിലെ സേവനചരിത്രം പ്രത്യക്ഷമാകുന്നു. ആ സഭയിലെ അനേക ദുർഘട ഘട്ടങ്ങളെ തരണം ചെയ്ത അനുഭവങ്ങൾ ആ സഭയുടെ ഭാവിഗതിയെ സംബ ന്ധിച്ചുള്ള ദൈവനടത്തിപ്പിലേക്ക് തിരുമേനിയുടെ ചിന്താഗതിയെ തിരിച്ചുവിടാനുള്ള മാർഗ്ഗമായി ഭവിച്ചു. പഴയപടിയിൽ തന്നെ നിന്നുകൊണ്ട് എത്രതന്നെ നിസ്വാർത്ഥ സേവനങ്ങൾ അനുഷ്ടിച്ചാലും ശാശ്വതഫലമു ണ്ടാക്കുവാൻ സാദ്ധ്യതയില്ലെന്നു തിരുമേനിക്ക് തികച്ചും ബോദ്ധ്യപ്പെട്ടു. പഴയ ചരിത്രത്തിലേക്കു വീണ്ടും കണ്ണു തുറന്നു നോക്കിയപ്പോൾ, യഥാർത്ഥം തെളി ഞ്ഞുകിട്ടി. സുറിയാനിജാതിയുടെ പൗരുഷപ്രകടനത്തിന്റെ സവിശേഷമായ സ്മാരകമായി താൻ ദീർഘകാലം അഭിമാനപ്പൂർവ്വം കരുതിയിരുന്ന മട്ടാഞ്ചേരി കൂനൻകുരിശ് വെറും പരാജയത്തിന്റെ ഒരു ചിഹ്നമായി മനോരംഗത്തിൽ പ്രത്യക്ഷപ്പെട്ടു. അനന്തരകരണീയം ഒന്നുമാത്രമായിരുന്നു. അതെന്ന് ശരിക്ക് ഗ്രഹിക്കുന്നതിനുള്ള ഹൃദയവെളിവും, തദനുസരണം ഒരു പദ്ധതി തയ്യാറാക്കുന്നതിനുള്ള തികഞ്ഞ സന്നദ്ധതയും, അനേകം പ്രതിബന്ധങ്ങളെ

www.malankaralibrary.com

തരണം ചെയ്തുകൊണ്ട് അതിനെ കർമ്മപഥത്തിൽ എത്തിക്കുന്നതിനുള്ള ധീരമനസ്സും തിരുമേനിക്ക് ലഭ്യമായത് ദൈവനിയോഗാനുസരണം എന്നല്ലാതെ അന്യഥാ ചിന്തിപ്പാൻ വഴി കാണുന്നില്ല.

സുറിയാനി സമുദായത്തിലെ ഇതുവരെയും അടയപ്പെടാത്ത അനവധി വിടവുകൾ കൂനൻകുരിശിന്റെ പരാജയത്തെ അത്രേ ചൂണ്ടിക്കാണിച്ചു കൊണ്ടിരിക്കുന്നത്. ഈ പരിതാപകരമായ പരാജയത്തിൽ നിന്നും ഉയരുന്നതിനുള്ള ഏകമാർഗ്ഗം തിരുവനന്തപുരം അതിരൂപതയുടെ അഭിവന്ദ്യ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസു തിരുമേനി ആനയിച്ചുകൊണ്ടിരിക്കുന്ന പുനരൈക്യ പ്രസ്ഥാനമാണെന്നു മത്സരബുദ്ധി വിട്ടു ചിന്തിക്കുന്ന ഏവനും ഗ്രഹിപ്പാൻ കഴിയുന്നതാണ്.

## Letter from The Holy See



മലങ്കര റീത്ത് അനുവദിച്ച 11-ാം പീയൂസ് മാർപാപ്പാ

" ........His Holiness received with great satisfaction and joy consoling news of the conversion to the Catholic Church of the Jacobite clergy and people, and has confided to me the honorable office of communicating to Your Excellency, Mar Theophilos, the Priests, the Religious and faithful, returned to the one Holy Catholic Faith, his paternal blessing. The Holy Father pursues with especial interest and solicitude your zealous labours animated by a magnanimous spirit of Chirstian charity, exhorting at the same time pious souls to join him in beseeching the Lord, from the abundance of His mercy, to bless all with the plenitude of His gifts.........."

18th May 1931

www.malankaralibrary.com

# 22. പതിനൊന്നാം പീയൂസ്

## (റവ. ഫാ. തോമസ് പാഴൂർ എം.എ., എൽ.പി.എച്ച്.)

ആധുനിക ലോകത്തിലെ അഗ്രഗണ്യന്മാരായ പാപ്പാമാരിൽ സർവ്വ ലോകരുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു മഹാത്മാവാണ് പതിനൊന്നാം പീയൂസ് മാർപാപ്പാ. ജാതിമതഭേദമന്യേ സന്മനസ്സുള്ള എല്ലാവരുടെയും സ്നേഹാദരവുകൾ, അദ്ദേഹം ആർജ്ജിച്ചിരുന്നു. ലോകം അദ്ദേഹത്തിന്റെ ഭവനവും, മനുഷ്യജാതി അദ്ദേഹത്തിന്റെ മിത്രവുമായിരുന്നു. അതുകൊണ്ട്തന്നെയാണ്, അദ്ദേഹത്തെ ലോകം ബഹുമാനിച്ചതും. അടിയുറച്ച ദൈവഭക്തി, അഗാധപാണ്ഡിത്യം, അന്യാദൃശ്യമായ വ്യക്തിവിലാസം; അസാധാരണമായ ബുദ്ധിവൈഭവം, എന്നീ വിശിഷ്ട ഗുണങ്ങൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. ഏതൊരു കാര്യവും എത്രതന്നെ ഗഹനവും വിഭ്രാന്തിയുളവാക്കുന്നതുമാകട്ടെ-വീറോടും, വെടിപ്പോടും, യാതൊരു ഭീക്ഷണിക്കും അടിപ്പെടാതെയും, ലളിതമായി കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

11-ാം പീയൂസ് ലൊംബാർഡിയിലുള്ള ഒരു സാധാരണ കുടുംബത്തിലാണു ജനിച്ചത്. "ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നു" എന്ന സത്യം ചെറുപ്പത്തിൽതന്നെ ഗ്രഹിച്ച കഥാനായകൻ സ്വജീവനെ ദൈവശുശ്രൂഷയ്ക്കായി അർപ്പിക്കുകയും, വൈദികപഠനാർത്ഥം മിലാനിലെ സെമ്മിനാരിയിൽ ചേരുകയും ചെയ്തു. മിലാനിലെ പഠനം പൂർത്തിയായപ്പോൾ, സുശീലനും സമർത്ഥനുമായ ആ യുവാവിനെ ഉപരിപഠനാർത്ഥം നിത്യനഗരമായ റോമായിലേക്കയച്ചു. അവിടെ വിശ്വവിഖ്യാതി നേടിയിട്ടുള്ള പല സർവ്വകലാശാലകളിലും അദ്ദേഹം ചേർന്നു പഠിക്കുകയും പല വിഷയത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കുകയും ചെയ്തു.

പഠനമെല്ലാം പൂർത്തിയാക്കിയശേഷം 1879 ഡിസംബർ മാസം 20-ാം തീയതി സെന്റ് ജോൺ ലാറ്ററൽ ദേവാലയത്തിൽ വെച്ച് പൗരോഹിത്യം സ്വീകരിച്ചു. യുവവൈദികനായ അഖിലസ്സ് റാറ്റി (ഇങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ പേര്) മിലാനിൽ തിരിച്ചു ചെല്ലുകയും, ഒരു ഇടവകയിലെ സഹവികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. അധികനാൾ ഈ ജോലിയിൽ തുടരേണ്ടതായി വന്നില്ല. വൈദിക കോളേജിലെ ഒരു പ്രൊഫസറായി അദ്ദേഹം നിയോഗിക്കപ്പെട്ടു. ഏറ്റവും സ്തുത്യർഹമായ നിലയിൽ പ്രൊഫസർ ജോലി നിർവ്വഹിച്ചു. എന്നാൽ പണ്ഡിതനായ അഖിലസ്സ് റാറ്റിയുടെ കഴിവുകളെ നല്ല വണ്ണം ഗ്രഹിച്ചിരുന്ന അധികാരികൾ

www.malankaralibrary.com

മിലാനിലെ "അംബ്രോസിയൻ" ഗ്രന്ഥാലയത്തിലെ പണ്ഡിതസംഘത്തിലെ ഒരംഗമായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. അവിടെവെച്ച് ഗവേഷണങ്ങൾ നടത്തുന്നതിനും ലോകത്തിലെ മറ്റു ശ്രുതിപെട്ട ഗ്രന്ഥാലയങ്ങളുമായി പരിചയപ്പെടുന്നതിനും അദ്ദേഹത്തിനു സാധിച്ചു. അനന്തരം ഗ്രന്ഥാലയത്തിന്റെ പ്രീഫക്ടായി അദ്ദേഹം ഉയർത്തപ്പെട്ടു. ഭാഗ്യമോട് അന്നു വാണിരുന്ന 10-ാം പീയൂസ് പാപ്പാ, മിലാനിലെ അംബ്രോസിയൻ ഗ്രന്ഥാലയത്തിലെ സമർത്ഥനായ പ്രീഫക്ടിനെ, വത്തിക്കാൻ ഗ്രന്ഥാലയത്തിലേക്കു ക്ഷണിച്ചു. 1919-ൽ പോളണ്ടിലെ ന്യൂൺസിയോയായും, 1921-ൽ മിലാനിലെ കർദ്ദിനാളായും ഉയർത്തപ്പെട്ടു. 15-ാം ബനദിക്തോസു പാപ്പായുടെ നിര്യാണനന്തരം നടന്ന തിരഞ്ഞെടുപ്പിൽ കർദ്ദിനാൾ നമ്മുടെ കഥാനായകനെയാണു പാപ്പാസ്ഥാനത്തേയ്ക്കു വോട്ടുചെയ്തത്.

11-ാം പീയൂസിന്റെ ഭരണകാലം സംഭവബഹുലമായ ഒന്നാണ്. അദ്ദേഹം "മിഷനറിപാപ്പാ" എന്ന പേരിനാൽ ഇന്നും അറിയപ്പെടുന്നു. വി.കൊച്ചുത്രേസ്യായെ വിശുദ്ധഗണത്തിൽ ചേർക്കയും, ആ പുണ്യവതിയെ, മിഷൻ പ്രവർത്തനങ്ങളുടെ മാദ്ധ്യസ്ഥയായി പ്രതിഷ്ടിക്കയും ചെയ്തു. മിഷനറി സംഘങ്ങൾ രൂപീകരിക്കുകയും മിഷനറി പ്രദർശനം റോമിൽവച്ച് ജൂബിലി വർഷത്തിൽ നടത്തുകയും ജനങ്ങളുടെ ഇടയിൽ മിഷൻ വേലയിൽ ഉത്സാഹം ജനിപ്പിക്കുകയും ചെയ്തു. വിദുരപൂർവ്വദേശത്തുള്ള മിഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. മിഷന്റെ പുരോഗമനത്തിന്, തദ്ദേശവാസികളെ തന്നെ അതിന്റെ ചുമതല ഏല്പിക്കുന്നതാണ് ഏറ്റവും നല്ലതെന്ന് അദ്ദേഹം ഗ്രഹിക്കുകയും സ്വദേശികളായ മെത്രാന്മാരെ, രൂപതകളുടെ ഭരണത്തിനായി നിയോഗിക്കുകയും ചെയ്തു.

തിരുവനന്തപുരം അതിരൂപതയും, തിരുവല്ലാ രൂപതയും ചിരകാലസ്മരണാർഹനായ 11-ാം പീയൂസ് പാപ്പായാണ് സ്ഥാപിച്ചത്. എത്ര ഹൃദ്യമായിട്ടാണ് ആ ആരാധ്യപുരുഷൻ നമ്മുടെ തിരുമേനിമാരെ സ്വീകരിച്ചത്. മലങ്കരസഭയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും അനുകമ്പയും അവർണ്ണനീയമാണ്. വളരെ സൂക്ഷ്മമമായി മലങ്കര യാക്കോബായ സുറിയാനി സഭയുടെ ചരിത്രം അദ്ദേഹം പഠിച്ചു. അതിനെ വിപത്തിൽ നിന്ന് രക്ഷിച്ച് അതിന്റെ നല്ലതായ പാരമ്പര്യങ്ങളെയും ആരാധനാക്രമങ്ങളെയും സംരക്ഷിക്കുന്നതിനും, തദ്വാരാ ആ സഭയ്ക്ക് ഉണർവ്വും, നവ ചൈതന്യവും ഉണ്ടാക്കി അനുദിനം മേൽക്കുമേൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും 11-ാം പീയൂസ് പാപ്പാ ആഗ്രഹിച്ചു. ചിതറിപ്പിലല്ല, യോജിപ്പിലാണ് തിരുസ്സഭയുടെ അസ്ഥിവാരം സ്ഥിതിചെയ്യുന്നത്. കാണപ്പെടുന്ന സഭ ക്രിസ്തു സ്ഥാപിച്ചുവെന്ന് സമ്മതിക്കുന്ന ഏവരും ഇതു സമ്മതിക്കാതെ തരമില്ല. മഹാനും കേരളത്തിന്റെയെന്നല്ല, ഇന്ത്യയുടെ മുഴുവൻ അഭിമാനപാത്രവുമായ നി.വ.ദി.ശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും, സഹപ്രവർത്തകനായ നി.വ.ദി.ശ്രീ.

www.malankaralibrary.com

മാർ തിയോഫിലോസ് തിരുമേനിയും ഈ യാഥാർത്ഥ്യം മനസ്സിലാക്കിയപ്പോൾ, 11-ാം പീയൂസ് പാപ്പാ, അവരെ സ്നേഹപുരസ്സരം സ്വീകരിച്ച് ബഹുമാനിച്ചു. ഒരു പുതിയ റീത്തും, വൈദികസ്ഥാനവും അവർക്ക് ഉദാരമതിയാക്കുകയാണുണ്ടായത്. തുടർന്ന് നി.വ.ദി.ശ്രീ. മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തായും, അനേക വൈദികരും വിശ്വാസികളും 11-ാം പീയൂസിന്റെ വിളിയെ ശ്രവിച്ചു.

ദിവംഗതനായ പതിനൊന്നാം പീയൂസ് ഇന്നും മലങ്കരയെ ക്ഷണിച്ചുകൊണ്ടാണിരിക്കുന്നത്. ഈ ക്ഷണം, മലങ്കര സ്വീകരിക്കുന്നില്ലെങ്കിൽ, പരിതാപകരമെന്നല്ലാതെ എന്തുപറയട്ടെ.

നമ്മുടെ കഥാനായകൻ പാപ്പാസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടക്കാലത്ത് പേപ്പൽ സംസ്ഥാനങ്ങളെല്ലാം ഇറ്റാലിയൻ ഗവൺമെന്റ് കൈവശമാക്കിയിരിക്കുകയായിരുന്നു. എന്നാൽ പ്രസിദ്ധമായ ലാറ്ററൻ ഉടമ്പടിയുടെ ഫലമായ ഇറ്റലിരാജ്യം തിരുസിംഹാസനവുമായി രമ്യപ്പെടുകയും, വത്തിക്കാൻ സംസ്ഥാനം പാപ്പായിക്ക് വിട്ടുകൊടുക്കുകയും ചെയ്തു. ഏറ്റവും ചെറിയ രാജ്യമെങ്കിലും, വത്തിക്കാനിൽ, മിക്കരാജ്യങ്ങളുടെയും പ്രതിനിധികൾ ഉണ്ട്. ഇപ്രകാരം വത്തിക്കാന്റെ നിലയെ മറ്റു രാഷ്ട്രങ്ങളുടെ ഇടയിൽ സമപദവിയിലാക്കിത്തീർത്ത മഹാൻ 11-ാം പീയൂസാണ്.

രാഷ്ട്രമീമാംസയിലും, ധനതത്വശാസ്ത്രത്തിലും, ഭൗതികശാസ്ത്രത്തിലും, എന്നുവേണ്ട എല്ലാ വിഷയങ്ങളിലും അദ്ദേഹം അദ്വിതീയനായിരുന്നു. അവയിലുള്ള അദ്ദേഹത്തിന്റെ അറിവ്, ശാസ്ത്രജ്ഞന്മാരെപ്പോലും അമ്പരിപ്പിച്ചിട്ടുണ്ട്. ഒട്ടധികം ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളും ശാസ്ത്രീയ ഗവേഷണശാലകളും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം ശാസ്ത്രങ്ങളെയും കലകളേയും പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തിരുന്നു.

തിരുമനസ്സിലെ അന്ത്യഘട്ടത്തിൽ ഒരു മഹാസമരത്തിന്റെ സകല ലക്ഷണങ്ങളും യൂറോപ്യൻ രാഷ്ട്രീയാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. സമാധാന സ്ഥാപനാർത്ഥം ജീവിതം ബലിയർപ്പിച്ച ആ വന്ദ്യപുരുഷന്റെ ഹൃദയത്തെ ഈ കാര്യം വല്ലാതെ വ്യാകുലപ്പെടുത്തി. രോഗശയ്യയിൽ വെച്ചുപോലും തന്റെ ജീവിത സന്ദേശമായിരുന്ന ലോകസമാധാനം കൈവരുത്തുവാൻ തീവ്രമായി ആഗ്രഹിക്കുകയും, തദർത്ഥം പാടുള്ള സകല യത്നങ്ങളും നടത്തുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ചരമവാർത്ത പ്രസിദ്ധപ്പെടുത്തിയ ഇറ്റാലിയൻ പത്രങ്ങൾ പ്രസ്താവിക്കുന്നത്. "ഈശോ- സമാധാനം-" എന്നുച്ചരിച്ചുകൊണ്ട് ഈ പുണ്യപുരുഷൻ ഈ ലോകവാസം വെടിഞ്ഞു എന്നതാണ്. ഈ മഹാപുരുഷന്റെ വേർപാടിൽ പരിഷ്കൃതലോകം മുഴുവൻ ഖേദം പ്രകടിപ്പിച്ചു.

www.malankaralibrary.com

# 23. മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സ്

**എം.ഒ. വർഗീസ്സ് ബി.എ.**
**(മലങ്കര സിറിയൻ കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി.)**

സംഘടിതപരിശ്രമം ഏതൊരു സംരംഭത്തിന്റെയും വിജയത്തിന് അത്യന്താപേക്ഷിതമാണ്. ഈ വസ്തുത നന്നായി ഗ്രഹിച്ചുകൊണ്ട് സമുദായ സ്നേഹികളായ നേതാക്കന്മാർ അതിവന്ദ്യ തിരുമേനിമാരുടെ അനുമതി യോടും ആശീർവാദത്തോടും കൂടി ഒരു വ്യാഴവട്ടക്കാലം മുൻപ് മലങ്കര സിറി യൻ കത്തോലിക് കോൺഗ്രസ്സ് സ്ഥാപിച്ചു. മലങ്കരയിൽ പുനരൈക്യപ്പെട്ട വരുടെ ഏകപൊതുസംഘനടനയാണ് കോൺഗ്രസ്സ്. പുനരൈക്യപ്രസ്ഥാന ത്തിന്റെ സർവ്വോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി കോൺഗ്രസ്സ് നില കൊള്ളുന്നു. മതചൈതന്യം നമ്മുടെ ആളുകളിൽ പ്രബുദ്ധമാകാതെയും മത പരമായ കാര്യങ്ങളിലുള്ള അവരുടെ ഉത്സാഹം പ്രത്യക്ഷമാക്കി സമീപവർ ത്തികളെകൂടെയും തങ്ങളുടെ ചൈതന്യപൂർണ്ണമായ മതജീവതത്തിലാകർഷി ക്കാതെയും നമ്മുടെ സംഘടന പരിപുഷ്ടമാകുകയില്ല.

തിരവനന്തപുരം അതിരൂപതയിലും, തിരുവല്ലാ രൂപതയിലും ഉള്ള പ്രായ പൂർത്തിയായ സകലർക്കും സ്ത്രീപുരുഷഭേദമന്യേ കോൺഗ്രസ്സിന്റെ അംഗ ങ്ങളാകുവാൻ അവകാശമുണ്ട്. എന്നാൽ പ്രായപൂർത്തായാകാത്തവർക്കും ഇതിന്റെ പ്രാർത്ഥനാംഗങ്ങളായി ചേർന്നു തങ്ങളുടെ പ്രാർത്ഥനകൾകൊണ്ട് കോൺഗ്രസ്സിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുവാനും യോഗങ്ങളിൽ നിരീക്ഷികരായി പങ്കുകൊണ്ട് വിജ്ഞാനം സമ്പാദിക്കുവാനും സൗകര്യമുണ്ട്.

നമ്മുടെ കോൺഗ്രസ്സ്, അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ഒരു ഘടക സംഘടനകൂടിയാണ്. തന്നിമിത്തം ഇതിന്റെ ശാഖകളും അംഗ ങ്ങളും യഥാക്രം അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ശാഖകളും അംഗങ്ങളുമാണ്. തദ്വാരാ നമ്മുടെ കോൺഗ്രസ്സിന്റെ ഓരോ അംഗവും അഖില കേരള വ്യാപകമായ ഒരു സംഘടനയുടെ അംഗമായിത്തീരുന്നു.

സമുദായാംഗങ്ങളിൽ ഐക്യബോധം കൈവളർത്തുക, അവരുടെ അവശതാ പരിഹരണത്തിനും വേണ്ടതു പ്രവർത്തിക്കുക, ആദ്ധ്യാത്മികവും സാമുദായികവുമായ വിഷയങ്ങളിൽ കത്തോലിക്കാസഭാ നൽകുന്ന ധീരമായ നേതൃത്വം അവലംബിച്ച് അവയെപ്പറ്റി ശരിയായ ജ്ഞാനം സമുദായാംഗങ്ങ

www.malankaralibrary.com

ൾക്കും പൊതുജനങ്ങൾക്കും നൽകുന്നതിനു വേണ്ടതു ചെയ്യുക, വായനാശാലകൾ, പഠനക്കളരികൾ മുതലായവ നടത്തി സമുദായാംഗങ്ങൾക്ക് വിജ്ഞാനം പ്രദാനം ചെയ്യുക, വിദ്യാഭ്യാസപരമായി അർഹരായവർക്ക് വേണ്ട പ്രോത്സാഹനങ്ങൾ ചെയ്തുകൊടുക്കുക, സാധുജനോന്നമനാർത്ഥം ആവതു പ്രവർത്തിക്കുക, ഏകാന്ത ധ്യാനങ്ങളും മറ്റും നടത്തി സമുദായാംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക മുതലായ കാര്യങ്ങൾ കോൺഗ്രസ്സിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നു.

കോൺഗ്രസ്സിന്റെ സുശക്തമായ പ്രവർത്തനം തുടങ്ങിയിട്ട് അധിക നാളുകളായിട്ടില്ലെങ്കിലും മിക്കവാറും എല്ലാ പ്രധാന ഇടവകകളിലും ശാഖകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടുതൽ ശാഖകൾ സ്ഥാപിക്കുവാനും, ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുന്നു. ഈ ചെറിയ കാലഘട്ടത്തിനുള്ളിൽ പല ശാഖകളിലും വായനാശാലകളും പഠനകളരികളും സ്ഥാപിച്ചിട്ടുണ്ട്. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ഏകാന്തധ്യാനങ്ങൾ സുപ്രസിദ്ധ ധ്യാനഗുരുക്കന്മാരുടെ മേൽനോട്ടത്തിലും അദ്ധ്യക്ഷതയിലും വർഷംതോറും നടത്തപ്പെടുന്നുണ്ട്. കോൺഗ്രസ്സിന്റെ സാമ്പത്തിക നില വളരെ പരിമിതമാകയാൽ വിദ്യാഭ്യാസവിഷയത്തിൽ വേണ്ടതുപോലെ പ്രവർത്തിക്കുവാൻ സാധിച്ചിട്ടില്ല. സമുദായാംഗങ്ങളുടെ ഇടയിൽ സമർത്ഥരായ അനവധി വിദ്യാർത്ഥികൾ സാമ്പത്തിക വൈഷമ്യംമൂലം പഠനം തുടരാൻ അശക്തരായി കഴിഞ്ഞുകൂടുന്നുണ്ട്. അവർക്കു വേതനം നൽകി പ്രോത്സാഹിപ്പിക്കുവാൻ ഉദാരഹസ്തങ്ങളെ പ്രതീക്ഷിക്കുകയാണ്.

കോൺഗ്രസ്സിന്റെ ആരംഭം മുതൽ ഇന്നുവരെ ലഭിച്ചിട്ടുള്ള പ്രോത്സാഹനങ്ങൾ ആശാവഹങ്ങളാണ്. അതിവന്ദ്യതിരുമേനിമാർ സ്നേഹത്തോടും വാത്സല്യത്തോടുകൂടി ഇതിനെ താലോലിച്ചു വരുന്നുണ്ട്. തിരുമേനിമാരാൽ നിയുക്തരായ ആദ്ധ്യാത്മികോപദേഷ്ടാക്കൾ നൽകി വരുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും കോൺഗ്രസ്സിന് ഒരു കാര്യമായ സഹായമാണ്. ബ: വൈദികരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സഹകരണങ്ങളും പ്രോത്സാഹനങ്ങളും പ്രസ്താവാർഹങ്ങളത്രേ.

സമുദായാംഗങ്ങളുടെ ഇടയിൽ പല നല്ല കാര്യങ്ങളും ചെയ്യേണ്ടതായുണ്ടെങ്കിലും സാമ്പത്തികമായ വിഷമങ്ങൾ വലിയ വിലങ്ങുതടിയായി നിൽക്കുന്നു. സമുദായസ്നേഹികളായവർ കൈതുറന്നാൽ ഈ തടസ്സം നിഷ്പ്രയാസം തരണം ചെയ്യാൻ കഴിയും. നമ്മുടെ സംഘടന സുശക്തമായി പ്രവർത്തിച്ച് സമുദായത്തിന് ശ്രേയസ്സും ഐശ്വര്യവും വളർത്തുവാനും ദൈവമഹത്വത്തിനായി നിലകൊള്ളുന്നതിനു വേണ്ടിയും ഏവരും പ്രവർത്തിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

www.malankaralibrary.com

# 24. Vatican Radio Talk

**(The Most Rev.Joseph Mar Severios.)**
**(20th June 1950, at 4.30 p.m.(Rome Time)**

Dear Friends and beloved Brothers,

I am Mar Severios, Bishop Administrator Apostolic of the Catholic Diocese of Tiruvalla. I have come to this eternal City to pay my homage to the Holy Father, the pope and to get the blessing of the Holy Year. I am the one of the four Prelates who made their submission to the pope since 1930 from the dissident Jacobite church of Malabar, that lost communion with the Head of the Church in 1653. I take this occasion to address you a few words.

The pope has churches in communion with him in all parts of the world. He bestows his solicitude on every human being. There is no one else in the whole world who is so vitally connected with the affairs of men as he is. He views the interests of men and people impartially, while all the other heads either civil or ecclesiastical have their limitations and selfish interests. St.Peter's Basilica bears ample living testimony to this fact. For at the general audience that the Pope grants every week,people from all parts of the world flock in hundreds and thousands without distinction of caste or creed, or colour or nationality and He says something to each of them what they want and they all go back satisfied. once cannot fail here to note how the heart of the pope yearns for the good of mankind.

When the world takes to any means for the satisfaction of the natural needs of man, and is enticed by false prospects, the Pope in unequivocal voice proclamis the eternal dominion of God and brings home to the people that "not in bread alone doth man live". He sees also the most dangerous temptations are those which are cloaked in the garb of God's honour and service. Does not the multiplication of religions and religious sects testify this? All men of good will find it a necessity, man being a resonable being, an intellectual necessity to have an infallible voice to guide them in their cnfusion of ideas and ideals. Here from St.Peter's the Pope proclaims the eternal truth as delivered by the Son of God himself. This voice has guided and is guiding all seekers after truth,as

www.malankaralibrary.com

did the star guide the wise men from the East.

The big Basilicas in Rome proclaim the victory of christianity over the forces of darkness. Those are standing monuments of lives made perfect in the Catholic Church. The Basilica of St. Peter now stands on the site of the Circus of Emperor Nero and here in the middle of it St.Peter, the Prince of the Apostles of the Son of God, Jesus Chirst, was martyred. The Basilica of St. Peter now stands as one of the wonders of the world; no one who has not seen it can conceive its stateliness and magnificence. 176 years were employed in its costruction. Its cost a mounted to over ten million pounds. It can hold at least seventy thousand people.

One who comes to Rome cannot close his eyes to the great Colosseum that stands in naked contrast to St. Peter's. Emperor Titus inaugurated it with great festivities lasting for hundred days, afterhis return from the conquest of Jerusalem. The mighty edifice covers about six acres of ground. The height of its external wall is 150 feet. It was the scene of the fearful barbarities during the Christian persecution. It now stands consecrated to the sacred memory of the martyrs who were killed there. Let every one take a lesson from it. Mussolini who lived at the foot of it did not. Hitler did not. Let the Colosseum be ever a proof to the great words of the Pope Pius XI of happy memory, "He who strikes the Pope dies."

Oh! Freedom! The most precious thing! God only knows the greatness and value of it. Man bargains it for perishable things. God delivered His Son Jesus to brutal death, rather than take away the freedom of man who crucified Him. Freedom is the price of eternal happiness. Freedom is the birth right of man. The world has yet to learn what freedom means. It is true many a battle has been fought in the name of freedom,between countries and countries, between nations and nations, between individuals and individuals. History of the world is a history of the play of freedom. History shows all is not well with the world because true freedom is not used correctly. The correct use of freedom is to merit eternal happiness. It is given so that mam may know God, love Him and serve Him. To use one's freedom knowingly and wilingly and with full joy to do the will of God in the way he wants to do it is the perfection of freedom. Let everyone understand that to obey is freedom, to submit to divine authority is life itself. This is the consecration of freedom.

Today there is much talk about unity of faith and peace among men. All this talk ends in greater confusion and multiplication of divi-

www.malankaralibrary.com

sions. In all these one can well see the utter lack of an infallible voice to guide them; for them to consecrate their freedom. Hearken to the voice of the Pope, and there you wii have unity of faith and peace of the world.

## ചെസ്റ്റർട്ടന്റെ അഭിപ്രായം

"കത്തോലിക്കാസഭയ്ക്കെതിരായ പോരാട്ടം മനുഷ്യർ അവസാനിപ്പിക്കുന്ന നിമിഷം മുതൽ പ്രസ്തുത സഭയിലേക്കു തങ്ങൾ ബലാദാകർഷിക്കപ്പെടുന്നതായി അവർക്കനുഭവപ്പെടുന്നു. അവൾക്കെതിരെയുള്ള അധിക്ഷേപങ്ങൾ അവർ നിറുത്തുന്ന ക്ഷണം മുതൽ അവളെ സസന്തോഷം ശ്രവിക്കുവാൻ അവർ ഔൽസുക്യം പ്രദർശിപ്പിക്കുന്നു. നിഷ്പക്ഷമന: സ്ഥിതിയോടുകൂടെ അവളോടു വർത്തിക്കുന്നതിനു സന്നദ്ധരാകുന്ന സമയം മുതൽ അവർ ഹൃദയപൂർവ്വം അവളെ സ്നേഹിച്ചു തുടങ്ങുന്നു. എന്നാൽ, ഒരു നിശ്ചിത പരിധികഴിയുമ്പോൾ പ്രസ്തുത സ്നേഹം അദ്ഭുതാവഹവും വിശിഷ്ട വുമായ ഒരു പ്രണയ ബന്ധമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു."

"ഞാൻ കത്തോലിക്കനായതിന്റെ കാരണത്തെ വിവരിക്കുക വിഷമമാക്കിത്തീർക്കുന്നത്, 'കത്തോലിക്കാമതം യഥാർത്ഥമാണ്' എന്ന കാരണത്തിൽ അന്തർഭവിച്ചിരിക്കുന്ന പതിനായിരം കാരണങ്ങൾ ആണ്. കത്തോലിക്കാസഭ മാത്രമാണ്.................. എന്നാരംഭിക്കുന്ന ഒട്ടനേകം വാചകങ്ങൾകൊണ്ട് ഈ പുസ്തകം മുഴുവൻ നിറയ്ക്കുവാൻ എനിക്കു സാധിക്കും. ഉദാഹരണമായി:

1. കത്തോലിക്കാസഭ മാത്രമാണ് പാപം വെറും രഹസ്യം മാത്രമായിരിക്കുവാൻ അനുവദിക്കാത്ത സഭ.
2. കത്തോലിക്കാസഭ മാത്രമാണ് ഭരണീയരുടെമേൽ ദുർഭരണം നടത്തുവാൻ അധികാരികളെ അനുവദിക്കാത്ത സഭ.
3. കത്തോലിക്കാസഭ മാത്രമാണ് ഉത്തരവാദിത്വമില്ലാത്ത ശിശുക്കളെപ്പോലെ അലഞ്ഞുതിരിയുവാൻ സ്വസന്താനങ്ങളെ അനുവദിക്കാത്ത സഭ.
4. കത്തോലിക്കാസഭ മാത്രമാണ് സത്യത്തെ സത്യമെന്നു പഠിപ്പിക്കുകയും യഥാർത്ഥ ദൗത്യത്തെ കളങ്കപ്പെടുത്താതിരിക്കുന്നതിൽ ദത്തശ്രദ്ധനായ ഒരു ദൂതനെപ്പോലെ വർത്തിക്കുകയും ചെയ്യുന്ന ഏകസഭ.
5. കത്തോലിക്കാസഭ മാത്രമാണ് എല്ലാത്തരക്കാരായ മനുഷ്യരെയും, പൂജ്യന്മാരായ വരെപ്പോലും, അടക്കിക്കൊള്ളുന്ന ക്രിസ്തുമതത്തിന്റെ ഏക ദൃഷ്ടാന്തം.
6. കത്തോലിക്കാസഭ മാത്രമാണ് ലോകത്തെ ആകമാനം നിയമങ്ങൾ മൂലമല്ല, മാനസിക സംസ്കാരമൂലം,ആന്തരികമായി സമുദ്ധരിക്കുന്നതിന് അക്ഷീണം പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ലോകത്തിലെ മഹാശക്തി. ഇപ്രകാരമെഴുതിത്തുടങ്ങിയാൽ അവസാനിക്കുകയില്ല."

www.malankaralibrary.com

# 25. ഇരുപതാം വാർഷികം

## (ജെ. കച്ചിറമറ്റം)

സമയം അർദ്ധരാത്രി കഴിഞ്ഞു. ഒരു കാർ കൊല്ലം പട്ടണത്തെ ലാക്കാക്കി അതിശീഘ്രത്തിൽ ഓടികൊണ്ടിരിക്കുകയാണ്. വിശ്വസ്തനായ ഡ്രൈവർ ഉൾപ്പെടെ ആറ് ആളുകൾ ആ ചെറിയ വാഹനത്തിലുണ്ട്. അന്ധകാരത്തെ പിന്നിലിട്ടുകൊണ്ട് ആ കാർ കനകതിരകളിൽ കൂടെ മുന്നോട്ടു കുതിക്കുന്നതുപോലെ, അവരുടെ മനസ്സും തേജോമയങ്ങളായ നിശ്ചയങ്ങളാൽ കുതിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഒരുവൻ ധീമാനും പ്രഗൽഭമതിയുമായ ഒരു മെത്രാപ്പോലീത്ത; വേറൊരാൾ ശാന്തനും സ്നേഹസമ്പന്നനുമായ ഒരു മെത്രാൻ; അപരൻ വ്യതസ്ഥനായ ഒരു വൈദികൻ, നാലാമൻ ഒരുശെമ്മാശ്ശൻ; ഇതരൻ സേവനതല്പരനായ ഒരു അല്മായക്കാരൻ. ഈ അസമയത്ത് ഇവർ എങ്ങോട്ട്? വളരെനാളത്തെ ചിന്തയുടെയും, പരസ്പരാശയ വിനിമയത്തിന്റെയും പരിപക്വഫലമായി ഇവർ ഒരു തീരുമാനത്തിൽ എത്തിചേർന്നിരിക്കുകയാണ്.

വർഷങ്ങൾ 20 കഴിഞ്ഞു. നാടകീയ രംഗങ്ങൾ അടിക്കടിമാറിക്കൊണ്ടിരുന്നു. ചരിത്ര പ്രസിദ്ധമായ അന്നത്തെ സംഭവത്തിന്റെ ഇരുപതാം വാർഷികദിനം 1950 സെപ്റ്റംബർ ഇരുപതാം തീയതിയാണ്. ശുഭമുഹൂർത്തത്തിൽ കഴിഞ്ഞകാലത്തേയ്ക്കുള്ള ഒരു തിരിഞ്ഞുനോട്ടം സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു. പൂർവ്വകാലസ്മരണകൾ പുതിയ പുതിയ യുഗങ്ങൾക്ക് നാന്ദിയായി ഭവിക്കാറുണ്ടല്ലോ. ആ കാർ കൊല്ലം പട്ടണത്തിന്റെ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന ഓലിക്കര അരമനാങ്കണത്തിൽ പ്രവേശിച്ചു. ആഗതരെ അരമനനിവാസികൾ സാമോദം സ്വീകരിച്ചു സൽക്കരിക്കുകയും ചെയ്തു.

1930 സെപ്റ്റംബർ 20-ാം തീയതി സുപ്രഭാതം. അരമനക്കപ്പേളയിൽ ഒരു മെത്രാൻ ദിവ്യബലി അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ മഹായജ്ഞത്തിനു സാക്ഷിയായി ആഗതർ അഞ്ചുപേരെയും അവിടെ കാണ്മാനുണ്ട്. വി. കുർബ്ബാന കഴിഞ്ഞു. ആ മഹാപുരോഹിതൻ ആഗതരെ അഭിമുഖീകരിച്ചു നിന്നു. പ്രകൃതിസമൃദ്ധവും മനോമോഹനവും ശാന്തശീതളവുമായ സ്വിറ്റസർലണ്ടു രാജ്യത്തിലുള്ള ബൻസിഗർ പ്രഭുകുടുംബത്തിൽ ജനിച്ച ആ യതിവര്യൻ ആത്മാക്കളെ തേടിവന്നതാണ് ഈ ശരൽപ്പരപ്പിൽ. ആയിരമായിരങ്ങളെ ക്രിസ്തുവിനുവേണ്ടി നേടികഴിഞ്ഞു. ഇനിയും വലിയ

www.malankaralibrary.com

വാഞ്ചയോടെ വേലയെടുക്കുകയാണ്. ത്യാഗവും പ്രാർത്ഥനയും അനുസ്യൂതം അർപ്പച്ചുകൊണ്ടിരുന്നു. തീർച്ചായായും ഇന്നത്തെ വിളവെടുപ്പ് അദ്ദേഹത്തിന്റെ ഹൃദയത്തെ ഉല്ലാസപുളകം കൊള്ളിക്കുന്നുണ്ടായിരിക്കണം.

ആഗതർ വിനയപുരസ്സരം മുട്ടുകുത്തി നിൽക്കുന്നു. അവർ സത്യവിശ്വാസപ്രഖ്യാപനം നടത്തുകയാണ്. 1653-ൽ ആരംഭിച്ച പിളർപ്പിനെ നികത്തുവാൻ പിതാക്കന്മാർ ഇടമുറിയാതെ ചെയ്തുകൊണ്ടിരിക്കുന്ന യത്നങ്ങൾ ഇന്നു സഫലീകൃതമായി. ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ്, മെത്രാൻ മാർ തീയോഫീലോസ് എന്നീ തിരുമേനിമാരും മറ്റും മൂന്നുപേരും വിശ്വാസപ്രഖ്യാപനം ചെയ്തുകൊണ്ട് ഛിദ്മം ഉപേക്ഷിച്ചു. ഈ ധീരപ്രവൃത്തി 1926 നവംബർ 17-ാം തീയതി യാക്കോബായസഭയിലെ മെത്രാൻകക്ഷിയിൽപെട്ട മെത്രാന്മാർ ഐക്യകണ്ഠ്യേന ചെയ്ത തീരുമാനത്തെ ആസ്പദമാക്കിയാണു ചെയ്തിട്ടുള്ളത്. സഭയിലെ അന്തഛിദ്രങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം മാതൃസഭയോടു പുനരൈക്യപ്പെടുകയാണെന്ന് അന്നത്തെ സൂനഹദോസിൽ നിശ്ചയിക്കുകയും തൽസംബന്ധമായ എഴുത്തുകുത്തുകൾ നടത്തുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഭരമേല്പിക്കുകയും ചെയ്തിരുന്നതാണ്. പുനരൈക്യപ്പെടുന്ന മെത്രാന്മാരുടെ സ്ഥാനത്തെ അംഗീകരിച്ചും, അന്ത്യോക്യാ സുറിയാനിറീത്ത് അനുവദിച്ചും അനുകൂലമായ മറുപടി പരിശുദ്ധ സിംഹാസനത്തിൽ നിന്നും 1930 ആഗസ്റ്റ് മാസത്തിൽ ലഭിച്ചുവെങ്കിലും, പൂർവ്വനിശ്ചയമനുസരിച്ച് മുമ്പോട്ടു കാലടികളെ വയ്ക്കുവാൻ മാർ ഈവാനിയോസ് തിരുമേനിയും അനുചരന്മാരുമേ ഉണ്ടായിരുന്നുള്ളു.

പുനരൈക്യ വിജയകാഹളം ക്രൈസ്തവലോകം മുഴുവൻ മുഴങ്ങിത്തുടങ്ങി. അതിന്റെ മാറ്റൊലി ദിഗന്തങ്ങൾ വരെ പ്രതിദ്ധ്വധിച്ചു. അനേക മഹാത്മാക്കൾ അതിനെ സ്വാഗതം ചെയ്കയും ബഹുവിധ പ്രോത്സാഹപ്രകടനങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. പുനരൈക്യപ്രസ്ഥാന ജനയിതാവായ മാർ ഈവാനിയോസ് തിരുമേനിയെ സംബന്ധിച്ച് ആംഗ്ലേയ സാഹിത്യസാമ്രാട്ടായ ജി.കെ. ചെസ്റ്റേർട്ടൻ നൽകിയിരിക്കുന്ന തൂലികാ ചിത്രം ഈ വസ്തുതയ്ക്ക് ഒരുദാഹരണമാണ്. “തലപ്പാവും കുരിശ്ശും ധരിച്ച ആ മനുഷ്യനെ കണ്ടതിൽ എന്റെ മാംസത്തിൽ എന്തോ നുരയ്ക്കുന്നതുപോലെ എനിക്കു തോന്നി. അദ്ദേഹം ഐന്ദ്രജാലിക ഭൂമിയായ ഇന്ത്യയിൽ നിന്നും വന്ന ഒരു ദേഹമായിരുന്നുവെന്നും, ഒരു (ഭാരതീയ) രാജാവിനെപ്പോലെ ഇരുന്നിരുന്നു എന്നും, എങ്കിലും ഒരു ക്രിസ്തീയ പുരോഹിതന്റെ അഭിഷേകം അദ്ദേഹത്തിനുണ്ടെന്നും ഉള്ള ഓർമ്മയുണ്ടായതുകൊണ്ട് ഇതിന്റെയെല്ലാം ശേഷം ഇദ്ദേഹം പ്രസ്റ്റർ ജോൺ അല്ലേ എന്നു ഞാൻ ശങ്കിച്ചു....... അദ്ദേഹം യാക്കോബായക്കാരെ മനസ്സുതിരിച്ചത് അത്യന്തം ആധിബൗദ്ധികവും എങ്കിലും ആധുനികവുമായ ഒരു മാർഗ്ഗത്തിലൂടെയാണെന്നു ഞാൻ ക്ഷണേന

www.malankaralibrary.com

കണ്ടുപിടിച്ചു. അദ്ദേഹം വർത്തമാനപത്രങ്ങളും, എന്നുമാത്രമല്ല, വർത്തമാന പത്രങ്ങളിലുള്ള എന്റെ ലേഖനങ്ങൾ പോലും വായിക്കുന്ന ആളായിരുന്നിട്ടും നല്ല പഠനമുള്ളവനായിരുന്നു."

പൗരസ്ത്യ ദേശങ്ങളിലുള്ള് ഛിദ്മ സഭാശാഖകളുടെ പ്രത്യാഗമനത്തെ ലാക്കാക്കിക്കൊണ്ടു മലങ്കര സുറിയാനിറീത്ത് അനുവദിക്കുകയും, പുന രൈക്യപ്രസ്ഥനത്തിനു വലിയ സ്വാഗതം -Big Welcom- പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു കല്പിച്ചാ ശംസി ക്കുകയുണ്ടായി.

നല്ല വളക്കൂറുള്ള മണ്ണിലാണു പുനരൈക്യതരു വേരൂന്നിയത്. തോമസ് അപ്പസ്തോലന്റെ പരിയത്നങ്ങൾ മൂലം സ്ഥാപിതമായതും, ഫ്രാൻസിസ് ശൗരിയാരിന്റെ മിഷ്യൻ വേലയാൽ പരിപോഷിപ്പിക്കപ്പെട്ടതുമായ കേരള സഭാഭൂത്തടത്തിൽ ഊന്നിയ വേരുകൾ പടർന്നു പിടിക്കുകയും, അഭ്രതപൂർവ്വമായ വളർച്ച ചുരുങ്ങിയ കാലംകൊണ്ട് അതിനു സംസിദ്ധ മാവുകയും ചെയ്തു.

പുനരൈക്യത്തിനു പ്രാരംഭമായി പെരുനാട്ടിലെ മുണ്ടൻമലയിൽ വിളഞ്ഞ സമൃദ്ധമായ വിഭവങ്ങൾ ഉപേക്ഷിക്കുകയും, പ്രിയപ്പെട്ട മിത്ര ങ്ങളോടു ഗൗരവസ്വരത്തിൽ യാത്രപറയുകയും ചെയ്യേണ്ടതായി വന്നു. ശുഷ്ക്കമായി ലഭിച്ചുകൊണ്ടിരുന്ന പിടിയരിവരവും നിന്നുപോയി. പട്ടിണിയുടെ വക്കുവരെ എത്തി. എങ്കിലും ഔദാര്യശീലരായ സജ്ജനസത്ത മന്മാരെ ജനമദ്ധ്യത്തിൽ നിന്നും നല്ലവനായ ദൈവം ഉയർത്തി. സാധനങ്ങൾ പാകം ചെയ്തും ചെയ്യാതെയും വെണ്ണിക്കുളത്തും, തിരുമൂലപുരത്തും ഉണ്ടായിരുന്ന താമസസങ്കേതങ്ങളിൽ എത്തിക്കൊണ്ടിരുന്നു. "പുറത്തുപോയി വേലചെയ്യേണ്ടവരായ ആശ്രമാംഗങ്ങളെ പട്ടിണി ഇടുവാൻ പാടില്ല, ഞങ്ങൾ പട്ടിണികിടാന്നാലും അവർക്കു മുട്ടുവരരുതെന്നു" കന്യാമഠത്തിലെ അംഗങ്ങളും, "അല്ല, ഞങ്ങൾക്കു പുറത്തുപോയി വല്ലതും അന്വേഷിക്കാം. നിങ്ങൾക്കു സൈ്വര്യമായി പുറത്തിറങ്ങുവാൻ പാടില്ലല്ലോ; നിങ്ങളുടെ ആവശ്യമാണു പ്രഥമമായത്." എന്ന് ആശ്രമാംഗങ്ങളും പരസ്പരം ധൈര്യപ്പെ ടുത്തിയിരുന്നു. ഈശ്വരചൈതന്യവും ദൈവാധീനവും കർത്താവിന്റെ മഹത്വ ത്തിനായുള്ള ക്ലേശങ്ങളിൽ നാം എക്കാലത്തും ദർശിക്കാറുള്ളതാണല്ലോ.

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമൂലപുരത്ത് ഓലമേഞ്ഞ ചെറിയ ഭവനം തന്റെ അരമനയാക്കിയും, തിരുവല്ലാ ടൗണിന്റെ മദ്ധ്യത്തിൽ ഒരു വാടക കെട്ടിടത്തിൽ മാർ തിയോഫിലോസ് തിരുമേനിയും താമസമുറപ്പിച്ചു. ശത്രുമദ്ധ്യേ അവർ വയ്ക്കപ്പെട്ടു. ആക്ഷേപങ്ങളും, ഭീഷണികളും,കല്ലേറും, ഗൂഢാലോചനകളും നാനാഭാഗങ്ങളിൽ നിന്നും രൂപം പ്രാപിച്ചുകൊണ്ടിരുന്നു. സംഘടിത എതിർപ്പുകളും തല ഉയർത്താതിരുന്നില്ല. പക്ഷേ മാതൃവക്ഷസ്സിൽ അഭയം തേടിയവരായ വീരാത്മാക്കൾ. ഇവയെല്ലാം

www.malankaralibrary.com

വീറോടെ ചെറുക്കുകയും, കർത്താവിനെ പ്രതി പീഡയേല്ക്കേണ്ടി വന്നതിൽ അപ്പസ്തോലപ്രഭുക്കന്മാരെപ്പോലെ ആനന്ദംകൊള്ളുകയും ചെയ്തു. കാറപകടത്തിൽപെടുത്തി ഈവാനിയോസ് തിരുമേനിയെ അപായപ്പെടുത്തുവാൻ കൊഴുത്ത കോഴകൊടുക്കാമെന്നു വ്യാമോഹിപ്പിച്ചിട്ടും, മഹമ്മദീയനെങ്കിലും വിശ്വസ്തനായ തമ്പി ഡ്റൈവർ അതിനെ കൈക്കൊണ്ടില്ല. ബാർബർ, ഡോബി മുതലായവരെ പുനരൈക്യപ്പെട്ടവർക്കു പണിയെടുക്കുവാൻ നിരോധിച്ചു. അടിയന്തിരാവശ്യങ്ങളിൽ നിന്ന് പുതിയ "റീത്തുകാരെ" ബഹിഷ്ക്കരിക്കുകപോലും ചെയ്തു. ആദിമശതകങ്ങളിൽ ക്രൈസ്തവസഭയ്ക്കു നേരിട്ടിരുന്ന ദുരന്താനുഭവങ്ങളുടെ ആവർത്തനമാണോയിതെന്നു തോന്നിപ്പോയി. എങ്കിലും വിശ്വസ്തഭൃത്യർ ഞടുങ്ങിയില്ല; സ്ഥിരമായ അടിസ്ഥാനത്തിൽ അവർ ഉറച്ചു നില്ക്കുക തന്നെ ചെയ്തു.

ദുർദ്ദിനങ്ങൾ മാറി. അഞ്ചുപേർ അഞ്ഞൂർ, അയ്യായിരം, അമ്പതിനായിരം ഇങ്ങനെ ക്രമേണ പെരുകി വർദ്ധിച്ചുകൊണ്ടിരുന്നു. വെണ്ണിക്കുളത്തു വസിച്ചുകൊണ്ടിരുന്ന ആശ്രമവാസികളും, തിരുമൂലപുരം കന്യകാലയവാസികളും വിശ്വാസപ്രഖ്യാപനം ചെയ്തുകൊണ്ട് മതഭിന്നതയ്ക്കു പൂർണ്ണവിരാമമിട്ടു. ഇവരോരുത്തരും ഓരോ പ്രേഷിതരായി രൂപാന്തരപ്പെടുകയും, അവരുടെ സ്വാധീനകൊണ്ട് പലരേയും സത്യത്തിന്റെ തുറയിലേക്കാനയിക്കുകയും ചെയ്തു. ഒളിച്ചു വസിച്ചിരുന്ന സഭ വെളിച്ചത്തായി. ശത്രുക്കൾ രംഗത്തുനിന്ന് ഓരോന്നോരോന്നായി പിന്മാറി. 'റീത്തുകൾ' പുരോഗമിച്ചുകൊണ്ടിരുന്നു ബഥനിപ്രസ്ഥാനംമൂലം, മിഷൻവേല നടത്തിയിരുന്ന കേന്ദ്രങ്ങളിൽ നവീനപ്രസ്ഥാനത്തിനു കൂടുതൽ വിജയം എളുപ്പത്തിൽ ലഭിച്ചുവെന്നതു പ്രത്യേകം പ്രസ്താവാർഹമായ കാര്യമാണ്. തിരുവല്ലാ, കവിയൂർ, വെണ്ണിക്കുളം മുതലായ 'സ്ഥലങ്ങളിൽ വി. കുറുബ്ബാന ചൊല്ലിത്തുടങ്ങി. വൈദികരും അവൈദികരുമായി പലരും ചേർന്നുകൊണ്ടിരുന്നു. ചെറിയ അജക്കൂട്ടമേ! ആഹ്ളാദിക്കുക. സത്യത്തിനുവേണ്ടി സാക്ഷ്യംവഹിക്കുന്നവർ വിജയം കൈവരിക്കാതിരിക്കുകയില്ല. യഥാർത്ഥ സത്യമാകുന്ന ക്രിസ്തുവിനെ ക്രൂശിച്ചിട്ടും സത്യം ഉത്തരോത്തരം വികസിച്ച് പുഷ്പിക്കുകയാണല്ലോയുണ്ടായത്. ക്രിസ്തുവിൽ സഭാഗാത്രത്തിനും ഇതേ അനുഭവമാണ് കാലമാറ്റങ്ങളിൽ സംഭവിച്ചുകൊണ്ടിരുന്നിട്ടുള്ളത്.

1932 ജൂൺ 11-ാം തീയതി പരി.പിതാവ് പതിനൊന്നാം പീയൂസ് പാപ്പാ പ്രത്യേക ബൂളാമൂലം മലങ്കര ഹൈരാർക്കി സ്ഥാപിക്കുകയും, തിരുവനന്തപുരം അതിരൂപതായേയും, തിരുവല്ലാ രൂപതയേയും സൃഷ്ടിക്കുകയും ചെയ്തു. ചുരുങ്ങിയ കാലയളവായ ഇരുപതുകൊല്ലംകൊണ്ട് പുനരൈക്യ പ്രസ്ഥാനം കൈവരിച്ചിരിക്കുന്ന അഭ്രൂതപൂർവ്വമായ നേട്ടം അകൃത്രിമമായ ദൈവികശക്തികൊണ്ടല്ലാതെ, കൃത്രിമവും ശക്തിഹീനവുമായ മാനുഷിക ബലംകൊണ്ടു സാധ്യമല്ലെന്നു സാമാന്യബുദ്ധിയ്ക്കു ഗ്രഹിക്കുവാൻ

www.malankaralibrary.com

സാധച്ചിട്ടുണ്ട്. ലോകമെങ്ങുമുള്ള ദൈവചൈതന്യ നിർഭരരായ മഹാത്മാക്കൾ വഴി ഈ പ്രസ്ഥാനത്തിനു ദൈവം അദ്ഭുതങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നു. പുനരൈക്യപ്രസ്ഥാനം ബീജാവാപം ചെയ്യപ്പെട്ടതു യാക്കോബായ സഭയിൽ മുളച്ചു വികസിച്ചതായ ബഥനിപ്രസ്ഥാനത്തിലാണല്ലോ. അവർ അതിനെ വാത്സല്ലിച്ചു പരിപോഷിപ്പിച്ചു കൊണ്ടിരുന്നു. എന്നാൽ ബഥനി പ്രസ്ഥാനം പുനരൈക്യപ്രസ്ഥാനമായി രൂപാന്തരപ്പെട്ടപ്പോൾ, മിത്രങ്ങൾ ശത്രുക്കളായി ഭവിച്ചു. സംഘടിതമായ പ്രത്യാക്രമണം നടന്നുവെങ്കിലും, ദൈവകരത്താൽ മെനഞ്ഞുണ്ടാക്കിയ നവീന സെഹിയോൺ വിജയം നേടുകയും, ബഥനി പ്രസ്ഥാന ശാഖ, കത്തോ ലിക്കാ സഭാതായ്ത്തണ്ടിൽ ഒട്ടിചേരുകയും ചെയ്തു. ക്രിസ്തുവിന്റെ നിഗൂഡ ശരീരത്തിൽ നിന്ന് അതിനു ലഭിച്ച പോഷകാംശംമൂലം അതിശയകരമായ വളർച്ച സംസിദ്ധവുമായി. നാലാം വാർഷികം ചെറു പുഷ്പഗിരി അങ്കണത്തിൽവച്ച് ആഘോഷിച്ചവേളയിൽ ദിവ്യശ്രീ പുലിക്കോട്ടു ഔസേപ്പ് റമ്പാൻ അവർകൾ ഉദ്ധരിച്ച കണക്ക് നവീനപ്രസ്ഥാനത്തിന്റെ അദ്ഭുതകരമായ വളർച്ചയ്ക്കു സാക്ഷ്യം വഹിക്കുന്നതാണ്.

**പല ഘട്ടങ്ങളെകുറിക്കുന്ന കണക്കുകൾ താഴെ ചേർക്കുന്നു.-**

| | രൂപത | മിഷ്യൻ കേന്ദ്രങ്ങൾ | പള്ളികളും കപ്പേളകളും | വൈദികർ | കന്യാസ്ത്രീകൾ | സ്കൂളുകൾ | വിശ്വാസികൾ |
|---|---|---|---|---|---|---|---|
| 1934 | തിരുവനന്തപുരം | 92 | 30 | 33 | 6 | 22 | 14376 |
| | തിരുവല്ലാ | 30 | 12 | 22 | 3 | 2 | 4000 |
| 1940 | തിരുവനന്തപുരം | 125 | 50 | 60 | 14 | 34 | 35000 |
| | തിരുവല്ലാ | 47 | 27 | 47 | 9 | 12 | 9411 |
| 1947 | തിരുവല്ലാ | 87 | 54 | 65 | 24 | 35 | 13370 |

ഇതിനകം അദ്ഭുതകരമായ മാനസാന്തരങ്ങൾ നടന്നുകൊണ്ടിരുന്നു. വിദേശങ്ങളിലും സ്വദേശത്തും നടന്നുകൊണ്ടിരുന്ന പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ഫലമായി നിരണം ഇടവകയുടെ മെത്രാപ്പോലീത്താ 1937 നവംബർ മാസം 28-ാം തീയതി രാത്രിയിൽ തന്റെ ആസ്ഥാനമായ പരുമല സെമിനാരിയോടു യാത്രപറയുവാൻ തിടുക്കം കൂട്ടുകയായിരുന്നു. പിറ്റേന്ന് പ്രഭാതത്തിൽ കാർത്തികപ്പള്ളിക്കായി പുറപ്പെട്ടു. എങ്കിലും കാർ തിരുവനന്തപുരത്തുള്ള പട്ടം അരമനയിൽ എത്തിചേരുകയാണുണ്ടായത്. ശാവൂളിന്റെ അരൂപിയോടെ യാക്കോബായസഭയുടെ ഉദ്ധാരണത്തിനായി

www.malankaralibrary.com

അത്യദ്ധ്വാനം ചെയ്തുകൊണ്ടിരുന്ന ആ തിരുമേനി ദൈവാനുഗ്രഹകതിരാൽ മാർഗ്ഗമദ്ധ്യേ വീഴ്ത്തപ്പെടുകയും, പൗലോസിന്റെ ഓജസ്സേറിയ അപ്പസ്തോലികാരൂപിയോടെ സത്യസഭാപൂവാടിയിൽ ആനന്ദവിശ്രമം കണ്ടെത്തുകയും ചെയ്തു. ആ വന്ദ്യതിരുമേനി ഇന്ന് തിരുവല്ലാ രൂപതാനൗകയെ ഓളങ്ങളിൽകൂടി വിജയകരമായി നയിച്ചുകൊണ്ടിരിക്കുന്നു.

ഇതേ അനുഭവം തന്നെയാണ് ക്നാനായ സമുദായത്തിലെ ഏക മെത്രാപ്പോലീത്തായായി ചിങ്ങവനം അരമനയിൽ വസിച്ചിരുന്ന മാർ തോമ്മാ ദിയസ്ക്കോറസ്സ് തിരുമനസ്സിലേയ്ക്കും ഉണ്ടായത്. 1939 നവംബർ പതിനൊന്നാം തീയതി അരമനവിട്ട് പട്ടം അരമനയിൽ അഭയം തേടി പുനരൈക്യം സാധിച്ചു. അഭ്യസ്തവിദ്യരായ ജഡ്ജിമാരും, വക്കീലന്മാരും, അദ്ധ്യാപക പ്രവീണരും, വൈദികോത്തംസരും ഭിന്നിപ്പവസാനിച്ചുകൊണ്ട് മാതൃസഭയുടെ വിരിമാർവ്വിൽ പരിപൂർണ്ണ വിശ്രമം കണ്ടെത്തി.

അഭിവന്ദ്യ തിരുമേനിമാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1932-ൽ റോമയിൽ എത്തി ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് പാപ്പായെ സന്ദർശിക്കുകയും സ്വന്ത തൃക്കരങ്ങളിൽ നിന്ന് മെത്രാപ്പോലീത്താസ്ഥാനോചിതമായ പാലിയ അംശവസ്ത്രം സ്വീകരിക്കുകയും ചെയ്തു. അന്നു യൂറോപ്യൻ രാജ്യങ്ങളിൽ സഞ്ചരിച്ച്, ഡബ്ളിൻ ദിവ്യകാരുണ്യ സമ്മേളന മഹാമഹത്തിലെ ഒരു പ്രമുഖാതിഥിയായി സ്വീകരിക്കപ്പെടുകയും ചെയ്തു. മൂന്നുകൊല്ലങ്ങൾക്കുമുമ്പ് വന്ദ്യാതിരുമേനി നടത്തിയ ആഗോള പര്യടനവും ലോകത്തിന്റെ ശ്രദ്ധയെ ആകമാനം ആകർഷിക്കത്തക്ക ഒന്നായിരുന്നു. വിശുദ്ധികൊണ്ടും, പ്രശാന്തതയാലും സാധാരണ ജനങ്ങളുടെ ആരാധ്യപുരുഷനായിരുന്ന മാർ തീയോഫിലോസ് തിരുമേനി 1933-ൽ യൂറോപ്പ് യാത്ര കഴിക്കുകയും, ക്രസ്തീയ യൂറോപ്പ് അദ്ദേഹത്തിൽ തിളങ്ങി പ്രകാശിച്ചിരുന്ന സുകൃതസമ്പത്തിനെ വിലമതിച്ചു പ്രകീർത്തിക്കുകയും ചെയ്തു. ഇന്ന് തിരുവല്ലാ രൂപതയുടെ ഭരണസാരഥ്യം വഹിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ മെത്രാൻ നി.വ.ശ്രീ.ജോസഫ് മാർ സേവേറിയോസു തിരുമനസ്സുകൊണ്ട് നാലുമാസം നീണ്ടുനിന്നു യൂറോപ്പ് പര്യടനം കഴിഞ്ഞ് സസുഖം തന്റെ ആസ്ഥാനത്ത് തിരിച്ചെത്തിയ സുവർണ്ണ ഘട്ടത്തിന്റെ സ്മരണയെ കൊണ്ടാടുന്ന പൊൻപുലരിയും പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിയെ കുറിക്കുന്ന ഒരു സുപ്രധാന മൈൽക്കുറ്റിയാണ്.

ചുരുങ്ങിയതെങ്കിലും സംഭവബഹുലമായ ഒരു ചരിത്രസംഗ്രഹമാണ് പുനരൈക്യ പ്രസ്ഥാനത്തിനുള്ളത്. ഇരുപതു വർഷങ്ങൾ! ഇതിനകം എത്രഎത്ര സ്നേഹസമ്പന്നമായ ഹൃദയങ്ങളെ ഈ പ്രസ്ഥാനം ഉളവാക്കിയിട്ടില്ല? വിദൂരദേശങ്ങളിലെ കന്യകാമഠങ്ങളിൽ നിന്നും, മിഷ്യൻ പ്രേമികളിൽ നിന്നും എത്രഎത്ര സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മോഹന

www.malankaralibrary.com

സന്ദേശങ്ങളാണ് ഈ പ്രസ്ഥാനത്തെ പ്രോത്സാഹനലഹരികൊണ്ട് അഭിഷേകം ചെയ്യാൻ ലഭിക്കാതിരുന്നിട്ടുള്ളത്? എത്ര ആയിരം വിധവയുടെ തുട്ടുകാശുകൾ ലോകത്തിന്റെ ഒളിഞ്ഞ കോണുകളിൽ നിന്നും ഇതിന് സ്നേഹചുംബനങ്ങൾ നൽകുവാനായി ഓടിയെത്തിയിട്ടില്ല? കത്തോലിക്കാ ലോകം മുഴുവനും ആഹ്ളാദം ജനിപ്പിച്ച പുനരൈക്യസദ്വാർത്ത അക്ഷയ മായ പ്രേഷിത ചൈതന്യത്തോടെ എല്ലാ സ്നേഹഹൃദയങ്ങളേയും സമ്പന്ന മാക്കിത്തീർക്കട്ടെ എന്നതാണ് ഈ ഇരുപതാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഇതിന്റെ അഭ്യുദയകാംക്ഷികൾക്കായി എനിക്കു നല്കുവാനുള്ള ആശംസ. ഇതിന്റെ മുന്നോടികളും, നേതാക്കന്മാരായിട്ടുള്ള ദൈവത്തിന്റെ വത്സലസന്താനങ്ങളെ അനുഗ്രഹാമൃതവർഷംകൊണ്ട് കാത്തു രക്ഷിക്കുകയും നല്ല വേലക്കാരെ വിളവെടുപ്പിനായി നമ്മുടെ നാട്ടിൽ ഉയർത്തുകയും ചെയ്യാൻ സംഗതിയാകട്ടെ. ഇതാകുന്നു കർത്താവിന്റെ മുമ്പിൽ അഞ്ജലീബദ്ധനായി ഹൃദയതാഴ്ച്ചയോടുകൂടി അർപ്പിക്കുന്ന വിനീതമായ അർച്ചന.

# BE HAPPY THIS WAY

1. Learn to laugh; a good laugh is better than medicine.
2. Learn how to tell a story; a good story, well told, is as welcome as a sunbeam in a sick room.
3. Learn to keep your troubles to yourself; the world is to busy to care for your ills and sorrows.
4. Learn to stop complaining; if you cannot see any good in the world. keep the bad to yourself.
5. Learn to hide your aches and plains under pleasant smiles; no one cares to hear whether you have headaches,earaches or rheumatism.
6. Learn to meet your friends with a smile; a bad-tempered person is not wanted anywhere. Above all, give pleasure; lose no chance of giving pleasure.

You will pass through this world but once. Any good thing, therefore, that you can do, or any kindness that you can show to any human being, you had better do it now; do not defer or negelect it. For you will not pass this way again.

(Adapted)

www.malankaralibrary.com

# 26. ഇന്നത്തെ നമ്മുടെ ആവശ്യം

## Prayer and Penance

### (എ. പീലിപ്പോസ് എം. എ. ബി.എൽ.)

ലോകത്തിന്റെ വഴികൾ ദൈവത്തിന്റെ വഴികളിൽ നിന്നും വിഭിന്നങ്ങളാകുന്നു. ലോകം ഒരു മനുഷ്യനെ ഭാഗ്യവാൻ എന്നു വിളിക്കുന്നത് അവന്റെ സ്വത്തിന്റെയോ സമ്പത്തിന്റയോ കൂടുതൽ നോക്കിയാകുന്നു. ലോകമനുഷ്യന്റെ ആഗ്രഹം കഷ്ടാരിഷ്ടതകൾ ഒന്നും കൂടാതെ ഈ ലോകജീവിതം കഴിച്ചു കൂട്ടണമെന്നാകുന്നു. എന്നാൽ ദൈവത്തിന്റെ വഴികൾ ദാരിദ്രവും കഷ്ടതകളും ആകുന്നു. ലോകത്തെ ഉദ്ധരിക്കാൻ വന്ന ദൈവമനുഷ്യൻ പറയുന്നു: "ദരിദ്രർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെതാകുന്നു, ദുഃഖിതർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ, ആശ്വസിക്കപ്പെടും."

മനുഷ്യൻ പാപിയാകുന്നു. ജന്മപാപത്തിൽ എപ്പോൾ മനുഷ്യൻ വീണുവോ, അപ്പോൾ മുതൽ മനുഷ്യന്റെ ഉദ്ധാരണത്തിനുള്ള ഏകമാർഗ്ഗം കഷ്ടാരിഷ്ടതകൾ സഹിക്കയാകുന്നു എന്നു ദൈവം അവനു ഉപദേശിച്ചു കൊടുത്തു. " നിന്റെ വിയർപ്പാലെ നീ അപ്പംഭക്ഷിക്കണം"- സുഖാനുഭവം ആ നാഴികമുതൽ അവനെ വിട്ടുപോയി. നഷ്ടപ്പെട്ടസുഖാനുഭവത്തെ വീണ്ടെടുക്കുന്നതിനുള്ള ഏകമാർഗ്ഗം ദൈവനിശ്ചയപ്രകാരം കഷ്ടാനുഭവമായിത്തീർന്നു. സ്വർഗ്ഗരാജ്യത്തിന്റെ മുന്നോടിയായി വന്ന യോഹന്നാൻ ബപ്തിസ്ത് പറയുന്നു: "പ്രായശ്ചിത്തം ചെയ്യീൻ" സ്വർഗ്ഗരാജ്യത്തിന്റെ ദാതാവും പറയുന്നു: " നിന്റെ കുരിശ് എടുത്ത് എന്റെ പിന്നാലെ വരിക". കുരിശും ചുമന്നുകൊണ്ടുപോകുന്ന ദൈവമനുഷ്യൻ തന്നെയാണ്. "നിന്റെ കുരിശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരിക" എന്ന് നമ്മോടു പറയുന്നത്. അവന്റെ വാക്കുകൾ അലംഘ്യങ്ങൾ ആകുന്നു.

മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ അടുക്കൽ നിന്ന യോഹന്നാൻ ശ്ലീഹായോടു കുരിശിൽ കിടക്കുന്ന ക്രിസ്തു തന്റെ അമ്മയെ ചൂണ്ടികാണിച്ചുകൊണ്ടു പറയുന്നു. "ഇതാ നിന്റെ അമ്മ" ഈ അമ്മ സകല വിശ്വാസികളുടെയും അമ്മയാകുന്നു. തന്റെ ആത്മീക മക്കളുടെ എല്ലാവരുടെയും സ്വർഗ്ഗീയ സൗഭാഗ്യം ആകുന്നു ഈ നല്ല അമ്മയുടെ ഏക ചിന്ത. ഈ നല്ല അമ്മ ലൂർദ്ദിലും ഫാത്തിമായിലും പ്രത്യക്ഷയായി മനുഷ്യവർഗ്ഗത്തിനു കൊടുക്കുന്ന ഏക ദൗത്യം "പ്രാർത്ഥിപ്പീൻ, പ്രായശ്ചിത്തം ചെയ്യീൻ" എന്നാകുന്നു.

ഇന്നു സ്വർഗ്ഗത്തിൽ സൗഭാഗ്യം അനുവഭിക്കുന്ന പുണ്യവാന്മാർ എല്ലാവരും ലോകത്തിൽ കഷ്ടതകൾ സഹിച്ചവരാകുന്നു. അവരിൽ പലരും

www.malankaralibrary.com

രക്തസാക്ഷികളായി ക്രിസ്തുവിനുവേണ്ടി മരിച്ചവർ ആകുന്നു. ലോക ഗതിയിൽ ജീവിച്ചവർ അവരുടെ ശത്രുക്കൾ ആയിരുന്നു. അവർ ലോകത്തെയും സുഖാനുഭവത്തെയും ദ്വേഷിച്ചു ജീവിച്ചവരാകുന്നു. ചിലരുടെ കണ്ണുകൾ ചുഴഞ്ഞു എടുത്തു കളഞ്ഞു. ചിലരുടെ നാക്കുകൾ വെട്ടികളഞ്ഞു. ചിലരുടെ കൈകാലുകൾ മുറിച്ചു കളഞ്ഞു. ചിലരെ ചാക്കിൽ കെട്ടി നദിയിൽ ഇട്ടുകളഞ്ഞു. ചിലരെ ചാക്കിൽ കെട്ടി മൃഗങ്ങൾക്ക് ഇരയായി ഇട്ടുകൊടുത്തു. ചിലരുടെ തൊലികൾ ഉരിച്ചെടുത്തു. ചിലരെ പന്തം ചുറ്റി തീ കൊളുത്തി. ഇതെല്ലാം അവരുടെ പാപത്തിനു പ്രായശ്ചിത്തമായി അവർ സഹിച്ചു. മരണനാഴികയിൽപോലും ദൈവത്തിനു മഹത്വം കൊടുത്ത് ദൈവത്തെ അവർ സ്തുതിച്ചുകൊണ്ടിരുന്നു.

ദൈവമാതാവിന്റെ വാത്സല്യമക്കളും കത്തോലിക്കാ സഭയുടെ അരുമ സന്താനങ്ങളുമാകുന്ന നമുക്കും ദൈവം കാണിച്ചു തരുന്ന വഴി ഇതുതന്നെയാകുന്നു.

ഈ വിശുദ്ധ വത്സരത്തിന്റെ പരമ ഉദ്ദേശമായി പരിശുദ്ധ പിതാവ് പ്രഖ്യാപനം ചെയ്തു നമുക്കു തന്നിട്ടുള്ള ഏക ചിന്ത "പ്രാർത്ഥനയും പ്രായശ്ചിത്തവും വഴിയായി ആത്മാക്കളുടെ ശുദ്ധീകരണമാകുന്നു."

ഈ പരിശുദ്ധ വത്സരത്തിൽ റോമിൽപോയി തിരിച്ചുവന്നിട്ടുള്ളവരോട് നിങ്ങൾ അവിടെ കണ്ട പ്രധാന കാഴ്ച എന്താകുന്നു എന്നു ചോദിച്ചാൽ ക്രിസ്തുവിനും അവിടുത്തെ തിരുസഭയ്ക്കുവേണ്ടി പ്രായശ്ചിത്തം ചെയ്തു മരിച്ചവരുടെ ശവകുടീരങ്ങൾ ആകുന്നു എന്നു അവർ പറയും. അവിടെ വി: സിസില്യായുടെ കബറിടമാകുന്ന പള്ളി. ഇവിടെ വി: ആഗ്നിസിന്റെ ശവകുടീരത്തിന്റെ പള്ളി. അവിടെ വി: ലൊറൻസിന്റെ പള്ളി. എല്ലാത്തിനും പ്രധാനമായി ശ്ലീഹാന്മാരുടെ തലവന്മാരായ പത്രോസിന്റെയും പൗലോസിന്റെയും പള്ളികൾ. ത്യാഗത്തിനും സഹകരണത്തിനും പ്രായശ്ചിത്തത്തിനു അവരെ അനുഗമിക്കാനാണു കബറുകളിൽ കിടന്നുകൊണ്ടു ഈ പുണ്യവാന്മാരും പുണ്യവതികളും നമ്മൾ ഓരോരുത്തരെയും വിളിക്കുന്നത്.

അതുകൊണ്ട് പ്രിയ കത്തോലിക്ക സഹോദരന്മാരെ, സഹോദരിമാരെ, നമുക്ക് പ്രാർത്ഥനയോടുകൂടിയ പ്രായശ്ചിത്തം ദിവസവും ചെയ്തുകൊണ്ടിരിക്കാം. കമ്മ്യൂണിസത്തേയും നിരീശ്വരത്വത്തേയും ജയിക്കാനും, നമ്മുടെയും ചുറ്റുപാടുമുള്ളവരുടെയും ആത്മാക്കളെ ശുദ്ധീകരിക്കാനും, അകത്തോലിക്കരെയും, ശീശ്മക്കാരെയും ആകർഷിച്ചു സത്യവിശ്വാസത്തിന്റെ തൊഴുത്തിലേക്കു കൊണ്ടുവരാനും, നമുക്കു പ്രാർത്ഥിക്കാം. പ്രായശ്ചിത്തം ചെയ്തുകൊണ്ടു പ്രാർത്ഥിക്കാം. പ്രായശ്ചിത്തം നമ്മുടെ മതസ്ഥിതിയാക്കാം. ദൈവം ദിവസവും ശരീരത്തിലും മനസ്സിലും നമുക്ക് അയക്കുന്ന ഓരോ ചെറിയ കഷ്ടതകൾ ക്ഷമയോടും സന്തോഷത്തോടും സഹിച്ച പ്രായശ്ചിത്ത മനസ്ഥിതി നമുക്കു സമ്പാദിക്കാം. ഇന്നത്തെ നമ്മുടെ ആവശ്യം അതാകുന്നു.

www.malankaralibrary.com

# 27. ഒരു പ്രാർത്ഥന

## (കുര്യൻ വൈദ്യർ, തിരുമൂലപുരം)
## (വഞ്ചിപ്പാട്ട്)

നന്മയേറും മറിയമേ!..മംഗളംതേ ഭവക്കട്ടെ,
നമ്മുടെ രക്ഷിതാവും- നിന്നൊടുകൂടെ
സ്ത്രീവൃന്ദത്തിൽ വാഴ്ത്തപ്പെട്ടോ-ളാവുന്നതുമങ്ങുമാത്രം.
നിൻവയറ്റിൻ ഫലമായോ-യേശുവും വന്ദ്യൻ
കന്യകയാം മറിയമേ-മന്നവന്റെ ജനനിയേ
നിന്ദ്യരായ ഞങ്ങൾക്കായി-പ്രാർത്ഥിച്ചീടേണേ.
സത്യമാമിപ്പുനരൈക്യം-ജയിച്ചീടേണെ.
മലങ്കര സുറിയാനി-റീത്തിന്റെ ജനയിതാ
സാരവേദിയായിടുന്ന-പുണ്യപുരുഷൻ.
മാറീവാന്യോസ് തിരുമേനി-ശുദ്ധമായോരിസ്സഭയെ
കൂറൊടിന്നു ഭരിക്കുന്ന-മംഗളമായി
മുടക്കില്ലെ വഴക്കില്ലെ-മുടക്കാനും വഴിയില്ലേ-
മുടക്കം കൂടാതെ ഭംഗ്യാ-നടത്തീടുന്നു.
പാഷണ്ഡികൾ ശീശ്മക്കാരും-പൈശാചിക പണ്ഡിതന്മാർ
ഏഷാമേതാദ്വിഷയത്തിൽ-ബോധമുണ്ടാമൊ
അത്രയല്ലെ തിരുവല്ലാ-രൂപതയിന്നധികാരി
ശത്രുവിന്നു മിത്രമായ-പൊൻതിരുമേനി
സേവറിയോസെന്ന പുണ്യ-നാമധേയം ധരിച്ചുള്ള
പാവനാത്മാ തൻഭരണ-മെന്തൊരുമേനി
ഇന്ദുവക്ത്രം മഞ്ജുളവാക്യം-മാനവാനാംഹൃദിമോദം
മന്ദമെന്ന്യെ വളർത്തുന്ന-മന്ദഹാസവും
ഇവയെല്ലാമൊരുപോലെ-ഇണങ്ങുന്നയതിവര്യൻ
ഭവദീതിലവലേശം-പോലുമേശാത്തോൻ
സെക്രട്ടറി ദിവ്യശ്രീമാൻ-ഫാദർ മാത്യൂസ് നെടുങ്ങാട്ടി
ശക്രദേവഭരണത്തിൻ-മേന്മയേറ്റുന്നു.
സ്വാന്തശുദ്ധിയേറിടുമീ-ഭാഗ്യവാന്മാരിരുവരും
ശാന്തരായ് താൻപുറപ്പട്ടി-ട്ടിറ്റലിപുകി
സംയമനായ് സിംഹാസനെ-വാണുപോരും പന്ത്രണ്ടാമൻ

www.malankaralibrary.com

പീയൂസ്സാകും മാർപ്പാപ്പാതൻ-സവിധേചേർന്നു
ആശിഷങ്ങളസംഖ്യമായ്-മോശമേശാതേറ്റുകൊണ്ട്
വിശുദ്ധപട്ടണമെല്ലാം-പര്യവേക്ഷിച്ചു
സർവ്വെഭൗമാലയങ്ങളും-സർവ്വദേവാലയങ്ങളും
ഗർവഹീനം സന്ദർശിച്ചു-മാതൃകാരുണ്യത്താൽ
ഇവരിന്നുസുഖമോടെ-തിരിച്ചെത്തുന്നെന്നവാർത്ത
ശ്രവിച്ചീടുന്നവക്കൊക്കെ-കർണ്ണപീയൂഷം.
അതിനാലിന്നുളവായോര-തിമോദമുരചെയ്‌വാൻ
മതിയായ ശേമൂഷിയും-ശേഷിയും പോരാ
പള്ളിക്കാരെ മറ്റുള്ളോരെ-പള്ളിക്കൂടം കുട്ടികളേ
പള്ളിക്കാറിനുള്ളിൽ തിരു-മേനിയല്ലയോ
പള്ളികൊള്ളുന്നെന്നു-ചിന്തിച്ചുള്ളഴിഞ്ഞ നമിക്കുവിൻ
ഭള്ളുതെല്ലാം ഭവിക്കല്ലെ-സ്നേഹിതന്മാരെ
ഇന്നുണ്ടായോരീസന്തോഷ-മെന്നന്നേക്കും നിലനില്പ്പാൻ
മന്നരിൽ മന്നവനേശു-തുണചെയ്യണേ.
സൃഷ്ടിതാവെ,രക്ഷിതാവെ-നിൻപദത്താർനമിക്കുമീ
സൃഷ്ടികളാം ഞങ്ങളെ നീ കാത്തുരക്ഷിക്ക
മാന്യമാതാക്കളിന്മാതാ-കന്യകയാംമറിയമ്മേ
ധന്യരായിപ്പിതാക്കളെ-കാത്തുകൊള്ളണേ
ഉൽഭവത്തിലമലയാം-സ്വർഗ്ഗരാജ്ഞി മഹാമാതേ
മുൽഭവരാമടിയങ്ങൾ-കൈവണങ്ങുന്നേ.

# 28. മെക്കാളിപ്രഭുവിന്റെ അഭിനന്ദനം

"ഈ സഭയുടെ ചരിത്രം മാനുഷനാഗരികതയുടെ മഹത്തായ രണ്ടു യുഗങ്ങളെ സംയോജിപ്പിക്കുന്നു. പ്രാചീനറോമായിലെ സർവദേവതാമണ്ഢപത്തിൽ നിന്നും ഹോമധൂമപടലം ഉയർന്നുകൊണ്ടിരിക്കുകയും ഫ്ളേവിയൻ വിനോദരംഗത്തിൽ പുള്ളിപുലികളും വ്യാഘ്രങ്ങളും സ്വച്ഛന്ദം വിഹരിക്കുകയും ചെയ്തിരുന്ന പുരാതനകാലത്തിന്റെ സ്മരണനമ്മളിലുളവാക്കുവാൻ കഴിയുന്നതായി ഈ സഭയല്ലാതെ ഇന്നു മറ്റു യാതൊരു സ്ഥാപനവും അവശേഷിച്ചിട്ടില്ല. ഈ സഭയിലെ പരമാദ്ധ്യക്ഷന്മാരുടെ സുദീർഘമായ ശൃംഖലയോടു താരതമ്യം ചെയ്യുന്നതായാൽ പ്രൗഢിയോടുകൂടെ വാണുകൊണ്ടിരിക്കുന്ന സകല രാജവംശങ്ങളും കേവലം ഇന്നലത്തേതുമാത്രമാകുന്നു. ഇടമുറിയാതുള്ള പ്രസ്തുത ശൃംഖലയുടെ ഓരോ കണ്ണിയും പരിശോധിച്ചു പിറകോട്ടുപോകുന്ന പക്ഷം, മഹനീയമായ ആ സ്ഥാനാവലി

www.malankaralibrary.com

പത്തൊമ്പതാംശതാബ്ദത്തിൽ നെപ്പോളിയനു ചക്രവർത്തിപദം നല്കിയ മാർപ്പാപ്പാ മുതൽ എട്ടാം ശതാബ്ദത്തിൽ പെപ്പിൻ രാജപട്ടം നല്കിയ മാർപ്പാപ്പാവരെയും പെപ്പിന്റെ കാലത്തിനപ്പുറം പൗരാണികകാലം വരെയും എത്തിക്കിടക്കുന്നതായി കാണാവുന്നതാണ്. പൗരാണികത്വത്തിൽ അടിസ്ഥാനം അർഹിക്കുന്നതു വെനീസിലെ പ്രജാധിപത്യമാകുന്നു. എന്നാൽ, പാപ്പാധിപത്യത്തോടെ താരതമ്യം ചെയ്യുമ്പോൾ വെനീസിലെ പ്രജാധിപത്യം നാമാവശേഷമായിട്ടും പാപ്പാധിപത്യം നിലനില്ക്കുകതന്നെ ചെയ്യുന്നു. പാപ്പാധിപത്യം നിലനിൽക്കുന്നതു ജീർണ്ണാവസ്ഥയിലോ കേവലം ഒരു പുരാണവസ്തുവിന്റെ സ്മാരകമായിട്ടോ അല്ല, പ്രത്യുത, സമ്പൂർണ്ണമായ ജീവചൈതന്യത്തോടും യൗവനയുക്തമായ ഓജസ്സോടുംകൂടെയാണ്. അഗസ്തിനോസിന്റെ നേതൃത്വത്തിൽ കെന്റിൽ വന്നിറങ്ങിയ മിഷ്യനറിമാരോടു ഭക്തിതീക്ഷ്ണതയിൽ കിടപിടിക്കുന്ന മിഷ്യനറിമാരെ ഇന്നു കത്തോലിക്കാസഭ ലോകത്തിന്റെ പരമാതിർത്തികളിലേക്ക് അയച്ചുകൊണ്ടിരിക്കുന്നു. അവൾ പണ്ട് അറ്റില്ലായുടെ ആക്രമണത്തോടു നേരിട്ടപ്പോൾ പ്രദർശിപ്പിച്ച അതേ ധീരതയോടുകൂടെത്തന്നെ ഇന്നും ശത്രുരാജാക്കന്മാരുടെ ആക്രമണങ്ങളോടു എതിരിട്ടുകൊണ്ടിരിക്കുന്നു. മറ്റു യാതൊരു കാലത്തും ഉണ്ടായിട്ടില്ലാത്തവണ്ണം അവളുടെ സന്താനങ്ങൾ ഇന്നു വർദ്ധിച്ചിരിക്കുകയും ചെയ്യുന്നു.

ഇന്നു ലോകത്തിലുള്ള സകല രാഷ്ട്രങ്ങളുടെയും സകല മതസ്ഥാപനങ്ങളുടെയും ഉത്ഭവം അവൾ കണ്ടിട്ടുണ്ട്. അവയുടെയെല്ലാം അവസാനവും അവൾക്കു കാണാൻ സംഗതിയായേക്കുമെന്നല്ലാതെ മറിച്ചു വിചാരിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. അവൾ മഹത്വം പ്രാപിക്കുകയും ലോകരുടെ ബഹുമാനത്തിന് പാത്രമാകുകയും ചെയ്തുതുടങ്ങിയിട്ട് എത്രയോ കാലംകഴിഞ്ഞാണു സാക്സൺ ജാതിക്കാർ ബ്രിട്ടൺദ്വീപത്തിൽ കാൽക്കുത്തിയതും, ഫ്റാങ്കുജാതിക്കാർ റൈൻ നദിക്കപ്പുറം കടന്നതും, യൗവനന്മാരുടെ വാഗ്മിത്വം അന്ത്യോഖ്യായിൽ നിന്ന് അന്തർധാനം ചെയ്തതും, ബിംബാരാധന മെക്കായിലേ ദേവാലയങ്ങളിൽനിന്നും ബഹിഷ്കരിക്കപ്പെട്ടതും. ന്യൂസിലണ്ടുകാരനായ വല്ല ദേശസഞ്ചാരിയും ലണ്ടനിൽവന്ന് നാലുപാടും വിസ്തൃതമായി പരന്നുകിടക്കുന്ന ശൂന്യപ്രദേശത്തിന്റെ മധ്യത്തിൽ ലണ്ടൻപാലത്തിന്റെ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ആർക്കുകളിൽ ഒന്നിന്മേൽ നിന്നുകൊണ്ട് സെന്റ് പോൾസ് ദൈവാലയത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ ചിത്രം വരച്ചെടുക്കുന്ന കാലത്തിനുശേഷവും അവൾ അക്ഷയമായ ഓജസ്സോടുകൂടെ സ്ഥിതി ചെയ്യുന്നുണ്ടാവാം."

www.malankaralibrary.com

# 29. ജോസഫ് മാർ സെവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേ യൂറോപ്പ് പര്യടനം

തിരുമനസ്സുകൊണ്ട് പാശ്ചാത്യപര്യടനാർത്ഥം 1950 മെയ് 24-ാം തീയതി തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിൽ നിന്ന് സെക്രട്ടറി വെരി.റവ.ഫാ. മാത്യു നെടുങ്ങാട്ട് എൽ.ഡി. അവർകളും ഒരുമിച്ചു പുറപ്പെട്ടു. തിരുമനസ്സിലെ പര്യടനവേളയിൽ രൂപതാഭരണം നടത്തുന്നതിനു നിയമിച്ച ആക്ടിങ്ങ് അഡ്മിനിസ്ട്രേറ്റർ വെരി.റവ.ഫാ. ജോൺ കച്ചിറമറ്റം ബി.എം.,എൽ.ടി., എൽ.ഡി. അവർകൾ, തിരുവനന്തപുരം വരെ തിരുമേനിയുടെ കാറിൽതന്നെ അനുയാത്രചെയ്തു. 26-ാം തീയതി തിരുമേനിയും, സെക്രട്ടറിയും തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് വ്യോമമാർഗ്ഗം യാത്രതിരിച്ചു. അപ്പോൾ തിരുവനന്തപുരം വികാരി ജനറൽ റൈറ്റ് റവ മോൺ. പീലിപ്പോസ് റമ്പാനും വെരി.റവ.ഫാ. കച്ചിറമറ്റവും, എസ്സ്.ബി.കോളേജ് പ്രിൻസിപ്പൽ റവ.ഫാ. വില്യം സി.എം.ഐ.,എൽ.ടി.,വെരി.റവ.ഫാ.ഗീവർഗീസ് തോമ്പാറ, റവ.ഫാ.പീറ്റർ തേക്കുംപറമ്പിൽ എൽ.പി.എച്ച്.,എൽ.ഡി. മുതലായ നിരവധി വൈദികപ്രമുഖരും, അൽമേനികളും വിമാനത്താവളത്തിൽ സന്നിഹിത രായിരുന്നു.

26-ാം തീയതി മദ്രാസിലും 27-ാം തീയതി ബോംബേയിലും താമസി ച്ചതിനുശേഷം, 28-ാം തീയതി സായാഹ്നത്തിൽ 5 മണിക്ക് ബോംബേ വിമാനത്താവളത്തിൽ നിന്ന് എയർ ഇന്ത്യാ കമ്പനിവക ഒരു പ്ലേയിനിൽ തിരുമേനിയും, സെക്രട്ടറിയും യാത്രതിരിച്ചു. ഇടയ്ക്ക് ഈജിപ്തിന്റെ തലസ്ഥാനമായ കയ്റോ പട്ടണത്തിൽ വീമാനം നിർത്തുകയും ഒരു മണിക്കൂർ അവിടെ താമസിക്കുകയും ചെയ്തു. 29-ാം തീയതി രാവിലെ 6.30-ന് തിരുമേനി കയറിയിരുന്ന വീമാനം റോമ്മാ വിമാന സങ്കേതത്തിൽ എത്തി. അവിടെ, തിരുമേനിയെ പ്രതീക്ഷിച്ച്, ഈശോസഭാ ജനറാലിന്റെ പ്രൈവറ്റു സെക്രട്ടറിയും, തിരുവനന്തപുരം അതിരൂപതയ്ക്കും, തിരുവല്ലാ രൂപ തയ്ക്കുംവേണ്ടി പ്രൊപ്പഗാന്താ കോളേജിൽ പഠിക്കുന്ന നാലു വൈദിക വിദ്യാർത്ഥികളും നിൽക്കുന്നുണ്ടായിരുന്നു. ഉടനെതന്നെ തിരുമേനിയും, സെക്രട്ടറിയും ഈശോ സഭ ജനറൽ മന്ദിരത്തിൽ ചെന്ന് ദിവ്യബലി അർപ്പിച്ചു.

www.malankaralibrary.com

തലേ ദിവസം ബോംബേയിൽ കുറുബാന ചൊല്ലിയ തിരുമേനി പിറ്റേദിവസം രാവിലെ റോമ്മായിൽ ദിവ്യബലി അർപ്പിച്ചു. എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

ഒരു മാസം തിരുമേനി റോമ്മിൽ താമസിച്ചു. ഇക്കാലമെല്ലാം തിരുമനസ്സുകൊണ്ട് ഈശോസഭാ ജനറലിന്റെ അതിഥിയായിരുന്നു. റോമ്മിലെ വാസക്കാലത്ത് തിരുമേനി ചരിത്ര പ്രസിദ്ധങ്ങളായ അവിടുത്തെ ദേവാലയങ്ങളും, ഭൂഗർഭാലയങ്ങൾ മുതലായ വിശുദ്ധ സ്ഥലങ്ങളും സന്ദർശിച്ചു കൊണ്ടിരുന്നു.

ജൂൺ 7-ാം തീയതി ബുധനാഴ്ചയാണ് മാർ സെവേറിയോസ് തിരുമേനി പ.പിതാവുമായി ഔദ്യോഗിക കൂടിക്കാഴ്ച നടത്തിയത്. വിശുദ്ധ വത്സരം പ്രമാണിച്ച് നിരവധി വൈദികാദ്ധ്യക്ഷന്മാർ അനുദിനം പ.പിതാവിനെ സന്ദർശിച്ചുകൊണ്ടിരുന്നതിനാൽ ഓരോരുത്തർക്കും കൂടിക്കാഴ്ച്ചക്കായി 5 മിനിറ്റിൽ കൂടുതൽ സമയം അനുവദിക്കാറില്ല. മാർ സെവോറിയോസ് തിരുമേനിക്ക് 20 മിനിറ്റ് സമയം ലഭിച്ചു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി പലതും കൽപ്പിച്ചു ചോദിക്കുകയും ഇതിപര്യന്തം തിരുവല്ലാ രൂപതയിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയിൽ മാർ സെവോറിയസ് തിരുമേനിയെ അനുമോദിക്കുകയും രൂപതയിലുള്ള എല്ലാവർക്കും പൈതൃകാശിസ്സുകൾ നൽകുകയും ചെയ്തു. തിരുവല്ലാ രൂപതയിലെ മിഷ്യൻ പ്രവർത്തനാഭിവൃദ്ധിയെ സൂചി പ്പിക്കുന്ന പര്യാപ്തവും രൂപതയിലെ സ്ഥാപനങ്ങളിലെ ഫോട്ടോകൾ ഏറ്റവും ആകർഷകമായി ഒട്ടിച്ചിട്ടുള്ളതുമായ ഒരു ആൽബം മാർ സെവോറിയസ് തിരുമേനി പരിശുദ്ധ പിതാവിന് കാഴ്ച വെച്ചു. ഈ ഉപഹാരം പ.പിതാവിന് അത്യന്തം സന്തുഷ്ടനാക്കുകയും തിരുമനസ്സുകൊണ്ട് അവിടുത്തെ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ദീർഘകാലത്തെ പരിശ്രമഫലമായി ഫാ.പോൾ.ഒ.ഐ.സി.അവർകളാണ് ഈ ആൽബം നിർമ്മിച്ചത്.

കൂടിക്കാഴ്ച്ച അവസാനിക്കാറായപ്പോൾ പ.പിതാവ് വെരി.റവ. ഫാ.മാത്യു നെടുങ്ങാട്ടിനെയും മലങ്കര റീത്തുകാരായ നാലു വൈദിക വിദ്യാർത്ഥികളെയും സന്ദർശന മുറിയിലേക്കു വിളിച്ചു. മാർ സെവോറിയസ് തിരുമേനി അവരെ പ.പിതാവിന് പരിചയപ്പെടുത്തി. എല്ലാവർക്കും പാരിതോഷികങ്ങളും, ആശീർവാദവും നൽകികൊണ്ട് പ.പരിശുദ്ധ പിതാവ് സന്ദർശന മുറിയിൽ നിന്ന് പിൻവാങ്ങി.

## വി.കുർബ്ബാനയുടെ പ്രദിക്ഷണം

വി.പത്രോസിന്റെ ബസ്സീലിക്കായിൽ പ.പിതാവ് അനുഷ്ടിച്ച പല തിരുകർമ്മങ്ങളിലും മാർ സെവോറിയേസ് സംബന്ധിക്കുകയുണ്ടായി. വി.കുർബാനയുടെ തിരുനാൾ ദിനം നടന്ന ദിവ്യകാരുണ്യ പ്രദിക്ഷണം അവസ്മരണീയമായ ഒരു സംഭവംതന്നെയാണ്. പ. പിതാവ് ദിവ്യകാരുണ്യ വഹിച്ചിരുന്നത്. നൂറിലധികം വൈദിക മേലദ്ധ്യക്ഷന്മാരും അഞ്ചുലക്ഷ

www.malankaralibrary.com

ത്തോളം വിശ്വാസികളും ഈ തിരുകർമ്മത്തിൽ സംബന്ധിച്ചും. ഇതേപ്പറ്റി വത്തിക്കാൻ പ്രതിദിനമായ ഒസ്സർവത്തോരെ റൊമാനോ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ മാർ സെവോറിയസ് തിരുമേനി സ്വന്തം റീത്തനുസരിച്ചുള്ള ആകർഷകങ്ങളായ സ്ഥാനവസ്ത്രങ്ങൾ ധരിച്ച് പ്രദിക്ഷണത്തിൽ സംബന്ധിച്ച വസ്തുത പ്രത്യേകം പ്രസ്താവിച്ചിരുന്നു.

## മരിയ ഗൊറേത്തിയുടെ വിശുദ്ധപദപ്രഖ്യാപനം

മാർ സെവേറിയേസ് തിരുമേനി സംബന്ധിച്ച വേറൊരു തിരുകർമ്മം മരിയ ഗോറേത്തിയുടെ വിശുദ്ധപദപ്രഖ്യാപനമാണ്. 1902-ൽ തന്റെ കന്യത്വമാകുന്ന കനകമണിയെ കാമവികാരോന്മദനായ ഒരു യുവാവിന്റെ ആക്രമത്തിൽ നിന്നും സംരംക്ഷിക്കുന്നതിനായി റോമായിൽ നിന്ന് 20 മൈൽ അകലത്തിൽ സ്ഥിതിചെയ്യുന്ന നെത്തുണോയിൽ വെച്ച് വീരചരമം പ്രാപിച്ച ഒരു ധീരബാലികയാണ് മരിയ ഗൊറേത്തി. ഈ കന്യകാരത്നത്തിൽ വി.പദപ്രഖ്യാപനത്തിൽ സംബന്ധിക്കുന്നതിനായി കൂടിയ ജനങ്ങളുടെ സംഖ്യയെ പരിഗണിച്ച് വി.പത്രോസിന്റെ പള്ളിയുടെ മുൻപിലുള്ള വിസ്തൃതമായ അങ്കണത്തിൽവെച്ചാണ് പ.പിതാവ് ഈ വിശുദ്ധ കർമ്മം നടത്തിയത്. ഇതിൽ വിശുദ്ധയുടെ മാതാവായ 87 വയസ്സു പ്രായമുള്ള സിഞ്ഞോറാ അസുന്താ ഗൊറേത്തിയും രണ്ട് സഹോദരന്മാരും രണ്ട് സഹോദരിമാരും സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് സംബന്ധിക്കുകയുണ്ടായി. തിരുസഭാ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് ഒരു പുണ്യാത്മാവിന്റെ വിശുദ്ധ പദപ്രഖ്യാപനത്തിൽ സ്വന്തം മാതാവ് സംബന്ധിച്ചത്.

## സ്വീകരണങ്ങളും പ്രസംഗങ്ങളും

റോമ്മിലേ താമസത്തിനിടയിൽ അത്യന്തം ഹാർദ്ദമായ പല സ്വീകരണങ്ങളും മാർ സേവേറിയോസു തിരുമേനിക്കു ലഭിച്ചിട്ടുണ്ട്. ഇതിൽ Unitas എന്ന സംഘടന നൽകിയ സ്വീ കരണം, പ്രത്യേകം പ്രസ്താവ്യമാണ്.

രാവിലെ ഒമ്പതുമണിക്ക് സ്വീഡനിലേ വി.ബ്രീജീത്തായുടെ മഠം വക കപ്പേളയിൽ തിരുമേനി മലങ്കരറീത്തിൽ ദിവ്യബലി അർപ്പിച്ചു. റോമായിലേ പ്രമുഖരായ നിരവധി വൈദികരും, അയ്മേനികളും വി.കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനയ്ക്കു ശേഷം Unitas ആഫീസിൽവച്ച് സ്വീകരണയോഗം ആരംഭിച്ചു. സന്നിഹിതരായരുന്ന അതിഥികളുടെ കൂട്ടത്തിൽ പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘത്തിന്റെ സെക്രട്ടറി അത്യുന്നത കർദ്ദിനാൾ തിസറാങ് തിരുമേനിയും ഉണ്ടായിരുന്നു. ആദ്യമായി Unitas സംഘടനയുടെ കാര്യദർശിയും, ഗ്രീഗോറിയൻ സർവ്വകലാശാലയിലേ പഠനകാര്യവകുപ്പദ്ധ്യക്ഷനുമായ റവ.ഫാദർ, ബോയിയേ എസ്.ജെ. അവർകൾ മാർ സെവേറിയോസ് തിരുമേനിയെ ബഹുമാന്യ അതിഥികൾക്ക് പരിചയപ്പെടുത്തികൊണ്ട് ഒരു പ്രസംഗം നടത്തി. പിന്നീട് തിരുമേനി കേരളത്തിലെ

www.malankaralibrary.com

പുനരൈക്യ പ്രസ്ഥാനത്തിന്റെ ഇതപര്യന്തമുള്ള ചരിത്രം വിവരിച്ചുകൊണ്ട് പ്രസംഗിച്ചു. 11 മണിയോടുകൂടി യോഗം മംഗളകരമായി പര്യവസാനിച്ചു. ജൂലൈ 20-ാം തീയതി തിരുമേനി വത്തിക്കാൻ റേഡിയോ വഴി ഒരു പ്രസംഗം നടത്തുകയുണ്ടായി. ഈ പ്രസംഗം അന്യത്ര ചേർത്തിട്ടുണ്ട്.

## ലൂർദ്ദിൽ.

ജൂലൈ 3-ാം തീയതി തിരുമേനിയും, സെക്രട്ടറിയും വീമാനമാർഗ്ഗം റോമ്മിൽ നിന്ന് ലൂർദ്ദിലേക്ക് പുറപ്പെട്ടു. 12 മണിക്ക് ശേഷം വിമാനം ലൂർദ്ദ് നഗരത്തിൽ എത്തി. നഗരമദ്ധ്യത്തിലാണ് ഭൂവനപ്രസിദ്ധമായ ലൂർദ്ദ് ബസ്സീലിയ്ക്കാ സ്ഥിതി ചെയ്യുന്നത്. ഒന്നിനുമീതെ ഒന്നായി പണികഴിക്കപ്പെട്ടിട്ടുള്ള മൂന്നു പള്ളികൾ ചേർന്നാണ് ഈ മഹാദേവാലയം നിലകൊള്ളുന്നത്. ബസ്സീലിയ്ക്കായുടെ ഇരുവശങ്ങളിലായി രോഗികൾക്കുവേണ്ടി രണ്ടാശുപത്രികളുണ്ട്. ബസ്സീലിയ്ക്കായോടു തൊട്ടുതന്നെ രോഗികൾക്ക് കുളിക്കുന്നതിന് തൊട്ടികൾ കെട്ടിയിട്ടുണ്ട്. സ്ത്രീകൾക്കും, പുരുഷന്മാർക്കും വെവ്വേറെയാണ് തൊട്ടികൾ. ലൂർദ്ദ് ബസ്സീലിയ്ക്കായിൽ നിന്ന് അധികം അകലത്തിലല്ലാതെ വലിയൊരു പാറകെട്ടും അതിനടിയിൽ ബൃഹത്തായ ഒരു ഗ്രോട്ടോയും (ഗുഹ), അതിനു മുകളിലായി ഒരു ചെറിയ ഗുഹയും കാണാം. ഈ ചെറുഗുഹാദ്വാരത്തിൽ വച്ചാണ് ദൈവമാതാവായ പരിശുദ്ധ കന്യക മറിയം ബർണ്ണദീത്താ സുബിറു എന്ന വിശുദ്ധയ്ക്ക് 18 പ്രാവശ്യം പ്രത്യക്ഷയായത്. ആ സ്ഥാനത്തിപ്പോൾ പരിശുദ്ധ കന്യകയുടെ ഒരു മാർബിൾ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. വലിയ ഗുഹയിൽ ഒരു ബലിപീഠമുണ്ട്. അവിടെ നിന്നും 50 അടി അകലത്തിൽ ഒരു നദി ഒഴുകിക്കൊണ്ടിരിക്കുന്നു. പ.കന്യക പ്രത്യക്ഷയായ ഗുഹയുടെ മുമ്പിൽ ആ ദിവ്യനാഥയുടെ ആജ്ഞാനുസരണം ബർണ്ണദീത്താ കൈകൊണ്ടു മാന്തിയപ്പോൾ പൊട്ടിപ്പുറപ്പെട്ട അദ്ഭുതകരമായ ഉറവയിൽ നിന്ന് ധാരാളം ശുദ്ധജലം ഇപ്പോഴും നിരർഗ്ഗളം പ്രവഹിച്ചുകൊണ്ടിരിക്കുന്നു. കുഴലുകൾ വഴി തിരിച്ചുവിട്ടുകൊണ്ടിരിക്കുന്ന ഈ ജലമാണ് ലൂർദ്ദ് സന്ദർശിയ്ക്കുന്ന രോഗികൾ കുളിയ്ക്കുന്നതിനും കുടിയ്ക്കുന്നതിനും ഉപയോഗിക്കുന്നത്.

ഉച്ചകഴിഞ്ഞ് മൂന്നു മണിയോടുകൂടി ഉന്തുവണ്ടികളിലും, കട്ടിലുകളിലുമായി ലൂർദ്ദ് ഗ്രോട്ടോയുടെ മുൻവശത്തേയ്ക്ക് രോഗികൾ ആനീതരാകുന്നു. ഇവരെ ശുശ്രൂഷിക്കുന്നത് കന്യാസ്ത്രീകളാണ്. രോഗികളെ ഓരോരുത്തരായി കുളിമുറിയിൽ കൊണ്ടുപോയി കുളിപ്പിക്കുന്നു. ഒരു രോഗി ഉപയോഗിച്ച വെള്ളം തന്നെയാണ് മറ്റൊരു രോഗിയും കുളിയ്ക്കാൻ ഉപയോഗിക്കുന്നത്. കുഷ്ടരോഗികളും, വാതരോഗികളും, ജ്വരപീഡിതരും ഒരേ ജലത്തിൽ തന്നെ സ്നാനം നടത്തുന്നു. എന്നാൽ ഒരാളിന്റെ രോഗം മറ്റൊരാളെ ബാധിക്കുകയോ, ആരുടെയെങ്കിലും അനാരോഗ്യം വർദ്ധിക്കുകയോ ചെയ്യുന്നില്ല. മാത്രമല്ല കുളിച്ചുകഴിയുമ്പോൾ പലരും രോഗവിമു

www.malankaralibrary.com

ക്തരായി തീരുന്നു. എല്ലാം ദിവസവും രോഗികളെ ഉദ്ദേശിച്ച് കാന്റിൽ പ്രദക്ഷിണം, വി: കുർബ്ബാനകൊണ്ടുള്ള ആശീർവാദം മുതലായ തിരുകർമ്മങ്ങൾ നടത്തപ്പെടുന്നുണ്ട്. രാത്രി 10 മണിയോടുകൂടിയാണ് വിശുദ്ധ കർമ്മങ്ങൾ എല്ലാം അവസാനിക്കുന്നത്.

മാർ സെവോറിയോസ് തിരുമേനി ലൂർദ്ദ് സന്ദർശിച്ച ദിവസം ഈ തിരുകർമ്മങ്ങളിലെല്ലാം പങ്കെടുത്തു. ജൂലൈ 5-ാം തീയതി രാവിലെ പ. കന്യകപ്രത്യക്ഷയായ ഗ്രോട്ടോയിൽ തിരുമേനി ദിവ്യബലി അർപ്പിച്ചു.

ജൂലൈ 6-ാം തീയതി തിരുമേനി സ്പെയിൻ രാജ്യത്തിന്റെ തലസ്ഥാനമായ മാഡ്റിഡ് നഗരത്തിലെത്തി. മാഡ്റിഡിനും പുറമേ തൊലേദോ മുതലായി സ്പെയിനിലെ പല നഗരങ്ങളും സന്ദർശിച്ചശേഷം തിരുമേനി 10-ാം തീയതി ഉച്ചകഴിഞ്ഞ് പോർട്ടുഗല്ലിന്റെ തലസ്ഥാനമായ ലിസ്ബൺ നഗരത്തിലെത്തി.

## ഫാത്തിമായിൽ

ജൂലൈ 11-ാം തീയതി തിരുമേനിയും സെക്രട്ടറിയും ഫാത്തിമാ സന്ദർശിച്ചു. ലിസ്ബണിൽ നിന്ന ഉദ്ദേശം 70 മൈൽ അകലത്തിലാണ് ഫാത്തിമാ സ്ഥിതിചെയ്യുന്നത്. ദിവ്യജനനിയുടെ ദർശനമുണ്ടാകുന്നതുവരെ ഒരു വിജനപ്രദേശമായിരുന്ന ഈ സ്ഥലം ഇപ്പോൾ ഒരു പട്ടണമായി തീർന്നിട്ടുണ്ട്. അവിടെ പണിതുവരുന്ന ബസിലിക്കാ മിക്കാവാറും പൂർത്തിയായിട്ടുണ്ട്. ബസ്സിലിക്കായുടെ മുൻവശത്ത് വിസ്തൃതമായ ഒരു മൈതാനവും മൈതാന മദ്ധ്യത്തിൽ ഒരു ചെറിയ കപ്പേളയും ഉണ്ട്. ഇവിടെവെച്ചാണ് ലൂസി, ഫ്റാൻസിസ്, ജസീന്താ എന്നീ ബാലികകൾക്ക് ആറുപ്രാവശ്യം പ.കന്യകയുടെ ദർശനമുണ്ടായത്. മേൽപ്രസ്താവിച്ച കപ്പേളയിൽ അനുദിനം രാവിലെ മുതൽ ഉച്ചക്കഴിഞ്ഞ് ഒരു മണിവരെ വി.കുർബ്ബാന അർപ്പിക്കപ്പെടുന്നുണ്ട്. സാധാരണമായി ഓരോ മാസത്തിലേയും 13-ാം തീയതി അനേകായിരം പുണ്യയാത്രക്കാർ ഇവിടെ വരുന്നുണ്ട്. ഇങ്ങനെ വരുന്നവർക്കായി 250 മുറികൾ വീതമുള്ള രണ്ടു വലിയ കെട്ടിടങ്ങൾ ഉണ്ട് രോഗികൾക്കായി ഒരു വലിയ ആസ്പത്രിയും പണികഴിപ്പിച്ചിട്ടുണ്ട്.

ജൂലൈ 12-ാം തീയതി രാവിലെ മാർ സെവേറിയോസ് തിരുമേനിയും സെക്രട്ടറിയും ദിവ്യജനനി പ്രത്യക്ഷമായ സ്ഥലത്തുള്ള കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു. പിന്നീട് തിരുമേനിയും സെക്രട്ടറിയും ഫാത്തിമായിലേ ഇടവക പ്പള്ളി സന്ദർശിച്ചു. ഈ പള്ളിയോട് അനുബന്ധിച്ചുള്ള സെമിത്തേരി (ശവക്കോട്ട) യിലാണ് ദൈവജനനിയെ ദർശിക്കുന്നതിന് ഭാഗ്യമുണ്ടായ ഫ്രാൻസിസ്, ജസീന്താ എന്നീ സഹോദരീ സഹോദരന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ വിശ്രമിക്കുന്നത്. അവിടെ നിന്ന് ഒരു മൈൽ അകലത്തിലാണ് ഈ അനുഗ്രഹീത ബാലകരുടെ ഭവനം സ്ഥിതിചെയ്യുന്നത്. വയോവൃദ്ധരായ അവരുടെ മാതാപിതാക്കൾ ഇപ്പോഴും കൂലിവേല ചെയ്ത് ജീവിച്ചു വരുന്നു.

www.malankaralibrary.com

അവരുടെ വീടിന് അടുത്തുതന്നെയാണ് ലൂസിയുടെ വീട്. പരിശുദ്ധ കന്യകയെ ദർശിച്ചവരിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നത് ലൂസി മാത്രമാണ്. അവൾ ഇപ്പോൾ കൊയ്മ്പ്രാ എന്ന സ്ഥലത്തുള്ള കർമ്മലീത്താ മഠത്തിൽ തദംഗമായി സന്യാസജീവിതം നയിച്ചു വരുന്നു. മാർ സെവേറിയോസ് തിരുമേനിയും സെക്രട്ടറിയും മേൽ പ്രസ്താവിച്ച സ്ഥലങ്ങൾ എല്ലാ സന്ദർശിച്ചു.

## ഇംഗ്ലണ്ടിൽ

ജൂലൈ 12-ാം തീയതി ഉച്ചക്കഴിഞ്ഞ് ആറരമണിയോടുകൂടി തിരുമേനിയും സെക്രട്ടറിയും വീമാനമാർഗ്ഗം ലണ്ടനിൽ എത്തി.

ജൂലൈ 22-ാം തീയതി തിരുമനസ്സുകൊണ്ട് വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽ അധികൃതരുടെ ക്ഷണമനുസരിച്ച് ആഘോഷമായി വി.കുർബ്ബാന ചൊല്ലി. വെസ്റ്റ് മിനിസ്റ്റർ കത്തീഡ്രലിന്റെ ഉന്നതമായ ഗോപുരത്തിൽ നിന്ന് നോക്കിയാൽ ഉദ്ദേശം 80 ലക്ഷം ജനങ്ങൾ അധിവസിക്കുന്ന ലണ്ടൻ പട്ടണം മുഴുവൻ കാണാൻ സാധിക്കും. രണ്ടാഴ്ച്ചകാലം കൊണ്ട് തിരുമേനിയും, സെക്രട്ടറിയും ഓക്സ്ഫോർഡ്, ലിവർപൂൾ ആദിയായി ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട പല നഗരങ്ങളും സന്ദർശിച്ചു. ലിവർപൂളിൽ വിസ്തൃതമായ ഒരു കത്തിഡ്രൽ പണിതുവരുന്നുണ്ട്. പണി തീരുമ്പോൾ വിസ്താരത്തിൽ ഇതു ലോകത്തിലെ ദ്വിതീയ ദേവാലയമായിരിക്കും. പ്രഥമസ്ഥാനം റോമിലെ സെന്റ് പീറ്റേഴ്സിനു തന്നെയാണ്.

## ലിവർപൂളിൽ സ്വീകരണങ്ങൾ

ജൂലൈ 22-ാം തീയതി തിരുമേനി ലിവർപൂൾ മെത്രാപ്പോലീത്താ ഡോ.ഡൗണി തിരുമേനിയുമായി കൂടിക്കാഴ്ച്ച നടത്തി. അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു രൂപതയാണ് ലിവർപൂൾ. ഈ രൂപതയിൽ തന്നെ ആണ്ടുതോറും 2000 പേർ വീതം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നുണ്ട്.

"അപ്പോസ്തോലാത്തൂസ് മാരീസ്" എന്ന സംഘടനാ മാർ സെവേറിയോസ് തിരുമേനിയുടെ ബഹുമാനാർത്ഥം ഒരു ഡിന്നർ നടത്തുകയുണ്ടായി. കപ്പൽ തൊഴിലാളികളെ ഉദ്ദേശിച്ചുള്ള ഒരു സംഘടനയാണ് "അപ്പസ്തോലാത്തൂസ് മാരീസ്". കപ്പൽ ജോലിയിൽ ഏർപ്പെട്ട് മുഷിഞ്ഞ് ലിവർപൂൾ തുറമുഖത്ത് അടുക്കുന്ന നിരവധി തൊഴിലാളികൾക്ക് വലിയ സമാശ്വാസമാണ് ഈ സംഘടനാ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നത്. ജോലിക്കാരെ ഉദ്ദേശിച്ച് പാട്ടുകച്ചേരി, സിനിമാ, ടെലിവിഷൻ മുതലായ വിനോദങ്ങൾ ഈ സംഘടനയുടെ ആഭുമുഖ്യത്തിൽ നടത്തപ്പെടുന്നു. അനുദിനം വിനോദങ്ങൾ കഴിഞ്ഞ് രാത്രി 10 മണിക്ക് വി.കുർബ്ബാനയുടെ വാഴ്വ് ഉണ്ട്. രാവിലെ തൊഴിലാളികൾക്കായി വി.കുർബ്ബാന അർപ്പിക്കപ്പെടുന്നു. 4 വൈദികർ ഇതിന്റെയെല്ലാം മേൽനോട്ടം വഹിച്ചു വരുന്നു.

www.malankaralibrary.com

ലിവർപൂളിലെ പല ഇടവകകളും മാർ സെവേറിയോസ് തിരുമേനിക്ക് ഏറ്റവും ഹാർദ്ദവമായ സ്വീകരണങ്ങളാണ് നല്കിയത്.

## ഐർലണ്ടിൽ

ജൂലൈ 27-ാം തീയതി രാത്രി 8.45 ന് തിരുമേനിയും സെക്രട്ടറിയും വിമാനമാർഗ്ഗം ഐറീഷ് ഫ്രീ സ്റ്റെയ്റ്റിന്റെ തലസ്ഥാനമായ ഡബ്ളിൻ നഗരത്തിൽ എത്തി. ഡബ്ളിനിലേ ജസ്യൂട്ട് പ്രൊവിൻഷ്യലിന്റെ പ്രതിനിധിയും പല പത്രറിപ്പോർട്ടർമാരും തിരുമേനിയുടെ ആഗമനം പ്രതീക്ഷിച്ച് വീമാന ത്താവളത്തിൽ നിൽക്കുന്നുണ്ടായിരുന്നു. ഡബ്ളിനിൽ താമസിച്ച കാലം മുഴുവൻ തിരുമേനി ജസ്യൂട്ട് പ്രോവിൻഷ്യലിന്റെ അതിഥി ആയിരുന്നു. ഐയർ ലണ്ടിലേ പല പത്രങ്ങളും ജീവചരിത്രസഹിതം തിരുമേനിയുടെ ആഗമന വാർത്ത പ്രസിദ്ധപ്പെടുത്തുകയുണ്ടായി

ഡബ്ളിനിൽ താമസിച്ച കാലത്തിനിടയിൽ മാർ സെവേറിയോസ് തിരുമേനി സ്ഥലത്തെ മെത്രാപ്പോലീത്താ, അപ്പസ്തോലിക്ക് നൂൺസിയോ ആദിയായി പല വൈദികാദ്ധ്യക്ഷന്മാരുമായി കൂടിക്കാഴ്ച്ച നടത്തി.

ഐയർലണ്ടിലേപ്പോലെ ക്രൈസ്തവ ചൈതന്യം നടമാടുന്ന വേറൊരു രാജ്യം ഭൂമുഖത്തുണ്ടോ എന്നു സംശയമാണ്. ഐറീഷ് ജനതയുടെ വിശ്വാസദാർഢ്യവും, ഭക്തിപ്രകടനവും കാണേണ്ടതുതന്നെയാണ്. ഐറീ ഷുകാർ കുടിയേറിപ്പാർത്തിട്ടുള്ള അമേരിക്കൻ ഐക്യനാടുകൾ, ആസ്ത്രേലിയ മുതലായ രാജ്യങ്ങളിൽ ഐറീഷുകാരുടെ പരമ്പരാഗതമായ ക്രൈസ്തവ പാരമ്പര്യം അഭംഗുരമായി ഇന്നും നിലനിൽക്കുന്നുണ്ടെന്നുള്ള വസ്തുത ഇത്തരുണത്തിൽ സ്മരണീയമാണ്. അനുദിനം രാവിലെ ഐയർലണ്ടിലുള്ള കത്തോലിക്കാ ദേവാലയങ്ങൾ സന്ദർശിക്കുന്നവരെ ഹഠാദാകർഷിക്കുന്നത് അവിടെ തടിച്ചു കൂടുന്ന ഭക്തജനങ്ങളുടെ സംഖ്യയാണ്. നമ്മുടെ നാട്ടിൽ റേഷൻകടകളുടെ മുൻവശത്ത് "ക്യൂ" നിൽക്കുന്നതുപോലെ ഐയർലണ്ടിലെ പള്ളികളുടെ മുൻപിൽ അകത്തു കയറിപ്പറ്റുന്നതിനായി വിശ്വാസികൾ "ക്യൂ" നിൽക്കുന്നതു കാണുമ്പോൾ ഏതൊരു ക്രൈസ്തവവിശ്വാസിയാണ് ഭക്തി പാരവശ്യത്താൽ അനന്ദതുന്ദിലനാകാതിരിക്കുന്നത്!

ആഗസ്റ്റ് 3-ാം തീയതി തിരുമേനിയും സെക്രട്ടറിയും തീവണ്ടിമാർഗ്ഗം ഐർലണ്ടിന്റെ തെക്കെ അറ്റത്തു സ്ഥിതിചെയ്യുന്ന കോർക്ക് പട്ടണത്തിൽ എത്തി. 5-ാം തീയതി തിരുമേനി കോർക്കിലെ ലോർഡ് മേയർ മക്കാർത്തി അവർകളെ സന്ദർശിച്ചു. ഇവിടെ തിരുമേനിക്ക് പല സ്വീകരണങ്ങളും ലഭിക്കുകയുണ്ടായി. ആഗസ്റ്റ് 10-ാം തീയതി തിരുമേനി പാരീസിനെ ലക്ഷ്യ മാക്കി കോർക്കിൽനിന്നും തീവണ്ടിമാർഗ്ഗം യാത്രപുറപ്പെട്ടു.

## പാരീസിൽ

11-ാം തീയതി പാരീസിൽ എത്തി. പൗരസ്ത്യസഭക്കാരുടെ ഉന്നമനാ

www.malankaralibrary.com

ർത്ഥം പാരീസ് ആസ്ഥാനമായി പ്രവർത്തനം നടത്തിവരുന്ന "പൗരസ്ത്യസംഘത്തി"ന്റെ അതിഥികളായിട്ടാണ് തിരുമേനിയും സെക്രട്ടറിയും താമസിച്ചത്.

മനോഹരങ്ങളും അംബരചുംബികളും ചരിത്രപ്രഖ്യാതങ്ങളുമായ പാരീസിലെ കെട്ടിടങ്ങൾ ആരെയും ആകർഷിക്കുന്നവയാണ്. തിരുമേനി താമസിച്ചിരുന്ന സ്ഥലത്തിന്റെ അടുത്തു തന്നെയാണ് വി.വിൻസെന്റ് ഡിപോളിനാൽ സ്ഥാപിതമായ ഉപവിയുടെ പുത്രിമാരുടെ മഠം. ഈ മഠത്തിൽ വെച്ചാണ് പ.കന്യകമറിയം കാത്രയിൽ ലബുറേ എന്ന വിശുദ്ധയ്ക്ക് പ്രത്യക്ഷയായി "അദ്ഭുതമെഡൽ" പ്രദാനം ചെയ്തത്. 1876-ൽ ചരമം പ്രാപിച്ച ഈ കന്യകയെ 1947 ജൂലൈ 27-ാം തീയതി 12-ാം പീയൂസ് മാർപ്പാപ്പാ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർത്തു. വി.കാത്രൈന്റെ ശരീരം ഇതുവരെ അഴിഞ്ഞിട്ടില്ല. അത് മേൽ പ്രസ്താവിച്ച മഠത്തോട് അനുബന്ധിച്ചുള്ള ദേവാലയത്തിൽ പൂജ്യമായി സൂക്ഷിച്ചുവരുന്നു.

പാരീസിലേ സഹായമെത്രാപ്പോലീത്തായുടെ ക്ഷണമനുസരിച്ച് ആഗസ്റ്റ് 18-ാം തീയതി നോത്തർദാം ഭദ്രാസനദേവാലയത്തിൽ മാർ സെവേറിയോസ് തിരുമേനി ആഘോഷമായി വി.കുർബ്ബാന അർപ്പിച്ചു. വളരെപ്പേർ വിശുദ്ധകുർബ്ബാനയിൽ സംഗമിക്കുകയുണ്ടായി. നോത്തർദാം ഭദ്രാസനത്തിനുള്ളിൽ 20000 ആളുകൾക്ക് സ്ഥലസൗകര്യമുണ്ട്.

## ലീസിയേയിൽ

ആഗസ്റ്റ് 16-ാം തീയതി തിരുമേനിയും സെക്രട്ടറിയും ലീസിയേ സന്ദർശിച്ചു. പാരീസിൽ നിന്ന് ലീസിയേയിൽ എത്തുന്നതിന് 3 മണിക്കൂർ സമയം തീവണ്ടിയിൽ യാത്ര ചെയ്യണം. ലീസിയേയിലുള്ള കർമ്മലീത്താ മഠത്തിലെ കപ്പേളയിലാണ് അവിടെ ഒരു സന്യാസിയായി ജീവിച്ച് ചരണമടഞ്ഞ വി.കൊച്ചുത്രേസ്യായുടെ കബറിടം സ്ഥിതിചെയ്യുന്നത്. പാവനമായ ഈ കബറിടത്തിൽ മാർ സെവേറിയോസ് തിരുമേനിയും സെക്രട്ടറിയും ദിവ്യബലിയും അർപ്പിച്ചു. നാലാമത്തെ വയസ്സിൽ മാതൃവിഹീതനായിത്തീർന്ന വി.കൊച്ചുത്രേസ്യായുടെ സുകൃതാഭിവൃദ്ധിയിൽ ഒരു നല്ല ഭാഗം വഹിച്ച ജ്യേഷ്ഠത്തി മദർ ആഗ്നസ്സ് ആണ് ഇപ്പോഴും ലീസിയേ കർമ്മലമഠത്തിന്റെ അധിപ. മഠത്തോട് അനുബന്ധിച്ച് വി.കൊച്ചുത്രേസ്യായുടെ നാമത്തിൽ കമനീയമായ ഒരു ബസ്സീലിക്കാ പണികഴിപ്പിച്ചിട്ടുണ്ട്.

ആഗസ്റ്റ് 18-ാം തീയതി രാവിലെ തിരുമേനിയും സെക്രട്ടറിയും സ്വിറ്റ്സർലണ്ടിലേക്ക് തീവണ്ടി കയറി. ഉച്ചകഴിഞ്ഞ് 5 മണിക്ക് തിരുമേനി കയറിയിരുന്ന വണ്ടി സ്വിറ്റ്സർലണ്ടിൽ എത്തി.

## ഫ്റിബൂർഗിൽ

ആഗസ്റ്റ് 20-ാം തീയതി തിരുമേനി ഫ്റിബൂർഗ് നഗരത്തിലെത്തി സെന്റ്

www.malankaralibrary.com

പോൾസ് പള്ളിയിൽ ദിവ്യബലി അർപ്പിച്ചു. ഇതിനോടനുബന്ധിച്ചാണ് "വാക്ക് ഓഫ് സെന്റ് പോൾ" എന്നറിയപ്പെടുന്ന കന്യകാമഠം സ്ഥിതിചെയ്യുന്നത്. കത്തോലിക്കാ സത്യപ്രചരണമാണ് മഠത്തിലെ കന്യാസ്ത്രീകളുടെ പ്രധാന ജോലി. ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു മുദ്രണശാല അവർക്കുണ്ട്. ഇവിടെ നിന്ന് ഒരു പ്രതിദിനപത്രവും പല മാസികകളും പ്രസിദ്ധീകരിച്ചു വരുന്നു.

## കർത്തൂസ്യൻ ആശ്രമം

ആഗസ്റ്റ് 22-ാം തീയതി റോഷാ ദേവാലയത്തിൽ തിരുമനസ്സുകൊണ്ട് ആഢംബരപൂർവ്വമായ പൊന്തിഫിക്കൽ കുർബ്ബാന അനുഷ്ടിക്കുകയുണ്ടായി. കുർബ്ബാന കഴിഞ്ഞ് അടുത്തുള്ള കർത്തൂസ്യൻ സന്യാശ്രമം സന്ദർശിച്ചു. കത്തോലിക്കാ സഭയിലെ സന്യാസികളിൽ ഏറ്റവും നിഷ്കർഷമായി തപോജീവിതം നയിക്കുന്നവർ കർത്തൂസ്യൻ സഭക്കാരാണ്. ഈ ആശ്രമത്തിൽ 50 സന്യാസികൾ തപസ്സിലും പ്രാർത്ഥനയിലുമായി സമയം ചെലവഴിച്ചു വരുന്നു. ഓരോ സന്യാസിക്കും ഓരോ പ്രത്യേക മുറിയുണ്ട്. അവർ വിശ്രമാവസരങ്ങളിൽ കൃഷി, ആശാരിപ്പണ്ണി മുതലായ തൊഴിലുകൾ ചെയ്യുന്നുണ്ട്. ഓരോ സന്യാസിയും സ്വന്തം മുറിയിൽ തന്നെയാണ് ഭക്ഷണം കഴിക്കുന്നത്. അതും ഒരു പ്രാവശ്യം മാത്രം. ആഴ്ചയിൽ ഒരു പ്രാവശ്യത്തിൽ കൂടുതൽ ഇവർ പരസ്പരം സംസാരിക്കാറില്ല. രാത്രിയുടെ ഒരു നല്ല ഭാഗം എല്ലാവരും ഒരുമിച്ച് പ്രാർത്ഥന യ്ക്കായി ചിലവഴിക്കുന്നുണ്ട്. പാതിരായ്ക്കു മുമ്പു ഉണർന്നാൽ പ്രഭാതസമയത്താണ് പ്രാർത്ഥന അവസാനിക്കുന്നത്.

## സർവ്വകലാശാല

ആഗസ്റ്റ് 23-ാം തീയതി തിരുമേനി ഫ്റിബൂർഗിലുള്ള സുപ്രസിദ്ധമായ കത്തോലിക്കു സർവകലാശാല സന്ദർശിച്ചു. നിരവധി സർവ്വകലാശാലകളുള്ള അമേരിക്കയിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ വന്നു പഠിക്കുന്നുണ്ട്.

## ബോൺ നഗരത്തിൽ

ആഗസ്റ്റ് 28-ാം തീയതി തിരുമേനിയും സെക്രട്ടറിയും സ്വിസ്സ് ജനാധിപത്യത്തിന്റെ തലസ്ഥനമായ ബോൺ നഗരം സന്ദർശിച്ചു. വത്തിക്കാനിലേക്കും സ്വിറ്റ്സർലണ്ടിലേക്കും നിയുക്തനായിരിക്കുന്ന ഇന്ത്യൻ അമ്പാസിഡർ ശ്രീ ദേശായിയുടെ ആസ്ഥാനം അവിടെയാണ്. 10 മണിക്കു തിരുമേനി ശ്രീ ദേശായിയെ സന്ദർശിച്ചു. തിരുമേനി യൂറോപ്പിൽ പര്യടനം നടത്തുന്ന വിവരം അദ്ദേഹം നേരത്തേ ഗ്രഹിച്ചിരുന്നു. തിരുമേനിയെ കാണാൻ ആഗ്രഹിച്ചിരിക്കുകയുമായിരുന്നു. ഏകദേശം ഒരു മണിക്കൂറോളം അദ്ദേഹം തിരുമേനിയുമായി സംഭാഷണം നടത്തി. അമ്പാസിഡറിന്റെ ആഫീസിൽ മുപ്പതുപേർ

www.malankaralibrary.com

ജോലിക്കാരായുണ്ട്. അവർ എല്ലാവരും ഇന്ത്യാക്കാരുമാണ്. സംഭാഷണാനന്തരം പട്ടണം സന്ദർശിക്കുന്നതിനായി ശ്രീ ദേശായി തന്റെ കാർ തിരുമേനിക്കു കൊടുത്തു. ബേൺ നഗരം സന്ദർശിച്ചശേഷം തിരുമേനി ഇമ്മൻസലി എന്ന സ്ഥലത്തേക്കു പോയി. അവിടെ ബത്‌ലഹേം ഇൻസ്റ്റിറ്റ്യൂട്ട് എന്നറിയപ്പെടുന്ന ഒരു മിഷനറി സഭയുണ്ട്. ഇവരുടെ വക മിഷ്യൻ കേന്ദ്രങ്ങൾ ചൈനാ, മഞ്ചൂറിയാ, ആഫ്രിക്കാ മുതലായ രാജ്യങ്ങളിലുണ്ട്. മഞ്ചൂറിയായിൽ വെച്ച് കമ്മ്യൂണിസ്റ്റുകാർ ആ വൈദികന്റെ പള്ളി കണ്ടുകെട്ടുകയും ചില സഹപ്രവർത്തകരെ അദ്ദേഹത്തിന്റെ മുമ്പിൽ വെച്ച് വധിക്കുകയും ചെയ്ത വിവരം അദ്ദേഹം ഹൃദയസ്പൃക്കായ വിധത്തിൽ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹത്തെ തന്നെ അവരടിച്ചു മുറിപ്പെടുത്തിയ ശേഷം വസ്ത്രം നീക്കിക്കൊണ്ട് മഞ്ഞുകട്ടയിൽ നിർത്തിയതാണ്. രാത്രി മുഴുവൻ അങ്ങനെ കഴിഞ്ഞുകൂട്ടി. ഭാഗ്യവശാൽ രക്ഷപെട്ടു എന്നേയുള്ളു.

## ബത്‌ലഹേം ഇൻസ്റ്റിറ്റ്യൂട്ട്

ആഗസ്റ്റ് 29-ാം തീയതി ബത്‌ലഹേം ഇൻസ്റ്റിറ്റ്യൂട്ടുകാരുടെ ആശ്രമത്തിൽ തിരുമേനി വി.കുർബ്ബാന ചൊല്ലി. പിന്നീട് തിരുമേനി മെൻസിഗൻ എന്ന സ്ഥലത്തേക്കു പോയി. അവിടെ ഹോളിക്രോസ് സന്യാസികളുടെ മഠവും, കോളേജും, ആസ്പത്രിയും എല്ലാം ഉണ്ട്. തിരുവിതാംകൂറിലെ ആസ്പത്രികളിലും ആതുരസംരക്ഷണം നടത്തിയിട്ടുള്ള നിരവധി കന്യാസ്ത്രീകൾ അവിടെയുണ്ട്. ഈ മഠത്തിന്റെ ശാഖകൾ ലോകത്തിന്റെ നാനാഭാഗത്തും ഉണ്ട്. ഈ സഭക്കാരെല്ലാവരും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്.

## ഇന്ത്യാക്കാരായ കന്യാസ്ത്രീകൾ

ആഗസ്റ്റ് 30-ാം തീയതി തിരുമേനി മഠം വക പള്ളയിൽ ദിവ്യബലി അർപ്പിച്ചു അഞ്ഞൂറോളം കന്യാസ്ത്രീകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. ഇക്കൂട്ടത്തിൽ ഇന്ത്യാക്കാരായ രണ്ടു യുവതികളും ഉണ്ടായിരുന്നു. അവരിൽ ഒരാൾ അഡ്വക്കേറ്റ് ശ്രീ. ജോസഫ് വിതയത്തിലിന്റെ പുത്രിയാണ്.

സെപ്റ്റംബർ 2-ാം തീയതി വന്ദ്യതിരുമേനി സ്വിറ്റ്സർലണ്ടിലെ ഐൻസിഡൻ നഗരത്തിലുള്ള ബനഡിക്റ്റിൻ ആശ്രമത്തിൽ ആഘോഷമായി വി.കുർബ്ബാന ചൊല്ലി 10 മണിയോടുകൂടി അവിടെ നിന്ന് സെന്റ് ഗാലെൻ നഗരത്തിലേക്കു തിരിച്ചു. മാർഗ്ഗമദ്ധ്യേ തിരുമേനിയും സെക്രട്ടറിയും തിരുവല്ലാ രൂപതയിൽ മിഷ്യൻ വേല ചെയ്തിരുന്ന "ബ്രദർ അന്ത്രയോസ് സ്തോൾസ്" അവർകളുടെ ക്ഷണമനുസരിച്ച അദ്ദേഹത്തിന്റെ ഭവനം സന്ദർശിച്ചു. അദ്ദേഹത്തിന്റെ പിതാവുമൊരുമിച്ച് ഡിന്നർ കഴിച്ചു. 6 മണിയോടുകൂടി തിരുമനസ്സുകൊണ്ട് സെന്റ് ഗാലൻ മെത്രാസന അരമനയിൽ എത്തി. അവിടുത്തെ മെത്രാൻ തിരുമേനി മാർ സെവേറിയസ്സ് തിരുമേനിയേയും

www.malankaralibrary.com

സെക്രട്ടറിയെയും സഹർഷം സ്വീകരിച്ച് കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തെപ്പറ്റി സ്നേഹപുരസ്സരം സംഭാഷണം നടത്തി. പിറ്റേദിവസം മാർ സേവേറിയോസ് തിരുമേനി സെന്റ് ഗാലെൻ ഭദ്രാസനത്തിൽ ആഘോഷമായി ദിവ്യപൂജ അർപ്പിച്ചു. കുർബ്ബാനയ്ക്കു മുമ്പ് കേരളത്തിലെ പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി ജർമ്മൻ ഭാഷയിൽ പ്രസംഗം ഉണ്ടായിരുന്നു. കുർബ്ബാന സ്വനഗ്രാഹിയിൽ റെക്കോർഡ് ചെയ്യപ്പെട്ടു എന്നതും പ്രസ്താവ്യമാണ്. സെപ്റ്റംബർ 4-ാം തീതി 9 മണിക്ക് തിരുമേനി സെന്റ് ഗാലെനിൽ നിന്നും തീവണ്ടിമാർഗ്ഗം സൂറിക്കിലേക്കു പുറപ്പെട്ടു. സ്വിറ്റ്സർലണ്ടിലെ ഏറ്റവും വലിയ നഗരമാണ് സൂറിക്ക്. വൻതോതിൽ പല വ്യവസായങ്ങളും ഇവിടെ നടത്തിവരുന്നുണ്ട്. ഇവിടുത്തെ വ്യവസായങ്ങൾ കണ്ടു പിടിച്ച് നടപ്പാക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു. 5 മണിയോടുകൂടി തിരുമേനി സ്വിറ്റ്സർലണ്ടിലെ തെക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ലൂഗാനോയിലെത്തി. അവിടെ ബിസന്റയിൽ റീത്തുകാരായ സന്യാസിമാരുടെ അതിഥിയായി തിരുമേനിയും സെക്രട്ടറിയും രണ്ടു ദിവസം താമസിച്ചു.

## മിലാനിൽ

സെപ്റ്റംബർ 6-ാം തീയതി സായാഹ്നത്തിൽ തിരുമേനിയും സെക്രട്ടറിയും തീവണ്ടിമാർഗ്ഗം മിലാനിലെത്തി. മിലാനിലെ കർദ്ദിനാൾ മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി വന്നിരുന്ന ഒരു ബഹുമാനപ്പെട്ട വൈദികൻ തിരുമേനിയേയും സെക്രട്ടറിയേയും കാറിൽ “ഒബ്ളേറ്റ്”സന്യാസിമാരുടെ ആശ്രമത്തിൽ കൊണ്ടുചെന്നാക്കി. രാത്രിയിൽ ആ ആശ്രമത്തിൽ താമസിച്ചതിനുശേഷം പിറ്റേദിവസം വിശുദ്ധ കുർബ്ബാന കഴിഞ്ഞ് തിരുമേനി മിലാനിലെ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ ഷൂസ്തറുമായി കൂടിക്കാഴ്ച നടത്തി. വി. അംബ്രോസീസ്, വി.ചാൾസ് ബൊറോമിയോ, 11-ാം പീയൂസ് മാർപ്പാപ്പാ മുതലായ പണ്ഡിതാഗ്രേസന്മാർ മിലാൻ അതിരൂപതയെ ഭരിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ലത്തീൻ റീത്തിന്റെ ഒരു വിഭാഗമായ അംബ്രോസ്യൻ റീത്തിൽപ്പെട്ടതാണ് മിലാൻ അതിരൂപത. എന്നാൽ ഈ അതിരുപതയിൽപെട്ട സഫ്റഗൻ രൂപതകൾ ലത്തീൻ റീത്തിലെ ഏറ്റവും വലിയ വിഭാഗമായ റോമൻ റീത്താണ് സ്വീകരിച്ചിട്ടുള്ളത്.

അത്യുന്നത കർദ്ദിനാൾ ഷൂസ്തർ ബനഡിക്റ്റിൻ സഭാംഗവും ഒരു മഹാപണ്ഡിതനും പൗരസ്ത്യ സഭകളെ സംബന്ധിച്ച് ഉപരിജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഒരു വന്ദ്യ ദേഹവുമാണ്. മാർ സെവേറിയോസ് തിരുമേനിയും കർദ്ദിനാളുമായി നടന്ന സംഭഷണം അത്യന്തം ഹൃദ്യമായിരുന്നു.

കർദ്ദിനാൾ തിരുമേനിയുമായുള്ള കൂടിക്കാഴ്ച്ചയ്ക്കുശേഷം മാർ സെവേറിയോസ് തിരുമേനി ഭുവനപ്രസിദ്ധമായി മിലാൻ കത്തീഡ്രൽ സന്ദർശിച്ചു. ഇതിനുള്ളിൽ ഒരു രജതപേടകത്തിൽ മിലാൻ മെത്രാപ്പോലീത്താ

www.malankaralibrary.com

ആയിരുന്ന വി.ചാൾസ് ബൊറോമിയോയുടെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിച്ചു വരുന്നു. ഗോത്തിയ്ക്ക് രീതിയിൽ വെള്ള മാർബിൾ കല്ലുകൾ ഉപയോഗിച്ച് പണികഴിപ്പിച്ചിരിക്കുന്ന നയനമോഹനമായ മിലാൻ ഭദ്രാസനത്തിൻ മൂന്ന് ഏക്കർ വിസ്താരമുണ്ട്. 40000 പേർക്ക് സ്ഥലസൗകര്യമുണ്ട്.

സെപ്റ്റംബർ 8-ാം തീയതി രാവിലെ 9.30-ന് ശേഷം തിരുമേനി റോമിലേക്കു തീവണ്ടി കയറി. രാത്രി 7 മണിയ്ക്ക് റോമിലെത്തി.

## വീണ്ടും റോമിൽ

ഇപ്പോൾ റോമിൽ തീർത്ഥയാത്രക്കാരുടെ സംഖ്യ അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ചില ദിവസങ്ങളിൽ ഒരു ലക്ഷത്തിനു മേൽ വരുന്നുണ്ട്. ഇപ്പോൾ പരിശുദ്ധ പിതാവ് തിരുമനസ്സുകൊണ്ട് റോമിൽ നിന്നും 15 മൈൽ അകലത്തിൽ സ്ഥിതിചെയ്യുന്ന കാസ്റ്റൽഗൺഡോൾഫോയിലെ അപ്പസ്തോലിക്കാ സദനത്തിലാണ് താമസിയ്ക്കുന്നതെങ്കിലും തീർത്ഥ യാത്രക്കാരെ ഉദ്ദേശിച്ച് ബുധനാഴ്ച്ചയും ശനിയാഴ്ച്ചയും റോമിലെ വി.പത്രോസിന്റെ ബസ്സീലിക്കായിൽ ചെന്ന് ദർശനം അനുവദിയ്ക്കുന്നുണ്ട്. 60000 ൽ അധികം പേർക്ക് സ്ഥലസൗകര്യമുള്ള സെന്റ് പീറ്റേഴ്സ് ചിലപ്പോൾ തീർത്ഥാട കരെകൊണ്ട് നിറയുന്നതുമൂലം പലരും പുറത്ത് ദേവാലയാങ്കണത്തിൽ നില്ക്കേണ്ടതായി വരുന്നു. അങ്ങനെ പുറത്തു നില്ക്കുന്നവർക്കുകൂടി ദർശനം നൽകുന്നതിനായി ദേവാലയാങ്കണത്തിൽ കൂടിയാണ് പരിശിദ്ധ പിതാവ് ബസ്സീലിക്കായിൽ പ്രവേശിക്കുന്നത്.

ഈ ദിവസങ്ങളിൽ പരിശുദ്ധ പിതാവിന് ജലദോഷം പിടിപ്പെട്ടിരിക്കുന്നതുകൊണ്ട് സംസാരിയ്ക്കാൻ നിവർത്തിയില്ല. എങ്കിലും തിരുമനസ്സുകൊണ്ട് ദർശനം അനുവദിക്കുകയും എല്ലാവരെയും ആശീർവദിക്കുകയും ചെയ്തുകൊണ്ടിരിയ്ക്കുന്നു. സംസാരിക്കാൻ പാടില്ലെന്നുള്ള വസ്തുത ആംഗ്യം മൂലം തിരുമനസ്സുകൊണ്ട് സന്ദർശകരെ മനസ്സിലാക്കുന്നുണ്ട്.

സെപ്റ്റംബർ 9-ാം തീയതി റോമിൽവച്ചു നടത്തപ്പെട്ട സൊഡാലിറ്റി ഇന്റർനാഷണൽ കോൺഗ്രസ്സിൽ മാർ സെവേറിയോസ് തിരുമേനിയും സംബന്ധിച്ചു യോഗം അവസാനിച്ചപ്പോൾ അതിൽ സംബന്ധിച്ച എല്ലാവരും തിരുമേനിയുടെ കരം ചുംബിച്ച് ആശീർവാദം സ്വീകരിക്കുകയുണ്ടായി.

സെപ്റ്റംബർ 21-ാം തീയതി വ്യാഴാഴ്ച്ച തിരുമേനിയും സെക്രട്ടറിയും ഒരു ഇറ്റാലിയൻ വിമാനത്തിൽ ബയ്റൂട്ടിലേക്കു തിരിച്ചു. ബയ്റൂട്ടിൽ ഏതാനും ദിവസം അന്ത്യോക്യാപാത്രിയാക്കീസ് അത്യുന്നത കർദ്ദിനാൾ തപ്പുണിയുടെ അതിഥിയായി താമസിക്കുകയും വി. രാജ്യത്തിൽ യേശുനാഥന്റെ ഐഹിക ജീവിതത്തോടു ബന്ധമുള്ള പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തശേഷം സെക്രട്ടറിയുമൊരുമിച്ച് സ്വദേശത്തേയ്ക്കു മടങ്ങി.

www.malankaralibrary.com

## രണ്ടാംഭാഗം
## (ഗ്രന്ഥകാരൻ തയ്യാറാക്കിയത്)

# 30. പുനരൈക്യ സ്മരണാ കിരണങ്ങൾ ഒരു പഠനം

പുനരൈക്യ പ്രസ്ഥാനത്തിന്റെ 20-ാം വാർഷികത്തോടനനുബന്ധിച്ച് പ്രസിദ്ധീകരിച്ച ഒരു സ്മരണികയാണ് പുനരൈക്യസ്മരണാ കിരണങ്ങൾ. 65 വർഷം മുമ്പ് പ്രസിദ്ധീകരിച്ച ഈ സ്മരണിക ഇന്നും ഒരു വിലപ്പെട്ട രേഖയായി നിലകൊള്ളുന്നൂവെന്ന് പറയാം.

1930 സെപ്റ്റംബർ 20 ന് ആണ് മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ പുനരൈക്യ പ്രസ്ഥാനം രൂപംകൊള്ളുന്നത്. മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തിൽ മാർ തിയോഫിലസ് തിരുമേനിയും ഫാ. ജോൺ ഒ.ഐ.സി.യും സെറാഫിയേൽ ശെമ്മാശൻ ഒ.ഐ.സി., കിളിയിലേത്ത് കെ.ജി. ചാക്കോ എന്നിവരും ഉൾപ്പെട്ടിരുന്നു.

മാർ ഇവാനിയോസ് തിരുമേനി 1913 ൽ കൽക്കട്ടയിൽ സെറാംപൂർ കോളേജിൽ പ്രൊഫസറായിരുന്നു.തനിക്ക് ശമ്പളമായി ലഭിച്ച മുഴുവൻ തുകയും സഭാപ്രവർത്തനത്തിനായി മാറ്റിവച്ചു. യാക്കോബായ സഭാ സേവനത്തിനു പറ്റിയ ഏതാനും യുവാക്കൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിനും കൽക്കട്ട ഡയോസിസിൽ കോളേജിലും ബാരിസോളിലുള്ള പ്രൊട്ടസ്റ്റന്റ് വിദ്യാഭ്യാസത്തിലും കേരളീയരായ യുവാക്കളെ ഉപരിപഠനത്തിന് ചേർക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു.

മാർ ഇവാനിയോസ് അന്ന് എം. എ. അച്ചൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. യാക്കോബായ സഭയിൽ ഒരു സന്യാസസമൂഹം സ്ഥാപിക്കുന്നതിന് അദ്ദേഹം ആഗ്രഹിക്കുകയും പെരിയനാട് മുണ്ടൻമലയിൽ 400 ഏക്കർ സ്ഥലം അതിനായി വാങ്ങുകയും ചെയ്തു ഈ സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ചു. 1919 ആഗസ്റ്റ് 23 ന് ബഥന്യാശ്രമം ആരംഭിച്ചു. സ്ത്രീകൾക്കായി ഒരു സന്യാസമൂഹം തിരുവല്ലായിൽ സ്ഥാപിക്കുകയും ഗൃഹജീവനക്കാർക്കായി ഒരു തൃത്രീയാശ്രമം സംഘടിപ്പിക്കുകയും ചെയ്തു. ബഥനി ആശ്രമാദ്ധ്യക്ഷൻ എം. എ. അച്ചൻ തന്നെയായിരുന്നു. ബഥനി വകയായി 15 ൽ പരം ദേവാലയങ്ങളും ഒരു അനാഥശാലയും സ്ഥാപിച്ചു. തിരുവല്ലായിൽ സ്ഥാപിച്ച ബഥനി പ്രസ്സിൽ നിന്നും മതപരമായ ധാരാളം ഗ്രന്ഥങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. ബഥനീ മാസികയും പ്രസിദ്ധീകൃതമായി. യാക്കോബായ സഭയിൽ ഒരു ആരാധാനാക്രമീകരണം സംജാതമാക്കി. വിജാതീയരുടെയിടയിൽ സുവിശേഷ പ്രചരണം നടത്തി. സ്ത്രീ വിദ്യാഭ്യാസത്തിൽ

www.malankaralibrary.com

പ്രത്യേകം ശ്രദ്ധചെലുത്തി. ബഥനി സന്യാസിനികൾ യാക്കോബായ സഭയിൽ ഒരു ആദ്ധ്യാത്മിക വിപ്ലവത്തിന് കളമൊരുക്കി.

യാക്കോബായ സഭയിലെ അതിസമർത്ഥനായ ബഥനി ആശ്രമാദ്ധ്യക്ഷൻ എം. എം. അച്ചനെ ബഥനിയുടെ മെത്രനായി ഇവാനിയോസ് എന്ന പേരിൽ വാഴിച്ചു. 1929 ഫെബ്രുവരി 13 ന് ബഥനിയുടെ മെത്രാപ്പോലീത്താ യായും അവരോധിച്ചു. യാക്കോബായ സഭയിൽ അന്തഃഛിദ്രവും കേസും വർദ്ധിച്ചപ്പോൾ റോമാസഭയുമായി പുനരൈക്യപ്പെടുവാൻ ആ സഭയിലെ മേലദ്ധ്യക്ഷന്മാർ ആലോചിച്ചു. അതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ മാർ ഇവാനിയോസിനെ ചുമതലപ്പെടുത്തി. ചർച്ചകൾ തുടർന്നു. റോമിൽ നിന്നും പുനരൈക്യാനുമതിയും ലഭിച്ചു. അപ്പോഴേയ്ക്കും വട്ടിപ്പണക്കേസ് മെത്രാൻ കക്ഷിയ്ക്ക് അനുകൂലമായി വിധിച്ചു. അതോടെ മെത്രാന്മാർ പുനരൈക്യാലോചനയിൽ നിന്നും പിൻമാറി. എന്നാൽ മാർ ഇവാനിയോസും മാർ തിയോഫിലോസും നിലപാട് മാറ്റിയില്ല. 1925-ൽ മെത്രൻ സ്ഥാനത്തേയ്ക്കുയർത്തപ്പെട്ടപ്പോൾ നിഖ്യാസൂനഹദോസിനേയും ലെയോ മാർപ്പാപ്പയേയും ശപിക്കുവാൻ സന്നദ്ധനല്ലാതിരുന്നതിനാൽ പതിവുള്ള ശാപവചനങ്ങൾ ചെല്ലാതെയാണ് വാഴ്ചയേറ്റത്. അങ്ങനെ ചരിത്രത്തിന് മുമ്പിൽ ധീരമായി നിലകൊണ്ട മാർ ഇവാനിയോസും മാർ തിയോഫിലോസും 1930 സെപ്റ്റംബർ 20 ന് കൊല്ലം ബിഷപ്പ് ബൻസിഗർ പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ നടത്തി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അതോടെ ബഥനി ആശ്രമസ്ഥരേയും ബഥനി സന്യാസികളേയും മാർ ഇവാനിയോസ് സഭയിലേയ്ക്ക് സ്വീകരിച്ചു. നിരവധി വൈദികരും സഹസ്രക്കണക്കിന് അൽമായരും കത്തോലിക്കാ സഭയിൽ പ്രവേശിച്ചു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യനാളുകളിൽ പലവെല്ലുവിളികളേയും നേരിടേണ്ടിവന്നു. ആ വെല്ലുവിളികളെ നേരിടുവാൻ പുനരൈക്യപ്പെട്ടവർ തീവ്രമായി പ്രവർത്തിച്ചു. പ്രസംഗങ്ങൾ വഴിയായും ലഘുലേഖകൾ വഴിയായും വളരെയധികം വൈദീകരും അൽമായരും രംഗത്തുവന്നു. പുനരൈക്യത്തിന്റെ ആവശ്യം യാക്കോബായ ഓർത്തഡോക്സ് സഭകളുടെ ന്യൂനതകൾ ഇവയൊക്കെ പഠിച്ച് ആളുകളെ മനസ്സിലാക്കുവാൻ ആദ്യകാലത്ത് സഭാംഗങ്ങൾ വളരെ ഉത്സാഹം കാണിച്ചിരുന്നു. വലിയ ഗ്രന്ഥങ്ങളും മഹാപണ്ഡിതന്മാരും അന്ന് സഭയിൽ അധികമില്ലെങ്കിലും കത്തോലിക്കാ സഭാ വിശ്വാസം ശക്തമായി ഏറ്റുപറഞ്ഞ് പ്രകാശിപ്പിക്കാൻ പുനരൈക്യപ്പെട്ട പലർക്കും സാധിച്ചിരുന്നു.

അന്നത്തെ സാഹചര്യത്തെപ്പറ്റി ഡോ. ഗീവർഗ്ഗീസ് പണിക്കർ മലങ്കര കത്തോലിക്കാസഭയും പുസ്തകങ്ങളും എന്ന ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ സ്വഭാവരൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ നന്നായി അറിഞ്ഞ വ്യക്തിയായിരുന്നു മാർ

www.malankaralibrary.com

ഇവാനിയോസ് തിരുമേനി. ശെമ്മാശ്ശനായിരിക്കുമ്പോൾ തുടങ്ങിയ ഗ്രന്ഥ രചന തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന വിധം വളരെ തിരക്കുണ്ടായിരുന്ന അവസരത്തിലും നടന്നു. പിതാവിന്റേതായി മുപ്പ തോടടുത്തു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സഭാവിജ്ഞാനീയത്തിന്റെ വിവിധ മേഖലകളിൽ പടർന്നുകിടക്കുന്ന അദ്ദേഹത്തിന്റെ കൃതികൾ ആഴമായ ദൈവ ശാസ്ത്രബോധത്തിന്റെ പ്രകാശിതങ്ങളാണ്. പുനരൈക്യത്തിന് മുമ്പും പിൻപും പ്രസ് നടത്താനുള്ള താൽപര്യവും അതിനുവേണ്ടിയുള്ള ശ്രമവും മാധ്യമ രംഗത്തിന് അദ്ദേഹം നൽകിയിട്ടുള്ള പ്രാധാന്യം വ്യക്തമാക്കുന്നു. ഗ്രന്ഥരചന കൂടാതെ 'ബഥനി മാസിക' എന്ന പേരിൽ ഒരു മാസികയും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. മാസിക കളിൽ ലേഖനങ്ങളായും ഗ്രന്ഥരചനവഴിയും അദ്ദേഹം പകർന്ന ആശയ ങ്ങളുടെ സ്വീകരണം പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ വിജയം കൊയ്യുന്നതിന് കാരണമായി തീർന്നു.

ആദ്യ കാലത്ത് മലങ്കര കത്തോലിക്കാ സഭയെ സഭാവിജ്ഞാനീയ പരമായി ഗ്രന്ഥങ്ങൾ വഴിയായും കൺവെൻഷൻ പ്രസംഗങ്ങൾ വഴിയായും വളരെയധികം സഹായിച്ചിട്ടുള്ളത് ബഹു. പ്ലാസിഡ് സി. എം. ഐ. ആയിരുന്നു. അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയ ഗ്രന്ഥങ്ങൾ പുനരൈക്യ പ്രസ്ഥാനത്തെയും പുനരൈക്യപ്പെട്ടവരേയും അവിസ്മരണീയമായ വിധ ത്തിൽ കത്തോലിക്കാ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും വളർത്തുന്നതിനും സഹായിച്ചിട്ടുണ്ട് എന്ന് അസന്നിഗ്ധമായി പറയാവുന്നതാണ്. മലങ്കര സഭയെ ക്കുറിച്ച് ഗ്രന്ഥങ്ങൾ രചിക്കുന്നതിന് മുന്നോട്ടുവന്ന വ്യക്തികളെ പ്ലാസിഡച്ചൻ വളരെയധികം സഹായിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസി ഡച്ചന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതിന് ആരംഭകാലത്ത് യാക്കൊബായ ഓർ ത്തോഡോക്സ് സഭകളിലെ പലർക്കും താല്പര്യമുണ്ടായിരുന്നുവെന്ന് പറയുവാൻ സാധിക്കും.

പിന്നീട് ഇക്കാലത്ത് സജീവമായി പ്രവർത്തിച്ചവരിൽ പ്രമുഖനാണ് മോൺ. തോമസ് വടശ്ശേരി. അദ്ദേഹത്തിന്റ പ്രസംഗങ്ങളും ലേഖനങ്ങളും ഗ്രന്ഥങ്ങളും വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ചിന്തിക്കാനും അറിവിലും വിജ്ഞാനത്തിലും വിവേകത്തിലും ജീവിത രൂപീകരണത്തിലും വളരാൻ ഉതകുന്ന ഗ്രന്ഥങ്ങളാണ് സഭയുടെ ആവശ്യം എന്ന് മനസ്സിലാക്കി പ്രവർത്തിച്ചവരാണ് പ്ലാസിഡച്ചനും മോൺ. തോമസ് വടശ്ശേരിയും. തിരുവല്ല രൂപതയുടെ വികാരി ജനറാളായിരുന്ന മോൺ. തോമസ് വടശ്ശേരി എഴുതിയ ഗ്രന്ഥങ്ങൾ ശ്രദ്ധാർഹങ്ങളാണ്. നർമ്മരസവും താഴ്ന്നിറങ്ങുന്ന മൂർച്ചയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ പ്രത്യേകതകളായിരുന്നു.

മലങ്കര കത്തോലിക്കാ സഭയിൽ പ്രസിദ്ധീകരണ രംഗത്ത് വിശ്രമ മെന്യേ മഹത്തായ സേവനം അനുഷ്ഠിച്ചയാളാണ് വന്ദ്യ ചേപ്പാട് പീലിപ്പോസ്

www.malankaralibrary.com

റമ്പാച്ചൻ. ഡോ. ഗീവർഗ്ഗീസ് പണിക്കർ ഇപ്രകാരം എഴുതിയിരിക്കുന്നു. "പ്രസിദ്ധീകരണം ഒരു തപസ്യയായി സ്വീകരിച്ച ഒരു വ്യക്തിയായിരുന്നു റമ്പാച്ചൻ. മലങ്കര സഭയുടെ പൈതൃകവും വിശ്വാസ പാരമ്പര്യങ്ങളും നന്നായി അറിയാമായിരുന്ന അദ്ദേഹം മലങ്കര കത്തോലിക്കാ സഭയുടെ പൈതൃകത്തെ അതിന്റെ തനിമയിൽ അവതരിപ്പിക്കുന്നതിന് ശ്രമിച്ചു. കത്തോലിക്കാ സഭകളുടെ ഉപദേശങ്ങളെ കത്തോലിക്കാ വീക്ഷണ പശ്ചാത്തലത്തിൽ സാധാരണ ജനങ്ങൾക്ക് മനസ്സിലാകത്തക്ക വിധത്തിൽ വിമർശിച്ച് അദ്ദേഹം ഗ്രന്ഥങ്ങൾ എഴുതിയിരുന്നു എന്നത് ഏവർക്കും അറിയാമായിരുന്നതാണ്. കൂടാതെ മതപഠനരംഗത്ത് അദ്ദേഹത്തിന്റെ വേദോപദേശം പാഠാവലികൾക്ക് വലിയ സ്ഥാനമുണ്ട്. റമ്പാച്ചന്റെ വേദോപദേശം പാഠാവലി ആരാധനാക്രമവും വി. വേദപുസ്തകവും ആദ്ധ്യാത്മിക ജീവിതവും അടിസ്ഥാനമാക്കി രചിച്ചിട്ടുള്ളതാണ്."

ഈ രംഗത്ത് വലിയ സംഭാവനകൾ നൽകിയിട്ടുള്ള വന്ദ്യദേഹമാണ് പുലിക്കോട് റമ്പാച്ചൻ. അദ്ദേഹം പല ഗ്രന്ഥങ്ങളും രചിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിച്ചിട്ടുണ്ട്. മഗ്ദലനമറിയം എന്ന കാവ്യം എഴുതുന്നതിന് മഹാകവി വള്ളത്തോളിനെ പ്രേരിപ്പിച്ചത് പുലിക്കോട് റമ്പാച്ചനാണ്.

മലങ്കര കത്തോലിക്കാ സഭയിൽ സ്ഥാപിതമായ കാത്തലിക് എവിഡൻസ് ഗിൽഡ് ലഘുലേഖകൾ വഴിയും സംഭാഷണം വഴിയും സമ്പർക്കം വഴിയും നടത്തിയ സേവനം പ്രശംസാർഹമാണ്. ഗിൽഡിന്റെ യഥാർത്ഥ നേതാക്കൾ മാരേട്ട് എ പീലിപ്പോസും വട്ടശ്ശേരിൽ വി.ഒ. വർഗീസും ആയിരുന്നു അകത്തോലിക്കാ സഹോദരങ്ങളിൽ നിന്നും പല വിധ ആക്ഷേപങ്ങളും പ്രയാസങ്ങളും നേരിട്ടുകൊണ്ട് കത്തോലിയ്ക്കാ സഭയ്ക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളവരാണ് ഇരുവരും സഭയ്ക്കെതിരായി പുറപ്പെടുവിച്ച പല ആക്ഷേപങ്ങൾക്കും യഥാവരം മറുപടി നൽകാൻ എവിഡൻസ് ഗിൽഡിന് സാധിച്ചിട്ടുണ്ട്.

മാർ ഇവാനിയോസ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് 8 വർഷം മുമ്പ് നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം എന്ന ഗ്രന്ഥം വായിച്ച് പഠിച്ച് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചയാളാണ് ശ്രീ. എം. എം. വർക്കി. അദ്ദേഹം ചെറിയ ചെറിയ ലേഖനങ്ങൾ വഴിയും ഗ്രന്ഥങ്ങൾ വഴിയും മലങ്കര സഭയ്ക്ക് നൽകിയ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല. മലങ്കരസഭയുടെ എക്സറേ എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത് എം.എം. വർക്കിയാണ്.

പ്രസിദ്ധീകരണ രംഗത്ത് ശക്തമായി പ്രവർത്തിച്ച മറ്റൊരാളാണ് ബഹു. ഇഞ്ചയ്ക്കാലടി അച്ചൻ. പ്ലാസിഡച്ചന്റേയും തോട്ടാശ്ശേരിയച്ചന്റേയും സ്വാധീനമാണ് ഇഞ്ചയ്ക്കലോടിയച്ചനെ ഈ രംഗത്ത് പ്രവർത്തിക്കാൻ പ്രേരിപ്പിച്ചത്. അദ്ദേഹം എഴുതിയ കേരളത്തിലെ ക്രൈസ്തവ സഭകൾ എന്ന ഗ്രന്ഥവും

www.malankaralibrary.com

രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ച മാർ ഇവാനിയോസിന്റെ ജീവചരിത്രവും മലങ്കരസഭയ്ക്ക് ലഭിച്ച രണ്ട് പ്രധാന ഗ്രന്ഥങ്ങളാണ്.

പ്രസിദ്ധീകരണ രംഗത്ത് പ്രവർത്തിച്ച മറ്റൊരാളായിരുന്നു വി. സി. ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പ. തന്റെ പുനരൈക്യത്തെക്കുറിച്ചും മാർപ്പാപ്പായുടെ പരമാധികാരത്തെക്കുറിച്ചും എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ വളരെ ശക്തങ്ങളായിരുന്നു.

ഫാ. വർഗ്ഗീസ് കിളിച്ചിമല, ഫാ. ജോസഫ് ഞായല്ലൂർ, ഫാ. ജോൺ കോന്നിയ്ക്കൽ തുടങ്ങിയ ഒട്ടുവളരെപ്പേർ ഈ രംഗത്ത് വിലപ്പെട്ട സംഭാവനകൾ ചെയ്തിട്ടുണ്ട്. ഈയടുത്തകാലത്ത് അതുല്യമായ വിധത്തിൽ മലങ്കര കത്തോലിക്കാസഭയിൽ പ്രസിദ്ധീകരണ രംഗത്ത് പ്രവർത്തിച്ചത് ബഹുമാനപ്പെട്ട ഗീവർഗ്ഗീസ് ചേടിയത്തച്ചനാണ്. സഭാപൈതൃകം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും മറ്റുഗ്രന്ഥങ്ങൾക്കൊന്നും പ്രധാനം ചെയ്യാൻ സാധിക്കാത്ത ഒരു ധർമ്മം ഈ ഗ്രന്ഥങ്ങൾ വഴി ചേടിയത്തച്ചൻ നിർവഹിച്ചിട്ടുണ്ട്. പുനരൈക്യസ്മരണാകിരണങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ചേടിയത്തച്ചന് 5 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളു.

മലങ്കര സഭയിൽ പിൽക്കാലത്ത് പ്രസിദ്ധരായ പല എഴുത്തുകാരും പ്രാസംഗികരും ഉണ്ടായിട്ടുണ്ട്. ആ കാലത്ത് സാധാരണ അൽമായർ വരെ സഭാ സംബന്ധമായ കാര്യങ്ങളിൽ നല്ല പ്രാസംഗികരായിരുന്നു. മലങ്കര സഭയുടെ ആദ്യകാല പശ്ചാത്തലം കണക്കിലെടുത്ത് വിലയിരുത്തുമ്പോൾ മാത്രമേ 65 വർഷം മുമ്പ് പ്രസിദ്ധീകരിച്ച പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തെ വിലയിരുത്തുവാൻ പാടുള്ളു.

കത്തോലിക്കാ സഭയെപ്പറ്റിയും പുനരൈക്യപ്രസ്ഥാനത്തെപ്പറ്റിയും ജനങ്ങൾക്ക് അറിവ് നല്കുകയെന്ന ലക്ഷ്യത്തോടെയാണ് പുനരൈക്യസ്മരണാകിരണങ്ങൾ പുനരൈക്യപ്രസ്ഥാനത്തിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചത്. 65 വർഷം മുൻപ് പ്രസിദ്ധീകരിച്ച ആ ഗ്രന്ഥത്തെപ്പറ്റി ഒരു പഠനം നടത്തുകയാണ് അടുത്ത താളുകളിൽ

www.malankaralibrary.com

# സ്മരണാ കിരണങ്ങൾ

പുനരൈക്യ പ്രസ്ഥാനത്തിന്റെ 20-ാം വാർഷികത്തോടനുബന്ധിച്ച് 1950 ൽ പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥമാണ് പുനരൈക്യ സ്മരണാകിരണങ്ങൾ. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഇരുപതു വർഷത്തെ നേട്ടങ്ങളെക്കുറിക്കുന്ന ഒരു മൈൽക്കുറ്റിയായിട്ടാണ് ഈ ഗ്രന്ഥത്തെ പ്രസാധകർ വിശേഷിപ്പിച്ചിരിക്കുന്നത്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയായ മാർ ഇവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജത ജൂബിലിയും അദ്ദേഹത്താൽ സ്ഥാപിതമായ ബഥനി കന്യകാമഠത്തിന്റെ രജതജൂബിലിയും ആഘോഷിച്ച സന്ദർഭത്തിലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചുകൊണ്ടിരുന്ന മാർ ജോസഫ് സെവേറിയോസ് തിരുമേനി രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടതും, മാപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചതും എല്ലാം ഈ വർഷം തന്നെയായിരുന്നു. മേൽപറഞ്ഞ കാര്യങ്ങളെല്ലാം കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം ആ കാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ്. സഭയുടെ ഐക്യത്തെ സ്നേഹിക്കുന്ന എല്ലാവരും ഓർത്തിരിക്കേണ്ട കാര്യങ്ങളാണ് ഇതിലെ ഉള്ളടക്കം.

എപ്പിസ്കോപ്പൽ ജൂബിലിയെപ്പറ്റിയുള്ള ഒരു ഇംഗ്ലീഷ് കവിതയാണ് ഈ ഗ്രന്ഥത്തിൽ അദ്യം ചേർത്തിരിക്കുന്നത്. തുടർന്ന് ഓരോ ഫുൾ പേജിൽ ഇന്റർ നുൺഷ്യോ മോസ്റ്റ് റവ. ലിയോപി കിയോർക്കൽസ് അവറുകളുടേയും മാർ ഇവാനിയോസ് തിരുമേനിയുടേയും ഫോട്ടോ ചേർത്തിരിക്കുന്നു. ആ ഗ്രന്ഥത്തിന്റെ പ്രധാന്യം മുഴുവൻ കാണിക്കുന്നതാണ് ആ മഹാപുരുഷന്മാരുടെ ഫോട്ടോകൾ.

## സ്വാഗതാശംസ

ഒരു മുഴുവൻ പേജിലായി പ്രമുഖ സാഹിത്യകാരനും കവിയുമായ ഇടയാറമുള കെ. എം. വർഗ്ഗീസ് ബി.എ. എൽ. റ്റി. യുടെ ഒരു സ്വാഗതാശംസ ചേർത്തിരിക്കുന്നു.

സ്വാഗതസുമാഞ്ജലിയർപ്പണം ചെയ്‌വു ഞങ്ങ-
ളാകവേ, യിത, വന്ദ്യപിതാവേ! തിരുമുമ്പിൽ

എന്നു തുടങ്ങുന്ന സ്വാഗത ഗാനം കേക വൃത്തത്തിൽ രചിച്ചിട്ടുള്ളതാണ്. ഒരു മുഴുവൻ പേജിലാണ് ഇവ ചേർത്തിരിക്കുന്നത്.

മാർ സെവേരിയോസ് തിരുമേനിയും അദ്ദേഹത്തിന്റെ സെക്രട്ടറിയും പിന്നീട് തിരുവല്ലാ രൂപതയുടെ വികാരി ജനറാളുമായിരുന്ന ഫാ. മാത്യു

www.malankaralibrary.com

നെടുങ്ങാട്ടും കൂടി സ്വിറ്റ്സർലണ്ടിൽ വച്ചെടുത്ത ഫോട്ടോ വളരെ മനോഹരമായി ഒരു പേജിൽ കൊടുത്തിരിക്കുന്നു.

## പ്രസ്താവന

പിന്നീട് പുനരൈക്യ സ്മരണാ കിരണങ്ങൾ എന്ന ഗ്രന്ഥത്തെ വിലയിരുത്തിക്കൊണ്ട് ഒരു പ്രസ്താവന മനോഹരമായി രണ്ടു പേജുകളിലുമായി ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. പുനരൈക്യസ്മരണാകിരണങ്ങളെ വിശകലനം ചെയ്തുകൊണ്ട് എഴുതിയിരിക്കുന്ന പ്രസ്താവനയിൽ എന്താണ് പുനരൈക്യമെന്നും ജീവിതസ്മരണങ്ങൾ എന്താണെന്നും കിരണങ്ങൾ എന്നാൽ എന്താണെന്നും വിശദീകരിച്ചിരിക്കുന്നു. മനുഷ്യരുടെയിടയിലെ ഭിന്നതകൾ എല്ലാം നീക്കി പാപപങ്കിലമായ വഴികളിൽ അപഥസഞ്ചാരം ചെയ്യുന്നവരെ നേർവഴിക്ക് നടത്തി സ്നേഹത്തിന്റെ കനകനൂൽ പാകി ഹൃദയകുസുമങ്ങളെ കോർത്തിണക്കി എല്ലാവരേയും യോജിപ്പിക്കുകയെന്നതാണ് സനാതന പുനരൈക്യമെന്ന് പ്രസ്താവനയിൽ വ്യക്തമാക്കുന്നു.

മനുഷ്യന് ഏറ്റവും ആനന്ദകരമായിട്ടുള്ളത് പൂർവ്വകാല സംഭവങ്ങളെപ്പറ്റിയുള്ള ഓർമ്മയാണെന്നും വിജ്ഞാനനാഴിയിലെ പവിഴങ്ങളാണവയെന്നും പ്രസ്താവനയിൽ സമർത്ഥിച്ചിട്ടുണ്ട്. മുന്നണിയിൽ അടരാടുന്ന ഭടന് മുന്നോട്ടുകുതിക്കുവാനുള്ള ധൈര്യം നൽകുന്നത് അവന്റെ പൂർവ്വകാല നേട്ടങ്ങളാണെന്നും ഇപ്രകാരം തിളങ്ങുന്ന ഭാവനയിൽ പ്രതിഫലിക്കുന്ന പകിട്ടേറിയ നെറ്റിപ്പട്ടങ്ങളാണ് ഈ ഗ്രന്ഥത്തിൽ കാണുന്നതെന്നും സമർത്ഥിക്കുകയാണ് ഈ പ്രസ്താവനയിൽ.

സന്ദർഭങ്ങളെ നന്നായി വിനിയോഗിക്കുന്നതിലാണ് ജീവിത വിജയം അന്തർഭവിച്ചിരിക്കുന്നതെന്ന് പ്രസ്താവനയിൽ അടിവരയിട്ട് പ്രസ്താവിച്ചിട്ടുണ്ട്. കർമ്മബോധം കൊണ്ട് അവസരങ്ങളെ അദൃശ്യങ്ങളാക്കിത്തീർത്തിട്ടുള്ളവരാണവർ. അവരെയാണ് മഹാന്മാർ എന്ന് പ്രസ്താവനയിൽ വിശേഷിപ്പിച്ചിരിക്കുന്നത്. അന്ധകാര കരിനിഴൽ പരത്തുന്ന ലോകത്തിൽ പ്രഭാപൂരം വിതറുന്ന കരുത്തേറിയ കിരണങ്ങളാണ് ഈ ഗ്രന്ഥം എന്ന് പ്രസ്താവനയിൽ പറയുന്നു.

മാർ ഇവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റേയും അദ്ദേഹത്താൽ സ്ഥാപിതമായ ബഥനീകന്യാമഠത്തിന്റേയും രജത ജൂബിലി വർഷമാണ് 1950. അതേ സമയം മാർ സെവേരിയോസ് തിരുമേനിയുടെ പാപ്പാസന്ദർശനവും തിരവല്ലാ രൂപതയുടെ അദ്ധ്യക്ഷനായി മാർ സെവേറിയോസ് തിരുമേനി സ്ഥാനമേൽക്കൽ നടന്നതും ഈ വർഷം തന്നെയാണ്. ആ മഹാസംഭവങ്ങളെല്ലാം വിവരിച്ചിരിക്കുന്ന പുനരൈക്യ സ്മരണാ കിരണങ്ങൾ എന്ന ഈ ഗ്രന്ഥം ഇരുപതു കൊല്ലത്തെ നേട്ടത്തെക്കുറിക്കുന്ന ഒരു മൈൽക്കുറ്റിയാണെന്നാണ് പ്രസാധകർ ഈ ഗ്രന്ഥത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

www.malankaralibrary.com

## മാർ സെവേറിയോസ് തിരുമേനിയുടെ കത്ത്

സമഭാവന, കൃത്യനിഷ്ഠ, പൈതൃക വാത്സല്യം, ദീനാനുകമ്പ, സഹന ശക്തി മുതലായ സൽഗുണങ്ങളുടെ വിളനിലമായിരുന്നു ജോസഫ് മാർ സെവേറിയോസ് തിരുമേനി. മല്ലപ്പള്ളിക്കു സമീപമുള്ള ആനിക്കാട് പുരാതനവും പ്രസിദ്ധവുമായ വാളക്കുഴി യാക്കോബായ കുടുംബത്തിലാണ് അദ്ദേഹം 1894 ൽ ജനിച്ചത്. 15-ാമത്തെ വയസ്സിൽ ശെമ്മാശ്ശപ്പട്ടം സ്വീകരിച്ചു. 1916 ൽ സെറാംപൂർ കോളേജിലേയ്ക്കയച്ചു. 1930 ൽ ഇവാനിയോസിന്റെ നേതൃത്വത്തിൽ പുനരൈക്യ പ്രസ്ഥാനം രൂപംകൊണ്ടപ്പോൾ അതിനെ അതിശക്തിയായി വിമർശിച്ചത് ഇദ്ദേഹമായിരുന്നു. തന്റെ ഗുരുനാഥനായ മാർ ഇവാനിയോസിനെ വ്യക്തിപരമായി ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും പുനരൈക്യപ്രസ്ഥാനത്തെ നഖശിഖാന്തം എതിർത്തു. പുനരൈക്യ പ്രസ്ഥാനത്തെ എതിർക്കുന്നതിനായി നിരവധി ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുകയും പല വൈദികരേയും കൊണ്ടു വന്ന് പ്രസംഗിപ്പിക്കുയും ചെയ്തു. 1932-ൽ റമ്പാൻ സ്ഥാനവും 1933 ൽ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ സ്ഥാനവും നൽകി.

കത്തോലിക്കരോട് സമരം നടത്തുവാനായി കഴിയുന്നത്ര ശക്തി സംഭരിച്ച സമയത്താണ് സ്വസഹോദരൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചത്. ഭീഷണികളും പ്രലോഭനങ്ങളും സഹോദരനെ ലക്ഷ്യത്തിൽ നിന്നും പിന്മാറ്റിയില്ല. കത്തോലിക്കരുടെ വാദമുഖങ്ങളെ പരാജയപ്പെടുത്തുന്നതിനായി ചരിത്ര രേഖകൾ ശേഖരിച്ച്, മാർ സെവേറിയോസ് അനേകം കത്തോലിക്കാ ഗ്രന്ഥങ്ങൾ വായിച്ചു. ഈ വായനയുടേയും പഠനത്തിന്റേയും ഫലമായി കത്തോലിക്കാ സഭ സത്യസഭയെന്ന് അദ്ദേഹത്തിന് ബോധ്യമായി. ആ യാഥാർത്ഥ്യം പരസ്യമായി അംഗീകരിച്ചുകൊണ്ട് ഇവാനിയോസിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. കത്തോലിക്കാ പുനരൈക്യാനന്തരം മാർ സെവേറിയോസ് തിരുമേനി കത്തോലിക്കാ ബാവ തിരുമനസ്സിലേയ്ക്കയച്ച കത്താണ് പുനരൈക്യ സ്മരണാ കിരണങ്ങൾ എന്ന പുസ്തകത്തിൽ ആദ്യം ചേർത്തിരിക്കുന്നത്. അന്നത്തെ കത്തോലിക്കാ ബാവാ മോറാൻമോർ ബസേലിയോസ് തിരുമേനിയായിരുന്നു. ബാവാ തിരുമേനിയെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന മാർ സെവേറിയോസ് തിരുമേനിയുടെ ഹൃദയസ്പർശിയായ കത്ത് മാർ സെവേറിയോസിന്റെ നിഷ്കളങ്കതയ്ക്കും സത്യസന്ധതയ്ക്കും മികവു നൽകുന്നതാണ്. ആ കൃതിയിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "എന്റെ മാന്യസഹോദരന്മാരായ മറ്റു മേൽപ്പട്ടക്കാരേയും ഇതേ വരെ തന്റെ ഭരണത്തിലിരുന്നവരായ ബ. പട്ടക്കാരേയും ജനങ്ങളേയും കുറിച്ച് എനിക്ക് അത്യധികമായ മനോവിചാരമുണ്ട്. ഞാൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതുകൊണ്ട് നിങ്ങളെല്ലാവരിൽനിന്നും വേർപെടുകയാണെന്ന് ഞാൻ വിചാരിക്കുന്നില്ല. മനുഷ്യരുടെ

www.malankaralibrary.com

ചിന്താഗതിയെ സന്മാർഗ്ഗത്തിൽ നയിപ്പിക്കുന്നവനായ ദൈവം അവിടുത്തെയും എന്റെ മാന്യസഹോദരങ്ങളായ പട്ടക്കാരേയും നിങ്ങളോടു കൂടിയുള്ള സകല പട്ടക്കാരേയും ജനങ്ങളേയും ഭൂമിയിൽ കർത്താവീശോമിശിഹായുടെ യഥാർത്ഥ മുന്തിരി തോട്ടമാകുന്ന വി. കത്തോലിക്കാ സഭയുടെ അധ്യക്ഷനായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മാർപ്പാപ്പായുമായുള്ള സംസർഗ്ഗത്തിലേയ്ക്കും സിംഹാസനത്തിന്റെ അനുസരണത്തിലേയ്ക്കും താമസംവിന വരുത്തുവാൻ സമ്മതിക്കണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു."

കത്തിന്റെ അവസാനം ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ കത്ത് ഇത്രയും ദീർഘമാകാൻ ഇടയായത് സംഗതിയുടെ പ്രാധാന്യവും സന്ദർഭത്തിന്റെ ഗൗരവവും കൊണ്ടാണ്. തിരുമനസ്സിൽ നിന്നും സഭാ സംബന്ധമായി ഞാൻ വേർപെടുത്തുന്നതിന്റെ യഥാർത്ഥ കാരണം എന്തെന്ന് തിരുമനസ്സിലേയും എന്റേയും അഭിമാന സംരക്ഷണത്തിനുവേണ്ടി പൊതുജനങ്ങളേക്കൂടി ഗ്രഹിപ്പിക്കുന്നതിന് ആവശ്യമാണെന്ന് തോന്നിയതുകൊണ്ട് ഈ കത്ത് പ്രസിദ്ധീകരിക്കുന്നതിനും ഞാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

അഭിമുഖമായികണ്ട് യാത്രപറയുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അങ്ങനെ ചെയ്യുന്നത് ഈ കാര്യം ഞാൻ അവസാനമായി തീരുമാനിച്ച സമയത്ത് തിരുമനസ്സുകൊണ്ട് സ്ഥലത്ത് ഇല്ലാതിരുന്നതിനാലും ഈ യാത്രപറച്ചിൽ നാം ഇരുപാട്ടുകാർക്കും മർമ്മഭേദകമായിരിക്കുമെന്നുള്ള വൈഷമ്യം ആലോചിച്ചിട്ടുമാണ്.

നിങ്ങളെല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

1937 നവംബർ 29-ാം തീയതി തിരുവനന്തപുരം മെത്രാപ്പോലീത്താ അരമനയിൽ നിന്നും

തിരുമേനിയെ എന്നും എന്നും സ്നേഹിക്കുന്ന

29/11/1937 **മാർ സെവേറിയോസ് മെത്രാപ്പോലീത്താ**

## പതിനൊന്നാം പീയൂസ് മാർപ്പായും പന്ത്രണ്ടാം പീയൂസ് മാർപാപ്പായും

ആഗോള കത്തോലിക്കാ സഭയുടെ തലവനാണ് മാർപാപ്പാ. അവർ ലോകത്തിന്റെ ഭാസുരമായ ഭാവിക്കുവേണ്ടി യത്നിച്ചിട്ടുള്ളവരാണ്. പുനരൈക്യപ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയ 11-ാം പീയൂസ് മാർപ്പാപ്പായാണ് തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും സ്ഥാപിച്ചത്. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ചരിത്രം ശരിക്കും പഠിച്ച് അതിനെ വിപത്തിൽ നിന്നും രക്ഷിച്ച് കത്തോലിക്കാ കൂട്ടായ്മയിലേക്കു കൊണ്ടുവരുവാൻ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ആഗ്രഹിച്ചു. പുതിയ

www.malankaralibrary.com

റീത്തും വൈദികസംസ്ഥാനവും അവർക്ക് ഉദാരമതിയായ മാർപാപ്പാ നല്കിക്കൊണ്ട് മലങ്കരയെ അനുഗ്രഹത്തിന്റെ വഴിയിലേക്ക് ക്ഷണിച്ചു. അദ്ദേഹം മിഷനറി പാപ്പായെന്നാണ് അറിയപ്പെടുന്നത്. വി. കൊച്ചുത്രേസ്യാ യെ വിശുദ്ധ ഗണത്തിൽ ചേർക്കുകയും ആ പുണ്യവതിയെ മിഷൻ പ്രവർത്ത നങ്ങളുടെ മദ്ധ്യസ്ഥയായി പ്രതിഷ്ഠിക്കുകയും ചെയ്തു.

ലാറ്ററിൻ ഉടമ്പടിയിലൂടെ വത്തിക്കാൻ സംസ്ഥാനം പാപ്പായ്ക്ക് വിട്ടുകൊടുത്തു. വത്തിക്കാന്റെ നിലയെ മറ്റു രാഷ്ട്രങ്ങളുടെ ഇടയിൽ സമപദ വിയിലാക്കി തീർത്ത മഹാനാണ് 11-ാം പിയൂസ് മാർപാപ്പാ. അദ്ദേഹത്തെ പറ്റി പണ്ഡിതോചിതമായ ഒരു ലേഖനം പുനരൈക്യസ്മരണാകിരണങ്ങളിൽ റവ. ഫാ. തോമസ് പാഴൂർ എം.എ., എൽ.പി.എച്ച്. തയ്യാറാക്കിയത് പ്രസിദ്ധീ കരിച്ചിട്ടുണ്ട്. പതിനൊന്നാം പീയൂസ് പാപ്പായുടെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഈ ലേഖനം.

പതിനൊന്നാം പിയൂസിന്റെ കാലശേഷം തിരുസഭയുടെ അധിപനായി തിരഞ്ഞെടുക്കപ്പെട്ട 12-ാം പീയൂസ് മാർപാപ്പായെപ്പറ്റിയുള്ള ലേഖനം പുനരൈക്യ സ്മരണാകിരണങ്ങളിൽ ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥം പ്രസിദ്ധീ കരിക്കുന്ന കാലത്ത് പന്ത്രണ്ടാംപീയൂസ് മാർപാപ്പായാണ് ആഗോള കത്തോലിക്കാസഭയെ നയിച്ചത്. പന്ത്രണ്ടാം പിയൂസ് മാർപാപ്പാ തിരഞ്ഞെടു ക്കപ്പെട്ടതിന്റെ പിറ്റേദിവസം ലോകത്തോടു മുഴുവനായി നടത്തിയ പ്രഥമപ്ര സംഗത്തിന്റെ സംഗ്രഹം ചേർത്തുകൊണ്ടാണ് ഫാ. ഏറ്റുമാനൂക്കാരൻ ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. പന്ത്രണ്ടാം പീയൂസിന്റെ ദീനാനുകമ്പയെ ക്കുറിച്ചും പൈതൃകവാത്സല്യത്തെക്കുറിച്ചും ലോകസമാധാനത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളെപ്പറ്റിയും എല്ലാം ഈ ലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. രണ്ടാംലോക മഹായുദ്ധകാലത്ത് ഒൻപതുമാസക്കാലം റോമ്മാനഗരം നാസികളുടെ കീഴിലായിരുന്നു. അക്കാലത്ത് നഗര വാസികളുടെ ഏകാവലംബം പ. പിതാവായിരുന്നു. ഇതിനും പുറമെ സമര രണാങ്കണങ്ങളായി പരിണിച്ച ഇറ്റലിയുടെ ഇതരഭാഗങ്ങളിൽ നിന്ന് അഭയാർ ത്ഥികളായി റോമിൽ വസിച്ചിരുന്നവരെയും പരിശുദ്ധസിംഹാസനമാണ് സംരക്ഷിച്ചിരുന്നത്. റോമിനടുത്തുള്ള കാസ്റ്റൽ ലാൺഡോൾഫായിലെ അപ്പ സ്തോലിക സദനത്തിൽ പതിനായിരം അഭയാർത്ഥികളെയാണ് പാർപ്പി ച്ചിരുന്നത്. അവർക്കാവശ്യമായ സകല സാധനങ്ങളും വത്തിക്കാനിൽ നിന്നും എത്തിച്ചുകൊടുത്തിരുന്നു.

പന്ത്രണ്ടാംപീയൂസിന്റെ വ്യക്തിവിലാസം പ്രകടമാക്കുന്ന ഈ ലേഖനം മലങ്കരക്കാർക്കുമാത്രമല്ല സകല ജനത്തിനും മാർപാപ്പായുടെ വ്യക്തിവിലാസം മനസ്സിലാക്കുവാൻ സഹായകമായിരുന്നു.

## മലങ്കരസഭയിലെ മൂന്ന് അതികായകന്മാർ

പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥത്തിൽ മലങ്കരസഭയിലെ

www.malankaralibrary.com

അതിപ്രഗത്ഭരായ മൂന്നു വൈദികമേലദ്ധ്യക്ഷന്മാരെപ്പറ്റിയുള്ള പഠനമാണ് നടത്തിയിരിക്കുന്നത്. മലങ്കര സഭാംഗങ്ങൾക്കും യാക്കോബായ മാർത്തോമ്മാ സഭാംഗങ്ങൾക്കും ആഗോള കത്തോലിക്കാസഭയ്ക്കും പുതിയ അറിവുകൾ നല്കുന്നതാണ് മൂന്ന് വൈദിക മേലദ്ധ്യക്ഷന്മാരെപ്പറ്റിയുള്ള ലേഖനങ്ങൾ.

## 1. മാർ ഇവാനിയോസ് മെത്രാപ്പോലീത്ത

പുനരൈക്യ മഹാരഥനായ മാർ ഇവാനിയോസ് തിരുമേനിയുടെ ജീവ ചരിത്രമാണ് പി. ഒ. ജോൺ തയ്യാറാക്കിയിരിക്കുന്നത്. പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചും അതിനുമുമ്പുള്ള യാക്കോബായ സമുദായത്തിലെ സ്ഥിതിഗതികളെപ്പറ്റിയും മാർ ഇവാനിയോസ് തിരുമേനിയ്ക്ക് യാക്കോബായ സഭയിൽ ഉണ്ടായിരുന്ന സ്ഥാനങ്ങളെപ്പറ്റിയും എല്ലാം ഉപേക്ഷിച്ചു കത്തോ ലിക്കാ സഭിയിൽ ചേർന്ന സംഭവങ്ങളെപ്പറ്റിയുമെല്ലാം ഉള്ള വസ്തുനിഷ്ഠമായ ഒരു വിവരണമാണ് ഈ ലേഖനത്തിൽ. അന്നത്തെ സാമൂഹ്യ ചുറ്റുപാടു കളെപ്പറ്റിയും യാക്കോബായ സമുദായത്തെപ്പറ്റിയും ശരിയായ ഒരു വിവരണം ഈ ലേഖനത്തിൽ കൂടി നമുക്ക് ലഭിക്കുക. തനിക്ക് അദ്ധ്യാപക ജോലിയിൽ നിന്നും ലഭച്ച പണമെല്ലാം സാധുജനസംരക്ഷണത്തിന് മാറ്റിവച്ച മാർ ഇവാനിയോസിന്റെ നിഷ്കളങ്കമായ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്ന ഒരു ലേഖനമാണ് ഇത്. യാക്കോബായ സമുദായത്തിലെ എല്ലാ മെത്രാന്മാരോടും ആലോചിച്ച് ഉറപ്പിച്ചതിനുശേഷമാണ് റോമൻ കത്തോലിക്കാ സഭയുമായി ചർച്ചകൾ നടത്തിയത്. മലങ്കര സുറിയാനി റീത്ത് അനുവദിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ കല്പനയും വന്നുകഴിഞ്ഞതിനുശേഷമാണ് ഈ മെത്രാന്മാർ പുനരൈക്യ ചിന്തയിൽ നിന്നും മാറിപോയത്. വട്ടിപ്പണക്കേസിന്റെ വിധി യാണ് ഈ നിലപാടെടുക്കുവാൻ മെത്രാന്മാരെ പ്രേരിപ്പിച്ചത്. മാർ ഇവാനി യോസ് ഉറച്ചുനിന്നു. മാർ ഇവാനിയോസിന്റെ വ്യക്തിത്വം വരച്ചുകാട്ടുന്ന ഈ ലേഖനം പുനരൈക്യസ്മരണാ കിരണങ്ങൾക്ക് വളരെയധികം ശോഭ നൽകുന്നതാണ്.

## 2. മാർ തിയോഫിലോസ് തിരുമേനി

ഫാ. ജെ.ഒ.ഐ.സി. എഴുതിയ മാർ തിയോഫിലോസ് തിരുമേനിയുടെ ജീവചരിത്രമാണ് പുനരൈക്യസ്മരണാകിരണങ്ങളിലെ മറ്റൊരു ലേഖനം. എക്കാലത്തും കേരള ക്രൈസ്തവരുടെ പ്രത്യേകിച്ച് പുത്തൻകൂർ സമുദായത്തിന്റെ-ഭാഗധേയനിർണ്ണയത്തിൽ ഗണനീയമായ ഒരു പങ്കുവഹിച്ച കളപ്പുരയ്ക്കൽ കുടുംബത്തിലാണ് മാർ തിയോഫിലോസ് തിരുമേനി ജനിച്ചത്. കാലക്രമേണ റംസാൻപദവിയിലേയ്ക്കുയർത്തപ്പെട്ടു. അദ്ദേഹത്തിന്റെ ദയറായായിരുന്ന തിരുവല്ലായിലെ ബഥനിപ്പള്ളിയിൽ എത്തി അനുഗ്രഹങ്ങൾ വാങ്ങുവാനായി നാനാജാതി മതസ്ഥരായ അനേകമാളുകൾ എത്തിക്കൊണ്ടിരുന്നു.

www.malankaralibrary.com

മുൻ തീരുമാനമനുസ്സരിച്ച് ചഞ്ചലനാകാതെ മാർ ഇവാനിയോസി നോടൊപ്പം മാർ തിയോഫിലോസ് കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് വന്ദ്യതിരുമേനി അനുഭവി ച്ചിട്ടുള്ള ക്ലേശങ്ങൾ വർണ്ണനാതീതമത്രേ. ബന്ധുക്കൾ ശത്രുക്കളായി. അനുഭാ വികൾ അകന്നവരായി എവിടെയും ബഥനിക്കെതിരായ ദൂഷണങ്ങളെ കേൾ പ്പാനുള്ളു. പരമകാരുണികനായ ദൈവത്തിലുള്ള അചഞ്ചല വിശ്വാസം തിരു മേനിയെ മുന്നോട്ടാനയിച്ചു. മാർ തിയോഫിലോസ് തിരുമേനിയുടെ വിശുദ്ധ ജീവിതം വരച്ചുകാട്ടുന്ന ഒരു ലേഖനമാണിത്. പുനരൈക്യസ്മരണാ കിരണങ്ങൾക്ക് ഒരു തിലകക്കുറിയായി ഈ ലേഖനം പ്രശോഭിക്കുന്നു.

## 3.ജോസഫ് മാർ സെവേരിയോസ് മെത്രാപ്പോലീത്ത

സെവേരിയോസ് തിരുമേനിയുടെ ജീവചരിത്രമാണ് അടുത്ത ലേഖനം. പുനരൈക്യപ്രസ്ഥാനത്തെ ആദ്യനാളുകളിൽ സർവ്വശക്തിയുമപയോഗിച്ച് എതിർത്ത മാർ സെവേറിയോസ് തന്റെ പഠനത്തിന്റെ ഫലമായി പുനരൈക്യ പ്രസ്ഥാനത്തിൽ ചേരുകയാണുണ്ടായത്. അദ്ദേഹം തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായും മെത്രാനായും പ്രവർത്തിച്ചു. മെത്രാപ്പോലീത്താ പദവിയും നൽകി. മഹാപുരുഷന്റെ ഭരണകാലത്ത് തിരുവല്ലാ രൂപതയ്ക്കു ണ്ടായ നേട്ടങ്ങളെപ്പറ്റി വിശദമായി ഈ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഒരു സംഭവകഥയാണ് "ഉം എന്ന് മൂളിയിരുന്നുവെങ്കിൽ" എന്ന് കുറിപ്പ്. മെത്രാനച്ചന്റെ സത്യസന്ധതയ്ക്ക് ഒരു തെളിവാണിവ. വളഞ്ഞ വഴി സ്വീകരി ക്കുന്നതിനെ തിരുമേനി എന്നും എതിർത്തിരുന്നു.

ഏഴുവർഷക്കാലം പുനരൈക്യപ്രസ്ഥാനത്തെ സർവ്വശക്തിയുമുപ യോഗിച്ച് എതിർത്ത മാർ സെവേറിയോസ് 1937 നവംബർ 29-ന് ആർച്ച് ബിഷപ്പ് മാർ ഇവാനിയോസിന്റെ മുൻപിൽ വച്ച് കത്തോലിക്കാ വിശ്വാസ സത്യപ്രഖ്യാപനം നടത്തിക്കൊണ്ട് പുനരൈക്യപ്പെട്ടു. പുനരൈക്യപ്രസ്ഥാന ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായി ഈ സംഭവം മാറുകയുണ്ടായി.

## പുനരൈക്യപ്രസ്ഥാനത്തിന്റെ തലതൊട്ടപ്പൻ - ബിഷപ്പ് ഡോ. ബൻസിഗർ

സ്വിറ്റ്സർലണ്ടിൽ ഉന്നത കുടുംബത്തിൽ ജനിച്ച് ആത്മാക്കളെ നേടാ നായി കേരളത്തിൽ എത്തിയ ബൻസിഗർ തിരുമേനിയുടെ സംഭവ ബഹുലമായ ജീവിതം ആണ് ജെ. വലിയപറമ്പിൽ എഴുതി പ്രസിദ്ധീ കരിച്ചിരിക്കുന്നത്. കൊല്ലം രൂപതയ്ക്കും കേരള ക്രൈസ്തവ സമുദായത്തിനും ഒരു സന്യാസികൂടിയായ ബൻസിഗർ തിരുമേനി ചെയ്തിട്ടുള്ള സേവനം ആർക്കും ഒരിക്കലും സ്മരിക്കുവാൻ സാദ്ധ്യമല്ല. 1653-ലെ കൂനൻകുരിശു സത്യ ത്തിനുശേഷം സഭയിൽ നിന്നും വേർപെട്ടുപോയ പുത്തൻകൂർ വിഭാഗ ത്തിൽപ്പെട്ടവരെ വീണ്ടും കത്തോലിക്കാസഭയിലേക്ക് ആനയിക്കുന്നതിന്

www.malankaralibrary.com

പലരും പല സന്ദർഭങ്ങളിലും ശ്രമിച്ചിട്ടുണ്ട്. എന്നാൽ അക്കാര്യം വിജയത്തിലെത്തിക്കാൻ സാധിച്ചത് ബൻസിഗർ തിരുമേനിക്കാണ് തിരുമനസ്സിലെ ആർഭാടരഹിതമായ ജീവിത രീതിയും വ്യക്തിപരവും അനന്യ സാധാരണവുമായ ഇതരഗുണങ്ങളും സ്വന്തം മതാനുയായികളെ മാത്രമല്ല തിരുവിതാംകൂർ ജനതയുടെ മുഴുവൻ പ്രശംസയ്ക്ക് വഴി തെളിച്ചിട്ടുണ്ട്.

## ജൂബിലി വർഷാചരണം

1950 ജൂബിലി വർഷമായി പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പാ പ്രഖ്യാപിക്കുകയുണ്ടായി. എന്താണ് ജൂബിലിയെന്നും അത് മുൻകാലങ്ങളിൽ എങ്ങനെ ആചരിക്കപ്പെട്ടുവെന്നും ഈ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. കത്തോലിക്കാ തിരുസഭയിലും ജൂബിലി വർഷം ആചരിച്ചുവരുന്നത് സഭാംഗങ്ങൾ ധാരാളം പുണ്യകൃത്യങ്ങൾ ചെയ്ത് പാപങ്ങൾക്ക് പരിഹാരം ചെയ്യുന്നതിനും പാപഫലമായി ലോകത്തിൽ ഉണ്ടായിട്ടുള്ള ദൈവശിക്ഷകൾ നീക്കുന്നതിനും പ്രത്യേകവിധമായ ദൈവാനുഗ്രഹങ്ങൾ സംഭരിക്കുന്നതിനും വേണ്ടിയാണ് ജൂബിലി വത്സാചരണത്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഈ ലേഖനം.

## മലങ്കര അന്ത്യോക്യാ സുറിയാനി റീത്ത്

പുനരൈക്യസ്മരണാ കിരണങ്ങൾ എന്ന ഗ്രന്ഥത്തിലെ ശ്രദ്ധേയമായ ഒരു ലേഖനമാണ് മലങ്കര അന്ത്യോക്യാ സുറിയാനി റീത്തിനെപ്പറ്റി ഫാ. പ്ലാസിഡ് സി. എം. ഐ എഴുതിയിരിക്കുന്ന ലേഖനം. പ്ലാസിഡും സീറോ മലങ്കരസഭയുമായുള്ള ബന്ധത്തെപ്പറ്റി അറിയാവുന്നവർ ഇന്ന് വിരളമായിരിക്കും. ഔദ്യോഗികമായി പുനരൈക്യപ്രസ്ഥാനം പൂവണിയുന്നതിന് മുൻപുതന്നെ പ്ലാസിഡച്ചൻ ഈ പ്രസ്ഥാനവുമായി വളരെയടുത്ത് ബന്ധപ്പെട്ടിരുന്നു. സീറോമലബാർ സഭയ്ക്കുവേണ്ടിയുള്ള ദൈവാരാധന പുസ്തകങ്ങൾ പരിശോധിക്കുവാൻ സഭാധികാരികൾ ഫാ. പ്ലാസിഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മലങ്കര സഭാപിതാക്കന്മാരും വൈദികരുമായി ഒരു ഗാഢബന്ധം സ്ഥാപിക്കുന്നതിന് പ്ലാസിഡച്ചന് സാധിച്ചു. തിരുവല്ലാ രൂപതയുടെ ഉപദേഷ്ടാവായി മാർ സെവേറിയോസ് മെത്രാപ്പോലീത്താ പ്ലാസിഡച്ചനെ നിയമിച്ചതിൽനിന്നും മലങ്കരസഭ പ്ലാസിഡച്ചനെ എത്രമാത്രം ആദരിച്ചിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

എക്യുമെനിസത്തിന്റെയും ഡയഗേറ്റിന്റെയും സന്ദേശവാഹകനായിരുന്നു പ്ലാസിഡച്ചൻ. മറ്റു സഭാവിഭാഗങ്ങളുടെ യോഗങ്ങളിൽ പ്രസംഗിക്കുകയും സെമിനാറുകളിൽ ചർച്ചാക്ലാസ്സുകൾ നടത്തുകയും ചെയ്തിരുന്നു. കത്തോലിക്കാ സഭയെക്കുറിച്ചും റോമാ മാർപ്പാപ്പയെക്കുറിച്ചുമുള്ള കത്തോലിക്കാ വിശ്വാസം വിശദീകരിച്ചുകൊണ്ട് ഒരു വലിയ ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചു. നിരവധി ലഘുലേഖകൾ പ്രസിദ്ധീകരിച്ചു. 1953-ൽ പൗര

www.malankaralibrary.com

സ്ത്യസംഘത്തിന്റെ ഉപദേശകനായി പ്ലാസിഡച്ചൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇന്ത്യയിലെ പൗരസ്ത്യസഭകളെ സംബന്ധിച്ച് ചരിത്രപരവും ദൈവാരാധനാപരവും സിദ്ധാന്തപരവുമായ പല പ്രശ്നങ്ങളിലും അഭിപ്രായമാരായാൻ അപ്പസ്തോലപ്രതിനിധികൾ ബന്ധപ്പെട്ടിരുന്നത് ഫാ. പ്ലാസിഡിനോടായിരുന്നു.

മലങ്കര അന്തോക്യാ സുറിയാനി റീത്തിനെപ്പറ്റി ആ മഹാപണ്ഡിതൻ എഴുതിയ ലേഖനം പുനരൈക്യപ്രസ്ഥാനം രൂപം കൊള്ളുന്നതിന് മുൻപ് യാക്കോബായക്കാർ- കത്തോലിക്കസഭയെ ആശ്ലേഷിപ്പാൻ അവർക്ക് അന്തോക്യാ സുറിയാനി റീത്ത് ഉപയോഗിച്ചുകൊള്ളുവാൻ റോം അനുവദിച്ചിരുന്നു. ഈ ചരിത്രപശ്ചാത്തലത്തിലേക്കുള്ള ഒരു ഗവേഷണമാണ് ഫാ. പ്ലാസിഡച്ചന്റെ ലേഖനം.

## മലങ്കര സിറിയൻ കാത്തലിക് കോൺഗ്രസ്സ്

തിരുവല്ല തിരുവനന്തപുരം രൂപതകളിൽ പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ (1942-ൽ) സ്ഥാപിച്ച് പ്രവർത്തിച്ച ഒരു അൽമായ സംഘടനയാണ് മലങ്കര സിറിയൻ കാത്തലിക് കോൺഗ്രസ്. ഈ രണ്ടു രൂപതകളിലെയും പ്രായപൂർത്തിയായ എല്ലാ പുരുഷന്മാർക്കും അംഗത്വം സ്വീകരിക്കാമെന്ന വ്യവസ്ഥയോടുകൂടിയാണ് ഈ സംഘടന സ്ഥാപിതമാകുന്നത്. സമുദായാംഗങ്ങളിൽ ഐക്യബോധം വളർത്തുക, അവരുടെ അവശതാ പരിഹാരത്തിനും അവകാശസംരക്ഷണത്തിനും വേണ്ടതു ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ സ്ഥാപിതമായ ഈ സംഘടന കത്തോലിക്കാ കോൺഗ്രസ്സിന്റെ ഒരു ഘടക സംഘടനകൂടിയാണ്. അതിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് എം.ഒ. വർഗീസ് ബി.എ. എഴുതിയ ലേഖനമാണ് പുനരൈക്യസ്മരണാകിരണങ്ങളിലെ മറ്റൊരു ലേഖനം.

## ഇരുപതാം വാർഷികം

പുനരൈക്യത്തിന്റെ ഇരുപതാം വാർഷിക സ്മരണയായിട്ടാണല്ലോ പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പുനരൈക്യപ്രസ്ഥാനത്തിന്റെ 20 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള ലേഖനം തയ്യാറാക്കിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ ശില്പിയായ ഫാ. ജോൺ കച്ചിറമറ്റം തന്നെയാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ ചരിത്രം വിശദമായി ഈ ലേഖനത്തിൽ ഉണ്ട്. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ അവർ അനുഭവിക്കേണ്ടി വന്നയാതനകളും വിശദമായി പ്രതിപാദിക്കുന്നുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന്റെ പല ഘട്ടങ്ങളെക്കുറിക്കുന്ന വളർച്ചയുടെ കണക്കുകളും ലേഖനത്തിൽ വിശദമായി ചേർത്തിരിക്കുന്നു. ഈ ലേഖനം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. "കത്തോലിക്കാ ലോകം മുഴുവനും അഹ്ലാദം ജനിപ്പിച്ച പുനരൈക്യസദ്വാർത്ത

www.malankaralibrary.com

അക്ഷയമായ പ്രേക്ഷിതചൈതന്യത്തോടെ എല്ലാ സ്നേഹഹൃദയങ്ങളെയും സമ്പന്നമാക്കി തീർക്കട്ടെ എന്നതാണ് ഈ രൂപതാ വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഇതിന്റെ അഭ്യുദയകാംഷികൾക്കായി എനിക്കു നല്കുവാനുള്ള ആശംസ."

## എ. പീലീപ്പോസ് മാരേട്ട്

പുണ്യ ചരിതനായ എ. പീലിപ്പോസ് മാരേട്ട് ജഡ്ജിയുടെ ലേഖനമാണ് ഇന്നത്തെ നമ്മുടെ ആവശ്യം പ്രാർത്ഥനയും പ്രായശ്ചിത്തവും എന്നത്. 1931-ൽ ആണ് പീലിപ്പോസും കുടുംബവും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടത്. അദ്ദേഹത്തിന്റെ പുണ്യജീവിതം അനേകരെ സഭയിലേക്ക് ആനയിക്കുന്നതിനിട നല്കി. ഇന്നത്തെ നമ്മുടെ ആവശ്യം പ്രാർത്ഥനയും പ്രായശ്ചിത്തവുമാണെന്ന് സമർത്ഥിച്ചിരിക്കുകയാണ് ഈ ലേഖനത്തിൽ

## വത്തിക്കാൻ റേഡിയോയിലെ പ്രസംഗം

ജോസഫ് മാർ സെവേരിയോസ് തിരുമേനിയുടെ വിദേശയാത്രാ വേളയിൽ വത്തിക്കാൻ റേഡിയോയിൽക്കൂടി 1950 ജൂൺ 20-ന് നടത്തിയ പ്രസംഗം അതേപടി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പുനരൈക്യസാഹചര്യത്തെപ്പറ്റിയും പോപ്പുമായി ബന്ധപ്പെടുവാൻ ഉണ്ടായ സാഹചര്യത്തെപ്പറ്റിയും വത്തിക്കാന്റെ പ്രൗഢിയെപ്പറ്റിയും എല്ലാം വിശദമായി പ്രതിപാദിച്ച ആ പ്രസംഗം ഏറെ അഭിമാനത്തോടെയാണ് നമുക്ക് വായിക്കാൻ സാധിക്കുക.

## ഒരു പരാജയവും അതിന്റെ പ്രതിവിധിയും

കൂനൻകുരിശു സത്യം- അത് വരുത്തിവച്ച വിനകൾ. പൂർവ്വിക മലങ്കര സഭ റോമ സിംഹാസനത്തിന് എന്നും കീഴ്പ്പെട്ടിരുന്ന വസ്തുത തുടങ്ങിയവ വിശദമായി പ്രതിപാദിക്കുന്ന വി.എ. വർഗീസ് ബി.എ.എൽ.റ്റി.യുടെ ലേഖനം വളരെ ശ്രദ്ധാർഹമാണ്. സുറിയാനി സമുദായം കടന്നുപോന്ന വഴികളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന ഈ ലേഖനം സത്യം ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർക്ക് സഹായകരമാണ്.

## മെക്കാളെ പ്രഭു

സഭയുടെ ഐതിഹാസികമായ വളർച്ചയെപ്പറ്റിയും അത് എന്നുമെന്നും നിലനിൽക്കുമെന്നുള്ളതിനെപ്പറ്റിയും പ്രശംസിച്ചുകൊണ്ട് മെക്കാളെ പ്രഭു നടത്തിയ അഭിനന്ദന വാക്കുകൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പല രാജവംശങ്ങളുടേയും വളർച്ചയും തകർച്ചയും കണ്ടിട്ടുള്ള മാഹാ പ്രസ്ഥാനമാണ് സഭയെന്നും ഇനിയും ചരിത്രം ആവർത്തിക്കുമെന്നും സഭ എക്കാലവും നിലനിൽക്കുമെന്നുമാണ് മെക്കാളെ അഭിപ്രായപ്പെട്ടത്.

www.malankaralibrary.com

## ഉദയംപേരൂർ സൂനഹദോസ്

1599-ൽ ഉദയംപേരൂർ വിളിച്ചു ചേർത്ത സൂനഹദോസ് സഭാചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്. ആ സൂനഹദോസിനെപ്പറ്റി സമഗ്രമായ ഒരു പഠനമാണ് കരവട്ട് വീട്ടിൽ ശെമഓൻകോർ എപ്പിസ്കോപ്പ നടത്തിയിരിക്കുന്നത്. ഇതിൽ ചിലർ ഉദയംപേരൂർ സുനഹദോസിന്റെ തീരുമാനങ്ങളെപ്പറ്റി വ്യത്യസ്ത അഭിപ്രായം പുറപ്പെടുവിക്കുന്നത് കേൾക്കാം. ഇവിടെ സാമൂഹ്യപുരോഗതി കൈവരുത്തുവാൻ സാധിച്ചത് ഈ സൂനഹദോസാണെന്ന് അഭിപ്രായപ്പെടുന്നവർ ഇന്നുമുണ്ട്. യഥാർത്ഥത്തിൽ വിദേശികളുടെ അടിമത്തത്തിലേയ്ക്ക് മലങ്കര സഭയെ നയിക്കുകയെന്ന ലക്ഷ്യമായിരുന്നു സംഘാടകർക്കുണ്ടായിരുന്നത്. ഒൻപത് യോഗങ്ങളിലായി ഏഴുദിവസം കൊണ്ട് 200 നിയമങ്ങൾ ചർച്ചകൾപോലും നടത്താതെ പാസ്സാക്കുകയാണുണ്ടായത്. ഉദയംപേരൂർ പള്ളിയുടെ പേരുപോലും മാറ്റുവാനും സൂനഹദോസ് തയ്യാറായി. തിരുസിംഹാസനത്തിന്റെ അംഗീകാരം ലഭിക്കാത്ത ഒരു സൂനഹദോസാണെന്ന് കോർ എപ്പിസ്കോപ്പാ അഭിപ്രായപ്പെട്ടിരിക്കുന്നു.

## ആശ്രമങ്ങളെപ്പറ്റി

പൗരസ്ത്യസഭയിൽ സന്യാസസമൂഹം ഏർപ്പെടുത്തിയത് പുണ്യശ്ലോകൻ മാർ ബസേലിയൂസ് ബാവായാണ്. അദ്ദേഹം ഏർപ്പെടുത്തിയ നിബന്ധനകളാണ് ബഥന്യാശ്രമത്തിൽ സ്വീകരിക്കപ്പെട്ടത്. അതിന്റെ ചരിത്രത്തിലേയ്ക്ക് ഒരു എത്തിനോട്ടമാണ് ആശ്രമഘടനയെപ്പറ്റിയുള്ള ലേഖനം.

## ക്രിസ്തുവിന്റെ മണവാട്ടി

ക്രിസ്തുവിന്റെ മണവാട്ടി ഏത് എന്ന ഫാ. ഗീവർഗ്ഗീസ് തോമ്പ്രയുടെ ലേഖനം വളരെ അർത്ഥപൂർണ്ണമാണ്. സഭ അപ്പസ്തോലികവും കാതോലികവും വിശുദ്ധവുമായിരിക്കണമെന്ന് സർവ്വരും സമ്മതിക്കുന്നതാണ്. ഈ നാലു ലക്ഷ്യങ്ങൾ ഏതു സഭയ്ക്കാണുള്ളതെന്ന് ഉള്ള വസ്തുനിഷ്ടമായ ഒരു വിലയിരുത്തലാണ്. ക്രിസ്തുവിന്റെ മണവാട്ടി ഏത് എന്ന ലേഖനം.

ഉദയംപേരൂർ സൂനഹദോസിന് മുൻപുതന്നെ നമ്മുടെ പിതാക്കന്മാർ റോമ ഐക്യത്തിലായിരുന്നുവെന്ന് സമർത്ഥിച്ചിരിക്കുന്ന ഒരു ലേഖനമാണിത്. ഇന്നത്തെ തലമുറയും ആ രീതിയിൽ ചിന്തിച്ച് പ്രവർത്തിക്കുക തന്നെ വേണം.

## മിശിഹാനുകരണ സന്യാസിനീ സമൂഹം

മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ ചരിത്രത്തെപ്പറ്റി വ്യക്തമായ അറിവു നൽകുന്നതാണ് അടുത്ത ലേഖനം. പുനരൈക്യപ്രസ്ഥാനം രൂപം കൊള്ളുന്നതിന് മുമ്പുതന്നെ മിശിഹാനുകരണ സന്യാസിനീ സമൂഹം സ്ഥാപിതമായി. പുനരൈക്യത്തെ തുടർന്ന് അവർ അനുഭവിക്കുന്ന ജീവിത ദുരിതങ്ങളെപ്പറ്റയും വ്യക്തമായ അറിവ് ഈ ലേഖനത്തിൽ നിന്നും ലഭി

www.malankaralibrary.com

ക്കും. 65 വർഷം മുമ്പിലെ മിശിഹാനുകരണ സന്യാസിനീ സമൂഹം ഇന്ന് എവിടെ നിൽക്കുന്നുവെന്ന് പഠിക്കുവാൻ ഈ ലേഖം സഹായിക്കും.

**സൗന്ദര്യമേ** - ധൂർത്ത പുത്രനാനുഭവത്തോട് ഉപമിക്കുന്നതാണ് സൗന്ദര്യമേ എന്ന കുറിപ്പ്.

**നിരണം** - തോമ്മാശ്ലീഹായുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ നിരണത്തെപ്പറ്റി ചരിത്രപരമായ അറിവ് നൽകുന്നതാണ് ഫാ. എൻ. ജെ. കുര്യാക്കോസിന്റെ ലേഖനം.

**സഭയുടെ വിജയപതാക** - സഭയുടെ വിജയപതാക എന്നും എക്കാലവും ഉയർന്നു നിൽക്കാനുള്ള കാരണത്തെപ്പറ്റിയുള്ള വിചിന്തനങ്ങളാൽ സഭയുടെ വിജയപതാക എന്ന കുറിപ്പ്.

**അകത്തോലിക്കാ സഭകൾ** - ചരിത്രകാരനായ ഫാ. തോമസ് ഇഞ്ചെയ്ക്കലോടിയുടെ പണ്ഡിതോചിതമായ ലേഖനമാണ് കേരളത്തിലെ അകത്തോലിക്കാ സഭകൾ ഒരു വിഹഗവീക്ഷണം. വിദേശിയരാൽ സ്ഥാപിതമായ അകത്തോലിക്കാ സഭകളെപ്പറ്റിയും സ്ഥാപനയിലും പ്രവർത്തനങ്ങളിലും ദേശീയ സഭകളായിട്ടുള്ളവയെപ്പറ്റിയും ഇഞ്ചയ്ക്കോലിടിയച്ചൻ ശരിയായ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ട്. മാർത്തോമ്മാശ്ലീഹായുടെ സന്താനങ്ങൾ ഒരു തൊഴുത്തിൽ മുഖ്യഇടയന്റെ കീഴിൽ ആയി തീരുവാനുള്ള ആഗ്രഹത്തോടെയാണ് ഉപസംഹരിക്കുക.

## മുണ്ടൻമലയിലെ സുഭിക്ഷിത

മുണ്ടൻമലയിലെ സുഭിക്ഷിത എന്ന ഭാഗം അന്നത്തെ സാമ്പത്തിക സ്ഥിതി വിവരിക്കുന്നതാണ്. ആശ്രമസ്ഥർ ആദ്യ കാലങ്ങളിൽ എന്തുമാത്രം പ്രയാസം അനുഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന സംഭവങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലെങ്കിലും ദാരിദ്ര്യം അനുഭവിക്കുന്നതിൽ അവർ ഒരിക്കലും വിമുഖത കാണിച്ചില്ലെന്ന് വ്യക്തമാക്കുകയാണ് ഈ സംഭവങ്ങൾ.

## പരിശുദ്ധ പിതാവ് നിർദ്ദേശിക്കുന്ന ആറു കാര്യങ്ങൾ

പന്ത്രണ്ടാം പീയുസ് പാപ്പാ നിർദ്ദേശിക്കുന്ന 6 കാര്യങ്ങൾ നമ്പറിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. പുനരൈക്യത്തിൽപെട്ടവർക്കുമാത്രമല്ല എല്ലാ ക്രിസ്ത്യാനികളും അറിഞ്ഞിരിക്കേണ്ടതാണ്, ഇതിൽ പ്രതിപാദിച്ചിരിക്കുന്നവ താഴെ ചേർക്കുന്നു.

1. കത്തോലിക്കർ പരിശുദ്ധവും മാതൃകാപരവുമായ .ജീവിതം നയിക്കണം. 2. ദരിദ്രരും ലൗകികധനത്തെക്കാൾ കൂടുതലായി ആദ്ധ്യാത്മിക ധനത്തെ വിലമതിക്കണം. 3. ക്രിസ്തീയധർമ്മം പ്രായോഗികജീവിതത്തിൽ

www.malankaralibrary.com

ഏവരും പ്രകടിപ്പിക്കണം. 4സമുദായനീതി സകലതിലും പരിപാലിക്കുവാൻ ശ്രദ്ധ പതിപ്പിക്കണം. 5. കത്തോലിക്കസഭയുടെയും കമ്മ്യൂണിസത്തിന്റെയും പ്രബോധനങ്ങൾ ഏവയെന്ന് എല്ലാവരും ശരിയായി പാലിക്കണം. 6. പ്രാർത്ഥനയും പ്രായശ്ചിത്തപ്രവർത്തികളും അനുദിനം അനുഷ്ടിക്കണം.

**വെള്ളിവിളക്ക്** –തുടർന്ന് ഒരു പദ്യമാണ് ചേർത്തിരിക്കുന്നത്. വെള്ളി വിളക്ക് എന്നാണ് തലക്കെട്ട്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യ നാളുകളിൽ കത്തോലിക്കാ സഭയെ ആശ്ലേഷിച്ച ഫാ. വർഗ്ഗീസ് കിളിച്ചി മലയാണ് ആ കവിതയുടെ രചയിതാവ്. ഇരുപത്തിമൂന്നിലധികം കൃതികൾ രചിച്ചിട്ടുള്ള ഫാ. കിളിച്ചിമല ഒരു പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനാണ്. എം. എ. ബി. എസ്. ബിരുദധാരികാലത്തിന്റെ കവിത ഈ സ്മരണികയ്ക്ക് ഒരു വെളിച്ചം തന്നെയാണ്. ആ കവിതയുടെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ.

വെള്ളിദീപമേ മിന്നും തീനാളമേ,
വെല്ലു, വെല്ലു, "പുനരൈക്യതാരമേ,"
അല്ലിലാണ്ടലഞ്ഞീടുന്നവർക്കൊരുൽ-
ഫുല്ലമാം വെളിച്ചം പകർന്നിടുവാൻ
കോകിലം പാടി നിന്നെ പുകഴ്ത്തിടും
പൂവിരിക്കും നിൻവേദിയിൽ വല്ലികൾ.
നീലവാനിലൊരായിരം താരകം
ലോലദീപികേ, നിന്നെപ്പുണർന്നീടും

## കൂപ്പുകൈ

മാകന്ദ മഞ്ജരിയിൽ സി. മക്രിനാ എസ്. ഐ. സി. രചിച്ച കവിതയാണ് ഇത്. മാർ സെവേരിയോസ് തിരുമേനിയുടെ റോമൻ യാത്രാ പര്യടനത്തെ കേന്ദ്രമാക്കി രചിച്ചതാണിത്. സെക്രട്ടറി ഫാ. മാത്യു നെടുങ്ങാട്ടുമൊന്നിച്ചു നടത്തിയ പര്യടനത്തെപ്പറ്റിയും മാർ സെവേരിയോസ് തിരുമേനിയുടെ പുനരൈക്യത്തെപ്പറ്റിയും ഈ കവിതയിൽ പ്രതിപാദിക്കുന്നു.

## സി. ഹെലൻ

ഒരു യൂറോപ്യൻ കന്യാസ്ത്രിയാണ് സി. ഹെലൻ, ബഥനികന്യകാമഠത്തിന്റെ സ്ഥാപനത്തിനായി അത്യധികം കഷ്ടപ്പെട്ട സി. ഹെലൻ ബാരിസോൾ മഠത്തിലെ അധികൃതരിൽ ഒരാളായ സി. ഹെലനാണ് ബഥനി കന്യകാമഠത്തിന്റെ സ്ഥാപനത്തിനായി അത്യുത്സാഹത്തോടെ പ്രവർത്തിച്ചത്. ബാരിസോളിൽ വച്ച് രൂപം നല്കിയ കന്യാമഠത്തെ തിരുവല്ലായിൽ കൊണ്ടുവന്ന് പ്രതിഷ്ഠിക്കുകയാണ് ചെയ്തത്.

## ചെസ്റ്റർട്ടിന്റെ അഭിപ്രായം

താൻ കത്തോലിക്കനായതിന്റെ കാരണങ്ങൾ പലതാണ്. ഒരു

www.malankaralibrary.com

പുസ്തകം മുഴുവൻ എഴുതാനുള്ള കാരണങ്ങൾ ഉണ്ടെന്നാണ് ചെസ്റ്റർട്ടൻ അഭിപ്രായപ്പെടുന്നത്. പ്രധാനമായി ആറുകാരണങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. അദ്ദേഹം പറയുന്നു "കത്തോലിക്കാ സഭമാത്രമാണ് ലോകത്തെ ആകമാനം നിയമങ്ങൾ മൂലമല്ല മാനസിക സംസ്കാരം മൂലം ആന്തരികമായി സമുദ്ധരിക്കുന്നതിന് അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ മഹാശക്തി. ഇപ്രകാരം എഴുതി തുടങ്ങിയാൽ അവസാനിക്കുകയില്ല.

**പശുക്കൾ -** ബഥനിയിൽ അന്ന് നിരവധി പശുക്കൾ ഉണ്ടായിരുന്നു. പുലികൾ പലതിനെയും കൊന്ന് ഭക്ഷിക്കുമായിരുന്നു. അന്നത്തെ കാലി വളർത്തലിന്റെ ഒരു ചെറിയ സംഭവമാണ് ഇവിടെ വിവരിക്കുന്നത്. ഇരുമ്പു കൊണ്ടുള്ള ആയുധം പുലിക്ക് ഭയമെന്നാണ് പറയുന്നത്. അത് ശരി വയ്ക്കുന്ന ഒരു സംഭവമാണിത്.

**ഒരു പ്രാർത്ഥന -** കുര്യൻ വൈദ്യൻ തിരുമൂലപുരം വഞ്ചിപ്പാട്ട രീതിയിൽ രചിച്ചിരിക്കുന്ന പാട്ടാണിത്. പ. കന്യാസ്ത്രീമറിയത്തെ സ്തുതിച്ചുകൊണ്ടും സത്യമായ പുനരൈക്യം വിജയമകുടം ചൂടണമെന്നും മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ പുനരൈക്യപ്രസ്ഥാനം വളരട്ടെയെന്നും പ്രാർത്ഥിക്കുന്ന ഭാഗം ഹൃദയാവർജ്ജമാണ്. മാർ സെവേറിയോസ് തിരുമേനിയുടെ യൂറോപ്പു പര്യടനത്തിന് മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

## യൂറോപ്പ് പര്യടനം

തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ സെവേറിയോസ് തിരുമേനി തന്റെ സെക്രട്ടറി വെരി. റവ. മാത്യു നെടുങ്ങാട്ട് ഒന്നിച്ച് നടത്തിയ യൂറോപ്പ് പര്യടനത്തെപ്പറ്റി എഴുതിയിരിക്കുന്ന ലേഖനമാണ് പുനരൈക്യസ്മരണാകിരണങ്ങളിൽ അവസാനം ചേർത്തിരിക്കുന്ന ലേഖനം. ഫാ. നെടുങ്ങാട് യാത്രാവിവരണത്തെ സംബന്ധിച്ച് അതത് സമയങ്ങളിൽ അയച്ചു തന്ന കത്തുകളിൽ നിന്നും ലേഖനങ്ങളിൽ നിന്നും സംഗ്രഹിച്ച് ചേർത്തിരിക്കുന്നതാണ് ഈ ലേഖനം. പ. പിതാവ് നടത്തിയ കുർബ്ബാനയുടെ പ്രഭാഷണത്തിൽ മാർ സെവേറിയോസ് പങ്കെടുത്തു. വി. മരിയ ഗൊരേത്തിയുടെ വിശുദ്ധ പ്രഖ്യാപന ചടങ്ങിലും പങ്കെടുത്തു. പല യൂറോപ്യൻ രാജ്യങ്ങളിലും വച്ച് തിരുമേനിക്ക് ഗംഭീര സ്വീകരണം ലഭിച്ചു. ലൂർദ്ദ്, ഫാത്തിമ, ഇംഗ്ലണ്ട്, ലിവർപൂൾ, ഐർലണ്ട്, പാരീസ്, ലീസിയേ, ഫ്റിബുർഗീൻ കർത്തൂസ്യൻ ആശ്രമം, ബേൺ നഗരം, മിലാൻ തുടങ്ങിയ സ്ഥലങ്ങളിൽ സന്ദർശനം നടത്തിയതും വിശദമായി ചേർത്തിട്ടുണ്ട്. 1950 മേയ് 24-ന് ആരംഭിച്ച വിനോദയാത്ര 1950 സെപ്റ്റംബർ 21-ന് ബയ്റൂട്ട് വഴി കേരളത്തിലേക്ക് പുറപ്പെട്ടു. ഈ യാത്രാവിവരണം പല ചിന്തകളും അനുഭവങ്ങളും വായനക്കാർക്ക് സമ്മാനിക്കുന്നതാണ്.

www.malankaralibrary.com


# മൂന്നാംഭാഗം

# പുനരൈക്യ സ്മരണാ കിരണങ്ങൾ

## ഇന്നിന്റെ പ്രസക്തി

## മലങ്കരയിലെ സഭൈക്യം-ഇന്നലെ, ഇന്ന്, നാളെ.

**ഫാദർ ജോർജ് തേക്കടിയിൽ -ബാംഗളൂർ**



### ആമുഖം

ഭാരതസഭാചരിത്രത്തിൽ സുവർണ്ണ ലിപികളാൽ എഴുതപ്പെട്ട ചരിത്ര സംഭവമാണ്1930 സെപ്റ്റംബർ 20-ാം തീയതി മലങ്കര ഓർത്തഡോക്സ് സഭയിലെ ബഥനിയുടെ മെത്രാപ്പോലീത്ത മാർ ഇവാനിയോസിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യസംഭവം. ഈ സംഭവത്തിന്റെ ഇരുപതാം വാർഷിക വേളയിൽ ബഹുമാന്യനായ മോൺ . ജോൺ കച്ചിറമറ്റം അച്ചന്റെ നേതൃത്വത്തിൽ പ്രസിദ്ധീകൃതമായ പുനരൈക്യ സ്മരണാകിരണങ്ങൾ അറുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കുമ്പോൾ, പുനരൈക്യസംഭവവും അത് ഭാരതസഭയിൽ കഴിഞ്ഞ എൺപത്തഞ്ചു വർഷങ്ങൾ ചെലുത്തിയിട്ടുള്ള സ്വാധീനവും ഭൂത - ഭാവി വർത്തമാനകാലങ്ങളിലൂടെ നോക്കി കാണാനുള്ള ഒരു എളിയ ഉദ്യമമാണീ ലേഖനത്തിലൂടെ നടത്തുന്നത്. തികഞ്ഞ സഭാ-സമുദായസ്നേഹിയും, കേരള ക്രൈസ്തവ സഭയ്ക്ക് നിസ്തുലമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന ബഹുമാന്യനായ ജോൺ കച്ചിറമറ്റം സാർ ഏറ്റെടുത്തിരിക്കുന്ന ഈ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു. മലങ്കര സഭാ പുനരൈക്യത്തിന്റെ 20-ാം വാർഷികം മാർ ഇവാനിയോസ് പിതാവിന്റെ മെത്രാഭിഷേക ജൂബിലി, ബഥനി സന്യാസിനി സഭയുടെ സ്ഥാപനത്തിന്റെ രജതജൂബിലി സാർവത്രിക കത്തോലിക്ക സഭ പ്രഖ്യാപിച്ച വിശുദ്ധ വർഷാചരണം, തിരുവല്ല രൂപതയുടെ ഭരണം നിർവഹിച്ചുകൊണ്ടിരുന്ന അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ റോമാ സന്ദർശനം തുടങ്ങി പല സംഭവങ്ങളുടെയും സ്മരണികയാണ് പുനരൈക്യ സ്മരണാ കിരണങ്ങൾ. മലങ്കര കത്തോലിക്കാ സഭയുടെ 20 വർഷങ്ങളിലെ ചരിത്രം കൂടിയാണിത്. ഇവിടെ മലങ്കര കത്തോലിക്ക സഭയും, മലങ്കരയിലെ സഭ പൊതുവായും, പരാമർശിക്കപ്പെടുന്നുണ്ട്. മലങ്കര സഭയും സാർവത്രിക കത്തോലിക്കാ സഭയും

www.malankaralibrary.com

വിശകലന വിധേയമാകുന്നുണ്ട്. മാർ ഇവാനിയോസ് പിതാവ് , മാർ തെയോഫിലസ് പിതാവ് , മാർ സേവേറിയോസ് പിതാവ് കൊല്ലം രൂപതാ മെത്രാനും പുനരൈക്യ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയയാളുമായ അഭി. ബൻസിഗർ പിതാവ്, പതിനൊന്നാം പീയുസ് മാർപ്പാപ്പ, പന്ത്രണ്ടാം പീയുസ് മാർപ്പാപ്പ തുടങ്ങിയ മഹത് വ്യക്തിത്വങ്ങളെക്കുറിച്ചുള്ള വിവരങ്ങളിതിലുണ്ട്. മലങ്കര കത്തോലിക്കാ പുനരൈക്യ സംഭവം, മലങ്കര അന്തോക്യൻ റീത്ത് , ഉദയം പേരൂർ സൂന്നഹദോസ്, ബഥനി ആശ്രമം, ബഥനി സന്യാസിനീ പ്രസ്ഥാനം കേരളത്തിലെ ക്രൈസ്തവ സഭകൾ തുടങ്ങി പല ചരിത്ര വസ്തുതകളും ഇവിടെ വിവരിക്കപ്പെടുന്നുണ്ട്. മുകളിൽ പറഞ്ഞ വ്യക്തിത്വങ്ങളെയും, ചരിത്ര സംഭവങ്ങളെയുമൊക്കെ വെറുതെ അവഗണിക്കുവാനുള്ളതല്ല എന്ന സന്ദേശം പുനരൈക്യ സ്മരണാകിരണങ്ങൾ നൽകുന്നുണ്ട്. ഇന്നത്തെ തലമുറയ്ക്ക് പൊതുവെ ചരിത്ര സംഭവങ്ങളോടും ചരിത്രം സൃഷ്ടിച്ച വ്യക്തികളോടും അത്ര മമതയൊന്നുമില്ല. ഈ സംഭവങ്ങളും ഈ വ്യക്തികളുടെ ത്യാഗസുന്ദരമായ ജീവിതങ്ങളുമൊക്കെയാണ് നാമിന്നെന്തായിരിക്കുന്നുവോ അതിനൊക്കെ പിന്നിലുള്ളത് എന്ന ബോധ്യമെങ്കിലും പുതുതലമുറയ്ക്കുണ്ടാകേണ്ടതുണ്ട്.

മലങ്കര മാർത്തോമാ നസ്രാണി സഭ ഇന്ന് കത്തോലിക്കാ ഓർത്തഡോക്സ് പ്രോട്ടസ്റ്റൻറ് ചേരികളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. കൂടാതെ അനേകം മാർത്തോമാ നസ്രാണികൾ വിവിധ പെന്തക്കൊസ്തൽ സഭകളിലായി ചേക്കേറിയിരിക്കുന്നു. മാർത്തോമായുടെ മാർഗ്ഗം ഉപേക്ഷിച്ച് ഓരോരുത്തരും അവരവർക്കിഷ്ടപ്പെട്ട മാർഗ്ഗങ്ങൾ തേടിയപ്പോൾ യഥാർത്ഥ മാർഗ്ഗം കാണിച്ചുതന്ന വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ മാർഗ്ഗം ശൂന്യമായി കിടക്കുന്നു.

## I. മലങ്കരയിലെ സഭ - ഇന്നലെകളിൽ

### 1. മാർത്തോമായുടെ മാർഗ്ഗം

ക്രിസ്തുവർഷം 52-ാം ആണ്ടിൽ അപ്പസ്തോലനായ തോമസ് ഭാരതത്തിൽ സുവിശേഷ സന്ദേശമെത്തിച്ചു. അദ്ദേഹം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷം പറഞ്ഞെന്നു പറയപ്പെടുന്നു. വളരെ സജീവമായ ഒരു മാർത്തോമാ നസ്രാണി സഭ മലങ്കരയിൽ രുപപ്പെട്ടു. അതിൽ മലങ്കരയിലെ സഭ അഭിമാനിക്കുന്നു. മലങ്കരയിലെ മെത്രാപ്പോലീത്താ അറിയപ്പെട്ടിരുന്നത് അഖില ഇൻഡ്യയുടെയും മെത്രാപ്പോലീത്തായും വാതിലും എന്നായിരുന്നു. ഇവിടുത്തെ സഭയുടെ ഭൗതിക ഭരണത്തിന് നേതൃത്വം നല്കിയ അർക്കദിയാക്കോൻ ,ജാതിക്കു കർത്തവ്യൻ എന്ന പേരിലാണ് അറിയപ്പെട്ടത്. ഇവിടെ പള്ളിയോഗവും, പള്ളി പ്രതിപുരുഷയോഗവും , പ്രാദേശിക യോഗങ്ങളും , സഭായോഗവുമുണ്ടായിരുന്നു. പൊതുജനത്തിന്റെ

www.malankaralibrary.com

അഭിപ്രായങ്ങൾക്ക് വില കല്പിക്കപ്പെട്ടിരുന്നു. ആധുനിക ജനാധിപത്യഭരണ സമ്പ്രദായത്തിന്റെ ഒരു ശൈലി മലങ്കരയിൽ നിലനിന്നിരുന്നു. വിശ്വാസത്തിൽ ക്രൈസ്തവവും ആരാധനാക്രമത്തിൽ പൗരസ്ത്യവും (പേർഷ്യൻ ) സംസ്ക്കാരത്തിൽ ഹൈന്ദവവും (ഇൻഡ്യൻ ) ആയ ഈ ജീവിതരീതി മാർത്തോമാ മാർഗ്ഗം എന്ന് അറിയപ്പെട്ടിരുന്നു.

## 2. മാർ പത്രോസിന്റെ മാർഗ്ഗം

16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗീസ് മിഷനറിമാർ ഭാരതത്തിലെത്തി. ലോകം മുഴുവനും സുവിശേഷമറിയിക്കുക എന്ന ക്രിസ്തുവിന്റെ ആഹ്വാനം ഉൾക്കൊണ്ടായിരുന്നു അവർ ഭാരതത്തിലുമെത്തിയത്. മാർപ്പാപ്പ, ചക്രവർത്തിമാരുടെ ചക്രവർത്തിയായി വിരാജിക്കുന്ന കാലഘട്ടം. ഫ്രാൻസും, സ്പെയിനും,പോർച്ചുഗലുമൊക്കെ രാജ്യങ്ങൾ കീഴടക്കാനുള്ള തത്രപ്പാടിലും. പോർച്ചുഗീസ് മിഷനറിമാരെ മലങ്കരയിലെ ക്രൈസ്തവർ സഹോദരതുല്യം സ്വീകരിക്കുകയും അവർക്കു വേണ്ട സഹായസഹകരണങ്ങൾ നല്കുകയും ചെയ്തു. സാവകാശം പോർച്ചുഗീസുകാർ മലങ്കര സഭയെ തങ്ങളുടെ ചൊൽപ്പടിയ്ക്കു നിർത്തുവാൻ ശ്രമമാരംഭിച്ചു. പേർഷ്യൻ മെത്രാന്മാരെ നിരോധിച്ചു. 1599 ൽ ഉദയംപേരൂർ സുന്നഹദോസുവഴി മാർത്തോമായുടെ മാർഗ്ഗം ഇല്ലാതാക്കി മാർ പത്രോസിന്റെ മാർഗ്ഗം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു. 1653 ൽ മലങ്കരയിലെ ജനപ്രതിനിധികൾ മട്ടാഞ്ചേരിയിൽ യോഗം ചേർന്ന് പോർച്ചുഗീസുകാരെ ബഹിഷ്ക്കരിക്കുന്നതായി സത്യം ചെയ്തു. അത് മാർപ്പാപ്പയെ ബഹിഷ്ക്കരിക്കലല്ലായിരുന്നു.

പിന്നീട് മലങ്കരയിലേയ്ക്ക് 1665 ൽ കടന്നുവന്ന അന്തോക്യൻ യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസ് മുതൽ ഉള്ളവർ അന്തോക്യൻ സുറിയാനി ആരാധനാക്രമം ഇവിടെ പ്രചരിപ്പിക്കാനാരംഭിച്ചു. ക്രമേണ കൂനൻ കുരിശു സത്യത്തിൽ ആർച്ച് ഡീക്കന്റെ നേതൃത്വത്തിൽ വിഘടിതരായ പുത്തൻകൂർ സമുദായം അന്തോക്യൻ യാക്കോബായ പാത്രിയാർക്കീസിന്റെ നേതൃത്വത്തിലായി.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവിടെയെത്തിയ പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ ശ്രമഫലമായി പാലക്കുന്നത്ത് എബ്രഹാം മല്പാന്റെ നേതൃത്വത്തിൽ നവീകരണ പ്രസ്ഥാനം പുത്തൻകൂർ സമുദായത്തിൽ ആരംഭിക്കുകയും ക്രമേണ അത് മാർത്തോമാ സുറിയാനി സഭയായി മാറുകയും ചെയ്തു. കുറെയേറെ മാർത്തോമ്മാ നസ്രാണികൾ പ്രോട്ടസ്റ്റന്റ് സഭയിലുമായി. ഇന്നുള്ള മധ്യകേരള മഹായിടവകയിലെ സി.എസ്.ഐക്കാരിൽ ബഹുഭൂരിപക്ഷവും മലങ്കര നസ്രാണികളായിരുന്നു. ഇങ്ങനെ പോർച്ചുഗീസുകാർ വഴിയും അന്തോക്യൻ യാക്കോബായ സഭ വഴിയും ആംഗ്ലിക്കൻ പ്രോട്ടസ്റ്റന്റ് മിഷനറിമാർ വഴിയും മലങ്കരയിലെത്തിയ മാർ പത്രോസിന്റെ മാർഗ്ഗക്കാർ മാർത്തോമായുടെ മാർഗ്ഗത്തിലുള്ള സഭയെ പല ചേരികളിലാക്കി

www.malankaralibrary.com

വിഭജിച്ചു. ഇന്ന് പഴയ കൂർ സമുദായത്തിലുള്ള സീറോ മലബാർ സഭയും സൂറായി സഭയും, പുത്തൻകൂർ സമുദായ സഭകളായ മലങ്കര ഓർത്ത ഡോക്സ് സഭയും, മലങ്കര യാക്കോബായ സഭയും,മലങ്കര മാരത്തോമാ സഭയും, മലങ്കര കത്തോലിക്കാ സഭയും, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയും, സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയും കൂടാതെ സി. എസ്. ഐ സഭയിലെ മധ്യകേരള ഇടവകാംഗങ്ങളും മാർത്തോമാ നസ്രാണി സഭക്കാരാണ്. ലത്തീൻ സഭയിലെ വരാപ്പുഴ, കോട്ടപ്പുറം രൂപതകളിലെ നല്ലൊരുഭാഗം ജനങ്ങളും മാർത്തോമാ നസ്രാണി സഭയുടെ ഭാഗമായിരുന്നു.

## 3. പൂവണിയാത്ത പുനരൈക്യ പരിശ്രമങ്ങളും പൂവണിഞ്ഞ പുനരൈക്യവും.

1653 ൽ മലങ്കരയിലെ സഭ പുത്തൻകൂർ - പഴയകൂർ സമുദായ സഭകളായി വേർപിരിഞ്ഞതാണ്. പഴയ കൂറ്റുകാർ റോമാ മാർപ്പായോടുള്ള ബന്ധം നിലനിർത്തി. പുത്തൻ കൂറ്റുകാർ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ മാറി നിന്നു. മാർത്തോമാ ഒന്നാമൻ എന്ന പേരിൽ 12 വൈദികരാൽ അദ്ദേഹം മെത്രാനായി. പക്ഷെ ഒരു അരിശത്തിന് കിണറ്റിൽ ചാടിയാൽ ഏഴരിശത്തിന് കര കയറാനാവില്ലല്ലോ. പുത്തൻകൂറ്റുകാർ മാർപ്പാപ്പയെ തള്ളി പറഞ്ഞിട്ടില്ല. കാലക്രമത്തിൽ ചരിത്രം അങ്ങനെയാക്കി എന്നു പറയുന്നതാവും ശരി. തന്റെ മെത്രാൻ പട്ടം സാധുവായിട്ടുള്ളതല്ലെന്ന് അറിയാമായുരുന്ന മാർ ത്തോമാ ഒന്നാമൻ കൽദായ പാർത്രിയാർക്കീസിനും അന്തോക്യൻ യാക്കോ ബായ പാത്രിയാക്കീസിനുമൊക്കെ കത്തുകളയച്ചു. അങ്ങനെയാണ് അന്തോക്യൻ യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ 1665 ൽ മലങ്കരയിലെത്തുന്നത്. ഒന്നാം മാർത്തോമ്മായും നാലാം മാർത്തോമ്മായും അഞ്ചാം മാർത്തോമായുംമൊക്കെ പുനരൈക്യ പരിശ്രമങ്ങൾ നടത്തിയതായി രേഖകളുണ്ട്. അവയെല്ലാം പോർച്ചുഗീസ് മിഷനറി മാരുടെ കുതന്ത്രങ്ങൾ മൂലം മാറിപ്പോയി. ആറാം മാർത്തോമ്മായ്ക്കാണ് മാർ ദിവന്നാസ്യോസ് ഒന്നാമൻ എന്ന പേരിൽ യഥാർത്ഥ മെത്രാൻപട്ടം അന്തോക്യൻ യാക്കോബായ മെത്രാനിൽ നിന്നും ലഭിച്ചത്. (1772 ൽ). അദ്ദേഹ ത്തിന് സാധുവായ മെത്രാൻ പട്ടം ലഭിച്ചതിനു ശേഷവും തന്റെ പുനരൈക്യ പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. 6-ാം മാർത്തോമ്മായുടെ കാലഘട്ട ത്തിലാണ് കരിയാറ്റിൽ ജോസഫ് മല്പാനും പാറേമാക്കൽ തോമ്മാക ത്തനാരും കൂടി പുനരൈക്യത്തിന് അനുവാദം തേടി പോർച്ചുഗലിലും റോമാ യുലും നടത്തിയ ചരിത്രപ്രസിദ്ധമായ യാത്ര നടന്നത്. പുനരൈക്യത്തിന് അനുവാദം ലഭിച്ചെങ്കിലും കരിയാറ്റിൽ മെത്രാപ്പോലീത്തായ്ക്ക് തിരികെ മലങ്കരയിലെത്താനായില്ല എന്നത് ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി കിടക്കുന്നു. തച്ചിൽ മാത്തുത്തരകന്റെ ശ്രമഫലമായും പുനരൈക്യ പരിശ്രമങ്ങൾ നടന്നെങ്കിലും അതും പലമണയാതെ പോയി.

www.malankaralibrary.com

മാർത്തോമ്മാ ആറാമനുശേഷം വ്യക്തമായ പുനരൈക്യപരിശ്രമങ്ങൾ നടത്തിയത് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (മാർ ദിവന്നാസ്യോസ് 5-മൻ ) കാലത്താണ്. സമുദായ സ്നേഹിയും നസ്രാണി ജാത്യൈക സംഘത്തിന്റെ സ്ഥാപകനുമായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ സഹായത്തോടെയായിരുന്നു പുനരൈക്യ പരിശ്രമങ്ങൾ. പക്ഷേ ഈ പരിശ്രമവും വൃഥാവിലായി.

മലങ്കരയിൽ ശാശ്വത സമാധാനമുണ്ടാകുന്നതിനു പരിശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. 1912 ലെ കാതോലിക്കേറ്റ് സ്ഥാപനം മലങ്കര.യിലെ പുത്തൻകൂർ സമുദായം രണ്ടു സഭകളായി - മലങ്കര ഓർത്തഡോക്സ് സഭയും മലങ്കര യാക്കോബായ സഭയും - പിരിയുന്നതിന് കാരണമായി. എം. ഡി. സെമിനാരിയിലെ പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച് സെറാംപൂർ സർവ്വകലാശാലയിൽ അദ്ധ്യാപകനായ കാലത്ത് ഫാദർ .പി.റ്റി ഗീവർഗീസിന്റെ സഭാ ദർശനങ്ങൾക്ക് മാറ്റമുണ്ടായി. പത്രോസിന്റെ പിൻഗാമീയായ റോമിന്റെ മെത്രാനോട് ഐക്യപ്പെട്ടാൽ മാത്രമെ സഭയിൽ ശാശ്വത സമാധാനമുണ്ടാകു എന്ന ചിന്ത അദ്ദേഹത്തിന് തുടങ്ങി. 1925 ൽ തന്റെ മെത്രാഭിഷേക ചടങ്ങിനോടനുബന്ധിച്ചു നടത്തിയ പ്രസംഗത്തിൽ മലങ്കരയിലെ സഭകളുടെ ഐക്യം പ്രധാന പരാമർശവിഷയമായിരുന്നു.

1926 നവംബർ 17-ാം തിയതി മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരുടെ സിനഡ് കൂടി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ തീരുമാനമെടുക്കുകയും, മാർ ഇവാനിയോസ് പിതാവിനെ അതിന്റെ കത്തിടപാടുകൾ റോമുമായി നടത്താൻ ഭരമേല്പിക്കുകയും ചെയ്തത് മലങ്കര സഭാ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. പിന്നീട് ഭൂരിപക്ഷം പിതാക്കന്മാരും ഈ തീരുമാനത്തിൽനിന്നും പിൻമാറിയെങ്കിലും മാർ ഇവാനിയോസ് പിതാവും മാർ തെയോഫിലസ് പിതാവും തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിന്നു. അങ്ങനെ റോമിന്റെ അനുവാദത്തോടെ 1930 സെപ്റ്റംബർ 20-ാം തീയതി ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നു. കൂനൻ കുരിശിൽ സംഭവിച്ച ഭിന്നത ഇതോടെ ഭാഗികമായി പരിഹരിക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സഭ ഒന്നായിട്ടായിരുന്നു ഈ പുനരൈക്യം നടന്നിരുന്നതെങ്കിൽ ഇന്ന് കേരള സഭയുടെ എന്നല്ല കേരളത്തിന്റെ തന്നെ ചരിത്രം മറ്റൊന്നാകുമായിരുന്നു. ഒപ്പം ഭാരത സഭയുടെ ചരിത്രവും.

## II. ചില വർത്തമാന കാല യാഥാർത്ഥ്യങ്ങൾ

### 1. ഒന്നായിരുന്ന മാർത്തോമ്മാ നസ്രാണി സഭ പലതായി മാറി

16-ാം നൂറ്റാണ്ടുവരെ ഭാരതത്തിൽ മാർത്തോമ്മാ നസ്രാണി പാരമ്പര്യമുള്ള ഏക സഭയെ ഉണ്ടായിരുന്നുള്ളു. ഇന്നത് പുത്തൻകൂർ - പഴയകൂർ ചേരികളിലായി, കത്തോലിക്ക - ഓർത്തഡോക്സ് - പ്രോട്ടസ്റ്റന്റ് ചേരി

www.malankaralibrary.com

കളിലായി പല സഭകളായി മാറി. പെന്തക്കോസ്തൽ സെക്ടറുകളിലേക്ക് ചേക്കേറിയ അനേകം മാർത്തോമ്മാ നസ്രാണികളുമുണ്ട്. മാർത്തോമ്മായുടെ മാർഗ്ഗക്കാരും മാർ പത്രോസിന്റെ മാർഗ്ഗക്കാരുമായി ക്രിസ്തുവിന്റെ ഏകസഭയായിരുന്ന മാർത്തോമ്മാ നസ്രാണികൾ വിഭജിത സഭകളായി മാറി.

## 2. ഒരിക്കലും അവസാനിക്കാത്ത കക്ഷി വഴക്ക്.

കേരളത്തിലെ പുത്തൻകൂർ സമുദായ സഭകളായ മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയും (മെത്രാൻ കക്ഷി) മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയും (ബാവാ കക്ഷി) തമ്മിലുള്ള കക്ഷി വഴക്കുകൾ പലപ്പോഴും ഗവൺമെന്റിനും പൊതു സമൂഹത്തിനും അരോചകമാകുന്നുണ്ട്. ചിലപ്പോഴത് തെരുവു വഴക്കുകളിലേയ്ക്കും ക്രമസമാധാന പ്രശ്നങ്ങളിലേയ്ക്കും മാറുന്നു. ലോകത്തിന് സമാധാനം നൽകേണ്ട സഭാ നേതാക്കന്മാർ സമാധാനത്തിനായി അസമാധാനത്തിൽ കഴിയുന്ന രാഷ്ട്രീയ നേതാക്കന്മാരുടെയും സമുദായ നേതാക്കന്മാരുടെയും പിന്നാലെ പോകുന്നു. ഇൻഡ്യയുടെ പരമോന്നത കോടതി പറഞ്ഞിട്ടും മലങ്കരയിലെ സഭാ പ്രശ്നം കെട്ടടങ്ങുന്നില്ല. ഇരു കക്ഷികളിലും സമാധാനം ഒരിക്കലും ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന അസമാധാനത്തിന്റെ ദുരാത്മാവായ സാത്താന്റെ പിന്നണിയാളുകളുണ്ടെന്ന് ചുരുക്കം. സമാധാനം ഉണ്ടാകണമെങ്കിൽ മലങ്കരയിലെ എന്നല്ല ലോകത്തിലുള്ള സഭകളെല്ലാം പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനോട് ഐക്യത്തിലാകണമെന്ന ദൈവഹിതം നിറവേറ്റപ്പെടണം.

## 3. ബാബേൽ അനുഭവത്തിലായിരിക്കുന്ന കേരള ക്രൈസ്തവ സഭകൾ

ഭാരതത്തിലെ ക്രൈസ്തവ സഭകൾ പൊതുവെ ബാബേൽ അനുഭവത്തിലാണ്. ഒരു സഭയ്ക്ക് മറ്റൊരു സഭയെ മനസ്സിലാക്കാനാകുന്നില്ല. ഓരോ കൂട്ടരും അവരവരുടെ ഭാഗങ്ങൾ ന്യായീകരിച്ചുകൊണ്ടിരിക്കുന്നു. ആരും യേശുക്രിസ്തുവിന്റെ വാക്കുകൾ ശ്രവിക്കുന്നില്ല. ആരും സുവിശേഷത്തിലേയ്ക്ക് തിരിയുന്നില്ല. ആരും സഭയുടെ ആദിമ നൂറ്റാണ്ടുകളിലെ പാരമ്പര്യങ്ങളെ മനസ്സിലാക്കുന്നില്ല. അതുകൊണ്ടുതന്നെ ബാബേലിൽ നിന്ന് സെഹിയോനിലെ പെന്തക്കുസ്തായിലേക്കുള്ള ഭാരതസഭയുടെ ദൂരം വളരെ വലുതാണ്.

അനൈക്യത്തിലായിരിക്കുന്ന ക്രൈസ്തവസഭകൾക്ക് എങ്ങനെ യേശുക്രിസ്തു വിന്റെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനാകും . എല്ലാ അനൈക്യസഭകളും കൂടെക്കൂടി യേശുക്രിസ്തുവിന്റെ മുഖം വികൃതമാക്കുകയും, അവിടുത്തെ ഭൗതിക ശരീരം ശിഥിലമാക്കുകയും ചെയ്തിരിക്കുന്നു. ഈ അവസ്ഥയിൽ സഭയുടെ ഏകത്വത്തെക്കുറിച്ചും കാതോലികതയെക്കുറിച്ചുമൊക്കെ ലോകത്തോട് എങ്ങനെ പറയാനാകും. അനൈക്യത്തി

www.malankaralibrary.com

ലായിരിക്കുന്നവർ ക്രിസ്തുവിനെ പ്രസംഗിച്ചാൽ വേശ്യയുടെ സദാചാരപ്രസംഗമായി മാത്രമെ ലോകം കരുതുകയുള്ളു. സഭയിലെ വൈദികരും വൈദിക മേലദ്ധ്യക്ഷന്മാരുമൊക്കെ പറയുന്നത് കേൾക്കുന്ന ജനങ്ങൾ പലപ്പോഴും പുച്ഛത്തോടെയാണ് സ്വീകരിക്കുന്നത് എന്നതാണ് സത്യം.

## 4. സഭകളുടെ അനൈക്യം - സ്ഥാനമാനങ്ങളും പണവുമാണ് വില്ലൻമാർ.

മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്. ( ലൂക്കാ 12 , 15) ഈ വാക്കുകൾ ക്രൈസ്തവർ പലപ്പോഴും മറന്നുപോകുന്നു. കക്ഷി വഴക്കുകൾക്കും സഭയിലെ അസ്വസ്ഥതകൾക്കും പലപ്പോഴും കാരണമാകുന്നത് സമ്പത്താണ്. സ്വത്തിന്റെ പേരിൽ പലപ്പോഴും അനൈക്യമുണ്ടാകുന്നു. യഹോവയാണെന്റെ ഓഹരിയും സമ്പത്തും എന്നൊക്കെ നാം പറയാറുണ്ട്.

ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ് യേശുക്രിസ്തു വന്നതെന്ന് എല്ലാവർക്കും അറിയാം.ആരാണ് വലിയവൻ എന്ന് യേശു പറഞ്ഞിട്ടുണ്ട്. പക്ഷേ അധികാരം വലിയൊരു വിഷയമാണ്. സഭൈക്യത്തിനുവേണ്ടി അധികാരം വിട്ടൊഴിയാൻ ആരെങ്കിലും തയ്യാറാകുമോ . കേരളത്തിലെ ഒരു സഭാ തലവൻ മറ്റൊരു സഭാതലവന്റെ അരമനയിൽ സ്വാതന്ത്ര്യത്തോടെ കടന്നു ചെല്ലാനും , സംഭാഷണം നടത്താനും സാധിക്കുമോ. സഭകൾ തമ്മിലുള്ള പ്രശ്നങ്ങൾ , അത് ഏതെല്ലാം തലങ്ങളിലാണെങ്കിലും ഊഷ്മളതയോടെ സംസാരിച്ച് പ്രശ്നപരിഹാരത്തിലേയ്ക്ക് എത്തിക്കുവാൻ ആരെങ്കിലും തയ്യാറാകുമോ. ചരിത്രത്തിന്റെ ഗതിവിഗതികളിൽ സംഭവിച്ചുപോയ അനൈക്യങ്ങളെ കീറിമുറിച്ച് പരിശോധിച്ച് കുറ്റപ്പെടുത്തി സഭകൾ തമ്മിൽ അകന്നുകഴിയാതെ , ഇനിയുള്ള കാലം എങ്ങനെയൊക്കെ ഒന്നിക്കാമെന്നതിനുള്ള വഴികളാണാലോചിക്കേണ്ടത്. മൺമറഞ്ഞ തലമുറകളെ , പ്രത്യേകിച്ചും അനൈക്യങ്ങൾക്ക്

നേതൃത്വം നല്കിയവരെ കുറ്റപ്പെടുത്തുന്നതുകൊണ്ട് എന്തു നേടാനാണ്. സഭാ നേതൃത്വങ്ങൾ എളിമയുടെ തലങ്ങളിലേക്ക് യേശുക്രിസ്തുവിനെ അനുകരിച്ച് ഇറങ്ങിവരാതെ രാജകീയ ആർഭാടങ്ങളും മറ്റ് അധികാര സംവിധാനങ്ങളും ഒഴിവാക്കി ശുശ്രൂഷയുടെ തലങ്ങളിലേക്ക് കടന്നുവരാതെ സഭകൾതമ്മിൽ ഒരിക്കലും ഐക്യമുണ്ടാകില്ല. യേശുക്രിസ്തുവിനെ വാക്കുകളിൽ പ്രസംഗിക്കുന്നത് കുറച്ചിട്ട് ജീവിതത്തിൽ പ്രസംഗിക്കാൻ സഭ ആരംഭം കുറിക്കണം.

## 5. സഭ അനൈക്യത്തിലായാൽ സുവിശേഷം എങ്ങനെ പ്രഘോഷിക്കപ്പെടും

യുഗാന്ത്യം വരെയും സുവിശേഷം പ്രസംഗിക്കുക എന്നത് സഭയുടെ കടമയും ദൗത്യവുമാണ്. സഭ ഒരേ വിശ്വാസത്തിലായിരുന്നില്ലെങ്കിൽ എങ്ങ

www.malankaralibrary.com

നെയാണ് സുവിശേഷം പ്രഘോഷിക്കാനാവുക. രണ്ടായിരം വർഷത്തോള മായി ഭാരതത്തിൽ സുവിശേഷമെത്തിയിട്ട്. .രണ്ടര ശതമാനം ആളുകളാണ് ക്രിസ്തുവിനെ അറിഞ്ഞിട്ടുള്ളത്. ഭാരതത്തിലെ വിവിധ സഭകൾ ഒറ്റക്കെട്ടാ യിരുന്നെങ്കിൽ സുവിശേഷപ്രഘോഷണ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടി ക്കാൻ സഭയ്ക്കാകുമായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികൾ തങ്ങൾക്കു കിട്ടിയ സുവിശേഷചൈതന്യം കെടാതെ സൂക്ഷിച്ചു. പക്ഷേ അവ ലോക ത്തോട് പങ്കുവച്ചില്ല, എന്നത് കുറവായിതന്നെ അവശേഷിക്കുന്നു.

ഇന്ന് ലോകത്തെമ്പാടും ക്രൈസ്തവ സമൂഹങ്ങളാണ് പൊതുവെ ആക്രമിക്കപ്പെടുന്നത്. ചിലയിടങ്ങളിൽ വംശഹത്യതന്നെ നടക്കുന്നു. മത മൗലികവാദവും, മതതീവ്രവാദവും, മതഭീകരവാദവും ക്രൈസ്തവര്ക്കു നേരേ യാണ് കൂടുതലായും നടക്കുന്നത്. ഭാരതത്തിലും ചില അസ്വസ്ഥതകൾ കണ്ടു തുടങ്ങുന്നുണ്ട്. **യേശുക്രിസ്തുവും അവന്റെ സുവിശേഷവും ഒരു രാജ്യത്തിനും , ഒരു മതത്തിനും ഒരു സംസ്ക്കാരത്തിനും ഭീഷണിയല്ല എന്ന സന്ദേശം നല്കുവാൻ വിവിധ രീതികളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്ന സഭകൾക്കാവുന്നില്ല.** ക്രിസ്തുമതം ഇപ്പോഴും പാശ്ചാത്യ മതമായും, ഭാരത സംസ്ക്കാരത്തിന് ഭീഷണിയായും കരുതുന്ന അനേകം ഇൻഡ്യക്കാരുണ്ട്. സഭകൾ ഒറ്റക്കെട്ടായി നിന്നില്ലെങ്കിൽ അതിലുപരി സഭകൾ ഒന്നായില്ലെങ്കിൽ അതിന് നാം വലിയ വില നൽകേണ്ടി വരുമെന്ന കാര്യം തീർച്ച.

## 6. ഉപരിപ്ലവമായ എക്യൂമെനിസമാണ് കേരളസഭയിൽ നടക്കുന്നത്.

കേരള സഭയിൽ നടന്നിട്ടുള്ള എക്യൂമെനിക്കൽ സംരംഭങ്ങളെയെല്ലാം ആത്മാർത്ഥതയോടെയായിരുന്നെങ്കിൽ പണ്ടേ കേരളത്തിലെ ക്രൈസ്തവ സഭകൾ ഒന്നാകുമായിരുന്നു. എക്യൂമെനിസത്തിന്റെ ആന്തരിക ലക്ഷ്യം സഭകളുടെ പൂർണ്ണ ഐക്യമാണെന്ന ബോധ്യം സഭാ നേതാക്കന്മാർക്കു പോലും പലപ്പോഴുമില്ല. ഒരുമിച്ചു കണ്ട്, കേട്ട്, ചില കാര്യങ്ങളൊക്കെ പറഞ്ഞു പോകുന്ന ശൈലി മാറ്റി , യഥാർത്ഥ ഐക്യത്തിലേയ്ക്ക് അടുപ്പിക്കുന്ന മാർഗ്ഗങ്ങളാണാരായേണ്ടത്. കേരള സഭയിലെ എക്യൂമെനിസം ചേമ്പില പ്പുറത്ത് വെള്ളമൊഴിക്കുന്ന പ്രതീതിയാണ് സൃഷ്ടിക്കുന്നത്. വലിയ ഇന്റർ നാഷണൽ ദൈവശാസ്ത്ര ഡയലോഗുകൾ നടക്കുന്നുണ്ട്. ഇന്റർ നാഷണൽ ദൈവശാസ്ത്ര ചർച്ചകളും സിമ്പോസിയങ്ങളുമൊക്കെ നടക്കുന്നുണ്ട്. പണ്ഡിതന്മാർ എക്യൂമെനിസത്തെ ക്കുറിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കു ന്നുണ്ട്. പക്ഷേ സഭൈക്യം മാത്രം നടക്കുന്നില്ല. ആന്മാർത്ഥമായ പരിശ്രമ ങ്ങളാണ് ഇക്കാര്യത്തിലുണ്ടാകേണ്ടത്. കേരള സഭ എക്യൂമെനിക്കൽ സംരംഭങ്ങളെ ഗൗരവമായി എടുക്കേണ്ടതുണ്ട്. അതിനു വേണ്ട ആളും അർത്ഥവും കണ്ടുപിടിക്കണം.

www.malankaralibrary.com

## 7. സഭാചരിത്രം വളച്ചൊടിക്കുന്നവർ

കേരളസഭയുടെ ചരിത്രങ്ങൾ ഓരോ സഭയും അവരവർക്കിഷ്ടമുള്ളതുപോലെ വളച്ചൊടിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിനുപോലും നിരക്കാത്ത ഇക്കാര്യങ്ങൾ സഭാംഗങ്ങളെ പഠിപ്പിക്കുകയാണ്. വ്യക്തിനിഷ്ഠമെന്നതിലുപരി ചരിത്രം വസ്തുനിഷ്ഠമാകണം. ഊഹാപോഹങ്ങൾ പറഞ്ഞ് ഓരൊരുത്തർ ചരിത്രമുണ്ടാക്കുകയാണ്. ചരിത്രം പറയേണ്ടത് സ്വജനപക്ഷജാതപരമായല്ല. നിഷ്പക്ഷമായിട്ടു വേണം ചരിത്രം പറയാൻ. കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച തെളിവുകളുടെയടിസ്ഥാനത്തിലാകണം ചരിത്രമെഴുതേണ്ടത്. സംഭവിച്ചിട്ടില്ലാത്ത കാര്യം സംഭവിച്ചു എന്ന് എത്ര ആവർത്തി പറഞ്ഞാലും എഴുതിയാലും അതു സംഭവിച്ച കാര്യമാകുമോ. ആടിനെ പട്ടിയും പട്ടിയെ കഴുതയുമൊക്കെയാക്കിക്കൊണ്ടിരിക്കുന്ന സഭാചരിത്രകാരന്മാർ വരും തലമുറയോട് വലിയ അപരാധമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

## 8. മാർ ഇവാനിയോസ് മെത്രാപ്പോലീത്ത മാതൃസഭയെ ഒറ്റിക്കൊടുത്ത വ്യക്തിയാണോ?

വിമർശനങ്ങൾ വളർച്ചയ്ക്കും തളർച്ചയ്ക്കുമായി നടത്താം. ക്രീയാത്മക വിമർശനങ്ങൾ നല്ലതാണ്. കാരണം മനുഷ്യർക്ക് സ്വാഭാവികമായും തെറ്റുകൾ ഉണ്ടാകാം. സഭ സഭകളുടെ കൂട്ടായ്മയാണെന്ന ദർശനം ആദിമ ക്രൈസ്തവ ദർശനമാണ്. രണ്ടാം വത്തിക്കാൻ സൂന്നഹദോസും ഇക്കാര്യം പറയുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നതിന് ദശകങ്ങൾ മുമ്പ് മലങ്കര ഓർത്തഡോക്സ് സഭയിൽ ജീവിച്ചിരുന്ന മാർ ഇവാനിയോസ് മെത്രാപ്പോലീത്ത ഇക്കാര്യമാണ് പറഞ്ഞുകൊണ്ടിരുന്നത്. പത്രോസിന് യേശുക്രിസ്തു നല്കിയ ദൗത്യം അപ്പസ്തോല സംഘത്തിന്റെ തലവൻ എന്ന ദൗത്യവും , അജപാലന ശുശ്രൂഷ എന്ന ദൗത്യവും , സഹോദരങ്ങളെ ശക്തിപ്പെടുത്തുക എന്ന ദൗത്യവുമായിരുന്നു. അതുകൊണ്ടുതന്നെ ഒരു അപ്പസ്തോലിക സഭയും ഒറ്റപ്പെട്ട തുരുത്തല്ല. മറ്റെല്ലാ സഭകളോടും കൂട്ടായ്മയിലാണ്. ഈ കൂട്ടായ്മയുടെ അടിസ്ഥാനം യേശുക്രിസ്തു പഠിപ്പിച്ച വിശ്വാസമാണ്. ഈ കൂട്ടായ്മ സഭാ വിജ്ഞാനീയം മനസ്സിലാക്കിയ മാർ ഇവാനിയോസ് മെത്രാപ്പോലീത്ത മലങ്കരയിലെ സഭകളുടെ ഐക്യത്തിനുവേണ്ടി നിലകൊണ്ടു. അദ്ദേഹത്തിന് സാധിക്കുന്ന രീതിയിൽ ഐക്യം സാധ്യമാകുന്നതിനുവേണ്ടി പരിശ്രമിച്ചു. 1653 ലെ കൂനൻകുരിശു സത്യത്തോടെ സാർവത്രിക സഭാബന്ധം വിട്ടുപോയ പുത്തൻകൂർ സമുദായസഭകളും പഴയകൂർ സഭകളും ഒന്നാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനായി പരിശ്രമിച്ചു.

അദ്ദേഹത്തിലൂടെ സാക്ഷാൽക്കരിക്കപ്പെട്ട മലങ്കര പുനരൈക്യ

www.malankaralibrary.com

പ്രസ്ഥാനത്തിന് ലോകത്തിന്റെ മുൻപിൽ വലിയ സാക്ഷ്യം നല്കാനായി. സഭൈക്യം നടന്നതിന്റെ പേരിൽ മലങ്കര സഭയ്ക്ക് അതിന്റെ തനതായ പൈതൃകവും ആദ്ധ്യാത്മികതയും, അച്ചടക്കവും, ആരാധനാക്രമവുമൊന്നും നഷ്ടപ്പെട്ടില്ല. മലങ്കര കത്തോലിക്കാ സഭയുടെ പൈതൃകങ്ങളൊക്കെ ഇന്നത്തെ മലങ്കര ഓർത്തഡോക്സ് - മലങ്കര യാക്കോബായ സഭകളുടെ പൈതൃകങ്ങൾതന്നെ. മലങ്കര സഭ കത്തോലിക്ക സഭ സംസർഗ്ഗത്തിലായപ്പോൾ അത് ലത്തീൻ സഭയിൽ ലയിച്ചിട്ടുമില്ല. കത്തോലിക്കാ കൂട്ടായ്മയിലായപ്പോൾ ആ കൂട്ടായ്മയിലെ ഒത്തിരിയേറെ നന്മകൾ മലങ്കര കത്തോലിക്കാ സഭയ്ക്കും അനുഭവിക്കാനായി. ഇന്ന് മിക്ക അകത്തോലിക്കാ സഭകളും കത്തോലിക്കാ സഭയിലെ ധാരാളം നന്മകൾ സ്വീകരിക്കുന്നുണ്ട് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. അത് കത്തോലിക്കാ സഭയുടെ കാതോലികതയുടെയും ഹൃദയവിശാലതയുടെയുമൊക്കെ നന്മയാണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെന്നല്ല മലങ്കര നസ്രാണി സഭകളിൽതന്നെ ആ കാലഘട്ടത്തിലെ ഏറ്റവും പ്രഗൽഭനായ വ്യക്തിയായിരുന്നു മാർ ഇവാനിയോസ് മെത്രാപ്പോലീത്തഎന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടെന്ന് തോന്നുന്നില്ല. അദ്ദേഹം സാർവത്രിക കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്നത് പലർക്കും അസഹനീയമായിരുന്നു. . ആ കാലഘട്ടത്തിൽ പലരും അദ്ദേഹത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. പക്ഷേ ഇന്നും അദ്ദേഹത്തിനെതിരെ വളരെ ക്രൂരമായി വിമർശനശരങ്ങൾ തൊടുക്കുന്നവർ, ചുരുങ്ങിയപക്ഷം അദ്ദേഹത്തിന്റെ ദർശനങ്ങൾ മനസ്സിലാക്കിയിട്ടെങ്കിലും അങ്ങനെ ചെയ്യുക. നിഷ്പക്ഷമായി ചരിത്രത്തെ അപഗ്രഥിച്ചിട്ടും മനസ്സിലാക്കിയിട്ടും വിമർശിക്കുക. അനൈക്യം ഇഷ്ടപ്പെടുന്നവർ എല്ലാ കാലഘട്ടത്തിലും സഭയിലുണ്ട്. യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാർ തമ്മിലും അസ്വസ്ഥതകളുമുണ്ടായി. ഒരാൾ അനൈക്യത്തിന്റെ ദുരാത്മാവുമായി കൂട്ടുചേർന്ന് തന്നെ തന്നെ നശിപ്പിച്ചു. യേശുക്രിസ്തുവിനെ ക്രൂശിച്ചവർ അവന്റെ ഉത്ഥാനശേഷം ജാള്യത മറയ്ക്കാനായി ചെയ്തു കൂട്ടിയ കാര്യങ്ങൾ വി. മത്തായി രേഖപ്പെടുത്തുന്നുണ്ട്. ( മത്തായി 28. 11-15). സത്യം ദൈവമാണ്. സത്യമേവ ജയതേ എന്നാണല്ലോ ഭാരതത്തിന്റെ ആപ്തവാക്യം. സത്യത്തിനുമാത്രമെ വിജയമുണ്ടാകൂ. കള്ളം എത്ര പൊലിപ്പിച്ചു പറഞ്ഞാലും, ഒരിക്കൽ അത് പുറം പൂച്ച് കാണിക്കും. ഉറങ്ങിയവരെ ഉണർത്താം, ഉറക്കം നടിക്കുന്നവരെ ഉണർത്താനാവില്ലല്ലോ.

## III. മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യവും ചില ഭാവികാല ചിന്തകളും.

സഭൈക്യത്തിന്റെ ഭാവിയെ സംബന്ധിച്ച് പലരും ആകുലപ്പെടാറുണ്ട്. ഇക്കാര്യത്തിൽ ആകുലപ്പെടേണ്ട കാര്യമേയില്ല. ഒരിടയനും ഒരു തൊഴുത്തും യേശു ക്രിസ്തുവിന്റെ സ്വപ്നമാണ്. യേശു ദൈവമാണെങ്കിൽ സഭൈക്യം

www.malankaralibrary.com

നടന്നിരിക്കും. കാരണം ദൈവത്തിന്റെ വാക്കുകൾ വെറും വാക്കുകളല്ല. അവ മാംസം ധരിക്കുവാനുള്ളതാണ്. അവ പ്രായോഗികമാകാനുള്ളതാണ്. സഭകളുടെ ഐക്യം നാമിന്ന് ആഗ്രഹിക്കുന്ന രീതിയിൽ നടക്കണമെന്നില്ല. അത് ദൈവഹിതപ്രകാരം നടക്കും. പക്ഷേ അവ നടക്കണമെങ്കിൽ മനുഷ്യന്റെ പങ്കാളിത്തം പ്രധാനമാണ്.

യേശുക്രിസ്തു ഏക മധ്യസ്ഥനാണ്, ഏക അപ്പസ്തോലനാണ്, ഏക ഇടയനാണ്, ഏക പുരോഹിതനാണ്, ഏക രാജാവാണ്, ഏക ഗുരുവാണ്. അവന്റെ പങ്കാളികളാണ് മനുഷ്യരൊക്കെ. തന്റെ അപ്പസ്തോലന്മാരിലുടെ തന്റെ ദൗത്യങ്ങൾ യേശു സഭയ്ക്ക് കൈമാറിയിട്ടുണ്ട്. സഭ കാലക്രമേണ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി , കഴിഞ്ഞ കാലത്ത് സംഭവിച്ച തെറ്റു കുറ്റങ്ങളിൽനിന്നും പാകപ്പിഴകളിൽനിന്നും പാഠങ്ങൾ പഠിച്ച് സത്യത്തിന്റെ പൂർണ്ണത മനസ്സിലാക്കും. അപ്പോൾ സഭൈക്യത്തിന്റെ ആത്മാവ് പ്രവർത്തിച്ചു തുടങ്ങും. സഭൈക്യം യാഥാർത്ഥ്യമാകും. യേശുക്രിസ്തുവിന്റെ കാതോലികവും ശ്ളൈഹികവും ഏകവും വിശുദ്ധവുമായ സഭ ഒറ്റക്കെട്ടായി ലോകം മുഴുവനും സുവിശേഷം അറിയിക്കും.

സഭൈക്യം എന്തിനുവേണ്ടിയാണ്, അല്ലെങ്കിൽ സഭൈക്യത്തിന്റെ ലക്ഷ്യമെന്താണ് എന്നൊക്കെ പലപ്പോഴും ചോദ്യങ്ങളുയരാറുണ്ട്. സഭൈക്യത്തിന്റെ ലക്ഷ്യം സുവിശേഷീകരണമാണ്. സുവിശേഷീകരണത്തിന്റെ ലക്ഷ്യം ക്രിസ്തുവിലുള്ള മനുഷ്യകുലത്തിന്റെ ഒന്നിപ്പാണ്. സർവ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്നതാണല്ലോ സഭയ്ക്കുള്ള കല്പന. സഭൈക്യമെന്നാൽ സഭകളുടെ ഐക്യരൂപ്യമല്ല, ഐക്യമാണ്. (Unity is not uniformity) അടിസ്ഥാന കാര്യങ്ങളിൽ യോജിപ്പ് ആണ് സഭൈക്യത്തിലുണ്ടാകേണ്ടത്. അടിസഥാന കാര്യങ്ങളെന്നാൽ വിശ്വാസം, കൂദാശകൾ, ഹയരാർക്കി, അടിസ്ഥാന ധാർമ്മിക തത്വങ്ങൾ തുടങ്ങിയ കാര്യങ്ങൾ. മറ്റുള്ള കാര്യങ്ങളായ ആരാധനാക്രമം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, ദൈവശാസ്ത്രം തുടങ്ങിയ കാര്യങ്ങളിൽ വ്യത്യാസമുണ്ടാകാം. സഭൈക്യമെന്നാൽ ഒരു സഭ മറ്റൊരു സഭയിൽ ലയിക്കുന്നതല്ല.

മാർത്തോമ്മാ നസ്രാണി സഭകൾ ഒന്നാകുന്നതിന് ഏതാനും ചില പ്രായോഗിക നിർദ്ദേശങ്ങൾ മുമ്പോട്ടുവയ്ക്കുന്നു.

## 1. വിശ്വാസകാര്യങ്ങളിൽ തർക്കങ്ങൾ പാടില്ല.

വിശ്വാസകാര്യങ്ങളെ വ്യാഖ്യാനിച്ച് ഒരു നിർവ്വചനത്തിലെത്തി ഉത്തരം നല്കുവാൻ ഒരു മനുഷ്യബുദ്ധിക്കും സാധിക്കില്ല എന്ന യാഥാർത്ഥ്യം നാം ആദ്യമെ അംഗീകരിക്കേണ്ടതുണ്ട്. ആദിമ നൂറ്റാണ്ടുമുതൽ സഭയിൽ അനൈക്യങ്ങളും ഛിദ്രതകളുമുണ്ടാകാൻ വലിയൊരു കാരണം വിശ്വാസകാര്യങ്ങളിലെ അഭിപ്രായഭിന്നതകളായിരുന്നു. അത് ശാപങ്ങൾക്കും മുടക്കുകൾക്കും അതുവഴി സഭയിലെ ഭിന്നതകൾക്കും കാരണമായി. ത്രിയേക

www.malankaralibrary.com

ദൈവത്തെ മനുഷ്യബുദ്ധിയിലൊതുക്കാൻ ആർക്കെങ്കിലും സാധിക്കുമോ. അങ്ങനെ ദൈവത്തെ നിർവ്വചിക്കാൻ സാധിച്ചാൽ പിന്നെങ്ങനെ നാം അതിനെ ദൈവമെന്ന് വിളിക്കും. വി. ഗ്രന്ഥം വഴി ദൈവം പറയുന്നുണ്ട് ഞാൻ ആകുന്നവൻ ഞാൻ തന്നെ. (പുറ. 3.14) വി. യോഹന്നാൻ ശ്ലീഹാ ദൈവത്തിന് നല്കുന്ന നിർവ്വചനം ദൈവം സ്നേഹമാകുന്നു. ( യോഹ. 4,8) വെളിപ്പെടുത്തപ്പെട്ട വചനങ്ങളിലൂടെ ലഭിച്ച നിർവ്വചനങ്ങൾ തന്നെ ധാരാളം. ദൈവം സ്നേഹത്തിന്റെ കൂട്ടായ്മയാകുന്നതുകൊണ്ടുതന്നെ നാമും സ്നേഹകൂട്ടായ്മയിലാകണം.

യേശു ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യബുദ്ധികൊണ്ട് നിർവ്വചിക്കാനാകുമോ. യേശുക്രിസ്തുവിന്റെ സജീവ സാന്നിധ്യം വി. കുർബാനയിലെങ്ങനെയെന്ന് നിർവ്വചിക്കാനാകുമോ. പരി. കന്യകാമറിയം ദൈവമാതാവാകുന്നതെങ്ങനെയെന്ന് മനുഷ്യബുദ്ധിയിലൊതുക്കാവുന്നതാണോ. കന്യകാമറിയത്തിന്റെ അമലോത്ഭവം നിർവ്വചിക്കാനാകുമോ. പരിശുദ്ധാത്മാവ് എങ്ങനെയാണ് പുറപ്പെടുന്നതെന്ന് വിശദമാക്കാൻ സാധിക്കുമോ. ഇവയ്ക്കൊക്കെ ദൈവശാസ്ത്രജ്ഞന്മാരും സഭാപിതാക്കന്മാരുമൊക്കെ വിശദീകരണങ്ങൾ നല്കിയിട്ടുണ്ടല്ലോ. വ്യാഖ്യാനങ്ങൾ നല്കുന്നത് സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ചായിരിക്കും. ഏത് ശരിയെന്നൊ, ഏത് തെറ്റെന്നോ ആർക്കാണ് പറയാനാവുക. അവയൊക്കെ സഭയുടെ പ്രബോധനാധികാരത്തിന് വിട്ടുകൊടുക്കാം.

## 2. ആത്മീയ എക്യൂമെനിസം അനിവാര്യം

സഭയിലെ അനൈക്യങ്ങൾക്ക് അടിസ്ഥാന കാരണങ്ങളിലൊന്ന് മനുഷ്യന്റെ ഉള്ളിലുള്ള പാപമാണ്. പാപത്തിന് കാരണം താൻ- പോരിമയും സ്വാർത്ഥതയുമാണ്. വിട്ടുവീഴ്ചകൾ ചെയ്യാനും ക്ഷമിക്കാനും പൊറുക്കാനും മറക്കാനും സാധിക്കാതെ വരുമ്പോൾ അനൈക്യത്തിനന്റെ ദുരാത്മാവ് സഭയിൽ കടന്നുകൂടും. ദൈവത്തെപ്പോലും പരീക്ഷിക്കുന്ന പിശാച് ബലഹീനരായ മനുഷ്യരെ വെറിതെ വിടില്ലല്ലോ. ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ ദുരാത്മാവ് ഒഴിഞ്ഞുപോകില്ലല്ലോ. യേശുക്രിസ്തു ആഗ്രഹിച്ചതുപോലെയും പ്രാർത്ഥിച്ചതുപോലെയുമാണ് സഭൈക്യത്തിനായി ആഗ്രഹിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതും. അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:21) ഇതാണ് യേശുക്രിസ്തുവിന്റെ ഐക്യത്തിന്റെ ആഗ്രഹവും പ്രാർത്ഥനയും. ഒരു കാര്യം മനുഷ്യബുദ്ധിയ്ക്കും മനുഷ്യ പ്രയത്നങ്ങൾക്കും അതീതമാകുമ്പോഴാണ് നാം ദൈവത്തോടു പ്രാർത്ഥിക്കുന്നത്. സഭകൾ ഒന്നാകണമെന്നത് എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ്. പക്ഷേ

www.malankaralibrary.com

അതെങ്ങനെ എന്നതാണ് പ്രശ്നം. ദൈവത്തിനു മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാവൂ. മനുഷ്യൻ ബലഹീനനാണ്. ബാഹ്യമായ പല കാര്യങ്ങളും മനുഷ്യനെ ഐക്യത്തിൽ നിന്നും തടസ്സപ്പെടുത്തുന്നു. അത് അധികാരമാകാം, പണമാകാം, സ്വയം എളിമപ്പെടുവാനുള്ള പ്രയാസമാകാം. പക്ഷെ ദൈവാത്മാവു പ്രവർത്തിച്ചാൽ എല്ലാം സാധ്യമാകും. മനുഷ്യമനസ്സുകൾക്ക് ആന്തരിക പരിവർത്തനം ഉണ്ടാകേണ്ടത് അവശ്യമാണ്. അഹങ്കാരവും, സ്വാർത്ഥ ചിന്തകളും, അധികാരമോഹവും, ധാർഷ്ട്യവും എല്ലാം പൈശാചികമാണ്. അനൈക്യത്തിന്റെ ദുരാത്മാവ് ഐക്യത്തിനെന്നും തടസ്സങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കും. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു ആന്തരിക പരിവർത്തനം കൂടാതെയുള്ള എക്യുമെനിസം സഭൈക്യമെന്ന പേരിനെ അർഹമായ എക്യത്തിനു വേണ്ടിയുള്ള ദാഹം നാമ്പെടുക്കുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നത് മനസ്സിന്റെ നവീകരണത്തിൽ നിന്നും സ്വയം പരിത്യാഗത്തിൽ നിന്നും സ്നേഹത്തിന്റെ ഉദാരമായ അർപ്പണത്തിൽ നിന്നുമാണ്. തന്മൂലം മറ്റുള്ളവർക്ക് സേവനം ചെയ്യുവാൻ വേണ്ടി ആത്മാർത്ഥമായ സ്വയം ത്യാഗത്തിന്റെയും എളിമയുടെയും സൗമ്യ ശീലത്തിന്റെയും വരം ദിവ്യാരൂപിയിൽ നിന്നും യാചിക്കണം" (സഭൈക്യം, 7)

## 3) സഭൈക്യം കേരളസഭയുടെ പ്രഥമ പരിഗണനാ വിഷയങ്ങളിലൊന്നാകം

തന്നിൽ വിശ്വസിക്കുന്നവരുടെ ഐക്യം യേശുക്രിസ്തു വളരെ ഗൗരവമായി എടുത്തു എന്നതിന്റെ തെളിവാണല്ലോ അവിടുത്തെ പുരോഹിത പ്രാർത്ഥന. സഭയിൽ അനൈക്യങ്ങൾ ഉണ്ടായ കാലം മുതൽ ഐക്യത്തിനായുള്ള പരിശ്രമങ്ങളും നടക്കുന്നുണ്ട്. 1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷം കേരള സഭയിൽ പിളർപ്പുണ്ടായതിനുശേഷം എത്രയോ പുനരൈക്യ പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് യാക്കോബായ സഭകളിലെ അനൈക്യത്തെ തുടർന്ന് എത്രയോ ഐക്യപരിശ്രമങ്ങൾ നടന്നിട്ടുണ്ട്. പക്ഷെ ഓരോ കൂട്ടരും "ഞാൻ പിടിച്ച മുയലിന് രണ്ട് കൊമ്പ്" എന്ന രീതിയിൽ മർക്കടമുഷ്ടിയോടെയിരുന്നാൽ എങ്ങനെ ഐക്യം സാധ്യമാകും. കേരള സഭയിൽ തന്നെ ഒത്തിരിയേറെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ സഭൈക്യപരിശ്രമങ്ങൾ നടക്കുന്നുണ്ട്. പക്ഷെ അവയൊക്കെ വെറും ഉപരിപ്ലവതലങ്ങളിൽ മാത്രം ഒതുങ്ങുന്നു എന്നതാണ് യാഥാർത്ഥ്യം. ഇന്റർ ചർച്ച് കൗൺസിൽ, കേരള സഭയിലെ മെത്രാന്മാരുടെ സമിതി, കേരള കൗൺസിൽ ഓഫ് ചർച്ചസ്, നിലയ്ക്കൽ എക്യുമെനിക്കൽ പ്രസ്ഥാനം, വൈ.എം.സി.എ., പ്രാദേശിക എക്യൂമെനിക്കൽ കൂട്ടായ്മകൾ, എക്യൂമെനിക്കൽ വൈദിക കൂട്ടായ്മകൾ, വിവിധ സഭകളുടെയും രൂപതകളുടെയും എക്യുമെനിക്കൽ കൗൺസിലുകൾ, എല്ലാവർഷവും നടത്തുന്ന സഭൈക്യ വാര പ്രാർത്ഥന, സുറിയാനി പൈതൃകസഭകളുടെ പൈതൃകസംരക്ഷണവും പഠ

www.malankaralibrary.com

നവും ലക്ഷ്യമാക്കി കോട്ടയത്തു പ്രവർത്തിക്കുന്ന സെന്റ് എഫ്രേം എക്യുമെനിക്കൽ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സീറി), തുടങ്ങി എത്രയോ പ്രസ്ഥാനങ്ങൾ കേരള ക്രൈസ്തവ സഭയിൽ സഭൈക്യപ്രവർത്തനങ്ങൾ നടത്തുന്നു. പക്ഷെ അവയൊന്നും അത്യന്തികമായ ലക്ഷ്യം കൈവരിക്കാനുപകരിക്കുന്നില്ല. "വഞ്ചി ഇപ്പോഴും തിരുനക്കര തന്നെ" എന്നതാണ് സഭൈക്യരംഗത്തെ യാഥാർത്ഥ്യം.

എല്ലാ സഭകളും സഭൈക്യമെന്ന ലക്ഷ്യത്തിനായി ഗൗരവപൂർവ്വം ശ്രമിക്കാതെയും നടത്താതെയുമിരുന്നാൽ സഭൈക്യം ഒരിക്കലും യാഥാർത്ഥ്യമാകില്ല. കേരളസഭയിൽ വൈദികരും വൈദിക മേലദ്ധ്യക്ഷന്മാരും നിസ്സംഗത വെടിഞ്ഞ് സഭൈക്യമെന്ന ലക്ഷ്യത്തിനായി പരിശ്രമിക്കാത്തിടത്തോളം കാലം ഐക്യം നടക്കാനെ പോകുന്നില്ല. മലങ്കര ആരാധനാക്രമത്തിൽ വി. കുർബാനയിൽ ആലപിക്കുന്ന ഒരു ഈരടിയുണ്ട്.

"സഭമേൽ രക്ഷക കൃപ ചെയ്തു
യോജിപ്പേകുക വൈദികരിൽ
സത്യമതാം വിശ്വാസത്തെ
ഏകസ്വരത്തിൽ ഘോഷിപ്പാൻ"

സുവിശേഷം അറിയാത്തവരോട് ദൈവരാജ്യത്തിന്റെ നല്ല വിശേഷം പ്രഘോഷിക്കണമെങ്കിൽ സഭയിൽ ആദ്യമെ കൂട്ടായ്മ സംജാതമാകണം. സുവിശേഷീകരണമാണ് സഭയുടെ അടിസ്ഥാനദൗത്യമെങ്കിൽ ആദ്യമെ തന്നെ ഐക്യം സഭയിലുണ്ടെന്ന് ലോകത്തിന്റെ മുമ്പിൽ കാണിച്ചു കൊടുക്കണം.

കത്തോലിക്കാ സഭയുടെ സഭൈക്യവീക്ഷണങ്ങൾ, വിവിധ ഓർത്തഡോക്സ് സഭകളുടെ സഭൈക്യവീക്ഷണം, വിവിധ പ്രോട്ടസ്റ്റന്റ് സഭകളുടെ സഭൈക്യവീക്ഷണം, പെന്തക്കോസ്തൽ സഭകളുടെ സഭൈക്യവീക്ഷണം എന്നൊക്കെ പറഞ്ഞ് സെമിനാറുകളും സിമ്പോസിയങ്ങളും മറ്റും നടത്തി മുന്നേറുമ്പോൾ യേശുക്രിസ്തുവിന്റെ സഭൈക്യവീക്ഷണം എല്ലാവരും മറന്നുപോകുന്നു. യേശുക്രിസ്തുവിന്റെ സഭൈക്യവീക്ഷണം മനസ്സിലാകണമെങ്കിൽ നാം സുവിശേഷത്തിലേയ്ക്ക് തിരിയണം. മാനസാന്തരത്തിന്റെ മാർഗ്ഗം നേടണം. പ്രാർത്ഥനയുടെ വഴി കണ്ടുപിടിക്കണം. സഭയുടെ രാജകീയ ശൈലികൾ ഉപേക്ഷിച്ച് ശുശ്രൂഷിക്കുന്ന ശൈലി സ്വീകരിക്കണം.

## 4. മാർത്തോമ്മാ നസ്രാണി സഭകൾ മാർത്തോമ്മാ മാർഗ്ഗം മനസ്സിലാക്കണം.

17-ാം നൂറ്റാണ്ടുവരെ ഒരു സഭയായി കഴിഞ്ഞിരുന്ന മാർത്തോമ്മാ നസ്രാണികൾക്ക് പ്രത്യേകമായ ഒരു ജീവിതക്രമവും സാംസ്കാരിക ജീവിതവും വിശ്വാസജീവിതവും ആരാധനാ ജീവിതവുമുണ്ടായിരുന്നു. സംസ്കാരത്തിൽ ഭാരതീയമല്ലെങ്കിൽ ഹൈന്ദവവും, വിശ്വാസത്തിൽ ക്രൈസ്തവരും, ആരാധനാ ജീവിതത്തിൽ പൗരസ്ത്യവുമായ "മാർത്തോമ്മാ മാർഗ്ഗം" അനു

www.malankaralibrary.com

വർത്തിച്ചിരുന്നവരായിരുന്നു മാർത്തോമ്മാ നസ്രാണികൾ. ചില ആധുനിക വാദികൾ ഈ മാർഗ്ഗത്തെ പുച്ഛിച്ചു തള്ളുന്നുണ്ടാവാം. സാംസ്കാരിക അനുരൂപണ (inculturation) ത്തെക്കുറിച്ച് വാതോരാതെ പറയുന്നവർ 17-ാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന മാർത്തോമ്മാ നസ്രാണികളുടെ ചരിത്രം ശരിക്കും പഠിക്കേണ്ടതാണ്. ഒരുപക്ഷേ, അക്കാലഘട്ടത്തിന്റെ ചില അപഭ്രംശങ്ങൾ, അനാചരണങ്ങളായും അന്ധവിശ്വാസങ്ങളായും ക്രൈസ്തവജീവിതത്തിലും ഉണ്ടായിരുന്നതായി കാണാം. ജാതി വ്യവസ്ഥ ഉഗ്രരൂപത്തിൽ നിലനിന്നിരുന്ന ഭാരതത്തിൽ അങ്ങനെയൊക്കെ ചില അപവാദങ്ങൾ ക്രൈസ്തവ ജീവിതശൈലിയിലും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് മാർത്തോമ്മാമാർഗ്ഗം തെറ്റായിരുന്നുവെന്ന് വിധിക്കാൻ പാടില്ല.

മാർത്തോമ്മാ നസ്രാണികളുടെ ജീവിതത്തിൽ അനൈക്യം ആരംഭിച്ചത് പോർച്ചുഗീസ് മിഷനറിമാരുടെ വരവിനു ശേഷമാണ്. 1653 ലെ കൂനൻ കുരിശുസത്യത്തിനു ശേഷം അന്ത്യോക്യൻ യാക്കോബായ സഭ ഇവിടെയെത്തി. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പോർച്ചുഗീസ് മിഷനറി പ്രവർത്തനങ്ങളും, അന്ത്യോക്യൻസഭയുടെ പ്രവർത്തനങ്ങളും, പ്രോട്ടസ്റ്റന്റ് സഭയുടെ പ്രവർത്തനങ്ങളുമെല്ലാം മാർത്തോമ്മാ നസ്രാണി സഭയിൽ പിളർപ്പുകൾക്കു കാരണമായി. ഇവയെല്ലാം പത്രോസിന്റെ മാർഗ്ഗത്തിലുള്ള സഭകളായിരുന്നു എന്നു പറയാം. ഒരു രീതിയിൽ പറഞ്ഞാൽ ഭാരതത്തിൽ പത്രോസിന്റെ മാർഗ്ഗവും തോമ്മായുടെ മാർഗ്ഗവും തമ്മിലൊരു മൽപ്പിടുത്തം നടത്തിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം എല്ലാ സഭകളും മനസ്സിലാക്കേണ്ടതുണ്ട്. റോമാ സാമ്രാജ്യത്തിൽ ക്രിസ്തുമതത്തിന് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അത് സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി തീർന്നു. കാലക്രമേണ വിവിധ യൂറോപ്യൻ സാമ്രാജ്യങ്ങൾ ഏഷ്യ, ആഫ്രിക്ക, വൻകരകളിലെ ഭൂപ്രദേശങ്ങൾ കീഴടക്കി. കൂട്ടത്തിൽ, ക്രൈസ്തവ സഭയും മിഷനറി പ്രവർത്തനങ്ങൾ ഇവിടങ്ങളിലൊക്കെ നടത്തി. ഐക്യമെന്നാൽ ഐക്യരൂപ്യമെന്ന ചിന്തയായിരുന്നു ഇക്കാലഘട്ടങ്ങളിലൊക്കെ. അധികാരവും ശക്തിയുമുള്ളവർക്കുമുമ്പിൽ അതൊന്നുമില്ലാത്തവർ കീഴടങ്ങണമെന്ന സാമ്രാജ്യത്വ നിയമം ഇന്ത്യയിലും സ്ഥാപിക്കുവാൻ ഉദ്യമിച്ചപ്പോൾ സഭ ഇവിടെ പിളർന്നു. മാർത്തോമ്മായുടെ മാർഗ്ഗത്തിലായിരുന്നവർ ഛിന്നഭിന്നമായി.

ആരാധനാക്രമവിഷയങ്ങളിലും സാംസ്കാരിക വിഷയങ്ങളിലും എല്ലാം ഇന്നും മാർത്തോമ്മാ പൈതൃകമുള്ള സഭകളിൽ മാർത്തോമ്മാ മാർഗ്ഗത്തിന്റെ സ്വാധീനം കാണാം. വസ്ത്രധാരണ രീതികൾ, ആരാധനാ ജീവിതവുമായി ബന്ധപ്പെട്ട തിരുനാളുകൾ, വി. കുരിശിന്റെ വണക്കം, നോമ്പുകൾ, ഉപവാസങ്ങൾ, ഭജനയിരിക്കൽ, ജനനം-മരണം-വിവാഹം തുടങ്ങിയ സന്ദർഭങ്ങളിലെ വിവിധ കർമ്മങ്ങൾ, പരി. കന്യകാമറിയം, വി. തോമാശ്ലീഹാ, വി.

www.malankaralibrary.com

ഗീവർഗീസ് സഹദാ തുടങ്ങിയവരോടുള്ള പ്രത്യേക ഭക്തി, വിവിധ നേർച്ചകൾ, പരിഹാര പ്രവർത്തനങ്ങൾ, തീർത്ഥാടനങ്ങൾ, കുടുംബപ്രാർത്ഥനകൾ തുടങ്ങി അനേകം കാര്യങ്ങളിൽ വിവിധ കത്തോലിക്കാ-ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ് സഭകളിലുള്ള മാർത്തോമ്മാ നസ്രാണികൾക്ക് പൊതു പൈതൃകങ്ങൾ കണ്ടുപിടിക്കാനാകും. ഇവയൊക്കെ സഭൈക്യരംഗത്ത് പുതിയ പാതകൾ തുറക്കുമെന്നതിനു സംശയമില്ല. വിവിധ ക്രൈസ്തവ കുടുംബയോഗങ്ങളിൽ എല്ലാ സഭകളിലും ഉൾപ്പെട്ട മാർത്തോമ്മാ നസ്രാണികളുണ്ട്. കുടുംബയോഗങ്ങൾ സഭൈക്യചിന്തകൾക്കും, സഭൈക്യ പ്രാർത്ഥനകൾക്കും, സഭൈക്യപ്രവർത്തനങ്ങൾക്കും, വലിയ സാധ്യതകളുണ്ട്. എല്ലാം കുടുംബയോഗങ്ങളിലും തന്നെ വിവിധ സഭകളിൽപ്പെട്ട വൈദികരും പങ്കെടുക്കാറുണ്ട്. വൈദികരൊക്കെ അവരുടെ പ്രാർത്ഥനയിലും സന്ദേശങ്ങളിലും സഭൈക്യം പ്രധാന വിഷയമാക്കുന്നത് നല്ലതാണ്.

## 5. സംവാദങ്ങളും - പഠനങ്ങളും

സഭൈക്യപ്രവർത്തനങ്ങളെ പലരും സംശയത്തോടെ വീക്ഷിക്കുന്നതായറിയാം. വലിയ സഭയിലേയ്ക്ക് ചെറിയ സഭകളെ ലയിപ്പിക്കുന്നതാണെന്നതാണ് ചിലർ വിചാരിക്കുന്നത്. ഓരോ സഭയുടേയും ആരാധനാ ക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നീ കാര്യങ്ങളിലുള്ള അനന്യത കാത്തുസൂക്ഷിച്ചുകൊണ്ടും അടിസ്ഥാന വിശ്വാസം, കൂദാശകൾ, ഭരണക്രമം തുടങ്ങിയ കാതലായ കാര്യങ്ങളിൽ ഐക്യവുമാണ് സഭൈക്യം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു സഹോദരീ സഭയിലെ വൈദികൻ ഒരിക്കൽ പറയുകയുണ്ടായി. ഞങ്ങളുടെ സഭാതലവൻ റോമിൽ ചെന്നാൽ മാർപ്പാപ്പായ്ക്കു തുല്യമായ സ്ഥാനം കിട്ടും. മാർപ്പാപ്പ അദ്ദേഹത്തെ സമനായി സ്വീകരിക്കുകയും കരുതുകയും ചെയ്യും. നിങ്ങൾ കത്തോലിക്കാ സഭയിലെ പൗരസ്ത്യസഭാ തലവന്മാരെ മാർപ്പാപ്പ അങ്ങനെ കരുതുകയില്ല. ഞങ്ങൾ ഐക്യപ്പെട്ടാൽ ഞങ്ങളെയും ഇതേപോലെ കരുതുകയില്ലേ? അപ്പോൾ ഐക്യം നടക്കാതിരിക്കുകയല്ലേ അഭികാമ്യം? ഇതൊരു ബാലിശമായ വാദമാണ്. മാർപ്പാപ്പയുടെ ദൗത്യം പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ സഹോദരരെ ശക്തിപ്പെടുത്തുക എന്ന ശുശ്രൂഷയാണ് (ലൂക്കാ 22:32). അധികാരവും ചെങ്കോലും സിംഹാസനവും മറ്റ് രാജകീയ മാനദണ്ഡങ്ങളും ഒക്കെ സഭയിൽ നിന്നൊഴിവാക്കുമ്പോൾ മാത്രമേ യേശുക്രിസ്തുവിന്റെ സഭ ഒന്നായി തീരുകയുള്ളൂ.

സംവാദങ്ങളും, ചർച്ചകളും, പഠനങ്ങളുമൊക്കെ സഭൈക്യത്തെ ത്വരിതപ്പെടുത്തും. ഡയലോഗുകളും ചർച്ചകളും രാജ്യാന്തരതലത്തിൽ മാത്രം ഒതുക്കപ്പെടേണ്ടതല്ല. സഭയ്ക്ക് സാർവത്രിക ഭാവമുള്ളതുപോലെ തന്നെ പ്രാദേശിക - ദേശീയ ഭാവങ്ങളുമുണ്ട്. ദൈവശാസ്ത്രതലങ്ങളിൽ മാത്രം ചർച്ചകളും സംവാദങ്ങളും ഒതുക്കി നിർത്തരുത്. മാർത്തോമ്മാ ശ്ലീഹയുടെ

www.malankaralibrary.com

പൈതൃകമുള്ള സഭകളുടെ ഐക്യം എന്ന ലക്ഷ്യം വച്ചുകൊണ്ട് സഭകളുടെ തലവന്മാർക്ക് ഒന്നിച്ചുകൂടി പ്രാർത്ഥിക്കാം, ചർച്ചകൾ നടത്താം. ഈ സഭകളിലെ വൈദിക മേലദ്ധ്യക്ഷന്മാർക്ക് ഒന്നിച്ചുകൂടാം. ഈ സഭകളിലെ ദൈവശാസ്ത്രജ്ഞന്മാർക്കും, ചരിത്രപണ്ഡിതന്മാർക്കും, ആരാധനാക്രമ പണ്ഡിതന്മാർക്കും, ധാർമ്മിക ദൈവശാസ്ത്രജ്ഞർക്കും, ഒന്നിച്ചുകൂടി വിവിധ വിഷയങ്ങൾ ചർച്ചകൾ നടത്തി ഒന്നിക്കാവുന്ന തലങ്ങൾ കണ്ടുപിടിക്കാം.

ഇവിടെല്ലാം വേണ്ടത് എളിമയുടേയും ശുശ്രൂഷയുടേയും സഹകരണത്തിന്റേയും വിട്ടുവീഴ്ചയുടേയും മനോഭാവങ്ങളാണ്. "ആരാണ് വലിയവൻ" എന്ന അപ്പസ്തോലന്മാരുടെ ഭാവം ഇന്നും നിലനിൽക്കുന്നു. കാരണം യേശുവിനേയും അവന്റെ പ്രബോധനങ്ങളെയും ഇന്നും നമുക്കു മനസ്സിലായിട്ടില്ല.

വിവിധ സഭകളുടെ സെമിനാരികൾ സഭൈക്യപ്രവർത്തനങ്ങളെ വിവിധ തലങ്ങളിൽ പ്രോത്സാഹിപ്പിക്കേണ്ട വേദികളാകണം. പ്രാർത്ഥന, പഠനം, സംവാദങ്ങൾ, സൗഹൃദ മത്സരങ്ങൾ, ഒരുമിച്ചുള്ള ജീവിതം തുടങ്ങി വിവിധ തലങ്ങളിൽ സഹവർത്തിത്വം ഉറപ്പാക്കുവാൻ അധികാരികൾ ശ്രമിക്കേണ്ടതാണ്. വൈദിക-ദൈവശാസ്ത്ര വിദ്യാർത്ഥികളെ അവരവരുടെ സഭകളെക്കുറിച്ചു പഠിപ്പിക്കുന്നതോടൊപ്പം മറ്റ് വിവിധ സഭാപാരമ്പര്യങ്ങളേയും പഠിപ്പിക്കുവാൻ പാഠ്യപദ്ധതി തയ്യാറാക്കണം. മറ്റു സഭകളിലെ ദൈവശാസ്ത്ര പണ്ഡിതന്മാരേയും ബൈബിൾ പണ്ഡിതന്മാരേയും ധാർമ്മിക ദൈവശാസ്ത്രജ്ഞരെയുമൊക്കെ പഠിപ്പിക്കുന്നതിന് ക്ഷണിക്കണം.

നമ്മുടെ ധ്യാനകേന്ദ്രങ്ങൾ സഭൈക്യത്തിന് പ്രോത്സാഹനം നൽകുന്ന വേദികളാകണം. ധ്യാനഗുരുക്കന്മാർ സഭൈക്യം പ്രോത്സാഹിപ്പിക്കുന്ന ക്ലാസ്സുകൾ എടുക്കാനും, പ്രാർത്ഥിക്കാനും, വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം.

വിശ്വാസ കാര്യങ്ങളിലുള്ള സംസർഗ്ഗം (കൂദാശകൾ, കൂദാശാനുകരണങ്ങൾ, ദേവാലയങ്ങൾ, സെമിത്തേരികൾ മുതലായവ പങ്കുവയ്ക്കുന്നത്) കഴിയുന്നിടത്തോളം പ്രോത്സാഹിപ്പിക്കണം. സഭയുടെ നിയമങ്ങളെല്ലാം ലക്ഷ്യം വയ്ക്കുന്നത് അടിസ്ഥാനപരമായി ആത്മരക്ഷയാണ്.

## മാർത്തോമ്മാ നസ്രാണി സഭകളും വൈദിക ബ്രഹ്മചര്യവും

വൈദിക ബ്രഹ്മചര്യത്തിന്റെ ശ്രേഷ്ഠതയും നന്മയും ലോകം അംഗീകരിച്ചിരിക്കുന്ന കാര്യമാണ്. മാർത്തോമ്മാ മാർഗ്ഗത്തിൽ എന്നല്ല പൊതുവേ പൗരസ്ത്യ സഭാപാരമ്പര്യങ്ങളിൽ നിർബന്ധിത വൈദിക ബ്രഹ്മചര്യം പതിവുള്ളതല്ല. വൈദികരുടെ പൂർണ്ണസമർപ്പണം ദൈവജനത്തിന് ലഭ്യമാക്കുക എന്നതാണ് വൈദിക ബ്രഹ്മചര്യത്തിന്റെ ലക്ഷ്യം.

## 7. സഭാ മൗലികവാദം ഒഴിവാക്കണം

"കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്" എന്നാണല്ലോ പഴഞ്ചൊ

www.malankaralibrary.com

ല്ല്. ഓരോ സഭാംഗത്തിനും അവരവരുടെ സഭ ശ്രേഷ്ഠമാണ്. സ്വന്തം സഭയെ സ്നേഹിക്കേണ്ടത് സഭാംഗത്തിന്റെ കടമയും അവകാശവുമാണ്. സ്വന്തം സഭയെ അറിയേണ്ടതും സഭയെക്കുറിച്ച് പഠിക്കേണ്ടതും അത്യാവശ്യമാണ്. പക്ഷെ, മതതീവ്രവാദം പോലെ സഭാതീവ്രവാദവും വളരുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മതവിശ്വാസം നല്ലതാണ്. സ്വന്തം മതത്തെക്കുറിച്ച് അവബോധമുണ്ടാകുന്നതും മതപ്രമാണങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതും നല്ലതാണ്. എന്നാൽ ഇന്ന് ലോകത്തിന് മുഴുവൻ ശാപമായി മാറിയിരിക്കുന്ന മതഭീകരപ്രവർത്തനങ്ങൾ മതവിശ്വാസത്തിൽ നിന്നും മതമൗലിക വാദത്തിലേയ്ക്കും, മതതീവ്രവാദത്തിലേയ്ക്കും ഉള്ള മാറ്റങ്ങളുടെ ഫലമാണ്. സ്വന്തം മതം മാത്രമാണ് സത്യം. മറ്റുള്ളതെല്ലാം തെറ്റാണെന്നുള്ള ചിന്തയാണ് ഇതിനു പിന്നിൽ. സ്വന്തം മതവിശ്വാസത്തെയും പ്രമാണങ്ങളെയും ബുദ്ധിയുടേയും യുക്തിയുടേയും വെളിച്ചത്തിൽ മറ്റുള്ളവരോട് പറഞ്ഞു കൊടുക്കാനാവാത്തവരാണ് മതതീവ്രവാദത്തിലേയ്ക്കും മതഭീകരവാദത്തിലേയ്ക്കും മാറുന്നത്.

സഭയിലും ഇതുപോലെയുള്ള ശൈലികൾ വളർന്നു വരുന്നതു കാണാം. മറ്റു സഭകളോട് ഒരു തരം അസഹിഷ്ണുതാമനോഭാവം. എന്റെ സഭയാണ് ശരിയായിട്ടുള്ളതും സത്യ സഭയും. നിന്റേത് തെറ്റാണ് എന്ന മനോഭാവം സഭാ മൗലികവാദത്തിലേയ്ക്കും ചിലപ്പോൾ സഭാ തീവ്രവാദത്തിലേയ്ക്കും മാറാം. ഇത് അപകടകരമായ പ്രവണതയാണ്.

സഭയുടെ ചരിത്രപഠനം വ്യക്തിനിഷ്ഠമെന്നതിനേക്കാൾ വസ്തുനിഷ്ഠമാകണം, സ്വജനപക്ഷപാതപരമെന്നതിനേക്കാൾ നിഷ്പക്ഷമാകണം. ചരിത്രത്തെ വളച്ചൊടിക്കാതിരിക്കാൻ ശ്രമിക്കണം. ചരിത്രം പറയേണ്ടത് തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കണം. ഊഹാപോഹങ്ങൾക്ക് ചരിത്രത്തിൽ സ്ഥാനമില്ല. കേരള സഭയിൽ ഓരോ കൂട്ടരും ചരിത്രത്തെ സ്വന്തം വരുതിയിലാക്കാൻ ശ്രമിക്കുന്നത് സഭൈക്യരംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കാനിടയാക്കും. ഇവിടെയും തീവ്രനിലപാടുകൾ പാടില്ല.

എന്റെ അഭിപ്രായത്തിന് എതിരഭിപ്രായം പറയുന്നവരെ ഞാൻ ശത്രുക്കളായി കരുതേണ്ട കാര്യമില്ല. കാരണം ഞാൻ കാണാത്ത പല കാര്യങ്ങളും മറ്റുള്ളവർ കണ്ടെന്നിരിക്കും. അധികാരികൾ തീരുമാനമെടുക്കും മുമ്പ് ജനത്തെ കേൾക്കുകയും, കാര്യങ്ങൾ ജനത്തെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചും നാമിന്ന് ജീവിക്കുന്നത് ജനാധിപത്യ ഭരണക്രമത്തിലാണ്. ജനങ്ങളുടെ ശബ്ദം ദൈവത്തിന്റെ ശബ്ദം എന്നാണല്ലോ ചൊല്ല്. സഭയിൽ നടന്നിട്ടുള്ള പല ഭിന്നതകളും തീരുമാനങ്ങൾ ഏകപക്ഷീയമായി അടിച്ചേൽപ്പിയ്ക്കാൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ്. മതതീവ്രവാദം പോലെ തന്നെ അപകടകരമാണ് സഭാതീവ്രവാദവും എന്ന് നാം മനസ്സിലാക്കണം.

www.malankaralibrary.com

## ഉപസംഹാരം

ക്രൈസ്തവ സഭകൾ ബാബേൽ അനുഭവത്തിൽ നിന്നും പെന്തക്കുസ്താ യിലെ സെഹിയോൻ അനുഭവത്തിലേയ്ക്ക് പോകേണ്ടിയിരിക്കുന്നു. ഭാരതത്തിലെ മാർത്തോമ്മാ നസ്രാണി പാരമ്പര്യമുള്ള സഭകൾ തങ്ങളുടെ സ്വത്വം മനസ്സിലാക്ക ണം. ഓരോരുത്തരുടേയും ഭാഗം മാത്രം ന്യായീകരിച്ച് മർക്കടമുഷ്ടിയോടെയിരിക്കാതെ അപരനെ കാണാനും കേൾക്കാനും സംസാരിക്കാനും തയ്യാറാകണം. എല്ലാവരോടും സുവിശേഷം പ്രസംഗിക്കണം. ആരും അവരവരുടെ വ്യക്തിത്വം സഭൈക്യത്തിനായി നഷ്ടപ്പെടുത്തേണ്ടതില്ല. ഐക്യം വേണ്ടത് അടിസ്ഥാന കാര്യങ്ങളിലാണ്. അല്ലാ തുള്ള കാര്യങ്ങളിൽ സഹവർത്തിത്വവും സഹകരണവും വേണം. എല്ലാ കാര്യങ്ങ ളിലും ക്രിസ്ത്യാനികൾക്കുണ്ടാകേണ്ടത് സ്നേഹമാണ്. സ്നേഹമുള്ളിടത്ത് എളിമയു ണ്ട്, സഹകരണമുണ്ട്, ത്യാഗമുണ്ട്, വിട്ടുവീഴ്ചയുണ്ട്, അധികാരഗർവ്വില്ല, പണത്തിനോടും സ്ഥാനമാനങ്ങളോടും ആർത്തിയുണ്ടാവില്ല. അവിടെ ഐക്യം സാധ്യമാകും.

സഭകളുടെ ഐക്യം അനിവാര്യമാണെന്ന ബോധ്യം എല്ലാ സഭക ളിലും മുഴുവൻ ക്രൈസ്തവ വിശ്വാസികൾക്കുമുണ്ടാകണം. അതിനായുള്ള ബോധവൽക്കരണം എല്ലാ ഇടവകകളിലും സന്യാസഭവനങ്ങളിലും സെമി നാരികളിലും നടക്കണം. സഭൈക്യത്തിനായി ഞായറാഴ്ചകളിലും കട മുള്ള ദിവസങ്ങളിലും കുർബ്ബാനയോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകൾ എല്ലായിടങ്ങളിലും നടത്തണം. ഐക്യത്തിന്റെ ആത്മാവ് സഭയിൽ പ്രവർത്തിക്കുവാൻ ഇടമൊരുക്കണം.

സഭൈക്യം ഇഷ്ടപ്പെടാത്ത ഒരു കൂട്ടം ആളുകൾ എല്ലാ സഭകളിലുമു ണ്ടാകും. അതിൽ ചിലപ്പോൾ വൈദിക ഗണത്തിലുള്ളവരും കാണും. അവർ അനൈക്യത്തിന്റെ പിന്നണിയാളുകളാകാം. സഭൈക്യത്തെ നിസ്സംഗതയോടെ കാണുന്നവരും കുറവല്ല. ഐക്യം നടന്നാലും ഇല്ലെങ്കിലും എന്റെ കാര്യങ്ങ ളൊക്കെ നടന്നാൽ മതി എന്നാണിക്കൂട്ടരുടെ ചിന്ത. യേശുക്രിസ്തുവിന് "ഒരിടയനും ഒരു തൊഴുത്തും" എന്ന സ്വപ്നമുണ്ടെങ്കിൽ, എല്ലാവരും തന്നി ലൊന്നാകണമെന്ന ആഗ്രഹമുണ്ടെങ്കിൽ പിന്നെ നാമായിട്ടെന്തിനാണ് അതിന് തടസ്സം സൃഷ്ടിക്കുന്നത്?

"പുനരൈക്യ സ്മരണാകിരണങ്ങൾ" കേരള സഭയിൽ പുതിയൊരു സഭൈക്യ ശൈലിയ്ക്ക് തുടക്കം കുറിക്കുമെന്ന് പ്രത്യാശിക്കുന്നു.

കേരള സഭയിൽ ഒരു പുനർവായനയ്ക്ക് പുനരൈക്യസ്മരണാ കിര ണങ്ങൾ വീണ്ടും പ്രസിദ്ധീകരിക്കുന്നത് സമുചിതമാണ്. 65 വർഷം മുമ്പ് നാം എവിടെയായിരുന്നുവെന്ന് മനസ്സിലാക്കുന്നത് ആവശ്യമാണല്ലോ.

ഇതോടനുബന്ധമായി പുനരൈക്യസ്മരണാകിരണങ്ങൾ തയ്യാറാക്കിയ മോൺ. ജോൺ കച്ചിറമറ്റത്തെപ്പറ്റിയുള്ള വിവരണങ്ങൾ കൂടിചേർത്തിരിക്കു ന്നത് സമുചിതമാണ്.

www.malankaralibrary.com

# നാലാംഭാഗം

**പുനരൈക്യ സ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം 65 വർഷം മുൻപ് തയ്യാറാക്കിയ തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ കച്ചിറമറ്റത്തെപ്പറ്റിയുള്ള വിവരണങ്ങൾ- ചില ലേഖനങ്ങൾ (1961-ൽ പ്രസിദ്ധീകരിച്ചത്)**

# മോൺസിഞ്ഞോർ കച്ചിറമറ്റം - ജീവചരിത്രം

### ജന്മദേശം

കേരളത്തിന്റെ സാമുദായികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ മായാത്തമുദ്രകൾ പതിച്ചിട്ടുള്ള മഹൽവ്യക്തികളുടെ ജനനംകൊണ്ട് അനുഗ്രഹീതമായ രാമപുരത്തിനാണ് പുണ്യശ്ലോകനായ മോൺ. ജോൺ കച്ചിറമറ്റത്തിന്റേയും ജന്മഭൂമിയാകാനുള്ള ഭാഗ്യം സിദ്ധിച്ചത്. വഞ്ചിപ്പാട്ടിന്റെ കർത്താവായ മഹാകവി രാമപുരത്തു വാര്യരുടെ ജന്മദേശം എന്നുള്ള നിലയിലും, സഭാ ഭരണത്തിൽ കേരളീയ ക്രിസ്ത്യനികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി മാർ കരിയാറ്റി മെത്രാപ്പോലീത്തായോടൊത്തു സാഹസികവും ആപല്ക്കരവുമായ ജലയാത്ര നടത്തി റോമ്മാപ്പുരിയിലെത്തി വിജയപൂർവ്വം തിരിച്ചെത്തി കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോറായി (അഡ്മിനിസ്ട്രേറ്റർ) ഭരണം നടത്തുകയും വർത്തമാനപ്പുസ്തകംപോലുള്ള മഹൽഗ്രന്ഥങ്ങളെഴുതി മലയാളത്തിലെ ഗദ്യസാഹിത്യത്തിന്റെയും യാത്രവിവരണശാഖയുടേയും ആരംഭകനായിത്തീരുകയും ചെയ്ത പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഭൗതീകാവശിഷ്ടങ്ങൾ വിലയംകൊള്ളുന്ന പുണ്യഭൂമി എന്നുള്ള നിലയിലും രാമപുരം പ്രസിദ്ധി ആർജ്ജിച്ചിട്ടുണ്ട്. അവശ ജനവിഭാഗങ്ങളുടെ സംരക്ഷണത്തിൽ പ്രത്യേകശ്രദ്ധ ചെലുത്തി ജീവിച്ച പുണ്യശ്ലോകനായ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ ജനനംകൊണ്ടും കർമ്മംകൊണ്ടും അനുഗ്രഹീതമാണ് രാമപുരം. ശതകണക്കിനു വൈദികരേയും കന്യാസ്ത്രീകളെയും ആത്മായപ്രേഷിതരേയും ഭാരതത്തിന്റെ വിവിധരൂപതകൾക്കു പ്രദാനം ചെയ്തു കൊണ്ടിരിക്കുന്ന രാമപുരം ഇടവകയാണു കച്ചിറമറ്റത്തിൽ ജോണച്ചനെയും വളർത്തിയെടുത്തത്.

www.malankaralibrary.com

## കുടുംബം

മാർത്തോമ്മാശ്ലീഹാ മാനസാന്തരപ്പെടുത്തിയ കള്ളി, കാളികാവ്, ശംകുതിരി, പകലോമറ്റം എന്നീ ബ്രാഹ്മണകുടുംബങ്ങൾ പാലയൂർനിന്നു കുറവിലങ്ങാട്ടും പരിസരപ്രദേശങ്ങളിലും കുടിയേറിപ്പാർത്തു. ശംകുതിരി കുടുംബത്തിലെ ഒരു ശാഖ കടുത്തുരുത്തിയിൽ താമസമുറപ്പിച്ചു. അവിടെ നിന്നു ഈ കുടുംബത്തിൽപ്പെട്ടവർ മലമ്പ്രദേശത്തെ ഒരു പ്രമുഖപട്ടണ മായിരുന്ന നിലയ്ക്കലേയ്ക്കു മാറത്താമസിച്ചു. വി. തോമാശ്ലീഹാ കേരള ക്കരയിൽ സ്ഥാപിച്ച ഏഴ് പള്ളികളിൽ ഒന്നു നിലയ്ക്കൽ ആയിരുന്നു. ക്രിസ്ത്യാനികളുടെ ശക്തികേന്ദ്രമായി വിരാജിച്ചിരുന്ന നിലയ്ക്കൽ പാണ്ടി പ്പടയുടെയോ, വന്യമൃഗങ്ങളുടെയോ ആക്രമണത്താൽ കാലാന്തരത്തിൽ വിജനമായിത്തീർന്നു. നിലയ്ക്കൽ താമസിച്ചിരുന്നവർ അരുവിത്തുറ, പാലാ, കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിൽ അഭയംതേടി. ശംകുതിരി കുടും ബത്തിലെ തായ്‌വഴിക്കാർ അരുവിത്തുറയാണു താമസിച്ചത്. അതിൽ ഒരു കുടുംബം വള്ളിച്ചിറ (പൈങ്ങുളം) യടുത്തുള്ള എടാട്ടു-വട്ടപ്പറമ്പിൽ താമ സിച്ചു.

വടക്കുംകൂർ രാജവംശത്തിൽപ്പെട്ട ഒരു ഇടപ്രഭു, രാമപുരത്തു വെള്ളി ലാപ്പള്ളി കേന്ദ്രമാക്കി വാണിരുന്നു. "ഇടത്തിൽ തമ്പുരാക്കന്മാർ" എന്ന മാറപ്പേരിൽ വെള്ളിലാപ്പള്ളിയിൽ ഭരണംനടത്തിയിരുന്ന ഈ രാജകുടുംബ ത്തിന്റെ, കൊട്ടാരങ്ങളുടേയും കോട്ടകൊത്തളങ്ങളുടേയും അവശിഷ്ടങ്ങൾ ഇപ്പോൾ "കാര്യപ്പുറത്തു പുരിയട"ത്തിൽ ദൃശ്യമാണ്. വെള്ളിലാപ്പള്ളിയിലെ "ഭഗവതിക്ഷേത്രം" അവരുടെ "ഭരദേവത' ക്ഷേത്രം ആയിരുന്നു. രാജ കുടുംബാംഗങ്ങൾ ഏറ്റുമാനൂർ ഉത്സവത്തിൽ സംബന്ധിക്കുവാൻ പോകുന്നത് എടാട്ട്-വട്ടപ്പറമ്പിൽ കൂടിയായിരുന്നു. വട്ടപ്പറമ്പിൽ കുടുംബത്തിന്റെ കുലീ നതയും സൽഗുണങ്ങളും നേരിട്ടറിഞ്ഞ്, രാജാവ് അവരിൽ ഒരാളെ ക്ഷണിച്ചു കൊണ്ടുവന്നു വെള്ളിലാപ്പള്ളിയിൽ തയ്യിൽ (തുണ്ടത്തിൽ) താമസിപ്പിച്ചു. ഈ കുടുംബാംഗങ്ങളിൽപ്പെട്ടവർ പല തലമുറകളിൽ രാജാവിന്റെ മന്ത്രി മാരായിരുന്നുവെന്ന് ഐതിഹ്യമുണ്ട്. അവിടെനിന്നും ഒരാൾ ചോലപ്പള്ളി യിൽ വന്നു താമിസിച്ചു.

ചോലപ്പള്ളിൽ തറവാട്ടിൽപ്പെടുന്ന ഒട്ടുവളരെ കുടുംബങ്ങൾ രാമ പുരത്തും പരിസരങ്ങളിലുമുണ്ട്. "ചൊല്ലും ചിലമ്പുമുള്ള ചോലപ്പള്ളി" എന്ന് ഒരു ചൊല്ലുതന്നെയുണ്ടായിരുന്നു. ചോലപ്പള്ളി കുടുംബനായകനു ണ്ടായിരുന്ന മൂന്ന് ആൺമക്കളിൽ ഒരാൾ മരങ്ങാട്ടിൽ കോട്ടിരിക്കലും മറ്റൊരാൾ കൊണ്ടാട്ടിൽ വള്ളിയിലും മാറിത്താമസിച്ചു. കോട്ടിരിക്കൽ കുടും ബത്തിൽ ഏഴു സന്താനങ്ങളുണ്ടായിരുന്നു. ഇവരിലൊരാളായിരുന്നു സുപ്ര സിദ്ധനായ കോട്ടിരിക്കൽ ബ. മത്തായി അച്ചൻ. അവരിൽ ഒരാളായ അന്ത്ര യോസ്, തറവാട്ടിൽത്തന്നെ താമസിച്ചു. മാത്യു എന്നയാൾ മുണ്ടയ്ക്കലും

www.malankaralibrary.com

ഉലഹന്നൻ എന്നയാൾ ആറ്റുപുറത്തും തൊമ്മൻ എന്നയാൾ കച്ചിറമറ്റത്തിലേയ്ക്കും മാറിത്താമസിച്ചു. ഒരാൾ കളപ്പുരയ്ക്കലേയ്ക്കും മറ്റൊരാൾ ചേന്നാട്ടേയക്കും മാറിത്താമസിച്ചു. കോട്ടിരിയ്ക്കൽ ബ. അന്ത്രയോസച്ചൻ, കോട്ടിരിയ്ക്കൽ താമസിച്ച അന്ത്രയോസിന്റെ സന്താനങ്ങളിൽ ഒരാളാണ്. ആറ്റുപുറത്തു ബ. ഉതപ്പച്ചൻ ആറ്റുപുറത്ത് താമസിച്ച ഉലഹന്നന്റെ സന്താനങ്ങളിൽ ഒരാളാണ്. എടക്കര, കരിയാലപ്പുഴ, കാഞ്ഞിരക്കുഴ മുതലായ കുടുംബങ്ങൾ ആറ്റുപുറം കുടുംബത്തിൽപ്പെട്ടവരാണ്. നെടുംകൊമ്പിൽ - കടലങ്കാട്ട്- കുടുംബം കളപ്പുര കുടുംബത്തിൽപ്പെട്ടതും, ആളോപ്രാ, ചേന്നാടു കുടുംബത്തിൽപ്പെട്ടതുമാണ്.

## കച്ചിറമറ്റം കുടുംബം

വെള്ളിലാപ്പള്ളി തോട്ടിൽ തേവാരംകല്ല് എന്നറിയപ്പെടുന്ന സ്ഥലത്താണ് "ഇടത്തിൽ തമ്പുരാക്കന്മാർ" കുളിയും തേവാരവും നടത്തിയിരുന്നത്. ഈ സ്ഥലമുൾപ്പെട്ട, തോട്ടുവക്കത്തുള്ള ഫലഭൂയിഷ്ഠമായ ഒരു സ്ഥലത്താണു കച്ചിറമറ്റം കുടുംബം സ്ഥിതിചെയ്യുന്നത്. കച്ചിറമറ്റത്തിലേ ഗൃഹനാഥന് ഒരു മകളും മകനുമാണുണ്ടായിരുന്നത്. മകളെ ഇടവനശ്ശേരി കുടുംബത്തിലേയ്ക്കു വിവാഹംചെയ്തുകൊടുത്തു. ഇടവനശ്ശേരിൽ കുടുംബത്തിൽപ്പെട്ടതാണു കാര്യപ്പുറം കുടുംബവും കട്ടക്കയം കുടുംബവും. മകന് അഞ്ചു ആൺമക്കളും രണ്ടുപെൺമക്കളുമുണ്ടായിരുന്നു. പെൺമക്കളിൽ ഒരാളെ വട്ടുകുന്നേലും മറ്റൊരാളെ മാഞ്ഞൂർ കൊല്ലൻപറമ്പിലും വിവാഹംചെയ്തു. അഞ്ച് ആൺമക്കളിൽ ഒരാളാണ് "കച്ചിറമറ്റത്തിൽ വല്യച്ചൻ" എന്നറിയപ്പെടുന്ന തോമ്മാച്ചൻ. ശേഷിച്ച നാലുപേരിൽ ഒരാൾ തറവാട്ടിലും മറ്റോരോരുത്തർ ചീങ്കല്ലേലും, പൊന്നാമറ്റത്തിലും, കരിപ്പാക്കുടിയിലും താമസമുറപ്പിച്ചു. കരിപ്പാക്കുടിയിൽ താമസിച്ചയാളിന്റെ സന്താനങ്ങളിൽ ഒരാളാണ് "കരിപ്പാക്കുടിയിൽ ബ. ശൗര്യാരച്ചൻ". ചീങ്കല്ലേൽ താമസിച്ചിരുന്നയാളിന്റെ പൗത്രനാണ് കച്ചിറമറ്റത്തിൽ ബ. കുര്യാച്ചൻ.

കച്ചിറമറ്റത്തിൽ താമസിച്ച കുരുവിളയ്ക്ക് എട്ട് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ടായിരുന്നു. അവരിൽ വർഗീസ്, അന്ത്രയോസ് എന്നിവരും ഒരു സഹോദരിയും ചെറുപ്പത്തിൽ തന്നെ മരിച്ചു. ശേഷിച്ച ഒരു സഹോദരിയെ, മാറിടത്ത് മരുതുക്കുന്നേൽ വിവാഹംചെയ്തു. സഹോദരങ്ങളിൽ കുര്യാക്കോസും ആഗസ്തിയും വള്ളിയാരകത്ത് മാറിത്താമസിച്ചു. തൊമ്മൻ എന്നയാൾ വണ്ടാനാനിക്കൽ കുടുംബത്തിൽനിന്നും ഔത എന്നയാൾ പുറവക്കാട്ടു കുടുംബത്തിൽനിന്നും വിവാഹം കഴിച്ചു ദത്തായി താമസിച്ചു. ഇളയ സഹോദരൻ മത്തായി തറവാട്ടിൽ താമസിച്ചു. അയാളുടെ നാലു സന്താനങ്ങളിൽ ഒരാളാണു റവ. ഫാ. അഗസ്റ്റിൻ കച്ചിറമറ്റം. അദ്ദേഹത്തിന്റെ ഇളയ രണ്ടു സഹോദരന്മാരാണ് ഫാ. ജോസഫ് കച്ചിറമറ്റവും ഫാ. കനീഷ്യസ് കച്ചിറ്റമറ്റം സി.എം.ഐ.യും ജ്യേഷ്ഠസഹോദരൻ ഉലഹന്നൻ ദീർഘകാലം

www.malankaralibrary.com

തറവാട്ടിൽത്തന്നെ താമസിച്ചു. ഉലഹന്നൻ മൂത്തസന്താനങ്ങളായ കുരുവിള, അവിരാ, ജോൺ (സ്മര്യപുരുഷൻ) തോമസ് എന്നിവർ ജനിച്ചതിനുശേഷം മുടവൻപ്രായിലേയ്ക്ക് മാറിത്താമസിച്ചു. ഏലി (സി. ജോസഫീന, ക്ലാരമഠം), ഔത, ആഗസ്തി, ദേവസ്യാ (ഫാദർ ദേവസ്യ എസ്സ്. ജെ.) അന്ത്രയോസ് എന്നിവർ അദ്ദേഹത്തിന്റെ ഇളയ സന്താനങ്ങളാണ്. അന്ത്രയോസ് ചെറുപ്പത്തിൽത്തന്നെ മരിച്ചു.

# ജനനവും ബാല്യവും

## മാതാപിതാക്കന്മാർ

സ്മര്യപുരുഷന്റെ പിതാവ് ഉലഹന്നൻ, ആരോഗ്യദൃഢഗാത്രനും ബലിഷ്ഠനും കഠിനാദ്ധ്വാനംകൊണ്ട് ഉയർന്നുവന്ന ഒരു കർഷകനുമായിരുന്നു. നാട്ടുപ്രമാണിയായ ഇദ്ദേഹം പരമഭക്തനും ഭക്തസംഘടനകളിൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ആളുമായിരുന്നു. മാതാവ് മോനിക്കാ പ്ലാക്കണ്ണിക്കൽ അവിരായുടെ പുത്രിയാണ്. ഈ മഹതിയുടെ പിതൃസഹോദരനാണ് സുപ്രസിദ്ധനായ പ്ലാക്കണ്ണിക്കൽ യോഹന്നാൻ കത്തനാർ. കുടുംബഭരണത്തിലും ആദ്ധ്യാത്മിക ജീവിതത്തിലും മോനിക്കാ, അക്ഷരാർത്ഥത്തിൽതന്നെ ഭർത്താവിന് ഒരു അനുകൂല സഹധർമ്മിണിയായിരുന്നു. ആ മഹതി ഭർത്താവിന്റേയും ഓമനസുതന്റേയും വിയോഗദുഃഖത്തിൽ ദീർഘനാൾ ജീവിച്ചു. ആ വന്ദ്യവയോധിക വിനിയാന്വിതയായി, ഭക്തസംഘടനകൾക്ക് ഒരു കെടാവിളക്കായി, മുടങ്ങാതെ ദിവ്യബലിയിൽ സംബന്ധിച്ച് ജീവിതസായാഹ്നത്തിൽ ഒരു മാതൃകാ ജീവിതം നയിച്ചു വരവേ 1971 സെപ്റ്റംബർ 2-നിര്യാതയായി.

## ജനനം

26.04.1907-ൽ സ്മര്യപുരഷൻ ഭൂജാതനായി. കുഞ്ഞ്, എന്നായിരുന്നു അദ്ദേഹത്തിന്റെ ഓമനപ്പേര്, കുഞ്ഞ്, ഈശ്വരഭക്തി, അനുസരണ, സഹോദരസ്നേഹം, ക്ഷമ മുതലായ സൽഗുണങ്ങളുടെ ഒരു വിളനിലമായിരുന്നു. സ്വന്തക്കാരുടേയും അയൽക്കാരുടേയും ഒരു കണ്ണിലുണ്ണിയായി വളർന്നുവന്നു. ഈശ്വരഭക്തി, കഠിനാദ്ധ്വാനം, അനാർഭാടജീവിതം എന്നിവ വിളങ്ങിയിരുന്ന കുടുംബാന്തരീക്ഷത്തിന്റെ സ്വാധീനത്തിലാണ് കുഞ്ഞ് വളർന്നുവന്നത്.

## വിദ്യാഭ്യാസം

യഥാകാലം, രാമപുരം ഗവ. പ്രൈമറി സ്കൂളിൽ ചേർന്ന്, പഠനമാരംഭിച്ചു. വീട്ടിലേ കുഞ്ഞ് സ്കൂളിലെ കെ. ജെ. ജോണായിമാറി. സുശീലനും സമർത്ഥനുമായിരുന്ന കെ. ജെ. ജോൺ. അദ്ധ്യാപകരുടേയും സഹപാഠികളുടേയും ഒരു കണ്ണിലുണ്ണിയായിരുന്നു.

www.malankaralibrary.com

പ്രാഥമിക വിദ്യാഭ്യാസാനന്തരം കെ. ജെ. ജോൺ പള്ളിമുറിയിൽ നടന്നിരുന്ന മലയാളം മിഡിൽസ്കൂളിലാണ് ചേർന്നത്. ഹെഡ്മാസ്റ്റർ ശ്രീ. എൻ. കൃഷ്ണപിള്ളയായിരുന്നു. താമസിയാതെ മലയാളം മിഡിൽസ്ക്കൂൾ, ഇംഗ്ലീഷ് മിഡിൽസ്ക്കൂളായി രൂപാന്തരപ്പെട്ടപ്പോൾ ജോൺ ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ചേർന്നു. അന്ന് തിരുവല്ലാ സ്വദേശി കെ. ജെ. ചെറിയാൻ ഹെഡ്മാസ്റ്ററായിരുന്നു. താമസിയാതെ കെ. വി. ജോസഫ് കണിയാരകത്ത് ഹെഡ്മാസ്റ്ററായി നിയമിതനായി. ജോൺ തേർഡ്ഫോമിൽ പഠിക്കുമ്പോഴത്തേ ഹെഡ്മാസ്റ്റർ കടനാട്ടിൽ തമ്പുരാൻ കേരളവർമ്മ ബി. എ. ആയിരുന്നു. മിഡിൽസ്കൂൾ വിദ്യാഭ്യാസകാലത്ത് ജോൺ ഭക്തനും, പ്രതിഭാശാലിയും ആയ ഒരു മാതൃകാ വിദ്യാർത്ഥിതന്നെയായിരുന്നു. പഠനത്തിൽ സമർത്ഥനായിരുന്ന ജോൺ സ്പോർട്ട്സിലും, ഗെയിംസിലും പ്രത്യേകിച്ച് "വോളിബോളിലും" അദ്വിതീയനായിരുന്നു. തേർഡ്ഫോറം പരീക്ഷയിൽ ഒന്നാമതായി വിജയം കരസ്ഥമാക്കിയതിനാൽ സ്കോളർഷിപ്പോടുകൂടിയാണ് പാലായിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം മുഴുവൻ നടത്തിയത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസകാലം മുഴുവൻ സെന്റ് തോമസ് ബോർഡിംഗ് ഹൗസിൽ ആണ് താമസിച്ചത്.

അനുദിനം കുർബ്ബാനയ്ക്കു കൂടുകയും, വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികളിൽ ഒരാൾ, ബോർഡിംഗ് പ്രീഫ്ക്ട്, ദീർഘകായനായ് വോളികളിക്കാരൻ എന്നീ നിലകളിൽ ജോണിനെ എല്ലാവരും അറിയുമായിരുന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ഇന്റർമീഡിയറ്റ് ക്ലാസ്സിൽ ചേർന്നു. പാലാ ബോർഡിംഗ് റെക്ടറായിരുന്ന ബ. പ്ലാത്തോട്ടത്തിൽ കുരുവിളയച്ചനിൽ നിന്ന് ഏതദ്വിഷയകമായി ലഭിച്ച പ്രോത്സാഹനം പ്രത്യേകം നന്ദിപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. ചങ്ങനാശ്ശേരിയിൽ പാറേൽ ഹോസ്റ്റലിൽ താമസിച്ചാണ് പഠിച്ചത്. ഹോസ്ററൽ വാർഡൻ, പിന്നീട് പാലാ കത്തീഡ്രൽവികാരിയായ റവ. ഫാ. സെബാസ്റ്റ്യൻ മറ്റം ആയിരുന്നു. പഠനത്തിലും കളിയിലും സർവ്വോപരി ആദ്ധ്യാത്മിക ജീവിതത്തിലും ശോഭിച്ചിരുന്ന ആരോഗ്യ ദൃഢഗാത്രനായിരുന്ന ഒരു യുവകേസരിയായി, ജോൺ എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിരുന്നു. ഹോസ്റ്റൽ വാർഡനും സഹപാഠികളും ഇദ്ദേഹത്തിൽ ഭാവിയിലേ ഒരു വൈദിക വിദ്യാർത്ഥിയെ ദർശിച്ചിരുന്നു. മധുരമായ സ്വരവും ഹൃദ്യമായ പെരുമാറ്റവും വിനയവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ചില രസിക ശിരോമണികൾ വൈദികർക്കു ചെയ്യുന്ന ആചാരങ്ങൾ ഇദ്ദേഹത്തിന്റെ മുമ്പിൽ അഭിനയിച്ചിരുന്നു.

ഇന്റർമീഡിയറ്റ് പാസ്സായതിനുശേഷം തൃശ്ശിനാപ്പള്ളി കോളേജിൽ ചേർന്നു. സ്മര്യപുരുഷനിൽ ബാല്യം മുതൽ പ്രത്യക്ഷപ്പെട്ടിരുന്ന കഴിവു

www.malankaralibrary.com

കളും സൽഗുണങ്ങളും ഇക്കാലം കൊണ്ട് വികസിച്ച് പരിപൂർണ്ണതയിൽ എത്തിയിരുന്നുവെന്നു തന്നെ പറയാം. ജോണിന്റെ വ്യക്തിവിലാസത്തിൽ ആകൃഷ്ടരായി ഈശോസഭയിലെ പണ്ഡിതശ്രേസ്സരരായ ചില വൈദികർ, അദ്ദേഹത്തെ ഈശോസഭിയിൽ ചേരുവാൻ പ്രേരിപ്പിക്കുകയുണ്ടായി. ഈശോസഭയിൽ ചേരുന്നതിന് ജോൺ സന്നദ്ധനായില്ല. തുടർന്നുണ്ടായ പ്രേരണയുടെ ഫലമായി, തന്റെ ഇളയസഹോദരനെ ഈശോസഭയിൽ അയയ്ക്കാൻ ശ്രമിക്കാമെന്ന് വാഗ്ദാനം ചെയ്തു. സഹോദരൻ ദേവസ്യ സ്കൂൾ ഫൈനൽ പാസ്സായപ്പോഴേയ്ക്കും ജോൺ ഒരു വൈദികനായി കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ശ്രമംകൊണ്ട് കൂടിയാണ് സഹോദരൻ ദേവസ്യാ ഈശോസഭിയിൽ ചേർന്നത്.

ഹൈസ്ക്കൂളിലും കോളേജിലും പഠിച്ചിരുന്ന കാലത്തും, അഭ്യസ്ത വിദ്യനായതിനുശേഷവും, ജോൺ നാട്ടിലും, വീട്ടിലും, പഴയകുഞ്ഞായിത്തന്നെ കഴിഞ്ഞുകൂടി. ഒരു കർഷക കുടുംബത്തിലെ അംഗമെന്ന നിലയിലാണ് എപ്പോഴും പെരുമാറിക്കൊണ്ടിരുന്നത്. സമയമുള്ളപ്പോഴെല്ലാം പിതാവിനോടും സഹോദരനോടുമൊത്ത്, മഴയും വെയിലും വകവയ്ക്കാതെ, കാർഷികവൃത്തിയിൽ പങ്കെടുത്തിരുന്ന ജോൺ നാട്ടുകാരുടെയെല്ലാം പ്രശംസയ്ക്കു പാത്രീഭൂതനായി. ഇടവകയിലെ പ്രേക്ഷിതവൃത്തിയിലും അന്നത്തെ ലഘുരാഷ്ട്രീയ പ്രവർത്തനങ്ങളിലും യഥായോഗ്യം പ്രവർത്തിച്ചിരുന്നു. എല്ലാരംഗങ്ങളിലും ഹൃദ്യമായ പെരുമാറ്റത്തിന് അദ്ദേഹം ഒന്നാം സ്ഥാനം നേടിയിരുന്നു. മറ്റുള്ളവരെയപേക്ഷിച്ച് തനിക്കുകിട്ടിയ ഔന്നത്യം അറിയാത്ത ഒരു വ്യക്തിയെപ്പോലെയാണ് അദ്ദേഹം എന്നും പെരുമാറിയിരുന്നത്.

## വൈദികവിദ്യാഭ്യാസം

തൃശ്ശിനാപ്പള്ളി കോളേജിൽനിന്നും ബി. എ. ബിരുദം നേടിയതിനു ശേഷം ജോൺ എല്ലാവരുടേയും പ്രതീക്ഷയനുസരിച്ചു കോട്ടയം സെന്റ് തോമസ് പെറ്റിസെമ്മിനാരിയിൽ ചേർന്നു പഠിച്ചു. സെമ്മിനാരി ജീവിതത്തിന്റെ രണ്ടാംവർഷത്തിൽ പുനരൈക്യസഭയിലെ മെത്രാൻ തിയോഫിലസ് തിരുമേനി, റോമിലയച്ചു പഠിപ്പിക്കുവാൻ യോഗ്യതയുള്ള രണ്ടു ബരുദധാരികളെ നിർദ്ദേശിക്കുവാൻ, ഇൻഫന്റ് മേരീസ് മൈനർ സെമ്മിനാരി, റെക്ടർ പെ. ബ. വെള്ളരിങ്ങാട്ട് യാക്കോബച്ചനോടാവശ്യപ്പെട്ടു. പെ. ബ. വെള്ളരിങ്ങാട്ടച്ചനും കോട്ടയം പെറ്റിസെമ്മിനാരി റെക്ടർ ബ. മണ്ണനാൽ കുര്യച്ചനുംകൂടി തിരഞ്ഞെടുത്തതിൽ ഒരാൾ ബ്ര. ജോൺ ആയിരുന്നു. ഇങ്ങനെയാണു ബ്ര. ജോൺ പുനരൈക്യപ്പെട്ട തിരുവല്ലാ മിസത്തിൽ ചേർന്നത്.

## ഒരത്യാഹിതം

മാതാപിതാക്കന്മാരുടേയും മറ്റും അനുഗ്രഹാശിസ്സുകളോടുകൂടി ബ്ര. ജോൺ, നിത്യനഗരത്തെ ലക്ഷ്യമാക്കിയുള്ള യാത്രയ്ക്ക് അത്യാകാം

www.malankaralibrary.com

ക്ഷയോടെ ഒരുങ്ങുകയായിരുന്നു. ഇതിനിടയിൽ സ്വാഭാവികമായ വിയോഗ വ്യഥ വർദ്ധമാനമാകത്തക്കവണ്ണം കുടുംബത്തിൽ ഒരത്യാഹിതം ഉണ്ടായി. കുടുംബാംഗങ്ങളുടേയും പ്രത്യേകിച്ച് ജോണിന്റേയും ജീവിതത്തെ ശോക സങ്കലമാക്കിയ ഈ ദാരുണസംഭവം പിതാവിന്റെ മരണമായിരുന്നു. അറുപത്താറു വയസ്സുള്ളപ്പോഴാണ് അദ്ദേഹം മരിച്ചത്. അഞ്ചാറുവർഷക്കാലമായി ഇടയ്ക്കിടെ ഒരു തലചുറ്റൽ അദ്ദേഹത്തെ ബാധിച്ചിരുന്നു. എങ്കിലും മറ്റുള്ളവരുടെ ദൃഷ്ടിയിൽ അദ്ദേഹം അരോഗദൃഢഗാത്രനായിത്തന്നെ കഴിഞ്ഞുകൂടിയിരുന്നു. മരണം പെട്ടെന്നാണു സംഭവിച്ചത്. പതിവുപോലെ ഒരു ദിവസം അതിരാവിലെ അദ്ദേഹം എഴുന്നേറ്റു കുടുംബാംഗങ്ങളോടൊത്തു പ്രാർത്ഥിക്കുകയായിരുന്നു. തലചുറ്റുന്നു എന്നുപറഞ്ഞുകൊണ്ടു പുറത്തേയ്ക്കിറങ്ങി. പറമ്പിൽ തലചുറ്റി വീണു. വീഴ്ചയിൽ തല ഒരു കല്ലിൻ അടിച്ചതിന്റെ ഫലമായി സാമാന്യം വലിയ ഒരു മുറിവ് ഉണ്ടായി. നാട്ടുവൈദ്യന്മാരും ഡോക്ടറും നടത്തിയ ശുശ്രൂഷകൾ വിഫലമായതേയുള്ളൂ. പിറ്റേന്ന് രാവിലെ അഞ്ചുമണിക്കു മരിച്ചു. അങ്ങനെ ശോകമൂകമായ ഒരന്തരീക്ഷത്തിലാണു ബ്ര. ജോൺ തന്റെ റോമൻ യാത്ര ആരംഭിച്ചത്.

## റോമൻ യാത്ര

യാത്രപ്രമാണിച്ചു വികാരി റവ. ഫാ. ജോർജ്ജ് നാഗനൂലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദന യോഗത്തിൽ ചിലർ ബ്ര. ജോൺ ഭാവിയിൽ തിരുവല്ലാ രൂപതയുടെ ഭരണാധികാരിയായിത്തീരുമെന്നു തന്നെ പ്രവചിക്കുകയുണ്ടായി.

അമ്മയോടും മറ്റു ബന്ധുമിത്രാദികളോടും യാത്രപറഞ്ഞ രംഗം ഡയറിക്കുറിപ്പിൽ ഹൃദയസ്പർശകമായി ചിത്രീകരിച്ചിട്ടുണ്ട്. പ്രിയ മാതാവിന്റേയും പുത്രന്റേയും കണ്ണുകൾ നിറഞ്ഞു. വിലപിച്ച മറ്റു കുടുംബാംഗങ്ങളെ സാന്ത്വനപ്പെടുത്തുന്നതിൽ മാതാവ് പ്രകടിപ്പിച്ച ധാർമ്മികധൈര്യത്തെ പ്രത്യേകം പ്രശംസിച്ചിട്ടുണ്ട്. ഇങ്ങനെ യാത്രാനുമതിയും വാങ്ങി, ഒക്ടോബർ ൮-ാം തീയതി പകൽ രണ്ടുമണിക്കു ജന്മദേശമായ രാമപുരത്തുനിന്നും പുറപ്പെട്ടു. അന്നു വൈകുന്നേരം കോട്ടയം പെറ്റിസെമ്മിനാരിയിലെ സഹപാഠികൾ, ഉപരിപഠനാർത്ഥം വിദേശത്തേയ്ക്കു പുറപ്പെടുന്ന അദ്ദേഹത്തിനും സതീർത്ഥ്യൻ ബ്ര. തോമസ് മൂത്തേടത്തിനും യാത്രാമംഗളങ്ങൾ ആശംസിച്ചു. പിറ്റേദിവസം ഇരുവരും ചങ്ങനാശ്ശേരി മെത്രാസനമന്ദിരത്തിൽ എത്തി റവ. ഡോ. ജെയിംസ് കാളാശ്ശേരി തിരുമനസ്സിലേ ആശിർവാദം വാങ്ങി. അവിടെനിന്നും മാർ തിയോഫിലസ് തിരുമേനിയോടൊന്നിച്ചു ബ്ര. ജോൺ തിരുവല്ലായിൽ എത്തിച്ചേർന്നു.

1932 ഒക്ടോബർമാസം 12-ാം തീയതി രാവിലെ മാർ തിയോഫിലസ് തിരുമേനി ദിവ്യബലിയുടെ അവസരത്തിൽ ബ്ര. ജോണിന് "വൈദികവസ്ത്രം നൽകി". ഈ സംഭവത്തെ ഒരു ജീവിതപരിവർത്തനമായിട്ടാണു ബ്ര. ജോൺ

www.malankaralibrary.com

രേഖപ്പെടുത്തിയത്.

ഒക്ടോബർ 13-ാം തീയതി രാത്രി 10-ന് തിരുവല്ലായിൽനിന്നു കൊട്ടാരക്കര റയിൽവേസ്റ്റേഷനിൽ എത്തി. ഒന്നരമണിക്കുള്ള ട്രെയിനിൽ അവിടെനിന്നും പുറപ്പെട്ടു. മധുരവഴി ധനുഷ്കോടിയിൽ എത്തുകയും അവിടെനിന്നും കപ്പൽമാർഗ്ഗം സിലോണിലുള്ള തലയ്മന്നാറിൽ എത്തുകയും ചെയ്തു. മധുര-ധനുഷ്കോടി, തലയ്മന്നാർ എന്നീ സ്ഥലങ്ങൾ കടന്നു ഒക്ടോബർ 15-ാം തീയതി രാവിലെ കൊളമ്പിൽ എത്തിച്ചേർന്നു. കാണ്ടി പേപ്പൽ സെമ്മിനാരിയിലുള്ള സുഹൃത്തുക്കളോടൊത്തു സമീപസ്ഥലങ്ങളായ ചില തീർത്ഥസ്ഥലങ്ങൾ സന്ദർശിച്ചു. ഒക്ടോബർ 18-ാം തീയതി ഒരു ഇറ്റാലിയൻ കപ്പലിൽ റോമിലേയ്ക്കു പുറപ്പെട്ടു. രണ്ടു ചൈനീസ് വൈദികർ സഹയാത്രികരായുണ്ടായിരുന്നതിനാൽ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും മറ്റുമുള്ള സൗകര്യം ലഭിച്ചു. ബോംബെ തുറമുഖത്ത് കപ്പൽ അടുത്തപ്പോൾ കരയ്ക്കിറങ്ങുവാൻ സാധിച്ചു. കപ്പൽ ഏഡൽ തുറമുഖം ചുറ്റി ചെങ്കടൽവഴി യാത്രചെയ്തു സൂയസ്കനാൽ കടന്ന് മെഡിറ്ററേനിയൻ കടലിൽ പ്രവേശിച്ചു. മെഡിറ്ററേനിയൻ പ്രക്ഷുബ്ധമായിരുന്നു. 31-ാം തീയതി വെനീസിൽ എത്തി കരയ്ക്കിറങ്ങി. തീവണ്ടിമാർഗ്ഗം റോമിൽ രാത്രി 11 മണിക്കു ചെന്നുചേർന്നു.

## പ്രൊപ്പഗാന്താ കോളേജിൽ

പ്രൊപ്പഗാന്താ കോളേജിൽ എത്തിയപ്പോൾ പാതിരാ കഴിഞ്ഞിരുന്നു. സകല വിശുദ്ധന്മാരുടെ തിരുനാൾ ദിവസമായ നവംബർ 1-ാം തീയതി മറ്റു വൈദികവിദ്യാർത്ഥികളോടുകൂടി പ്രൊപ്പഗാന്താ കോളേജിൽ പ്രവേശിച്ചു. അന്നുതന്നെ ദിവ്യബലിക്കുശേഷം സെമ്മിനാരി റെക്ടർ മോൺഡിനിയെ സന്ദർശിച്ചു. നവംബർ 5-ാം തീയതി ക്ലാസ്സ് മുറപ്രകാരം ആരംഭിച്ചു.

## തീർത്ഥസ്ഥലങ്ങൾ

അനേകം വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ചതായി ഡയറിക്കുറിപ്പിൽ കാണുന്നുണ്ട്. പ്രാധാന്യം അർഹിക്കുന്ന ചില സന്ദർശനങ്ങൾ ഇവിടെ രേഖപ്പെടുത്താം. **റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കാ:** ആദ്ധ്യാത്മിക ചൈതന്യം തുളുമ്പുന്ന ഈ ബ്രഹ്മാണ്ഡമായ ദൈവാലയം വി. പത്രോസിന്റെ ശവകുടീരത്തിനു മുകളിലാണ് പണുതിരിക്കുന്നത്. പല മാർപ്പാപ്പാമാരുടേയും പുണ്യവാന്മാരുടേയും പ്രതിമകൾ ഇതിൽ കാണാം. മാർപ്പാപ്പാമാരുടെ ശവകുടീരങ്ങളുടെ കൂട്ടത്തിൽ വി. പത്താം പീയൂസിന്റെ ശവകുടീരവും ദർശിക്കുകയുണ്ടായി. **ചർച്ച് ഓഫ് ജീസസ് ക്രൈസ്റ്റ് :-** ഇവിടെയാണ് ശൗര്യാരു പുണ്യവാന്റെ ദേഹത്തുനിന്ന് ഛേദിച്ചെടുത്ത ഒരുകൈ സൂക്ഷിച്ചിരിക്കുന്നതും വി. ഇഗ്നേഷ്യസ് ലയോളായുടെ ശവകുടീരം സ്ഥിതിചെയ്യുന്നതും. വി. സിസിലിയായുടെ ബസ്ലിക്കാ വി. അന്ത്രയോസിന്റെ ദൈവാലയം മരിയ

www.malankaralibrary.com

മജൊാരെ ബസ്ലിക്കാ, സെന്റ്. ജോൺ ലാറ്റിൻ ബസ്ലിക്കാ, മാർപ്പാപ്പാമാരുടെ തിരഞ്ഞെടുപ്പു നടത്തുന്ന സിസ്റ്റൈൻ ചാപ്പൽ, വി. പൗലോസിന്റെ ദൈവാലയം, ആമെന്റീൻമലമുകളിൽ ഉള്ള വി. അലക്സീയൂസിന്റെ ദൈവാലയം എന്നിവയും അദ്ദേഹം സന്ദർശിച്ച ദൈവാലയങ്ങളിൽ പ്രസ്താവാർഹമാണ്. വത്തിക്കാനിലെ പിക്ചർ ഗാലറി, വത്തിക്കാൻ മ്യൂസിയം, നാഷണൽ മ്യൂസിയം, വത്തിക്കാൻ റേഡിയോസ്റ്റേഷൻ, ഒബ്സർവേറ്ററി, ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മുതലായ കലാശാസ്ത്ര സംസ്ക്കാര കേന്ദ്രങ്ങളും അദ്ദേഹം സന്ദർശിച്ചു. ഭൂഗർഭാലയങ്ങൾ പുരാതന റോമിന്റെ അവശിഷ്ടങ്ങളായ പാലറ്റൈൻ കുന്നുകൾ, രാജകൊട്ടാരങ്ങൾ, വി. പത്രോസിനേയും പൗലോസിനേയും ബന്ധിച്ചിരുന്ന ഹാമർട്ടൈൻ ജയിൽ മുതലായവ ഒരു ഗവേഷകന്റെ സൂക്ഷ്മതയോടെ അദ്ദേഹം നിരീക്ഷിച്ചു.

## മാർപ്പാപ്പായുടെ സന്നിധിയിൽ

1933 ഫെബ്രുവരി 2-ാം തീയതി ഒരു ശുഭദിനമായി ബ്ര. ജോൺ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പഗാന്താ കോളേജ് റെക്ടറോടൊപ്പം തിരി സമർപ്പണത്തിനു മാർപ്പാപ്പായുടെ അടുക്കൽ പോകുവാനുള്ള ഭാഗധേയം അക്കൊല്ലം അദ്ദേഹത്തിനാണു ലഭിച്ചത്. മാർപ്പാപ്പായുടെ ആശിർവ്വാദം നേരിട്ടു സ്വീകരിക്കുവാൻ ഇടയായതിൽ അദ്ദേഹം കൃതാർത്ഥനാണ്. കോളേജ്ജുവിദ്യാഭ്യാസകാലത്ത് പലപ്പോഴും സഹപാഠികളുമൊത്ത് മാർപ്പാപ്പായെകണ്ടു അഭിമുഖസംഭാഷണം നടത്താൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്.

## വോളിബോൾ ക്യാപ്റ്റൻ

ബ്രദർ ജോൺ വിദ്യാഭ്യാസ കാലത്തുതന്നെ പ്രഗത്ഭനായ ഒരു വോളിബോൾ കളിക്കാരനെന്ന നിലയിൽ പേരെടുത്തിരുന്നു. ആ കഴിവ് റോമിലും പുലർത്തുവാൻ ജോണിന് സാധിച്ചു. വോളിബോൾ ടീമിന്റെ ക്യാപ്റ്റനായിരുന്നു ബ്രദർ ജോൺ. വോളിബോൾ കളിയിൽ മികവ് എക്കാലവും പുലർത്തിയിരുന്ന ഒരു രാജ്യമാണ് ഇറ്റലി. പ്രമുഖരായ വോളി കളിക്കാരോട് ഇറ്റലിക്കാർക്ക് എന്നും ഒരു ആരാധനാമനോഭാവമുണ്ടായിരുന്നു. അക്കാരണത്താൽ ബ്രദർ ജോണിനെ വത്തിക്കാന് പുറത്ത് ഇറ്റലിയിൽ നടക്കുന്ന പല കളികളിലും പങ്കെടുപ്പിക്കുവാൻ ശ്രമിച്ചിരുന്നു. അതിന് സെമിനാരി അധികൃതർ പ്രത്യേകം അനുമതിയും നൽകിയിരുന്നു. തന്മൂലം ഇറ്റലിക്കാരുടെയിടയിൽ ബ്രദർ ജോണിന് പ്രത്യേക പരിഗണന ലഭിച്ചിരുന്നു.

വരാപ്പുഴ അതിരൂപതാദ്ധ്യക്ഷനായിരുന്നു ഡോ. കൊർണേലിയസ് ഇലഞ്ഞിക്കൽ പ്രൊപ്പഗാന്താ കോളേജിൽ ഉപരിപഠനത്തിനെത്തിയത് 1937-ലാണ്. വത്തിക്കാനിൽ എത്തിയപ്പോൾ വൈദികവിദ്യാർത്ഥികൾ പലരും

www.malankaralibrary.com

ഡോ. കൊർണേലിയോസിനെ പരിചയപ്പെടുവാൻ എത്തി. എവിടെയാണ് സ്വദേശമെന്ന് പലരും ചോദിച്ചു. ഇന്ത്യയിലെ കേരളത്തിൽ നിന്നാണെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ വിദ്യാർത്ഥികൾ കൊർണേലിയോസ് ബ്രദറിനോട് പറഞ്ഞു. കേരളക്കാരൻ ഒരു ജോൺ ഇവിടെയുണ്ട്. വോളിബോൾ കളിയിൽ അതിസമർത്ഥനാണ്. വത്തിക്കാന് പുറത്തുപോയി വോളി കളിയിൽ പങ്കെടുക്കുവാൻ സെമിനാരി അധികൃതർ അദ്ദേഹത്തിന് അനുമതിയും നല്കിയിട്ടുണ്ട്. ബ്ര. ജോൺ പ്രൊപ്പഗാന്തായിൽ പരക്കെ അറിയപ്പെട്ടിരുന്നത് മികച്ച ഒരു വോളി കളിക്കാരൻ എന്ന നിലയിലാണെന്ന് ആർച്ച് ബിഷപ്പ് ഡോ. കൊർണേലിയോസ് പിന്നീടൊരിക്കൽ പറയുകയുണ്ടായി.

## നാട്ടിലേയ്ക്കയച്ച കത്തുകൾ

റോമിലെ ജീവിതകാലത്ത് ബ്ര. ജോൺ മാതാവിനും ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും പ്രത്യേകം പ്രത്യേകം എഴുതി അയച്ചിരുന്ന കത്തുകൾ അദ്ദേഹത്തിന്റെ വ്യക്തിവിലാസത്തെ വിളംബരം ചെയ്യുന്നവയാണ്. ഓരോ കത്തും ദൈവസ്നേഹം, സഹോദരസ്നേഹം, ദൈവപരിപാലനയിൽ അചഞ്ചലമായ വിശ്വാസം തുടങ്ങിയ സൽഗുണങ്ങൾക്ക് പ്രചോദനം നൽകുന്നവയാണ്. ആളെണ്ണി സ്നേഹനിർഭരമായി കുശലാന്വേഷണം നടത്തുകയെന്നത് കത്തുകളുടെ ഒരു സവിശേഷതയാണ്. വത്തിക്കാനിലെ വിശേഷസംഭവങ്ങളും അനുഷ്ഠാനങ്ങളും സൂക്ഷ്മമായി വിവരിച്ചു കൊണ്ടുള്ള കത്തുകൾ സുദീർഘങ്ങളാണ്. കത്തുകളെല്ലാം തന്നെ ആത്മാർത്ഥതയുടേയും അദ്ധ്വാനശീലത്തിന്റേയും തെളിവുകളാണ്. ശരാശരി പതിനെട്ടും ഇരുപതും വശങ്ങളുള്ള ഒട്ടുവളരെ കത്തുകൾ അദ്ദേഹം റോമിൽനിന്ന് എഴുതിയയച്ചിട്ടുണ്ട്. അവയിൽ ഒന്നുപോലും പൂർണ്ണമായി ഇതിലുൾപ്പെടുത്തുവാൻ വിസ്തരഭയത്താൽ തുനിയുന്നില്ല. 1933 ഏപ്രിൽ 10-ാം തീയതി എഴുതിയ കത്തിൽ നമ്മുടെ കർത്താവിന്റെ പീഢാനുഭവം, മരണം, ഉയിർപ്പ് എന്നിവയുടെ 19-ാം ശതവർഷം സംബന്ധിച്ചുള്ള വത്തിക്കാനിലെ ആഘോഷങ്ങൾക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ഈ കത്തിലെ ഒരു ഭാഗം താഴെ ഉദ്ധരിക്കാം. "ദൈവാനുഗ്രഹം ധാരാളമാണ്. റോമിൽ മാത്രമല്ല ലോകത്തിലെങ്ങും അപ്രകാരം തന്നെ. രാമപുരത്തും ധാരാളമുണ്ട്. പക്ഷേ ഹൃദയവെടിപ്പുണ്ടെങ്കിൽ മാത്രമേ ഈ വിശേഷ അനുഗ്രഹത്തിന്റെ ധാരാളത്വത്തെ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവത്തിന് ശുശ്രൂഷ ചെയ്യുകയെന്ന ഒരു ഏകകാര്യം മാത്രമാണ് മനുഷ്യനു ഈ ലോകത്തിൽ നിർവഹിക്കാനുള്ളത്. പിന്നെ എന്തിന് ആ വഴിയെ വിട്ടുനടക്കുന്നു.... അതു വെറും മൂഢത്വമല്ലേ. തീർച്ചയായിട്ടും ആണ്. മിശിഹായുടേയും കന്യകമറിയത്തിന്റേയും വിശുദ്ധന്മാരുടേയും യോഗ്യതകൾ എത്രവിലതീരാത്തതാണ്. നമ്മുടെ കർത്താവിന്റെ പങ്കപ്പാടിന്റേയും കുരിശുമരണത്തിന്റേയും പത്തൊമ്പതാം ശതാബ്ദം ഇക്കൊല്ലമാണ് പൂർത്തിയാകുന്നത്.

www.malankaralibrary.com

അതുപ്രമാണിച്ചാണല്ലോ ഇക്കൊല്ലം ഒരു പ്രത്യേക ജൂബിലിവർഷമായിട്ടുകൊണ്ടാടുന്നത്...... ഏതായാലും ഈ സുവർണ്ണാവസരത്തിൽ റോമായിലായിരിക്കുന്നതിന് എനിക്കു ഭാഗ്യമുണ്ടായി. അതുകൊണ്ട് ജൂബിലി ദണ്ഡവിമോചനങ്ങൾ എടുക്കുന്നതിന് എനിക്കു ശ്രമിക്കാവുന്നതാണ്. പക്ഷേ ഫലം തരുന്നത് ദൈവം തന്നെ. അത്ര എളുപ്പമുള്ള കാര്യമല്ല. പാവദോഷങ്ങളെപ്പോലും ഉപേക്ഷിച്ചു വെറുക്കണം. അതു വിശുദ്ധന്മാർക്കു മാത്രമുള്ള പ്രത്യേക വരമാണ്. എങ്കിലും ദൈവം സഹായിക്കും........ ജൂബിലി വർഷത്തിൽ ഈ പള്ളികളിലെ വി. വാതിലുകൾ തുറക്കുക എന്നൊരു കർമ്മംകൂടിയുണ്ട്. ഇക്കൊല്ലം നമ്മുടെ കർത്താവിന്റെ കുരിശുമരണത്തിന്റെ 19-ാം ശതാബ്ദം........ ഇങ്ങനെ ജൂബിലി വർഷങ്ങൾ നൽകുന്നതിന്റെ കാരണം മിശിഹായുടെ അമൂല്യഭണ്ഡാഗാരം തുറന്നുകൊടുക്കുകയെന്നതാകുന്നു. അതിന് പാപ്പായ്ക്കു പ്രത്യേക അധികാരമുണ്ട്.

## വൈദികപഠനം

ആദ്യത്തെ രണ്ടുകൊല്ലം അദ്ദേഹം തത്വശാസ്ത്രപഠനത്തിൽ ദത്തശ്രദ്ധനായിരുന്നു. അനന്തരവർഷങ്ങളിൽ ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, കാനൻനിയമം എന്നിവകളാണ് പ്രധാനമായി അഭ്യസിച്ചത്. വിദ്യാലയജീവിതത്തിലും കലാലയജീവിതത്തിലും പഠനത്തിൽ പ്രദർശിപ്പിച്ചിരുന്ന ആത്മാർത്ഥതയും പ്രയത്നശീലവും റോമിലെ അഭ്യസനകാലത്തു വർദ്ധമാനമാകുകതന്നെ ചെയ്തു. പ്രാഗത്ഭ്യത്തിൽ നിന്നുണ്ടാകാവുന്ന അഹന്ത അദ്ദേഹത്തെ ഒരിക്കലും സ്പർശിച്ചിരുന്നില്ല. എന്നെന്നും വിനയാന്വിതനായിരുന്നവെന്നതിന് ഇതിനനുബന്ധമായി ചേർക്കുന്ന സഹപാഠികളുടേയും സഹപ്രവർത്തകരുടേയും ലേഖനങ്ങൾ മതിയായ തെളിവാണ്.

തത്വശാസ്ത്രത്തിലും ദൈവശാസ്ത്രസ്ത്രാദി വിഷയങ്ങളിലും അവഗാഹം നേടിയിരുന്ന രണ്ടു മഹാത്മാക്കളെ റെക്ടർമാരായി ലഭിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യലഭിച്ചു. ആദ്യത്തെ റെക്ടർ മോൺ. ഡീനി മെത്രാനായി അഭിഷിക്തനാവുകയും ഈജിപ്ത്, പാലസ്റ്റൈൻ മുതലായ രാജ്യങ്ങളുടെ ഡെലഗേറ്ററായി നിയുക്തനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ അകാലനിര്യണംകൊണ്ടുള്ള ദുഃഖം ഡയറിയിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഡീനിയുടെ പിൻഗാമിയായി വന്നതു പ്രതിഭാശാലിയും വിവിധ ശാസ്ത്രങ്ങളിൽ പ്രമാണികനും ആയ മോൺ. പീറ്റർ പരേന്ത ആണ്.

1935 മാർച്ചുമാസം 16- ാം തീയതി പെല്ലിക്കാ മെത്രാപ്പോലീത്താ തിരുമനസ്സിൽ നിന്നും ബ്രദർ ജോൺ ആസ്തപ്പാടുപട്ടം സ്വീകരിച്ചു.

## മഹൽസമ്പർക്കം

നിത്യനഗരമായ റോമിൽ നിത്യേന എന്നവണ്ണം ലോകത്തിലെ മഹാന്മാരുടെ സന്ദർശനങ്ങൾ ഉണ്ടാകാറുണ്ട്. കത്തോലിക്കാ ജനസമുദായത്തിന്റെ

www.malankaralibrary.com

മതാദ്ധ്യക്ഷനായ പോപ്പുരാജനെ സന്ദർശിക്കുവാൻ സാധിക്കുകയെന്നത് ഒരു നേട്ടമായിട്ടാണു മഹാത്മാക്കൾ ഗണിക്കുന്നത്. റോമിലെ ജീവിതം പല മഹാന്മാരുമായി കണ്ടുമുട്ടുന്നതിനു ബ്രദർ ജോണിനു സന്ദർഭം നൽകിയിട്ടുണ്ട്. 1933-ൽ സിഞ്ഞോർ മുസ്സോളിനി വിളിച്ചുകൂട്ടിയ ഓറിയന്റൽ കോൺഗ്രസ്സിൽ സംബന്ധിക്കുവാൻ ബ്രദർ ജോണിനു ഭാഗ്യം ലഭിച്ചു. ഓറിയന്റൽ കോൺഗ്രസ്സിൽ സംബന്ധിക്കാനെത്തിയ നമ്മുടെ സുബാഷ് ചന്ദ്രബോസുമായി പരിചയപ്പെടുന്നതിനും ബ്ര. ജോണിനു സാധിച്ചു. ഐറിഷ് ഭരണാധിപൻ ഡോക്ടർ ഡി. വലേരാ, നമ്മുടെ ഡാ. പി. ജെ. തോമസ് മുതലായ മഹാന്മാരുമായി നടത്തിയ അഭിമുഖസംഭാഷണവും, ഡയറിക്കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്. അന്ന് സുഭാഷ് ചന്ദ്രബോസുമായി ഒരു മണിക്കൂറിലധികം ഇന്ത്യൻ പ്രതിനിധികൾക്ക് സംസാരിക്കുവാൻ സാധിച്ചു. ഇന്ത്യാക്കാരിൽ ദേശാഭിമാനം വർദ്ധിപ്പിക്കുവാൻ ആ സംസാരം ഇട നല്കി. കേരളത്തിൽ അന്ന് അത്രയധികം അറിയപ്പെടാതിരുന്ന ഡോ.പി.ജെ. തോമസിന്റെ ഗ്രാമീണ ജനതയുടെ ദുരിതങ്ങളെപ്പറ്റി നടത്തിയ പ്രസംഗം സമ്മേളനത്തിൽ പങ്കെടുത്തവരെ അത്ഭുതപ്പെടുത്തി.

## പുരോഹിത സ്ഥാനലബ്ധി

1936 ഏപ്രിൽ 11-ാം തീയത ദുഃഖശനിയാഴ്ച ദിവസം ആദ്യത്തെ രണ്ടു പട്ടവും 1937 മാർച്ചുമാസം 27-ാം തീയതി മൂന്നും നാലും പട്ടവും അദ്ദേഹം സ്വീകരിച്ചു. 1937 ഒക്ടോബർ മാസം 24-ാം തീയതി മിഷൻ ഞായറാഴ്ച അഞ്ചാംപട്ടവും ഡിസംബർ 10-ാം തീയതി കോളേജു ചാപ്പലിൽ വച്ചു ആറാം പട്ടവും സ്വീകരിച്ചു.

വൈദികവൃത്തിയിലേയ്ക്കു കാലുകുത്താനുള്ള സമയമെടുത്തപ്പോൾ ഒരു പ്രതിസന്ധിഘട്ടത്തെ നേരിടേണ്ടിവന്നു. ഫെബ്രുവരി 4-ാം തീയതി ഇൻഫ്ളുവൻസാ പിടിപെട്ടു. ഫെബ്രുവരി 11-ാം തീയതിയോടുകൂടി ദീനം ന്യൂമോണിയോ ആയി മാറി. സമർത്ഥമായ പരിചരണം ലഭിച്ചു. ഏതായാലും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താൽ സുഖംപ്രാപിച്ചുവെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. മാർച്ചു 10-ാം തീയതി നടന്ന പരീക്ഷയ്ക്ക് എഴുതുവാൻ കഴിഞ്ഞു. പൗരോഹിത്യസ്വീകരണത്തിനു പ്രാരംഭമായ ധ്യാനത്തിൽ അല്പം ക്ലേശം സഹിച്ചുതന്നെ സംബന്ധിച്ചു. 1938 മാർച്ചുമാസം 19-ാം തീയതി മോൺ. ഫ്രാറ്റ്ലീയ തിരുമേനിയിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. പിറ്റേദിവസം സെന്റ്. പീറ്റേഴ്സ് ബസിലിക്കായിൽ ആദ്യത്തെ ദിവ്യബലി അർപ്പിച്ചു.

## മാർപ്പാപ്പായുമായുള്ള അവസാനത്തെ കൂടിക്കാഴ്ച

കോളേജു വിട്ടുപോകുന്ന നവവൈദികർക്കു മാർപ്പാപ്പ, ഗ്രീഷ്മകാലവസതിയായ കോസ്റ്റൽ ഗൊണ്ടോൾഫോയിൽവച്ച് ഒരു അഭിമുഖ

www.malankaralibrary.com

സംഭാഷണം അനുവദിച്ചു. അമേരിക്കാ, പോർട്ടുഗൽ, ഹംഗറി മുതലായ രാജ്യങ്ങളിൽനിന്നുള്ള സന്ദർശകരുടെ തിരക്കുള്ള ദിവസമായിരുന്നുവെങ്കിലും പരിശുദ്ധ പിതാവ് നവവൈദികരെ സ്വീകരിച്ച് ആശീർവദിച്ചു സ്നേഹമസൃണങ്ങളായ വാക്കുകൾക്കൊണ്ടു കർമ്മോന്മുഖരാക്കിയ ആ സന്ദർഭം അവിസ്മരണീയമെന്നാണു കഥാപുരുഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്.

## മടക്കയാത്ര

1938 ജൂലൈ മാസം 10-ാം തീയതി 11.15 ന് ഫാദർ ജോൺ തന്റെ പ്രിയപ്പെട്ട മാതൃവിദ്യാലയത്തോടു വിട വാങ്ങി. മടക്കയാത്രയിലും തീർത്ഥസ്ഥലങ്ങൾ സന്ദർശിക്കുന്ന കാര്യത്തിൽ അദ്ദേഹം ഉത്സുകനായിരുന്നു.

ആദ്യമായി അസീസി നഗരത്തിൽ ചെല്ലുകയും വി. ഫ്രാൻസീസിന്റെ ശവകുടീരത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. വി. ക്ലാരയുടെ മൃതദേഹം സൂക്ഷിക്കുന്നിടവും പൌർസ്യ്യകളാ ദൈവാലയവും മറ്റു പ്രധാന സ്ഥലങ്ങളും സന്ദർശിച്ചശേഷം ഫ്ളോറൻസിലെത്തി. അടുത്തതായി ലോകത്തിലെ അത്ഭുതങ്ങളിലൊന്നായ ചെരിഞ്ഞ ഗോപുരം സ്ഥിതിചെയ്യുന്ന പീസായായാണു സന്ദർശിച്ചത്. അടുത്ത ലക്ഷ്യം ലൂർദ്ദായിരുന്നു. അവിടെയെത്തി ഒന്നിലധികം പ്രാവശ്യം ദിവ്യബലി അർപ്പിക്കുവാനും ആയിരക്കണക്കിനു തീർത്ഥകരെ നേരിട്ടുകാണുന്നതിനും ഇടയായി. രോഗികളുടെ ഉറച്ച വിശ്വാസം അത്യത്ഭുതകരമാണ്. ജപമാലയുടെ ദൈവാലയം, പ്രധാനപ്പെട്ട ബസിലിക്കാ, പ്രകൃതിമനോഹാരിതയും സാരള്യവും നിറഞ്ഞ ഗ്രോട്ടോ മുതലായവ അവിടുത്തെ ആകർഷകങ്ങളായ കാഴ്ചകളാണ്. ലൂർദ്ദിൽ നിന്നു തിരിച്ചു ജനോവയിൽനിന്നാണ് ഈൻഡ്യയിലേയ്ക്കു കപ്പൽകയറിയത്. കപ്പലിൽ ദിവ്യബലി അർപ്പിക്കുവാനുള്ള സജ്ജീകരണങ്ങളുണ്ടായിരുന്നു. ആഗസ്റ്റ്മാസം ഒന്നാം തീയതി കപ്പൽ ബോംബെയിൽ എത്തി. ബോംബെയിൽ നിന്നു തീവണ്ടിമാർഗ്ഗം മദ്രാസിലേയ്ക്കാണു തിരിച്ചത്. മദ്രാസിലെത്തി മൈലാപ്പൂർ മെത്രാൻ തിരുമേനിയുടെ മന്ദിരത്തിൽ താമസിച്ചു. വി. തോമ്മാശ്ലീഹായുടെ ശവകുടീരത്തുങ്കൽ ദിവ്യബലി അർപ്പിച്ചു. തൃശ്ശിനാപ്പള്ളിയിൽവന്നു മാതൃവിദ്യാലയത്തിലേ പ്രൊഫസർമാരേയും മറ്റും കണ്ടു കൃതജ്ഞത പ്രകടിപ്പിച്ചു. ആഗസ്റ്റ്മാസം 8-ാം തീയതി രാവിലെ 6 മണിക്കു തിരുവല്ലാ അരമനയിൽ എത്തി ദിവ്യബലി അർപ്പിച്ചു. അദ്ദേഹത്തെ സ്വീകരിക്കുവാൻ എത്തിയിരുന്ന സ്നേഹിതന്മാരോടുകൂടി അന്നുതന്നെ രാമപുരത്ത് എത്തി. സായാഹ്നത്തിൽ സ്വന്തഇടവകയിൽ വന്നുചേർന്ന നവവൈദികന് അത്യഹ്ലാദപൂർവ്വം കാത്തുനിന്നിരുന്ന ഇടവക ജനങ്ങൾ സ്നേഹനിർഭരമായ ഒരു സ്വീകരണം നൽകി. അന്നുരാത്രി സ്വന്തം ഗൃഹത്തിലെത്തി മാതാവിനെയും സഹോദരങ്ങളേയുംകണ്ട്, അവരോടുകൂടി സന്ധ്യാ ഭക്ഷണം കഴിച്ചതിനുശേഷമാണ് പള്ളിമുറിയിൽ വന്നുറങ്ങിയത്. രാമപുരം ഇടവകയിൽനിന്ന് ഇദംപ്രഥമമായി റോമിൽ പോയി വൈദികപഠനം നടത്തി

www.malankaralibrary.com

തിരിച്ചെത്തിയ ജോണച്ചന്റെ പുത്തൻ കുർബ്ബാനയിൽ സംബന്ധിക്കുവാനും കൈമുത്തുവാനുമായി പിറ്റേന്നു രാവിലെ ആബാലവൃദ്ധം ജനങ്ങൾ പള്ളിയിൽ തടിച്ചുകൂടി എന്നതു പ്രത്യേകം പ്രസ്താവാർഹമാണ്.

## സംഭവബഹുലമായ ജീവിതം

അദ്ദേഹത്തിന്റെ അമൂല്യസേവനങ്ങളുടെ വിസ്തരിച്ചുള്ള പ്രതിപാദനം ഈ ഘട്ടത്തിൽ വായനക്കാർക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ ഒരു ലഘു വിവരണത്തിന് മാത്രമേ ഇവിടെ ഒരുങ്ങുന്നുള്ളൂ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അനുഭവജ്ഞാനം സിദ്ധിച്ച പല മഹാത്മാക്കളുടേയും ലേഖനങ്ങൾ ഇതിനനുബന്ധമായി ചേർക്കുന്നതു കൊണ്ടാണു ലഘുവിവരണംകൊണ്ട് ഇവിടെ തൃപ്തിപ്പെടുന്നത്.

രൂപതയുടെ പ്രൊക്യുറേറ്ററായിട്ടാണ് ആദ്യം ജോലി നോക്കിയത്. ഇതിനെത്തുടർന്ന്, സെക്രട്ടറി, ചാൻസ്‌ലർ, സ്കൂളുകളുടെ കറസ്പോണ്ടന്റ്, പെറ്റിസെമ്മിനാരിയിലെ ആദ്ധ്യാത്മികഗുരു, കത്തീഡ്രൽ പള്ളിയിലെ അസിസ്റ്റന്റ് എന്നിങ്ങനെയുള്ള വിവിധനിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. 1942 ജൂൺ 1-ാം തീയതി പിറവം സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിലെ അസിസ്റ്റന്റ് ഹെഡ്മാസ്റ്ററായി നിയമിതനായി. 1944-15 അദ്ധ്യാനവർഷത്തിൽ തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽചേർന്ന് പഠിച്ച് എൽ. റ്റി. ബിരുദം നേടി. അനന്തരം രണ്ടുവർഷക്കാലം പിറവം ഹൈസ്ക്കൂളിൽ തന്നെ ജോലിചെയ്തു. തിരുവാണിയൂർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി നിയമിതനായപ്പോഴാണ് അദ്ദേഹം പിറവത്തോട് യാത്രപറഞ്ഞത്. അദ്ദേഹം തിരുവല്ലായിലെ ഇരുവള്ളിപ്രാ സെന്റ് തോമസ് ഹൈസ്ക്കൂളിൽ 1949-ൽ നിയമിതനായി. ഈ സ്ഥാനത്തിരുന്നുകൊണ്ടാണു രൂപതയ്ക്കുവേണ്ടി വിവിധ മേഖലകളിൽ സേവനം അനുഷ്ഠിച്ചത്.

## പുനരൈക്യസ്മരണാ കിരണങ്ങൾ

പുനരൈക്യപ്രസ്ഥാനത്തിന്റെ 20-ാം വർഷത്തെക്കുറിക്കുന്ന ഒരു സ്മരണികയാണ് പുനരൈക്യസ്മരണാകിരണങ്ങൾ. ഈ ഗ്രന്ഥത്തിന്റെ ശില്പി മോൺ ജോൺ കച്ചിറമറ്റം ആണ്. പല സമുദായ നേതാക്കളുടെയും ചരിത്രകാരന്മാരുടെയും ലേഖനങ്ങൾ ശേഖരിച്ച് ഡമ്മി 1/4 സൈസിൽ തയ്യാറാക്കിയ ഈ ഗ്രന്ഥം പുനരൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. 1950 പുനരൈക്യപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സുപ്രധാന സംഭവങ്ങളുടെ കൂടിച്ചേരലാണ് മാർ ഇവാനിയോസ് പിതാവിന്റെ മെത്രാഭിഷേക ജൂബിലി, ബഥനി സന്യാസിനി സഭയുടെ സ്ഥാപനത്തിന്റെ രജതജൂബിലി, സാർവ്വത്രിക കത്തോലിക്കാസഭ പ്രഖ്യാപിച്ച വിശുദ്ധ വർഷാചരണം, മാർ സെവേറിയോസ് തിരുമേനിയുടെ റോമാ സന്ദർശനം തുടങ്ങിയ മഹൽ സംഭവങ്ങളുടെ സ്മരണികയാണ് പുനരൈക്യ

www.malankaralibrary.com

സ്മരണാകിരണങ്ങൾ. ആ മഹൽഗ്രന്ഥം തയ്യാറാക്കുന്നതിൽ മോൺ കച്ചിറമറ്റം വളരെ യത്നിക്കുകയുണ്ടായി.

## അഡ്മിനിസ്ട്രേറ്റർ

മാർ സെവേറിയോസ് തിരുമേനി തന്റെ റോമൻ യാത്രാവേളയിൽ ഫാദർ ജോണിനെ തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. അദ്ദേഹം വിശ്വസ്തതയോടെ രൂപതാഭരണം നിർവഹിച്ചു. അഡ്മിനിസ്ട്രേറ്റർ ആയിരുന്നപ്പോഴും ഇരുപള്ളിപ്രാ സ്കൂളിലെ ഹെഡ്മാസ്റ്റർ ജോലിയും നോക്കിയിരുന്നു. തിരുവല്ലായിൽ നിന്നും ഇരുപള്ളിപ്രയ്ക്ക് ദിവസവും സൈക്കിൾ ചവിട്ടിയായിരുന്നു യാത്ര. പുനരൈക്യത്തിന്റെ 20-ാം വാർഷികത്തെക്കുറിക്കുന്ന ഒരു ഗ്രന്ഥം – പുനരൈക്യസ്മരണാകിരണങ്ങൾ– അദ്ദേഹം തന്നെ പ്രസാധനം ചെയ്തു. സെവേറിയോസ് തിരുമേനിയുടെ യാത്രാവിവരണങ്ങളും ഇതിന്റെ ഉള്ളടക്കത്തിൽ ഉൾപ്പെടുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന മൈൽക്കുറ്റിയാണ് ഈ ഗ്രന്ഥം. അദ്ദേഹം തന്റെ പ്രിയംകരങ്ങളായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടർന്ന് നടത്തിക്കൊണ്ടിരുന്നു. അതോടുകൂടിത്തന്നെ രൂപതയിലെ ഭക്തസംഘടനകളുടെ ഡയറക്ടർ സ്ഥാനത്തിരുന്നുകൊണ്ട് രൂപതയൊട്ടുക്ക് ആദ്ധ്യാത്മികചൈതന്യം വാരിവിതറി.

## മോൺസിഞ്ഞോർ പദവി

മാർ സെവേറിയോസ് തിരുമേനി റോമിൽനിന്നു തിരിച്ചുവന്ന് അധികം താമസിയാതെ 1951-ൽ ഫാദർ ജോണിന്റെ സ്തുത്യർഹമായ സേവനങ്ങളേയും ജീവിതപരിശുദ്ധിയേയും അംഗീകരിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അദ്ദേഹത്തിന് മോൺസിഞ്ഞോർ സ്ഥാനം കല്പിച്ചനുവദിക്കുകയുണ്ടായി. മോൺസിഞ്ഞോർ സ്ഥാനം ലഭിച്ച ജോണച്ചന് പല സ്ഥലത്തും സ്വീകരണങ്ങൾ നല്കാൻ സുഹൃത്തുക്കൾ തീരുമാനിച്ചു. അതെല്ലാം ഫാ. ജോൺ നിരുത്സാഹപ്പെടുത്തി. ജന്മദേശമായ രാമപുരത്ത് ഒരു സ്വീകരണം നല്കി. മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയായിരുന്നു യോഗാദ്ധ്യക്ഷൻ. ആ സ്വീകരണ സമ്മേളനത്തിൽ മറുപടി പറഞ്ഞുകൊണ്ട് മോൺ ജോൺ ഇപ്രകാരം പറഞ്ഞു. രാമപുരം എന്റെ നാടാണ് എന്റെ നാട്ടുകാർ എന്നോട് എന്നും കാണിച്ചിട്ടുള്ള സ്നേഹബഹുമാനങ്ങൾക്ക് എങ്ങിനെയാണ് നന്ദിരേഖപ്പെടുത്തേണ്ടത് എനിക്കറിയില്ല. തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന ജോസഫ് മാർ സെവേറിയോസ് തിരുമേനി വിദേശപര്യടനം കഴിഞ്ഞ് തിരുവല്ലായിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ ഇവിടെ നിന്നും പൊൻകുരിശുമായി ഈ ഇടവകക്കാർ വന്നത് ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നു. അതിന് മുൻപും നിങ്ങൾ എന്നോട് വലിയ താല്പര്യം കാണിച്ചിരുന്നു. 1949-ൽ കത്തോലിക്കാ കോൺഗ്രസ് വാർഷികം

www.malankaralibrary.com

രാമപുരത്തുവച്ചു നടന്നപ്പോൾ എന്നെ പ്രധാന ഒരു ചുമതലക്കാരനായി നിങ്ങൾ കണക്കാക്കിയത് ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

## പുനരൈക്യജൂബിലി

ഏവരുടേയും ചിരാഭിലാഷമായിരുന്ന പുനരൈക്യ ജൂബിലിമഹാമഹം കൊണ്ടാടുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരവെയാണ് പുനരൈക്യമഹാരഥന്മാരിൽ ഒരാളായ മാർ സെവേറിയോസ് തിരുമേനി അകാലമൃത്യുവിനിരയായത്. ജൂബിലിയാഘോഷം സംബന്ധിച്ചുള്ള പ്രധാന ചുമതല അദ്ദേഹം മോൺ. കച്ചിറമറ്റത്തിലാണ് വിക്ഷേപിച്ചിരുന്നുത്. ജൂബിലിസ്മാരകമായി ഇരുവള്ളിപ്രാ സ്ഥാപിക്കാനിരുന്ന ബ്രഹ്മാണ്ഡമായ ദൈവാലയം പണിയിക്കുന്ന ചുമതലയും മോൺസിഞ്ഞോറെ തന്നെയാണ് ഏൽപ്പിച്ചിരുന്നത്. തിരുമേനിയുടെ മരണംകൊണ്ട് പുനരൈക്യപ്രസ്ഥാനത്തിന് പൊതുവിലും തനിക്കു പ്രത്യേകിച്ചും ഏറ്റ ആഘാതത്തെ അതിജീവിച്ചുകൊണ്ട് മോൺസിഞ്ഞോർ ധീരതയോടെ തന്റെ പ്രവർത്തനങ്ങൾ തുടർന്നു. 1955 സെപ്റ്റംബറിൽ ഇരുവള്ളിപ്രാ ഹൈസ്ക്കൂൾ പരിസരങ്ങളിൽവച്ച് കേരളീയരെല്ലാം ആകർഷിക്കത്തക്കവിധത്തിൽ പുനരൈക്യരജതജൂബിലി ആഘോഷിക്കുകയുണ്ടായി. ജൂബിലിസ്മാരകമായി പണിതീർത്ത ബ്രഹ്മാണ്ഡവും മനോഹരവുമായ ദൈവാലയം, മോൺസിഞ്ഞോറുടെ അശ്രാന്തപരിശ്രമങ്ങൾക്കുള്ള ഒരു സ്മാരകം കൂടിയാണെന്നു പ്രസ്താവിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു.

## മാർ കരിയാറ്റിയുടെ ശവകുടീരത്തിൽ

ഈശോസഭയിൽ ചേർന്ന ഇളയ സഹോദരൻ ദേവസ്യയുടെ പൗരോഹിത്യസ്വീകരണം, നവപൂജാർപ്പണം എന്നീ ചടങ്ങുകളിൽ സംബന്ധിക്കുവാനായി തന്റെ സഹോദരന്മാരായ തോമസ്, ആഗസ്തി എന്നിവരോടുകൂടി 1952 നവംബറിൽ കർസിയോങ്ങിലേയ്ക്ക് യാത്രചെയ്തു. ഫ്രാൻസീസ് സേവ്യറുടെ നാലാം ശതവത്സരാഘോഷങ്ങളിൽ പങ്കുകൊള്ളാനായി കർസിയോങ്ങിൽനിന്നും ഗോവയിൽ എത്തിച്ചേർന്നു. ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിനിടയിൽ കരിയാറ്റി മെത്രാപ്പോലീത്തായുടെ ശവകുടീരം സന്ദർശിച്ചു പ്രാർത്ഥിച്ചു. കരിയാറ്റിയുടെ ഭൗതീകാവശിഷ്ടങ്ങൾ കേരളക്കരയിലേയ്ക്ക് കൊണ്ടുവരുവാനുള്ള പ്രചോദനം അദ്ദേഹത്തിന് ഇവിടെ വച്ചുണ്ടായി എന്നുവേണം വിചാരിക്കാൻ.

അങ്ങനെയിരിക്കെ 1952-ൽ കേരളത്തിൽ നിന്നും മാർ മാത്യു കാവുകാട്ടും മാർ സെബാസ്റ്റ്യൻ വയലിലും വി. ഫ്രാൻസിസ് സേവ്യറുടെ മൃതദേഹദർശനത്തിനായി ഗോവായിൽ എത്തി. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മോൺ.ജോൺ കച്ചിറമറ്റവും സഹോദരങ്ങളും വടക്കേ ഇന്ത്യൻ പര്യടനത്തിനിടയിൽ ഗോവായിൽ എത്തി. മടക്കുയാത്രയ്ക്കു

www.malankaralibrary.com

മുൻപ് മാർ കരിയാറ്റിയുടെ ശവകുടീരത്തിൽ എത്തി അഭിവന്ദ്യപിതാക്കന്മാർ ഒപ്പീസ് നടത്തി. ആ കർമ്മത്തിൽ പങ്കെടുക്കാൻ അഭിവന്ദ്യപിതാക്കന്മാർ മോൺ.ജോൺ കച്ചിറമറ്റത്തെയും ക്ഷണിച്ചു. തിരിച്ചു ഏവരും നാട്ടിലെത്തി.

മാർ കരിയാറ്റി തിരുമേനിയുടെ ശവകുടീരത്തിൽ നടത്തിയ പ്രാർത്ഥനകൾ ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ടു. 166 വർഷങ്ങൾക്കു മുൻപ് ഗോവായിൽ വെച്ച് ദിവംഗതനായ മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങളെങ്കിലും കേരളത്തിൽ കൊണ്ടു വന്നു സംസ്ക്കരിക്കണമെന്ന ചിന്ത അന്നത്തോടെയാണ് പ്രകടമായത്. അതിനുശേഷം തിരിച്ചു കേരളത്തിൽ എത്തിയ മോൺ.ജോൺ കച്ചിറമറ്റം സത്യദീപത്തിലും മറ്റിതര പ്രസിദ്ധീകരണങ്ങളിലും മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽകൊണ്ടുവന്നു പുന:സംസ്കരിക്കുന്നതിനെപ്പറ്റി ലേഖനങ്ങൾ എഴുതി. ആ ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

## ജൂബിലിക്ക് മകുടം ചാർത്തൽ

കേരളസഭയുടെ സ്വജാതി മെത്രാപ്പോലീത്തയായി പോർട്ടുഗലിൽ വച്ച് അഭിഷിക്തനായ ഡോ.കരിയാറ്റിൽ, നാട്ടിൽ എത്തുന്നതിനു മുമ്പുതന്നെ ഗോവയിൽവച്ച് അകാലചരമം പ്രാപിച്ചുവെന്ന ചരിത്രസംഭവം ഏവർക്കും അറിവുള്ളതാണല്ലോ. ഈ അത്യാഹിതം നേരിട്ടിട്ട് 1952 സെപ്റ്റംബർ 10-ാം തീയതി 167 വർഷം കഴിഞ്ഞുപോയി. ഇദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിച്ചിരുന്നത് പഴയ ഗോവയിലുള്ള ഭദ്രാസനദേവാലയത്തിന്റെ മദ്ബഹായുടെ വലതുഭാഗത്താണ്. ആ ദേവാലയത്തിലാണു മിഷനറി പ്രഭുവായ വി.ഫ്രാൻസിസ് സേവ്യരുടെ പൂജ്യദ്ദേഹം ഡിസംബർ 3-ാം തീയതി മുതൽ ജനുവരി 3-ാം തീയതി വരെ വിശ്വാസികളുടെ വണക്കത്തിനായി പ്രദർശിപ്പിച്ചിരുന്നത്.

കേരളക്കരയിൽ നിന്ന് ഡിസംബർ 2-ാം തീയതി ഗോവയിൽ എത്തിയ ഒന്നാം തീർത്ഥകസംഘം 4-ാം തീയതി രാവിലെ സ്ഥലം വിടുകയായിരുന്നു. അന്ത്യയാത്ര പറയുന്നതിനായി അഭിവന്ദ്യ ഡോ. കാവുകാട്ടു തിരുമേനിയും ഡോ. സെബാസ്റ്റ്യൻ വയലിലും ഭദ്രാസനദേവാലയത്തിൽ പ്രവേശിച്ചു വി.ഗൗരിയാരുടെ സമീപെ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഈ ലേഖകനെ ചങ്ങനാശ്ശേരി മെത്രാൻ മദ്ബഹായ്ക്കുള്ളിൽ നിന്ന് ആംഗ്യം കാണിച്ചു വിളിച്ചു. ഞാൻ അദ്ദേഹത്തെ പിൻതുടർന്നു. "ഡോ.കരിയാറ്റിയുടെ കബറിടത്തുങ്കൽ നമുക്ക് ഒരു ഒപ്പീസ് എത്തിക്കാം" എന്ന് വന്ദ്യതിരുമേനി കല്പിക്കു കയുണ്ടായി. പാലാ തിരുമേനിയും പാലാ രൂപതയുടെ വികാരി ജനറാൾ റൈറ്റ് റവ. എമ്മാനുവൽ മേച്ചേരിക്കുന്നേൽ അവർകളും പെ.ബ: കരിക്കമ്പള്ളിൽ ഗ്രിഗറി അച്ചനും അവിടെ സന്നിഹിതരായിരുന്നു. തളിരിത ഹൃദയത്തോടുകൂടി ആ ഔദ്യോഗികപ്രാർത്ഥനയിൽ ഞാനും പങ്കുകൊണ്ടു.

നമ്മുടെ ഡബിൾ ജൂബിലി വർഷം അവസാനിക്കാറായിരിക്കുകയാണ്.

www.malankaralibrary.com

ജൂബിലിയാഘോഷങ്ങൾക്ക് മകുടം ചാർത്തുന്ന ഒരു ചടങ്ങ് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. കേരളസഭയുടെ അഭിമാനസ്തംഭമായി പരിലസിച്ചിരുന്ന ഡോ.കരിയാറ്റി മെത്രോപ്പോലീത്തായുടെ പൂജ്യാവശിഷ്ടങ്ങൾ ശൂന്യമായ പുരാതന ഗോവയിൽ നിന്ന് ചൈതന്യനിർഭരമായ കേരളസഭാമാർവിലേയ്ക്ക് ആഡംബരപൂർവ്വം മാറ്റി സ്ഥാപിക്കുകയെന്നുള്ളതാണ് അത്. വിവിധ സഭാ വിഭാഗങ്ങളുടെ പുനരൈക്യചിഹ്നമായി നിലകൊള്ളുന്ന ആ വന്ദ്യദേഹം പരിത്യക്തമായ പഴയ ഗോവയിൽ ഉപേക്ഷിക്കപ്പെടുന്നത് മലങ്കരസഭയ്ക്ക് ഒരു തീരാകളങ്കമായി പരിണമിക്കുമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

1953 എങ്കിലും ആ മഹാസംഭവത്തിന് സാക്ഷ്യം വഹിക്കുവാനായി ഉദയം ചെയ്യട്ടെ. മലങ്കര സഭയുടെ പിളർപ്പിന് അവസാന ആപ്പ് അടിച്ചേൽപ്പിച്ച ആ കൂനൻകുരിശു സത്യം കഴിഞ്ഞിട്ട് മൂന്നു ശതാബ്ദം പൂർത്തിയാകുന്നു. 1953-ൽ പുനരൈക്യദൗത്യവുമായി സ്വദേശത്തേയ്ക്ക് അഭിവാഞ്ചയോടെ യാത്ര ചെയ്തുകൊണ്ടിരുന്ന ആ പുണ്യദേഹത്തിന്റെ ഗമനം വിജനമായ ഗോവയിൽ അവസാനിപ്പിക്കാതെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിക്കുകയെന്നത് ബാലാരിഷ്ടതകൾ ഇനിയും നീങ്ങിയിട്ടില്ലാത്ത പുനരൈക്യപ്രസ്ഥാനത്തിന് ഒരു നവജീവൻ നൽകുമെന്നതിൽ പക്ഷാന്തരമില്ല. ആയതിന് സംഭവ ബഹുലമായ ഒരു സന്ദർഭവും നമുക്ക് അടുത്ത വർഷം പ്രതീക്ഷിക്കാം. പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയായ അത്യുന്നത കർദ്ദിനാൾ എവുജീൻ ടിസറന്റു തിരുമനസ്സുകൊണ്ട് അടുത്ത വർഷം നമ്മുടെ കേരള സഭയെ സന്ദർശിക്കുവാൻ പരിപാടി തയ്യാറാക്കി വരുന്നതായി സൂക്ഷ്മമായിഅറിയുന്നു. അദ്ദേഹത്തിന്റെ യാത്രാവേള കൂടുതൽ ആഡംബരപൂർവ്വമാക്കുന്നതിന് ഡോക്ടർ കരിയാറ്റിയുടെ പൂജ്യാവശിഷ്ടങ്ങൾ ആ സന്ദർഭത്തിൽ മാറ്റി സ്ഥാപിക്കുന്നതു സഹായകരമായിരിക്കും. പിതാക്കന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുകയെന്നതു മക്കളുടെ ജീവിതത്തിന് ശുഭോദർക്കവും അനുഗ്രഹപ്രദവുമാണല്ലോ. ഇപ്പോൾ ജൂബിലി ആഘോഷവിജയങ്ങൾക്കായി അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന കമ്മിറ്റി തന്നെ വിനാവിളംബം ആ ചുമതല കൈയേറ്റു വേണ്ടതു പ്രവർത്തിച്ചു കാണുവാൻ ആഗ്രഹിക്കുന്നു.

1952-ഡിസംബർ 24-ാം തീയതി മേൽ പറഞ്ഞ ലേഖനം പ്രസിദ്ധീകരിച്ചു. കാര്യമായ പ്രതികരണം ഉണ്ടായില്ല. വീണ്ടും 1953 സെപ്റ്റംബറിൽ മോൺ. കച്ചിറമറ്റം മറ്റൊരു ലേഖനം സത്യദീപത്തിൽ എഴുതി. ഈ ലേഖനത്തിലെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

"................നമ്മുടെ വീരനേതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ പരിത്യക്തമായ പൂർവ്വഗോവയിൽ വിസ്മരിക്കപ്പെടുന്നത് കൃത്യവിലോപവും അഭിമാനഭംഗവുമായിരിക്കും. ഭിന്നസഹോദരങ്ങളുടെ പുനരൈക്യം ആഗ്രഹിക്കുന്ന ഏതൊരുത്തനും ആ വന്ദ്യപിതാവിന്റെ സാമീപ്യവും

www.malankaralibrary.com

സഹവാസവും ശക്തിയേറിയ പ്രേരണ നൽകാതിരിക്കുകയില്ല.......... പുനരൈക്യദൂതനായിരുന്ന ഡോ.കരിയാറ്റിയുടെ ചരമദിനമായ ഈ പത്താം തീയതി കേരളകത്തോലിക്കർക്ക് ഒരു വീണ്ടു വിചാരത്തിന്റെ സുദിനമായി ഭവിക്കട്ടെ. ആ മഹാപുരുഷന്റെ ആസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിനോ, പ്രവർത്തനകേന്ദ്രമായിരുന്ന ആലങ്ങാടിനോ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കൈക്കൊള്ളുവാൻ സൗകര്യമില്ലാത്തപക്ഷം അദ്ദേഹത്തിന്റെ സഹപ്രവർത്തകനും സഞ്ചാരിയും പിൻഗാമിയുമായിരുന്ന പാറേമാക്കൽ ഗോവർണ്ണദോരുടെ മൃതദേഹം വിശ്രമംകൊള്ളുന്ന രാമപുരത്തിന് അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കൈകൊള്ളുവാൻ വളരെ ആഗ്രഹമുണ്ടെന്ന് ആ ഇടവകയിലെ യുവപ്രമുഖർ എന്നെ ധരിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ രേഖപ്പെടുത്തുവാൻ സന്തോഷമുണ്ട്."

അതിനുശേഷവും ഹൈരാർക്കിയുടെഭാഗത്തുനിന്നു യാതൊരു നടപടികളും ഉണ്ടായില്ല.

തുടർന്ന് മോൺ.ജോൺ കച്ചിറമറ്റം എറണാകുളം, തൃശ്ശൂർ, പാലാ, ചങ്ങനാശ്ശേരി, കോട്ടയം, തിരുവനന്തപുരം, തിരുവല്ല രൂപതകളിലെ മെത്രാന്മാരുടെ ശ്രദ്ധയിൽപെടുത്തി. നല്ല ഒരു ആശയമാണെന്ന് എല്ലാവരും അഭിപ്രയപ്പെട്ടെങ്കിലും നടപടികൾ ഒന്നും ഉണ്ടായില്ല.

മോൺ.ജോൺ കച്ചിറമറ്റം അന്ന് തിരുവല്ലായിൽ ഇരുവള്ളിപ്ര സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു. ജോണച്ചന്റെ ഉറ്റമിത്രമായിരുന്ന ഷെവ. വി.സി.ജോർജ്ജ് ഒരു ദിവസം ഇതുവഴി സ്കൂളിൽ എത്തി. അച്ചനുമായി പലകാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. അക്കൂട്ടത്തിൽ മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽകൊണ്ടുവന്ന് പുന:സംസ്കരിക്കുന്നതിനെപ്പറ്റി ജോണച്ചൻ പത്രങ്ങളിലെഴുതിയ ലേഖനങ്ങളും ചർച്ചാവിഷയമായി. അതിന്റെ ഉത്തരവാദിത്വം കത്തോലിക്കാ കോൺഗ്രസ് ഏറ്റെടുക്കാമെന്നും അച്ചന്റെ സഹകരണം ഉണ്ടായാൽ മതിയെന്നും ഷെവ. വി.സി. ജോർജ്ജ് അഭിപ്രായപ്പെട്ടു.

## കരിയാറ്റി കമ്മറ്റി

1955 ജനുവരി 5-ാം തീയതി അഖില കേരള കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മറ്റി ഷെവ.ജോസഫ് പെട്ടയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് മാർ കരിയാറ്റി കമ്മറ്റിക്ക് രൂപം നൽകി. മോൺ കച്ചിറമറ്റത്തെയാണ് കത്തോലിക്കാ കോൺഗ്രസ്സ് പ്രജനകമ്മറ്റിയുടെ കൺവീനറായി തിരഞ്ഞെടുത്തത് മോൺ.അച്ചനെ സഹായിക്കുവാൻ ടി.കെ. വർക്കി ചേർത്തലയെ കമ്മറ്റിയുടെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

മോൺസിഞ്ഞോർ തുടർന്നുചെയ്ത പ്രയത്നങ്ങളുടേയും പ്രചാരണങ്ങളുടേയും ഫലമായി ഈ ആശയം വേണ്ടപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെട്ടു

www.malankaralibrary.com

കയും, കത്തോലിക്കാ കോൺഗ്രസ്സിൽനിന്ന് ഇതിലേയ്ക്കായി, മോൺസിഞ്ഞോർതന്നെ കൺവീനറായി ഒരു കമ്മറ്റി സംഘടിപ്പിക്കുകയും ചെയ്തു. തദനന്തരം നടന്ന ബിഷപ്സ് കോൺഫ്രൻസിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതിലേയ്ക്കായി കരിയാറ്റി കമ്മറ്റി കൺവീനറായ മോൺസിഞ്ഞോറെ പ്രത്യേകം ക്ഷണിക്കുകയുണ്ടായി. അവിടെ നടന്ന ചർച്ചയുടെ ഫലമായിട്ടാണ് അഭിവന്ദ്യമെത്രാന്മാർ ഈ ആശയത്തിന് അവസാനമായി അംഗീകാരം നൽകിയത്. കമ്മറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും ഇത് സംബന്ധിച്ച് ഗോവയിലെ അധികാരികളുടേയും ഇന്ത്യാ ഗവൺമെന്റിന്റേയും അനുവാദം ലഭിക്കുന്നതിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്തു. ഗോവയിലെ അധികാരികളുടെ അംഗീകാരം ലഭിച്ചു. പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനു മുമ്പ് അദ്ദേഹത്തിന് ഈ ലോകത്തോട് യാത്രപറയേണ്ടി വന്നു.

## ആനിക്കാട് ബത്‌ലേഹം പള്ളിയിൽ

ഏഴുകൊല്ലത്തെ അവിശ്രമജീവിതത്തിനു ശേഷം അദ്ദേഹം തിരുവല്ലായോട് യാത്രപറഞ്ഞു. മല്ലപ്പള്ളിയ്ക്കുടുത്തുള്ള ആനിക്കാട് ബേത്‌ലഹേം പള്ളിവികാരി, സെന്റ് മേരീസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ നിയമിതനായി. തിരുവല്ലായിലെ അവിശ്രമജീവിതം ഇവിടെയും നയിച്ചു. അരോഗദൃഢഗാത്രനെന്നു പ്രസിദ്ധിയാർജ്ജിച്ചിരുന്ന അദ്ദേഹത്തെ ചില രോഗങ്ങൾ കടന്നാക്രമിച്ചു തുടങ്ങി. 1957 ഏപ്രിൽ മാസത്തിൽ അദ്ദേഹം കൊട്ടിയം മിഷൻ ഹോസ്പിറ്റലിൽവച്ച് ഹെർണിയാ രോഗത്തിനുള്ള ഓപ്പറേഷനു വിധേയനായി. രോഗശാന്തിയിൽ ഏവരും സംതൃപ്തരായിരുന്നു. കഠിനാദ്ധ്വാനം തുടർന്നു. 1958 മാർച്ചിൽ പൊടുന്നനവെ അദ്ദേഹം രോഗശയ്യയെ പ്രാപിച്ചു. കലൈകാട്ടിൽ തോമസ് ഡോക്ടറുടെ പരിശോധനയിൽ ലിംഫാറ്റിക് ലുക്കീമിയ എന്ന ഗുരുതരമായ രോഗമാണെന്ന് മനസ്സിലാക്കി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഉടനെതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചെന്ന് ചികിത്സ ആരംഭിച്ചു. രോഗം ഗുരുതരമാണെന്നും 6 മാസത്തിലധികം ജീവിച്ചിരിക്കാൻ ഇടയില്ലെന്നും ഡോക്ടർമാർ കൂട്ടത്തിൽ ചെന്ന വൈദികനെ രഹസ്യമായി അറിയിച്ചു. കച്ചിറമറ്റത്തെ നേരിട്ടറിയാവുന്ന ആ വൈദികൻ രഹസ്യം പാലിക്കാതെ വിവരം രോഗിയെ അറിയിച്ചു. ഉൽക്കണ്ഠിതനാകുന്നതിനുപകരം തന്റെ സ്വതസിദ്ധമായ പ്രസന്നതയോടെ ഈ വാർത്തകേൾക്കുകയും മരണത്തിനൊരുങ്ങാനുള്ള സന്ദർഭത്തെ പ്രത്യേകം സ്വാഗതം ചെയ്യുകയുമാണുണ്ടായത്. ആശുപത്രിയിലെ സമർത്ഥമായ പരിചരണത്തിന്റെ ഫലമായി താൽക്കാലികമായ രോഗശാന്തിയുണ്ടായി. മേയ്മാസാവസാനത്തിൽ വിശ്രമാർത്ഥം തിരുവല്ലാ അരമനയിലേയ്ക്കു പോന്നു. സെപ്റ്റംബർ മാസത്തിൽ പിതാവിന്റെ ശ്രാദ്ധം പ്രമാണിച്ച് വീട്ടിൽ വന്നു. സഹോദരൻ ഫാ. ദേവസ്യ എസ്സ്. ജെ. യും

www.malankaralibrary.com

കുടുംബത്തിലെ മറ്റു വൈദികരും സന്നിഹിതരായിരുന്നു. ഈ സന്ദർശനം അവസാനത്തേതാണെന്ന് രഹസ്യമായും പരസ്യമായും പലരോടും തുറന്ന് പ്രസ്താവിക്കുകയുണ്ടായി. ബന്ധുമിത്രാദികളുടെ വീടുകളും കന്യകാലയങ്ങൾ പോലുള്ള സ്ഥാപനങ്ങളും ആവുന്നിടത്തോളം സന്ദർശിച്ച് ഒരു വിടവാങ്ങൽ തന്നെ നടത്തിയെന്നു പറഞ്ഞാൽ തെറ്റില്ല. രാമപുരത്തുനിന്നും തിരുവനന്തപുരത്തേയ്ക്കാണ് പോയത്. യാത്രാമദ്ധ്യേ പാലായിൽ കണ്ണാടിയുറുമ്പുമഠം സന്ദർശിച്ച് തന്റെ ഏകസഹോദരിയായ റവ.സി.ജോസഫീനായേയും അവസാനമായിക്കണ്ട് യാത്രപറഞ്ഞു. ഡോക്ടർമാരുടെ മുൻ നിർദ്ദേശമനുസരിച്ച് മെഡിക്കൽ കോളേജിൽ വീണ്ടും എത്തിച്ചേർന്നു. രോഗം വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. രോഗിയുടെ പ്രകൃതത്തിൽ നിന്ന് രോഗത്തിന്റെ ഗുരുതരാവസ്ഥ സാധാരണക്കാർ മനസ്സിലാക്കുന്നുണ്ടായിരുന്നില്ല. അദ്ദേഹം അരമൈൽ അകലെയുള്ള കപ്പേളയിൽ പോയി രോഗവും ക്ഷീണവും ഗണിക്കാതെ ദിവ്യബലി അർപ്പിച്ചുകൊണ്ടിരുന്നു. ദിവ്യബലിയുടെ ഇടയിൽ തന്നെ ചിലപ്പോൾ അത്യധികമായ ക്ഷീണം അനുഭവപ്പെടുകയുണ്ടായിട്ടുണ്ട്. ഇടയ്ക്കിടെ അനുഭവപ്പെട്ടുകൊണ്ടിരുന്ന പാരവശ്യം സന്ദർശകരെയും ശുശ്രൂഷകരെതന്നെയും അറിയിക്കാറില്ലായിരുന്നു. ദിവസംതോറുമെത്തികൊണ്ടിരുന്ന സന്ദർശകരോട് യഥായോഗ്യം മധുരസംഭാഷണം ചെയ്തുകൊണ്ടിരുന്നു. സ്വതസിദ്ധമായ പ്രസന്നത ഒരിക്കലും കൈവെടിഞ്ഞിരുന്നില്ല. അണയാൻ പോകുന്ന ദീപത്തിന്റെ ഈ പ്രഭ കണ്ട് ദീനം നിസ്സാരമെന്ന് വിചാരിച്ചവരുണ്ടാവും. തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി പ്രതിദിനമെന്നോണം ആശുപത്രിയിൽ വന്ന് സന്ദർഭാനുസരണമുള്ള പരിചരണങ്ങൾ നടത്തിയിരുന്നു. വിദഗ്ധമായ പരിചരണത്തെ ലക്ഷ്യമാക്കി ബോംബെയിലുള്ള ടാറ്റാ കമ്പനിവക ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുവാനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു.

## അന്ത്യനിമിഷങ്ങൾ

ബോംബെയാത്ര ആവശ്യമായി വന്നില്ല. നവംബർ 3-ാം തീയതി വൈകിട്ടു പെട്ടെന്നു പനി വർദ്ധിച്ചു. തൽഫലമായി 4-ാം തീയതി ചൊവ്വാഴ്ച, ദിവ്യബലി അർപ്പിക്കുവാൻ സാധിച്ചില്ല. സഹോദരപുത്രൻ കെ. എ. ജോൺ (അപ്പച്ചൻ) എപ്പോഴും അടുക്കൽതന്നെയുണ്ട്. അന്നും സന്ദർശകരോടും പ്രസന്നവും അചഞ്ചലവുമായ രീതിയിൽ പെരുമാറുന്നുണ്ടായിരുന്നു. ആ അത്യാഹിതം ആരും പ്രതീക്ഷിച്ചില്ല. ബുധനാഴ്ച പ്രഭാതമായി. ഒരു നിമിഷവും വൃഥാ ചിലവാക്കിയിരുന്നില്ല. പതിവുപോലെ ജപമാലയും സുകൃതജപങ്ങളുമായി നിമിഷങ്ങൾ കഴിച്ചുകൂട്ടി. രോഗം മൂർദ്ധന്യാവസ്ഥയെ പ്രാപിക്കുന്നതായി ആർക്കും തോന്നിയില്ല. നാലുമണിയോടുകൂടി ഡോക്ടർമാർ

www.malankaralibrary.com

വന്നു പരിശോധിക്കുന്നു. എന്തെങ്കിലും വിശേഷങ്ങളുണ്ടോയെന്നു ചോദിച്ച ചോദ്യത്തിന് ഒന്നുമില്ലായെന്നു മറുപടി ലഭിക്കുന്നു. എന്നാൽ ഡോക്ടർ രോഗത്തിന്റെ ഗുരുതരാവസ്ഥ ആർച്ചുബിഷപ്പ് തിരുമേനിയെ ഫോൺമാർഗ്ഗം അറിയിക്കുന്നു. ഉടനെതന്നെ ആർച്ചുബിഷപ്പ് തിരുമേനി അന്ത്യകൂദാശകൾ കൊടുക്കുവാനുള്ള ഒരുക്കങ്ങളോടുകൂടി എത്തുന്നു. മയങ്ങിക്കിടന്ന രോഗി പെട്ടെന്ന് എഴുന്നേറ്റ് കൈകൂപ്പുന്നു. തിരുമേനിതന്നെ അദ്ദേഹത്തെ താങ്ങിക്കിടത്തി വിശറികൊണ്ടുവീശുന്നു. മരണത്തിന് തയ്യാറായിരിക്കുകയാണോയെന്നുള്ള തിരുമേനിയുടെ ചോദ്യം! ഒരുങ്ങിയിരിക്കുകയാണ്. എന്റെ വേദനകൾ എല്ലാം നമ്മുടെ കർത്താവിന്റെ പങ്കപ്പാടുകളോടുചേർത്തു കാഴ്ച വയ്ക്കുന്നു എന്ന മറുപടി. ഇതിനിടയിൽ അരമനയിൽനിന്നും നാലാഞ്ചിറ ആശ്രമത്തിൽനിന്നും ഒട്ടേറെ വൈദികർ ഓടിക്കൂടിയിരുന്നു. അവരുടെയെല്ലാം സാന്നിദ്ധ്യത്തിൽ തിരുമേനിതന്നെ അന്ത്യകൂദാശകൾ നൽകുന്നു. ജപങ്ങൾ രോഗി ഉച്ചത്തിൽ ഏറ്റുചൊല്ലുന്നു. തിരുമേനി മടങ്ങുന്നു. ഓരോരുത്തരും ഉൽക്കണ്ഠാഭരിതരായി കാത്തിരിക്കുന്നു. രോഗി സുകൃതജപങ്ങൾ ഉച്ചത്തിൽ വേഗത്തിൽ ചൊല്ലിക്കൊണ്ടിരിക്കുന്നു. അസഹ്യമായ പാരവശ്യം കൊണ്ടു രോഗി കിടക്കയിൽ എഴുന്നേറ്റിരിക്കുന്നു. ദാഹശമനത്തിനായി ജോണിന്റെ കയ്യിൽ നിന്നും അല്പം കാപ്പി വാങ്ങി കുടിക്കുന്നു. സമയം 9.43 ആയി. ജോണും വൈദികരും മറ്റും താങ്ങിപ്പിടിച്ചിരിക്കവേ ഈശോയെന്നുള്ള തിരുനാമം ഉച്ചത്തിൽ ഉച്ചരിച്ചുകൊണ്ട് അദ്ദേഹം അന്ത്യശ്വാസം വലിക്കുന്നു. അങ്ങനെ ആ പാവനാത്മാവ് ഇഹലോകത്തോട് വിടവാങ്ങുന്നു.

## അന്ത്യോപചാരങ്ങൾ

മരണം അത്യാസന്നമെന്നുള്ള വാർത്തയറിഞ്ഞു തിരുവല്ലാ മെത്രാൻ തിരുമേനിയും മറ്റു വൈദികരും രാമപുരത്തുനിന്നു വയോവൃദ്ധയായ പ്രിയപ്പെട്ട മാതാവും, വൈദികരുൾപ്പെടെയുള്ള ബന്ധുമിത്രാദികളും തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടുകഴിഞ്ഞിരുന്നു. തിരുവല്ലായിൽനിന്നു പുറപ്പെട്ടവർ മാർ ബനഡിക്ട് തിരുമേനിയോടുകൂടി ആശുപത്രിയിൽ എത്തിയപ്പോൾ മരണം കഴിഞ്ഞിരുന്നു. തിരുമേനിമാരുടെ പ്രാർത്ഥനയ്ക്കുശേഷം മൃതദേഹം തിരുവനന്തപുരം അമനയിലേയ്ക്കു കൊണ്ടുപോയി. ആശ്രമവൈദികർ, വൈദികവിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങൾ അവിടെക്കൂടി ആ മഹാത്മാവിന് അന്ത്യോപചാരങ്ങൾ അർപ്പിച്ചു. രാത്രിതന്നെ മൃതദേഹം തിരുവല്ലായിലേയ്ക്കു കൊണ്ടുപോരുകയും തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രതിഷ്ഠിച്ച്, രാവിലെ തിരുവല്ലാ മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ മരിച്ചവർക്കുവേണ്ടിയുള്ള മൂന്നുമ്മേൽകുർബ്ബാനയും മറ്റു ശുശ്രൂഷകളും നടത്തി. തുടർന്നു. റവ. ഫാ. തോമസ് വടശ്ശേരി ഹൃദയസ്പർശകമാംവിധം

www.malankaralibrary.com

ഒരു ചരമ പ്രസംഗം നടത്തി. അദ്ദേഹം ദീർഘകാലം സേവനമനുഷ്ഠിച്ചു തിരുവല്ലായിലെയും സമീപപ്രദേശങ്ങളിലേയും നാനാജാതി മതസ്ഥരായ ആളുകൾ വന്ന് തങ്ങളുടെ പ്രിയപ്പെട്ട ആചാര്യന്റെ മൃതദേഹം ഒരുനോക്ക് കണ്ട് ആത്മനിർവൃതിയടകയുണ്ടായി. പ്രിയപ്പെട്ട മാതാവിന്റേയും നാട്ടുകാരുടേയും ആഗ്രഹമനുസരിച്ച് മൃതദേഹം രാമപുരത്തേയ്ക്കു കൊണ്ടുപോകുവാൻ മെത്രാൻ തിരുമേനി അനുവദിച്ചു.

വിവിധ ഇടവകകളിൽ നിന്നു വന്നുചേർന്ന നിരവധി കാറുകളുടെ അകമ്പടിയോടുകൂടി മൃതദേഹം ഉച്ചകഴിഞ്ഞു രാമപുരത്തേയ്ക്കു കൊണ്ടുപോന്നു. സ്ഥലത്തെത്തിയപ്പോൾ ഒട്ടുവളരെ പൊൻവെള്ളിക്കുരിശുകളുടേയും മുത്തുക്കുടകളുടേയും അകമ്പടിയോടുകൂടി അനേകായിരംവരുന്ന ജനക്കൂട്ടം തങ്ങളുടെ ആപ്തമിത്രവും അഭിമാനസ്തംഭവുമായ ആ പുണ്യചരിതന്റെ മൃതദേഹം സ്വീകരിച്ചു സ്നേഹനിർഭരമായ വിലാപയാത്ര നടത്തുകയും ചെയ്തു. തിരുവല്ലാ മെത്രാൻ തിരുനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ട പ്രാർത്ഥനാ ശുശ്രൂഷയ്ക്കുശേഷം മോസ്റ്റ് റവ. മാത്യു കാവുകാട്ടു രൂപതാദ്ധ്യക്ഷന്മാരുടെ സഹകരണത്തിലും സംസ്ക്കാരകർമ്മത്തിലെ അന്തിമശുശ്രൂഷകൾ നടത്തപ്പെട്ടു. നിരവധി വൈദികരും കന്യാസ്ത്രീകളും വമ്പിച്ച ജനക്കൂട്ടവും ശവസംസ്ക്കാരകർമ്മത്തിൽ സംബന്ധിച്ചിരുന്നു. പഴയ പള്ളിയിൽ മദ്ബഹായുടെ മുൻവശത്തായി പാറേമ്മാക്കൽ ഗോവർണ്ണദോരുടെ ശവകുടീരത്തിനു സമീപത്തു പ്രത്യേകം സജ്ജമാക്കപ്പെട്ട കല്ലറയിൽ മൃതദേഹം സംസ്ക്കരിക്കപ്പെട്ടു.

## സക്കറിയാസ് മാർ അത്തനാസിയോസ്

**ബിഷപ്, തിരുവല്ല**

പരേതനുമായി വളരെക്കൊല്ലങ്ങൾ അടുത്തു പരിചയിക്കുന്നതിന് എനിക്കു സൗകര്യം ഉണ്ടായിട്ടുണ്ട്. തികഞ്ഞ ഒരു ദൈവഭക്തനായിരുന്ന അദ്ദേഹത്തിന്റെ ജീവിതം എനിക്കും എന്റെ രൂപതയിലെ വൈദികർക്കും മാർഗ്ഗദർശനം നൽകിക്കൊണ്ടിരുന്നു. സേവനസന്നദ്ധതയും ത്യാഗശീലവും കച്ചിറമറ്റത്തിലച്ചന്റെ കൂടപ്പിറപ്പുകളായിരുന്നു. ഒരു ഉത്തമ സുഹൃത്തെന്ന നിലയിലും പ്രയാസപ്പെട്ട പല സാഹചര്യങ്ങളിലും നല്ല ഉപദേശങ്ങൾ നൽകി സഹായിച്ച നിലയിലും അദ്ദേഹത്തിന്റെ സേവനങ്ങൾ എനിക്ക് പലപ്പോഴും ഉപകരിച്ചിട്ടുണ്ട്. അനേകരെ ദൈവത്തിങ്കലേയ്ക്ക് ആകർഷിക്കുവാൻ തന്റെ ജീവിതവിശുദ്ധി കൊണ്ട് അദ്ദേഹത്തിനു സാധിച്ചിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള നിസ്വാർത്ഥ സേവനങ്ങൾ ഒരു കാലത്തും മറക്കുവാൻ സാധിക്കാത്തവയാണ്. അദ്ദേഹത്തിന്റെ വേർപാടുകൊണ്ടുണ്ടായ വിടവു നികത്തുവാൻ അസാദ്ധ്യമാണ്.

www.malankaralibrary.com

# അദ്ദേഹം അനുകരണാർഹനായ ഒരു മഹാപുരുഷനായിരുന്നു

## (V.C. George B.A; L.T)

പതിനേഴാംനൂറ്റാണ്ടിൽ തോമ്മാ അർക്കദീയാക്കോന്റെ നേതൃത്വത്തിൽ, ഇട്ടിത്തൊമ്മൻ കത്തനാരുടെ ദുർമ്മന്ത്ര ഫലമായി, കൊടുങ്ങല്ലൂർ രൂപതാധികാരികൾക്കെതിരായി ഒരു കൂട്ടുകെട്ടുണ്ടാക്കി പന്ത്രണ്ടു കത്തങ്ങൾക്കൂടി അർക്കദിയാക്കോന്റെ തലയിൽ കൈവച്ച് അദ്ദേഹത്തിനു മെത്രാൻപട്ടം കൊടുത്തതായി വ്യാമോഹിച്ച്, കേരള നസ്രാണിസമുദായത്തിൽ ഒരു ഭാഗത്തെ കബളിപ്പിച്ച്, സമുദായമദ്ധ്യേ പുത്തൻകൂർ-പഴയകൂർ ഇങ്ങനെ കൂർഭേദവും പിളപ്പും ഉണ്ടായതിനെത്തുടർന്ന്, സമുദായം പൂർവ്വവൽ ഏകയോഗമായി കഴിയുന്നതിലേക്ക് ഇരുക്കൂറിലെയും നേതാക്കന്മാർ, വൈദികരും അവൈദികരും സഹകരിച്ച്, പലേ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ളതു കേരള സഭാചരിത്രത്തിൽ നിന്നും നാം മനസ്സിലാക്കിയിട്ടുള്ളതാണ്. കർമ്മലീത്താ വികാരി അപ്പസ്തോലീക്കാ മോൺ സിഞ്ഞോർ സെബാസ്റ്റ്യാനി, തോമ്മാ അർക്കദിയാക്കോന്റെ അടുത്ത ചാർച്ചക്കാരനും കുടുംബാംഗവുമായ പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ ഇവരുടെ സഹകരണത്തിൽ തുടങ്ങിയ പ്രസ്തുത പുനരൈക്യപ്രസ്ഥാനം മൂന്നു നൂറ്റാണ്ടുകളിലെ നിരന്തര പ്രയത്നഫലമായി ഇനിയും പരിപൂർണ്ണ്വ വിജയിച്ച ലക്ഷ്യത്തിലെത്തിയിട്ടില്ലെന്നുള്ളതു സമുദായ സ്നേഹികളെ മൊത്തത്തിൽ അമ്പരപ്പിക്കുന്ന ഒരു വസ്തുത മാത്രമാകുന്നു. എന്നിരുന്നാലും, മുപ്പതു സംവത്സരങ്ങൾക്കു മുമ്പു നടന്ന മാർ ഈവാനിയോസ്, മാർ തിയോഫിലോസ് എന്നീ പുത്തൻകൂർ മേല്പട്ടക്കാരുടേയും അംഗുലീപരിമിതരായ അനുയായികളുടെയും കത്തോലിക്കാ സഭാപ്രവേശനവും അതിനെത്തുടർന്നുണ്ടായ മലങ്കര സുറിയാനിറീത്തിന്റെ പ്രതിഷ്ടയും, പുത്തൻകൂറിൽ നിന്നും മെത്രാന്മാരും പട്ടക്കാരും പണ്ഡിതാപണ്ഡിതരായ അനേകശതം അല്മായജനങ്ങളും പഴയകൂറിലേക്ക് ആവേശപൂർവ്വം പ്രവേശിക്കുവാൻ അവസരം നല്കിയെന്നുള്ളത് സദാ സ്മരണീയമാണ്. ഉപരുദ്ധയായ നഗരത്തിന്റെ കോട്ടയിൽ കാണപ്പെടുന്ന വിടവിൽകൂടി ഉപരോധസംഘം അതിശീഘ്രം അകത്തു കടക്കുന്ന പ്രതീതിയാണ് 1930-ലെ പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതി നമ്മുടെ സ്മൃതിപഥത്തിലുളവാക്കുക. ഈ നവാഗതരെ യഥാർഹം സ്വീകരിക്കുവാൻ, നമുക്ക് ആദ്ധ്യാത്മിക സഹായം നല്കുവാൻ, അവർക്കാവശ്യമായ

www.malankaralibrary.com

പള്ളികളും കപ്പേളകളും സ്ഥാപിക്കുവാൻ പഴയകൂറിൽ നിന്നു സഹായങ്ങൾ അത്യുദാരമായി എത്തിചേർന്നതു പുനരൈക്യപ്രസ്ഥനത്തിന്റെ വ്യാപ്തിയും ദീപ്തിയും പ്രത്യാശയിൽ കവിഞ്ഞു വർദ്ധിപ്പിക്കുക തന്നെ ചെയ്തു. വൈദികരും വൈദികസ്ഥാനാർത്ഥികളും സേവനസന്നദ്ധരായ ഇതരരും തിരുവനന്തപുരത്തേയും തിരുവല്ലായിലെയും ആതിരൂപതകളിലേ കൊടിക്കീഴിൽ ക്രിസ്തുരാജ്യത്തിന്റെ വിസ്തൃതിക്കായി ആത്മാർപ്പണം ചെയ്തു. ഈ സേവനസന്നദ്ധർ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഓടിക്കൂടി. അവർ മലനാടിനെയും കുട്ടനാടിനെയും സമ്യക്കായി പ്രതിനിധാനം ചെയ്തു. നിസ്വാർത്ഥരായ ഈ പ്രതിഭാശാലികളിൽ അനന്യസാധാരണങ്ങളായ അപദാനങ്ങളോടുകൂടി തിളങ്ങിയ ഒരു യുവാവിനെ തിരുവല്ലാ രൂപതയ്ക്കു ലഭിച്ചു. സർവ്വകലാശാല വിദ്യാഭ്യാസം പൂർത്തിയാക്കി, ലൗകികജീവിതത്തിൽ അക്കാലത്തെ സ്ഥിതിഗതികൾ ആലോചിച്ചാൽ സമുന്നതസ്ഥാനം പ്രാപിക്കുവാൻ കഴിയുമായിരുന്ന ഒരു ബി.എ. ബിരുദധാരിയായിരുന്നു അദ്ദേഹം. അതേ ബ്രദർ ജോൺ കച്ചിറമററം തന്നെ.

കച്ചിറമറ്റത്തിൽ കടുംകൃഷി ചെയ്ത്, ബ്രദർ ജോണിന്റെ ശേഷിയും ശേമൂഷിയും പരമാവധി വികസിപ്പിച്ചു കത്തോലിക്കാസഭയുടെയും സമുദായത്തിന്റെയും പുനരൈക്യപ്രസ്ഥാനത്തിന്റെയും മുതൽകൂട്ടു വർദ്ധിപ്പിക്കണമെന്നായിരുന്നു തിരുവല്ലാ രൂപതാധികാരികൾ തീരുമാനമെടുത്തത്. തന്മൂലം ബ്രദർ ജോൺ ഉപരിപഠനാർത്ഥം റോമായിലെ പ്രൊപ്പഗാന്താ തിരുസംഘം വക കലാശാലയിലേക്ക് ഏറ്റവും അടുത്ത അവസരത്തിൽ അയയ്ക്കപ്പെട്ടു. അവിടെ അദ്ദേഹം വിശുദ്ധിയിലും വിജ്ഞാനത്തിലും പടിപടിയായി ഉയർന്നു കേരളത്തിൽവച്ചു തന്നെ ലൗകീകശാസ്ത്രങ്ങളിലും വിവിധ ഭാഷകളിലും പ്രാവീണ്യം സമ്പാദിച്ചിട്ടുണ്ടായിരുന്ന ബ്രദർ ജോൺ റോമായിലെ അദ്ധ്യയന വേളയിൽ ആദ്ധ്യാത്മിക ശാസ്ത്രങ്ങളിലും ലാറ്റിൻ, ഇറ്റാലിയൻ ആദിയായ പാശ്ചാത്യഭാഷകളിലും പാരംഗതനായിത്തീർന്നു. "അഞ്ചുകൂടി സമ്പാദിച്ചു" എന്ന വിശുദ്ധ മത്തായിയുടെ സുവിശേഷവാക്യം ബ്രദർ ജോണിൽ അന്വർത്ഥമാക്കുകതന്നെ ചെയ്തു. "സുകൃതജീവിതത്തിൽ അദ്ദേഹം ഞങ്ങൾക്കൊരു മാതൃകയായിരുന്നു. ഒരു നിമിഷവും പാഴാക്കാതെ അദ്ദേഹം പ്രാർത്ഥനയിലും പഠനത്തിലും വ്യാപൃതനായിരുന്നു." എന്നിങ്ങനെ ബ്രദർ ജോണിന്റെ നിത്യനഗര ജീവിതത്തെപ്പറ്റി ഒരു സതീർത്ഥ്യൻ ഈ എഴുത്തുകാരനോട് പ്രസ്താവിക്കുകയുണ്ടായി. എൽ.ഡി. ബിരുദം നേടി റോമായിൽ നിന്നു മടങ്ങിയപ്പോൾ ലത്തീന്, ഇറ്റാലിയൻ എന്നീ ഭാഷകളിലെ ഒട്ടധികം സുപ്രധാന കൃതികൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥശേഖരം ഫാദർ ജോൺ കച്ചിറമറ്റം സ്വന്തമായി സജ്ജീകരിച്ചിരുന്നു. ഇറ്റലിയിലെ വിശ്വവിഖ്യാത കവിപുംഗവൻ ദാന്തേ അലിഗെരിയുടെ "ദിവീനാ കൊമേദിയ" ഫാദർ കച്ചിറമറ്റത്തിന്റെ പ്രേമപാരായണവിഷയമായിരുന്നുവെന്ന് ഈയുള്ളവർ നേരിട്ടറിഞ്ഞിട്ടുള്ളതാണ്.

www.malankaralibrary.com

"Their mission is to teach"; അവരുടെ ദൗത്യം ഉപദേശം നല്കുന്നതിനാകുന്നു, എന്ന അപ്പസ്തോല പ്രബോധനമനുസരിച്ചു ക്രിസ്ത്യാനികൾ അഥവാ കത്തോലിക്കർ വിദ്യാദാനപരമായ പ്രേഷിതവൃത്തിയിൽ ഏർപ്പെടേണ്ടതുണ്ടെന്നു വേണ്ടവിധം ധരിച്ചിരുന്ന തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ സെവേറിയോസ് തിരുമേനി, പള്ളികളോടും മിഷൻ കേന്ദ്രങ്ങളോടും അനുബന്ധിച്ചു കഴിയാവുന്നിടത്തോളം വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തണമെന്നു ദൃഢവ്രതനായിത്തീർന്നതിന്റെ ഫലമായി അത്യധികം ക്ലേശവും ത്യാഗവും സഹിച്ച്, പിറവത്തേ യാക്കോബായ സമുദായത്തിൽ നിന്നു ബ.തൈക്കാട്ടിൽ അച്ചന്മാരുടെ നേതൃത്വത്തിൽ പുനരൈക്യപ്പെട്ട ചെറു സംഘത്തിന്റെ ആരാധനാസ്ഥലത്തിനു സമീപം സ്ഥാപിച്ച സെന്റ്. ജോസഫസ് ഇംഗ്ലീഷ് മലയാളം ഹൈസ്ക്കൂളുകളുടെ പ്രഥമാദ്ധ്യാപകനായി ജോലി ചെയ്തിരുന്ന അവസരത്തിലാണ് ഈ ലേഖകനു ബ.കച്ചിറമറ്റത്തിൽ ജോണച്ചനെ ഇദംപ്രഥമമായി കാണുവാൻ സാധിച്ചത്. വളരെ മുമ്പല്ലാതെ റോമായിൽ നിന്നു മടങ്ങി വന്ന ആ യുവവൈദികന്റെ സാമാന്യത്തിൽ കവിഞ്ഞ ഉയരവും സദാ മന്ദഹാസം വിതറുന്ന വദനവും ആർത്തുവളർന്ന കറുത്ത കൂർച്ചവും സംപുഷ്ടമായ അവയവഘടനയും ഈയുള്ളവനെ ഹഠാകർഷിക്കുന്നതുതന്നെ ചെയ്തു. ഞങ്ങളുടെ സമാഗമരംഗം അന്നു മെത്രാസനമന്ദിരമായികഴിഞ്ഞ ചെറുപുഷ്പഗിരിയായിരുന്നു. " ഒരു രൂപതാഭരണത്തിനു പറ്റിയ ആൾ" എന്നു ഞാൻ മനസ്സിൽ കുറിച്ചു. പില്ക്കാലത്ത് ഏതാനും മാസക്കാലത്തേക്കു മോൺസിഞ്ഞോർ കച്ചിറമറ്റം തിരുവല്ലാ രൂപതയുടെ അഡ്മനിസ്ട്രേറ്ററായി വിരാജിക്കുകയും ചെയ്തു. എന്നാൽ, മാർ സെവേറിയോസ് തിരുമേനിയുടെ ദീർഘദൃഷ്ടിയും എന്റെ ഹ്രസ്വദൃഷ്ടിയും എമ്മാത്രം പൊരുത്തപ്പെടാതിരുന്നു? പിന്നീടെനിക്കു ബോദ്ധ്യമായി. തിരുമേനി സ്വന്തം പിൻഗാമിയായിട്ടല്ല, അവിടുത്തെ പ്രധാന വിദ്യാഭ്യാസപ്രവർത്തനകനായിട്ടായിരുന്നു ജോണച്ചനെ നിർദ്ദേശിച്ചത്. മെത്രാൻ മന്ദിരത്തിൽവച്ച് ആകസ്മികമായി എനിക്കു പരിചയപ്പെട്ട ആ യുവവൈദികൻ, അദ്ദേഹത്തിന്റെ ശിഷ്ടായുസ്സിൽ ഏതാനും മാസങ്ങൾ ഒഴിച്ചു ബാക്കി മാസങ്ങളും ആണ്ടുകളുമെല്ലാം, ഒരു നിലയിൽ എന്റെ സഹപ്രവർത്തകനും ഗുണകാംക്ഷിയും ആപ്തമിത്രവും, ഞാൻ അദ്ദേഹത്തിന്റെ ഉൽക്കർഷേച്ഛുവും വന്ദ്യാന്മരിൽ അഗ്രേസരനും ആയിക്കഴിയുമെന്ന് ആ അവസരത്തിൽ ആരും വിചാരിച്ചിരിക്കുമായിരുന്നില്ല.

1942 ജൂൺ 1-ാം തീയതി ഫാദർ ജോൺ പിറവം സെന്റ്. ജോസഫ്സ് ഹൈസ്ക്കൂളിൽ അസിസ്റ്റന്റ് ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. ഞങ്ങളുടെ ഈ വേഴ്ച അടുത്ത രണ്ടു സാദ്ധ്യായവർഷങ്ങളിൽ നിലനിന്നു. ഇതിനിടയിൽ ആർക്കും ഊഹിക്കുവാൻ കഴിയാത്ത വിധത്തിലുള്ള സഹകരണവും സൗമനസ്യവുമാണ് ഹെഡ്മാസ്റ്ററും അസിസ്റ്റന്റു ഹെഡ്മാസ്റ്ററും തമ്മിൽ നടമാടിയത്. അദ്ധ്യാപകരുടെ ഇടയിൽ മൊത്തത്തിൽ അനുഭവപ്പെട്ട

www.malankaralibrary.com

സ്നേഹവിശ്വാസങ്ങളുടേയും സാഹോദര്യത്തിന്റെയും പ്രതീകം മാത്രമായിരുന്നു പ്രസ്തുത വർത്താനം. ഫാദർ ജോണും ഞാനും ഒരേ കെട്ടിടത്തിൽത്തന്നെ പരസ്പാഭിമുഖമായ രണ്ടു മുറികളിൽ താമസിച്ചിരുന്നതിനാൽ ഞങ്ങൾ സന്തത സഹചാരികളായിരുന്നുവെന്നു പറയാം. ഒന്നിച്ചു ഭക്ഷിക്കുമ്പോൾ അദ്ദേഹത്തിന്റെ മിതഭോജന ശീലം ആദരിക്കുവാനിടയുള്ളതുപോലെ അദ്ദേഹം അർപ്പിക്കുന്ന ദിവ്യബലിയിൽ സംബന്ധിച്ചിരുന്നപ്പോളൊക്കെ അദ്ദേഹത്തിന്റെ ഭക്തി പാരവശ്യവും വിശ്വാസതീക്ഷ്ണതയും ബഹുമാനപുരസ്സരം ആസ്വദിക്കുവാനും ഇടയായിട്ടുണ്ട്.

ക്ലാസ്സു മുറിയിലുള്ള അദ്ദേഹത്തിന്റെ വർത്തനം സർവ്വദാ അനുകരണീയമായിരുന്നു. വിദ്യാർത്ഥികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകളെ വികസിപ്പിച്ച് ഭാവിജീവിതത്തിൽ അവരെ തങ്ങൾക്കും സമുദായത്തിനും രാഷ്ട്രത്തിനും ശാശ്വതോപകാരികളാക്കിത്തീർക്കുവാൻ യഥാശക്തി പരിശ്രമിക്കുകയാണ്. അദ്ധ്യാപകന്റെ കർത്തവ്യം എന്ന മൗലികത്വം മുൻനിറുത്തി ഓരോ വിഷയവും ഫാദർ ജോണിന്റെ കൃത്യനിഷ്ടയും അദ്ധ്യാപന പടുതയും, നിയമാനുഷ്ടാനരീതിയും വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും പ്രശംസയ്ക്കു പാത്രീഭൂതമായി. ഒരു പിരിയഡ് അവസാനിക്കുന്നതിനുള്ള മണിയടിക്കുന്നതിനോടൊപ്പം ഒരു പക്ഷേ ഒരു മിനിറ്റിനു മുമ്പു ക്ലാസിലേക്കുള്ള കവാടത്തിനു സമീപം വരാന്തയിൽ പാഠ്യഗ്രന്ഥവും നോട്ടുബുക്കുമായി പ്രത്യക്ഷപ്പെടുകനിതരാം ജോണച്ചന്റെ ചിട്ടയായിരുന്നു. പ്രഥമാദ്ധ്യാപകനായും സഹായാദ്ധ്യാപകനായും പ്രവർത്തിച്ചിരുന്ന അവസരങ്ങളിലെല്ലാം ഈ ചിട്ട അദ്ദേഹം നിർവ്വിഘ്നം പാലിച്ചുപോന്നു.

ട്രെയിനിംഗ് കോളേജ് പരിശീലനവും എൽ.റ്റി. ബിരുദസമ്പാദനവും കഴിഞ്ഞ് 1945-ൽ വീണ്ടും പിറവത്ത് അസിസ്റ്റന്റ് ഹെഡ്മാസ്റ്ററായി ഫാദർ ജോൺ നിയമിക്കപ്പെട്ടു. ആ നിലയിൽ രണ്ടു സംവത്സരക്കാലം തുടർന്ന ശേഷമാണ്, സെവേറിയോസ് തിരുമേനി ആയിടയ്ക്കു സമ്പാദിച്ച തിരുവാണിയൂർ സെന്റ്. ഫിലോമനാസ് ഹൈസ്ക്കുളിൽ ഫാദർ ജോൺ ഹെഡ്മാസ്റ്ററായി നിയമിതനായത്. അവിടെ മഹാഭൂരിപക്ഷം വിദ്യാർത്ഥികൾ അകത്തോലിക്കാരായിരുന്നെങ്കിലും ജാതിഭേദമോ കക്ഷിവ്യത്യാസമോ ഇല്ലാതെ വിദ്യാർത്ഥിസമൂഹത്തിന്റേയും രക്ഷകർത്താക്കളുടേയും കണ്ണിലുണ്ണിയായി കഴിയുവാൻ ഹെഡ്മാസ്റ്ററച്ചനു സാധിച്ചു. ഹൈസ്ക്കൂളിലേ ഒരു വാർഷികോത്സവത്തിൽ ആദ്ധ്യക്ഷംവഹിക്കുവാൻ ഹാജരായ അവസരത്തിൽ സമീപവാസികളായ യാക്കോബായ വൈദികരുടേയും ജനപ്രമുഖന്മാരുടേയും സ്നേഹവിശ്വാസാദരങ്ങൾ ഫാദർ കച്ചിറമറ്റം ആർജ്ജിച്ചിരുന്നുവെന്ന് ഈ എഴുത്തുകാരനു മനസ്സിലാക്കുവാൻ കഴിഞ്ഞു.

മാർ സെവേറിയോസ് തിരുമേനിയുടെ നയവൈശാരദ്യഫലമായി സമ്പാദിച്ച ഇരുവെള്ളിപ്ര സെന്റ്. തോമസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിട്ടായിരുന്നു ഫാദർ ജോണിന്റെ അനന്തര നിയമനം. 1949 മുതൽ 56

www.malankaralibrary.com

വരെയുള്ള ആ കാലഘട്ടത്തിൽ ഭരണകർത്താക്കളുടേയും ഭരണീയരുടേയും സഹപ്രവർത്തകരുടേയും സമസ്ത സഹജീവികളുടേയും സന്തോഷവും സംതൃപ്തിയും കൈവരിച്ചുകൊണ്ടായിരുന്നു ഫാദർ ജോൺ കൃത്യനിർവ്വഹണം ചെയ്തത്. ഇതിനിടയിൽ ഏതാനും മാസക്കാലത്തേക്ക് തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ ഭരണഭാരം വഹിക്കുകയും ചെയ്തു. അനദ്ധ്യായ ദിവസങ്ങളിൽ തിരുവല്ലായ്ക്കും ഇരുവള്ളിപ്രായ്ക്കും സമീപമുള്ള ഒട്ടധികം മിഷൻകേന്ദ്രങ്ങൾ സന്ദർശിച്ച്, അവയിൽ 'ലീജിയൻ ഓഫ് മേരി' എന്ന ഭക്തസംഘടനയുടെ സദാചാരനിഷ്ടയിലും പരസ്നേഹ പ്രവർത്തനങ്ങളിലും ഉന്നമിപ്പിക്കുക ഫാദർ ജോൺ സ്വയം സ്വീകരിച്ച ഒരു കൃത്യമായിരുന്നു. സംഘടനോദ്യമങ്ങൾക്കാവശ്യമായ പര്യടനം ചവിട്ടു വണ്ടിയിലും കാൽനടയായും നടത്തിയതിനാലും അവിശ്രമം പ്രവർത്തന നിരതനായിരുന്നതിനാലും ജോണച്ചന്റെ അകാലനിര്യാണത്തിന് ഹേതുവായ രോഗത്തിന് അടിസ്ഥാനമിട്ടത് ഇരുവെള്ളപ്ര വെച്ചായിരുന്നു എന്നൊരു പക്ഷമുണ്ട്. രൂപതാ അഡ്മിനിസ്ട്രേറ്ററായിരുന്ന കാലത്തുപോലും തിരുവല്ലായിലെ മെത്രാൻ മന്ദിരത്തിൽനിന്നും ഇരുവെള്ളപ്രയ്ക്കും, മടങ്ങി മെത്രാൻ മന്ദിരത്തിലേക്കും അനുദിനം ചെയ്യേണ്ടിയിരുന്ന യാത്ര മോൺസിഞ്ഞോർ കച്ചിറമറ്റം സൈക്കിൾ ചവുട്ടി നിർവ്വഹിച്ചിരുന്നുവെന്നുള്ളത് അദ്ദേഹത്തിന്റെ വിനയാതിരേകത്തിന് ഒരുത്തമ തെളിവായി ഉന്നയിക്കപ്പെടുന്നുണ്ട്. ഇരുവെള്ളിപ്ര വെച്ച് മോൺസിഞ്ഞോർ അവർകളുടെ ആതിഥ്യം ഒന്നിലധികം പ്രാവശ്യം സ്വീകരിക്കുവാൻ ഭാഗധേയം ഉണ്ടായ എനിക്ക് അദ്ദേഹം പേറിക്കൊണ്ടിരിക്കുന്ന ക്ലേശഭാരം നേരിട്ടറിയുവാൻ സാധിച്ചിട്ടുണ്ട്. മല്ലപ്പള്ളിക്കു സമീപം ആനിക്കാട്ട് സെന്റ്. മേരീസ് ഹെഡ്മാസ്റ്ററും സ്ഥലം വികാരിയുമായി ജോലി നോക്കിയിരുന്ന അവസരത്തിലാണ് രോഗവും ക്ഷീണവും മോൺസിഞ്ഞോറിനെ അത്യധികം അലട്ടിയത്. എങ്കിലും കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വിശ്വസ്ത സേവകനായിരുന്ന അദ്ദേഹം വിശ്രമം കൊതിച്ചില്ല. ആനിക്കാട്ടേ ഒരു വാർഷികാഘോഷത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന് അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ച ഞാൻ അവിടെ ചെല്ലുകയും ഒരു ദിവസം അദ്ദേഹത്തോടുകൂടി സസന്തോഷം കഴിക്കുകയും ചെയ്തു. ആ അവസരത്തിലും രോഗവും ക്ഷീണവും വിഗണിച്ചുള്ള അദ്ദേഹത്തിന്റെ സേവനസന്നദ്ധത ആർക്കും പ്രസ്പഷ്ടമായി ഗ്രഹിക്കാമായിരുന്നു.

ഇതിനിടയിൽ റോമ്മായിൽ നിന്നുള്ള ബിരുദലബ്ധിയിൽ കേരളീയരിൽ പ്രഥമനും തന്റെ മുൻഗാമിയുമായ കരിയാറ്റിൽ മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവായിൽ നിന്ന് കേരളത്തിൽ കൊണ്ടുവന്ന് യഥാർഹം സ്ഥാപിക്കുന്നതിന് കത്തോലിക്കാ കോൺഗ്രസ്സ് തിരഞ്ഞെടുത്ത കമ്മിറ്റിയുടെ കൺവീനറായി. ആ ഉദ്യോഗ വശാൽ ഡൽഹിയിലേയും ഗോവായിലേയും ഗവൺമെന്റാധികാരികളിൽ

www.malankaralibrary.com

നിന്നും ഗോവാ പാത്രീയാക്കീസിൽ നിന്നും ആവശ്യമായ അനുമതി സമ്പാദിപ്പാനും കേരളത്തിലെ അഭവന്ദ്യമേൽപാട്ടക്കാരെ സമീപിച്ചു മേൽനടപ്പടി ത്വരിതപ്പെടുത്താനും അദ്ദേഹം വളരെ ബുദ്ധിമുട്ടേണ്ടി വന്നു. കമ്മിറ്റിയിലെ ഒരു അംഗവും കരിയാറ്റി സ്മാരകഗ്രന്ഥ നിർമ്മാണക്കമ്മിറ്റിയുടെ കൺവീനറും എന്ന നിലയിൽ മോൺസിഞ്ഞോറും ഈ എഴുത്തുകാരനും തമ്മിൽ പലപ്രാവശ്യം അഭിമുഖസംഭാഷണത്താലും കത്തുകൾ മൂലവും ആശയ വിനിമയം ചെയ്യാറുണ്ടായിരുന്നു. അപ്പോഴൊക്കെ മോൺസിഞ്ഞോറുടെ രോഗസ്ഥിതി സംഭാഷണവിഷയമാകാറുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ സേവനസന്നദ്ധതയ്ക്കും യാതൊരു കോട്ടവും തട്ടിയിരുന്നില്ല. തിരുവനന്ത പുരത്തേ ചികിത്സ കഴിഞ്ഞ് രോഗത്തിന് താല്കാലികമായ ശമനം ലഭിച്ചു തിരുവല്ലായിൽ മടങ്ങിവന്നു മേരിഗിരി അരമനയിൽ വിശ്രമിക്കുന്ന അവസരത്തിലും അദ്ദേഹം സേവനോത്സുകനായിരുന്നു. അതുകൊണ്ടാണ് പിറവത്തിന് സമീപം വെളിയനാടു സെന്റ്. പോൾസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി 1958 ജൂൺ മാസത്തിൽ അദ്ദേഹം നിയമിതനായത്. പക്ഷേ, ആ ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ വർദ്ധമാനമായ അനാരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ല. സർവ്വത്തിന്റേയും ഉടയവൻ"എന്നോടുകൂടി ആനന്ദിക്കുക" (Luke 15-9) എന്ന് അദ്ദേഹത്തോടാജ്ഞാപിച്ചു. അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായ ചരമവാർത്ത കേരളത്തെ ഒട്ടാകെ ഞെട്ടിച്ചു. "എന്നാൽ ധൈര്യമവലംബിക്കുക, ഞാൻ ലോകത്തെ പരാജിതമാക്കി" (John 16,33) എന്നത്രേ അദ്ദേഹം നമുക്കു നല്കുന്ന ആശ്വാസവാക്യം.

മൂന്നാഴ്ചയ്ക്കു മുമ്പ് തിരുവല്ലായിലേ ചെറുപുഷ്പ ആശുപത്രിയിൽ രോഗാവസ്ഥയിൽ കഴിഞ്ഞ റവ. ഡോ. ജോസഫ് ഏറ്റുമാനൂർക്കാരൻ അവർകളെ ഞാൻ സന്ദർശിക്കുകയുണ്ടായി. ഞങ്ങൾ പരേതനായ മോൺ. ജോൺ കച്ചിറമറ്റത്തെപ്പറ്റി ധാരാളം സംസാരിച്ചു. "വേദന ദുസ്സഹമായി തോന്നുമ്പോൾ ഞാൻ മോൺ.കച്ചിറമറ്റത്തോടു പ്രാർത്ഥിക്കാറുണ്ട്. പെട്ടെന്ന് ആശ്വാസം ലഭിക്കുകയാണ് എന്റെ അനുഭവം'' എന്നദ്ദേഹം എന്നെ അറിയിച്ചു. മോൺസിഞ്ഞോറിന്റെ വേറൊരു സതീർത്ഥ്യനും സഹപ്രവർത്തകനുമായിരുന്ന മോൺ. മാത്യു നെടുങ്ങാട്ട് അവർകൾ മോൺ, കച്ചിറമറ്റത്തിന്റെ ചരമാനന്തരം ചില ഇംഗ്ലീഷ് പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനം അപ്പോൾ എന്റെ ഓർമ്മയിൽ വന്നു. മോൺ. കച്ചിറമററത്തിനു വേണ്ടിയല്ല, മോൺ. കച്ചിറമറ്റത്തോടു നാം പ്രാർത്ഥിക്കണമെന്നായിരുന്നു ലേഖനത്തിലെ സമർത്ഥനം. ഇങ്ങനെ ആശുപ്രാപ്യനായ ഒരു മദ്ധ്യസ്ഥൻ സ്വർഗ്ഗത്തിൽ ലഭിച്ചതിനേപ്പററി നമുക്ക് ആനന്ദിക്കാം. രാമപുരമേ, അകമഴിഞ്ഞ അഭിനന്ദനം.

www.malankaralibrary.com

# ഞങ്ങളുടെ "സിഞ്ഞോർ കച്ചിറ"

## ഡോ. സി.റ്റി. കൊട്ടാരം

ഓരോ ദേശക്കാർക്കും അവരവരുടേതായ ചില പ്രത്യേകതകളുണ്ട്. അവയിൽ ചിലത് അഭിനന്ദനീയങ്ങളാണങ്കിൽ മറ്റു ചിലത് അങ്ങനെ അല്ലെന്നുവരും. രാമപുരംകാർക്കുമുണ്ട് അവരുടേതായ ചില പ്രത്യേകതകൾ. വേണ്ടത് വേണ്ടസമയത്തു വേണ്ടതുപോലെ ചെയ്യുകയെന്നത് രാമപുരംകാരുടെ അഭിനന്ദനീയമായ ഒരു പ്രത്യേകതയാണ്. തങ്ങളുടെ ദേശത്തിന്റെ അഭിമാന പാത്രമായി വിരാജിച്ചിരുന്ന മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റം അവർകളുടെ ചരമവാർഷികം പ്രമാണിച്ച് രാമപുരംകാർ ഒരു സ്മാരക പ്രസിദ്ധീകരണം പുറപ്പെടുവിക്കുവാൻ പോകുന്നുവെന്നു കേട്ടപ്പോൾ എനിക്കുണ്ടായ പ്രഥമ ചിന്ത വേണ്ടത് വേണ്ടസമയത്ത് അവർ ചെയ്യുന്നല്ലോ എന്നായിരുന്നു. അത് വേണ്ടതുപോലെ ചെയ്യുമെന്നു ഞാൻ പ്രതീക്ഷി ക്കുന്നു.

ദിവംഗതനായ മോൺസിഞ്ഞോർ കച്ചിറമറ്റം എന്റെ ഒരു പ്രേഷ്ഠ സുഹൃത്തായിരുന്നു. 1932-ൽ വൈദിക വിദ്യാഭ്യാസം ആരംഭിച്ചതു പൂർത്തിയാക്കുവാനായി അദ്ദേഹവും, മംഗലപ്പുഴയിൽ വച്ച് ആരംഭിച്ചതു പൂർത്തിയാക്കുവാനായി ഞാനും നിത്യനഗരമായ റോമ്മായിലേക്കു കൊളംബിയയിൽ നിന്നും കപ്പൽയാത്ര ആരംഭിച്ച വേളയിലാണ് ഞങ്ങൾ തമ്മിൽ ആദ്യമായി കൂട്ടിമുട്ടിയതും സുഹൃത്തുക്കളായിത്തീർന്നതും. റോമായിൽവച്ച് ഞങ്ങളുടെ മൈത്രീബന്ധം സുദൃഢമാകുകയും, വ്യത്യസ്തമായ സമയങ്ങളിലാണെങ്കിലും ഞങ്ങൾ ഇരുവരും നാട്ടിൽ മടങ്ങിയെത്തിയ ശേഷം അതു അഭംഗുരുമായി തുടരുകയും, അദ്ദേഹത്തിന്റെ ശവകുടീരംവരെ അതു നീണ്ടു നില്ക്കുകയും ചെയ്തു. മോൺസിഞ്ഞോരുടെ അകാലനിര്യാണവാർത്ത എന്നെ എത്രമാത്രം വ്യാകുലചിത്തനാക്കിയെന്ന വാക്കുകളിൽ പ്രകാശിപ്പിക്കുക സാദ്ധ്യമല്ല. തന്റെ ദേഹവിയോഗത്തിന് ഏതാനും ആഴ്ചകൾക്കു മുമ്പ് തിരുവനന്തപുരം ജനറലാശുപത്രിയിൽ നിന്നും തനിക്കയച്ച ഒരു കത്തിൽ നിന്നും മരണം വിദൂരത്തിലല്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നതായി എനിക്കു മനസ്സിലായി. താല്കാലികമായുണ്ടായ രോഗശമനത്തോടെ അദ്ദേഹം തിരുവല്ലായിൽ മടങ്ങിയെത്തി. തിരുവല്ലാ മെത്രാസന മന്ദിരത്തിൽ ചെന്ന് ഞാൻ അദ്ദേഹത്തെ സന്ദർശിച്ചവേളയിൽ എന്നോടദ്ദേഹം പറയുകയുണ്ടായി "പ്രൊപ്പഗാന്താക്കാരുടെ അടുത്ത സമ്മേളനത്തിൽ ഞാൻ സംബന്ധിച്ചെന്നു വരികയില്ലാ,'' എന്ന്. പ്രൊപ്പഗന്താക്കാരുടെ പതിവനുസരിച്ചുള്ള വാർഷികസമ്മേളനം കോട്ടയം തിരുഹൃദയക്കുന്നിൽ

www.malankaralibrary.com

ഞാൻ വിളിച്ചുകൂട്ടി. ബ.പിട്ടാപ്പിള്ളിലച്ചന്റേയും ബ.വെള്ളനാലച്ചന്റേയും പൗരോഹിത്യരജതജൂബിലിയും അവിടെവെച്ചു ഞങ്ങൾ ആഘോഷിച്ചു. എന്നാൽ സന്തോഷത്തിന്റെ രഷ്മികളുടെയിടയിൽ കാർമേഘപടലങ്ങൾ പരത്തിയ മ്ലാനത ആ സമ്മേളനത്തിൽ സർവത്ര ദൃശ്യമായിരുന്നു. ഞങ്ങളുടെ സ്നേഹ പാത്രമായിരുന്ന മോൺസിഞ്ഞോരുടെ അഭാവം ഞങ്ങളെ വല്ലാതെ സ്പർശിച്ചു. അദ്ദേഹത്തിനുവേണ്ടി ഞങ്ങൾ മരിച്ചവർക്കുവേണ്ടിയുള്ള റാസയും ഒപ്പീസും നടത്തി. ജൂബിലി സമ്മേളനത്തോടു ചേർന്ന് ഒരു അനുശോചന സമ്മേളനവും നടന്നു. പരേതനായ മോൺസിഞ്ഞോരുടെ ഗുണവിശേഷങ്ങളെപ്പറ്റി സ്വാനുഭവങ്ങളെ അടിസ്ഥാനമാക്കി പ്രസംഗിക്കുവാനും, അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഖേദം പ്രകടിപ്പിക്കുവാനും അഹമഹമികയാ ഓരോരുത്തർ മുമ്പോട്ടുവന്ന രംഗം അവിസ്മരണീയമാണ്.

റോമിലെ പ്രൊപ്പഗാന്താ കോളേജിൽ അമ്പതിലധികം വിവിധ രാജ്യങ്ങളിൽ നിന്നു വന്ന മുന്നൂറോളം വൈദിക വിദ്യാർത്ഥികളും ഒരുമിച്ചാണ് ഞങ്ങൾ ഏതാനും വർഷക്കാലം അവിടെ താമസിച്ചതും പഠിച്ചതും. “സർവരാജ്യസഖ്യം” യഥാർത്ഥമായി ദർശിക്കാവുന്ന ഒരു കലാലയമാണ് പ്രൊപ്പഗാന്ത. ഇന്ത്യാക്കാർക്ക് പൊതുവിലും, മലയാളികൾക്കു പ്രത്യേകിച്ചും സംഘടനകൾ അവിടെ ഉണ്ട്. ആ സംഘടനകളുമായി ഔദ്യോഗികമായി ബന്ധപ്പെട്ടാണ് ഞാൻ കഴിഞ്ഞത്. അക്കാലത്ത് സിഞ്ഞോർ “കച്ചിറ” (അങ്ങനെയാണു ഞങ്ങൾ അദ്ദേഹത്തെ അന്നു വിളിച്ചിരുന്നത്. എല്ലാവരും “സിഞ്ഞോരച്ചനാണ്” അവിടെ) എനിക്ക് ഒരു താങ്ങും തണലുമായിരുന്നു. പ്രധാനപ്പെട്ട എല്ലാകാര്യങ്ങളും ഞാൻ അദ്ദേഹവുമായി ആലോചിച്ചാണു സാധാരണ ചെയ്തിരുന്നത്. വിശ്വസിക്കുവാനും ആലോചിക്കുവാനും കൊള്ളാവുന്ന ഒരാളായിരുന്നുതാനും അദ്ദേഹം. കവിയുടെ വാക്കുകളിൽ പറഞ്ഞാൽ അദ്ദേഹം തന്റെ “ഒരു സ്നേഹിതനും, തത്വശാസ്ത്രജ്ഞനും, മാർഗ്ഗദർശിയും” (Friend, Philosepher and Guide) ആയിരുന്നു. നാട്ടിൽ മടങ്ങിയെത്തിയശേഷം ഈ നിലയിൽതന്നെയാണ് അദ്ദേഹം തന്നോടുവർത്തിച്ചിരുന്നത്. തന്നിമിത്തം പരേതനോടു തനിക്കുള്ള കടപ്പാട് അതിരറ്റതാണ്. അദ്ദേഹത്തിന്റെ വേർപാടു എനിക്കു അപരിഹാര്യമായ ഒരു നഷ്ടവുമത്രേ. ഈ വസ്തുത പരസ്യമായി പ്രസ്താവിക്കുവാനും പരേതനെ സ്നേഹപൂർവ്വം അനുസ്മരിക്കുവാനും ഒരവസരം എന്നെ ക്ഷണിച്ചു നല്കിയതിൽ ഞാൻ ഈ സ്മാരക പ്രസിദ്ധീകരണക്കമ്മിറ്റിക്കാരോടു പൊതുവിലും, അതിന്റെ കൺവീനറും എന്റെ സഹപാഠിയും സുഹൃത്തുമായ ശ്രീ.കെ. കാര്യാക്കോസിനോടു പ്രത്യേകിച്ചും കൃതജ്ഞതയുള്ളവനാണ്. മോൺസിഞ്ഞോരുടെ പാവനസ്മരണക്കു നമസ്ക്കാരം ! അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കുമാറാകട്ടെ. !!

www.malankaralibrary.com

# ഒരനുസ്മരണ

## റവ.ഫാ. ഫിലിപ്പ് ഇരട്ടമാക്കീൽ, ബി.എ.ബി.റ്റി.

ബഹുമാനപ്പെട്ട മോൺസിഞ്ഞോർ കച്ചിറമറ്റത്തിൽ ജോണച്ചൻ സ്വർഗ്ഗീയസമ്മാനം നേടുന്നതിനായി സ്രഷ്ടാവിന്റെ തിരുസന്നിധിയിലേക്കു പുറപ്പെട്ടിട്ടു വർഷം രണ്ടുകഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ പാവനചരിതനായ ആ പുരോഹിതവരേണ്യനെക്കുറിച്ചുള്ള ഓർമ്മകൾ എന്റെ മനസ്സിൽ ഉയർന്നുവരികയാണ്.

ബ.ജോണച്ചനുമായി ഏറ്റവും അടുത്ത സുഹൃദ്ബന്ധം പുലർത്തിപ്പോന്ന എനിക്ക് അദ്ദേഹത്തിന്റെ അന്ത്യനിമിഷങ്ങളിൽ ആ മരണശയ്യയ്ക്കരികെ നില്ക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. മരണം അത്യാസന്നമാണെന്നുള്ള വാർത്ത തിരുവല്ലായിൽ ലഭിച്ച ഉടൻതന്നെ ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കു പുറപ്പെട്ടു. എന്നാൽ എന്റെ ദൗർഭാഗ്യത്തെപ്പറ്റി എന്തുപറയട്ടെ ! ഞാൻ തിരുവനന്തപുരത്തെത്തിയപ്പോഴാണ് ഹൃദയഭേദകമായ ആ സംഭവം അറിഞ്ഞത് ! അദ്ദേഹം തലേരാത്രിയിൽ ദിവംഗതനായി !! മൃതദേഹം രാത്രിയിൽ തന്നെ തിരുവല്ലായിലേക്കു കൊണ്ടുപോകുകയും ചെയ്തു. ഉടൻ ഞാൻ തിരുവല്ലായ്ക്കു മടങ്ങി. തിരുവല്ലായിൽ എത്തിയപ്പോഴേക്കും മൃതശരീരം രാമപുരത്തേക്കുകൊണ്ടു പോയ്കഴിഞ്ഞിരിന്നു. ഞാൻ രാമപുരത്തേക്കു തിരിച്ചു. ഞാൻ, പുരാതനവും മനോഹരവുമായ രാമപുരം സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിന്റെ കവാടങ്ങളിലെത്തിയപ്പോൾ ബ.അച്ചന്റെ ശവമഞ്ചം കല്ലറയിലേക്ക് ഇറങ്ങിക്കഴിഞ്ഞു !! സ്നേഹസമ്പന്നനും പുണ്യശ്ലോകനുമായ ആ സഹോദരവൈദികന്റെ വേർപാടിനാലുള്ള ദുഃഖം ഇന്നും എന്റെ ഹൃദയത്തെ തപിപ്പിക്കുന്നു.

ഉദ്ദേശം പതിനെട്ടുകൊല്ലക്കാലം അഭംഗം നിലനിന്ന സ്നേഹബന്ധമായിരുന്നു ഞങ്ങൾക്കുണ്ടായിരു ന്നത്. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഭരണീയനായും വിദ്യാഭ്യാസരംഗത്ത് സഹചാരിയായും വൈദികജീവിതത്തിൽ സഹപ്രവർത്തകനായും ആദ്ധ്യാത്മികമണ്ഡലത്തിൽ ഏതാനും കാലം ആത്മനീയന്താവായും എനിക്ക് അദ്ദേഹത്തോട് അടുത്തിടപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ സ്നേഹവും സഹകരണവും ദിനംതോറും വർദ്ധിച്ചു വന്നിട്ടേയുള്ളു. ക്ഷിപ്രകോപിയായ എനിക്ക് അദ്ദേഹത്തിന്റെ ശാന്തപ്രകൃതവുമായി

www.malankaralibrary.com

യോജിച്ചുപോകുന്നതിന് ഒരിക്കലും പ്രയാസം തോന്നിയിട്ടില്ല. പ്രസ്തുത അദ്ദേഹത്തിന്റെ ശാന്തതയും ത്യാഗവും പ്രേഷിത ചൈതന്യവും എനിക്ക് ആത്മ പ്രചോദനമായിത്തീരുക യാണു ചെയ്തത്.

സാധുജനസ്നേഹവും ദീനാനുകമ്പയും മോൺസീഞ്ഞോർ ജോണച്ചന്റെ സവിശേഷ ഗുണങ്ങളായിരുന്നു. റോഡുവക്കിലും ബസ്സ് സ്റ്റാന്റുകളിലും വണ്ടികാത്തുനില്കേണ്ടിവരുന്ന അവസരങ്ങളിൽ യാചകർ പ്രത്യാശയോടുകൂടി പുരോഹിതന്മാരെ സമീപിക്കാതിരിക്കയില്ലെന്ന് അറിയാമായിരുന്നതുകൊണ്ട് എവിടെയെങ്കിലും പോകുന്ന അവസരങ്ങളിൽ അദ്ദേഹം കുറെ ചില്ലറനാണയങ്ങൾകൂടി കൊണ്ടുപോവുക പതിവായിരുന്നു. പ്രതീക്ഷാപൂർവ്വം നീട്ടുന്ന ആ കരങ്ങൾ വൃഥാ പിൻവലിക്കുവാൻ അദ്ദേഹം ഒരിക്കലും ഇടയാക്കിയിട്ടില്ല. ദാരിദ്രവും ഇതര ജീവിത ക്ലേശങ്ങളും അനുഭവിച്ചുപോന്ന പല വ്യക്തികളും അദ്ദേഹത്തെ സമീപിക്കുകയും സംതൃപ്തിയോടെ മടങ്ങുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പിതൃസഹജമായ ലാളനയിലും സ്നേഹസമ്പന്നമായ ശിക്ഷണത്തിലും ശിക്ഷണവിധേയമായ ജീവിതനിഷ്ടയിലും വളർന്നുവന്ന ഒരു ബാലൻ ഇപ്പോൾ സന്യാസവൈദിക വിദ്യാർത്ഥിയായി പൂനാ പേപ്പൽ സെമ്മിനാരിയിൽ അഭ്യസനം നടത്തിക്കൊണ്ടിരിക്കുന്നു. സാമാന്യവിദ്യാഭ്യാസത്തിനുശേഷം തൊഴിൽരഹിതരായി കഷ്ടപ്പെട്ടു ജീവിച്ചു പോന്ന പല യുവാക്കന്മാരും യുവതികളും ബ.ജോണച്ചന്റെ പരിശ്രമഫലമായി അദ്ധ്യാപന ജോലിയിലും പ്രേഷിതവൃത്തിയിലും പ്രവേശിച്ചിട്ടുണ്ട്. സാധുക്കളെ സഹായിക്കുന്നതിനും രോഗികളെ ശുശ്രൂഷിക്കുന്നതിനും അശരണരെ ആശ്വസിപ്പിക്കുന്നതിനും ആനുകൂല്യം അർഹിക്കുന്നവരെ തിരിച്ചറിയുന്നതിനും അദ്ദേഹത്തിനൊട്ടും പ്രയാസമുണ്ടായിരുന്നില്ല.

ഏകദേശം എട്ടുസംവത്സരങ്ങൾക്കു മുമ്പ് ബ. അച്ചൻ ഇരുവള്ളിപ്രാ സെന്റ്.തോമസ് ഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്ററുമായി സേവനം അനുഷ്ടിച്ചുക്കൊണ്ടിരിക്കുമ്പോൾ, ഒരു ദിവസം സ്ക്കൂളിനടുത്തുള്ള ഹൈന്ദവ ക്ഷേത്രത്തിലെ ഉത്സവം വളരെ മോടിയായി നടക്കുകയായിരുന്നു. സൈക്കിൾ യാത്രയ്ക്കുശേഷം സന്ധ്യയോടുകൂടി, ക്ഷേത്രത്തിനടുത്തുള്ള റോഡിൽകൂടി സൈക്കിളും തള്ളിക്കൊണ്ട്, തൊപ്പി കൈത്തണ്ടിനടിയിൽ ഒതുക്കിപ്പിടിച്ച് സ്ക്കൂളിലേയ്ക്കു മടങ്ങവേ, അവിവേകിയും മദ്യപാനിയു മായ ഒരു ഹൈന്ദവയുവാവ് ബ. അച്ചനെ ചീത്തപറയുകയും അദ്ദേഹത്തിന്റെ തൊപ്പി തട്ടിത്തെറിപ്പിക്കുകയും ചെയ്തു. എന്നാൽ ചില ഹൈന്ദവമാന്യന്മാർ ഉപദേശിച്ചതനുസരിച്ച് പ്രസ്തുത മദ്യപാനി തൊപ്പിയെടുത്ത് അച്ചനു കൊടുത്തു. പക്ഷേ, ഈ സംഭവത്തിന്റെ ധ്വനി പരിസരങ്ങളിൽ പെട്ടെന്നു വ്യാപിക്കുകയും ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരു സംഘം ക്രിസ്തീയ സഹോദരന്മാർ പ്രതിഷേധശബ്ദവുമായി സംഭവസ്ഥലത്തു ഓടിക്കൂടുകയും

www.malankaralibrary.com

ചെയ്തു. ഒരു വർഗ്ഗീയ കലാപം ഉണ്ടാകുമെന്നു ഉത്സവം അലങ്കോല പ്പെടുമെന്നും എല്ലാവരും ഭയപ്പെട്ടു. എന്നാൽ ശാന്തചിത്തനായ ബ.അച്ച നാകട്ടെ, കാര്യങ്ങൾ ശാന്തമായി പര്യാലോചിച്ച് പിറ്റേദിവസം പരിഹാര മുണ്ടാക്കാമെന്ന് ഉറപ്പുപറഞ്ഞ് പ്രക്ഷുബ്ധമായ ഈ ജനക്കൂട്ടത്തെ പിരിച്ച യയ്ക്കുകയാണുണ്ടായത്. നാനാജാതി മതസ്ഥരുടെ ഒരു മഹായോഗം പിറ്റേ ദിവസം സ്ക്കൂൾ അങ്കണത്തിൽ വച്ച നടത്തുകയും, അപമര്യാദയായി പ്രവർ ത്തിച്ച മനുഷ്യൻ പ്രസ്തുത യോഗത്തിൽ പരസ്യമായി ക്ഷമാപണം ചെയ്യു കയും ചെയ്തു. അങ്ങനെ കത്തിജ്ജ്വലിക്കാൻ തുടങ്ങിയ വിദ്വേഷവഹ്നി കെട്ടടങ്ങി, സമുദായസൗഹാർദ്ദം സുദൃഢമായി.

സ്നേഹം, ത്യാഗം, ആർജ്ജവം ആദിയായ വിശിഷ്ടഗുണങ്ങൾ സമുദ്ധമായി വളർന്നിട്ടുള്ള വിമലവും വിശാലവുമായ ഒരു ഹൃദയമായിരുന്നു ബ. മോൺ.ജോണച്ചനുണ്ടായിരുന്നത്. ഇന്ന് അദ്ദേഹം സ്വർഗ്ഗത്തിലിരുന്ന് തന്റെ പ്രേഷിതരംഗമായ തിരുവല്ലാ രൂപതയെ അനുഗ്രഹിക്കുന്നുണ്ടെന്നു വിശ്വസിക്കാം.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി

**ബിഷപ് ഹൗസ്, തലശ്ശേരി**

ഒരു വിദ്യാഭ്യാസപ്രവർത്തകൻ എന്നുള്ള നിലയിലും പുനരൈക്യപ്രസ്ഥാന ത്തിന്റെ സജീവമായ ഒരു പങ്കു നിർവഹിച്ചിരുന്ന ആൾ എന്ന നിലയിലും എല്ലാറ്റിനു മപരി ഒരു ഉത്തമവൈദികൻ എന്ന നിലയിലും അദ്ദേഹം കേരളീയ കത്തോലി ക്കർക്കെല്ലാം പ്രിയപ്പെട്ടവനായിരുന്നു. അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വേർപാട് നമു ക്കേവർക്കും ഹൃദയഭേദകമായിരുന്നു.

## മാർ സെബാസ്റ്റ്യൻ വയലിൽ

**ബിഷപ് ഹൗസ്, പാലാ**

പരേതനായ മോൺ. ജോൺ കച്ചിറമറ്റം അവർകളോട് സുദീർഘവും സദൃഢ വുമായ ഒരു സ്നേഹബന്ധമാണ് എനിക്കുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ പ്രഥമ ചര മവാർഷികം ആചരിക്കുവാൻ പോകുന്ന ഈ സന്ദർഭത്തിൽ കുളുർമ്മയുള്ള ഒരു ഹൃദയ ത്തോടുകൂടി ഞാൻ ആ വന്ദ്യദേഹത്തെ സ്മരിക്കുകയാണ്. മോൺസിഞ്ഞോർ കച്ചിറ മറ്റം ആത്മാർത്ഥത നിറഞ്ഞ ഒരു സുഹൃത്തും ആദർശനിഷ്ഠയുള്ള ഒരു വൈദികനുമാ യിരുന്നു. തന്റെ പ്രവർത്തനരംഗത്ത് നിശബ്ദവും പ്രശാന്തവുമായ സേവനം അദ്ദേഹം അനുഷ്ഠിച്ചുപോന്നു. സ്വാർത്ഥം വെടിഞ്ഞു വേല ചെയ്തിരുന്ന അദ്ദേഹത്തിനു ബഹു ജനങ്ങളുടെ സ്നേഹാദരങ്ങൾ നിർല്ലോഭം ലഭിച്ചിരുന്നു.

www.malankaralibrary.com

# മോൺ ജോൺ കച്ചിറമറ്റം

**(ഫാ.ജേക്കബ്ബ് വെള്ളരിങ്ങാട്ട്)**

വെ.റവ. മോൺ ജോൺ കച്ചിറമറ്റത്തിന്റെ അകാല നിര്യാണവാർത്ത, ഒരു ശിഷ്യന്റെ, ഒരു പുത്രന്റെ, ഒരു അനന്തിരവന്റെ മരണവാർത്ത എപ്രകാരം ഒരു പിതാവിനെ, ഒരു ഗുരുവിനെ, ഒരു കാരണവരെ ദുഃഖാബ്ധിയിൽ ആഴ്ത്തുന്നുവോ, അതേവിധവും അതിലധികവും എന്നെ സന്താപസിന്ധുവിൽ പതിപ്പിച്ചു. "അന്യഥാ ചിന്തിതം കാര്യം, ദൈവം അന്യത്ര ചിന്തയേൽ" അലംഘനീയവും സമാരാദ്ധ്യവും അനന്ത സ്നേഹനിർഭരവുമായ ദൈവ ചിത്തത്തിനു നമ്രശിരസ്ക്കരനായി സാന്ത്വനപ്പെടുകയല്ലാതെ മറ്റെന്താണ് നമ്മാൽ കരണീയം.

എന്റെ ഒരാത്മീയസ്നേഹതനയനും വത്സലശിഷ്യനും ആയിരുന്ന മോൺസിഞ്ഞോറിന്റെ മരണം എന്നെ മുമ്മടങ്ങ് സന്തപ്തനാക്കിയതോടൊപ്പം, വിവിധപൂർവ്വസ്മരണകളാൽ നിറയ്ക്കുകയുമുണ്ടായി. ഒരാളുടെ ജീവിതത്തിന്റെ വില നിർണ്ണയിക്കുന്നത് എത്ര ദീർഘനാൾ ജീവിച്ചുവെന്നതിനേക്കാൾ ജീവിച്ചത് എങ്ങനെ ജീവിച്ചുവെന്നുള്ള മാനദണ്ഡമാക്കിയാണല്ലോ. താരതമ്യേന അദ്ദേഹത്തിന്റെ പ്രേഷിതവൈദിക ജീവിതം അത്ര ഹ്റസ്വമല്ലായിരുന്നുവെങ്കിലും, ദൈവം സകരുണം നല്കിയ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ദീർഘകാലത്തെ വേലപൂർത്തിയാക്കുകയും ദൈവത്തിനും മനുഷ്യർക്കും പ്രിയംകരനായി ഭവിക്കുകയും ചെയ്തു.

സുമാർ 28 വർഷം മുമ്പായിരുന്നു, തിരുവല്ലായിലേ മാർ തിയോഫിലോസ് തിരുമേനി അദ്ദേഹത്തിന്റെ രൂപതയ്ക്കുവേണ്ടി നിത്യനഗരമായ റോമ്മായിൽവിട്ടു പഠിപ്പിക്കുവാൻ തക്ക ബിരുദധാരികളായ രണ്ടു വൈദികാർത്ഥികളെ കണ്ടുപിടിച്ചുകൊടുക്കുവാൻ എന്നെ നിയോഗിച്ചത്. തദനുസരണം ലഭിച്ച ഒരു ബിരുദധാരി കോട്ടയം സെന്റ്.തോമസ് പെറ്റി സെമിമാരിയിലേ എന്റെ ഒരു പൂർവ്വശിഷ്യനായ ബ്രദർ ജോൺ കച്ചിറമറ്റം ബി.എ. ആയിരുന്നു. അദ്ദേഹത്തിന്റെ പെറ്റി സെമിനാരിയിലേ മാതൃകായോഗ്യമായ ജീവിതം, പ്രൊപ്പഗാന്താ കോളേജിലെ യഥാർത്ഥമായ പഠനം, യഥാകാലമുള്ള പട്ടാഭിഷേകം, തിരിച്ചെത്തിയ ശേഷമുള്ള പ്രശസ്തമായ അദ്ധ്യാപകവൃത്തി, മറ്റു വിവിധ നിലകളിൽ നിർവ്വഹിച്ച വേദപ്രചരണപരമായ വേലകൾ, മോൺസിഞ്ഞോർ സ്ഥാനലബ്ധി, അഡ്മി നിസ്ട്രേറ്ററായിട്ടുള്ള സ്തുത്യർഹഭരണം മുതലായി സംഭവബഹുലവും കർമ്മോന്മുഖവുമായ പ്രേഷിത ജോലി, പൊടുന്നനവേ ഉണ്ടായ ജീവിത സമാപനം ഇവയെല്ലാം

www.malankaralibrary.com

എന്റെ സ്മൃതിപഥത്തിൽ സജീവമായി ഉദിച്ചുവരികയാണ്.

താദൃശനായ ഒരു വൈദികസത്തമനെ ഇത്രയുമെങ്കിലും കാലത്തേക്ക് നല്കിയ ദൈവത്തേ സ്തുതിക്കുകയും, പരേതന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കുകയും ചെയ്യുന്നതിൽപരം അഭികാമ്യമായ സാന്ത്വനമോ അനുസ്മരണയോ വേറെയില്ലതന്നെ. ദൈവദത്തമായ പരിമിതവാസനകളാകുന്ന അമൂല്യ'തലേന്തു' കളെ അദ്ദേഹം അത്യതികം വിശ്വസ്തയോടും ചുമതലാബോധത്തോടും ആത്മാർത്ഥതയോടും കൂടെ കൈകാര്യം ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ ജീവിതവിജയരഹസ്യം. അധികാരവിധേയത്വം, സ്വാർത്ഥ പരിത്യാഗം, അത്യദ്ധ്വാനം, വിനിയം ഭക്തിമുതലായ ഗുണങ്ങളാൽ പരേതൻ സർവ്വജനപൂജിതനും സംപ്രീതനുമായിത്തീർന്നു. സുകൃതസമ്പന്നമായ അദ്ദേഹത്തിന്റെ ജീവിതം ഒരു മഹാചരിത്രം തന്നെ. ഏതൊരു അടിയന്തിരപ്രസ്ഥാനത്തിന്റെ ശീഘ്രവിജയത്തിനായി അദ്ദേഹം സ്വജീവിതം ഉഴിഞ്ഞുകൊടുത്തുവോ, ആ പുനരൈക്യസംരംഭത്തിന്റെ പൂർണ്ണസാഫല്യത്തിനായി പരേതൻ പരത്തിൽ നിന്നും പ്രാർത്ഥനയാൽ പരിശ്രമിക്കുമ്പോൾ, നമുക്കും ഇഹത്തിലിരുന്ന് ആ പ്രേഷിത ജോലിയിൽ സർവ്വാത്മനാ ചേർന്ന് സഹകരിക്കാം...........

അനന്തരവനെ മരിച്ചടക്കിയ ശേഷം ജീവിക്കേണ്ടിവരുന്ന കാരണവരുടെ ഹൃദയവ്യഥ ദുസ്സഹവും അവാച്യവുമാണെങ്കിലും സത്തമനായ പരേതന്റെ അനശ്വരഗുണപൌഷ്കത്തിലും അദ്ദേഹത്തെ മൃത്യുഞ്ജയനാക്കിയ ഈയുള്ളവരെ സമാശ്വസിപ്പിക്കുന്നു.............. പരമകാരുണികനായ സച്ചിദാനന്ദസ്വരൂപൻ തന്റെ വിശ്വസ്ത ദാസനെ നിത്യസൗഭാഗ്യത്തിൽ സ്വീകരിച്ചനുഗ്രഹിക്കുമാറാകട്ടെ.



മോൺ. ജോൺ കച്ചിറമറ്റത്തിന്റെ 50-ാം ചരമവാർഷിക സമ്മേളനം തിരുവല്ലാ അതിരൂപതാ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്യുന്നു. മുൻ ഗവർണർ എം.എം. ജേക്കബ്ബ്, കുഞ്ഞേട്ടൻ, പി.സി. എബ്രാഹം പല്ലാട്ടുകുന്നേൽ, ഷെവ. വർഗ്ഗീസ് കരിപ്പായിൽ തുടങ്ങിയവരെയും കാണാം.

www.malankaralibrary.com

# ഒരു സ്നേഹിതന്റെ അനുസ്മരണം

## ഫാദർ തോമസ് വടശ്ശേരി എൽ.ഡി.

ഒരു സ്നേഹിതനെന്ന നിലയിൽ വിദ്യാർത്ഥി ജീവിതത്തിലും വൈദിക ജീവിതത്തിലും പരേതനായ വെരി.റവ.മോൺ സിഞ്ഞോർ ജോൺ കച്ചിറമറ്റം അവർകളോടു എന്നെക്കാൾ ദീർഘകാലം അടുത്തു പരിചയിച്ചിട്ടുള്ള ഒരു വ്യക്തി കേരളത്തിൽ വേറെ ഉണ്ടെന്നുതോന്നുന്നില്ല. പാലാ സെന്റ്.തോമസ് ഇംഗ്ലീഷ് ഹൈസ്ക്കൂളിൽ ഫോർത്തുഫോറത്തിൽ തുടങ്ങി സിക്സ്ത്തു ഫോറം വരെ കെ.ജെ. ജോണും ഞാനും (വി.ജെ. തോമസ്) ഒരുമിച്ച് പഠിച്ചിരുന്നു. മൂന്നുകൊല്ലം പാലാ ഹൈസ്ക്കൂളിലെ ബോർഡിങ്ങിലാണു ഞങ്ങൾ താമസിച്ചിരുന്നത്. രണ്ടു ഡിവിഷനിലായി നൂറോളം വിദ്യാർത്ഥികൾ അന്ന് ആ ബോർഡിങ്ങിൽ ഉണ്ടായിരുന്നു. ഭരണങ്ങാനം, രാമപുരം, കുറവിലങ്ങാട്, കിടങ്ങൂർ, പൊൻകുന്നം, കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിലൊന്നും അന്നു ഹൈസ്ക്കൂൾ ഇല്ലാതിരുന്നതിനാൽ, ഈ സ്ഥലങ്ങളിൽ നിന്നെല്ലാമുള്ള വിദ്യാർത്ഥികൾ അന്നു ബോർഡിങ്ങിൽ ഉണ്ടായിരുന്നു. ചങ്ങനാശ്ശേരി സ്വദേശി ശ്രീമാൻ ഒ.സി. വറുഗീസ് എം.എ.,എൽ.റ്റി. ആയിരുന്നു അന്നു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ. പരേതനായ പെ.ബ.പ്ലാത്തോട്ടത്തിൽ കുരുവിളയച്ചൻ അന്നു ബോർഡിങ്ങു റെക്ടരും, ഇപ്പോൾ ഭരണങ്ങാനം പള്ളി വികാരിയായിരിക്കുന്ന പെ.ബ. കുഴുമ്പിൽ ദേവസ്യാച്ചൻ ബി.എ.വൈസ് റെക്ടരുമായിരുന്നു.

ബോർഡിങ്ങിൽ ചേർന്ന് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ബ. റെക്ടരച്ചന്റെ നിർദ്ദേശമനുസരിച്ച് ഞങ്ങൾ അഞ്ചെട്ടുപേർ കൽദായ കുർബ്ബാനയ്ക്കു കൂടുവാൻ പഠിച്ചു. അക്കൂട്ടത്തിൽ കെ.ജെ. ജോണും ഞാനും ഉൾപ്പെട്ടിരുന്നു. വി.കുർബ്ബാനയ്ക്കു കൂടിയിരുന്ന ഞങ്ങൾ അനുദിനം വി.കുർബ്ബാന സ്വീകരിക്കുവാനും തുടങ്ങി. അന്നു വി.കുർബ്ബാനയ്ക്കു കൂടി അനുദിനം വി.കുർബ്ബാന സ്വീകരിച്ചിരുന്ന ഞങ്ങളിൽ ഒന്നുരണ്ടു പേർ ഒഴികെ ബാക്കിയുള്ളവരെല്ലാം പിന്നീടു പട്ടക്കാരായിത്തീർന്നു. എന്നും വി.കുർബ്ബാന സ്വീകരിച്ചിരുന്ന ഞങ്ങളെ "പകൽ പുണ്യവാന്മാർ" എന്നുവിളിച്ചു അന്നത്തെ ചില ബോർഡിങ്ങു കുട്ടികൾ ആക്ഷേപിച്ചിരുന്നു. എങ്കിലും ഞങ്ങൾ ആക്ഷേപം വകവയ്ക്കാതെ അനുദിനം വി.കുർബ്ബാന സ്വീകരിച്ചിരുന്നു.

കെ.ജെ. ജോൺ സമയം വൃഥാകളയാതെ പഠനവിഷയങ്ങളിൽ വളരെ ശ്രദ്ധിച്ചിരുന്നതായി ഞാൻ ഓർക്കുന്നുണ്ട്. ഒടുവിൽ അദ്ദേഹം ഞങ്ങളുടെ പ്രീഫെക്റ്റും ആയിത്തീർന്നു. ബോർഡിംഗിലെ നിയമങ്ങൾ കർശനമായി

www.malankaralibrary.com

പാലിക്കുന്നതിൽ അദ്ദേഹം നിഷ്കർഷിച്ചിരുന്നു. വോളിബോൾ കളിയിൽ അദ്ദേഹം വിരുതനായിരുന്നു. അന്നു മെലിഞ്ഞു വളരെ പൊക്കം കൂടിയ ഒരാളായിരുന്നു അദ്ദേഹം (പട്ടക്കാരനായ ശേഷമാണ് പൊക്കത്തിനു അനു യോജ്യമായ വണ്ണം അദ്ദേഹത്തിനു ലഭിച്ചത്.) വോളിബോൾ നെറ്റിനുമീതെ ഉയർന്നുവന്നാൽ ചാടി വിജയകരമായി മിക്കപ്പോഴും അദ്ദേഹം "കട്ടു" ചെയ്തു കൂട്ടുകാരുടെ പ്രശംസയ്ക്കു പാത്രിഭൂതനായിട്ടുണ്ട്. ഈ സാമർത്ഥ്യം തിരുവല്ലാ അരമനയിലും ഹൈസ്ക്കൂളുകളിലും വോളിബോൾ കളിക്കു മ്പോഴൊക്കെ അദ്ദേഹം കാണിച്ചിട്ടുണ്ട്.

റോമ്മായിലെ പ്രൊപ്പഗാന്താ കോളേജിൽ നാലുകൊല്ലത്തോളം ഞങ്ങൾ ഒരുമിച്ചു വസിച്ചിരുന്നു. വിഭിന്നക്ലാസുകളിൽ പഠിച്ചിരുന്നതുകൊണ്ട് സാധാരണയായി ഞായറാഴ്ചകളിലും തിരുനാളുകളിലുമേ അക്കാലത്തു ഞങ്ങൾ കണ്ടു സംസാരിച്ചിരുന്നുള്ളു. പട്ടക്കാരായി തിരുവല്ലായിൽ എത്തുമ്പോൾ ഫലപ്രദമായ എന്തുജോലിയായിരിക്കും ഞങ്ങൾക്കു ചെയ്യാൻ സാധിക്കുന്നത് എന്നുള്ളതിനെപ്പറ്റി പലപ്പോഴും ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. "ഞാൻ അപ്രാപ്തനാണ്, മിഷ്യൻരംഗത്ത് എനിക്കൊന്നും ചെയ്യാൻ സാധി ക്കയില്ല.'' എന്നിങ്ങനെ ജോൺ ശെമ്മാശൻ പലപ്പോഴും എന്നോട് പറയുമായിരുന്നു. അതേ സമയം തന്നെ എന്നെ അദ്ദേഹം വളരെ പ്രശം സിച്ചിരുന്നു പട്ടക്കാരനായി ഞാൻ തിരുവല്ലയിൽ വന്നു ജോലി ചെയ്തി രുന്നപ്പോൾ ജോൺ ശെമ്മാശൻ റോമ്മായിൽ നിന്നു എനിക്കയച്ച പല എഴുത്തുകളിലും തന്റെ അപ്രാപ്തിയെപ്പറ്റി പറയുമായിരുന്നു. അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന വിനയവും അനഹങ്കാരവും എത്രമാത്രമെന്ന് ഇതിൽ നിന്നു എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. റോമ്മായിൽ പഠിക്കുമ്പോഴും തിരുവല്ലായിൽ വന്നശേഷവും അദ്ദേഹം കപ്പേളയിൽ "വിയാസാക്രാ" നടത്തിയശേഷം ദീർഘസമയം പ്രാർത്ഥനയിൽ ചെലവഴിക്കുന്നതു പല പ്പോഴും ഞാൻ കണ്ടിട്ടുണ്ട്.

വൈദികപഠനം പൂർത്തിയാക്കി റോമ്മായിൽ നിന്നുവന്നശേഷം ബ.കച്ചിറമറ്റത്തിലച്ചെനെ തിരുവല്ലാരൂപതയുടെ പ്രൊക്യുറേറ്ററായിട്ടാണ് ആദ്യമായി നിയമിച്ചത്. അന്ന് തിരുവല്ലാ രൂപത ബാല്യാരിഷ്ടതകളിൽപ്പെട്ടു സാമ്പത്തികമായി വളരെ വിഷമിച്ചിരുന്ന കാലമായിരുന്നു. തന്നിമിത്തം ഇവിടുത്തെ പട്ടക്കാരും വളരെ വിഷമതകൾ സഹിക്കേണ്ടിവന്നു. പലേടത്തും പള്ളികൾ ഉണ്ടായിരുന്നുവെങ്കിലും താമസസൗകര്യങ്ങൾ അശേഷം ഉണ്ടായി രുന്നില്ല. ഏതു ത്യാഗവും സഹിച്ചും രൂപതയെ സ്നേഹിക്കുന്നതിലുള്ള ഫാദർ ജോണിന്റെ ശുഷ്കാന്തി മറ്റു വൈദികരിലും ത്യാഗസന്നദ്ധതയും വിഷമ തകൾ സന്തോഷപൂർവ്വം സഹിക്കുന്നതിനുള്ള മനോഭാവവും ഉളവാക്കി. തന്നെ സമീപിക്കുന്നവരോടുള്ള സ്നേഹമസൃണമായ പെരുമാറ്റവും, സദാ പുഞ്ചിരിതൂകിക്കൊണ്ടുള്ള നർമ്മസംഭാഷണവും, നിർദ്ധരോടുകാണിച്ചിരുന്ന

www.malankaralibrary.com

ഉദാരശീലവും അദ്ദേഹത്തെ അല്പമെങ്കിലും പരിചയമുള്ള ഈ രൂപതയിലെ ആളുകളുടെയെല്ലാം ഇടയിൽ ഇന്നും സംസാരവിഷയമാകാറുണ്ട്.

കാലക്രമത്തിൽ ജോണച്ചൻ സ്ക്കൂളുകളുടെ കറസ്പോണ്ടന്റ്, മിഷനറി, അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, രൂപതയിലെ ഭക്ത സംഘടനകളുടെ ഡയറക്ടർ, അഡ്മിനിസ്ട്രേറ്റർ ആദിയായി വിവിധനിലകളിൽ ഈ രൂപതയ്ക്കു പ്രശസ്തമായ സേവനം അനുഷ്ടിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലത്തിനിടയിൽ ദീർഘകാലം കൊണ്ടു മാത്രം ചെയ്തുതീർക്കാവുന്ന വിവിധ ജോലികളാണ് അദ്ദേഹം ചെയ്തി ട്ടുള്ളത്. കാലദൈർഘ്യംകൊണ്ടു പൗരോഹിത്യജൂബിലിയൊന്നും ആഘോഷിക്കുവാൻ സാധിക്കാത്ത അദ്ദേഹം സ്വപ്രവൃത്തികൾ കൊണ്ട് വലിയ ഒരു ജൂബിലിഘോഷിച്ചിട്ടുണ്ടെന്നു പറയാവുന്നതാണ്.

മോൺസിഞ്ഞോർ ജോൺ കഠിനരോഗബാധിതനായിത്തീർന്നപ്പോൾ തന്റെ ഇഹലോകജീവിതം അവസാനിക്കുവാൻ അധികനാളില്ലെന്നു ഡോക്ടർമാരിൽ നിന്നും ഖണ്ഡിതമായി അറിഞ്ഞിരുന്നു. യാതൊരു നിരാശയോ, സങ്കടമോ, പരിഭ്രമമോ കാണിക്കാതെ അന്നുതുടങ്ങി അദ്ദേഹം നന്മരണത്തിന് ഒരുങ്ങിക്കൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹത്തെ ഞാൻ സന്ദർശിച്ചപ്പോൾ ഒരു പുതിയ ചരിത്രഗ്രന്ഥം വായിക്കുന്നതിന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരിക്കുമെന്നു കരുതി അത് വായിക്കുന്നോ എന്നു ഞാൻ ചോദിച്ചു. "ജീവിതത്തിന്റെ സായാഹ്നത്തിൽ എത്തിയിരിക്കുന്ന ഞാൻ ഇനി ചരിത്രഗ്രന്ഥം വായിച്ചു പഠിച്ചിട്ട് എന്തു പ്രയോജനം? ആ സമയംകൂടി നല്ല മരണത്തിന് ഒരുങ്ങുന്നതിന് ചെലവഴിക്കുകയല്ലേ നല്ലത്?" എന്ന് എന്നോടു പറയുകയുണ്ടായി. ഇങ്ങനെ പറഞ്ഞിട്ട ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു.

ചെറുപ്പക്കാലം തുടങ്ങി മരിക്കുന്നതുവരെ എല്ലാപെരുമാറ്റങ്ങളിലും ശിശുസഹജമായ ഹൃദയ നൈർമ്മല്യവും, നിഷ്പക്ഷതയും, വിനയവും മോൺ.കച്ചിറമറ്റം പ്രദർശിപ്പിച്ചിരുന്നെന്ന് അദ്ദേഹത്തെ ഏറ്റവും അടുത്തിറിഞ്ഞിട്ടുള്ള ഒരു സ്നേഹിതൻ എന്ന നിലയിൽ സധൈര്യം എനിക്കു പറയുവാൻ സാധിക്കും. "വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം നമുക്കെല്ലാവർക്കും ഉത്തമ മാതൃകയായിരുന്നു" എന്നു തിരുവല്ലാ രൂപതയിലേ പല പട്ടക്കാരും അദ്ദേഹത്തിന്റെ മരണശേഷം ഈ ലേഖകനോട് പറഞ്ഞിട്ടുള്ളതും ഈയവസരത്തിൽ സ്മരണീയമത്രേ. അദ്ദേഹത്തിന്റെ പാവനാത്മാവിനു പരലോകത്തിൽ നിത്യശാന്തി ലഭിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയല്ലാതെ ഈ സ്നേഹിതനു അദ്ദേഹത്തോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തുവാൻ മറ്റു മാർഗ്ഗമില്ലതന്നെ.

www.malankaralibrary.com

# പ്രിയതരനായ ഒരു അദ്ധ്യാപകൻ

## (ചെമ്മനം ചാക്കോ എം.എ.)

മോൺ.ജോൺ കച്ചിറമറ്റം സ്മാരകഗ്രന്ഥത്തിൽ ചേർക്കാൻ ഒരു ലേഖനം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തുകിട്ടുമ്പോൾ എന്റെ ഓർമ്മ പതിനേഴുവർഷം പിറകോട്ടു പായുകയാണ്. പിറവം സെന്റ്. ജോസഫ് ഹൈസ്ക്കൂളിൽ ബല്ലടിച്ചു. ക്ലാസുകൾ ഓരോന്നും രൂപംകൊണ്ടു. ഞങ്ങളുടേതു നാലാം ഫോറമാണ്. അതാ ഞങ്ങളുടെ ക്ലാസ്സദ്ധ്യാപകൻ വരികയായി. ഹൃദയത്തിന്റെ വെണ്മയോലുന്ന ശുഭ്രളോഹയാൽ അലങ്കരിക്കപ്പെട്ട സമുന്നതശരീരം. അധർമ്മത്തിന്റെ മുമ്പിൽ ഒരിക്കലും കുനിയുകയില്ലെന്ന് അതിന്റെ ഋജ്ജുത്വം തന്നെ വിളിച്ചു പറയുന്നു. ബലിഷ്ഠമായ മാർവ്വിടത്തിലേക്ക് വിരിഞ്ഞിറങ്ങുന്ന ഭംഗിയുള്ള താടി. അല്പമൊരാഴത്തിൽ ഇറങ്ങി ചെല്ലുന്ന നോട്ടവും. അതേ, ആ വരുന്നതു കച്ചിറമറ്റത്തച്ചനല്ലാതെ മറ്റാരുമല്ല.

ക്ലാസിലെത്തുമ്പോഴേക്ക് ആ മുഖത്ത് ഒരു പുഞ്ചിരി വിരിയുകയായി. ഒരു കുലയുവതിയേക്കാൾ അടക്കത്തോടും ഒതുക്കത്തോടും കൂടിയായിരിക്കും ആ മൃദുസ്മിതത്തിന്റെ ആഗമനം. അപ്പോൾ ആ ചുണ്ടുകൾ അകന്നിരിക്കുകയില്ല. ശബ്ദം ജനിച്ചിരിക്കുകയില്ല. എങ്കിലും അതിന്റെ വശ്യത വിപുലമാണ്. തികഞ്ഞ ആത്മാർത്ഥത ആദ്യമായി നല്കുന്ന ഒരു മധുര സൽക്കാരമാണത്.

ഹാജർ എടുത്തു കഴിഞ്ഞു. ശബ്ദം അല്പം നേരിയതാണല്ലോ. ആ സ്വരത്തിൽ ക്ലാസുകൾ ആരംഭിക്കുകയായി. കേവലം വാചാലനായ ഒരദ്ധ്യാപകനായിരുന്നില്ല ഒരിക്കലുമദ്ദേഹം. ഗംഗാപ്രവാഹംപോലെ അനർഗ്ഗളമൊഴുകുന്ന വാഗ്ധാരയോ, അതിസരസനായ ഒരു അഭിനേതാവിന്റെ അംഗവിക്ഷേപങ്ങളോ കുട്ടികളെ ആകർഷിക്കുവാനുള്ള അദ്ദേഹത്തിന്റെ കൈമുതലായിരുന്നില്ലാതാനും. നേരെമറിച്ച് ചോദ്യോത്തരങ്ങളുടെ തോതുപിടിച്ച ആശയം കുട്ടികളുടെ കരളിലുറപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടപദ്ധതി. അതേ അനാർഭാടസുന്ദരവും, അന്തസ്സാരയുക്തവുമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ. ധീരസാഹസികയത്നങ്ങളന്വേഷിച്ച് രാജ്യം ചുറ്റി നടന്ന വീരയോദ്ധാവ് ഡോൺ ക്വിക്സോട്ടിനെപ്പറ്റി ഞങ്ങൾക്ക് എന്നായാലും ഓർക്കാതെ നിർവ്വാഹമില്ല. കെർവാന്റീസിന്റെ വിശ്വപ്രസിദ്ധനായ ആ കല്പിതകഥാനായകനെക്കുറിച്ചു

www.malankaralibrary.com

ഞങ്ങൾ ആദ്യമായി കേൾക്കുന്നതു കച്ചിറമറ്റത്തച്ചന്റെ വിവരണങ്ങളിൽ കൂടിയാണ്. അച്ചൻ ആദ്യമായി എടുത്ത പാഠം ക്വിക്സോട്ടിനെപ്പറ്റിയുള്ളതായിരുന്നു. അക്കാലത്തെല്ലാം അച്ചനെ കാണുമ്പോൾ ഞങ്ങൾ കുശുകുശുക്കുമായിരുന്നു. "ഡോൺ ക്വിക്സോട്ടു വരുന്നു'. ആ കഥാപുരുഷനുമായി എന്തെങ്കിലും സാമ്യമുണ്ടായിട്ടല്ലാ, പുതുമ യേറിയ ആ കഥാപാത്രത്തെ അത്ര ദൃഢമായി അദ്ദേഹം ഞങ്ങളുടെ ഹൃദയത്തിൽ പതിച്ചിരുന്നതുകൊണ്ടുതന്നെ.

തന്റെ ശിഷ്യരെ അദ്ദേഹം ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. ഒരളവോളം ബഹുമാനം തന്നെ ശിഷ്യത്വത്തോട് അദ്ദേഹത്തിനുണ്ടായിരുന്നു എന്നു തോന്നുന്നു. പ്രിയതരനായ ഒരു അദ്ധ്യാപകനായി കുട്ടികൾ അദ്ദേഹത്തെ കരുതുവാനുള്ള കാരണവും അതായിരിക്കാം. സ്നേഹമസൃണമായ ഉപദേശങ്ങളാണ് ശാസനകളേക്കാൾ വിദ്യാർത്ഥികളെ നിയന്ത്രിക്കുവാൻ അദ്ദേഹം ഉപയോഗിച്ചിരുന്നത്. വിദ്യാർത്ഥികൾക്കു വലിയ ശിക്ഷ നല്കേണ്ട ആവശ്യം അദ്ദേഹത്തിനു വന്നിട്ടേയില്ല. കൂടിയാൽ കുറച്ചു എഴുന്നേൽപ്പിച്ചു നിറുത്തിയിട്ടുണ്ടെന്നു മാത്രം. എന്തെങ്കിലും ഫലിതം പറയുമ്പോഴും ഒരു മാതൃകാദ്ധ്യാപകന്റേയും പുരോഹിതന്റെയും അന്തസ്സും ഗുരുത്വവും വിട്ടുപോകാതെ അദ്ദേഹം സൂക്ഷിച്ചിരുന്നു. ഫാ.ജോൺ കച്ചിറമറ്റത്തെ ക്ലാസ്സിൽ കോപാകുലനായിക്കണ്ട ഒരു രംഗവും ഇന്ന് ഓർമ്മയ്ക്കു സമർപ്പിക്കുവാനില്ല. ഒരിക്കലും വികാരം അദ്ദേഹത്തെ ഭരിച്ചിരുന്നില്ല. വിചാരശീലമായിരുന്നു അദ്ദേഹത്തിന്റെ നർമ്മസചിവൻ.

വിദ്യാർത്ഥികൾക്ക് അഭിമതനായ ഒരു ബോർഡിംഗ് മാസ്റ്ററായിരുന്നു ഫാ. ജോൺ കച്ചിറമറ്റം. കഴിയുന്നതും ഒതുങ്ങി, അതേ സമയം തങ്ങളുടെ ഓരോ കാര്യത്തിലും ദത്തശ്രദ്ധനായിക്കഴിഞ്ഞ ഒരു ഭരണാധികാരിയെയാണ് വിദ്യാർത്ഥികൾ അദ്ദേഹത്തെ ദർശിച്ചത്. ചിട്ടയും കൃത്യനിഷ്ടയും അദ്ദേഹത്തിന്റെ മുറിയിൽ ചെന്നാൽ നിങ്ങൾക്കു കാണാം ആ ചിട്ടയും അടുക്കും. അദ്ദേഹത്തിന്റെ പ്രാർത്ഥനയിലും ഭക്ഷണകാര്യത്തിലും എല്ലാം നിങ്ങൾ കണ്ടെത്തും ആ കൃത്യനിഷ്ട. കൃത്യസമയമാകുമ്പോഴേക്ക് ഇടതു കൈയ്യിൽ ഒരു കുടയും തൂക്കിയിട്ട് നാലഞ്ചുപുസ്തകങ്ങളും നെഞ്ചോടു ചേർത്തുപിടിച്ച് വലതുകൈവീശി ബോർഡിംഗിൽ നിന്നും അദ്ദേഹം സ്ക്കൂളിലേക്കു വന്നെത്തുകയായി. മിക്കപ്പോഴും വിദ്വാൻ പി.ജെ. ചാക്കോ സാറോ മറ്റദ്ധ്യാപക സുഹൃത്തുക്കളോ നർമ്മസംഭാഷണം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ കൂടെ വരുന്നുമുണ്ടായിരിക്കും. നല്ല അടയാളച്ചരടും ആകർഷകമായ ബയന്റുമുള്ള ഒരു കൊച്ചു പുസ്തകം കൊണ്ടുവരുന്ന ബുക്കുകളുടെ കൂടെ എന്നുംതന്നെ കാണുമായിരുന്നു. ബൈബിളോ തത്തുല്യമായ ഏതെങ്കിലും ഗ്രന്ഥമോ ആയിരിക്കണമത്. അല്പവിശ്രമസമയം കിട്ടിയാൽമതി അടയാളം കണ്ടെടുത്ത് അദ്ദേഹം ആ ഗ്രന്ഥം വായിക്കാൻ തുടങ്ങുകയായി. ക്ലാസിൽ പ്രിയതരനായ ഒരു അദ്ധ്യാപകൻ, കളി സ്ഥലത്ത് സമഭാവന

www.malankaralibrary.com

പുലർത്തുന്ന ഒരു കൂട്ടുകാരൻ,ദൈവാലയത്തിൽ ഭക്തിഭരിതനായ ഒരാചാര്യൻ എല്ലാമായിരുന്നു വിദ്യാർത്ഥികൾ കണ്ട ജോൺ കച്ചിറമറ്റത്തച്ചൻ.

വർഷം ഓടിപ്പോയി. വലിയ ചുമതലകൾ ചുമലിൽ ഏല്ക്കുവാൻ അദ്ദേഹം പിറവത്തോടു യാത്ര പറഞ്ഞു. അങ്ങനെ ദീർഘകാലത്തേക്കുണ്ടായിരുന്നില്ല ഞങ്ങളുടെ ഗുരുശിഷ്യ ബന്ധം. അച്ചൻ പിറവംവിട്ടിട്ടു പിന്നീട് വളരെ കഴിഞ്ഞാണ് ഞാൻ വീണ്ടും കാണുന്നത്. അദ്ദേഹം എന്നെ ഓർമ്മിക്കുമെന്നു കരുതിയിരുന്നില്ല. അപ്പോഴുണ്ടു വരുന്നു, ആ മൃദുസ്മിതവും നിരവധി കുശലാന്വേഷണങ്ങളും. ആ ഓർമ്മശക്തിയുടേയും ശിഷ്യവാത്സല്യത്തിന്റേയും മുമ്പിൽ ഞാൻ നമ്രശിരസ്കനായി നിന്നു. ഇടയ്ക്ക് എന്നുകണ്ടാലുമുണ്ട് സജീവമായ ഈ താത്പര്യവും അന്വേഷണവും. ശിഷ്യന്റെ വളർച്ചയിൽ ആ ഗുരുഹൃദയം ആനന്ദം തിരതല്ലി വികസിക്കുകയാണെന്നു തോന്നും അപ്പോഴെല്ലാം.

ചില കൊല്ലങ്ങൾക്കുശേഷം കേവലം അപ്രതീക്ഷിതമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ചാണ് അവസാനമായി ഞാൻ അദ്ദേഹത്തെ കാണുന്നത്. ആയുസ്സിന്റെ മദ്ധ്യത്തിൽവച്ചുതന്നെ ആ മഹാജീവിതത്തെ അപഹരിക്കാൻ ഹതവിധി ചൊല്ലിവിട്ട രോഗം അപ്പോഴേക്കും അദ്ദേഹത്തെ വലയം ചെയ്തുകഴിഞ്ഞിരുന്നു. ആ ദൃഢഗാത്രം അല്പമൊന്നു ഉടയാൻ ഭാവിച്ചിരുന്നു. ആ താടിയിൽ നരയുടെ ദൂതാളങ്ങൾ വന്ന് എത്തി നോക്കിയിരുന്നു. ആ മൃദസ്മിതത്തിന്റെ മുഖത്തു വിഷാദത്തിന്റെ ഒരാവരണം തങ്ങി നിന്നിരുന്നു. ഭാവിയേക്കുറിച്ച് അദ്ദേഹത്തിന് ഒട്ടു നിശ്ചയമുണ്ടായിരുന്നതുപോലെ തോന്നുന്നു അന്ന്. രോഗം നിസാരമാക്കാനേയുള്ളൂ എന്ന അർത്ഥത്തിൽ ഞങ്ങൾ സാന്ത്വനവാക്കുകൾ വാർത്തു നിന്നപ്പോൾ എല്ലാം കണ്ടറിയേണം എന്ന മനോഭാവമാണ് അദ്ദേഹം പുലർത്തിയത്. ദൈവഹിതത്തിൽ പൂർണ്ണമായ സമർപ്പണവും പത്രത്തിൽ മോൺ.ജോൺ കച്ചിറമറ്റത്തിന്റെ മരണ വാർത്ത വായിച്ചതു തികഞ്ഞ ഹൃദയവ്യഥയോടുകൂടിയാണ്. അദ്ദേഹത്തിന്റെ എല്ലാം ശിഷ്യന്മാരും അങ്ങനെ തന്നെയായിരിക്കും ആ വാർത്ത കേട്ടതെന്ന് എനിക്കുറപ്പുണ്ട്. മോൺ.ജോൺ കച്ചിറമറ്റം ഇന്നില്ല. പക്ഷേ തന്റെ ശിഷ്യഗണത്തിന്റെ ഹൃദയങ്ങളിൽ പ്രിയതരനായ ഒരു അദ്ധ്യാപകനായി അദ്ദേഹം ഇന്നും ജീവിക്കുന്നു.

www.malankaralibrary.com

# ഓർമ്മക്കുറിപ്പുകൾ

## (സി.ദേവസ്യാ കാപ്പിൽ ബി.എ.ബി.എൽ)

അദ്ദേഹത്തോടൊത്ത് പാലാ സെന്റ്.തോമസ് ബോർഡിംഗിലും ചങ്ങനാശ്ശേരി പാറേൽ ഹോസ്റ്റലിലും താമസിക്കുവാൻ ഈയുള്ളവന് ഭാഗ്യമുണ്ടായി.

കെ.ജെ. ജോൺ ഏവർക്കും പ്രിയംകരനായിരുന്നു. പ്രീഫെക്റ്റുദ്യോഗത്തിലെ കൃത്യനിഷ്ഠ, വോളികളിയിലേ പ്രാഗത്ഭ്യം, തികഞ്ഞ ദൈവഭക്തി, നിഷ്പക്ഷത, വിനയം എന്നീ ഗുണങ്ങളുടെ കേദാരമായ അദ്ദേഹത്തെ ആർക്കാണു മറക്കുവാൻ കഴിയുക?. കളിയിൽ ഓരോ സ്കോറിനും വേണ്ടി പ്ലാസിയുദ്ധം നടത്തുന്ന കക്ഷികളെ ഒരു സ്കോർ ഉപേക്ഷിച്ചും അദ്ദേഹം പറഞ്ഞു യോജിപ്പിച്ചിരുന്നു. ഭാവിയിലേ പുനരൈക്യ പ്രസ്ഥനത്തിന്റെ സുത്രധാരൻ ഇങ്ങനെയാണ് വളർന്നുവന്നത്.

കോളേജു കഴിഞ്ഞാൽ സെമിനാരി എന്ന വകുപ്പിൽപെട്ട ഒരു യുവ കേസരിയായിരുന്നു അദ്ദേഹം. വൈദികരോടു കാണിച്ചിരുന്ന ചില ആചാരങ്ങൾ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ അഭിനയിക്കുമായിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ മധുരമായ പുഞ്ചിരിയും ഫലിതോക്തിയുമായിരുന്നു എനിക്കു കിട്ടിയ തിരിച്ചടി. ഇന്റർമീഡിയേറ്റു പാസ്സായി അദ്ദേഹം തൃശ്ശനാപ്പിള്ളിക്ക് പോയി. അങ്ങനെ ഞങ്ങൾ വേർപെട്ടു.

25 കൊല്ലത്തിനുശേഷം 1955-ൽ തൊടുപുഴ ബസ്സ് സ്റ്റാന്റിൽ വച്ചാണ് പിന്നീട് അദ്ദേഹത്തെ കണ്ടുമുട്ടാൻ ഇടയായത്. അല്പം അകലെ താടിക്കാരനായ ഒരു ദീർഘകായൻ വൈദികൻ എന്റെ ശ്രദ്ധയെ ആകർഷിച്ചു. അടുത്തപ്പോൾ എനിക്ക് ആളെ മനസ്സിലായി. എന്നെ മനസ്സിലായോ എന്നു സംശയിക്കുകയായിരുന്നു. ഇതിനിടയിൽ 'സുഖമാണോ, കുട്ടികൾ എത്രയുണ്ട്? എന്ന് മധുരോക്തികൾ പുറപ്പെട്ടു കഴിഞ്ഞു. തുടർന്ന് രണ്ടു മൂന്നു മിനിറ്റ് ഞങ്ങൾ കുശലം പറഞ്ഞപ്പോഴേക്കും വണ്ടിക്കു സമയമായി 'ഇനി കാണാം' എന്നു പറഞ്ഞ് അദ്ദേഹം യാത്രയായി. കോളേജ് വിദ്യാഭ്യാസക്കാലത്ത് ഞാൻ കളിയായി ഭാവനയിൽ വൈദികനാക്കിയ ആ മിത്രത്തെ വൈദികനായിട്ടു. മാത്രമല്ല, ഒരു മോൺസിഞ്ഞോറായിട്ടു കാണാൻ സാധിച്ചു. ഇതിൽ ഞാൻ അതീവ കൃതാർത്ഥനാണ്.

'ഇനിക്കാണാം' എന്ന വാക്കുകൾ അക്ഷരാർത്ഥത്തിൽ നിറവേറിയിട്ടില്ല. 'മോൺസിഞ്ഞോർ കച്ചിറമറ്റം ദിവംഗതനായി' എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണു പിന്നീട് ശ്രവിച്ചത്. അദ്ദേഹത്തിന്റെ മൃതദേഹത്തിന്

www.malankaralibrary.com

അന്ത്യോപചാരങ്ങൾ അർപ്പിക്കാനേ കഴിഞ്ഞുള്ളു.

ആരോഗ്യവും ആയുസ്സും തമ്മിൽ വലിയ ബന്ധമുണ്ടോയെന്ന് ഞാൻ സംശയിക്കാറുണ്ട്. ആരോഗ്യദൃഢഗാത്രനായ അദ്ദേഹം ലോകരംഗത്തുനിന്നു വിളിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പത്തിലൊന്ന് ആരോഗ്യമില്ലാത്ത ഞാൻ ജീവിച്ചിരിക്കുന്നു. ദീർഘകാലംകൊണ്ടു ചെയ്യേണ്ട ജോലി ചുരുങ്ങിയ കാലം കൊണ്ടു ചെയ്തു തീർത്തതിൽ സന്തുഷ്ടനായി സർവ്വശക്തൻ നിത്യപ്രതിഫലം കൊടുക്കുവാൻ വിളിച്ചതാണെന്നാണ് എന്റെ വിശ്വാസം. വിശുദ്ധ കൊച്ചുത്രേസ്യാ, വിശുദ്ധ ഡൊമിനിക്ക് സാവ്യോ, സിസ്റ്റർ അൽഫോൻസാ മുതലായ പുണ്യാത്മാക്കളുടെ ചരിത്രം എന്റെ വിശ്വാത്തിന് ഉപോൽബലകമാണ്.

യശശ്ശരീരനായ മോൺ.ജോൺ കച്ചിറമറ്റം അദ്ദേഹത്തിന്റെ നാട്ടിലും, അദ്ദേഹം ജോലി ചെയ്ത സഭയിലും ഒരു വിടവു സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ പാവനസ്മരണ ഭാവിതലമുറകളിലേക്കു നീണ്ടു നീണ്ടു പോകുമെന്നും എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. ഈ എളിയവനുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമെന്നും 'ഇനി കാണാം' എന്ന വാക്കുകൾ അന്വർത്ഥമാക്കണമെന്നും എന്റെ ചിരകാലസഹപാഠിയായ വിശുദ്ധാത്മാവിനോട് അപേക്ഷിച്ചുകൊണ്ട ഞാൻ നിർത്തട്ടേ.

## മാർ മാത്യു കാവുകാട്ട്

### ആർച്ച് ബിഷപ്പ്, ചങ്ങനാശ്ശേരി

വന്ദ്യശ്രീ മോൺസിഞ്ഞോർ കച്ചിറമറ്റത്തെ എനിക്ക് അടുത്തറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഒരു ഉത്തമവൈദികനായിരുന്നു. ദൈവമഹത്വത്തിനും ആത്മാവുകളുടെ രക്ഷയ്ക്കുംവേണ്ടി പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ട ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മേലധികാരികളുടെ കല്പനകളെ ദൈവത്തിൽ നിന്നുള്ള കല്പനകളായി അദ്ദേഹം കരുതിയിരുന്നു. അദ്ദേഹത്തിനുണ്ടായിരുന്ന അഗാധമായ എളിമയായിരുന്നു ഈ വിധേയമനോഭാവത്തിന്റെ ഉറവിടം. പള്ളിയിലും പള്ളിക്കൂടത്തിലും വേദപ്രചരണരംഗങ്ങളിലും അദ്ദേഹം പ്രദർശിപ്പിച്ചു. തീഷ്ണതയും ആത്മാർത്ഥതയും ഏറ്റം അഭിനന്ദനാർഹങ്ങളായിരുന്നു. എന്നും പരിശുദ്ധമായി സൂക്ഷിച്ചുപോന്ന തന്റെ പൗരോഹിത്യ ജീവിതത്തിന്റെ മഹിമാവ് തന്റെ പ്രവർത്തനങ്ങൾക്കു മാറ്റുകൂട്ടിയിരുന്നു. തനിക്ക് അനുവദിക്കപ്പെട്ട കാലമത്രയും തികഞ്ഞ വിശ്വസ്തതയോടും ത്യാഗമനോഭാവത്തോടും കൂടി ദൈവത്തിനും മനുഷ്യർക്കും അദ്ദേഹം ശുശ്രൂഷ ചെയ്തു. സ്നേഹത്തോടും ബഹുമാനത്തോടും മതിപ്പോടും കൂടി മാത്രമേ ആ മഹാനെ നമുക്ക് സ്മരിക്കുവാൻ കഴിയൂ.

www.malankaralibrary.com

# പാദമുദ്രകൾ

## (വറുഗീസ് കിളിച്ചിമല ബി.എ.)

'കേരളസഭേ അഭിമാനിക്കു! കരിയാറ്റിയുടേയും നിധിയിരിയുടേയും സമരവീര്യം ഇന്നത്തേ തലമുറയിലും ജന്മംകൊള്ളാറുണ്ട്'എന്ന ചിന്തയത്രേ മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റത്തെപ്പറ്റി സ്മരിക്കുമ്പോഴൊക്കെ എന്റെ മനസ്സിലുണ്ടാവുക.

കച്ചിറമറ്റത്തച്ചൻ ഞങ്ങളുടെ മദ്ധ്യത്തിലുണ്ടായിരുന്നു. ആ മഹിമാതിരേകം വേണ്ടും വിധം അന്നു ഞങ്ങൾ മനസ്സിലാക്കിയില്ല. അദ്ദേഹം ഞങ്ങളോട് വിടവാങ്ങി. അപ്പോൾ മാത്രമേ ആ ഔൽകൃഷ്ട്യത്തേക്കുറിച്ചു ഞങ്ങൾ ചിന്തിച്ചു തുടങ്ങിയുള്ളൂ. പാദമുദ്രകൾ അവശേഷിപ്പിച്ചിട്ടാണ് ആ ത്യാഗധീരൻ മറഞ്ഞത്.

നിങ്ങൾ തിരുമൂലപുരത്തേക്കു വരൂ. ഒരു കൊച്ചു കെട്ടിടം ആരും നിങ്ങളെ ചൂണ്ടികാട്ടും. ചരിത്രപ്രധാനമാണ് ആ ഭവനം. മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് അവിടെയാണ് വസിച്ചിരുന്നത്. ഒരു ഇരുനിലക്കെട്ടിടം അതിനു തൊട്ടുമുമ്പിലുണ്ട്. അതാണ് സെന്റ്.തോമസ് ഹൈസ്ക്കൂൾ. കച്ചിറമറ്റത്തച്ചന്റെ കരപരിലാളനത്താൽ അനുഗ്രഹീതമാണ് ആ വിദ്യാലയം.

അവിടെത്തന്നെയുണ്ട് ശില്പകലാസുഭഗത വഴിഞ്ഞൊഴുകുന്ന ഒരു ദൈവാലയം. കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ ജൂബിലി സ്മരണയേ കിളിർത്തിപ്പിടിച്ചുകൊണ്ടത്രേ അത് നിലകൊള്ളുക. അത്യുന്നത കർദ്ദിനാൾ ടിസറന്റു തിരുമനസ്സുകൊണ്ടാണ് അതിന്റെ ശിലാസ്ഥാപനം നിർവഹിച്ചത്.

മാർ സെവേറിയോസ് തിരുമേനി ഈ ആരാധനാമന്ദിരസ്ഥാപനത്തിനു മുൻകൈയ്യെടുത്തു. എങ്കിലും അതു മുഴുവിച്ചു കാണുവാൻ തിരുമനസ്സിലേക്കു ഭാഗ്യം കിട്ടിയില്ല. ഈ ദൈവാലയം പണിക്കുറ തീർത്തെടുക്കുവാൻ ബദ്ധപ്പെട്ട വ്യക്തിയാണ് മോൺ.കച്ചിറമറ്റം. അദ്ദേഹത്തിന്റെ ത്യാഗം ആ പള്ളിയുടെ പിന്നിലുണ്ട്. ഉദാരമതികളിൽ നിന്നും അച്ചനു ലഭിച്ച സംഭാവനകൊണ്ടത്രേ പള്ളിയുടെ മുമ്പിലുള്ള മട്ടുപ്പാവിന്റെ നിർമ്മിതി.

വിദ്യാശാലകളും ദൈവാലയങ്ങളും പടുത്തുയർത്തിയതല്ല മോൺ. ജോൺ കച്ചിറമറ്റത്തിന്റെ പ്രധാന പ്രവൃത്തികൾ. മനുഷ്യഹൃദയങ്ങളിൽ അദ്ദേഹം ദൈവാലയം പണിതു. ആദർശധനന്മാരെ വാർത്തെടുക്കുവാൻ ആ ധർമ്മിഷ്ടൻ ബദ്ധപ്പെട്ടു. ലീജിയൻ ഓഫ് മേരി എന്ന ആദ്ധ്യാത്മിക സംഘട

www.malankaralibrary.com

ന പരത്തുവാൻ ആ ആചാര്യൻ ഓടിനടന്നു. മധുര സ്മരണകൾ അയവിറക്കിക്കൊണ്ടല്ലാതെ തിരുവല്ലാ രൂപതയിലെ 'ലീജിയൻ' അംഗങ്ങൾക്കു ബ.ജോണച്ചനെ സ്മരിക്കുവാൻ സാധിക്കുന്നതല്ല.

ആത്മാക്കൾക്കുവേണ്ടി പിടഞ്ഞ ഹൃദയമാണ് കച്ചിറമറ്റത്തിലച്ചന്റേത്. ആ പ്രേഷിതൻ കഷ്ടപ്പെട്ടിട്ടുണ്ട്. പട്ടിണി കിടന്നിട്ടുണ്ട്. ഊണും ഉറക്കവും കൂടാതെ അലഞ്ഞുതിരിഞ്ഞിട്ടുണ്ട്. ബ. അച്ചൻ തിരുവാണിയൂർ താമസിക്കുന്ന കാലം. ഒരു ദിവസം നട്ടുച്ചയായി. സഞ്ചാരമദ്ധ്യേ മാർ സെവേറിയോസ് തിരുമനസ്സുകൊണ്ട് തിരുവാണിയൂരേക്കു തിരിച്ചു. ഉച്ചമേശ അവിടെ കഴിക്കുന്നതിനാണ് തിരുമനസ്സിലെ പ്ലാൻ. അച്ചന്റെ ഭക്ഷണം കഴിഞ്ഞപ്പോഴാണ് വന്ദ്യപിതാവിന്റെ ആഗമനം. അടുത്തെങ്ങും ഒരു കാപ്പിക്കട കൂടിയില്ല. അച്ചനു കുശിനിക്കാരനില്ല. തനിച്ചു പാകം ചെയ്താണ് ആ വൈദികൻ ഭക്ഷിച്ചത്. അടുത്ത നേരത്തേക്കുള്ള ഭക്ഷണം സൂക്ഷിച്ചുവെച്ചിട്ടുമുണ്ട്. ഒരു പാത്രത്തിൽ ചോറും മുളകും ഉപ്പുനീരിൽപൊട്ടിച്ച കറിയും. മോൺസിഞ്ഞോറിന്റെ ഭക്ഷണം! അച്ചന്മാർ ആനപ്പുറത്താണെന്ന സ്ഥാനത്തും അസ്ഥാനത്തും വിളിച്ചു പറയുന്ന വിക്രമന്മാർ മിഷൻരംഗങ്ങളിൽ ആ ത്യാഗികൾ സഹിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ച് എന്തറിഞ്ഞിട്ടുണ്ട്.

അനേകം അദ്ധ്യാപകരുമായി അച്ചൻ പരിചയപ്പെട്ടു. എല്ലാവരും അദ്ദേഹത്തെ ആരാധ്യനായി കരുതി. ആ വിദ്യാദാനപ്രവീണൻ അദ്ധ്യാപകന്മാരുടെ ഉത്തമസുഹൃത്തായി. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനം വിജയിക്കാൻ അദ്ധ്യാപകന്മാരുടെ അകമഴിഞ്ഞ സേവനം ഉണ്ടായേ മതിയാവൂ. ജോണച്ചനെപ്പോലെ അദ്ധ്യാപകന്മാരുടെ ഭക്തിയാർജ്ജിക്കുവാൻ കഴിയുന്ന വൈദികർക്ക് മാത്രമേ ആ രംഗത്തു വിജയിക്കുവാനൊക്കൂ. തന്റെ സാന്നിദ്ധ്യം ഏറ്റവുമധികം ആവശ്യമായ ഒരു ഘട്ടത്തിലാണ് കത്തോലിക്കാസഭയുടെ ആ വീരസന്താനം കേരളക്കരയ്ക്കു നഷ്ടപ്പെട്ടത്.

സ്വാർത്ഥ നിറഞ്ഞ ലോകത്തിൽ പരിശുദ്ധിയുടെ പരിമളവുമായിട്ടാണ് മോൺ.ജോൺ നിലക്കൊണ്ടത്. ആ സ്വർഗ്ഗീയ ഭംഗി ഏറെനാൾ ആസ്വദിക്കുവാൻ ദൈവം ലോകത്തെ അനുവദിച്ചില്ല. ഗുരോ, നമസ്കാരം. അങ്ങയുടെ കാലടിപ്പാടുകൾ ഞങ്ങളുടെ മുമ്പിലുണ്ട്.

www.malankaralibrary.com

# ദിവംഗതനായ കച്ചിറമറ്റം മോൺ. അച്ചനെക്കുറിച്ചുള്ള ചില അനുസ്മരണകൾ

**ജോൺ ഒ.ഐ.സി.**

വന്ദ്യമോൺ. അച്ചനെ സ്മരിക്കുമ്പോഴൊക്കെയും എന്നെ സവിശേഷം സ്പർശിക്കുന്ന ചിന്ത, തികച്ചും ലളിതസാധാരണമായ ഒരു ജീവിതം നയിച്ചുകൊണ്ട് തന്നെ ഏതൊരാൾക്കും ആദ്ധ്യാത്മിക ജീവിതത്തിന്റെ ഉന്നത പടിയിലെത്താമെന്നുള്ളതാകുന്നു. സദാ മന്ദസ്മിതം തൂകികൊണ്ട് വിനീതവും അദ്ധ്വാനപൂർണ്ണവും ദരിദ്രവുമായ ഒരു അതിസാധാരണ ജീവിതം നയിച്ച പുണ്യചരിതനായിട്ടത്രെ അദ്ദേഹത്തെ എവിടെയും ദർശിക്കാമായിരുന്നത്. തൽഫലമായി അദ്ദേഹത്തെ കണ്ടിരുന്നവർ, "എനിക്കും അച്ചനെപ്പോലെ സുകൃതപൂർണ്ണമായ ഒരു ജീവിതം നയിക്കുക എളുപ്പമാണല്ലോ" എന്ന് ആത്മഗതം ചെയ്തുപോകുമായിരുന്നു.

ഈ പുണ്യശ്ലോകന്റെ ജീവിതത്തിൽ എന്റെ ശ്രദ്ധയെ ഹഠാദാകർഷിച്ചിരുന്ന വിശേഷ ഗുണങ്ങൾ അദ്ദേഹത്തിന്റെ സജീവ വിശ്വാസവും സ്നേഹവുമായിരുന്നു. പ്രത്യേകിച്ച് ദിവ്യകാര്യങ്ങളോടുള്ള അദ്ദേഹത്തിന്റെ മനോഭാവവും വർത്തനവും ഏറ്റവും ഭക്തിനിർഭരമായിരുന്നു. ദിവ്യബലി സമർപ്പണത്തിൽ എത്ര വലിയ അഭിവാഞ്ജയും ഭക്തിപാരവശ്യവുമാണ് പ്രദർശിപ്പിച്ചിരുന്നത്. ദേഹവിയോഗത്തിന് മൂന്നുനാല് ദിവസം മുമ്പുവരെയും അരമൈലുപോലും വലിഞ്ഞിഴഞ്ഞുപോലും പോയി വി.കുർബ്ബാന അർപ്പിച്ചിരുന്നു. വി. കുർബ്ബാനയുടെ ആരാധന നടക്കുന്നിടത്തെല്ലാം മോൺസിഞ്ഞോറച്ചനെ ദിവ്യകാരുണ്യാരാധകനായ ഒരു മാലാഖയെപ്പോലെ കാണാമായിരുന്നു. ഈ ദൃശ്യാവസരങ്ങളിൽ പലപ്പോഴും അച്ചനെനോക്കി ഞാൻ ഭക്തിപ്രചോദനം പ്രാപിച്ചിരുന്നു. ഈ പുരോഹിതശ്രേഷ്ടന്റെ ദിവ്യപൂജാർപ്പണം, തിരുകർമ്മാനുഷ്ടാനം ആദിയായവയിൽ സംബന്ധിച്ച് എത്രയോ പേരാണ് ഭക്തി പരവശരായിത്തീർന്നിട്ടുള്ളത്. കൃത്യബഹുലതകളുടെ സമ്മർദ്ദത്തിൽപ്പോലും വളരെ കൃത്യനിഷ്ടയോടും ഏകാഗ്രചിത്തയോടും കൂടിയാണു കാനോനാ നമസ്കാരം നടത്തിയിരുന്നത്. അച്ചൻ ജനിച്ചു വളർന്നത് കൽദായ റീത്തിലായിരുന്നെങ്കിലും മലങ്കര സുറിയാനി റീത്തിൽ ഇത്ര ഭക്തി പൂർവ്വം ഇതെല്ലാം നടത്തിയിരുന്നതു പ്രത്യേകം ശ്രദ്ധേയ

www.malankaralibrary.com

മാണല്ലോ.

തിരുവല്ലാ ബഥനി ആശ്രമത്തിലെത്തി പാപസങ്കീർത്തനം നടത്തുന്നതിൽ ഇദ്ദേഹം പ്രദർശിപ്പിച്ചിരുന്ന നിഷ്ടയും ശുഷ്കാന്തിയും അസാധാരണമെന്നേ പറയേണ്ടു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആസ്പത്രിയിൽവെച്ചുള്ള അന്ത്യവേളയിൽപോലും ഇതിന്റെ ദൃക്സാക്ഷിയാകുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. പാപസ്മരണതന്നെയും ഈ നിർമ്മലാത്മാവിന്റെ സ്നേഹഹൃദയത്തെ തപിപ്പിച്ചിരുന്നു. ഒരു വ്യക്തി പാപത്തിൽ നിപതിച്ചുയെന്നറിഞ്ഞാൽ അച്ചൻ എത്രയധികം ചുടുബാഷ്പവും പ്രാർത്ഥനാത്യാഗങ്ങളുമാണ് ആ നിർഭാഗ്യനുവേണ്ടി അർപ്പിച്ചിരുന്നത്.

മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ ശീഘ്രവികസനത്തിനായുള്ള തീക്ഷ്ണതാവഹ്നിയിൽ സ്വയം അഹുതി ചെയ്തിരുന്നതാണ് ഈ മഹാത്മാവിന്റെ ഒരു വലിയ സ്നേഹപ്രദർശനം. ഈ പ്രേഷിതരത്നത്തിന്റെ ഓരോ ഹൃദയസ്പന്ദനവും പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടിയായിരുന്നോ എന്നു തോന്നിപ്പോകും. തിരുസഭാഗാത്രത്തിൽ നിന്നു വിച്ഛേദിക്കപ്പെട്ടവരുടെ മാനസാന്തരത്തിൽ ഇദ്ദേഹം കാണിച്ചിരുന്ന ഉജ്ജ്വലശുഷ്കാന്തി ദർശിച്ചു ഞാൻ തന്നെ പലപ്പോഴും എന്നെക്കുറിച്ചു ലജ്ജിതനായിത്തീർന്നിട്ടുണ്ട്. കഠിനരോഗങ്ങളിൽ നിരന്തരം പീഡിതനായിരുന്നിട്ടും അതെല്ലാം വഴിതെറ്റിയ അജഗണങ്ങൾക്കുവേണ്ടി കാഴ്ചവെച്ചുകൊണ്ട് അവരെ സത്യത്തിന്റെയും ജീവന്റെയും നേർപാതയിലേക്ക് ആനയിക്കുവാൻ ഈ നല്ല അജപാലൻ അവിശ്രമം പ്രയത്നിച്ചിരുന്നു. ആസ്പത്രിയിൽവെച്ചുള്ള ആ അന്ത്യദിനങ്ങളിൽ അച്ചനെ ഞാൻ പതിവായി സന്ദർശിച്ചിരുന്നപ്പോൾ, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു നേരിട്ടിരുന്ന ചില വിഘാതങ്ങളെക്കുറിച്ച് ബാഷ്പധാരയോടെ എന്നോടു സംസാരിച്ചിരുന്നത് മായാത്ത മുദ്ര എന്നിൽ പതിച്ചിട്ടുണ്ട്. അച്ചന്റെ പ്രാർത്ഥന, സഹനം, പൗരോഹിത്യശുശ്രൂഷ, പ്രസംഗങ്ങൾ, ലേഖനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയാൽ അനുഗ്രഹീതരായ ആത്മാക്കളുടെ സംഖ്യ നിർണ്ണായതീതമെന്നുവേണം പറയുവാൻ. പുനരൈക്യപ്രസ്ഥനത്തിന്റെ രജതജൂബിലി ആഘോഷങ്ങൾക്കു പ്രചോദനവും പ്രബുദ്ധതയും നല്കിയിരുന്നത് ഈ വന്ദ്യ വൈദികനാണെന്നുള്ള വസ്തുത അധികം പേർ മനസ്സിലാക്കിയിട്ടുണ്ടോയെന്ന് സംശയിക്കണം. തങ്ങളുടെ ബഥനി സന്യാസസമൂഹങ്ങൾക്കു പുനരൈക്യപ്രസ്ഥനത്തിലുള്ള പ്രമുഖസ്ഥാനം ഗ്രഹിച്ചിരുന്ന മോൺ അച്ചൻ ഈ സമൂഹങ്ങളുടെ വികസനത്തിൽ എന്നും അതീവതല്പരനായി വർത്തിച്ചിരുന്നു.

ദീനാനുകമ്പ ഈ ലോകോപകാരിയുടെ വേറൊരു പ്രധാന സ്നേഹസ്ഫുരണമായിരുന്നു. നിസ്സഹായരായ എത്രയോ അഗതികൾ എല്ലാവരാലും പരിത്യക്തരായിട്ടും മോൺ. അച്ചന്റെ അടുക്കൽ വന്നു സഹായാശ്വാസം പ്രാപിച്ചു സന്തോഷനിർവൃതിയടഞ്ഞു പോകുന്നതു കാണുവാൻ എനിക്കു

www.malankaralibrary.com

സാധിച്ചിട്ടുണ്ട്. ആകയാൽ ഏതുവിധ നിരാലംബരും ആശാകിരണങ്ങളാൽ പ്രഫുല്ലമായ അവരുടെ ദൃഷ്ടികൾ ആ ദീനബന്ധുവിലേക്കു തിരിക്കുമായിരുന്നു. ഇങ്ങനെയെല്ലാം നാനാജാതി മതസ്ഥർക്കും അച്ചൻ പ്രിയങ്കരനായെങ്കിൽ അതിൽ തെല്ലും അദ്ഭുതത്തിനവകാശമില്ലല്ലോ.

ചിരിച്ചുകൊണ്ടു സഹിക്കുകയെന്നത് അദ്ദേഹത്തിന്റെ ഏററവും ഹൃദയാവർജ്ജമായ സ്നേഹപ്രകാശനമായിരുന്നു. അച്ചന്റെ ജീവിതത്തിലെ അന്ത്യരംഗങ്ങളിൽ ഈ സുകൃതപരിമളം കൂടുതൽ ആസ്വാദ്യതരമായിരുന്നു. പ്രതിവിധി കണ്ടുപിടിക്കാത്ത യാതനാപൂർണ്ണമായ ഒരു രോഗം അച്ചന്റെ ജീവനെ കാർന്നെടുത്തുക്കൊണ്ടിരുന്നെങ്കിലും സദാ സുസ്മേരവദനനായും ഫലിതപ്രിയനായും അദ്ദേഹം കാണപ്പെട്ടിരുന്നു. ഇങ്ങനെ ആസ്പത്രിയിൽ വെച്ച് അച്ചനെ സമീപിച്ചിരുന്ന സകലരും അദ്ദേഹത്താൽ ആകൃഷ്ടരായിരുന്നു. കുളിമുറിയിൽ പോയി ഉഗ്രവേദനയോടുകൂടിയ ഛർദ്ദിലിനു ദീർഘസമയം വിധേയനായ ശേഷം ഇറങ്ങിവരുമ്പോൾ ഈ ത്യാഗവീരൻ പൊഴിച്ചിരുന്ന പുഞ്ചിരി ആരെയാണ് അഗാധമായി സ്പർശിക്കാത്തത്? തിരുവനന്തപുരം ആർച്ച്ബിഷപ്പ് തിരുമേനി അന്ത്യകുദാശ നല്കുവാനെത്തിയപ്പോഴേക്കും സന്തോഷാതിരേകത്തോടും ദൃഢഭക്തിയോടുംകൂടി ഈ മാതൃകാപുരോഹിതൻ അതിനായി ഒരുങ്ങുകയും അതു സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം ദൈവസ്നേഹപൂരിതനായി പ്രാർത്ഥിച്ചും അദ്ധ്വാനിച്ചും സഹിച്ചും ചിരിച്ചും ഒരു സ്നേഹബലിയായി ദഹിച്ച് ഈ പാവനാത്മാവും സ്നേഹരക്ഷകന്റെ സന്നിധിയിലേക്കു പറന്നുപോയി. എനിക്കും ഏവർക്കും സ്വർഗ്ഗത്തിൽ നിന്ന് ഈ ദൈവസ്നേഹി പ്രാപിച്ചുതരുന്ന അനുഗ്രഹവർഷമൂലം ലോകാന്ധരത്തിലെ ഒരാശാദീപമായി ഇദ്ദേഹം പ്രശോഭിക്കുന്നുയെങ്കിൽ അത് അവിടുത്തെ വിശ്വസ്ത ശുശ്രൂഷികൾക്കു ദൈവം നല്കുന്ന ഉദാരമായ പ്രതിസമ്മാനമാണെന്നോർത്ത് അത് പ്രാപിക്കുവാൻ നമുക്കും സുസ്ഥിരം പരിശ്രമിക്കാം.

## Benedict Mar Gregorios
### Archbishop of Trivandrum

Monsingor John Kachiramattam was a shining example of every priestly virtue. His profound humility, spirit of sacrifice and zeal for souls were specially remarkable. His death was a great loss. But we have now a strong advocate before God. May his example of fidelity and devotion be an inspiration for all.

www.malankaralibrary.com

# വെരി റവ.മോൺ.ജോൺ കച്ചിറമറ്റം ആനിക്കാടു ബേതലഹേം പള്ളിയിൽ

## വി.ഓ. വർഗ്ഗീസ് ആനിക്കാട്

1956-ൽ പെ.ബ.ജോണച്ചനാണ് പുതിയ വികാരിയായി വരുന്നതെന്നറിഞ്ഞപ്പോൾ, പൂർവ്വവികാരിയച്ചന്റെ സ്ഥലമാറ്റം മൂലമുണ്ടായ സങ്കടം വളരെയധികം ശമിച്ചു. മുമ്പുതന്നെ പല വിധത്തിൽ ബ.ജോണച്ചനുമായി മിക്കവാറും എല്ലാവരും തന്നെ പരിചയപ്പെട്ടിട്ടുണ്ടായിരുന്നു, എന്നു മാത്രമല്ല അദ്ദേഹത്തെപ്പറ്റി വലിയ മതിപ്പ് എല്ലാവർക്കുമുണ്ടായിരുന്നു. രൂപതയുടെ അഡ്മിനിസ്ട്രേറ്റർ, ഭക്തസംഘടനകളുടെ അദ്ധ്യക്ഷൻ എന്നീ നിലകളിൽ അദ്ദേഹം പ്രവൃത്തിച്ചിട്ടുണ്ടായിരുന്നതിനാൽ, ആ പരിചയസമ്പത്തുള്ള ഈ ഇടവകയ്ക്കും സ്ക്കൂളിനും ഒരു വലിയ അനുഗ്രഹമായിത്തീരുമെന്നു ആശിച്ചു.

അദ്ദേഹത്തിന്റെ പാണ്ഡിത്യം, ലളിതജീവിതം, സൗമനസ്യം, ശാന്തഗംഭീര സ്വഭാവം എന്നിവ വളരെ വേഗം ഏവരെയും സ്പർശിക്കുകയും തദ്വാരാ ഒരു നവോത്ഥാനം ഇടവകയിൽ ദർശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആനിക്കാടുതന്നെ അദ്ദേഹത്തിന്റെ അവസാന പ്രവർത്തനരംഗമാണെന്നുള്ള വാസ്തവം, മറ്റുള്ളവർക്കു മനസ്സിലായില്ലെങ്കിലും, അദ്ദേഹത്തിനു ബോദ്ധ്യമായിരുന്നുവെന്നു വേണം കരുതുവാൻ. ആരംഭം മുതൽ ക്ഷീണം അദ്ദേഹത്തിന് അനുഭവപ്പെട്ടു. എങ്കിലും മറ്റാരെയും അറിയിക്കാതെ ജോലികൾ നടത്തികൊണ്ടിരുന്നു. പള്ളികാര്യങ്ങളിലും സ്ക്കൂൾ കാര്യങ്ങളിലും അദ്ദേഹത്തിന്റെ കഴിവിനപ്പുറമായി, "ആകയാൽ ഇപ്പോൾ നമുക്കി സമയമുള്ളടത്തോളം സകല മനുഷ്യർക്കും, മുഖ്യമായി സഹവിശ്വാസികൾക്കും, നന്മ ചെയ്യണം". ഗലാ 6.10 എന്ന പൗലോസ് അപ്പസ്തോലന്റെ ആദർശത്തിൽ പ്രവർത്തിച്ചു. "സർവ്വവും ദൈവസ്നേഹത്തപ്രതി" എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. പള്ളിയിൽ ചെയ്ത ആദ്യത്തെ പ്രസംഗം ഈശോയുടെ തിരുഹൃദയത്തിന്റെ പടം ചൂണ്ടികാണിച്ചു കൊണ്ടിയിരുന്നു. രണ്ടു കാര്യങ്ങൾ അദ്ദേഹം അതിൽ ചൂണ്ടികാണിച്ചു. ഈശോയിക്ക് മനുഷ്യരോടുള്ള എരിയുന്ന സ്നേഹം; രണ്ടാമത് ഈശോ മനുഷ്യരിൽ നിന്നാവശ്യപ്പെടുന്ന അതേ രീതിയിലുള്ള പ്രതിസ്നേഹം. സമസൃഷ്ടങ്ങൾക്കു-അവർ ഏതു വിശ്വാസത്തിലുൾപ്പെട്ടവരാകട്ടെ-ആത്മീയവും ശാരീരികവുമായി ഉപകാരം ചെയ്തുകൊടുക്കുന്നതാണ്, ഈശോയോടുള്ള പ്രതിസ്നേഹത്തിന്റെ പ്രയോഗമെന്നു വ്യക്തമാക്കുന്നതിൽ നിന്നു അവസാനംവരെ അദ്ദേഹം പിന്മാറിയില്ല.

www.malankaralibrary.com

പ്രാർത്ഥന വ്യക്തി ജീവിതത്തിലും കുടുംബത്തിലും അത്യന്താപേക്ഷിതമാണെന്നു കരുതുകയും, പ്രാർത്ഥനാജീവിതത്തിൽ സ്ഥായിയായി കുടുംബാംഗങ്ങളെ ഉറപ്പിക്കുന്നതിന്, തന്റെ ആരോഗ്യത്തെ അവഗണിച്ച് ഓരോ കുടുംബം സന്ദർശിക്കുകയും കുടുംബാംഗങ്ങൾ ഒരുമിച്ചു പ്രാർത്ഥന നടത്തുകയും ചെയ്തിരുന്നത് വിസ്മരിക്കാവുന്നതല്ല. കല്ലും മുള്ളും ചവുട്ടി, കുന്നും മലയും കയറിയുള്ള ഈ നടപ്പ് ഏവരേയും അതിശയിപ്പിക്കത്തക്കതായിരുന്നു. ഗൃഹസന്ദർശനവും വ്യക്തിപരമായ സംഭാഷണവും ആളുകളെ പ്രാർത്ഥനാജീവിതത്തിൽ ഉത്സുകരാക്കിത്തീർത്തു. ഇപ്രകാരം അദ്ധ്യാത്മികമായ കാര്യങ്ങളിലുണ്ടാകുന്ന മന്ദത പരിഹരിക്കാമെന്നു അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു.

"അനുസരണം ബലിയേക്കാൾ നല്ലതാകുന്നു" എന്ന് അദ്ദേഹം മാതൃക കൊണ്ടു പഠിപ്പിച്ചു. തിരുസഭാധികാരികളുടെ കല്പനകൾ, ഏറ്റവും ആത്മാർത്ഥതയോടെ നടപ്പിലാക്കാൻ അദ്ദേഹത്തിനു പ്രത്യേക താല്പര്യമുണ്ടായിരുന്നു.

പള്ളിയുടേയും സ്ക്കൂളിന്റെയും അഭിവൃദ്ധിക്കുവേണ്ടി പല പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും അവയൊന്നുംതന്നെ പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. തന്റെ അജഗണങ്ങളുടെ അദ്ധ്യാത്മിക ജ്ഞാനാഭിവൃദ്ധിയെ ലക്ഷീകരിച്ചു പള്ളിവക ലൈബ്രറി വിപുലപ്പെടുത്തുകയും, അവരെ സൽഗ്രന്ഥപാരായണത്തിൽ ഉത്സുകരാക്കുകയും ചെയ്തു.

പള്ളിക്ക് ഒരു കുരിശ്ശടി അത്യാവശ്യമാണെന്നും അദ്ദേഹം വിശ്വസിച്ചു, പ്രാരംഭനടപടിയായി ഒരു ലോട്ടറി നടത്തി തുച്ഛമായ ഒരു തുകയുണ്ടാക്കി. അദ്ദേഹം തന്നെ ഒരു നല്ല സംഭവന ചെയ്യാമെന്നു വാഗ്ദാനം ചെയ്തെങ്കിലും, അത് സ്വീകരിക്കുവാനുള്ള ഭാഗ്യം ഈ ഇടവകയ്ക്ക് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ആ ആഗ്രഹം അതേപടി ഇരിക്കുന്നതേയുള്ളൂ.

ഏവം വിധം തന്റെ മഹത്തായ സേവനം പുരോഗമിപ്പിച്ചു കൊണ്ടിരിക്കവേ, ജോലിക്കു വിരാമമിട്ടു നിത്യതയിൽ വിശ്രമിക്കുന്നതിനു സ്വർഗ്ഗീയനാഥന്റെ ആജ്ഞയുണ്ടായി. ബ.ജോണച്ചന്റെ സ്മരണ ഈ സ്ഥലത്തും, ഈ ഇടവകയിലും, ഹൈസ്ക്കൂളിലും ഒരിക്കലും അസ്തമിക്കയില്ല.

## Mar Thomas Tharayil

Bishop of Kottayam

I had the happiness to come into close contact with the late Monsingnor John Kachiramattam. He was a missionary in the country and he dedicated his life to the re-union movement in Kerala. May his soul rest in peace!

www.malankaralibrary.com

# മോൺ. കച്ചിറമറ്റത്തിന്റെ ശവകുടീരത്തിങ്കൽ

## (ഫാ.റ്റി.സി. ജോസഫ് ബി.എ.)

രാമപുരം ഫൊറോനാപ്പള്ളി വികാരിയായിവന്ന അവസരം എനിക്കു പല സഹപാഠികളുമായുള്ള സുഹൃദ്ബന്ധം പുതുക്കാനുള്ള ഒരു അസുലഭസന്ദർഭമായിത്തീർന്നു. എന്നാൽ, ഇവരിൽ പ്രഥമഗണനീയനാകുമായിരുന്ന ഈ ഇടവകക്കാരൻ മോൺ.ജോൺ കച്ചിറമറ്റത്തിന്റെ ശവകുടീരത്തിങ്കൽ പ്രാർത്ഥിക്കാനാണ് എനിക്കിടയായത്.

ഈ സ്മാരകഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ ലഘുവായ ഒരു പങ്കെങ്കിലും വഹിക്കണമെന്നുള്ള സ്മാരകസമിതിയുടെ അപേക്ഷയെ ആദരിക്കുന്നതിൽ അതീവ സന്തോഷമുണ്ട്.

ചങ്ങനാശ്ശേരിയിലെ പാറേൽ ഹോസ്റ്റലിൽ ഞങ്ങൾ ഒന്നിച്ചു താമസിച്ചിരുന്ന കാലഘട്ടം ഇന്നും എന്റെ സ്മൃതീപഥത്തിൽ മായാതെ നിലകൊള്ളുകയാണ്.

ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാണ് എന്നത് അദ്ദേഹത്തെ സംബന്ധിച്ച അന്വർത്ഥമായിരുന്നു. വിവിധ രംഗങ്ങളിലേ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ദൈവഭയത്തിൽ അധിഷ്ടിതമായിരുന്നു. അദ്ദേഹം ഒരു പ്രഗത്ഭനായ മാതൃകാവിദ്യാർത്ഥിയായിരുന്നെന്നു പറഞ്ഞാൽ എല്ലാം കഴിഞ്ഞു. ഒരു കാര്യംമാത്രം പ്രത്യേകം പ്രസ്താവിക്കുന്നു.

വിനയാന്വിതനായിരുന്നതോടൊപ്പം വിവിധ രംഗങ്ങളിൽ കൃത്യനിഷ്ഠയും ശിക്ഷ ണബോധവും പുലർത്താൻ പരിശ്രമിച്ചിരുന്നു. ബന്ധപ്പെട്ടവരുടെ തെറ്റുകൾ നിർദ്ദാക്ഷിണ്യം ചൂണ്ടിക്കാണിച്ചു തിരുത്തിച്ചിരുന്നു. ഈ സന്ദർഭങ്ങളിൽ സ്വരത്തിലോ ഭാവത്തിലോ ആക്ഷേപം ലേശവും കലർന്നിരുന്നില്ല.

അന്നുദർശിച്ച അമൂല്യഗുണങ്ങൾ അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതത്തിൽ പരിപൂഷ്ടമായി ശോഭിച്ചുവെന്ന് എനിക്ക് അനന്തരകാലങ്ങളിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

ദീർഘകാലംകൊണ്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾ ഹ്രസ്വകാലംകൊണ്ട് ചെയ്തു തീർത്തതിന് സമ്മാനമായി അദ്ദേഹം കാലേക്കൂട്ടി നിത്യസൗഭാഗ്യത്തിലേക്ക് ക്ഷണിക്കപ്പെട്ടു എന്നു തന്നെ നമുക്ക് വിശ്വസിക്കാം.

ഈ ലഘുലേഖനം അദ്ദേഹത്തിന്റെ ശവകുടീരത്തിങ്കൽ അർപ്പിക്കുന്ന ഒരു ആദരാഞ്ജലിയായിത്തീരട്ടെ എന്നു നേർന്നുകൊണ്ടു വിരമിക്കുന്നു.

www.malankaralibrary.com

# മോൺ. ജോൺ കച്ചിറമറ്റവും മാർ കരിയാറ്റിക്കമ്മേറ്റിയും

## (റ്റി.കെ. വർക്കി, ചേർത്തല)

വെരി. റവ.മോൺ. ജോൺ കച്ചിറമറ്റം, പലർക്കും പ്രിയപ്പെട്ട മധുരമയമായ ഒരു നാമമായിരുന്നു ഇത്. നമേവരുടേയും സ്നേഹഭാജനമായ ആ അഭിവന്ദ്യസുഹൃത്ത് ഇന്ന് യശഃശ്ശരീരൻ മാത്രമാണ്. ആ "മാടപ്രാവ്" നമ്മെവിട്ടു കാരുണ്യനിധിയായ തന്റെ സ്രഷ്ടാവിന്റെ പക്കലേക്കു പറന്നുപോയി. അതേ, അതേസമയം ഇങ്ങിനിവരാത്തവണ്ണം നമ്മിൽ നിന്നും പറന്നകന്നുപോയി.

അദ്ദേഹം നിഷ്കളങ്കനായിരുന്നു. ആർക്കും വലിയൊരു സുഹൃത്തായിരുന്നു. ആരിലും വലിപ്പച്ചെറുപ്പം അദ്ദേഹത്തിനില്ലായിരുന്നു. അദ്ദേഹം സർവ്വാത്മനാ ഏവരെയും സ്നേഹിച്ചിരുന്നു. ആരെയും ദ്വേഷിച്ചിരുന്നില്ല. ആരോടും കോപിക്കുമായിരുന്നില്ല. കറുത്ത ഒരു മുഖമോ പരുഷമായ ഒരു വാക്കോ യാതൊരാൾക്കും അദ്ദേഹത്തിൽനിന്നനുഭവപ്പെട്ടിരിക്കയുമില്ല.

അതുപോലെതന്നെ, ഇത്രമേൽ വിനയം കവിഞ്ഞു; ആത്മാർത്ഥത തികഞ്ഞ; സ്നേഹം വിഴിഞ്ഞ; കരുണ നിറഞ്ഞ; സദാ പുഞ്ചിരിപ്പൂനിലാവണിഞ്ഞ ആ മുഖപത്മം നമുക്കാർക്കും പെട്ടെന്നു മറക്കാനാവുകയില്ല. ആരുടേയും മനോദർപ്പണത്തിൽ നിന്നതു തേഞ്ഞുമാഞ്ഞു പോകയുമില്ല.

അദ്ദേഹം നമ്മോടൊത്തു ദീർഘകാലം ജീവിച്ചില്ലായിരിക്കാം. എങ്കിലും ചുരുങ്ങിയ ആ ജീവിതകാലമത്രയും സ്രഷ്ടാവിന്റെ കല്പനകളെ അക്ഷരംപ്രതി അദ്ദേഹം അനുസരിച്ചു. സ്രഷ്ടാവിനെ സർവ്വാത്മനാ അദ്ദേഹം സേവിച്ചു. തന്റെ ഓട്ടം ശരിയായി ഓടി. ദൈവത്തിനും സഭയ്ക്കും സമുദായത്തിനുംവേണ്ടി കഷ്ടപ്പെട്ടുതന്നെ അദ്ദേഹം ഓടി. അയച്ചവൻ വിളിച്ച ക്ഷണത്തിൽ, തന്റെ ഓട്ടം സസന്തോഷം നിറുത്തി. സൗഭാഗ്യകരവും, സന്തോഷ സന്ദായകവും ആയ നിത്യസമ്മാനം അദ്ദേഹം നേടുകയും ചെയ്തിരിക്കും.

* * * * * *

എന്റെയും ഒരു അഭിവന്ദ്യ സുഹൃത്തായിരുന്നു അദ്ദേഹം. ഒരു വൈദികനായി പൊതുജീവിതരംഗത്ത് അദ്ദേഹം പ്രവേശിച്ചു. സഭാ പുനരൈക്യം അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യമായിരുന്നു. ക്ലേശഭ്രയിഷ്ടമായ ആ

www.malankaralibrary.com

പന്ഥാവിൽകൂടി അദ്ദേഹം വിശ്രമരഹിതനായി പ്രയാണം ചെയ്തു. ആ അന്തരീക്ഷത്തിൽ അദ്ദേഹം ഉയർന്നു പ്രകാശിക്കുകയും ചെയ്തു. ആ കാല സന്ധിയിൽ സ്മര്യപുരുഷനോടു പരിചയവും ചെറിയൊരു സുഹൃദ്ബന്ധവും ഭാഗ്യവശാൽ ഈ എനിക്കും ലബ്ദമായി. എങ്കിലും "മാർ കരിയാറ്റി ക്കമറ്റി"യിൽ ഞങ്ങൾ സഹപ്രവർത്തകരായതോടുകൂടിയാണ്, ആ സ്നേഹ ലത ഞങ്ങളിൽ പരിപുഷ്ടമായി വളർന്നുല്ലസിച്ചു മൊട്ടിട്ടു വികസിച്ചത്. അതിനുശേഷം ഞങ്ങൾ സുദൃഢബന്ധത്തിലും നിരന്തരസമ്പർക്കത്തിലും ആയിരുന്നു. പരസ്പരം ധാരാളം കത്തുകൾ എഴുതിയിട്ടുണ്ട്. ഇടയ്ക്കിടെ കണ്ടിട്ടുമുണ്ട്, ചരമത്തിന് ഏറ്റവും അടുത്ത ദിവസം മെഡിക്കൽ കോളേജിൽ നിന്നും ഓപ്പറേഷനുശേഷം എനിക്കയച്ച ഒരു കത്തിലും, തനിക്കു വളരെ ആശ്വാസമുണ്ടെന്നും ഞാൻ ബുദ്ധിമുട്ടി തിരുവനന്തപുരത്തിനു വരേണ്ടാ എന്നും സ്നേഹപൂർവ്വം അദ്ദേഹം എനിക്കെഴുതിയിരുന്നു. ആ എഴുത്തു ഞാൻ പരിപൂർണ്ണം വിശ്വസിച്ചു. പെട്ടെന്നു സുഖപ്രാപ്തനായി ആരോഗ്യ പൂർവ്വം അദ്ദേഹത്തെ കാണുവാൻ പ്രാർത്ഥനാപൂർവ്വം ശുഭപ്രതീക്ഷയോടെ ഞാൻ കാത്തിരിക്കുകയും ആയിരുന്നു.

എന്നാൽ, അദ്ദേഹം ദിവംഗതനായി എന്നുള്ള 'ദീപിക' പത്രത്തിലെ ആ വാർത്ത കണ്ടു ഞാൻ പെട്ടെന്നു ഞെട്ടിപ്പോയി ഇതികർത്തവ്യതാ മൂഢനായി കുറേനേരം ഇരുന്നയിരിപ്പിൽ അമ്പരന്നു ഞാനിരുന്നുപോയി. മുൻ എഴുത്തു വിശ്വസിച്ചു തിരുവനന്തപുരം യാത്ര മാറ്റിവെച്ച എന്റെ വിചാരശൂന്യതയേപ്പറ്റിയും നികത്താനാവാത്ത ഈ നഷ്ടത്തെപ്പറ്റിയും ഓർത്ത് ഞാൻ സ്വയം കണ്ണീർകണങ്ങൾ പൊഴിച്ചുപോയി. എന്നിരുന്നാലും ഇനി ഉള്ള സമയം ഒട്ടും പാഴിലാക്കാതെ ആ അഭിവന്ദ്യ സുഹൃത്തിന്റെ മൃതശരീരമെങ്കിലും ഒരുനോക്ക് കണ്ട് അന്ത്യോപചാരങ്ങൾ അർപ്പി ക്കുകയാണു വേണ്ടതെന്നു തൽക്ഷണം ഞാൻ നിശ്ചയിച്ചു. പെട്ടെന്നു യാത്ര യ്ക്കും തയ്യാറായി. കാലത്ത് സ്വഗ്രഹത്തിൽ നിന്നു കോട്ടയംവഴി തിരുവല്ലാ ലക്ഷ്യമാക്കി രണ്ടും കല്പിച്ചു ഞാൻ പുറപ്പെടുകയും ചെയ്തു.

വൈക്കം ഏറ്റുമാനൂർ കോട്ടയംവഴി സമയം ഒട്ടും നഷ്ടപ്പെടാതെ തിരുവല്ലാ ലക്ഷ്യമാക്കി പുറപ്പെട്ടു ഞാൻ, ഉച്ചയോടുകൂടി ചങ്ങനാശ്ശേരിയും കഴിഞ്ഞു രണ്ടു മൈലോളം അപ്പുറത്തെത്തിയപ്പോൾ, എന്റെ ബസ്സിനെതിരേ വന്ന കറുത്ത കൊടിവെച്ച ഏതാനും കാറുകളുടെ ശീഘ്രഗമനവും അതിലേ ആളുകളേയും കണ്ടു ഞാൻ കാര്യം ഗ്രഹിച്ചു. എന്റെ വാഹനം നിർത്തിച്ചു താഴെയിറങ്ങി കഴിയും വേഗത്തിൽ തിര്യേ ഞാനും യാത്രതുടർന്നു. പക്ഷേ ബസ്സുകിട്ടാൻ അവിടവിടെ കാത്തുനിന്നും മാറിക്കേറി യാത്ര ചെയ്തും ദാഹവും വിശപ്പും ക്ഷീണവും എല്ലാം വിസ്മരിച്ചും വൈകുന്നേരം ഞാൻ പാലായിലെത്തി. എന്റെ ഒരു ബന്ധുവിന്റെ ഫോണിൽ സംസ്കാരം സംബന്ധിച്ച വിവരങ്ങൾ മെത്രാസന അരമനയിലുംമറ്റും വീണ്ടും ഞാൻ

www.malankaralibrary.com

അന്വേഷിച്ചു. ബസ്സുടനെ ഇല്ലായിരുന്നെങ്കിലും വീണ്ടും ആശാകുലനായി ഒരു ടാക്സിക്കാറിനു വേണ്ടി വളരെ ശ്രമിച്ചതിൽ അതും വിഫലമായി. എങ്കിലും നേരിയ ഒരാശയോടെ അടുത്ത ബസ്സിൽ രാമപുരം കവലവരെ ഞാൻ ഒരു വിധം ചെന്നു ചേർന്നു. തത്സമയം സമയം സന്ധ്യാമയക്കലിൽ ജനസഞ്ചയം സംസ്കാരചടങ്ങുകൾ കഴിഞ്ഞു പള്ളിവളപ്പിൽ നിന്നും റോഡിലേക്കു പ്രവഹിക്കുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. എന്തിന്? എന്നില വശേഷിച്ചിരുന്ന നേരിയ ആ ആശാതന്തുവും പെട്ടെന്നു പൊട്ടിത്തകർന്നു പറന്നു പോയി. ഞാൻ ആ സുദിനത്തിൽ പകൽ മുഴുവൻ നടത്തിയ അതി ക്ലേശകരമായ സർവ്വ പരിശ്രമങ്ങളെയും പരാജയപ്പെടുത്തി വ്യർത്ഥമാക്കിയ എന്റെ ഭാഗ്യദോഷമോർത്തു മനസ്സുനീറി കുണ്ഠിതപ്പെട്ടുകൊണ്ടു അതേ ബസ്സിൽത്തന്നെ ഞാൻ സ്ഥലം വിട്ടുപോരുകയാണുണ്ടായത്.

വിഷയം വിട്ടു ദീർഘമായിപ്പോയ ഈ പ്രാരംഭം ഗ്രന്ഥ പ്രസാധകരും വായനക്കാരും സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഈ സ്മാരകഗ്രന്ഥ പ്രസ്ഥാനം "നാമ്പെടുത്തതിൽ" വിനീതനായ എനിക്കും ലഘുവായതെങ്കിലും സാരമായ ഒരു പങ്കുണ്ട്. അതേപ്പറ്റിയും രണ്ടുവാക്കു പറയാതെ തരമില്ല. പെ.ബ. ജോണച്ചന്റെ ചരമത്തിൽ അനുശോചിച്ചു പിന്നീട് രാമപുരത്തുവച്ച് അഭിവന്ദ്യ തിരുവല്ലാ മെത്രാനച്ചൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട മഹാസമ്മേളനത്തിലെ ആദ്യ പ്രസംഗകനാകുവാൻ ഭാഗ്യമുണ്ടായ ഞാൻ ഇപ്രകാരം ഒരു "സ്മാരകഗ്രന്ഥത്തെ"പ്പറ്റി ഒരാശയവും ആ മഹാസദസ്സിൽ നവമായി അവതരിപ്പിച്ചിരുന്നു. നിവൃത്തിയില്ലാത്ത ഒരത്യാവശ്യം മൂലം, ഗത്യന്തരമില്ലാതെ പ്രസംഗാനന്തരം പെട്ടെന്നു സ്ഥലം വിട്ടു സ്വദേശത്തേക്കു പോന്ന എനിക്ക്, അന്നു ഞാൻ സദസ്സിൽ പ്രകടിപ്പിച്ച ഈ സ്മാരക ഗ്രന്ഥകാര്യം ആ യോഗം സഹർഷം സ്വീകരിച്ച് അതിന്റെ നിർവ്വഹണാർത്ഥം അപ്പോൾ തന്നെ ഒരു കമ്മറ്റിയും സ്വീകരിച്ചുവെന്നു പിന്നീടറിയുവാൻ കഴിഞ്ഞു. ഈ മഹനീയ ഗ്രന്ഥത്തിൽ ഇപ്രകാരം ഒരു അദ്ധ്യായം സൃഷ്ടിക്കുക സസന്തോഷം എന്നെയും പ്രവർത്തകർ ഉടനെ ഭാഗഭാക്കാക്കി വിവരമറിയിക്കുകയും ചെയ്തു. ഞാൻ ആഹ്ളാദപൂർവ്വം അതു സ്വീകരിക്കുകയും, ഇടയ്ക്കു കാര്യവശാൽ അല്പം നിദ്രാധീനരായിപ്പോയ പ്രവർത്തകരിൽ ചിലർക്കു കത്തുമൂലം ഉത്തേജനം നല്കുകയും ചെയ്തിരുന്നു. അങ്ങനെ സുന്ദരമായി രൂപം പ്രാപിക്കുന്ന ഈ സ്മാരക ഗ്രന്ഥത്തിൽ മറ്റാരേക്കാളും ആഹ്ളാദചിത്തനുമാണു ഞാൻ.

മാർ കരിയാറ്റി മെത്രാപ്പോലീത്താ; മാർ കരിയാറ്റിക്കമ്മറ്റി; ആ കമ്മറ്റിയുടെ പ്രവർത്തനത്തിൽ പെ.ബ. ജോണച്ചന്റെ ഭാഗഭാഗിത്വം; കമ്മറ്റിയുടെ വിജയകരമായ പ്രവർത്തനസമാപ്തി; ആലങ്ങാട്ടു സമാപനച്ചടങ്ങുകളിൽ പെ.ബ. ജോണച്ചന്റെ പേരിലുള്ള സമുദായത്തിന്റെ അനുസ്മരണ എന്നിവയെപ്പറ്റിയാണു അടുത്തതായും സംക്ഷിപ്തമായും എനിക്കിനി പ്രതിപാദിക്കുവാനുള്ളത്.

www.malankaralibrary.com

## മാർ കരിയാറ്റി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

ശ്രീ. ടി.കെ. വർക്കി മാർ കരിയാറ്റിയെയും മാർ കരിയാറ്റി കമ്മറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് അതേപടി താഴെ ചേർക്കുന്നു.

കേരള ക്രൈസ്തവചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചു വിരാജിക്കുന്ന ഒരു പുണ്യശ്ലോകനാണു കരിയാറ്റിമാർ ജോസഫ് മെത്രാപ്പോലീത്താ. നീണ്ട രണ്ടു ശതാബ്ദങ്ങൾക്കുമുമ്പ് മലയാളികളിൽ നിന്നെന്നല്ല, ഭാരതീയരിൽ നിന്നുതന്നെ ഇദംപ്രഥമമായി അലയാഴികൾ കടന്നു യൂറോപ്പിലെത്തി. വിവിധ പാശ്ചാത്യഭാഷകളിൽ പ്രാവീണ്യം നേടിയ പണ്ഡിത വരേണ്യൻ; ഭാരതത്തിലെ വൈദികപുംഗവന്മാരിൽനിന്നു റോമിലെ വിശ്വവിശ്രുതമായ "ഉർബൻ" വൈദികപാഠശാലയിലെ പി.എച്ച്.ഡി;ഡി.ഡി.ഡി; തുടങ്ങിയ അസുലഭ ഡിഗ്രികൾ രണ്ടു ശതകങ്ങൾക്കുമുമ്പേതന്നെ നേടിയ അസാധാരണധീഷണാശാലി; സ്വന്തം ജീവിതംപോലും അപകടത്തിലായേക്കുമെന്നു മുൻക്കൂട്ടി ഗ്രഹിച്ചുകൊണ്ടുതന്നെ,കേരളത്തിലെ യാക്കോബായ പുനരൈക്യത്തിനായുംമറ്റും സമുദായശ്രേയസ്സിനെ മുൻ നിറുത്തി രംഗത്തിറങ്ങിയ ത്യാഗമൂർത്തിയായ വീരയോദ്ധാവ്; ഭാരതീയരിൽ നിന്നുതന്നെ ഇദംപ്രഥമമായി വാഴ്ചയേറ്റ കേരളത്തിലെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്താ; എന്നിങ്ങനെ വിവിധനിലകളിൽ ചരിത്രപ്രകീർത്തിതനും അവിസ്മരണീയനും കേരളത്തിലെ ക്രൈസ്തവസമുദായത്തിന്റെ ആരാധ്യപുരുഷനും ആയിരുന്നു ഇദ്ദേഹം. ആലിങ്ങാട്ടിടവകയിൽ ഒരു പാവപ്പെട്ട കുടുംബത്തിൽ ആയിരുന്നു ജനനമെങ്കിലും സ്വന്തം ബുദ്ധിവൈഭവവും സ്വഭാവവൈശിഷ്ട്യവും ദൈവാനുഗ്രഹവുകൊണ്ടു കാലത്തിന്റെ തികവിൽ ഇദ്ദേഹം സമുദായാരാധ്യനായിത്തീർന്നു. ഒരു വ്യാഴവട്ടക്കാലം വിദേശത്തു താമസിച്ച വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി സമ്മുന്നത ഡിഗ്രികളോടുകൂടി സ്വന്തം നാട്ടിലെത്തിയ യുവവൈദികനായ ഇദ്ദേഹത്തെ ആലങ്ങാട്ടു സെമിനാരിയിലെ പ്രധാന മല്പാനായി അധികാരികൾ നിശ്ചയിച്ചു. അങ്ങനെ സഭാസേവനവും സമുദായസേവനവും പ്രാഗത്ഭ്യത്തോടെ അദ്ദേഹമാരംഭിച്ചു.

അദ്ദേഹത്തിന്റെ ഈ പ്രവർത്തനകാലത്തിന് ഒരു ദശാബ്ദം മുമ്പായി പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണനുകത്തിലമന്നിരുന്ന കേരളസുറിയാനി സമുദായം പൊറുതിമുട്ടി കൂനൻകുരിശ്ശുസത്യമൂലം പഴയകൂർ പുത്തൻകൂർ ചേരിതിരിവുണ്ടായ പ്രക്ഷോപണചരിത്രം സുപ്രസിദ്ധമാണ്. പള്ളിവീട്ടിൽ ചാണ്ടിമെത്രാനെ കേരളസുറിയാനിസഭയുടെ ഏകദ്ദേശീയമെത്രാനായി വാഴിച്ചതോടെ ആ പ്രക്ഷോപണം ഏതാണ്ട് എരിഞ്ഞടങ്ങുകയും അദ്ദേഹത്തിന്റെയും മറ്റും പരിശ്രമത്തിൽ പുത്തൻക്കൂറിലേക്കു തിരിഞ്ഞ വലിയൊരു ജനത പൂർവ്വസഭയെ അക്കാലത്തുതന്നെ ആശ്ലേഷിക്കുകയും ചെയ്തു.

www.malankaralibrary.com

ചാണ്ടിമെത്രാനു ശേഷം ഭരണം വീണ്ടും പോർട്ടുഗീസ് പിടിയിലായി. എങ്കിലും ഒരു ശതാബ്ദക്കാലത്തോളം സമുദായാന്തരീക്ഷം ഏതാണ്ട് ശാന്തമായി ഇഴഞ്ഞു കടന്നുപോകുന്ന കാലഘട്ടമായിരുന്നു കരിയാറ്റി മല്പാന്റേയും മറ്റും ഈ പ്രവർത്തനകാലം. അക്കാലത്ത് യാക്കോബായ വിശ്വാസത്തിൽ എൺപതിനായിരത്തോളം പുത്തൻകൂറ്റംകാർ 6-ാം മാർത്തോമ്മാ(1-ാം ദിവന്യാസോസ്) മെത്രാന്റെ കീഴിലുണ്ടായിരുന്നു. ഇവരെക്കൂടി മാർപ്പാപ്പയുടെ കൊടിക്കീഴിൽ പുനരൈക്യപ്പെടുത്തുവാൻ കരി യാറ്റിമല്പാനച്ചൻ അത്യദ്ധ്വാനം ചെയ്യുകയും അതിനെ ചില വ്യവ സ്ഥകൾക്കുൾപ്പെട്ട് അവനനുകൂലിക്കുകയും ചെയ്തു. കേരളത്തിലെ സുറി യാനി ജനത ഒന്നടങ്കം ഇതിനെ സ്വാഗതം ചെയ്തുവെങ്കിലും, അന്നത്തെ പോർട്ടുഗീസ് ഭരണാധികാരികൾ അതിനെ ആദരിച്ചില്ല. ഇതും കൂടി യായപ്പോൾ കൂനൻ കുരിശുപ്രക്ഷോപണകാല മെന്നതുപോലെ വിദേശ ഭരണത്തെ കേരള ജനത ഒന്നടങ്കം എതിർക്കുന്ന ഒരു പ്രക്ഷോപണസ്ഥിതി സംജാതമായി. കേരളത്തിലെ സുറിയാനിപള്ളി പ്രതിനിധികളും വൈദികരും അങ്കമാലിപ്പള്ളിയിൽ ഒരുമിച്ചുകൂടി ഈ കാര്യത്തെപ്പറ്റി നിവർത്തിമാർഗ്ഗമാ രാഞ്ഞു ചർച്ചതുടങ്ങി. ആലോചന കുറേദിവസം നീണ്ടുനിന്നു. വളരെയേറേ ക്ലേശവും അപകടവും നിറഞ്ഞതാണെങ്കിലും കേരളത്തിൽ നിന്നു രണ്ടു പ്രതിനിധികളെ നേരിട്ടു മാർപ്പാപ്പയുടെ സമക്ഷത്തിലും മറ്റും അയച്ചു നിവർ ത്തിമാർഗ്ഗം തേടുകതന്നെ ചെയ്യണമെന്നും ഈ യാക്കോബായ പുനരൈ ക്യാനുമതിയും കേരളത്തിനുവീണ്ടും തദ്ദേശീയ ഭരണാധികാരവും അതുവഴി സമ്പാദിക്കണമെന്നും ആ അങ്കമാലിയോഗം തീരുമാനിച്ചു. ചരിത്ര പ്രസിദ്ധമായ ആ അങ്കമാലിപ്പടിയോല നിശ്ചയാനുസരണം യോഗം തിര ഞ്ഞെടുത്തു. നിശ്ചയിച്ച പ്രതിനിധികൾ ആലങ്ങാട്ട് സെമിനാരിയിലെ കരിയാറ്റിമല്പാനും കടനാട്പള്ളി വികാരി പാറേമാക്കൽ തോമാകത്തനാ രുമായിരുന്നു. ഇന്നത്തെപ്പോലുള്ള യാതൊരു പരിഷ്കൃതയാത്രാ സൗകര്യങ്ങളും ഇല്ലാത്ത അക്കാലത്തെ ഈ അപൽക്കാരമായ യാത്രയ്ക്ക് നമ്മുടെ പ്രതിനിധികൾ സസന്തോഷം സമ്മതിച്ച താമസസംവിധാനയാത്ര പുറപ്പെടുകയും ചെയ്തു. രാപ്പകൽ നടന്നു കഷ്ടപ്പെട്ട മൂന്നു നാലു മാസം കൊണ്ടാണിവർ അന്ന് മൈലാപ്പൂരിലെത്തിയത്. ഒരു പാക്കപ്പലിൽ പ്രവേശന ത്തിനുതന്നെ വളരെ വിഷമിച്ചു. എങ്കിലും മദ്രാസിൽ നിന്നും കപ്പൽകയറി ദക്ഷിണേന്ത്യ ചുറ്റി ആഫ്രിക്കയിലെത്തി. ആ ഭൂഖണ്ഡവും ചുറ്റി തെക്കേ അമേരിക്കയിലെ ബ്രസീൽ വഴി വീണ്ടു ശാന്തമഹാസമുദ്രം തരണം ചെയ്താണ് കപ്പൽ യൂറോപ്പിലെത്തിയത്. കാറ്റിന്റേയും കാലാവസ്ഥയുടെയും കാരുണ്യംപോലെയാണ് അക്കാലത്ത് കപ്പൽ യാത്ര. നമ്മുടെ പ്രതിനിധികളുടെ കൂടെ യാത്ര ആരംഭിച്ച വളരെയേറേപ്പേർ കപ്പൽ യാത്രയ്ക്കിടയിൽ സാക്രമിക രോഗബാധിതരായി ചത്തൊടുങ്ങി. ഇവരുടെ സുകൃതശക്തി

www.malankaralibrary.com

യാലോ സമുദ്രത്തിന്റെ ഭാഗ്യത്താലോ ഒരു കൊല്ലത്തെ കപ്പൽ യാത്രയ്ക്കു ശേഷം അവർ യൂറോപ്പിൽ കരയ്ക്കിറങ്ങിയെങ്കിലും പ്രതിബന്ധങ്ങൾ വളരെയേറേ പിന്നീടും ഉണ്ടായി. എങ്കിലും വളരെ ക്ഷമയോടും ദൈവാശ്ര യത്തോടും കൂടി കഷ്ടപാടുകൾ ക്ഷമിച്ചു, ത്യാഗബുദ്ധിയോടുകൂടി വർത്തിച്ച തിന്റെ ഫലമായി അവർ വിജയശ്രീ ലാളിതരാവുക ചെയ്തു. യാക്കോബായ പുനരൈക്യകാര്യം, കഴിഞ്ഞ 1930-ൽ കേരളത്തിൽ മാർഇവാനിയോസ് തിരുമേനിയുടെയും മറ്റും പൂർവ്വസഭാവേഴ്ചയെന്നതുപോലെ, മാർപ്പാപ്പാ തിരുമേനിയും തിരുസംഘവും കല്പ്പിച്ചനുവദിച്ചു. കേരള സുറിയാനി സഭയ്ക്ക് സ്വയം ഭരണാവകാശം അനുവദിച്ചതിനു പുറമേ അക്കാലത്ത് ആ സമ്മുന്നത സ്ഥാപനത്തിന് സർവ്വ പ്രേരണയോഗ്യനായിരുന്ന കരിയാറ്റി മല്പനച്ചനെ തന്നെ കൊടുങ്ങല്ലൂർ രൂപതാ മെത്രാപ്പോലീത്തയായി തിരഞ്ഞെ ടുത്തു. ബൂളായും നല്കപ്പെട്ടു. കേരളസഭയുടെ മേൽ ഒരു അധിശാധികാരം ഉണ്ടായിരുന്ന പോർട്ടുഗൽ ഭരണാധിപ മേരി രാജ്ഞിയുടെ പ്രത്യേകം പ്രീതി സമ്പാദിച്ച മെത്രാപ്പോലീത്തായുടെ അഭിഷേക മഹോത്സവം രാജ്ഞിയുടെ തലസ്ഥനമായ ലിസ്ബൺ നഗരിയിൽ വച്ച് രാജോതിതമാം വിധം രാജ്ഞി നടത്തിച്ചു. അന്ന് തന്നെ ഭരണഭാരം കൈയ്യേൽക്കുകയും ചെയ്തു. അങ്ങനെ വിജയശ്രീ മകുടം ചൂടിയ മെത്രാപ്പോലീത്തായും സെക്രട്ടറി പാറമേക്ക ലച്ചനും 8-ാംമത്തെ വർഷം ഇന്ത്യയിൽ ഗോവാ പട്ടണത്തിൽ മടങ്ങിയെ ത്തുകയും ചെയ്തു.

അന്ന് കേരളസഭയുടെ അധീശാധികാരമുണ്ടായിരുന്ന ഗോവയിൽ കുറേനാൾ താമസിച്ചു ഭരണപരമായി ഏതാനും ചില കാര്യങ്ങൾ ക്രമീകരിച്ചു കൊണ്ടുപോരുവാൻ മെത്രാപ്പോലീത്തായും സെക്രട്ടറിയും പിന്നെയും ഏതാനും മാസക്കാലം ഗോവയിൽ താമസിക്കേണ്ടിവന്നു. അതിനിടയിൽ തിരുമേനി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി വാഴ്ചയേറ്റു. മൂന്നര കൊല്ലങ്ങൾക്കുശേഷം അപ്രതീക്ഷിതമാംവിധം ഗോവയിൽ വച്ച് 43-ാമത്തെ വയസ്സിൽ ചരമം പ്രാപിക്കുകയും മൃതശരീരം ഗോവയിലെ സെന്റ് കാതറൈൻസ് കത്തീഡ്രൽപള്ളിയിലെ മദുബഹായിൽ പ്രധമബലിപ്പീഠ ത്തിടുത്തുള്ള ബഹുമാനപ്പൂർവ്വം സംസ്കരിക്കപ്പെടുകയും ചെയ്തു. നാട്ടിലേക്കു വിജയശ്രീലാളിതരായി മടങ്ങിവരുന്ന മെത്രാപ്പോലീത്തായേയും സെക്രട്ടറിയേയും കേരളത്തിൽ അത്യാഡംബരപൂർവ്വം രാജോചിതമാവിധം സ്വീകരിക്കുവാൻ പള്ളിക്കാരും ജനങ്ങളും വമ്പിച്ച സന്നാഹങ്ങൾ ഇവിടെ തുടക്കമായി നടത്തികൊണ്ടിരിക്കുമ്പോൾ തിരുമേനിയുടെ അപ്രതീക്ഷിത മായ ഈ ചരമവാർത്ത കേട്ട് ജനങ്ങളാസകലം ഞെട്ടിപ്പോയി. അദ്ദേഹ ത്തിന്റെ സംപൂജ്യമായ ഭൗതികാവശിഷ്ടങ്ങളെങ്കിലും ഇവിടെകൊണ്ടുവന്നു സ്വജനമദ്ധ്യേ പുന:സംസ്കരിക്കണമെന്നുള്ള കൃതജ്ഞതാ നിർഭരമായ ഒരു ആഗ്രഹം അന്നേ സമുദായമദ്ധ്യത്തിലുദയം ചെയ്തതുമാണ്. പക്ഷേ, ഓരോ

www.malankaralibrary.com

കാരണങ്ങളാൽ ആ ചിരകാലാഭിലാഷം സാദ്ധ്യമാകാതെ കാലങ്ങൾ നീണ്ടുപോയിരുന്നു.

## മാർകരിയാറ്റി കമ്മറ്റി.

ഏതൽക്കായത്തിൽ അ.കേ. കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ, ഈ എഴുത്തുകാരനും ക.കോൺഗ്രസിന്റെ കേന്ദ്രഭരണസമിതിയിൽ ഒരംഗമായിരിക്കെ അടുത്ത കാലത്തു സഫലമായ ഒരു പരിശ്രമം ആരംഭിക്കുകയും തദനുസരണം 1955 ജനുവരി 3-ാം തീയതിയിലെ പ്രതിനിധിസഭായോഗം വെ.റവ.മോൺ. ജോൺ കച്ചിറമറ്റം അവർകൾ കൺവീനറായി ഞങ്ങൾ 12 പേരുൾപ്പെട്ട ഒരു കമ്മറ്റിയെ ഇതിലേക്കു ഭരണമേല്പ്പിച്ചു നിശ്ചയിക്കുകയും ചെയ്തു. പെ.ബ. മോൺസിഞ്ഞോറച്ചന്റെ നേതൃത്വത്തിൽ ഈ കമ്മറ്റി പലപ്രാവശ്യം കൂടുകയും അപ്പോഴപ്പോൾ ഊർജിതമായ നടപടികളും തീരുമാനങ്ങളും ഇക്കാര്യത്തിൽ സ്വകരിക്കുകയും ചെയ്തു. കൺവീനറായ പെ.ബ.മോൺസീഞ്ഞോറച്ചനെ അദ്ദേഹത്തിന്റെ ബഹുവിധ കൃത്യന്തരങ്ങൾക്കിടയിൽ ഈ കമ്മറ്റിയുടെ പ്രവർത്തനത്തിൽ സഹായിക്കുവാൻ 1955 മാർച്ച് 19-ാം തീയതി കോട്ടയം ക.കോൺഗ്രസ്സ് ഹെഡാഫീസിൽ വെച്ചു കൂടിയ ആദ്യയോഗത്തിൽ വെച്ച് എന്നെക്കൂടി നിശ്ചയിച്ചു തീരുമാനിക്കുകയും ചെയ്തു. ക.കോൺഗ്രസ്സ് നിയമിച്ച ഈ കമ്മറ്റിയുടെ പ്രവർത്തന വിജയത്തിന് പ്രഥമകമ്മറ്റിയോഗത്തിൽതന്നെ കേരളത്തിലെ എല്ലാ അഭിവന്ദ്യമെത്രാന്മാ രുടെയും ആശിസ്സും സഹകരണവും, എല്ലാ തിരുമേനിമാരെയും കൺവീനർ അവർകൾ നേരിട്ടു ചെന്നു കണ്ടുതന്നെ അഭ്യർത്ഥിക്കണമെന്നും, അന്നു തീരുമാനിച്ചു. തദനന്തരം ആ കൊല്ലം മേയ് 24-ാം തീയതിയും വീണ്ടും കമ്മറ്റിയോഗം കൺവീനർ അവർകൾ വിളിച്ചുക്കൂട്ടുകയുണ്ടായി.

പ്രഥമകമ്മറ്റിയോഗത്തിന്റെ വേറൊരു നിശ്ചയപ്രകാരം ഗോവയിലെത്തി കത്തീഡ്രൽ ദൈവാലയമദുബഹായിലുള്ള മാർകരിയാറ്റി ത്തിരുമേനിയുടെ കബറിടം തുറന്ന് പൂജ്യവശിഷ്ടം ഇങ്ങോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ കമ്മറ്റിക്കു ഗോവാപുത്രിയാക്കീസ് തുടങ്ങിയ സമുന്നതാധികാരികളുടെ അനുമതിക്കായുള്ള എഴുത്തുകുത്തുകൾ കൺവീനർ ആരംഭിച്ചിരുന്നതനുസരിച്ച്, തദനുസരണം 1955 ഒക്ടോബർ 15-ാം തീയതിയിലെ 829/55-ാം നമ്പരായുള്ള പാത്രീയക്കീസ് തിരുമേനിയുടെ അനുമതി ലബ്ധമായകാര്യവും ഈ മൂന്നാമത്തെ കമ്മറ്റിയോഗത്തിൽ കൺവീനർ അവർകൾ സസന്തോഷം ഏവരെയും ധരിപ്പിക്കുകയുണ്ടായി. ഗോവാ കത്തീഡ്രൽ ദേവാലയ ഭാരവാഹികൾ ഗോവാവൈസ്രോയി മുതലായവരുടെ സമ്മത സഹിതമായിരുന്നു. തിരമേനിയുടെ അനുമതിയെന്നതും പ്രസ്താവുമത്രേ.

ഈ അനുമതി നിഷ്പ്രയാസം എട്ടുപത്തു മാസങ്ങൾക്കുള്ളിൽ

www.malankaralibrary.com

കമ്മറ്റിക്ക് ലബ്ധമായ ശേഷം ഇതിലേക്കുവേണ്ട ഇന്ത്യഗവൺമെന്റ് അനുമതിക്കായി പെ.ബ. ജോണച്ചൻ ശ്രമങ്ങളും എഴുത്തുകുത്തുകളും ആരംഭിക്കുകയും തദാനുസരണം ഇന്ത്യഗവൺമെന്റിന്റെ "എക്സ്റ്റേണൽ അഫയേഴ്സിന്റെ" തായി 24-4-1954ൽ അണ്ടർ സെക്രട്ടറി അയച്ചിരുന്ന (No.17-56/28 G.P.) കത്തും അതിനു പുറമേ കേന്ദ്രസർക്കാരിന്റെ ആവശ്യപ്രകാരം തിരുകൊച്ചി സർക്കാരിന്റെ പോലീസ് മേധാവികൾ കമ്മറ്റിയോട് ആവശ്യപ്പെട്ട് പ്രശ്നങ്ങൾക്കുത്തരം നല്കുക, അനുമതി ഉടനെ കിട്ടിയാലുള്ള ഗോവാ യാത്ര, ഭൗതികാവശിഷ്ടങ്ങൾ പുനഃസ്ഥാപിക്കേണ്ട സ്ഥലം, ഇതിലേക്കു വേണ്ട ഫണ്ടു സഭരണം, ആസന്നമായിരിക്കുന്ന മെത്രാപ്പോലീത്തായുടെ 170-ാമത് ചരമവാർഷികാചരണം എന്നിത്യാദി സംഗതികളും ഒക്ടോബറിലെ ഈ മൂന്നാമത് കമ്മറ്റിയോഗത്തിന്റെ ചർച്ചക്ക് വിഷയമായിരുന്നുവെന്നതും പ്രസ്ഥാവ്യമാണ്. അതനുസരിച്ച് ആലങ്ങാട്ട് നേരിട്ട് ചെന്ന് സമീപസ്ഥാമായ 170-ാമത് ചരമവാർഷിക ദിനം, അവിടുത്തെ ജനങ്ങളുടെ സഹകരണത്തിൽ ആ പള്ളിയിൽ പണി നടത്തുന്നതിനു പുറമേ, ഭൗതികാവശിഷ്ടങ്ങൾ പുനഃസംസ്ഥാപനത്തിനു കേരളത്തിലെ പല ദിഗ്വാസികളും അപേക്ഷക്കാരനെങ്കിലും തിരുമേനിയുടെ സ്വദേശമായ ആലങ്ങാട്ട് ഇടവകയുടെ അക്കാര്യത്തിലുള്ള താല്പര്യം എത്രമാത്രമെന്ന് കമ്മറ്റിക്കുവേണ്ടി നേരിട്ട് ഗ്രഹിക്കുവാനും കമ്മറ്റി പ്രതിനിധിയായി ഈ എഴുത്തുകാരനെ ആ കമ്മറ്റിയോഗം നിശ്ചയിക്കുകയും ചെയ്തു. ഈ കമ്മറ്റിയുടെ രക്ഷാധികാരം സദയം സ്വീകരിക്കുവാൻ അത്യുന്നത കർദ്ദിനാൾ ടിസറന്റ് തിരുമേനിയോട് അഭ്യർത്ഥിക്കുവാനും ആ യോഗം തീരുമാനിച്ചു.

തദനുസരണം 170-ാമത്തെ തിരുമേനിയുടെ ചരമവാർഷിക ദിവസം ആലങ്ങാട്ടെത്തി ഞാൻ നടത്തിയ അന്വേഷണങ്ങളുടെ വെളിച്ചത്തിൽ, താമസംവിനാ എറണാകുളത്തുവെച്ചു കൂടിയ ബിഷപ്സ് കോൺഫ്രൻസ് ദിവസം കൺവീനർ പെ.ബ.ജോണച്ചനും ഞാനുകൂടി എറണാകുളത്തെത്തി അഭിവന്ദ്യപിതാക്കന്മാരെ അതുവരെയുള്ള ഈ കമ്മറ്റി നടപടികൾ ധരിപ്പിക്കുകയും ഭൗതികാവശിഷ്ടം അദ്ദേഹത്തിന്റെ സ്വന്തം ഇടവകയിൽ പുനഃസംസ്ഥാപിക്കുന്നതിന്റെ കൂടുതൽ ഉചിതജ്ഞത ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് അതുവരെയുള്ള കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ അഭിവന്ദ്യ തിരുമേനിമാർ സംതൃപ്തി പ്രകടിപ്പിക്കുകയും പൂജ്യാവശിഷ്ടം ആലങ്ങാട്ടുപള്ളിയിൽ സ്ഥാപിക്കേണ്ടതാണെന്നു ഐക്യകണ്ഠ്യേന പിതാക്കന്മാർ തീരുമാനിക്കുകയും ഉണ്ടായി.

ഇന്ത്യാഗവൺമെന്റിന്റെ അനുമതിക്കായി തുടർന്ന് പല എഴുത്തുകുത്തുകളും കൺവീനർ അവർകൾ കമ്മറ്റിയെ പ്രതിനിധീകരിച്ചു നടത്തിയെങ്കിലും ഗോവാസർക്കാരും ഇന്ത്യാഗവൺമെന്റുമായുള്ള അടുത്ത കാലത്തെ അസുഖകരമായ നിലപാടുമൂലം കമ്മറ്റിയുടെ അപേക്ഷ

www.malankaralibrary.com

തല്ക്കാലം അനുവദിക്കാനിടയില്ലെന്നും കുറേക്കൂടി കാലതാമസം പ്രതീക്ഷ ണമെന്നുള്ള മറുപടിയാണ്, കേന്ദ്രഗവൺമെന്റ് കാര്യാലയത്തിൽ നിന്നു ആയിടെ കിട്ടിയത്. തദനുസരണം 1-3-58ൽ കൺവീനർ അവർകൾ കോട്ടയ ത്തു വിളിച്ചു കൂട്ടിയ കമ്മറ്റിയോഗത്തിൽ, കേരളത്തിലെ ക്രൈസ്തവരായ എം.പി. മാർവഴി ഇക്കാര്യത്തിൽ വീണ്ടും ശ്രമം തുടർന്ന് നടത്തണമെന്ന് നിശ്ചയിച്ചു പിരിയുകയും പിന്നീട് അതിലേക്കായി ശ്രമമാരംഭിക്കു കയുമുണ്ടായി. കമ്മറ്റിയുടെ പരിശ്രമം ഈ ഘട്ടത്തിലായപ്പോഴായിരുന്നു പെ.ബ. ജോണച്ചന്റെ അസുഖങ്ങൾ വർദ്ധിക്കുകയും അദ്ദേഹത്തിന്റെ നിസ്തുലസേവനങ്ങൾ കമ്മറ്റിക്കു നഷ്ടപ്പെടുകയും ചെയ്തത്. അതോടു കൂടി കുറേനാൾ കമ്മറ്റിയുടെ പ്രവർത്തനം ഒരു സ്തംഭനാവസ്ഥയിലുമായി.

## മാർക്കരിയാറ്റികമ്മറ്റിക്കുവേണ്ടി പെ.ബ. ജോണച്ചൻ സഹിച്ച ത്യാഗങ്ങൾ

കേരളത്തിലെ യാക്കോബായ പുനരൈക്യത്തിനുവേണ്ടി ജീവിതം ബലിയർപ്പിച്ച കരിയാറ്റിതിരുമേനിയുടെ അതേ പാദാരവിന്ദങ്ങളും കാല്പാടുകളും തന്റെ ജീവിതത്തിലും വിശിഷ്ട്യാ അതേ ലക്ഷ്യത്തിലുള്ള സ്വന്തം വൈദികജീവിതത്തിലും മാതൃകയാക്കി അനുകരിച്ച പെ.ബ. ജോണച്ചൻ, കരിയാറ്റികമ്മറ്റിക്കുവേണ്ടി സഹിച്ച ബുദ്ധിമുട്ടുകളും ത്യാഗങ്ങളും വളരെ വലുതായിരുന്നു. കമ്മറ്റിയുടെ കൺവീനറായി 1955 ജനുവരി 3-ാം തീയതി അദ്ദേഹത്തെ നിയമിച്ച ക്ഷണം മുതൽ ഈ കാര്യസാദ്ധ്യം ജീവിത ലക്ഷ്യമായിക്കരുതി ത്യാഗപൂർവ്വം അദ്ദേഹം ബുദ്ധിമുട്ടി പരിശ്രമിച്ചുകൊണ്ടാ ണിരുന്നത്.

ഇതിലേക്കുവേണ്ടി വളരെയേറെ എഴുത്തുകുത്തുകൾ ഇദ്ദേഹം നട ത്തിയിട്ടുണ്ട്. ധാരാളം കത്തുകൾ തന്നത്താൻ എഴുതുകയും സ്വയം ടൈപ്പു ചെയ്യുകയും ചെയ്തു കൈ കുഴഞ്ഞു വേദനിച്ചിട്ടുണ്ട്. ഉറക്കമിളച്ചിട്ടുണ്ട്. വെയിലും മഴയും വകവയ്ക്കാതെ യാത്രചെയ്യേണ്ടിവന്നിട്ടുണ്ട്. ചിലവിലേക്കു യാതൊരു ഫണ്ടും ഇല്ലാതെ, ചെലവെല്ലാം സ്വന്തമായി അദ്ദേഹം ചെയ്യുക യാണ് ചെയ്തത്. ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, ഇടവക വികാരി, എന്നി ങ്ങനെ ഘനമേറിയ വിവിധങ്ങളായ ഭാരങ്ങൾക്കിടയിലാണ് അശ്രാന്തമായ ഈ പരിശ്രമങ്ങളും നടത്തിയിരുന്നത്. പറയത്തക്ക യാതൊരു യാത്രാ സൗകര്യങ്ങളും ഇല്ലാത്ത അദ്ദേഹത്തിന്റെ ഗ്രാമീണവാസസ്ഥലത്തു നിന്നും സ്വന്ത ഔദ്യോഗിക കൃത്യങ്ങൾക്കു യാതൊരു വിഘ്നവും വരുത്താതെ കൂടെകൂടെ അദ്ദേഹം ഇക്കാര്യത്തിനായി നിർവ്വഹിച്ചിട്ടുള്ള യാത്രകളുടെ ക്ലേശവും വിസ്മരണീയമല്ലതന്നെ. ഇപ്രകാരമെല്ലാമാണെങ്കിലും അദ്ദേ ഹത്തിന്റെ വാസസ്ഥലത്തിനുവേണ്ടി സമീപം എവിടെങ്കിലും വച്ച് കമ്മറ്റി യോഗം കൂടി മറ്റംഗങ്ങളെ അത്രടം ബുദ്ധിമുട്ടിക്കാനുള്ള സ്വാർത്ഥതയും

www.malankaralibrary.com

അതുപോലെ താൻ എത്ര കഷ്ടപ്പെട്ടാലും സ്വകൃത്യനിർവ്വഹണത്തിൽ അന്യരെ അല്പമായെങ്കിലും ശല്യപ്പെടുത്തുന്ന ഒരു മനസ്ഥിതിയും പെ.ബ. ജോണച്ചനിൽ ലേശവും കണ്ടിട്ടുമില്ല.

അങ്ങനെ മാർക്കരിയാറ്റി തിരുമേനിയുടെയും പിന്നീടു മാർ ഇവാനിയോസു തുടങ്ങിയ തിരുമേനിയുടെയും മറ്റും ഒരു പിന്നണി സേനാനിയായി യാക്കോബായ പുനരൈക്യപ്രവർത്തനം ജീവിതലക്ഷ്യമാക്കി പ്രവർത്തനരംഗത്ത് പ്രത്യക്ഷനായ സ്മയ്യപുരുഷൻ, ചരിത്ര പ്രകീർത്തിതനായ പാറേമാക്കൽ തോമ്മാഗോവർണ്ണദോരച്ചന്റെയും മഹനീയ ചൈതന്യശക്തിയിൽ നിന്നു ഇതിലേക്കെല്ലാമുള്ള പ്രവർത്തനപ്രാവീണ്യം (തന്റെ ജന്മദേശത്തു നിന്നു തന്നെ) സ്വായത്തമായി നേടിയിരിക്കാം. മാർക്കരിയാറ്റി തിരുമേനിയോടു പാറേമാക്കൽ ഗോവർണ്ണദോരച്ചനുണ്ടായിരുന്ന മൈത്രീബന്ധവും ഭക്തിബഹുമാനാദരവുകളും എത്രമാത്രമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ചരിത്രം പഠിച്ചറിഞ്ഞവർക്കു നന്നായറിയാം. കരിയാറ്റി തിരുമേനിയുടെ ആത്മാനുകൂലാർത്ഥം മുടങ്ങാതെ വർഷംതോറും പല റാസകൾ നടത്തുവാൻ വടയാറ്റു പള്ളിയിലും മറ്റും വിലപിടിപ്പുള്ള വസ്തുക്കൾ മാറേമാക്കൽ ഗോവർണ്ണദോർ വെച്ചിട്ടുള്ളതുപോലെ മെത്രാപ്പോലീത്തായുടെ നിത്യസ്മാരകമായി ചില പ്രധാനവസ്തുക്കൾ അദ്ദേഹം പൂജ്യമായി സൂക്ഷിച്ചിരുന്നതും മറ്റും സ്മരണീയമാണ്. ഗോവർണ്ണദോരച്ചന്റെ ഭൗതികാവശിഷ്ടങ്ങളും സ്മാരകവസ്തുക്കളും അദ്ദേഹത്തിനു ജ്ഞാനസ്നാനം നല്കപ്പെട്ട രാമപുരം ഫൊ.പള്ളിയിൽ 1936 മാർച്ച് 26 ന് അത്യാഡംബരപൂർവ്വം പുനഃസ്ഥപിതമായ ചരിത്രസംഭവവും വിസ്മരണീയമല്ലല്ലോ? പാറേമാക്കൽ ഗോവർണ്ണദോരച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ സ്വന്തം നാട്ടിലായിരുന്നിട്ടും അത് ജന്മദേശത്തുതന്നെ കൊണ്ടുവന്നു പുനഃസംസ്ക്കരിച്ചിട്ടും, വിദേശത്തെ ശോകമൂകതയിൽ സ്ഥിതിചെയ്യപ്പെടുന്ന സമാരാദ്ധ്യനായ മാർകരിയാറ്റിയുടെ ഭൗതികാവശിഷ്ടം ഇവിടേയ്ക്കു കൊണ്ടുവരാനുള്ള തലമുറകളായുള്ള ദീർഘകാല പരിശ്രമം സഫലമാക്കാത്തതിൽ ഒരു പക്ഷേ, നമ്മുടെ പെ.ബ. ജോണച്ചന്റെ ഹൃദയം പലപ്പോഴും നൊന്തുവേദനിച്ചിട്ടുണ്ടാവണം? പെ.ബ. ജോണച്ചന്റെ പരിപാവനമായ ആത്മാവ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ സമക്ഷത്തിലിരുന്നുകൊണ്ട് ഇവിടെ ഈ കാര്യം വിജയപരിസമാപ്തിയിലെത്തുവാൻ പരമകാരുണികനോടു സദാ പ്രാർത്ഥിക്കുകയും സഹപ്രവർത്തകരിൽ അനുഗ്രഹവേഷം ചൊരിയുകയും ചെയ്യുന്നുണ്ടാവണം.

## കരിയാറ്റിക്കമ്മറ്റിയുടെ അനന്തരപ്രവർത്തനവും വിജയസമാപ്തിയും

ഈ കമ്മറ്റിയുടെ പ്രഗത്ഭമതിയായ പ്രഥമ കൺവീനർ പെ.ബ.

www.malankaralibrary.com

ജോണച്ചന്റെ അകാലദേഹ വിനിയോഗം കമ്മിറ്റിയംഗങ്ങളേയും സ്തംഭിപ്പിച്ചുവെന്നു മുമ്പു പറഞ്ഞതിൽ അതിശയോക്തിയില്ല. കാലങ്ങൾ കുറെ അങ്ങനെ പാഴിലായിപ്പോയി. എങ്കിലും 1959 മെയ് 17, 18 തീയതികളിൽ പാലാ " ഏ.സി.കുര്യാക്കോസ് നഗറിൽ" വെച്ച് നടന്ന ക.കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനം, മാർ കരിയാറ്റി കമ്മറ്റിയുടെ സംതംഭനാവസ്ഥമാറ്റി നവജീവൻ നല്കുമാറ് അതിനെ പുനഃസംഘടിപ്പിച്ച് ഒരു നിശ്ചയം പാസ്സാക്കി. "മാർക്കരിയാറ്റി കമ്മറ്റിയുടെ ലക്ഷ്യം സാധിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ കമ്മറ്റിയുടെ കാലാവധി നീട്ടുകയും റവ.ഫാദർ തോമസ് അരയത്തിനാൽ അവർകളെ പകരം കൺവീനറായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടുള്ള ആ പ്രമേയാവതാരകനും പെ.ബ. ജോണച്ചനോടു ബന്ധപ്പെട്ട ശ്രീ.കെ. കുര്യാക്കോസ് തോട്ടുങ്കൽ(രാമപുരം) ആയിരുന്നുവെന്നുള്ള വസ്തുതയും ശ്രദ്ധേയമാണ്. തദനുസരണം പുനഃസംഘടിക്കപ്പെട്ട ആ കമ്മറ്റി പാലാ സെന്റ് തോമസിൽ വെച്ച് പുതിയ കൺവീനർ അടുത്തടുത്തു രണ്ടുമൂന്നു പ്രാവശ്യം വിളിച്ചുകൂട്ടുകയും പ്രവർത്തനം ത്വരിതപ്പെടുത്തുകയും തദനുസരണം കമ്മറ്റി ലക്ഷ്യത്തിലേക്കു സമീപിക്കുകയും ചെയ്തു. പുനഃസംഘടിപ്പിക്കപ്പെട്ട ഈ കമ്മറ്റിയോഗവും മാർക്കരിയാറ്റി കമ്മറ്റിയുടെ "പ്രസിദ്ധീകരണ സെക്രട്ടറി"യായി വിനീതനായ ഈ എഴുത്തുകാരനെ പ്രത്യേകം നിശ്ചയിച്ച് ഒരു തീരുമാനം ചെയ്തിരുന്നു.

കേരളത്തിൽ നിന്നു ജനസഹസ്രങ്ങൾ തന്നെ സ്പെഷ്യൽ ടെയിനിലോ കപ്പലിലോ ഗോവയിലെത്തി ഭൗതികാവശിഷ്ടം സ്വീകരിച്ചുകൊണ്ടു വരണമെന്നും മറ്റുമായിരുന്നു ആദ്യഘട്ടത്തിൽ ജനാഭിലാഷം പൊന്തിവന്നത്. എന്നിരുന്നാലും കമ്മറ്റിയുടെ കൊല്ലങ്ങൾ തുടർന്നു നടത്തിയ നിരന്തര പരിശ്രമഫലമായി, അതൊന്നും ഇന്ത്യ ഗവൺമെന്റനുവദിച്ചില്ലെന്നു മാത്രമല്ല കേവലം 6 പേരുൾപ്പെട്ട ഒരു ഡലഗേഷനുമാത്രം യാത്രാനുമതിയും മറ്റും കഷ്ടിച്ചനുവദിക്കുകയും ആണുണ്ടായത്. ഇന്ത്യാ ഗവൺമെന്റിന്റെ ബോംബെ സചിവാലയത്തിൽ നിന്നു 1960 ജൂൺ 8-ാം തീയതിയിലെ അവസാന ഉത്തരവ്വ് ഇക്കാര്യത്തിലുണ്ടായ തനുസരിച്ച് 1960 ജൂലൈ 20-ാം തീയതി പോർട്ടുഗീസ് അധികാരികളുടെ വീസാ മുതലായവയും ഈ ആറംഗ ഡലഗേഷനു ലബ്ധമായി. ഈ പെർമിറ്റ് വീസാ മുതലായവയുടെ കാലാവധി 1961 ജനുവരി 16-ാം തീയതിവരെയും ആയിരുന്നു.

നടപടികൾ ഇത്രയും ആയപ്പോൾ ക.കോൺഗ്രസ് കേന്ദ്രഭരണ സമിതിയേയും കേരളത്തിലെ അഭിവന്ദ്യ തിരുമേനിമാരെയും കൺവീനർ വിവരം ധരിപ്പിച്ചു. ഭാവി പ്രവർത്തനങ്ങളുടെ കാര്യത്തിൽ കമ്മറ്റിയുടെ രക്ഷാധികാരസ്ഥാനം സദയം വഹിക്കണമെന്ന് കമ്മറ്റി തീരുമാനിച്ച് സാദരം അഭ്യർത്ഥിച്ചിരുന്ന അഭിവന്ദ്യ എറണാകുളം മെത്രാപ്പോലീത്താ മാർജോസഫ് പാറേക്കാട്ടിൽ തിരുമേനി ദയാപ്പൂർവ്വം ഏതൽസ്ഥാനം സസന്തോഷം

www.malankaralibrary.com

സ്വീകരിച്ചിതിനു പുറമേ ഡലഗേഷന്റെ യാത്രാ പരിപാടികളുടെ കാര്യത്തിലും ഭീമമായ യത്രാ ചിലവിന്റെ സംഗതിയിലും കേരളത്തിലെ അഭിവന്ദ്യപിതാക്കന്മാരുടെയും കർമ്മലീത്താ പ്രൊവിൻഷ്യാളന്മാരുടെയും ഉദാരമായ ധന സഹായം അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി കമ്മറ്റിക്കു സമ്പാദിച്ചു തരികയും ഉണ്ടായി. തദനുസരണം കമ്മറ്റി പ്രതിനിധികളായ ഗോവാ ഡലഗേഷനംഗങ്ങൾ 6 പേരും ഇക്കഴിഞ്ഞ 1960 ഡിസംബർ 4-ാം തീയതി എറണാകുളം ആച്ചുബിഷോപ്പാ തിരുമേനിയുടെ അരമനയിൽ വന്നൊരുമിക്കയും അഭിവന്ദ്യ തിരുമേനിയുടെ അഭാവത്തിൽ അരമനയിലെ ബഹുമാന്യരായ മറ്റെല്ലാ അന്തേവാസികളും ചേർന്ന് ഡലഗേഷനംഗങ്ങൾക്ക് യാത്രാമംഗങ്ങൾ നേർന്നു. അന്നുച്ചയ്ക്കുള്ള ട്രയിൻ മാർഗ്ഗം ഡലഗേഷൻ ഗോവയ്ക്കു പുറപ്പെടുകയും ചെയ്തു. താഴെപ്പറയുന്നവരാണ് ഈ ആറു ഡലഗേഷനംഗങ്ങൾ:-

1. റവ. ഫാദർ തോമസ് അരയത്തിനാൽ
2. റവ.ഡോക്ടർ സി.റ്റി. കൊട്ടാരം.
3. വി.സി. ജോർജ്ജ് (ക.കോൺഗ്രസ്സ് പ്രസിഡന്റ്)
4. ഈ.എം. ജോസഫ്
5. പി.സി. ലൂക്കോസ്
6. റ്റി.കെ. വർക്കി.

എറണാകുളത്തുനിന്ന ബാങ്കുളൂർ വഴി ഹൂബ്ലിവരെ തീവണ്ടി വഴിയും അന്തരം മോട്ടാർ വാഹനങ്ങൾ വഴിയും ഇന്ത്യനതിർത്തിയിലെ "മജാലി" വഴി ഗോവയിൽ പ്രവേശിച്ച് ആകെ ആയിരം മൈലോളം തുടരെ യാത്ര ചെയ്ത് 8-ാം തീയതി ഞങ്ങൾ ഗോവയുടെ ഇന്നത്തെ തലസ്ഥാന നഗരമായ പഞ്ചമിൽ ചെന്നെത്തുകയും ചെയ്തു. ഡിസംബർ 8-ാം തീയതി അന്നേദിവസം ദിവ്യജനനിയുടെ നാമത്തിൽ ഗോവാ രാജ്യമൊട്ടാകെ ഒരു ദേശീയോത്സവം കൊണ്ടാടുന്ന മഹനീയ ദിനവും ആയിരുന്നു. തലസ്ഥാന നഗരിയിലേക്കുള്ള യാത്രാമാദ്ധ്യേ തന്നെ 8-ാം തീയതി വൈകുന്നേരം പുരാതന ഗോവാനഗരത്തിലെ സെന്റ് കാതറൻസ് കത്തീഡ്രൽ ദൈവാലയം ഞങ്ങൾ സന്ദർശിക്കുകയും അവിടുത്തെ മാർകരിയാറ്റി തിരുമേനിയുടെ കബറിടത്തുങ്കൽ ഞങ്ങൾ ആനന്ദബാഷ്പകണങ്ങളണിഞ്ഞു കൊണ്ടു പ്രാർത്ഥനകളർപ്പി ക്കുകയും ഉണ്ടായി. ഞങ്ങളുടെ ആഗമനവേളയിൽ കേരള ഡലഗേഷനെ സ്വീകരിച്ച് ഞങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ട എല്ലാ സഹായകരണങ്ങളും ചെയ്തരുളുവാൻ അഭിവന്ദ്യ ഗോവാ പാത്രിയാക്കീസ് മോസ്റ്റ് റവ. ഡോക്ടർ ജോസ് വീയെറാ ആൽവർണസ് തിരുമേനി സമുന്നതരായ ആറു വൈദികരുൾപ്പെട്ട ഒരു കമ്മറ്റിയെ മുൻക്കൂട്ടി നിയമിച്ചിരുന്നു. അവർ ഞങ്ങളെ സ്വാഗതം ചെയ്തു സഹർഷം സ്വീകരിച്ചു. സല്കാരങ്ങൾ നടത്തിയ വസ്തുതയും വിസ്മരണീയമല്ല.

www.malankaralibrary.com

അന്നു തന്നെ സന്ധ്യാസമയത്തിനു മുമ്പായി പാത്രീയാക്കീസ് തിരുമേനി മുതലായവരെയും ഞങ്ങൾ സന്ദർശിക്കുകയും പിറ്റേദിവസം തന്നെ കല്ലറ തുറക്കുവാനുള്ള അനുമതികൾ വാങ്ങുകയും ചെയ്തു. പഞ്ചമിലായിരുന്നു ഞങ്ങളുടെ താമസം. 9-ാം തീയതി ഗോവാ പുരാതന കത്തീഡ്രൽ മദ്ബഹായിലെ മാർ കരിയാറ്റിയുടെ കബറിടം തുറക്കുവാനുള്ള പണികൾ ഞങ്ങളാരംഭിച്ചു. 3,4 വിദഗ്ധ ശില്പികളുടെ ഇരുമ്പുളി പ്രയോഗം ഏതാനും മണിക്കൂർ സമയം നടത്തിയശേഷമേ കല്ലറുക്കുമുകളിൽ സ്ഥാപിച്ചിരുന്ന ആ ആവരണശില ഭേദിച്ചു പൊക്കിമാറ്റുവാൻ സാദ്ധ്യമായുള്ളു. ആ ആവരണശിലയുടെ മേൽഭാഗത്തായി പോർട്ടുഗീസ് ഭാഷയിൽ 8 വരികളിലായി “1786 സെപ്റ്റംബർ 10-ാം തീയതി ഗോവയിൽ വച്ചു ചരമം പ്രാപിച്ച കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായും ആ നാട്ടുകാരനും ആയ മാർ കരിയാറ്റിയുടെ കബറിടം” എന്നർത്ഥം വരുന്ന ആലേഖനം ചെയ്തിട്ടുമുണ്ടായിരുന്നു. കബറിടത്തിന്റെ ആവരണശില 9-ാം തീയതി ഭേദിച്ചുവെങ്കിലും 10-ാം തീയതിയാണ് കല്ലറ തുറന്നു ഭൗതികാവശിഷ്ടങ്ങൾ ഞങ്ങൾ പേടകത്തിലാക്കിയത്. കേരളഡലഗേഷനംഗങ്ങളും ഗോവാകമ്മറ്റിയംഗങ്ങളും ഗോവയിൽ താമസക്കാരായ ചില കേരളീയരും ഈ സമയമെല്ലാ അവിടെയുണ്ടായിരുന്നു. അടുത്തു കാലത്തു കണ്ടെടുക്കപ്പെട്ടതും രണ്ടു നൂറ്റാണ്ടിലധികം പഴക്കമുള്ളതുമായ ഗോവാ കത്തീഡ്രൽ പള്ളിയിലെ പുരാതന മരണരജിസ്റ്ററിന്റെ 23-ാം പേജിൽ മാർ കരിയാറ്റി തിരുമേനിയുടെ ചരമം ചരമാന്തരശുശ്രൂഷകൾ സംസ്ക്കാരം കബറിടസ്ഥാനം മുതലായവയെപ്പറ്റി ഒരു പേജ് നിറയെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അതേസ്ഥാനത്തു തന്നെയായിരുന്നു ഞങ്ങൾ കണ്ട ആവരണശിലയും കല്ലറയും എന്നുള്ളതും അവ്യക്തമത്രെ.

നീണ്ട 175 വർഷക്കാലത്തെ പഴമമൂലം ഭൗതികാവശിഷ്ടങ്ങളായി കാൽ ഇഞ്ചു മുതൽ ഒന്ന് ഒന്നേക്കാൽ ഇഞ്ചുവരെ വലിപ്പം വരുന്ന ശരീരത്തിലെ വിവിധ ഭാഗങ്ങളിലേതായി പത്തുനൂറോളം അസ്ഥിക്കഷ്ണങ്ങളും വസ്ത്രാവശിഷ്ടങ്ങളും മറ്റുമേ ഞങ്ങൾക്കു പേടകത്തിൽ സംഭരിക്കുവാൻ കഴിഞ്ഞുള്ളു. സംസ്കാരസമയത്തു തിരുമേനിയുടെ ശരീരത്തിലണിയിച്ചിരുന്ന സ്ഥാനവസ്ത്രങ്ങളുടെ കസവുനൂലുകൾ സിൽക്കിന്റെ അവശിഷ്ടങ്ങൾ ശരീരത്തിൽ ധരിച്ചിരുന്ന ബൽടിന്റെ ലോഹനിർമ്മിതമായ “ബക്കിൾ” മുതലായവയും ഇക്കൂട്ടത്തിൽപ്പെടുന്നുണ്ട്. ഇതുകളോടൊപ്പം മാർ കരിയാറ്റിത്തിരുമേനിയുടെ രക്തമാംസ അസ്ഥികൾ ലയിച്ചുചേർന്ന ആ കല്ലാറയ്ക്കുള്ളിലെ കുറെ മണ്ണും ആ പേടകത്തിൽ ഞങ്ങൾ സംഭരിച്ചു ഭൗതികാവശിഷ്ടമായി ഇങ്ങോട്ടുകൊണ്ടുവന്നിട്ടുണ്ട്. ഇപ്രകാരം ഭൗതികാവശിഷ്ടം സംഭരിച്ച ആ പേടകം ഗോവാ സമുന്നതാധികാരികൾ സീൽചെയ്തതിനു പുറമേ ഈ സംക്ഷിപ്തവിവരങ്ങൾ ഗോവയിലെ ഒരു

www.malankaralibrary.com

മുദ്രപത്രത്തിൽ രേഖപ്പെടുത്തിയ ശേഷം ഗോവാക്കമ്മറ്റിയംഗങ്ങളും കേരളാഡല ഗേഷനംഗങ്ങളും പാത്രീയക്കീസ് തിരുമേനിയും മറ്റും ഒപ്പിട്ടു തയ്യാർചെയ്ത ഒരു പ്രമാണരേഖയും ഇതോടൊപ്പം അവിടെവച്ചു തയ്യാർചെയ്തിട്ടുണ്ട്.

ഇപ്രകാരമുള്ള സംഭരണശ്രമങ്ങൾ 11-ാം തീയതികൊണ്ട് പൂർത്തിയാക്കി ഞങ്ങൾ 12-ാം തീയതി ഗോവയിൽ നിന്നും മടങ്ങി 16-ാം തീയതി വിജയശ്രീലാളിതരായി സസുഖം എറണാകുളത്തു മടങ്ങി വരുകയും ചെയ്തു. വഴിമദ്ധ്യേ ബാങ്കുളൂരിലും തൃശൂരും ആലുവായിലും ഒടുവിൽ എറണാകുളത്തും ഈ പൂജ്യാവശിഷ്ടത്തിനു രാജോചിതമാം വിധം അത്യാഡംബരസമന്വിതമായ സ്വീകരണം നല്കപ്പെട്ട വസ്തുതയും വിസ്മരണീയമല്ല. കേരളത്തിലേ സഭാ പുനരേകീകരണം ലക്ഷ്യമാക്കി കേരളത്തിലെ ഒരു പുനരൈക്യ പ്രവാചകനെന്നുതന്നെ പിൽക്കാലത്തഭിമാനിക്കുമാറായ മാർ കരിയാറ്റിത്തിരുമേനിയുടെ ചൈതന്യശക്തി കലർന്ന ആ ഭൗതികാവശിഷ്ടം, സ്വന്തം നാട്ടിൽ നിന്ന് അദ്ദേഹം പുറപ്പെട്ടതിന്റെ 183-ാമതുവർഷത്തിലും അദ്ദേഹത്തെ മെത്രാപ്പോലീത്തായായി കല്പിച്ചനുവദിച്ച ബൂളാ നല്കപ്പെട്ട ഡിസംബർ 16-ാം തീയതി കേരളത്തിൽ സ്വജനമദ്ധ്യേ വന്നെത്തിയെന്നും അങ്ങനെ കേരളത്തിലെ ജനങ്ങൾ നീണ്ട 175 വർഷക്കാലമായി ആഗ്രഹിച്ചിരുന്നു ആ ചിരകാലാഭിലാഷം സാധിച്ചുവെന്നും ഇന്നത്തെ തലമുറയിലുള്ള നമുക്കഭിമാനിക്കാവുന്നതാണ്.

## ആലങ്ങാട്ടെ പുനഃസംസ്കാരച്ചടങ്ങുകൾ

മാർ കരിയാറ്റിക്ക് ജന്മമരുളിയനാടും പ്രവർത്തനരംഗവും ആയിരുന്ന ആലങ്ങാട്ടു പള്ളിയിലാണ് അവിടുത്തെ പുരാതന ചരിത്രപ്രസിദ്ധിക്കു വീണ്ടും ഒരു മാറ്റംകൂടി കൂട്ടുമാറ് ഈ ഭൗതികാവശിഷ്ടം പുനഃസംസ്ക്കരിക്കുവാൻ തീരുമാനിച്ചിരുന്നത്. ആ ഇടവകയുടെയും അവിടമുൾപ്പെടുന്ന എറണാകുളം അതിരൂപതയുടെയും അധിനായകത്വം വഹിക്കുന്ന മാർ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്താ തിരുമേനി ആസന്നമാകുന്ന ലോക സാർവ്വത്രിക പൊതുസൂനഹദോസ് കാര്യങ്ങളിൽ വ്യാപൃതനായി ഈ അവസരത്തിൽ റോമിലെ നിത്യനഗരത്തിലായിതിനാൽ ഗോവയിൽ നിന്നും കൊണ്ടുവരപ്പെട്ട ഈ പേടകം എറണാകുളത്ത് ആ സങ്കേതത്തിൽ തൽക്കാലം സൂക്ഷിച്ചിരിക്കുകയും ആയിരുന്നു.

മാർ കരിയാറ്റി തിരുമേനിയുടെ അന്തരഗാമിയായ ആ അഭിവന്ദ്യ തിരുമേനിയുടെ പ്രത്യാഗമനാന്തരം, മാർ കരിയാറ്റി തിരുമേനി സ്വജീവനോടെ എഴുന്നള്ളുമായിരുന്നുവെങ്കിൽ എങ്ങനെ സ്വീകരിക്കുമായിരുന്നോ ആ വിധം ഈ ഭൗതികാവശിഷ്ടപേടകത്തിനും ആലങ്ങാട്ടേക്കും രാജകീയമാംവിധം അത്യാഡംബര സമന്വിതംതന്നെ ആഘോഷപൂർവ്വം ഒരു സ്വീകരണം നല്കുവാൻവേണ്ട സജ്ജീകരണങ്ങൾ നടത്തുകയുണ്ടായി. പുനഃസംസ്കാര

www.malankaralibrary.com

ചടങ്ങുകൾക്ക് 1961 ഏപ്രിൽ 11-ാം തീയതിയിലെ സുദിനം മുൻകൂട്ടി നിശ്ചയിച്ചു. ആ സ്വീകരണം കേരളത്തിലെ പൊതുപ്രാതിനിധ്യത്തിൽതന്നെ നടക്കുമാറ് അ.കേ. കത്തോലിക്കാ കോൺഗ്രസിന്റെ 1961-ലെ വാർഷികാഘോഷവും ഇതോടനുബന്ധിച്ച് ആലങ്ങാട്ടെ "മാർ കരിയാറ്റി നഗറിൽ" വെച്ച് നടത്തുവാൻ ഏതൽഭാരവാഹികളും സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിരുന്നു. അങ്ങനെയുള്ള പൊതുസ്വീകരണാഘോഷപരിപാടികളാണ്, പിൽക്കാല ചരിത്രം തങ്കലിപികളിൽ ഉല്ലേഖനം ചെയ്യപ്പെടുന്ന 1961 ഏപ്രിൽ 11-ാം തീയതിയിലെ ഈ മഹനീയദിനം സംബന്ധിച്ചു അധികൃതർ ചെയ്തത്.

ഈ മഹനീയ ദിവസം രാവിലെ ഏഴരമണിയോടുകൂടി കേരളത്തിന്റെ അഭിമാനസമ്പത്തായിരുന്ന മാർ കരിയാറ്റി തിരുമേനിയുടെ പൂജ്യാവശിഷ്ട പേടകം എറണാകുളത്തു നിന്നും ആലങ്ങാട്ടെ അദ്ദേഹത്തിന്റെ ജന്മസ്ഥലത്തേക്കു ഒരു ജൈത്രയാത്രയായി സ്വീകരിക്കപ്പെട്ടു. ബഹുദൂരമുള്ള പൊതുവീഥിയിലൂടെ മനോഹരമായ ഒരു കപ്പൽ മന്ദംമന്ദം പാക്കപ്പൽ വേഗത്തിൽ ഓടുന്നതായും മാർ കരിയാറ്റിത്തിരുമേനിയുടെ അന്തരഗാമികളായി ഇന്നു ഭാഗ്യമോടെ വാഴുന്ന അഭിവന്ദ്യ മെത്രാന്മാരും ആ കപ്പലിൽ അദ്ദേഹത്തെ അകമ്പടി സേവിച്ചു പൂജ്യാസനങ്ങളിൽ പൊങ്ങിപരിലസിക്കുന്നതായും പ്രേക്ഷകജനലക്ഷങ്ങൾ വഴിനീളെ കണ്ടാനന്ദിച്ചു. ശതക്കണക്കിനു വൈദികരും ജനപ്രതിനിധികളും ഉപവിഷ്ടരായിരുന്ന ഇരുനൂറോളം മനോഹരമായ കാറുകൾ ഒരു അസുലഭഘോഷയാത്രയായി ഈ ജൈത്രയാത്രയ്ക്ക് ആദ്യന്തം അകമ്പടിസേവിച്ചിരുന്നു. വിവിധ ജാതിമതസ്ഥരായ ജനലക്ഷങ്ങൾ വഴിനീളെ ഈ ജൈത്രയാത്ര കണ്ട് അമ്പരന്നു പോയിരിക്കണം. ഈ ജൈത്രയാത്ര ആലങ്ങാട്ടുപള്ളിക്കു സമീറോഡു കവലയിലെത്തിയപ്പോൾ അന്തരസ്വീകരണം, അനേകം സ്വർണ്ണവള്ളിക്കുരിശ്ശുകളുടെയും പട്ടുകുടകളുടെയുംകൂടി അകമ്പടിയിൽ ശ്ലൈഹികമായി വിരാജിച്ചു. എന്തിന്? പത്തരമണിയോടുകൂടി ഈ ജൈത്രയാത്ര രാജകീയമായി മാർ കരിയാറ്റി നഗറിൽ എത്തിയപ്പോൾ അഞ്ജലീബദ്ധരായ ബഹുസഹസ്രം ജനങ്ങളുടെ ഒരു മഹാസമുദ്രമായി അവിടെ പരിവർത്തനം ചെയ്യപ്പെട്ടു.

അനന്തരചടങ്ങുകളും പുനഃസംസ്കരണ കർമ്മാദികളും വിസ്തരിച്ചു ഞാൻ ലേഖനം ഇനിയും വിസ്തൃതമാക്കുന്നില്ല. പ്രസാധകർക്ക് അത് പ്രയാസമുളവാക്കുന്ന കാര്യവുമാണ്. എങ്കിലും ഏതാനും വരികൾകൂടി തുടർന്നുകൊള്ളട്ടെ.

തുടർന്ന് അഭവന്ദ്യ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി മാർ കരിയാറ്റി നഗറിലെ പുതിയ അൾത്താരയിൽ പൊന്തിഫിക്കൽ റാസ ചൊല്ലുകയും അതേത്തുടർന്ന് എറണാകുളം വികാരിജനറലും മാർ കരിയാറ്റിയുടെ സ്വദേശിയും ആയ വെരി റവ.ഫാ.പോൾ വടക്കുംഞ്ചേരി ചരിത്രസ്പർശിയായ

www.malankaralibrary.com

ഒരു പണ്ഡിതോചിതപ്രസംഗം സരസമായി നടത്തുകയും അതോടെ ഏവരും ഉച്ചഭക്ഷണവിശ്രമാദികൾക്കായി പിരിയുകയും ചെയ്തു. തുടർന്ന ഉച്ചതിരിഞ്ഞ് ത്രിവിധ റീത്തുകളിൽ (സിറിയൻ, ലാറ്റിൻ, അന്ത്യോക്യൻ)ഒപ്പീസുകൾ അഭിവന്ദ്യ തിരുമേനിമാരുടെ നേതൃത്വത്തിൽ നടന്നു. അതേത്തുടർന്ന്, വാഗ്മിയായി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ മാത്യു കാവുക്കാട്ട് തിരുമേനിയുടെ, മാർ കരിയാറ്റി തിരുമേനിയെ അനുസ്മരിച്ചുകൊണ്ടുള്ള ഉജ്ജ്വല പ്രസംഗവും കഴിഞ്ഞു ഭൗതികാവശിഷ്ടം പുന:സംസ്കാരചടങ്ങുകളുമാണ് നടന്നത്. പുന:സംസ്കാര ചടങ്ങുകളിലും മാർ പാറേക്കാട്ടിൽ തിരുമേനി പ്രധാന കാർമ്മികനായിരുന്നുവെങ്കിലും ചങ്ങനാശ്ശേരി, കൊല്ലം, പാലാ, കോതമംഗലം, തലശ്ശേരി, ആലപ്പുഴ, തിരുവല്ല തിരുമേനിമാരും മോൺസിഞ്ഞോർമാരും ശതക്കണക്കിന് വൈദികരും അതിൽ സഹകർമ്മികത്വം വഹിച്ചു. ആലങ്ങാട്ടു പള്ളിയുടെ മദ്ബഹായി ബലിപീഠ സമീപം കേന്ദ്രഭാഗത്ത് തറയിൽ തയ്യാർ ചെയ്തിരുന്ന ചെറിയൊരു കല്ലാറയാണിത്. ആ ഭൗതികാവശിഷ്ടപേടകം ശോകമൂഖമായ അന്തരീക്ഷത്തിൽ ആ സായാഹ്ന സമയത്തും പുന:സംസ്ക്കരിച്ചത് മദ്രാസിൽ തയ്യാർ ചെയ്തു വരുത്തിയതും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതുമായ സുന്ദരമായ മാർബിൾ ശില ആ കല്ലറയ്ക്കുമേൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. തുടർന്ന് പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന "ലാക് ആലാഹാ" സ്തോത്രഗീതാലാപനവും മറ്റും ഇന്നത്തെ ജനതയ്ക്കു ദൈവം 175 കൊല്ലകാലത്തിനുശേഷം കൈവരിത്തിയത് ചിരകാല പ്രതീക്ഷിതവുമായ അനുഗ്രഹങ്ങളുടെ ഹൃദയം തുളുമ്പുന്ന ഒരു കൃതഞ്ജതാ സ്തോത്രവും കൂടിയായിരുന്നു. അനന്തരം തിരുവല്ലാ മെത്രാൻ മാർ അത്തനേഷ്യസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മാർ കരിയാറ്റി നഗറിൽ ചേർന്ന അനുസ്മരണ സമ്മേളനവും അതിലെ പ്രസംഗങ്ങളും മാർ കരിയാറ്റി തിരുമേനിയെപ്പറ്റിയും മാർ കരിയാറ്റികമ്മറ്റിയുടെ ഫലമായ പ്രവർത്തനങ്ങളെയും വിശിഷ്യ അതിന്റെ കൺവീനറായിരുന്ന പെ.ബ. ജോണച്ചനെയും മറ്റും സംബന്ധിച്ചും ആ മഹൽ സദസ്സിനു ശരിയായ ഒരു അറിവ് നല്കുവാൻ പര്യാപ്തമായിരുന്നു.

മാർ കരിയാറ്റി നഗറിൽ വച്ചു 1961 ഏപ്രിൽ 10 ഉം 11 ഉം തീയതികളിൽ നടത്തപ്പെട്ട അഭിവന്ദ്യ തിരുമേനിമാരുടെയും ഇതര പ്രസംഗകരുടെയും എല്ലാ പ്രഭാഷണങ്ങളിലും കരിയാറ്റി കമ്മറ്റിയുടെ വിജയശ്രീലാളിതമായ ലക്ഷ്യപ്രാപ്തിക്ക് യശ:ശ്ശരീരനായി തീർന്ന വെരി റവ.മോൺ.ജോൺ കച്ചിറമറ്റം ചെയ്തിട്ടുള്ള നിസ്തുലവും ത്യാഗപൂർണ്ണവും ക്ലേശകരവുമായ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായെന്നുള്ളതും വ്യക്തവുമാണ്. അദ്ദേഹത്തിന്റെ പുണ്യാത്മാവ് മാർ കരിയാറ്റി കമ്മറ്റിയുടെ ചരിത്രസ്മരണീയമായ ഈ വിജയാഘോഷങ്ങൾ സ്വർഗ്ഗത്തിലിരുന്ന് കണ്ടുകൊണ്ട്

www.malankaralibrary.com

ആനന്ദാശ്രുക്കൾ പൊഴിക്കുകയും നമുക്കെല്ലാം ദൈവാനുഗ്രഹം ഉണ്ടാകുവാനായി കാരുണ്യ സാഗരമായ പരമപിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടാവും. ദൈവമേ, നിന്റെ ഈ എളിയ ദാസൻ നിത്യാനന്ദത്തിൽ സർവ്വദാ സന്തോഷിക്കുമാറാകട്ടെ.

## Mar Mathew Pothanamuzhi

### Bishop of Kothamangalam

It gives me intense joy to learn that you are comtemplating to publish a booklet to commemorate the saintly life of the deeply lamented deceased Monsignor John Kachiramattam. I had the happiness to come into close contact with the late Monsignor John Kachiramattam and I was deeply impressed by his genial, sweet and unassuming manners. He was a great lover of our country, nation and rite. He was very enthusiastic to see the remains of the illustrious Archbishop Kariattil brought with due solemnity to our country. But that long cherished hop was not realized. Like the illustrious Governor Paramakkil, Monsignor Kachiramattam has left indelible marks of his personality in the history of the Syrian Church in Kerala. May his soul rest in peace! Invoking God's abundant blessings on you and your conferrers.

Yours sincerely in Christ,

**Mar Mathew Pothanamuzhi**

www.malankaralibrary.com

# തിരുവല്ലാ മെത്രാൻ സഖറിയാസ് മാർ അത്തനേഷ്യസ് തിരുമേനിയുടെ ഇടയലേഖനത്തിൽ നിന്ന്

1958 നവംബർ 5-ാം തീയതി നമ്മെ എല്ലാവരെയും ദുഃഖനിമഗ്നരാക്കിക്കൊണ്ട് നമുക്ക് എല്ലാവർക്കും പ്രിയംകരനായിരുന്ന ബ.മോൺ. കച്ചിറമറ്റം കടന്നുപോയി. അച്ചന് അപകടകരമായ ഒരു ദീനം ബാധിച്ചു എന്നുള്ളത് ആറേഴുമാസത്തിനു മുമ്പ് കലേക്കാട്ടിലെ നമ്മുടെ ഡോക്ടർ തോമസ് വർഗീസ് പരിശോധിച്ചപ്പോഴാണ് മനസ്സിലായത്. ഉടനെതന്നെ അച്ചനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിററലിൽ പ്രവേശിപ്പിച്ചു. ഇതേവരെ പ്രതിവിധി കണ്ടുപിടിച്ചിട്ടില്ലാത്ത ലക്കുമിയ എന്ന രോഗം ദിവസം പ്രതി അച്ചന്റെ ആരോഗ്യം നശിപ്പിച്ചുകൊണ്ടിരുന്നു. കുറേ ചികിത്സയ്ക്കു ശേഷം അരമനയിൽ വന്നു താമസിച്ചു. രോഗം വർദ്ധിക്കുന്നതായി മനസ്സിലായപ്പോൾ വീണ്ടും തിരുവനന്തപുരത്തേക്കു പോയി ചികിത്സ തുടർന്നു. അവിടെ നിന്നും സ്വല്പം ആശ്വാസം കിട്ടിയാൽ ബോംബേയ്ക്കു അച്ചനെ വിടുന്നതിനുള്ള എല്ലാ ഏർപ്പാടും ചെയ്തു വച്ചിരിക്കുകയായിരുന്നു. നവംബർ 5-ാം തീയതി ഉച്ചക്കഴിഞ്ഞു രോഗം പെട്ടെന്നു വർദ്ധിച്ചു. എങ്കിലും ഉടനെ ഈ അത്യാഹിതം വരുമെന്ന് ആരും തന്നെ കരുതിയില്ല. നമ്മുടെ ആർച്ച് ബിഷപ്പ് തിരുമേനി അന്ന് വൈകീട്ട് ആറുമണിയോടുകൂടെ ആശുപത്രിയിൽ ചെന്നു തൈലാഭിഷേക ശുശ്രൂഷനടത്തി. പ്രാർത്ഥനകളെല്ലാം അച്ചൻ ഏറ്റു ചൊല്ലുകയും വളരെ സന്തോഷമുള്ളവനായി കാണപ്പെടുകയും ചെയ്തു. എന്നാൽ അതേസമയം കഠിനമായ വേദന അനുഭവിക്കുന്നുണ്ടായിരുന്നു. അതെല്ലാം സന്തോഷത്തോടുകൂടെ സഹിച്ചുകൊണ്ടും ഈശോയുടെ നാമം നിരന്തരമായി ഉച്ചരിച്ചുകൊണ്ടും കിടന്നു. അരമനയിൽ നിന്നും ചെന്ന രണ്ടു വൈദികർ അച്ചന്റെ സഹായത്തിനായി അടുത്തു നില്പ്പുണ്ടായിരുന്നു 9.45 മണിയോടുകൂടെ ഈശോയുടെ നാമം ഉച്ചരിച്ചുകൊണ്ട് ജീവനെ വെടിഞ്ഞു. ഇത്രഭാഗ്യകരമായ ഒരു മരണം സിദ്ധിച്ച ബ. അച്ചന്റെ ആത്മാവ് സ്വർഗ്ഗരാജ്യത്തിൽ ചെന്നെത്തിയിരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. മാതൃകാപരമായ ഒരു ജീവിതം നയിച്ച ബ.അച്ചന്റെ വേർപാടു നമുക്ക് ഒരു വലിയ നഷ്ടം തന്നെയാണ്. ക്ഷമാശീലം, അനുസരണം, വിനയം മുതലായ സൽഗുണങ്ങൾ അച്ചനിൽ വിളങ്ങിയിരിന്നു. അദ്ദേഹത്തിനു നിത്യസമ്മാനം കൊടുക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ അമ്മയുടെ നിർബന്ധപൂർവ്വമായ അപേക്ഷപ്രകാരം മൃതശരീരം സ്വന്തം ഇടവകയായ രാമപുരംപള്ളി സെമിറ്ററിചാപ്പലിൽ ആറാം തീയതി വൈകീട്ടു സംസ്കരിച്ചു. അദ്ദേഹം സമാധാനത്തിൽ ആശ്വസിക്കട്ടെ.

www.malankaralibrary.com

# Late Mgr. J. Kachiramattom

**Published in the Examiner Bombay, 22nd Nov. 1958**
**(Rt Rev. Mgr. M. Nedungattu)**

Very Rev. Mgr. John Kachiramattom, who was ailing for several months, expired on 5th November 1958 at the Medical College Hospital Trivandrum. He suffered from Lymphatic Leukemia. His Grace Mar Gregorios administered the last sacraments just an hour before the death of the Monsignor who spent his last minutes on earth in reciting psalms and ejaculations clinging to his crucifix and rosary. He suffered intense agony and he was heard to say that he offered all that for souls in union with the sufferings of Our Lord. The body was removed to St. john's Cathedral Thiruvalla. Priests and people flowed into the Cathedral. On the morning of the sixth a requiem Moonninmel Qurbano (Triple Mass) was said by His Excellency together with the Vicar General and Fr. Thomas Vadassery. Funeral services were then conducted. In the afternoon the body was taken to the Forane Church Ramapuram (Palai) the Monsignor's native place. Thousands were waiting to pay their last respects to him. The body was taken in solemn procession along the streets. The Archbishop of Chaganacherry and the bishops of Palai and Thiruvalla conducted the funeral services. After a panegyric by Bishop Mar Athanasios the body was entombed in the mortuary near the sanctuary. May his soul rest in peace.

Mgr. John was born in 1907 in the ancient Syrian family of Kachiramattom, Ramapuram. After Matriculation he took B.A. Degree from St. Joseph's College Tiruchirappally. Then he joined the Petit Seminary at Chaganacherry. It was at the time that the re-union movement headed by the Late Mar Ivanios and the Late Mar Theophilos was making headway in Kerala. Attracted by this movement Bro. John wished to be an apostle among his Jacobite brethren. Bishop Mar Theophilos gladly welcomed him and sent him to the Propaganda Fide College in Rome to cmplete his ecclesiastical studies. He was ordained in 1938 and said his

www.malankaralibrary.com

First Mass in St. Peter's Basilica. Returning to the diocese Fr. John began his priestly career as secretary to the Late Mar Severios and economus of the diocese. He was also diocesan Inspector and Correspondent of Schools. Later he served different Schools of the diocese as teacher and headmaster. When the late Mar Severois went for his 'ad limina' visit he chose Fr. John as administrator of the diocese. He did not hesitate to take up such onerous duties along with his heavy work in the school. He was also entrusted with the direction of all the pious associations of the dicese. Thanks to his tireless works, he was succeeded in establishing and conducting Legion of Mary, St. Vincent de Paul Society, Sodality etc.in almost all the mission parishes. In 1951 he was made Monsignor by the Pope. When Mgr. John was the headmaster of St. Mary's High School, Anicad and parish priest of Bethlehem Church, it was found that he was becoming weak and pale. The doctor diagnosed the fatal disease at the end of last March. Nobody could believe it for he was, so to say, the healthiest priest in the diocese. He was then sent into the Medical College Hospital Trivandrum.

Mgr. John was remarkable for his devotion to duty, zeal for souls, scrupulous fidelity to regular spiritual life and untiring work for the Lord. He was often seen spending sleepless nights before the Blessed Sacrament. He was a voracious reader, a gifted orator and learned writer. Wherever he was he won the heart of all people of every caste and creed. Even from his sick bed at the hospital he won the love and friendship of all who came in contact with him. In spite of his weakness he made it a point to walk half a mile daily to say his Mass and bring Communion to his sick companions in the hospital. He had even fainted at such celebration of the Liturgy. Thus he celebrated the Mass till two days prior to his death. He lived a saint and died a saint.

www.malankaralibrary.com

# മോൺ. ജോൺ കച്ചിറമറ്റത്തെപ്പറ്റി...

1949-ൽ സ്ഥാപിതമായ സെന്റ് തോമസ് ഹൈസ്കൂളിന്റെ നേതൃത്വം ബഹു.കച്ചിറമറ്റത്തച്ചനായിരുന്നു. തിരുവല്ലാ മൈനർ സെമിനാരി റെക്ടറായും ഭക്തസംഘടനകളുടെ ഡയറക്ടറുമായി ഇദ്ദേഹം സേവനം ചെയ്തിരുന്നു. മാർ സേവേറിയോസ് പിതാവിനെ ഏറ്റവും അധികം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിരുന്ന വന്ദ്യ ജോണച്ചനെ തിരുമൂലപുരത്ത് മനോഹരമായ ഒരു ദേവാലയം പണിതുയർത്താനുള്ള ചുമതലയും ഏല്പിച്ചു. ജർമ്മനി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലെ മിഷൻ പ്രവർത്തകരുമായി സമ്പർക്കപ്പെട്ട് പള്ളിയ്ക്കുവേണ്ട സാമ്പത്തികം ബഹു.ജോണച്ചൻ കണ്ടെത്തി. പള്ളിപ്പണി ധ്രുതഗതിയിൽ പുരോഗമിക്കുന്നതിനോടനുബന്ധിച്ച് പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി തിരുമൂലപുരത്ത് നടത്തുവാനുള്ള അധികചുമതലകൂടി അഭിവന്ദ്യതിരുമേനി, ഈ വൈദികശ്രേഷ്ഠനിൽ തന്നെ ഭരമേല്പിച്ചു. പണ്ഡിതനും ഭക്തനും സൗമ്യനുമായിരുന്ന ബ.ജോണച്ചൻ തന്നെ ഏല്പിച്ചിരുന്ന എല്ലാ കർത്തവ്യങ്ങളും വിജയപ്രദമായി നിറവേറ്റി. ഇദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങളെ സഭ അംഗീകരിച്ച് അദ്ദേഹത്തെ മോൺസിഞ്ഞോർ സ്ഥാനത്താൽ ആദരിച്ചു.

തിരുമൂലപുരം ഇടവകയുടെ നല്ല ഉപദേഷ്ടാവും സഹായിയുമായിരുന്ന മോൺ ജോൺ കച്ചിറമറ്റം നമ്മുടെ ദേവാലയ മട്ടുപ്പാവിൽ പരിശുദ്ധ ദൈവമാതാവിന്റെയും, ഇരുവശങ്ങളിലായി മാലാഖമാരുടെയും രൂപങ്ങൾ സ്വന്തം ചെലവിൽ സ്ഥാപിച്ചു നല്കിയത് ഇന്ന് അധികം ആളുകളും അറിഞ്ഞിരിക്കുകയില്ല. തിരുമൂലപുരത്ത് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ഒരു കോൺഫറൻസ് സ്ഥാപിക്കുവാൻ മുൻകൈ എടുത്ത മോൺ ജോണച്ചൻ തന്നെയായിരുന്നു അതിന്റെ പ്രഥമ ആത്മീയ ഉപദേഷ്ടാവ്. സൊസൈറ്റിയുടെ ഒരു വരുമാനമാർഗ്ഗവും കൂടിയാവട്ടെ എന്നു കരുതി മരിയ ഭക്തനായ ഈ വൈദിക ശ്രേഷ്ഠൻ സൊസൈറ്റി ഓഫീസിനോട് ചേർന്ന് പരിശുദ്ധ അമ്മയുടെ ഒരു പ്രതിഷ്ഠയും സ്ഥാപിച്ചു നല്കിയത് (ഇന്ന് കുരിശടിയിലുള്ള പ.മാതാവിന്റെ രൂപം) പള്ളിക്ക് കുരിശ്ശടി ഇല്ലാതിരുന്ന കാലത്ത് ഇടവകക്കാർക്കും നാനാജാതി മതസ്ഥർക്കും ഒരു മദ്ധ്യസ്ഥ പ്രാർത്ഥനാ കേന്ദ്രം കൂടിയായിരുന്നു.

(തിരുമൂലപുരം സെന്റ്. മേരീസ് മലങ്കരകത്തോലിക്കാദേവാലയ പ്ളാറ്റിനം ജൂബിലി സ്മരണികയിൽ നിന്ന്)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



# പുനരൈക്യ സ്മരണാകിരണങ്ങൾ

ഒരു പഠനം

**ജോൺ കച്ചിറമറ്റം**

പുനരൈക്യ പ്രസ്ഥാനം ദൈവം നമ്മെ ഏൽപ്പിച്ച ഒരു വലിയ ശുശ്രൂഷയും ദൗത്യവുമാണ്. നാം അനുഭവിച്ചറിഞ്ഞ സത്യവിശ്വാസത്തെ നമ്മുടെ സഹോദരങ്ങളിലേയ്ക്കും എത്തിക്കുക എന്ന ദൗത്യം മനസ്സിൽ ഉറപ്പിച്ച് മുന്നേറാനുള്ള അവസരമാണിത്.

മലങ്കരയിൽ സുസ്ഥിരമായ സമാധാനവും ഐക്യവും കടന്നുവരണമെങ്കിൽ മലങ്കര സഭ സാർവ്വത്രിക സഭാകൂട്ടായ്മയിലേയ്ക്ക് വരേണ്ടത് അനിവാര്യമാണെന്ന് മാർ ഈവാനിയോസ് തിരുമേനി മനസ്സിലാക്കി. ഒരു ഇടയനും ഒരു തൊഴുത്തും എന്നുള്ള ദൈവീകാഹ്വാനമായിരുന്നു ഈ ദർശനത്തിന്റെ ആണിക്കല്ല്. ഈ നൂറ്റാണ്ടിലെ തന്നെ സഭാചരിത്രം മാറ്റിക്കുറിച്ച പുനരൈക്യമായിരുന്നു പരിണിതഫലം.

പുനരൈക്യപ്രസ്ഥാനത്തെ ആധാരമാക്കി ചരിത്രത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് തയ്യാറാക്കിയ പുനരൈക്യസ്മരണാകിരണങ്ങൾ എന്ന ഗ്രന്ഥം ഒരു പഠനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത്, സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ഗ്രന്ഥത്തിന്റെ ശില്പി മോൺ.ജോൺ കച്ചിറമറ്റമാണ്. പുനരൈക്യ രജതജൂബിലി ഇരുവള്ളിപ്രായിൽ വച്ച് വിപുലമായ തോതിൽ ആഘോഷിച്ചതും ജൂബിലി സ്മാരകമായി ഒരു ദൈവാലയം പണിതുയർത്തിയതും മോൺ. കച്ചിറമറ്റത്തിന്റെ നേതൃത്വത്തിലാണ്. ഈയവസരത്തിൽ അദ്ദേഹത്തിന്റെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

- ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ്

ദൈവത്തിന്റെ കല്പന പ്രകാരം സ്വന്തം നാടും വീടും സമ്പത്തും വിട്ടിറങ്ങിയ അബ്രാഹത്തെപ്പോലെ മലങ്കര സഭയുടെ ഐക്യത്തിനുവേണ്ടിയും തോമാശ്ലീഹായോടുകൂടി പത്രോസ് ശ്ലീഹായും കൂട്ടായ്മയിലാണെന്ന സത്യം പുലരുന്നതിന് പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണമെന്ന കർത്തൃപ്രാർത്ഥന സഫലീകരിക്കാനുംവേണ്ടി സകലതും ത്യജിച്ച് മുണ്ടൻമല ഇറങ്ങിയ ദൈവദാസൻ മാർ ഇവാനിയോസ് പിതാവും അദ്ദേഹത്തെ പിന്തുടർന്ന അനേകായിരങ്ങളും അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടേയും കഷ്ടപ്പാടുകളുടേയും ചരിത്രം ഈ ഗ്രന്ഥത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

പുനരൈക്യപ്രസ്ഥാനത്തിന്റെ ഇരുപതു വർഷത്തെ ചരിത്രം വ്യക്തമാക്കുന്നതാണ് ഈ സ്മരണിക. പിതാക്കന്മാർ കത്തോലിക്കാ കൂട്ടായ്മ പിൻചെന്നതിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവും മറ്റുമായ അടിസ്ഥാനങ്ങൾ വിവരിക്കുന്നുണ്ട്.

പുനരൈക്യസ്മരണാകിരണങ്ങൾ ഒരു പഠനത്തോടകൂടി പ്രസിദ്ധീകരിച്ച് ഒരു പുനർവായനയ്ക്ക് വിധേയമാക്കുവാൻ തയ്യാറായ ജോൺ കച്ചിറമറ്റത്തിനും ഈ പഠനഗ്രന്ഥത്തിനും ആശംസ നേരുന്നു.

-ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്
തിരുവല്ല അതിരൂപതയുടെ ആർച്ച് ബിഷപ്പ്

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം

Design : Joseph Francis Pala 9447137343

www.malankaralibrary.com